

# എക്യുമെനിസത്തിന്റെ മറുവശം

ക്രിസ്തുവിന്റെ സഭയെപ്പറ്റി മെച്ചപ്പെട്ട ഒരവതരണത്തോടുകൂടെ ഗ്രന്ഥം ആരംഭിക്കുന്നു. തുടർന്നുള്ള ലേഖനങ്ങൾ ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കും നയിക്കാനുതകുന്ന വെളിച്ചം പകരുന്നവയാണ്. നമ്മുടെ പൂർവപിതാക്കന്മാർ വളരെ താൽപര്യത്തോടുകൂടെ പുനരൈക്യത്തിനുവേണ്ടി പരിശ്രമിച്ചു. ദൃഷ്ടാന്തമായി പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുമായി ബന്ധപ്പെട്ട ചില രേഖകൾ ചേർത്തിട്ടുണ്ട്. ആ പൂർവപിതാക്കന്മാർ കാണിച്ച താൽപര്യത്തിൽ മുന്നേറി ഐക്യം പുനഃസ്ഥാപിക്കാനുള്ള ആഹ്വാനത്തോടുകൂടെ ഗ്രന്ഥം അവസാനിപ്പിക്കുന്നു. മാർതോമാ നസ്രാണികൾ ആദ്യത്തെ 17 നൂറ്റാണ്ടുകൾ ഒന്നിച്ചു കഴിഞ്ഞതുപോലെ വീണ്ടും ഒന്നായിത്തീരാൻ ഇടയാകട്ടെ എന്ന് പ്രാർഥിക്കുന്നു. മാർതോമാ നസ്രാണികളുടെ ഐക്യം യാഥാർഥ്യമാക്കാൻ ഈ ലഘുഗ്രന്ഥം സഹായകമാകട്ടെ.

**യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ**
പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ

എക്യൂമെനിസത്തിന്റെ മറുവശം
ജി. ചേടിയത്ത്

ജി. ചേടിയത്ത്

# എക്യൂമെനിസത്തിന്റെ മറുവശം

പത്തനംതിട്ട
2013

# എക്യൂമെനിസത്തിന്റെ മറുവശം

ജി. ചേടിയത്ത്

# എക്യൂമെനിസത്തിന്റെ മറുവശം

പത്തനംതിട്ട
2013

**G.Chediath,** ***Ecumenisathinte Maruvasam,*** **Pathanamthitta, 2013.**
Catholic Bishop's House, Pathanamthitta, 689645.

© G.Chediath, 2013

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@gmail.com

Price : 100/-

## ഉള്ളടക്കം


ആമുഖം 6

അവതാരിക 8

1. ക്രിസ്തുവിന്റെ സഭ 11
2. കത്തോലിക്കാസഭ - സഭാസംജ്ഞ 30
3. മലങ്കരസുറിയാനിസഭ - കത്തോലിക്കാസഭ ആയിരുന്നു. 38
4. കേരളത്തിലെ പുരാതനമായ ആരാധനക്രമം... 54
5. ഭാരതസഭയും നെസ്തോറിയനിസവും 59
6. ബിഷപ്പ് റോസ് s.j., ദെ എറോരിബുസ് നെസ്തോറിയനോരും 72
7. പേർഷ്യയിലെ “നെസ്തോറിയൻ” സഭയും അധ്യക്ഷന്മാരും 89
8. പേർഷ്യയിലെ യാക്കോബായക്കാരും അധ്യക്ഷന്മാരും 101
9. കാൽസിഡൺ ക്രിസ്തുഭാഷ്യം 112
10. മലങ്കരയിലെ സഭൈക്യസംരംഭങ്ങൾ (17-19 നൂറ്റാണ്ടുകളിൽ) 121
11. മലങ്കരയിലെ സഭൈക്യസംരംഭങ്ങൾ (20-ാം നൂറ്റാണ്ടിൽ) 140
12. റോമൻ കത്തോലിക്കാസഭയും പൗരസ്ത്യസഭകളും 162
13. ഭാരതീയസഭകളുടെ ഭാരതീയത 170
14. പുലിക്കോട്ടിൽ യൗസേപ്പ് മാർ ദിവന്നാസ്യോസ് ലെയോ XIII മാർപാപ്പായ്ക്കയച്ച കത്ത് 181
15. Report about Pulikkottil Joseph Mar Dionysius by Rome in 1888. 188
    1. Report by Cardinal Isidoro Verga
    2. Summary by P.Girolamo Maria:
        (a) Historical Background
        (b) Conversions of the Jacobites in the Past and Current Dispositions in Malabar.
        (c) Opinion about Six Questions: 1.Baptism. 2.Validity of the Sacred Orders. 3. Exercise of the Sacred Orders. 4. Preservation of the Rite. 5. Fermented Bread. 6. Clerical Celibacy.

    *Translation from Italian by Rev.Fr.Joshua Mavelil*
16. Letter of Msgr. Andrea Aiuti about Pulikkottil Mar Dionysius 222

    *Translation from Italian by Rev.Fr.Joshua Mavelil*
17. എക്യൂമെനിസത്തിന്റെ മറുവശം 229

Bibliography 234

# ആമുഖം

സഭയെപ്പറ്റിയുള്ള  ശരിയായ വീക്ഷണം സഭൈക്യസംരംഭങ്ങളുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. വിവിധ സഭകളും സഭാവിഭാഗങ്ങളും ക്രിസ്തുനാഥന്റെ സഭയെപ്പറ്റി വ്യത്യസ്തവീക്ഷണങ്ങൾ പുലർത്തുന്നു. ഓരോ വിഭാഗത്തിന്റെയും സഭാവീക്ഷണമനുസരിച്ച് ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യത്തെപ്പറ്റിയുള്ള കാഴ്ചപ്പാടും വ്യത്യസ്തമാണ്. ചില വിഭാഗങ്ങളെ സംബന്ധിച്ച്, തങ്ങൾ മാത്രമാണ് ക്രിസ്തുവിന്റെ സഭ എന്ന വീക്ഷണം മുറുകെപ്പിടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. മറ്റു ചിലസമൂഹങ്ങൾ പരസ്പരസഹവർത്തിത്വം മതിയെന്നു കരുതുന്നു. വേറേ ചിലർ സഹകരണതലത്തിൽ മാത്രം ലക്ഷ്യം വയ്ക്കുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ സഭ ഏകമാണെന്നും ക്രിസ്ത്യാനികളുടെ ഇടയിലെ പിളർപ്പ് പാപമാണെന്നും കർതൃഹിതത്തിന് എതിരാണെന്നും അക്കാരണത്താൽ ദൃശ്യവും സംപൂർണവുമായ കൂട്ടായ്മ പുനഃസ്ഥാപിക്കണമെന്നും ഭൂരിഭാഗം ക്രിസ്ത്യാനികളും വിശ്വസിക്കുന്നു.

വിവിധ തട്ടുകളിൽ നിൽക്കുന്നവരാണെങ്കിലും ക്രിസ്ത്യാനികളുടെ ഇടയിൽ ഇപ്പോൾ തന്നെ കൂട്ടായ്മയുണ്ട്. ആ കൂട്ടായ്മ കണ്ടെത്തപ്പെടണം. അവശേഷിക്കുന്ന ഘടകങ്ങൾ വേർതിരിച്ചറിയണം. സഭകളെ തമ്മിലകറ്റുന്നവ അടിസ്ഥാന തത്വങ്ങളിലെ അന്തരമാണോ അതോ പദപ്രയോഗങ്ങളിലുള്ള അന്തരമാണോ എന്ന് തരംതിരിച്ചറിയണം. വിവിധ കൂട്ടായ്മകളിൽ കഴിയുന്ന ക്രിസ്ത്യാനികൾക്കിടയിൽ ഭാഗിക കൂട്ടായ്മയും സമ്പൂർണകൂട്ടായ്മയും ഉണ്ടെന്ന സംഗതി അംഗീകരിക്കേണ്ടതുണ്ട്.

ക്രിസ്ത്യാനികളുടെ ഇടയിൽ പിളർപ്പുണ്ടായത് വ്യത്യസ്ത കാരണങ്ങളാലാണ്. കാലദേശമനുസരിച്ച് പലപല കാരണങ്ങൾ ചൂണ്ടിക്കാണിക്കാനാകും. പിളർന്ന കാലത്തിൽ നിന്ന് വ്യത്യസ്തമായ ലോകപശ്ചാത്തലമാണ് ഇന്ന് സഭകളുടെ മുമ്പിലുള്ളത്. അന്നത്തെ മനുഷ്യരുടെ പ്രശ്നങ്ങളല്ല ഇന്ന് എല്ലാ സഭകളും ഒരുപോലെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. അക്കാരണത്താൽ അന്നു സംഭവിച്ചവയുടെ പേരിൽ പിളർന്നു നിൽക്കാതെ, യോജിപ്പിനുള്ള മനോഭാവം സഭകൾക്കെല്ലാം ഉണ്ടാകണം.



ഇന്നലെകൾക്കു വേണ്ടി ജീവിക്കാനുള്ളവരല്ല നാം. പ്രതീക്ഷാനിർഭരരായി ദൈവരാജ്യത്തിന്റെ സ്നേഹസന്ദേശം പകർന്നുകൊടുക്കാൻ സഭകൾക്ക് കഴിയണം. “അവർ എത്ര ആഴമായി പരസ്പരം സ്നേഹിക്കുന്നു” എന്ന് ആദിമക്രിസ്ത്യാനികളെപ്പറ്റി പറഞ്ഞതുപോലെ ഇക്കാലത്തും പറയാൻ കഴിയണം. തൻപോരിമാ മനോഭാവം സഭകളെ എങ്ങും എത്തിക്കയില്ല.

നാം ജീവിക്കുന്ന കാലഘട്ടത്തിൽ നമുക്കൊരു ദൗത്യമുണ്ട്, നമുക്കു മാത്രം ചെയ്യാൻ കഴിയുന്ന ദൗത്യമുണ്ട്. ആ ദൗത്യം മറ്റാർക്കും ചെയ്യാനാവില്ല. ദൈവപുത്രന്റെ ശോഭയേറിയ മുഖം  നാമാണ് ഇന്ന് ലോകത്തിൽ അവതരിപ്പിക്കേണ്ടത്. അടിസ്ഥാനതത്വങ്ങളിൽ മായംചേർക്കാതെ വിട്ടുവീഴ്ചയ്ക്ക് സഭകൾ തയാറാകണം. ക്രിസ്ത്യാനികളെ സമ്പൂർണ കൂട്ടായ്മയിൽ എത്തിക്കുന്നതിനുള്ള പരിശ്രമമാണ് എക്യൂമെനിക്കൽ പ്രവർത്തനങ്ങൾക്കുള്ളത്. ആ കൂട്ടായ്മ ദൃശ്യമായ രീതിയിൽ വേണമെന്നും മിക്ക സഭകളും കരുതുന്നു.

ദൈവത്തിന്റെ സഭയെ സംബന്ധിക്കുന്ന കുറേ ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. അവയിൽ പലതും നേരത്തെ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്. ഇന്നും അവ പ്രസക്തങ്ങളാണെന്നു കരുതി ഇപ്പോൾ വീണ്ടും പ്രസിദ്ധീകരിക്കുകയാണ്.

എല്ലാ ഐക്യസംരംഭങ്ങളും പ്രശംസാർഹമാണ്. ആ പ്രവർത്തനങ്ങളിൽ സമൃദ്ധമായ ദൈവാനുഗ്രഹം ഉണ്ടാകും, രണ്ടു പക്ഷമില്ല. അതാണ് നമ്മുടെ കൺമുമ്പിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. ഭാരതം പോലെയുള്ള മഹാരാജ്യത്ത് നമുക്കൊരു മഹാദൗത്യമുണ്ട് എന്ന സംഗതി ഭാരതത്തിലെ സഭകൾ തിരിച്ചറിയണം. ആ അറിവ് നമ്മെ സമ്പൂർണവും ദൃശ്യവുമായ ഐക്യത്തിലേക്ക് നയിക്കണം. ദൈവസ്നേഹം കൈമുതലായിട്ടുള്ളവരെല്ലാം ഐക്യത്തിലേക്ക് കടന്നുവരും, വിട്ടുവീഴ്ചയ്ക്ക് തയാറാകും. പലപ്പോഴും ഭൗതികസമ്പത്താണല്ലോ വേരിതിരിഞ്ഞ് നിൽക്കാൻ പ്രേരകമായിട്ടുള്ള സംഗതി. ഉള്ളവയൊന്നും നഷ്ടമാക്കാതെ എങ്ങനെ മറ്റു സഭകളുമായി കൂട്ടായ്മ പുലർത്താനാകുമെന്ന് സഭകൾ ആരായണം.

ഈ ഗ്രന്ഥം സസന്തോഷം സഹൃദയസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു. ഇതിന്റെ മുദ്രണം ഭംഗിയായി നിർവഹിച്ച ബഥനിപ്രസിലെ അധികാരികളോടും പ്രവർത്തകരോടുമുള്ള നന്ദി രേഖപ്പെടുത്തട്ടെ.

ജി.ചേടിയത്ത്

കാതലിക് ബിഷപ്സ് ഹൗസ്,
പത്തനംതിട്ട.689645.
13 ഫെബ്രുവരി, 2013.

# അവതാരിക

ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യം എക്കാലത്തേക്കാളുപരി ഇന്ന് അനിവാര്യമാണ്. യോജിച്ചുള്ള സാക്ഷ്യമാണ് ക്രിസ്ത്യാനികളിൽ നിന്ന് ഇന്നത്തെ ലോകം പ്രതീക്ഷിക്കുന്നത്. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം”(യോഹ.15,12). “അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി” അവിടുന്ന് പ്രാർഥിച്ചു (യോഹ.17,11.21-23). തന്നിൽ വിശ്വസിക്കുന്ന എല്ലാവരെപ്പറ്റിയുമാണ് “അവരെല്ലാവരും”എന്ന് പറഞ്ഞിരിക്കുന്നത്. “നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ” (യോഹ.15,12). “നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും”(യോഹ.13,35) എന്നു തുടങ്ങി സ്നേഹത്തെപ്പറ്റി കർത്താവ് നിരന്തരം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ക്രിസ്ത്യാനികളുടെ മുഖമുദ്രയാണ് സ്നേഹം. ഈ സത്യം ആഴമായി ഉൾക്കൊണ്ടവരാണ് വി. ശ്ലീഹന്മാർ. യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിൽ ആഹ്വാനം ചെയ്യുന്നു: “പ്രിയപ്പെട്ടവരേ, നമുക്ക് പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നു ജനിച്ചവനാണ്. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു.സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്” (1യോഹ.4,7-8). വി. പൗലോസ് ശ്ലീഹാ സ്നേഹത്തെപ്പറ്റിത്തന്നെ ഒരധ്യായം എഴുതിയിരിക്കുന്നു (1കൊറി.13). സ്നേഹവും ഐക്യവും സൗഹാർദവും ക്ഷമയും ദീർഘശാന്തതയും കൂട്ടായ്മയും ദൈവികമാണ്. ഇതിനെതിരായിട്ടുള്ളതാണ് കലഹവും പിളർപ്പും കക്ഷിമത്സരവും തർക്കങ്ങളും.

ക്രിസ്തീയസഭയിൽ കാലാകാലങ്ങളിൽ പിളർപ്പുകളും കലഹങ്ങളും ഉണ്ടായിട്ടുണ്ട്. സഭയിൽ ദൈവികവും മാനുഷികവുമായ ഘടകങ്ങൾ ഉള്ളതിനാൽ, മാനുഷികബലഹീനത മൂലം സഭയുടെ മുഖം വിരൂപമായി അവതരിപ്പിക്കപ്പെടാൻ ഇടയുണ്ട്. ചരിത്രത്തിൽ സംഭവിച്ചിട്ടുമുണ്ട്. ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു.

പദങ്ങളെ ചൊല്ലിയും അധികാരത്തെ ചൊല്ലിയും മേൽക്കോയ്മയെ ചൊല്ലിയും ഒക്കെ പലപ്പോഴും കലഹങ്ങളും പിളർപ്പുകളും ഉണ്ടായി. പരസ്പരം മനസ്സിലാക്കാൻ സാധിക്കാതെ, പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കാതെ മറ്റുള്ളവരെ തെറ്റിദ്ധരിച്ച്, തെറ്റായി വ്യാഖ്യാനിച്ചതിന്റെ ഫല



മായി പിളർപ്പുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കാലം മാറിയപ്പോൾ ആ പദപ്രയോഗങ്ങൾക്ക് മാറ്റം സംഭവിച്ചു. ഇന്നു ജീവിക്കുന്ന മനുഷ്യരുടെ പ്രശ്നങ്ങൾ എല്ലാ സഭകളെയും ഒരുപോലെ അലട്ടുന്നവയാണ്. മനുഷ്യരക്ഷകനായ ക്രിസ്തുനാഥനെ ഇന്നത്തെ മനുഷ്യരുടെ മുമ്പിൽ എങ്ങനെ അവതരിപ്പിക്കാമെന്നും അവിടുന്ന് ഇന്നും രക്ഷകനും നാഥനുമാണെന്നും എപ്രകാരം ലോകത്തിന് ബോധ്യപ്പെടുത്തി കൊടുക്കാമെന്നുമാണ് സഭകൾ ഒന്നിച്ച് ചിന്തിക്കേണ്ടത്.

എന്നാൽ പല സഭകളും ഇന്നും ചരിത്രത്തിൽ സംഭവിച്ച തർക്കങ്ങളുടെയും പദപ്രയോഗങ്ങളുടെയും ഭാണ്ഡക്കെട്ടുകൾ പേറി ലോകത്തിന് എതിർസാക്ഷ്യം നൽകിക്കൊണ്ടിരിക്കുന്നു. “സഹോദരരേ, നിങ്ങളെല്ലാവരും സ്വരച്ചേർച്ചയോടും ഐക്യത്തോടും ഏകമനസ്സോടും ഏകാഭിപ്രായത്തോടും കൂടെ വർത്തിക്കണമെന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു” എന്ന് വി. പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കെഴുതിയത് ഇന്നും പ്രസക്തമാണ് (1 കൊറി. 1,10). “നിങ്ങളിൽ ആർക്കെങ്കിലും ഒരു സഹോദരനെപ്പറ്റി പരാതിയുണ്ടാകുമ്പോൾ, അവൻ വിശുദ്ധരെ സമീപിക്കുന്നതിനു പകരം നീതിരഹിതരായ വിജാതിയരുടെ വിധി തേടാൻ മുതിരുന്നുവോ?...ഐഹികകാര്യങ്ങളെപ്പറ്റി വിധി പറയേണ്ടി വരുമ്പോൾ, സഭ അൽപംപോലും വിലമതിക്കാത്തവരെ നിങ്ങൾ ന്യായാധിപരായി അവരോധിക്കുന്നുവോ?.. സഹോദരർ തമ്മിലുള്ള വഴക്കുകൾ തീർക്കാൻ മാത്രം ജ്ഞാനിയായ ഒരുവൻ പോലും നിങ്ങളുടെ ഇടയിൽ ഇല്ലെന്നു വരുമോ? സഹോദരൻ സഹോദരനെതിരെ പരാതിയുമായി ന്യായാസനത്തെ സമീപിക്കുന്നു. അതും വിജാതിയരുടെ ന്യായാസനത്തെ!” (1കൊറി.6,1-6) എന്നു തുടങ്ങുന്ന ഉപദേശം എക്കാലവും പ്രസക്തമാണ്. ക്രിസ്ത്യാനികൾ പല കാര്യങ്ങളിലും പുനർവിചിന്തനത്തിന് വിധേയരാകണം.

നമ്മുടെ കർത്താവ് ധനവാനായ യുവാവിനോട് പറഞ്ഞത് ഇന്ന് സഭകളോടും പറയുന്നു. പിതൃസ്വത്ത് പങ്കിട്ടുകൊടുക്കാൻ യേശുവിനോടാവശ്യപ്പെട്ട യുവാവിന്റെ മുമ്പിലാണ് യേശു പറഞ്ഞത് “ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്” (ലൂ.12,13-15). സഭകളിലെ പല കലഹങ്ങളും സമ്പത്തിനെ ചൊല്ലിയാണല്ലോ.

“നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും”എന്ന കർതൃവചനം അനുസരിക്കാൻ എല്ലാ ക്രിസ്ത്യാനികൾക്കും സഭകൾക്കും ഗൗരവമായ കടമയുണ്ട് (നടപടി. 1,8). എന്നാൽ മാനുഷികബലഹീനതമൂലം എതിർസാക്ഷ്യമാണ് പലയിടങ്ങളിലും നാം കാണുക. ഇത് അവസാനിപ്പിക്കണം. ഇതിന് ആര് മുൻകൈ എടുക്കും?

കേരളപശ്ചാത്തലത്തിൽ നിരീശ്വരകമ്യൂണിസ്റ്റ് പ്രവർത്തനങ്ങൾ ഒളിഞ്ഞും തെളിഞ്ഞും സംഘടിതമായി നടക്കുന്നു. ഗൗരവമായ മൂല്യത്തകർച്ചയ്ക്ക് ഈ പ്രസ്ഥാനം വഴിതെളിക്കുന്നു. മറുവശത്ത് യഥാർഥ ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന വിഘടിതഗ്രൂപ്പുകളും വക്താക്കളും അനേകരെ ആകർഷിച്ച് സത്യവിശ്വാസം നശിപ്പിക്കുന്നു. ഇന്നത്തെ മാധ്യമങ്ങളെ സ്വാധീനിച്ച് ഈ രണ്ടുകൂട്ടരും ജനത്തെ വഴിതെറ്റിക്കുന്നു. ഈ സാഹചര്യത്തിൽ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ ഏകസ്വരത്തിൽ സ്നേഹത്തിനു സാക്ഷ്യം വഹിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പരസ്പരം നടത്തുന്ന സംഘട്ടനങ്ങൾ അവസാനിപ്പിച്ച് സമാധാനപരമായ സഹവർത്തിത്വവും കൂട്ടായ്മയും പുനഃസ്ഥാപിക്കേണ്ടതാണ്. അതിനുള്ള ചെറിയൊരാഹ്വാനമാണ് ബ.ചേടിയത്തച്ചന്റെ ഈ കൃതി.

ക്രിസ്തുവിന്റെ സഭയെപ്പറ്റി മെച്ചപ്പെട്ട ഒരവതരണത്തോടുകൂടെ ഗ്രന്ഥം ആരംഭിക്കുന്നു. തുടർന്നുള്ള ലേഖനങ്ങൾ ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കും നയിക്കാനുതകുന്ന വെളിച്ചം പകരുന്നവയാണ്. നമ്മുടെ പൂർവപിതാക്കന്മാർ വളരെ താൽപര്യത്തോടുകൂടെ പുനരൈക്യത്തിനുവേണ്ടി പരിശ്രമിച്ചു. ദൃഷ്ടാന്തമായി പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുമായി ബന്ധപ്പെട്ട ചില രേഖകൾ ചേർത്തിട്ടുണ്ട്. ആ പൂർവപിതാക്കന്മാർ കാണിച്ച താൽപര്യത്തിൽ മുന്നേറി ഐക്യം പുനഃസ്ഥാപിക്കാനുള്ള ആഹ്വാനത്തോടുകൂടെ ഗ്രന്ഥം അവസാനിപ്പിക്കുന്നു. മാർതോമാ നസ്രാണികൾ ആദ്യത്തെ 17 നൂറ്റാണ്ടുകൾ ഒന്നിച്ചു കഴിഞ്ഞതുപോലെ വീണ്ടും ഒന്നായിത്തീരാൻ ഇടയാകട്ടെ എന്ന് പ്രാർഥിക്കുന്നു. മാർതോമാ നസ്രാണികളുടെ ഐക്യം യാഥാർഥ്യമാക്കാൻ ഈ ലഘുഗ്രന്ഥം സഹായകമാകട്ടെ.

ബഹു. ചേടിയത്തച്ചൻ സഭാചരിത്രത്തിൽ നേടിയെടുത്ത അറിവും ജ്ഞാനവും ശ്ലാഘനീയമാണ്. പത്തനംതിട്ട രൂപതയുടെ ചാൻസലർ, ഓമല്ലൂർ ഇടവക വികാരി എന്നീ ഉത്തരവാദിത്വങ്ങൾക്കിടയിലും ഇത്തരമൊരു ഗ്രന്ഥരചനയ്ക്ക് മുതിർന്ന ബഹു. അച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ പുസ്തകത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെ. അച്ചന്റെ അനേകം ഗ്രന്ഥങ്ങളിലൂടെ വെളിപ്പെട്ട ചരിത്രപരമായപരിജ്ഞാനം അനേകർക്ക് അറിവും ദിശാബോധവും പകർന്നു കൊടുക്കാൻ സഹായിച്ചു. ഇനിയും ഇപ്രകാരമുള്ള ധാരാളം ഗ്രന്ഥങ്ങൾ അച്ചനിൽ നിന്ന് പ്രതീക്ഷിക്കുന്നു. ബഹു. അച്ചന്റെ ഈ ഉദ്യമത്തിന് എല്ലാ ദൈവനുഗ്രഹവും പ്രാർഥനയും നേരുന്നു.

യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ

പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ



# 1
# ക്രിസ്തുവിന്റെ സഭ

## *സഭ ഒരു നിഗൂഢയാഥാർഥ്യം*

ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗത്തിന്റെ മുഴുവൻ യോജിപ്പിന്റെയും കൂദാശയാണ് സഭ. അപ്രകാരമുള്ള ഐക്യത്തിന്റെയും യോജിപ്പിന്റെയും അടയാളവും ഉപകരണവുമാണ് സഭ. മനുഷ്യകുലം മുഴുവനും പ്രപഞ്ചം മുഴുവനും വേണ്ടിയുള്ള ദൈവികപദ്ധതിയാണ് സഭ.[1]

പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവം പ്രപഞ്ചരക്ഷയും നടത്തി. വചനത്തിലൂടെ സൃഷ്ടി നടത്തിയ പിതാവ് വചനത്തിലൂടെ രക്ഷയും പൂർണതയും സമുദ്ധാരണവും നിർവഹിക്കുന്നു (എഫേ.1, 4-5.10). അതിനായി പിതാവായ ദൈവം പ്രപഞ്ചത്തെ ഒരുക്കിക്കൊണ്ടിരുന്നു. ക്രിസ്തുവിനെ ഉദ്ധരണം ചെയ്തുകൊണ്ട് അവിടുന്ന് മനുഷ്യരക്ഷയ്ക്കുള്ള മാർഗങ്ങൾ ഇടമുറിയാതെ നൽകിക്കൊണ്ടിരുന്നു (റോമ.8,29). തന്റെ ഏകജാതനിൽ വിശ്വസിക്കാനിരുന്ന എല്ലാവരെയും തന്റെ പരിശുദ്ധ സഭയിൽ സമ്മേളിപ്പിക്കുവാൻ അവിടുന്ന് നിശ്ചയിച്ചു. ഇസ്രായേൽ ജനതയുടെ ചരിത്രത്തിലും പഴയ ഉടമ്പടിയിലും സഭ അത്ഭുതകരമായി രൂപം കൊള്ളുകയായിരുന്നു. കാലപൂർണതയിൽ സഭ സ്ഥാപിതമായി. പരിശുദ്ധാത്മാവ് സഭയെ ലോകസമക്ഷം അവതരിപ്പിച്ചു. സഭ ലോകാന്ത്യത്തിൽ മഹത്വപൂർണയായിത്തീരും.

കാലത്തിന്റെ പൂർണതയിൽ ദൈവം തന്റെ പുത്രനെ അയച്ചു. അവിടുന്ന് കന്യകയിൽ നിന്നു ജനിക്കുകയും ഭൂമിയിൽ ദൈവരാജ്യം ഉദ്ഘാടനം ചെയ്യുകയും ദൈവികരഹസ്യങ്ങൾ മനുഷ്യർക്ക് വെളിപ്പെടുത്തിക്കൊടുക്കു

1. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തിരുസഭ (Lumen Gentium)എന്ന രേഖയെ ആധാരമാക്കിയാണ് ഈ ഭാഗം.

കയും ചെയ്തു. മിശിഹായിൽ ദൈവം നമ്മെ തെരഞ്ഞെടുത്തു. ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ തിരുവിലാവിൽ നിന്ന് രക്തവും വെള്ളവും ഒഴുകി (യോഹ.19,34). അത് സഭയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും പ്രതീകമായിരുന്നു. ക്രിസ്തു ലോകത്തിന്റെ പ്രകാശവും കേന്ദ്രബിന്ദുവും ജീവദാതാവുമാണ്. ക്രിസ്തുവിൽ നിന്ന് നാം ഉത്ഭവിച്ചു. ക്രിസ്തുവിൽ നാം ജീവിക്കുന്നു. ക്രിസ്തുവിൽ എത്തിച്ചേരാൻ നാം യാത്ര ചെയ്യുന്നു.

പിതാവ് ഏൽപിച്ച ദൗത്യം പുത്രൻ ഭൂമിയിൽ പൂർത്തിയാക്കിയതിനെ തുടർന്ന് ജീവദാതാവായ പരിശുദ്ധാത്മാവ് അയക്കപ്പെട്ടു. പരിശുദ്ധാത്മാവ് സഭയെ നിരന്തരം നവീകരിക്കുന്നു. ഒരാലയത്തിലെന്നവണ്ണം തിരുസഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും അവിടുന്ന് വസിക്കുന്നു (1 കൊറി.3,16; 6,19). അവിടുന്ന് തന്നെയാണ് സത്യത്തിന്റെ പൂർണതയിലേക്ക് സഭയെ നയിക്കുന്നത് (യോഹ.16,13). സഭയിൽ എല്ലാവിധ അനുഗ്രഹങ്ങളും വർഷിച്ച് അലങ്കരിക്കുന്നത് ഈ ആത്മാവാണ്. സുവിശേഷത്തിന്റെ ശക്തിവിശേഷത്താൽ സഭയെ യൗവനയുക്ത ആക്കുന്നതും അവിടുന്ന് തന്നെ. അങ്ങനെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു ജനമായി സഭ വിളങ്ങി പ്രകാശിക്കുന്നു.

***ദൈവരാജ്യം***

നമ്മുടെ കർത്താവ് ഭൂമിയിൽ ദൈവരാജ്യം സ്ഥാപിച്ചു. ഈ ദൈവരാജ്യമാകട്ടെ ശതാബ്ദങ്ങൾക്കു മുമ്പേ വിശുദ്ധ ലിഖിതങ്ങളിൽ വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാണ്. ക്രിസ്തുവിന്റെ വചനത്തിലും പ്രവൃത്തിയിലും അവിടുത്തെ സാന്നിധ്യത്തിലും ഈ ദൈവരാജ്യം മനുഷ്യർക്ക് പ്രത്യക്ഷമായി. കർത്താവിന്റെ വ്യക്തിവിലാസത്തിലാണ് ദൈവരാജ്യം പ്രസ്പഷ്ടമാകുന്നത്. സഭയിലൂടെ ദൈവരാജ്യം ഇഹത്തിൽ മുളയെടുത്തുകഴിഞ്ഞു. വളർന്നുകൊണ്ടിരിക്കുന്ന സഭ ദൈവരാജ്യത്തിന്റെ പൂർണതയ്ക്കായി വെമ്പൽകൊള്ളുന്നു. എല്ലാ ജനപദങ്ങളുടെയും ഇടയിൽ ദൈവരാജ്യം സ്ഥാപിക്കാനുള്ള ദൗത്യം സഭ ശിരസ്സാ വഹിക്കുന്നു.

നിരവധി ഉപമകളാൽ ദൈവരാജ്യത്തിന്റെ സ്വഭാവം വ്യക്തമാക്കാൻ കർത്താവ് ശ്രമിച്ചു. വയലിൽ വിതച്ച വിത്തിനോടും ചെറിയ അജഗണത്തോടും കർത്താവ് ദൈവരാജ്യത്തെ ഉപമിച്ചു. ദൈവവചനമായ വിത്ത് വിശ്വാസപൂർവം സ്വീകരിച്ച് ക്രിസ്തുവിന്റെ അജഗണമായി തീർന്നവരാണ് ദൈവരാജ്യം സ്വീകരിച്ചവർ (ലൂ. 12,32). ആടുമേയ്ക്കൽ, കർഷകവൃത്തി, ഭവനനിർമാണം, കുടുംബജീവിതം, ഭാര്യാഭർതൃബന്ധം മുതലായവയിൽ നിന്ന് ഉരുത്തിരിഞ്ഞ പ്രതിരൂപങ്ങളിലൂടെ ദൈവരാജ്യത്തിന്റെ സ്വഭാവം വ്യക്തമാക്കാൻ വിശുദ്ധ ലിഖിതം ശ്രമിക്കുന്നു.

സഭ ആടുകളുടെ ആലയാണ്. ക്രിസ്തുവാണ് ഇതിലേയ്ക്കുള്ള ഏകവും





അപരിത്യാജ്യവുമായ കവാടം (യോഹ. 10,1-10). അവിടുന്ന് നല്ല ഇടയനും ഇടയന്മാരിൽ അഗ്രഗണ്യനുമാണ്. അവിടുന്ന് ആടുകൾക്കുവേണ്ടി സ്വന്ത ജീവൻ പോലും ബലിയർപ്പിച്ചവനത്രേ (യോഹ. 10,11-15; 1പത്രോ.5,4). സഭ ദൈവത്തിന്റെ കൃഷിഭൂമിയാണ് (2കൊറി.3,9). ഇവിടെ പഴയ ഒലിവുവൃക്ഷം വളരുന്നു. പ്രവാചകന്മാരാണ് അതിന്റെ പൂജിതങ്ങളായ മൂലങ്ങൾ. യൂദരുടെയും ജാതികളുടെയും അനുരഞ്ജനം നടക്കുന്നത് ഈ വൃക്ഷത്തിലാണ് (റോമ.11,13-26). സഭ സ്വർഗീയ കർഷകൻ നട്ട നല്ല മുന്തിരിവള്ളിയാണ് (മത്താ.21,38-43). സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവാണ് ശാഖകൾക്ക് ജീവനും ഫലദായകത്വവും നൽകുന്നത്. സഭ ദൈവഭവനമാണ് (1കൊറി.3,9). കർത്താവു തന്നെയാണ് ഈ ഭവനത്തിന്റെ മൂലക്കല്ല് (മത്താ.21,42; നട.4,11; 1പത്രോ.2,7). ഈ അടിസ്ഥാനത്തിന്മേൽ ശ്ലീഹന്മാർ സഭ പണിതുയർത്തി. ദൈവത്തിന്റെ സ്വന്തം വീട്ടുകാർ വസിക്കുന്ന ഭവനം, പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസകേന്ദ്രം, മനുഷ്യമക്കളുടെ ഇടയിലുള്ള ദൈവത്തിന്റെ കൂടാരം, പരിശുദ്ധമായ ആരാധനാലയം എന്നിങ്ങനെ സഭ വിശേഷിപ്പിക്കപ്പെടുന്നു. കല്ലുകൊണ്ടും മണ്ണുകൊണ്ടും നിർമിക്കപ്പെടുന്ന ആലയങ്ങൾ ഇതിന്റെ പ്രതീകങ്ങളാണ്. സ്വർഗീയ ജറുസലേമിന്റെ ഭാഗമായി നാം ഇവിടെ പണിയപ്പെടുന്നു.

സ്വർഗീയ ജറുസലേം, നമ്മുടെ അമ്മ, കളങ്കമില്ലാത്ത ദിവ്യചെമ്മരിയാട്ടിൻ കുട്ടിയുടെ നിർമല മണവാട്ടി എന്നിങ്ങനെയും സഭ വിളിക്കപ്പെടുന്നു. സഭ ക്രിസ്തുവിന്റെ ശരീരമാണ്. വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരമാണ് (1കൊറി.12,12). അവിടുന്ന് ശിരസ്സാണ്. ദൈവത്വത്തിന്റെ പൂർണത ശാരീരികമായി തന്നിൽ വസിക്കുന്നു (കൊളോ. 2,9). സ്വശരീരവും സ്വപൂർണതയുമായ സഭയെ അവിടുന്ന് ദിവ്യദാനങ്ങളാൽ അലങ്കരിക്കുന്നത്, അവൾ ദൈവത്തിന്റെ പൂർണത മുഴുവൻ പ്രാപിക്കാനത്രേ. എല്ലാ അംഗങ്ങളും അവിടുത്തോട് സാദൃശ്യം പ്രാപിക്കണം. ശിരസ്സിലും അവയവങ്ങളിലും ഒരേ ആത്മാവ് പ്രവർത്തിക്കുന്നു. ദൈവാത്മാവ് ശരീരം മുഴുവനെയും ഏകീഭവിപ്പിക്കുകയും കർമനിരതമാക്കുകയും ചെയ്യുന്നു.

ത്രിത്വത്തിന്റെ മാതൃകയിലാണ് സഭ. ദൈവം ഏകനാണ്. അതേസമയം ത്രിത്വമാണ്. സഭ ഏകമാണ്. എന്നാൽ അതേസമയം സഭകളുടെ സമൂഹമാണ്. പരസ്പര സംസർഗമുള്ള സഭകൾ യേശുക്രിസ്തുവിൽ ഒന്നിച്ച് ഒരു സഭയായിരിക്കുന്നു.

സഭ ക്രിസ്തുവിനെപ്പോലെയാണ്. ക്രിസ്തു ദൈവവും മനുഷ്യനും, ദൃശ്യനും അദൃശ്യനും, നിത്യനും കാലികനും ആണ്. അതുപോലെയാണ് സഭ. സഭയിൽ ദൃശ്യവും ആത്മീയവുമായ രണ്ടു ഘടകങ്ങളുണ്ട്. സകല മനുഷ്യരും ദൈവത്തിന്റെ സത്യവും പ്രസാദവരവും സ്വീകരിക്കുന്നത് ദൃശ്യസഭയിലൂടെയാണ്. സംഘടിത ഹയരാർക്കിയോടു കൂടിയതാണ് സഭ. അതേ

സമയം ക്രിസ്തുവിന്റെ നിഗൂഢ ശരീരവുമാണത്. ഭൗമികമെങ്കിലും സ്വർഗീയ ദാനങ്ങളാൽ പരിപുഷ്ടയായ സഭയുടെ ബാഹ്യഘടന ജീവദായകമായ ആത്മാവിന് ഉപകരണമാകുന്നു (എഫേ.4,16).

ഈ സഭ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമാണ്. ഈ സഭയെ മേയിക്കാനായി കർത്താവ് പത്രോസിനെ ഭരമേൽപ്പിച്ചു (യോഹ.21,17). ഈ സഭ പ്രചരിപ്പിക്കാനും ഇതിനെ ഭരിക്കാനും വേണ്ടി വിശുദ്ധ പത്രോസിനെയും മറ്റു ശ്ലീഹന്മാരെയും കർത്താവ് ഭരമേൽപ്പിച്ചു (മത്താ.28,18). കർത്താവ് സഭയെ സത്യത്തിന്റെ തൂണും താങ്ങുമായി സ്ഥാപിച്ചു (1തിമോ. 3,15). ഇഹത്തിൽ സ്ഥാപിച്ച് നിയന്ത്രിക്കപ്പെടുന്ന സമൂഹമെന്ന നിലയിൽ കത്തോലിക്കാ സഭയിലാണ് ക്രിസ്തുവിന്റെ മേൽപ്പറഞ്ഞ സഭ ദൃശ്യമാകുക. പത്രോസിന്റെ പിൻഗാമിയും അദ്ദേഹത്തോട് ഐക്യം പുലർത്തുന്ന മെത്രാന്മാരും ചേർന്ന് ഈ സഭയെ നയിക്കുന്നു.

സഭ ദൈവത്തിന്റെ ജനമാണ്. പഴയനിയമത്തിൽ ദൈവം ഇസ്രായേൽക്കാരെ തെരഞ്ഞെടുത്തു; പുതിയനിയമത്തിൽ പുതിയ ഇസ്രായേലായ സഭയേയും. ജീവനുള്ള ദൈവത്തിന്റെ വചനത്തിൽ നിന്നും ജലത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നുമാണ് അവർ ജനിച്ചത് (1പത്രോ.1,23; യോഹ.3,5-11). അവർ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധീകരിക്കപ്പെട്ട ജനപദവും ദൈവം തനിക്കായി നേടിയെടുത്ത ജനതയുമാണ് (1പത്രോ.2,9-10). ക്രിസ്തുവിന്റെ ഈ അഭിഷിക്തജനം മനുഷ്യവംശത്തിനു മുഴുവൻ ഐക്യത്തിന്റെയും പ്രതീക്ഷയുടെയും രക്ഷയുടെയും ശാശ്വതവും ഭദ്രവുമായ ബീജമായി നിലകൊള്ളുന്നു. സമസ്ത ലോകത്തിന്റെയും രക്ഷയ്ക്കുള്ള ഉപകരണമായി അവിടുന്ന് അവരെ നിയമിച്ചു. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പും പ്രപഞ്ചത്തിന്റെ പുളിപ്പുമായി വർത്തിക്കാൻ സഭ അയക്കപ്പെട്ടിരിക്കുന്നു (മത്താ.5,13-16).

ക്രിസ്തുവിനെ തങ്ങളുടെ രക്ഷയുടെ കർത്താവും ഐക്യത്തിന്റെയും ശാന്തിയുടെയും ഉത്ഭവകേന്ദ്രവുമായി പരിഗണിക്കുന്നവരുടെ സമൂഹത്തെ ദൈവം യോജിപ്പിച്ച് ഒരു സഭയാക്കി സ്ഥാപിച്ചു. സഭ സർവ മനുഷ്യർക്കും രക്ഷയുടെ ദിവ്യകൂദാശയായി തീരണമെന്നാണ് ദൈവഹിതം.

## *ക്രിസ്തുവിന്റെ സഭയുടെ ലക്ഷണങ്ങൾ*

ക്രിസ്തുവിന്റെ തുടർച്ചയാണ് സഭ. ക്രിസ്തു പിതാവിന് അനുസരണം ഉള്ളവനായിരുന്നു. തന്റെ അനുസരണം വഴി അവിടുന്ന് മനുഷ്യരക്ഷ സാധിച്ചു. ക്രിസ്തുവിന്റെ കൽപ്പനകൾ സഭ ശിരസ്സാ വഹിക്കണം. ക്രിസ്തുവിന്റെ അനുസരണം സഭയ്ക്കും ഉണ്ടായിരിക്കണം. സ്നേഹത്തിന്റെയും വിനയത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും കൽപ്പനകൾ സഭ വിശ്വസ്തതയോടെ പാലിക്കണം. ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യം പ്രസംഗിക്കണം. ദൈവരാജ്യം സ്ഥാപിക്കാനുള്ള ദൗത്യം ശിരസ്സാ വഹിക്കണം. നാഥനിൽ നിന്നു വിദൂരസ്ഥയായി ഈ ഭൂമിയിൽ പ്രയാണം ചെയ്യുന്ന സഭ (2കൊറി.5,6) താൻ പ്രവാസത്തിലാണെന്ന് കരുതുന്നു. അവൾ നിരന്തരം സ്വർഗീയ കാര്യങ്ങൾ അന്വേഷിക്കുന്നു. ഈ ഭൂമിയിലെ പ്രവാസത്തിൽ ഞെരുക്കത്തിലും പീഡനത്തിലും സഭ മിശിഹായുടെ പാദമുദ്രകൾ പിൻചെല്ലുന്നു. വിശ്വാസികൾ ശിരസ്സായ ക്രിസ്തുവിൽ വളർച്ച പ്രാപിക്കാനായി സഭ സ്നേഹത്തിൽ സത്യം ഉപാസിക്കുന്നു. അതുപോലെ വിശ്വാസികളെ നിരന്തരം നവീകരണ പ്രക്രിയയ്ക്ക് വിധേയരാക്കുന്നു. വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവയാണ് സഭയുടെ മുഖമുദ്രകൾ. ക്രിസ്തുവിന്റെ സത്യവും പ്രസാദവരവും മനുഷ്യകുലത്തിനു പകർന്നുകൊടുക്കുന്ന മാതാവാണ് സഭ.

### *ഏകസഭ*

ക്രിസ്തുവിന്റെ സഭ ഏകമാണ്. "ദൈവം ഏകൻ, കർത്താവ് ഏകൻ, ആത്മാവ് ഏകൻ. ദൈവത്തിന്റെ സഭയും ഏകം". "ഏകസഭയിലും ഞാൻ വിശ്വസിക്കുന്നു" എന്നത് ഒരടിസ്ഥാനവിശ്വാസമാണ്. "വിശ്വാസികളെല്ലാം ഏകസമൂഹമായിരുന്നു. അവർ ദിനംപ്രതി ദൈവാലയത്തിൽ സമ്മേളിക്കുകയും വീടുകളിൽ അപ്പം മുറിക്കുകയും ചെയ്തിരുന്നു" (നട.2,44-46). ക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും ഐക്യം ഉണ്ടാകണം. ഈ ഐക്യം സ്വാഭാവികമായ ഒന്നല്ല. തന്റെ സ്വരം കേൾപ്പിക്കുക വഴി കർത്താവ് സൃഷ്ടിക്കുന്ന ഒന്നാണ്. ഇത് ദൈവികപ്രവർത്തനമത്രേ. വിശ്വാസമുള്ള യഹൂദരും യഹൂദരല്ലാത്തവരും തമ്മിലുള്ള ഐക്യം. ക്രിസ്തുവിന്റെ സ്വരം കേട്ട് അവിടുത്തെ അനുഗമിക്കുന്നവരുടെ ഐക്യമാണിത്. ഒരാലയുടെ ചുവരുകൾക്കുള്ളിൽ ജീവിക്കുന്നവരുടെ ഐക്യമല്ല. ക്രിസ്തുവിനെ അംഗീകരിക്കുന്നവരുടെ ഗുണമാണ് ഐക്യം. ഇടയന്റെ സ്വരം കേൾക്കുന്നവർ ഒന്നിക്കും. വിശ്വാസത്തിന്റെ സ്വാഭാവികമായ പരിണിതഫലമാണിത്. സർവോപരി ഇതൊരാധ്യാത്മിക ഗുണമാണ്. ശാന്തിയിലും സുഹൃദ്ബന്ധത്തിലും പരിശുദ്ധാത്മാവ് ഉളവാക്കുന്നതാണ് ഈ ഐക്യം.

### *ഐക്യവും വൈവിധ്യവും*

തന്റെ സഭ ഒന്നായിരിക്കണമെന്ന് നമ്മുടെ കർത്താവ് ആഗ്രഹിച്ചു. അതിനായി അവിടുന്ന് പ്രാർഥിച്ചു. ഐക്യം (unity) സഭയുടെ ആന്തരികതയെ സ്വാധീനിക്കുന്ന ഘടകമാണ്. എന്നാൽ ഈ ഐക്യം ഐകരൂപ്യമായി (uniformity) തെറ്റിദ്ധരിക്കാൻ പാടില്ല. വൈവിധ്യത്തിൽ (diversity) അധിഷ്ഠിതമായ ഐക്യമായിരുന്നു സഭാരംഭം മുതൽ ദൃശ്യമായിരുന്നത്. വൈവിധ്യം വൈരുധ്യമായി ചിത്രീകരിക്കപ്പെടാനും പാടില്ല. യേശുക്രിസ്തു

വിലുള്ള വിശ്വാസം ഏകമാണ്. എന്നാൽ ഈ ഏകവിശ്വാസം അനേകം രീതിയിൽ ആവിഷ്ക്കരിക്കാനാകും. അതായത്, പുതിയനിയമ സഭ ഒരേ വിശ്വാസത്തിന്റെ ഉചിതമായ പ്രകാശനങ്ങളായി വൈവിധ്യങ്ങളെ സ്വാഗതം ചെയ്തു. ക്രിസ്തുശാസ്ത്രത്തിലും സഭാശാസ്ത്രത്തിലും പുതിയ നിയമം വൈവിധ്യം പ്രദാനം ചെയ്യുന്നു. ഒരുമയോടെ ദൈവവചനം ശ്രദ്ധിച്ചു കേൾക്കുകയും അത് വൈവിധ്യമാർന്നവിധം അനുഭൂതിവിഷയമാക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സമൂഹമായിട്ടാണ് പുതിയനിയമം സഭയെ അവതരിപ്പിക്കുന്നത്. എന്നാൽ വിവിധ പ്രതിഛായകളുടെ അന്തർധാരയായി വർത്തിക്കുന്ന ഒന്നുണ്ട്: സാർവത്രികവും രക്ഷാകരവുമായ ദൈവരാജ്യത്തിന്റെ സാക്ഷാത്കാരം.

ദൈവത്തിന്റെ ഏകസഭയെ കുറിക്കാൻ *സഭ* എന്ന ഏകവചനവും *സഭകൾ* എന്ന ബഹുവചനവും വിശുദ്ധ ഗ്രന്ഥത്തിൽ ദർശിക്കാം. സഭ ജറുസലേമിൽ പിറന്നുവീണു. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളാൽ യൂദയായിലും സമറിയായിലും അന്ത്യോക്യയിലും മറ്റിടങ്ങളിലും സഭ രൂപംകൊണ്ടു. ജറുസലേമിൽ പിറന്നു വീണ സഭ വിഭജിച്ചല്ല, പിന്നെയോ ഓരോ സ്ഥലത്തുമുള്ള സഭ ക്രിസ്തുവിന്റെ സഭയായി രൂപം കൊള്ളുകയാണുണ്ടായത്. ശ്ലൈഹിക പ്രവർത്തനങ്ങളാൽ രൂപീകൃതമായ സഭകളുടെ സംഘാതമത്രേ സാർവത്രികസഭ. ക്രിസ്ത്വാനുഭവം വിഭിന്ന രീതികളിലാണ് ഓരോ ജനതതിയുടെയും ജീവിതത്തിൽ യാഥാർഥ്യമായിത്തീരുക. ഈ അനുഭവത്തിന്റെ ഫലമായി ക്രിസ്തുവിൽ ഒന്നിക്കുകയും ക്രിസ്തുവിലുള്ള തങ്ങളുടെ അസ്തിത്വത്തിന് തനതായ അർഥം കണ്ടെത്തുകയും ചെയ്യുന്നു. ഐക്യത്തിനു നിദാനം യേശുക്രിസ്തുവിലുള്ള ജീവിതമാണ്. ഐക്യപ്പെടുത്തുന്നതും വൈവിധ്യത്തിൽ വളർത്തുന്നതും പരിശുദ്ധാത്മാവാണ്. ഏകശരീരമായ സഭയിൽ വിവിധ അവയവങ്ങൾ കണക്കെ വ്യക്തികളും സഭകളും വളർന്നു വികസിച്ച് പൂർണത പ്രാപിക്കുന്നു.

### *വിശുദ്ധസഭ*

ക്രിസ്തുവിന്റെ സഭ വിശുദ്ധമാകുന്നു. അക്ഷയമായ വിശുദ്ധിയാൽ സഭ അലംകൃതയത്രേ. പരിശുദ്ധനായ പുത്രന്റെ വധുവാണ് കളങ്കരഹിതയായ ഈ മണവാട്ടി. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ ക്രിസ്തു സഭയെ അലങ്കരിച്ചു: "രാജകുമാരി മഹത്വത്തോടെ നിന്നു; ഓഫീറിലെ തങ്കവും വിശിഷ്ടവസ്ത്രങ്ങളും ധരിച്ച് രാജ്ഞി നിന്റെ വലത്തുഭാഗത്തു നിന്നു" എന്ന് ഈ സഭയെപ്പറ്റിയാണ് വി. ലിഖിതം പ്രഘോഷിക്കുന്നത് (സങ്കീ. 45). "ഇതാണ് ദൈവതിരുമനസ്സ്: നിങ്ങളുടെ വിശുദ്ധീകരണം" എന്ന് ദിവ്യശ്ലീഹാ പഠിപ്പിക്കുന്നു (1തെസ്സ.4,3; എഫേ.1,4). പരിപൂർണനായ പിതാവിനെപ്പോലെ നാമും പരിപൂർണരായിരിക്കണമെന്ന് നമ്മുടെ കർത്താവ് ഉപദേശിച്ചു (മത്താ. 5,48). എല്ലാവരെയും അവിടുന്ന് ജീവിതവിശുദ്ധിയിലേക്ക് ക്ഷണിക്കുന്നു.





അവിടുന്ന് തന്നെയാണ് അതിന്റെ കർത്താവും മകുടവും. സഭ വിശുദ്ധരുടെ സമൂഹമാണ്. വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരുടെ സമൂഹമാണ്. വിശുദ്ധരെ രൂപീകരിക്കുന്ന പഠനക്കളരിയാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ക്രിസ്തീയ ജീവിതത്തിന്റെ പൂർണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. നാം എല്ലാ സംഗതികളിലും പിതാവിന്റെ ഇഷ്ടം അന്വേഷിച്ചുകൊണ്ടും ദൈവമഹത്വത്തിനും അയൽക്കാരുടെ സേവനത്തിനുമായി നമ്മെ മുഴുവനായും പ്രതിഷ്ഠിച്ചുകൊണ്ടും കർത്താവിന്റെ കാലടികൾ പിന്തുടരണം. കർത്താവിന്റെ സജീവഛായയിൽ തങ്ങളെത്തന്നെ വാർത്തെടുക്കാൻ ശ്രമിക്കുകയും വേണം.

സത്യത്തിലും ആത്മാവിലും പിതാവിനെ ആരാധിക്കുകയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും പിതാവിന്റെ സ്വരത്തിന് കീഴ്വഴങ്ങുകയും ചെയ്യുന്നവർ വിശുദ്ധി ലക്ഷ്യമാക്കി യാത്ര ചെയ്യുന്നവരാണ്. വിശുദ്ധി അതിന്റെ പൂർണതയിൽ സ്വർഗീയജറുസലേം താഴേക്ക് ഇറങ്ങി വരുമ്പോഴേ യാഥാർഥ്യമാകൂ. ശിരസ്സായ ക്രിസ്തു പൂർണതയ്ക്ക് അവകാശിയായി. വിജയമകുടം പ്രാപിച്ചവരും അവനോടൊത്ത് സന്തോഷിക്കുന്നു. തീർഥാടകസഭ മരുഭൂമിയിൽക്കൂടി യാത്ര ചെയ്യുന്നു. എന്നാൽ ഇവിടെ എല്ലാ മുൾപ്പടർപ്പിനും തീ പിടിച്ചിരിക്കുന്നു. ഓരോ മുൾപ്പടർപ്പിലും ദൈവം സ്വയം വെളിപ്പെടുത്തുന്നു. തന്റെ പുത്രനിൽ വിശ്വസിക്കുന്നവരിൽ ഇതാ, അവിടുന്നു തന്റെ ആത്മാവിനെ ചിന്തിയിരിക്കുന്നു. ഓരോ മുൾപ്പടർപ്പിൽ നിന്നും സ്വരം പുറപ്പെടുന്നു: "ഞാൻ ആകുന്നു".

### *കാതോലികത്വം*

ക്രിസ്തുവിന്റെ സഭ കാതോലികമാണ്. ദൈവത്തിന്റെ ജനത്തിൽ ഉൾപ്പെടാനുള്ള ആഹ്വാനം എല്ലാവർക്കുമുണ്ട്. ലോകം മുഴുവൻ വ്യാപിക്കാനായി സഭ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവേഷ്ടം പരിപൂർത്തിയിലെത്താൻ അത് എല്ലാ യുഗങ്ങളിലും ഉണ്ടായിരിക്കുകയും വേണം. ദൈവം ആദിയിൽ മനുഷ്യരെ ഐക്യത്തിൽ പടുത്തുയർത്തി. ആ ഐക്യം പൂർണതയിൽ എത്തിക്കാനാണ് സഭ. സർവകാലങ്ങളിലുമുള്ള സർവമനുഷ്യരും ഈ ഐക്യത്തിൽ പങ്കുചേരണം. എല്ലാ ജനപദങ്ങളിൽ നിന്നും സന്മനസ്സുള്ള എല്ലാവരെയും ഈ ഐക്യത്തിലേക്ക് കർത്താവ് വിളിക്കുന്നു. ലോകം മുഴുവൻ ചിതറിക്കിടക്കുന്നവർ ആണെങ്കിലും, വ്യത്യസ്ത സാംസ്കാരിക പൈതൃകങ്ങളിൽ നിന്നുള്ളവരാണെങ്കിലും, പരിശുദ്ധാത്മാവിൽ ദൈവജനം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെ, "റോമിൽ വസിക്കുന്നയാൾ ഇൻഡ്യയിലുള്ളവർ തന്റെ അവയവമാണെന്ന് മനസ്സിലാക്കുന്നു". സഭ എല്ലാ രാജ്യങ്ങളിലും വ്യാപിക്കുന്നു. എല്ലാ സംസ്ക്കാരങ്ങളിലും പ്രചരിക്കുന്നു. എല്ലാറ്റിനെയും സ്വന്തമാക്കുന്നു. അവയെയെല്ലാം പരിപോഷിപ്പിക്കുകയും സ്വന്തമാക്കി വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ധന്യമാക്കുകയും

ചെയ്യുന്നു. ഈ കാതോലികത്വം കർത്താവിന്റെ തന്നെ ദാനമാണ്. സഭയുടെ ഓരോ അംഗവും സഭ മുഴുവനും വേണ്ടി പ്രവർത്തിക്കുന്നു. സഭയിൽ വ്യത്യസ്തപാരമ്പര്യങ്ങൾ അനുസരിക്കുന്ന വ്യത്യസ്ത സഭകൾക്ക് സ്ഥാനമുണ്ട്. അപ്രകാരമുള്ള വ്യത്യസ്ത സമൂഹങ്ങളുടെ സംസർഗമാണ് കാതോലിക സഭ. ക്രിസ്തുവിന്റെ സഭ കത്തോലിക്കാസഭയെന്നാണ് ആരംഭകാലം മുതൽ അറിയപ്പെട്ടിരുന്നത്. സഭയുടെ കതോലികത്വം ആദിമസഭ നന്നായി മനസ്സിലാക്കിയിരുന്നു. ക്രിസ്തുവിന്റെ സഭയ്ക്ക് കാതോലികം അല്ലാതിരിക്കാൻ സാധ്യമല്ല. കാരണം, സർവജനത്തിനും ഉണ്ടാകുവാനിരിക്കുന്ന മഹാസന്തോഷം സഭ പ്രദാനം ചെയ്യുന്നു. ക്രിസ്തുവിന്റെ സഭയാണെങ്കിൽ അത് കാതോലികമായിരിക്കണം.

## *ശ്ലൈഹികം*

ക്രിസ്തുവിന്റെ സഭ ശ്ലൈഹികമാണ്. നമ്മുടെ കർത്താവ് ഈ ഭൂമിയിൽ സ്ഥാപിച്ച സഭ ഒരു ദൃശ്യസമൂഹമാണ്. കേവലം അദൃശ്യവും ആത്മികവുമായതല്ല സഭ. ക്രിസ്തുവിന് മനുഷ്യശരീരം ഉണ്ടായിരുന്നതുപോലെ ക്രിസ്തുവിന്റെ സഭയ്ക്കും ദൃശ്യമായ ഘടകമുണ്ട്. പുതിയനിയമത്തിൽ ഇത് വ്യക്തമാണ്. ശ്ലീഹന്മാർ യേശുക്രിസ്തു എന്ന അടിസ്ഥാനത്തിൽ ദൈവത്തിന്റെ സഭയ്ക്ക് ശുശ്രൂഷ ചെയ്തു. എന്നാൽ ശ്ലൈഹികസമൂഹത്തിൽ ഒരാൾക്ക് ഒന്നാംസ്ഥാനം നൽകി.

തന്റെ സഭയെ ഭരിക്കാനും നയിക്കാനും പഠിപ്പിക്കാനുമുള്ള ചുമതല കർത്താവ് അധികാരപൂർവം തന്റെ ശ്ലീഹന്മാർക്കു നൽകി. ദൈവികാധികാരത്താലാണ് അവിടുന്ന് അവരെ നിയോഗിച്ചത്: "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള സമസ്താധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ കെട്ടുന്നത് സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നത് സ്വർഗത്തിൽ അഴിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെയെങ്കിലും പാപം മോചിച്ചാൽ അതു മോചിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെയെങ്കിലും പാപം ബന്ധിച്ചാൽ അതു ബന്ധിക്കപ്പെട്ടിരിക്കും. നിങ്ങൾ ലോകമെങ്ങും പോയി സമസ്ത സൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ. നിങ്ങൾ ജറുസലേമിലും യൂദയായിലും സമറിയായിലും ലോകാതിർത്തികൾ വരെയും എനിക്കു സാക്ഷികളായിരിക്കും. നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾ ക്കുന്നു. എന്നെ കേൾക്കുന്നവൻ എന്നെ അയച്ചവനെ കേൾക്കുന്നു. വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെടും."

ഇതാണ് കർത്താവ് നൽകിയ ദൈവികാധികാരം. തന്നെ ശ്രവിച്ച് തന്റെ ശിഷ്യരായിത്തീർന്ന യഹൂദർക്കെല്ലാം നൽകിയതല്ലിത്. പിന്നെയോ താൻ





തെരഞ്ഞെടുത്ത് തന്റെ ദൗത്യം ഭരമേൽപ്പിച്ച പന്ത്രണ്ടുപേർക്കു മാത്രം നൽകിയതാണിത്. ആത്മീയവരങ്ങൾ ലഭിച്ച ചില വ്യക്തികൾ സഭയിൽ ഉണ്ടായിരുന്നെങ്കിലും അവരെല്ലാം ശ്ലീഹന്മാർക്ക് കീഴ്പ്പെട്ടിരുന്നു. ശ്ലീഹന്മാരാണ് സഭകൾക്ക് അടിസ്ഥാനമിട്ടത്. യേശുക്രിസ്തുവിന്റെ സഭ ശ്ലൈഹികമാണ്. അത് ശ്ലീഹന്മാർ സ്ഥാപിച്ച സഭകളത്രേ. ശ്ലീഹന്മാർ അവരുടെ പിൻഗാമികളായ മെത്രാന്മാരെ നിയമിച്ചു. കർത്താവ് പഠിപ്പിച്ച സുവിശേഷപ്രബോധനവും ക്രൈസ്തവജീവിതവും ഇടമുറിയാതുള്ള കൈവയ്പുവഴി ശ്ലൈഹികസഭകളിൽ നിലനിൽക്കുന്നു. കുറെ തത്വങ്ങളല്ല, സർവാശ്ലേഷിയായ ക്രൈസ്തവജീവിത സാരസത്തയാണ് അവർ പകർന്നുകൊടുത്തത്.

## *പത്രോസിന്റെ നേതൃസ്ഥാനം*

ശ്ലീഹന്മാരുടെ ഇടയിൽ നിന്ന് ഒരാളെ കർത്താവ് ഒന്നാമനായി നിയമിച്ചു. ഒരധ്യക്ഷപീഠമേ അവരുടെയിടയിൽ കർത്താവ് സ്ഥാപിച്ചുള്ളു. കർത്താവ് പത്രോസിനോടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കൂ: "യോനായുടെ പുത്രനായ ശെമയോനേ, നീ ഭാഗ്യവാൻ. എന്തെന്നാൽ ജഡവും രക്തവുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്കിത് വെളിപ്പെടുത്തിയത്." എന്താണ് വെളിപ്പെടുത്തിയത്? "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു." ഇതാണ് വശ്വാസത്തിന്റെ സാരസത്ത. മറ്റു ശ്ലീഹന്മാരും സർവമനുഷ്യരും ലോകാവസാനംവരെ ഗ്രഹിക്കേണ്ട മഹോന്നത സത്യമാണിത്: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു". ഈ വിശ്വാസത്തിലാണ് സഭയുടെ നിലനിൽപ്പ്. കർത്താവ് തുടരുന്നു: "ഞാനും നിന്നോട് പറയുന്നു: നീ കേപ്പാ (പാറ) ആകുന്നു. ഈ കേപ്പാമേൽ ഞാൻ എന്റെ സഭ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്ക് ഞാൻ തരും".

പത്രോസിന് കർത്താവ് വിശേഷവിധിയായി ഇവിടൊന്നും നൽകുന്നില്ല എന്നു കരുതുന്നത് ശരിയായിരിക്കുമോ? താനാണ് തന്റെ സഭയെ പണിയുന്നതെന്നും അതു പത്രോസിന്മേലാണെന്നും അതിനെതിരെ നാരകീയശക്തികൾ പ്രബലപ്പെടുകയില്ലെന്നും അല്ലേ കർത്താവ് അർഥമാക്കുക? പത്രോസിന്മേൽ എന്നു പറഞ്ഞാൽ പത്രോസ് ഉച്ചരിച്ച ഈ വിശ്വാസപ്രഖ്യാപനത്തിൽ എന്നർഥമാക്കാം.

എല്ലാ ശ്ലീഹന്മാരും പ്രഖ്യാപിക്കേണ്ട യാഥാർഥ്യമാണിത്. എങ്കിലേ അവർക്കും സഭയുടെ ശുശ്രൂഷകരാകാൻ സാധിക്കൂ. സർവ ക്രൈസ്തവരും മനസ്സിലാക്കേണ്ട യാഥാർഥ്യമാണിത്. ക്രൈസ്തവർ എല്ലാവരും സഭയെ പണിയുന്നവരാണ്. അവരെല്ലാം ഈ പ്രഖ്യാപനം നടത്തണം. തലമുറ തലമുറതോറും ഈ പ്രഖ്യാപനം നടത്തുന്നതുവഴി സഭ വളരുന്നു. പത്രോസിന് സ്വർഗീയപിതാവ് ഇത് വെളിപ്പെടുത്തി. പത്രോസിൽ നിന്ന് കേട്ടു പഠിച്ച തലമുറകളും നിരന്തരമായി ഈ പ്രഖ്യാപനം നടത്തണം.

പത്രോസ് എന്തായിരുന്നുവോ അത് മറ്റു ശ്ലീഹന്മാരും ആയിരുന്നു. എന്നാൽ പത്രോസിനായിരുന്നു പ്രാഥമ്യം. പരസ്പരം യോജിപ്പിൽ ഭരിക്കേണ്ട ഒരജഗണമേ തനിക്കുള്ളൂ എന്നു പത്രോസിന്റെ നിയമനംവഴി കർത്താവ് കാണിച്ചു. തന്റെ ഉത്ഥാനാനന്തരം കർത്താവ് പത്രോസിനോട് പറഞ്ഞു: "എന്റെ കുഞ്ഞാടുകളെ മേയിക്കുക". ഇത് മൂന്നു പ്രാവശ്യം ഉണ്ടായി. "യോനായുടെ പുത്രനായ ശെമയോനേ, ഇവർ എല്ലാവരെയുംകാൾ അധികം നീ എന്നെ സ്നേഹിക്കുന്നുവോ?" കർത്താവിനെ സ്നേഹിക്കുക ക്രൈസ്തവന്റെ അടിസ്ഥാന ധർമമാണ്. എന്നാൽ ഇവിടെ മറ്റുള്ളവരേക്കാൾ അധികമായി ശെമയോൻ സ്നേഹിക്കുന്നുവോ എന്നാണ് കർത്താവ് ചോദിച്ചത്. ഇതു ശെമയോനോടു മാത്രമായിരുന്നു. ശെമയോന് കർത്താവ് പ്രത്യേകത കൽപ്പിച്ചു. അവനെ എല്ലാവരിലും മുമ്പനും ഒന്നാമനുമാക്കി.

പന്ത്രണ്ടുപേരും പന്ത്രണ്ടു സഭകൾ സ്ഥാപിച്ചില്ല. എന്നാൽ പത്രോസിന്റെ നേതൃത്വത്തിൽ ക്രിസ്തുവിന്റെ സഭ സ്ഥാപിതമായി. കർത്താവ് നൽകിയ ഈ നേതൃത്വം ശുശ്രൂഷയ്ക്കും സേവനത്തിനും വേണ്ടിയുള്ളതായിരുന്നു. "നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കാൻ ഞാൻ നിനക്കു വേണ്ടി പ്രാർഥിച്ചു. നീയും നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" എന്നും "നിങ്ങളിൽ ഒന്നാമൻ ആകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരിലും അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം" എന്നും കർത്താവ് പഠിപ്പിച്ചു.

ശ്ലീഹന്മാരിലൂടെ കർത്താവാണ് തന്റെ സഭയെ പടുത്തുയർത്തിയത്. സത്യത്തിന്റെ തൂണും താങ്ങുമായി കർത്താവ് ഈ സഭയെ സ്ഥാപിച്ചു (1തിമോ.3,15). മുകളിൽ പറഞ്ഞ ഘടകങ്ങൾ ഒരു ദൃശ്യസമൂഹമെന്ന നിലയിൽ കത്തോലിക്കാസഭയിലാണ് കാണപ്പെടുക. പത്രോസിന്റെ പിൻഗാമിയും അദ്ദേഹത്തോട് ഐക്യം പുലർത്തുന്ന മെത്രാന്മാരും ചേർന്ന് ഈ സഭയെ നയിക്കുന്നു. നിത്യരക്ഷയ്ക്ക് ഈ തീർഥാടകസഭ അത്യാവശ്യമാണെന്ന് ദൈവജനം വിശ്വസിക്കുന്നു. കാരണം, കർത്താവ് ഒരുവൻ, മധ്യസ്ഥൻ ഏകൻ, രക്ഷയുടെ വഴി ഒന്ന്, അതാണ് ക്രിസ്തു. "ഞാൻ വാതിലാകുന്നു. എന്നിൽ കൂടിയല്ലാതെ ആരും പിതാവിങ്കലേക്ക് പോകുന്നില്ല". സഭയാകുന്ന തന്റെ ശരീരത്തിലൂടെ അവിടുന്ന് നമ്മുടെ മധ്യത്തിൽ സന്നിഹിതനാകുന്നു.

## *പൂർണവും അപൂർണവുമായ അംഗത്വം*

പിതാക്കന്മാർ ക്രിസ്ത്യാനികളെ തരംതിരിക്കുന്നത് ശ്രദ്ധേയമാണ്. പൂർണമായും അപൂർണമായും അംഗത്വമുള്ളവർ എന്ന് അവർ തിരിക്കുന്നു. പൂർണമായ വിധത്തിൽ സഭയുടെ അംഗങ്ങളാകുന്നവരും അപൂർണ്ണമായി അംഗങ്ങളായിരിക്കുന്നവരുമുണ്ട്. പൂർണമായ വിധത്തിൽ സഭയുടെ അംഗങ്ങളായിരിക്കുന്നവരുടെ ലക്ഷണങ്ങൾ: "അവർക്ക് യേശുക്രിസ്തുവിന്റെ





ചൈതന്യം ഉണ്ടായിരിക്കണം. സഭയുടെ സകല നിബന്ധനകളും നിത്യരക്ഷയ്ക്കായി അതിൽ ഏർപ്പെടുത്തിയിട്ടുള്ള മാർഗങ്ങളും സ്വീകരിക്കണം. സഭയുടെ ദൃശ്യഘടന വഴി ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കണം. മാർപാപ്പായും മെത്രാന്മാരുംവഴി സഭയെ ഭരിക്കുന്നത് അവിടുന്നാണെന്ന കാര്യം അംഗീകരിക്കണം. വിശ്വാസപ്രഖ്യാപനത്തിന്റെയും കൂദാശകളുടെയും സഭയുടെ ഭരണഘടനയുടെയും പരസ്പര ഐക്യത്തിന്റെയും ശൃംഖലകളാൽ അവർ ബന്ധിതരായിരിക്കണം. സ്നേഹത്തിൽ നിലനിൽക്കാത്തവരും സഭയുടെ മടിത്തട്ടിൽ ആന്തരികമായി വസിക്കാതെ ബാഹ്യമാത്രമായി കഴിഞ്ഞുകൂടുന്നവരും സഭയുടെ അംഗങ്ങളായതു കൊണ്ടുമാത്രം രക്ഷ പ്രാപിക്കുകയില്ല. തങ്ങളുടെ ഉന്നതമായ ഈ സ്ഥാനത്തിനു കാരണം തങ്ങളുടെ യോഗ്യതയല്ല, പ്രത്യുത ക്രിസ്തുവിന്റെ യോഗ്യതകളാണെന്ന പരമാർഥം സഭാസന്താനങ്ങൾ ശരിയായി അറിഞ്ഞിരിക്കട്ടെ. ഈ അനുഗ്രഹത്തോട് വിചാരത്താലും വചനത്താലും പ്രവൃത്തിയാലും സഹകരിക്കാത്തവർ രക്ഷ പ്രാപിക്കുകയില്ലെന്നു മാത്രമല്ല, കഠിനമായ വിധിക്ക് പാത്രമാകുക കൂടി ചെയ്യും".[2]

സഭയിൽ അപൂർണമായി അംഗത്വമുള്ളവരുമുണ്ട്. മുകളിൽ പറഞ്ഞ ഘടകങ്ങളെല്ലാം തികയാത്തവർ അപൂർണമായി അംഗത്വമുള്ളവരാണ്. കലർപ്പില്ലാത്ത വിശ്വാസം പൂർണമായി ഏറ്റുപറയാത്തവർ, പത്രോസിന്റെ പിൻഗാമിയോട് ഐക്യം പുലർത്താത്തവർ ആദിയായവർ പൂർണമായി അംഗത്വമുള്ളവരല്ല. അവർ കത്തോലിക്കാസഭയുമായി പൂർണസംസർഗത്തിലുമല്ല. എന്നാൽ കത്തോലിക്കാസഭയുമായി അവർ ഐക്യത്തിലാണ് വർത്തിക്കുന്നത്. അവരും കത്തോലിക്കരും ഒരുതരത്തിൽ ഏകസഭയുടെ അംഗങ്ങളത്രേ. മാമോദീസായിൽ വിശ്വാസംവഴി നീതീകരിക്കപ്പെട്ടിരിക്കുന്നവരെല്ലാം ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളത്രേ.

കത്തോലിക്കാസഭയുടെ ദൃശ്യമായ അതിർത്തികൾക്കപ്പുറത്ത്, സഭയെ പടുത്തുയർത്തി ജീവൻ പ്രദാനം ചെയ്യുന്ന പല മൂല്യങ്ങളും മുതൽക്കൂട്ടുകളുമുണ്ട്. എഴുതപ്പെട്ട ദൈവവചനം, പ്രസാദവരജീവൻ, വിശ്വാസം, പ്രതീക്ഷ, സ്നേഹം, പരിശുദ്ധാത്മാവിന്റെ മറ്റ് ആന്തരികദാനങ്ങൾ ആദിയായവ അത്തരത്തിൽ പെട്ടവയാണ്. ക്രിസ്തുവിൽ നിന്നു പുറപ്പെടുകയും ക്രിസ്തുവിങ്കലേക്ക് നയിക്കുകയും ചെയ്യുന്ന, ക്രിസ്തുവിന്റെ ഏകസഭയാണ് ഇവയ്ക്കെല്ലാം യഥാർഥത്തിൽ അവകാശി. കത്തോലിക്കാസഭയുമായി പരിപൂർണ സംസർഗത്തിൽ എത്തിച്ചേരാത്ത സഭകൾക്കും രക്ഷാകര രഹസ്യത്തിൽ സ്ഥാനമുണ്ട്. ക്രിസ്തുവിന്റെ ആത്മാവ് രക്ഷയ്ക്കുള്ള മാർഗങ്ങളായി അവയെ ഉപയോഗിക്കുന്നു. വരപ്രസാദജീവൻ സംപ്രാപ്തമാകുന്നത് കത്തോലിക്കാ

2. *Lumen Gentium,* 14

സഭയെ ഏൽപ്പിച്ചിട്ടുള്ള സത്യത്തിന്റെയും പ്രസാദവരത്തിന്റെയും പൂർണ്ണതയിൽ നിന്നാണ്. എന്നാൽ കാതോലികമായ ഐക്യത്താൽ പ്രസ്തുത വ്യക്തികളും സഭകളും അലംകൃതരല്ല. കാതോലികമായ ക്രിസ്തുവിന്റെ സഭയാണ് രക്ഷാകരമായ എല്ലാ മാർഗങ്ങളാലും അലംകൃതമായിട്ടുള്ളത്. അതുകൊണ്ട് അവളിൽകൂടി മാത്രമേ രക്ഷയ്ക്ക് ആവശ്യമുള്ളവയെല്ലാം അവയുടെ പരിപൂർണതയോടുകൂടി സമ്പാദിക്കാൻ സാധിക്കയുള്ളു. പുതിയ ഉടമ്പടിയുടെ എല്ലാ നിക്ഷേപങ്ങളും പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെ കർത്താവ് ഏൽപ്പിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ഏകശരീരത്തെ ഭൂമിയിൽ കെട്ടിപ്പടുക്കാനാണിത്. ദൈവജനം എന്ന നാമത്തിന് പാത്രമായിട്ടുള്ളവരെല്ലാം ഇതിനോട് പരിപൂർണമായി ഐക്യം പ്രാപിച്ചിരിക്കുന്നു. അങ്ങനെ ക്രിസ്തുവിൽ നിരന്തരമായി വളരാൻ അവർക്ക് സാധിക്കുന്നു[3].

ശ്ലീഹന്മാർ വഴി ക്രിസ്തുവിൽ നിന്നു ലഭിച്ചിട്ടുള്ള പഠനങ്ങൾക്കും വ്യവസ്ഥകൾക്കും സഭ അവളുടെ ജീവിതത്തിൽ കൂടുതൽ വ്യക്തവും വിശ്വസ്തവുമായ രീതിയിൽ സാക്ഷ്യം വഹിക്കണം. ക്രിസ്തുവിന്റെ എളിമയും ആശാനിഗ്രഹവും സ്വശരീരത്തിൽ വഹിക്കുന്ന സഭ അനുദിനം കൂടുതൽ നവീകൃതവും വിശുദ്ധീകൃതവുമാകാൻ വേണ്ടി കത്തോലിക്കർ കൂടുതൽ പരിശ്രമിക്കണം. ആവിഷ്കൃതമായ എല്ലാ ദൈവികസത്യങ്ങളാലും പ്രസാദവരത്തിന്റെ എല്ലാ ദാനങ്ങളാലും കത്തോലിക്കാസഭ അലംകൃതയാണ്. എന്നാൽ വേർപെട്ടു നിൽക്കുന്നവരിൽ കാണുന്ന യഥാർഥ ക്രിസ്തീയമൂല്യങ്ങൾ കത്തോലിക്കർ വിലമതിച്ച് സന്തോഷപുരസ്സരം സ്വീകരിക്കണം. പിളർപ്പ് പൂർണമായ കാതോലികത്വം പ്രസ്പഷ്ടമാക്കാൻ ഇനിയും തടസ്സമായി നിൽക്കയാണ്. അതായത്, കാതോലികത്വം അതിന്റെ എല്ലാ മാനങ്ങളോടുംകൂടെ ജീവിതത്തിൽ വെളിപ്പെടുത്താൻ നിരവധി വൈഷമ്യങ്ങളുണ്ട്. അത് നീക്കാൻ വേണ്ടതെല്ലാം കത്തോലിക്കർ ചെയ്യണം.[4]

സഭയ്ക്ക് ലോകത്തുള്ള സർവമനുഷ്യരോടും ദൗത്യമുണ്ട്. കാരണം, സർവമനുഷ്യർക്കും വേണ്ടിയുള്ളതാണ് ഈ രക്ഷാകരസന്ദേശം. സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നാണ് രക്ഷകനായ ദൈവത്തിന്റെ അഭിലാഷം (1തിമോ.2,4). അതുകൊണ്ട് സ്വന്തം കുറ്റം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടുത്തെ സഭയെയും അറിയാതിരിക്കുകയും, അതേസമയം ആത്മാർഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാം. അപ്രകാരം, ദൈവത്തെപ്പറ്റിയുള്ള സ്പഷ്ടമായ അറിവിലേക്ക് സ്വന്തകുറ്റത്താലല്ലാതെ വന്നെത്താതിരിക്കുകയും എന്നാൽ ദൈവസഹായത്തോടുകൂടെ നല്ല ജീവിതം നയിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കും രക്ഷയ്ക്ക് അത്യാവശ്യസഹായങ്ങൾ ദൈവപരിപാലന നിരസിക്കുകയില്ല.[5]

3. *എക്യൂമെനിസം (Unitatis Redintegrazio)* എന്ന രേഖ, 3

4. *Unitatis Redintegrazio*, 4





"ദൈവത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്നവർ ഏതു ജനപദത്തിൽ പെട്ടവരായാലും എക്കാലത്തും ദൈവസന്നിധിയിൽ സ്വീകാര്യരാണ്" (നട.10,35). മനുഷ്യർ തമ്മിലും ജനങ്ങൾ തമ്മിലുമുള്ള ഐക്യവും സൗഹൃദവും വളർത്തുന്നതിൽ സഭ എപ്പോഴും ജാഗ്രത കാണിക്കുന്നു. മനുഷ്യരെല്ലാം ഒരൊറ്റ സമൂഹത്തിൽ പെട്ടവരാണ്. അവരുടെ ഉത്ഭവവും ആത്യന്തികലക്ഷ്യവും ഒന്നുതന്നെ. മനുഷ്യരെ ഭൂമിയിൽ പരക്കെ വസിപ്പിച്ചതും ദൈവമാണ്. അവിടുത്തെ പരിപാലനയും നന്മയുടെ ആവിഷ്ക്കാരങ്ങളും രക്ഷാകരപദ്ധതികളും എല്ലാവരെയും സമാശ്ലേഷിക്കുന്നു. സഭ ഈ സത്യം നന്നായി മനസ്സിലാക്കുന്നു. പ്രപഞ്ചത്തിൽ പ്രകാശധാര ചൊരിഞ്ഞത് പ്രപഞ്ചനാഥനാണ്. തന്റെ രാജ്യത്തിന്റെ വെളിപ്പെടുത്തലിനുവേണ്ടി ഈ ലോകത്തിലേക്ക് അവിടുന്ന് പരിശുദ്ധാത്മാവാകുന്ന അഗ്നി വർഷിച്ചിരിക്കുന്നു. വനങ്ങളും കാടുകളും കത്തിപ്പടർന്നുകൊണ്ടിരിക്കുന്നു. അഗ്നിജ്വാലകൾ ആകാശം മുട്ടെ ഉയരുന്നു. ഇപ്പോൾ ഓരോ ദിവസവും പെന്തിക്കോസ്തിയാണ്. സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി എല്ലാവരിലും പ്രതിബിംബിക്കുന്നു. ദൃശ്യമായ അതിർത്തികൾക്കകത്ത് ഒതുങ്ങി നിൽക്കുന്നതല്ല പരിശുദ്ധാത്മപ്രവർത്തനം. ചരിത്രത്തിൽ സംഭവിക്കുന്നവയെല്ലാം ദൈവരാജ്യത്തിന്റെ വെളിപ്പെടുത്തലിനു വേണ്ടിയുള്ളതാണ്. സഭാംഗങ്ങൾ ക്രൈസ്തവജീവിതത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് മറ്റു മനുഷ്യരോട് സഹകരിക്കാവുന്ന മേഖലകളിലെല്ലാം സഹകരിക്കണം. അവരിലെ മൂല്യങ്ങൾ കണ്ടെത്തി വളർത്തണം. അതേസമയം വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ പ്രഘോഷിക്കണം. സർവലോകത്തിനും രക്ഷാകേന്ദ്രമായ ക്രിസ്തുവിനെ സഭ ലോകത്തിൽ നിരന്തരം അവതരിപ്പിക്കണം. സുവിശേഷത്തിൽ വിശ്വസിക്കാനും വിശ്വാസം ഏറ്റുപറയാനും സഭ ആഹ്വാനം ചെയ്യുന്നു. ലോകത്തിലുള്ള നന്മയെല്ലാം കാത്തുസൂക്ഷിച്ചു വളർത്തി പരിപോഷിപ്പിച്ച് പുതിയ ജറുസലേമിന്റെ ഉദയത്തിനായി സജ്ജമാക്കപ്പെടുന്ന നാഴികയാണിത്. ഇതാണ് സഭാദൗത്യം.

## *സഭയും സഭകളും*

നമ്മുടെ കർത്താവിന്റെ ഏകസഭ നിരവധി സഭകളായിട്ടാണ് ജന്മമെടുത്തത്. റോമാസാമ്രാജ്യത്തിലും പേർഷ്യൻ സാമ്രാജ്യത്തിലും ഭാരതത്തിലും ജന്മമെടുത്ത വിവിധ സഭകൾ യേശുക്രിസ്തുവിന്റെ ഏകസഭയായിരുന്നു.

5. *Lumen Gentium*, 16

മിശിഹാ നൽകിയ രക്ഷാസന്ദേശം ശ്ലീഹന്മാരും അറിയിപ്പുകാരും തങ്ങൾക്കു സ്വീകരിക്കാവുന്നവിധം സ്വീകരിച്ചു. അവർ പകർന്നു കൊടുത്ത രക്ഷാസന്ദേശം സ്വീകരിച്ച ജനപദങ്ങളുടെ വൈവിധ്യമനുസരിച്ച് കാലാന്തരത്തിൽ വിവിധ രൂപഭാവങ്ങൾ സ്വീകരിച്ചു. സഭ ഒരിക്കലും ഐകരൂപ്യത്തിന് ഊന്നൽ നൽകിയില്ല. പിന്നെയോ ഐക്യത്തെയാണ് നിരന്തരം ലക്ഷ്യം വച്ചത്. എന്നാൽ ഈ ലോകത്തിൽ ആയതിനാൽ രൂപവൈവിധ്യം സ്വീകരിക്കാതിരിക്കാൻ സഭയ്ക്ക് കഴിഞ്ഞില്ല. നാനാത്വത്തിലെ ഏകത്വം സഭ മുറുകെപ്പിടിച്ചു. സഭയുടെ ആദ്യനൂറ്റാണ്ടുകളിലൊന്നും ഐക്യത്തിന്റെ പേരിൽ ഐകരൂപ്യത്തിന് പൊതുവേ മുതിർന്നില്ല. ആരും മറ്റുള്ളവരുടെമേൽ അധികാരപ്രമത്തത കാട്ടിയുമില്ല. ചില അപൂർവ സന്ദർഭങ്ങളിൽ ചിലർ ഐകരൂപ്യത്തിന് മുതിർന്നപ്പോൾ അവർക്ക് മറ്റുള്ളവരുടെ ശക്തിയായ എതിർപ്പിനെ നേരിടേണ്ടിവന്നു. അത്തരത്തിൽ പെട്ടതാണ് ഉയിർപ്പുതിരുനാൾ സംബന്ധിച്ച പ്രശ്നം. വൈവിധ്യം വിഭജനമാണെന്നും അന്നാരും കണക്കാക്കിയില്ല. ഓരോ സഭയും ദൈവത്തിന്റെ സഭയായി കണക്കാക്കി മറ്റു സഭകളുമായി സംസർഗത്തിൽ കഴിഞ്ഞു. തങ്ങൾ പരസ്പരം അവയവങ്ങളാണെന്ന ചിന്ത അവർക്കെല്ലാം ഉണ്ടായിരുയിരുന്നു.

## പാത്രിയാർക്കേറ്റുകൾ

പ്രാചീനസഭകളിൽ പാത്രിയാർക്കൽ സഭകൾക്ക് പ്രാമാണ്യം ഉണ്ടായിരുന്നു. റോം, അലക്സാണ്ഡ്രിയാ, അന്ത്യോക്യാ, കോൺസ്റ്റാന്റിനോപ്പിൾ, ജറുസലേം എന്നിവിടങ്ങളിലെ സഭകളായിരുന്നു പാത്രിയാർക്കൽ സഭകൾ. റോമാസാമ്രാജ്യത്തിലെ സഭകളും ആരാധനക്രമങ്ങളും ഈ പ്രമുഖപട്ടണങ്ങളിലെ സഭകളെ കേന്ദ്രമാക്കിയാണ് വളർന്നത്. ഇവിടങ്ങളിലെ മെത്രാന്മാർ കാലക്രമത്തിൽ പ്രാമാണ്യത്തിലേക്കുയർന്നു. അവർ പാത്രിയർക്കീസുമാർ എന്ന് അഞ്ചാം നൂറ്റാണ്ടു മുതൽ അറിയപ്പെടാൻ തുടങ്ങി. റോമിലെ മെത്രാന് ഇറ്റാലിയൻ പ്രദേശങ്ങളിലും പാശ്ചാത്യ റോമാസാമ്രാജ്യത്തിലും പ്രാഥമ്യം ഉണ്ടായിരുന്നു. പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ സഭകളും റോമിന്റെ പ്രാഥമ്യം അംഗീകരിച്ചിരുന്നു. പൊതുപ്രശ്നങ്ങളിൽ പൊതുസമ്മതത്തോടെ മധ്യസ്ഥനായി റോമാമെത്രാൻ ഇടപെട്ടിരുന്നു. റോമാ മെത്രാൻ കഴിഞ്ഞാൽ അടുത്ത സമുന്നതസ്ഥാനം അലക്സാണ്ഡ്രിയൻ മെത്രാനായിരുന്നു. അന്ത്യോക്യൻ മെത്രാന് പൗരസ്ത്യം (ഓറിയൻസ്-കിഴക്ക്) എന്ന റോമൻ പ്രവിശ്യ മുഴുവൻ അധികാരം ഉണ്ടായിരുന്നു. പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമാകയാൽ കാലക്രമത്തിൽ കോൺസ്റ്റാന്റിനോപ്പിളും പ്രമാണ്യത്തിലേക്ക് ഉയർന്നു. കൽക്കദോനിയാ സൂനഹദോസോടുകൂടി (451) ജറുസലേം ഒരു പാത്രിയാർക്കൽ സഭയായിത്തീർന്നു. പാത്രിയർക്കീസുമാരുടെ കീഴിൽ പ്രോവിൻസുകൾ, പ്രോവിൻസിന്റെ കീഴിൽ രൂപതകൾ എന്നിങ്ങനെ റോമാസാമ്രാജ്യത്തിലെ രാഷ്ട്രീയവിഭജന രീതി





കളൊക്കെ സഭയിൽ കടന്നുകൂടി. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റൻടൈൻ ചക്രവർത്തിയോടുകൂടെയാണ് സഭയിൽ രാഷ്ട്രീയസ്വാധീനം കയറിപ്പറ്റിയത്. സഭയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ചക്രവർത്തിമാരിൽ നിന്നും പ്രഭുക്കന്മാരിൽ നിന്നും ധാരാളം സ്വത്തു കിട്ടുകയും ചെയ്ത പശ്ചാത്തലത്തിൽ സഭയിലാകെ മാറ്റങ്ങളുണ്ടായി. അധികാരത്തിനു വേണ്ടിയുള്ള കിടമത്സരങ്ങൾ ഉടലെടുത്തു. സഭാധികാരം സേവനത്തിനു വേണ്ടിയാണെന്ന കാര്യം വിസ്മരിക്കപ്പെട്ടു. സഭയിലാകെ തകിടം മറിച്ചിലുണ്ടായി. ഈ സാഹചര്യത്തിൽ ലൗകിക സ്ഥാനങ്ങളും ലൗകികമായ ആഡംബരങ്ങളും ആർഭാടങ്ങളും സഭയിലും സഭാധികാരികളിലും കടന്നുകൂടി. ഈ മാറ്റം വളരെ ദൂരവ്യാപകമായ ദുഷ്ഫലങ്ങൾ ഉളവാക്കി.

പേർഷ്യൻ സാമ്രാജ്യത്തിലെ സഭയിലും ചില ചില്ലറ കിടമത്സരങ്ങളുണ്ടായി. എന്നാൽ പേർഷ്യയിൽ ക്രിസ്തുമതം ഒരിക്കലും ഭൂരിപക്ഷമതമായിരുന്നില്ല, ഔദ്യോഗിക മതവുമായിരുന്നില്ല. അക്കാരണത്താൽ ഇമ്പീരിയൽസഭ എന്ന നില പേർഷ്യയിലെ സഭയ്ക്ക് ഉണ്ടായില്ല.

ഭാരതസഭ ഇതിൽ നിന്നെല്ലാം അകന്നുകഴിഞ്ഞു. തികച്ചും ഭാരതീയമായ രീതിയിലാണ് ഈ സഭ മുന്നേറിയത്. മാർ തോമാശ്ലീഹായുടെ മലങ്കര ഇടവക എന്നായിരുന്നു ഇവിടുത്തെ സഭ അറിയപ്പെട്ടിരുന്നത്. പതിനാറാം നൂറ്റാണ്ടിനു ശേഷമാണ് ഇവിടെയും പാശ്ചാത്യലോകത്തുള്ള സഭാഘടനകൾ തുടങ്ങിയത്.

## വിഭജിക്കപ്പെട്ട സഭ

വൈവിധ്യത്തിൽ നിന്ന് വ്യത്യസ്തമാണ് ശീശ്മയും പാഷണ്ഡതയും. ശ്ലീഹന്മാരുടെ കാലത്തുതന്നെ ചെറിയ തോതിൽ ശീശ്മയും വിഭജനവും തലപൊക്കി. വി. പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം ഭാഗികമായി ഐക്യത്തിനുള്ള ആഹ്വാനമാണ്. തുടർന്ന് റോമിലെ വി. ക്ലെമെന്റ് (97) കൊറിന്തോസുകാരെ ഐക്യത്തിന് ശക്തിയായി ആഹ്വാനം ചെയ്യുന്നു. പരസ്പരം സമാധാനത്തിൽ ജീവിക്കാനും മെത്രാനെ അനുസരിക്കാനും എഫേസോസ്, മഗ്നേഷ്യാ, ത്രാള്ളിയാ എന്നീ സഭകളെ അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (+117) ഉപദേശിക്കുന്നു. സ്മിർണായിലെ വി. പോളിക്കാർപ്പും ഇതുപോലെ തന്നെ ഫിലിപ്പിയർക്ക് എഴുതുന്നു.

ജ്ഞാനവാദികൾ (ഗ്നോസ്റ്റിക്സ്) എന്നറിയപ്പെട്ടിരുന്ന അബദ്ധോപദേശകർക്കെതിരെ ഐറേനിയസ് ഉൾപ്പെടെയുള്ള സഭാപിതാക്കന്മാർ സഭയുടെ ഐക്യവും സുവിശേഷത്തിന്റെ പരിശുദ്ധിയും കാത്തുസൂക്ഷിച്ചു. ജ്ഞാനവാദികളുടെ പ്രബോധനം സുവിശേഷത്തിന് അന്യമാകയാൽ അന്നത്തെ സഭാനേതൃത്വം അവരെ സഭയ്ക്ക് പുറത്താക്കി. നമ്മുടെ കർത്താവ് തന്റെ പിൻഗാമികളായി ശ്ലീഹന്മാരെയും ശ്ലീഹന്മാർ മെത്രാന്മാരെയും ഓരോരോ

സ്ഥലങ്ങളിൽ നിയമിച്ചതിനാൽ, കർതൃപ്രബോധനത്തിൽ നിന്ന് വ്യത്യസ്ത മായ പ്രബോധനം നടത്തിയവരെ സഭയിൽ നിന്ന് പുറത്താക്കുക എളുപ്പ മായിരുന്നു.

അതുപോലെ മോണ്ടനിസം എന്ന അബദ്ധോപദേശത്തെയും സഭാപി താക്കന്മാർ നിരാകരിച്ചു. റോമിൽ കലിക്സ്റ്റസ് മാർപാപ്പായുടെ കാലത്ത് (217-23) ഹിപ്പോളിറ്റസ് എതിർപാപ്പായായി ശീശ്മയുണ്ടാക്കി. കൊർണേ ലിയുസ് പാപ്പായുടെ കാലത്ത് നൊവേഷ്യൻ ശീശ്മയുണ്ടാക്കി. കാർത്തേ ജിൽ ഫെലിച്ചീസിമുസിന്റെ നേതൃത്വത്തിൽ ശീശ്മയുണ്ടായി. ഈജിപ്തി ലെ സഭയിൽ മെലീഷ്യസിന്റെ നേതൃത്വത്തിൽ (306) ഒരു ശീശ്മ രൂപം കൊണ്ടു. കാർത്തേജിൽ ഡൊണാറ്റിസ്റ്റ് ശീശ്മ വളരെ ശക്തമായിരുന്നു (311). ഈ വൈവിധ്യമാർന്ന ചിന്താസരണികൾക്കും ജീവിതരീതികൾക്കും ഗ്രൂപ്പു കൾക്കും മധ്യത്തിൽ സഭ ഐക്യം കാത്തുസൂക്ഷിക്കുകയും സത്യവി ശ്വാസം പരിപാലിക്കുകയും കാതോലികത്വം സംരക്ഷിക്കുകയും ചെയ്തു. ദിയദോർ, തിയഡോർ, തിയഡൊറെറ്റ് ആദിയായവർ അലക്സാണ്ഡ്രിയാ യിലെ വി. സിറിലിന്റെ ചിന്താരീതികൾ സ്വീകരിച്ചില്ലെങ്കിലും, കാതോലിക സംസർഗത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്തവരാണ്.

സഭയുടെ ആദ്യകാലത്തുണ്ടായ വിഭജനങ്ങളൊന്നും സഭയെ പിടിച്ചു കുലുക്കിയില്ല. അബദ്ധോപദേശത്തിന്റെ വക്താക്കൾക്ക് സഭയ്ക്ക് പുറത്തു പോകേണ്ടിവന്നു. സുവിശേഷജീവിതവുമായി യോജിച്ചുപോകാത്തവർ സഭയ്ക്ക് അന്യരായി.

ആരിയനിസത്തോടുകൂടി സഭയിൽ വലിയ പിളർപ്പുണ്ടായി. പുത്രൻ തമ്പുരാന്റെ ദൈവത്വത്തെ നിഷേധിക്കുന്നതായിരുന്നു ആ പാഷണ്ഡത. പുത്രൻ സൃഷ്ടിയാണെന്നും ഇല്ലായ്മയിൽ നിന്ന് നിർമിക്കപ്പെട്ടതാണെന്നും ആരിയുസ് പഠിപ്പിച്ചു. നിഖ്യാ സൂനഹദോസ് (325) ആരിയുസിനെയും അനു യായികളെയും സഭയ്ക്ക് പുറത്താക്കി. ആരിയനിസം പാഷണ്ഡതയാണെന്ന് പ്രഖ്യാപിച്ചു. തുടർന്ന് പല രൂപങ്ങളിൽ ആരിയനിസം നിലനിന്നെങ്കിലും 381-ലെ സിനഡോടുകൂടി അതവസാനിച്ചു. സഭ ഒന്നായി സത്യവിശ്വാസം സംരക്ഷച്ചുകൊണ്ട് മുന്നേറി.

എഫേസോസ് സൂനഹദോസിനുശേഷം (431) ആ സിനഡിനെച്ചൊല്ലി ഒരുവിഭാഗം ക്രൈസ്തവർ കത്തോലിക്കാസഭയിൽ നിന്ന് വിട്ടുമാറി. നെസ്തോറിയർ എന്നറിയപ്പെടുന്നവർ ഒരു ചെറിയ വിഭാഗമായി ഇപ്പോഴും നിലനിൽക്കുന്നു. അടിസ്ഥാന സുവിശേഷസത്യങ്ങളിലും വിശ്വാസപ്രമാണ ങ്ങളിലും ഈ സഭ കത്തോലിക്കാവിശ്വാസം പുലർത്തുന്നു. നൂറ്റാണ്ടുകളായി പരസ്പരബന്ധമറ്റ് തെറ്റിദ്ധാരണയുടെ ഫലമായി സമ്പൂർണസംസർഗമറ്റ് കഴിയുന്നവരാണ് ഈ ചെറിയ സമൂഹാംഗങ്ങൾ.





കാൽസിഡൺ കൗൺസിലിനെ തുടർന്ന് (451) ക്രൈസ്തവസഭയിൽ പിളർപ്പുണ്ടായി. കാൽസിഡൺ കൗൺസിൽ അംഗീകരിക്കാത്തവർ കത്തോ ലിക്കാസഭയിൽ നിന്നു മാറി. കാലാന്തരത്തിൽ അവർ യാക്കോബായക്കാർ എന്ന് അറിയപ്പെടാൻ തുടങ്ങി. അടിസ്ഥാനവിശ്വാസപ്രമാണം സംബന്ധിച്ച് അവർക്കും കാതോലിക സഭാപ്രബോധനം തന്നെയാണുള്ളത്. എന്നാൽ നൂറ്റാണ്ടുകളായി അവർ കത്തോലിക്കാ സഭയുമായി സമ്പൂർണ സംസർഗം കൂടാതെ കഴിയുന്നു.

തുടർന്നുള്ള നൂറ്റാണ്ടുകളിൽ വലിയ പിളർപ്പുകൾ കൂടാതെ ക്രിസ്തു വിന്റെ സഭ ഏറെനാൾ മുന്നോട്ടുപോയി. എന്നാൽ 1054-ൽ ക്രിസ്തുവിന്റെ സഭ പാശ്ചാത്യസഭ (ലത്തീൻ), ബിസന്റൈൻസഭ (ഗ്രീക്ക്) എന്നിങ്ങനെ വീണ്ടും രണ്ടായി പിളർന്നു. സഭാചരിത്രത്തിൽ അന്നുവരെ ഉണ്ടായിട്ടുള്ള തിൽ വച്ച് ഏറ്റവും വലിയ പിളർപ്പായിരുന്നു അത്. ഈ പിളർപ്പോടുകൂടി പൗരസ്ത്യസഭകളെല്ലാം തന്നെ പാശ്ചാത്യസഭയുമായി സമ്പൂർണമായ ഐക്യം ഇല്ലാത്തവരായി. 1054-ലെ പിളർപ്പിന് ലത്തീൻകാരും ഗ്രീക്കുകാരും കാരണക്കാരാണ്. കുറ്റം രണ്ടുപക്ഷത്തുമുണ്ട്. അതിനുശേഷം രണ്ടുസഭക ളായി അവ രണ്ടുവഴിക്ക് വളർന്നു. സമ്പൂർണ സംസർഗം നഷ്ടപ്പെട്ടു എന്ന തൊഴിച്ചാൽ ഇരുസഭകളും കാതലായ സംഗതികളിലൊന്നും സുവിശേഷ ത്തിൽ നിന്നോ, ശ്ലൈഹികപ്രബോധനങ്ങളിൽ നിന്നോ അകന്നുപോയില്ല. കാലക്രമത്തിൽ ലത്തീൻസഭ കാതലിക് എന്നും ഗ്രീക്കുസഭ ഓർത്തഡോ ക്സ് എന്നും കൂടുതലായി അറിയപ്പെട്ടു. എന്നാൽ ഇരുസഭകളും കാതലി ക്കും ഓർത്തഡോക്സും ആണ്. സമ്പൂർണമായ കൂട്ടായ്മ ഉന്നം വച്ചുകൊ ണ്ടാണ് ഇരുകൂട്ടരും ഇപ്പോൾ പ്രവർത്തിക്കുന്നത്.

റോമൻ കത്തോലിക്കാസഭ (പാശ്ചാത്യസഭ) 16-ാം നൂറ്റാണ്ടിൽ വീണ്ടും പിളർന്നു. ആ പിളർപ്പിൽ നിന്ന് ഉടലെടുത്തതാണ് പ്രോട്ട്സ്റ്റന്റ് സഭകൾ: ലൂഥറനിസം, കാൽവിനിസം, ആംഗ്ലിക്കനിസം എന്നിവയാണ് മൂന്ന് പ്രധാന പ്രോട്ടസ്റ്റന്റ് സഭകൾ. അവയിൽ നിന്ന് ഉപവിഭാഗങ്ങൾ ഉണ്ടായി. തുടർന്ന് ആയിരക്കണക്കിന് പ്രോട്ടസ്റ്റന്റ് സഭകൾ ജന്മമെടുത്തു. ഓരോ സഭയും ഏതെങ്കിലുമൊരു ക്രൈസ്തവമൂല്യം ഉയർത്തിപ്പിടിച്ചു. എന്നാൽ മറ്റനേകം സംഗതികൾ തിരസ്ക്കരിച്ചു. അവരിൽ പലരും വേദപുസ്തകം മാത്രം വിശ്വാസത്തിന്റെ അടിസ്ഥാനമാക്കി. സഭാപാരമ്പര്യത്തിനു വലിയ പ്രാധാന്യം കൽപ്പിച്ചില്ല. വിശുദ്ധ ഗ്രന്ഥത്തിന്റെ വ്യക്തിപരമായ വ്യാഖ്യാനം അംഗീകരിച്ചു. പ്രോട്ടസ്റ്റന്റിസത്തിന് എപ്പിസ്ക്കോപ്പൽ, മെതഡിസ്റ്റ്, പ്രെസ്ബിറ്റേറിയൻ, കോൺഗ്രിഗേഷണൽ തുടങ്ങി നിരവധി ഉപവിഭാഗങ്ങളുണ്ട്.

## സൂനഹദോസുകൾ

ക്രിസ്തു പഠിപ്പിച്ച സത്യത്തിൽ ദൈവജനത്തെ ഉറപ്പിച്ചു നിർത്തുന്ന

തിനും ശ്ലീഹന്മാർ കൈമാറിയ സത്യത്തിന് മങ്ങലേൽക്കാതിരിക്കാനുമായി കാലാകാലങ്ങളിൽ സഭയിൽ സൂനഹദോസുകൾ അഥവാ സഭാനേതാക്കന്മാരുടെ സമ്മേളനങ്ങൾ ഉണ്ടായിട്ടുണ്ട്. സഭയ്ക്ക് ദൈവദത്തമായ അപ്രമാദിത്വമുണ്ട്. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാർ ഒത്തുകൂടി താത്വികവും പ്രായോഗികവുമായ സഭാസംഗതികളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനമെടുത്ത് സഭ മുഴുവനെയും അറിയിക്കുന്നു. ശ്ലീഹന്മാർ ജറുസലേമിൽ കൂടിയ കൗൺസിലാണ് പിൽക്കാലത്തുള്ള കൗൺസിലുകളുടെയെല്ലാം മാതൃക (നട.15).

**1. ആദ്യകാല സിനഡുകൾ:** പ്രാദേശിക പ്രശ്നപരിഹാരാർത്ഥം ആദ്യകാലത്ത് സമ്മേളനങ്ങൾ നടന്നു. അവയുടെ ഡിക്രികൾ പല സഭകളും സ്വീകരിച്ചിട്ടുണ്ട്.: അൻസീറാ (314), നെയോ ചെസാറിയാ (315), ഗാംഗ്രാ (325/331), അന്ത്യോക്യാ (341), ലവദീക്യാ (341/381), സാർദിക്കാ (343/4) എന്നിവിടങ്ങളിലാണ് ആദ്യകാല പ്രാദേശിക സിനഡുകൾ കൂടിയത്.

**2. നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ സിനഡുകൾ (325.381):** ആദ്യത്തെ സാർവത്രിക സൂനഹദോസുകളായി എല്ലാ സഭകളും അംഗീകരിക്കുന്നവയാണിവ. ഇവയ്ക്ക് സഭാചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്.

**3. പൗരസ്ത്യസിനഡുകൾ:** പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ വച്ചാണ് ആദ്യത്തെ വലിയ സഭായോഗങ്ങളൊക്കെ നടന്നത്. നിഖ്യായുടെ വിശദീകരണമായിട്ടാണ് പിന്നീടുള്ള യോഗങ്ങൾ നാം മനസ്സിലാക്കേണ്ടത്. എന്നാൽ എല്ലാ സഭകളും എല്ലാ സിനഡുകളും അംഗീകരിക്കുന്നില്ല.

**a) എഫേസോസ് (431):** ഇന്നത്തെ "നെസ്തോറിയൻസഭ" ഒഴികെ മറ്റെല്ലാ അപ്പസ്തോലിക സഭകളും ഈ സിനഡ് അംഗീകരിക്കുന്നു. ക്രിസ്തുവിന്റെ ഏകവ്യക്തിത്വത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അലക്സാണ്ഡ്രിയൻ ക്രിസ്തുശാസ്ത്രപശ്ചാത്തലത്തിൽ വി. സിറിലിന്റെ അധ്യക്ഷതയിൽ കൂടിയതാണിത്. എന്നാൽ അന്ത്യോക്യയിലെ ജോണിന്റെ അധ്യക്ഷതയിൽ 431-ൽ എഫേസോസിൽ വച്ചു കൂടിയ മറ്റൊരു സിനഡ് സഭ പൊതുവേ സ്വീകരിച്ചില്ല.

**b) കാൽസിഡൺ (451):** ക്രിസ്തുവിന്റെ ദൈവസ്വഭാവത്തെയും മനുഷ്യസ്വഭാവത്തെയും സംബന്ധിച്ച ചർച്ചകളാണ് ഇതിൽ നടന്നത്. എവുത്തീക്കെസിന്റെ ഏകസ്വഭാവവാദം സഭ തള്ളിക്കളഞ്ഞു. എന്നാൽ കാൽസിഡൺ സിനഡ് അംഗീകരിക്കാത്ത ഒരുവിഭാഗം ജനം ഈജിപ്തിലും സിറിയായിലും ഉണ്ടായി. അവർ കത്തോലിക്കാ സഭയിൽ നിന്ന് മാറി കാലക്രമത്തിൽ യാക്കോബായക്കാരായിത്തീർന്നു.

**c) രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ (553):** ജസ്റ്റീനിയൻ ചക്രവർത്തിയുടെ നിർദേശത്താൽ തയാറാക്കിയ മൂന്നധ്യായങ്ങൾ എന്നറിയപ്പെടുന്ന രേഖയെ കൗൺസിൽ ശപിച്ചുതള്ളി.





**d) മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ (680):** ക്രിസ്തുവിൽ രണ്ട് സ്വഭാവങ്ങൾ ഉള്ളതുപോലെ രണ്ട് ഇഛാശക്തിയുണ്ടെന്ന് ഈ സിനഡ് പ്രഖ്യാപിച്ചു.

ഇവയ്ക്കു ശേഷം ട്രുള്ളൻ സിനഡ് (692) എന്നൊന്ന് കോൺസ്റ്റാന്റിനോപ്പിളിൽ കൂടി പ്രായോഗിക സംഗതികൾ സംബന്ധിച്ച് കാനോനാകൾ പാസ്സാക്കിയിട്ടുണ്ട്.

**e) രണ്ടാം നിഖ്യാ (787):** ക്രിസ്തുവിന്റെയും വിശുദ്ധരുടെയും ഛായാപടങ്ങൾ നശിപ്പിക്കുന്നവർക്കെതിരെ കൂടിയതാണ് ഈ സിനഡ്. ഛായാപടങ്ങൾ പൂജ്യമായി കരുതണമെന്നും വണങ്ങണമെന്നും സിനഡ് തീരുമാനിച്ചു.

**f) നാലാം കോൺസ്റ്റാന്റിനോപ്പിൾ:** നാലാം കോൺസ്റ്റാന്റിനോപ്പിൾ എന്ന പേരിൽ രണ്ടു സിനഡുകൾ നടന്നു. ഒന്ന് 869-870-ൽ. കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന ഫോസിയസിനെ മുടക്കിയത് ഈ സിനഡിലാണ്. രണ്ട് 879-880-ൽ. ഈ സിനഡിൽ ഫോസിയസിന്റെ മുടക്ക് തീർത്തു. ഹഡ്രിയാൻ രണ്ടാമൻ മാർപാപ്പ (867-872) ആദ്യസിനഡ് അംഗീകരിച്ചില്ല. ജോൺ 8-ാമൻ മാർപാപ്പ (872-882) ഇതിനെ സ്പഷ്ടമായി നിരാകരിച്ചു.

**4. പാശ്ചാത്യസിനഡുകൾ :** പ്രാദേശിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി പാശ്ചാത്യസഭയിലും പ്രാദേശികസിനഡുകൾ കൂടിയിട്ടുണ്ട്: റോം (197), ആൾസ് (314), കാർത്തേജ്. എൽവീരാ (306).

**5. പാശ്ചാത്യലോകത്തെ പൊതുസിനഡുകൾ:** ലാതറൻ 1 (1123), ലാതറൻ 2 (1139), ലാതറൻ 3 (1179), ലാതറൻ 4 (1215), ലയൺസ് 1 (1245), ലയൺസ് 2 (1274), വീൻ (1311-12), കോൺസ്റ്റൻസ് (1414-18), ബാസൽ-ഫെറാറാ-ഫ്ളോറൻസ് (1431-45), ലാതറൻ- 5 (1512-17), ട്രെന്റ് (1545-63),വത്തിക്കാൻ 1 (1869-70).

**6. രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962-65)**: നവീകരണം, സഭൈക്യം എന്നീ രണ്ടു കാതലായ സംഗതികൾ ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. മനുഷ്യരാശിയുടെ ഇന്നത്തെ പ്രശ്നങ്ങൾക്ക് സഭയുടെ മറുപടി എന്താണെന്ന് വ്യക്തമാക്കാൻ ഈ സൂനഹദോസ് ശ്രമിച്ചു. ഈ സിനഡുവഴി ഐക്യപാതയിലൂടെ ചരിക്കാനുള്ള വലിയ പ്രേരണ ക്രൈസ്തവലോകത്തിന്, പ്രത്യേകിച്ച് കത്തോലിക്കർക്ക് കൈവന്നു.

# 2
# കത്തോലിക്കാസഭ - സഭാസംജ്ഞ

ക്രിസ്തുവിന്റെ സഭ കത്തോലിക്കാസഭ (കാത്തോലിക്കേ എക്ലേസിയാ) എന്നാണ് അറിയപ്പെട്ടിരുന്നത്. യേശുവിന്റെ ശിഷ്യന്മാർ "ക്രിസ്ത്യാനികൾ" എന്നു വിളിക്കപ്പെട്ടത് അന്ത്യോക്യയിൽ വച്ചാണല്ലോ (നട.11,26).പ്രസ്തുത സ്ഥലത്തെ മെത്രാനായിരുന്ന വി. ഇഗ്നേഷ്യസാണ് (+117) ക്രിസ്തുവിന്റെ സഭയെ "കത്തോലിക്കാസഭ" എന്ന് ആദ്യമായി വിളിച്ചത്: "യേശുമിശിഹാ ഉള്ളിടത്ത് കത്തോലിക്കാസഭയുണ്ട്" എന്ന് സ്മിർണാക്കാർക്കുള്ള ലേഖനത്തിൽ (8,2) അദ്ദേഹം എഴുതുന്നു. തുടർന്നുള്ള നിരവധി സഭാരേഖകളിൽ ക്രിസ്തുവിന്റെ സഭയുടെ പേര് "കത്തോലിക്കാസഭ" എന്നാണ്. സ്മിർണായിലെ മെത്രാനായ പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വത്തെപ്പറ്റി "ഫിലോമേലിയത്തിലെ ദൈവസഭയ്ക്കും എല്ലാ സ്ഥലങ്ങളിലുമുള്ള കത്തോലിക്കാസഭയിൽ പെട്ടവർക്കുമാണ്" 156-ൽ സ്മിർണാക്കാർ എഴുതുന്നത്. സ്മിർണായിലെ "കത്തോലിക്കാസഭയുടെ മെത്രാൻ" എന്നാണ് പോളിക്കാർപ്പ് വിളിക്കപ്പെടുന്നത്. "ലോകം മുഴുവനുമുള്ള കത്തോലിക്കാസഭയ്ക്കു വേണ്ടി" തന്റെ മരണത്തിനു മുമ്പ് പോളിക്കാർപ്പ് പ്രാർഥിച്ചു *(പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം, 8,1; 16,2).* സ്മിർണായിലെ "കത്തോലിക്കാസഭയെപ്പറ്റി" എവുസേബിയസ് (+339) സഭാചരിത്രത്തിൽ (4,15,3) രേഖപ്പെടുത്തിയിരിക്കുന്നു.

കാർത്തേജിലെ മെത്രാനായ വി. സിപ്രിയാൻ (+258) തുടങ്ങിയവരൊക്കെ ക്രിസ്തുവിന്റെ സഭയെ "കത്തോലിക്കാസഭ" എന്നു വിളിച്ചവരാണ്. വി. സിപ്രിയാന്റെ ഒരു കൃതിയുടെ പേരുതന്നെ *കത്തോലിക്കാസഭയുടെ ഐക്യത്തെപ്പറ്റി* എന്നാണ്. കാൽസിഡൺ സൂനഹദോസുവരെ (451) ലോകമെങ്ങുമുള്ള ക്രൈസ്തവസഭ "കത്തോലിക്കാസഭ" എന്നാണ് അറിയപ്പെട്ടിരുന്നത്. കത്തോലിക്കാസഭയിൽനിന്ന് മാറിപ്പോയവരാണ് പുതിയ പേരുകൾ എടു





ക്കാൻ നിർബന്ധിതരായത്. ക്രിസ്തുവിന്റെ സഭയുടെ നാലു ലക്ഷണങ്ങളിൽ ഒന്നാണ് കാതോലികത്വം. കാതോലികത്വം, പൗരാണികത്വം, സർവസമ്മതം എന്നീ മൂന്നെണ്ണമാണ് സത്യവിശ്വാസത്തിന് ഉറപ്പു നൽകുന്നവയെന്ന് *കൊമ്മോണിത്തോറിയും* എന്ന തന്റെ കൃതിയിൽ ലേറിൻസിലെ വിൻസെന്റ് (5-ാം നൂ.) പറയുന്നു. "എല്ലായിടത്തും എല്ലാവരും എല്ലായ്പ്പോഴും വിശ്വസിക്കുന്നവ നാം മുറുകെപ്പിടിക്കണം" എന്ന് അദ്ദേഹം പഠിപ്പിക്കുന്നു. അതാണ് കത്തോലിക്കാ പ്രബോധനം. "എന്റെ പേര് ക്രിസ്ത്യാനി എന്നാണ്; കത്തോലിക്കൻ എന്നത് കുടുംബപ്പേരും" (*Christianus mihi nomen est; Catholicus vero cognomen*) എന്ന് അഭിമാനത്തോടെയാണ് പാചിയൻ (4-ാം നൂ.) പറഞ്ഞത്.

കത്തോലിക്കാ വിശ്വാസത്തിന്റെ വിശ്വാസ്യതയ്ക്കു പ്രേരകമായിട്ടുള്ളവയുടെ ചുരുക്കം മനിക്കേയർക്കെതിരെയുള്ള ഒരു ലേഖനത്തിൽ വി. അഗസ്റ്റിൻ നൽകുന്നു: "യഥാർഥവും നിഷ്ക്കപടവുമായ ജ്ഞാനത്തിനു പുറമേ... കത്തോലിക്കാസഭയുടെ മടിത്തട്ടിൽ ഞാൻ വസിക്കുന്നതിന് മറ്റനേകം കാരണങ്ങളുണ്ട്: ജനതകളുടെയും രാജ്യങ്ങളുടെയും ഒന്നിച്ചുചേരൽ എന്നെ ഉറപ്പിച്ചു നിർത്തുന്നു. അത്ഭുതങ്ങളാൽ ഉറപ്പിക്കപ്പെട്ടതും പ്രത്യാശയാൽ വളർത്തപ്പെട്ടതും സ്നേഹത്താൽ വളർന്നതും പൗരാണികത്വത്താൽ ശക്തിപ്പെട്ടതുമായ ആധികാരികത എന്നെ ഉറപ്പിച്ചു നിർത്തുന്നു. തന്റെ ഉത്ഥാനാനന്തരം തന്റെ ആടുകളെ മേയിക്കാനായി കർത്താവ് ആരെ ഭരമേൽപ്പിച്ചുവോ, ആ പത്രോസ് ശ്ലീഹായുടെ തന്നെ സിംഹാസനത്തിൽനിന്ന് ഇന്നുവരെയുള്ള മെത്രാന്മാരുടെ പിൻതുടർച്ച എന്നെ ഉറപ്പിച്ചുനിർത്തുന്നു. അവസാനമായി സകാരണം ഈ സഭയ്ക്കുമാത്രം ലഭിച്ച കത്തോലിക്കാസഭ എന്ന പേരുതന്നെ എന്നെ ഉറപ്പിച്ചുനിർത്തുന്നു. നമ്മുടെ മനസ്സിന്റെ കഴിവുകുറവു കൊണ്ടോ ജീവിതത്തിന്റെ അവിശ്വസ്തത കൊണ്ടോ സത്യം ഇപ്പോഴും പ്രസ്പഷ്ടമാകാതിരുന്നാൽ തന്നെയും മഹനീയവും വളരെ ശാന്തവുമായ ക്രിസ്തീയനാമത്തിന്റെ ഈ കണ്ണികൾ വിശ്വാസിയെ കത്തോലിക്കാസഭയുടെ മടിത്തട്ടിൽ ഉറപ്പിച്ചുനിർത്തുന്നു" (*Contra Epistolam Manichaei, 4,5*).

എല്ലാം ഉൾക്കൊള്ളുന്ന, വിശ്വവ്യാപകമായ സത്യസഭയാണ് കത്തോലിക്കാസഭ എന്ന് വി.അഗസ്റ്റിൻ കരുതുന്നു. വിഘടിതസമൂഹങ്ങൾക്ക് ഇത് സാധിക്കുകയില്ല. എല്ലാറ്റിനെയും എല്ലാവരെയും ഉൾക്കൊള്ളാനോ ആശ്ലേഷിക്കാനോ വിഘടിതസമൂഹങ്ങൾക്ക് കഴിവില്ല. അത്തരം വിഘടിത സഭകളിൽനിന്ന് വ്യത്യസ്തമാണ് സാർവത്രികസഭ. വിഘടിത പ്രാദേശികസമൂഹങ്ങൾ കുറച്ചു സ്ഥലത്തുമാത്രം ഒതുങ്ങിനിൽക്കുന്നു; കുറേപ്പേരെ മാത്രം ഉൾക്കൊള്ളുന്നു; കുറച്ചു തത്വങ്ങൾ മാത്രം പഠിപ്പിക്കുന്നു. സമഗ്രക്രിസ്തു

ദർശനം അവയ്ക്കു നഷ്ടപ്പെട്ടുപോയി. സത്യസഭയുടെ അനന്യതയെ കുറിക്കുന്നതാണ് കാതലിക് എന്ന പദം. വിശ്വവ്യാപകമായ മിഷണറിദൗത്യം ഏറ്റെടുത്തു നടത്തുന്നതും എക്യുമേനിക്കൽ ശുശ്രൂഷ ചെയ്യുന്നതും കത്തോലിക്കാ സഭയാണ്.

സഭയുടെ ഏകത്വവും സാർവത്രികതയും കാത്തുസൂക്ഷിക്കുന്ന സമൂഹത്തിന്റെ പേരാണ് കാതലിക് അഥവാ കത്തോലിക്കാ സഭ എന്നത്. മിശിഹായുടെ ശരീരമായ സഭയെ കുറിക്കുന്നതാണത്. മിശിഹായുടെ സത്യത്തെയും ആധികാരികതയെയും അതു വ്യക്തമാക്കുന്നു. തത്വങ്ങളിലും വിശ്വാസങ്ങളിലും ശരിയായിട്ടുള്ളതെന്നർഥം. ഈ പശ്ചാത്തലത്തിൽ, കാതോലികമല്ലാത്ത സഭകൾ ഉണ്ടാകാം. ഉദാഹരണമായി, അബദ്ധപ്രബോധകരായ ഗ്നോസ്റ്റിക്കുകാർ, ആര്യൻ ചിന്തകർ ആദിയായവരുടെ സഭകൾ കാതോലിക സഭയല്ല. പാഷണ്ഡസഭയാണ്. ഈ അർഥത്തിൽ കാതോലികത സത്യവിശ്വാസത്തിന്റെ (ഓർത്തഡോക്സിയുടെ) മാനദണ്ഡമത്രേ.

ജറുസലേമിലെ വി. സിറിൽ (+385) തന്റെ *മതാധ്യാപനപ്രസംഗങ്ങളിൽ (18,23)* കാതോലികതയ്ക്ക് നൽകുന്ന അർഥം: (1) ഭൂമിശാസ്ത്രപരമായി എല്ലായിടത്തും വ്യാപിച്ചു കിടക്കുന്ന സഭ. (2) മനുഷ്യന് ആവശ്യമായവയെല്ലാം പഠിപ്പിക്കുന്ന സഭ. (3) മാനുഷിക വിശുദ്ധീകരണത്തിന് ആവശ്യമായവയെല്ലാമുള്ള സഭ. (4) എല്ലാ മനുഷ്യരെയും സത്യാരാധനയ്ക്കായി ക്ഷണിക്കുന്ന സഭ. - കാതോലികതയുടെ വിവിധ മാനങ്ങൾ വി. സിറിൽ ഇതിൽ ഉൾപ്പെടുത്തുന്നു. എന്നാൽ അദ്ദേഹം ഊന്നൽ കൊടുക്കുന്നത് “സഭാപ്രബോധനങ്ങളുടെ പൂർണത” എന്ന യാഥാർഥ്യത്തിനാണ്.

ചുരുക്കത്തിൽ എല്ലായിടത്തും വ്യാപിച്ചിരിക്കുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതും എല്ലാവർക്കുമായി തുറന്നിരിക്കുന്നതും എല്ലാക്കാലത്തേക്കുമുള്ളതുമാണ് സഭ എന്നതാണ് കാതലിക് അഥവാ കത്തോലിക്കാ എന്ന പദം അർഥമാക്കുന്നത്. കത്തോലിക്കാസഭ എല്ലാ നന്മകളും സ്വീകരിക്കുന്നു. പ്രബോധനങ്ങളുടെയും വിശുദ്ധീകരണത്തിന്റെയും പൂർണതയും അതുൾക്കൊള്ളുന്നു.

എഫേസോസ് (431) കാൽസിഡൺ (451) കൗൺസിലുകളുമായി ബന്ധപ്പെട്ട പിളർപ്പുകൾക്കുശേഷം ഈ കൗൺസിലുകൾ അംഗീകരിച്ചവർ ഓർത്തഡോക്സ്-കത്തോലിക്കാസഭ എന്ന് തുടർന്നും സ്വയം വിളിച്ചു. അംഗീകരിക്കാത്തവർ മറ്റു പേരുകളിൽ അറിയപ്പെട്ടു. പിന്നീട് ഗ്രീക്കുസഭയും ലത്തീൻ സഭയും തമ്മിൽ അകന്നുകഴിഞ്ഞപ്പോൾ, കത്തോലിക്കാസഭ എന്ന് കൂടുതലായി ലത്തീൻകാരും ഓർത്തഡോക്സ് സഭ എന്ന് കൂടുതലായി ഗ്രീക്കുകാരും ഉപയോഗിച്ചു. എന്നാൽ ഈ ഇരുസഭകളും കാതലിക്കും ഓർത്തഡോക്സും ആയിരുന്നു. ഇന്നത്തെ എക്യൂമെനിക്കൽ ചർച്ചകളുടെ വെളിച്ച





ത്തിൽ, മേൽപ്പറഞ്ഞ എഫേസോസ്, കാൽസിഡൺ കൗൺസിലുകൾ തിരസ്ക്കരിച്ചവരും പദപ്രയോഗങ്ങളിലെ അന്തരം മാത്രം നിലനിർത്തി, വിശ്വാസത്തിന്റെ സാരസത്ത കാത്തുസൂക്ഷിച്ചു. അതുകൊണ്ട് അവരെയും കാതലിക് ആയി പരിഗണിക്കണം. നിഖ്യായിലെ കാതോലികം എന്ന വിശേഷണം അവരും വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നു. വിശ്വാസത്തിന്റെ സാരസത്തയിൽ അവരും കൂട്ടിച്ചേർക്കലുകൾ ഒന്നും വരുത്തിയിട്ടില്ല എന്ന ചിന്ത ഉരുത്തിരിഞ്ഞിട്ടുണ്ട്.

ക്രിസ്ത്യാനികളുടെ ഇടയിലെ പിളർപ്പ് കാതോലികതയ്ക്ക് മങ്ങലേൽപ്പിച്ചു. സഭ കാതോലികമല്ലാതായി തീർന്നില്ല. എന്നാൽ പിളർപ്പിനു മുമ്പുള്ള അവസ്ഥയിൽ ഉണ്ടായിരുന്ന ഗുണവിശേഷം അതുപോലെ പ്രസ്പഷ്ടമാക്കാൻ സഭകൾക്ക് കഴിയുന്നില്ല. ഐക്യത്തിന്റെ പൂർണതയിൽ മാത്രമേ കാതോലികത പൂർണമാകൂ.

റോമൻ കൂട്ടായ്മയിലുള്ള സഭകൾ മാത്രമാണ് കാതലിക് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പ് കത്തോലിക്കർ കരുതിയിരുന്നു. മറ്റുള്ള സഭകളിലെ അംഗങ്ങൾ അകത്തോലിക്കർ എന്നു വിളിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിൽ കത്തോലിക്കാ എന്ന പദം റോമൻ കൂട്ടായ്മയെ മാത്രം കുറിക്കുന്ന പദമായി ചുരുങ്ങി. അതുപോലെ തന്നെ ബിസന്റൈൻകാരും തങ്ങളുടെ കൂട്ടായ്മയെ കുറിക്കുന്ന പദമായി കാതലിക് എന്ന പദം ഉപയോഗിച്ചു. അസ്സീറിയൻ സഭ, മറ്റു ചില സഭകൾ തുടങ്ങിയവയും ഇപ്രകാരം ചെയ്തിരുന്നു. എന്നാൽ ഇന്ന് കാഴ്ചപ്പാടുകളിൽ വ്യത്യാസം വന്നിട്ടുണ്ട്. മിശിഹായുടെ ഏകസഭയ്ക്ക് കാതോലികം ആകാതിരിക്കാൻ കഴിയുകയില്ല. അതു മനുഷ്യവർഗത്തിന് മുഴുവനും വേണ്ടിയുള്ളതാകയാൽ, കാതലിക് തന്നെയാണ്. “നിങ്ങൾ ലോകമെങ്ങും പോയി സമസ്തസൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ” എന്നാണ് ശ്ലീഹന്മാർക്കു ലഭിച്ച കർതൃകൽപ്പന (മത്താ.28,19). “ഞാൻ ഉയർത്തപ്പെട്ടു കഴിയുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും” (യോഹ. 12,32). “ഇതാ, സർവലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന മഹാസന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു” എന്നാണല്ലോ ദൂതന്മാർ ഇടയന്മാരോട് പറഞ്ഞത് (ലൂ.2,10). മിശിഹായിൽ സ്നാനം സ്വീകരിച്ചവരെല്ലാം മിശിഹായുടെ ഏകശരീരമാണ് (1കൊറി.12,27). “അവിടുന്ന് എല്ലാവർക്കും വേണ്ടി തന്റെ ജീവൻ യാഗമായി അർപ്പിച്ചു.” സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും തന്നിൽ അവിടുന്ന് ഒന്നിച്ചുചേർക്കുന്നു (കൊളോ.1,18-20). അപ്രകാരം ഒന്നിച്ചു ചേർക്കുന്ന മിശിഹായിൽ ഒന്നുചേരുന്നവർക്കും കാതോലികമാകാതിരിക്കാൻ സാധിക്കയില്ല. എന്നാലിന്ന് മിശിഹായിൽ ഒന്നിക്കുന്നവർക്ക് പരസ്പരം ഒന്നിക്കാൻ കഴിയുന്നില്ല എന്നതാണ് പരിതാപകരമായ പാപാവസ്ഥ. മിശിഹാ എവിടെയുണ്ടോ അവിടെ കത്തോലിക്കാസഭയുണ്ട്. അവിടെ ദൈവത്തിന്റെ പൂർണതയുണ്ട് (കൊളോ.2,9; എഫേ.1,22-23).

ദൈവത്തിന്റെ സഭയുടെ മൗലിക ഗുണവിശേഷങ്ങളിൽ ഒന്നാണ് കാതോലികത. അത് സർവാശ്ലേഷിയായ ഗുണവിശേഷമാണ്. ഒന്നിച്ചുചേർന്നിരിക്കാനുള്ള പ്രവണതയും ഒന്നിച്ചു നിർത്തുന്ന ശക്തിയുമാണത്. ആ അർഥത്തിൽ അത് ചലനാത്മകമാണ്. നിശ്ചലമല്ല. സമ്പൂർണയുടെ ഐക്യമാണത്. എല്ലാറ്റിനെയും തന്നിലേക്ക് അടുപ്പിക്കുകയും ആകർഷിക്കുകയും ചെയ്യുന്ന മിശിഹായുടെ ശക്തിയാണത് (യോഹ.12,32). "ഞാനോ ഇതാ, ലോകാവസാനം വരെ എല്ലാ നാളുകളും നിങ്ങളോടു കൂടെയുണ്ട്" എന്നു പറഞ്ഞ നാഥന്റെ കാതോലികസാന്നിധ്യം, മാനുഷിക പരിധികൾക്കും പരിമിതികൾക്കും അതീതമായ ആത്മീയാർഥം, സഭയുടെ കാതോലികതയ്ക്ക് നൽകുന്നു. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു ജനമായി കത്തോലിക്കാസഭ വിളങ്ങിശോഭിക്കുന്നു" എന്ന് തിരുസഭയെ പറ്റിയുള്ള കൗൺസിൽരേഖ (4) പരാമർശിക്കുമ്പോൾ, ത്രിത്വാധിഷ്ഠിതമാണ് കാതോലികത എന്നാണ് അർഥമാക്കുന്നത്. കാതോലികത ഈ ആത്മിക സാന്നിധ്യത്തിലും ഐക്യത്തിലും അടങ്ങിയിരിക്കുന്ന ഗുണവിശേഷമാണ്. സത്യം, ആധികാരികത, പൂർണത, എന്നിവ അതിന്റെ നിറവിൽ മിശിഹായിൽ വസിക്കുന്നു. അതു തന്നെയാണ് കാതോലികത. ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മധ്യസ്ഥതാദൗത്യമാണ് മിശിഹായുടെ കാതോലികതയുടെ ഉൽക്കാമ്പ് (1തിമോ. 2,5). മനുഷ്യവർഗത്തിനു മുഴുവൻ ദൈവവുമായി ബന്ധപ്പെടാനുള്ള ഏകരക്ഷകനായ (നട.4,12) മിശിഹായാണ് മനുഷ്യകുലം മുഴുവന്റെയും ശിരസ്സ് (കൊളോ. 1,19; എഫേ. 1,22). ഈ ഏകജാതനിൽ മനുഷ്യകുലം ഒന്നിക്കണം. അവിടുന്ന് ദൈവവുമായും മനുഷ്യകുലവുമായും ബന്ധം സ്ഥാപിച്ചു. ഈ ബന്ധമാണ് മിശിഹായുടെ കാതോലികത. മിശിഹായോടുള്ള ബന്ധത്തിൽ നിന്നാണ് സഭ കാതോലികമാകുന്നത്. മിശിഹായുടെ ദൗത്യത്തിൽ പങ്കുചേരുമ്പോൾ കാതോലികതയുടെ തുടർച്ച ഉണ്ടാകുന്നു. മറിച്ചായാൽ കാതോലികതയ്ക്ക് മങ്ങലേൽക്കുന്നു. മിശിഹായുടെ ദൗത്യത്തിൽ പങ്കുചേർന്ന് ദൈവമഹത്വം നിരന്തരം പ്രഘോഷിക്കുന്നതിന് മനുഷ്യരെ കർമനിരതരാക്കുന്ന പരിശുദ്ധാത്മാവാണ് സഭയെ കാതോലികമാക്കുന്നത്. പെന്തിക്കോസ്തിയിലെ സഭ കാതോലികമായിട്ടാണ് ജന്മമെടുത്തത്. പിന്നീട് കൂട്ടിച്ചേർത്ത ഒരു ഗുണവിശേഷമല്ലത് (നട.2,5ff.).

കാതോലികത്വം ഒന്നാമതായി സഭയുടെ ആന്തരിക ഗുണവിശേഷമാണ്. എന്നാൽ ഭൂമിശാസ്ത്രപരമായ അർഥം തള്ളിക്കളയുന്നില്ല. അതുപോലെ എണ്ണത്തിനും വലിപ്പത്തിനും അതിന്റേതായ സ്ഥാനമുണ്ട്. കാരണം, ദൈവിക പരിപാലനയിലാണ് ഇത് സംഭവിച്ചിരിക്കുന്നത്. അതുപോലെ നിരവധി സംസ്കാരങ്ങളെയും ഭാഷകളെയും ജനപദങ്ങളെയും രാജ്യങ്ങളെയും ഉൾക്കൊള്ളുന്നതും കണക്കിലെടുക്കേണ്ട കാര്യമാണ്. ബാഹ്യമായി കാണുന്നവ ആന്തരികതയുടെ ബഹിർസ്ഫുരണമാണ്. ചെറിയൊരിടവകയെയും





മെത്രാന്റെ നേതൃത്വത്തിലുള്ള രൂപതയെയും പാത്രിയർക്കീസിന്റെ നേതൃത്വത്തിലുള്ള സഭയെയും റോമാ മാർപാപ്പായുടെ നേതൃത്വത്തിലുള്ള സഭയെയും കത്തോലിക്കാസഭ എന്നു വിളിക്കാം. ക്രിസ്തുവിന്റെ സഭ ഒരേസമയം പ്രാദേശികവും സാർവത്രികവുമാണ്. വിശുദ്ധ കുർബാന നൈയാമികമായി അർപ്പിക്കുന്ന സ്നേഹസമൂഹം കത്തോലിക്കാസഭയാണ്. ഓരോ ആരാധനാസമൂഹവും പൂർണമായ അർഥത്തിൽ കത്തോലിക്കാസഭയാണ്. എന്നാൽ ഈ സമൂഹം മറ്റു സമൂഹങ്ങളോട് സമ്പൂർണ കൂട്ടായ്മയിൽ കഴിയണം. കൂട്ടായ്മ പുലർത്താത്ത സമൂഹത്തിന് കാതലിക് എന്നു പറയാൻ സാധ്യമല്ല. തൻപോരിമാഭാവവും സ്വയംപര്യാപ്തതാഭാവവും പുലർത്തുന്ന സഭകൾ കാതോലിക സഭകളല്ല. ഈ സങ്കുചിതത്വവും സ്വയം മാറ്റിനിർത്തലുമാണ് സഭകളെ അകത്തോലികമാക്കുന്നത്. മറ്റുള്ളവരിലേക്ക് സുവിശേഷം എത്തിക്കാത്തവരെ പറ്റിയും ഇതുപോലെ പറയാനാവും.

ഇപ്രകാരം സമ്പൂർണകൂട്ടായ്മ പുലർത്തുന്ന സഭകളുടെ സമൂഹമാണ് കത്തോലിക്കാസഭ. കാതോലികതയെ വ്യക്തമാക്കുന്ന നിർണായക ഘടകമാണ് വി.കുർബാന. (1കൊറി. 10,16-17).കത്തോലിക്കാ സഭയുടെ കാതോലിക കർമമാണ് വി.കുർബാന. ഓരോ ആരാധനാസമൂഹത്തിലും പൂർണമായ അർഥത്തിൽ കത്തോലിക്കാസഭ സന്നിഹിതമാകുന്നു. എല്ലാ വേർതിരിവുകളെയും മറികടന്ന് യേശുമിശിഹായുടെ ശരീരരക്തങ്ങളിൽ പങ്കുകൊള്ളുമ്പോഴാണ് കാതോലികത പ്രകടമാകുന്നത്. മെത്രാനിലൂടെയാണ് കാതോലികത പ്രകടമാകുക. കുർബാനയിൽ കേന്ദ്രീകൃതമായ സമൂഹത്തിന്റെ തലവൻ എന്ന നിലയിലാണ് മെത്രാൻ ഇതു നിർവഹിക്കുക.

കാതോലികത ദൈവദാനമാണെങ്കിലും സകല മനുഷ്യരെയും സംസ്കാരങ്ങളെയും മിശിഹായിൽ ഏകശരീരമാക്കാനുള്ള യത്നം തുടരുന്നതുവഴി (സഭ.13) കാതോലികതയുടെ ദൗത്യം സഭ നിർവഹിക്കുകയത്രേ ചെയ്യുക. രക്ഷയുടെ ഏക കൂദാശ എന്ന നിലയിൽ സഭ ദൗത്യം തുടരുക തന്നെ വേണം. അതായത്, കർത്താവ് ഭരമേൽപ്പിച്ച ദൗത്യം തുടരുന്നതുവഴിയേ സഭയ്ക്ക് കാതോലികമായി തുടരാനാവൂ. പ്രസ്തുത ദൗത്യനിർവഹണം സഭയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ദൗത്യമാണ്. സമസ്ത മനുഷ്യകുലത്തിന്റെയും യോജിപ്പ് യാഥാർഥ്യവൽക്കരിക്കാത്തിടത്തോളം കാലം കാതോലികത്വം പൂർണമല്ല.

സ്വഭാവത്താലേ സഭ കാതോലികമാണ്. ക്രൈസ്തവികതയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണ് കാതോലികത. സത്യം തേടുന്നവർ, സമ്പൂർണ സത്യത്തെ ആശ്ലേഷിക്കുന്നവർ, എല്ലാവരോടും എല്ലാറ്റിനോടും തുറന്ന മനസ്ഥിതി പുലർത്തുന്നവർ, എല്ലാവരെയും ആശ്ലേഷിക്കുന്നവർ എന്നാണ് കത്തോലിക്കർ എന്നാൽ അർഥം. സഭ മനുഷ്യകുലത്തിനു വേണ്ടിയാണ് എന്ന ധർമം അനുസ്മരിക്കുന്നവരൊക്കെ കത്തോലിക്കരാണ്.

ഐക്യവും വൈവിധ്യവും നിലനിർത്തിക്കൊണ്ടാണ് സഭ കാതോലി കമായിരിക്കേണ്ടത്. ശ്ലൈഹികപാരമ്പര്യങ്ങൾ അവികലമായി കാത്തുസൂക്ഷി ക്കുകയും പിൻതലമുറയ്ക്ക് കൈമാറുകയും ചെയ്യുന്നതുവഴി സഭകൾ കാതോലികമായി നിലകൊള്ളുന്നു. മറ്റു സഭകളോടുള്ള സമ്പൂർണകൂട്ടാ യ്മ പുലർത്തിക്കൊണ്ടു മാത്രമേ പ്രാദേശികസഭകൾക്ക് കാതോലികമായി രിക്കാൻ കഴിയൂ.

റോമാസഭയുടെ വീക്ഷണത്തിൽ, പത്രോസിന്റെ പിൻഗാമിയെന്ന നില യിൽ റോമാമെത്രാനോട് കാനോനിക കൂട്ടായ്മ പുലർത്തുന്ന സഭകളാണ് പൂർണമായ അർഥത്തിൽ കത്തോലിക്കാസഭകൾ. റോമാമെത്രാനോടുള്ള കാനോനികബന്ധം ശ്ലൈഹികപാരമ്പര്യത്തിൽ പെടുന്നതായി റോമാസഭ കരുതുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഇപ്പോഴും റോമാസഭ യുമായി കാനോനിക കൂട്ടായ്മ പുലർത്താത്തതിനാൽ, അവയുടെ കാതോ ലികത്വം പൂർണമല്ല. അവയുമായി വിശ്വാസത്തിലും കൂദാശകളിലും ദൈവ സ്ഥാപിത ഹയരാർക്കിയുടെ അംഗീകാരത്തിലും കത്തോലിക്കാസഭ യോജിപ്പ് പുലർത്തുന്നു. എങ്കിലും കാനോനിക കൂട്ടായ്മ ഇല്ലാത്തതിനാൽ റോമൻ കത്തോലിക്കാസഭ കാതോലികമായിരിക്കുന്ന രീതിയിൽ ഓർത്തഡോക്സു സഭകളെ കത്തോലിക്കാസഭ എന്നു വിളിക്കുന്നില്ല. വിശ്വാസത്തിന്റെ സാര സത്ത മാറ്റം കൂടാതെ കാത്തുസൂക്ഷിക്കുന്ന സഭകളെ പറ്റിയാണ് മേൽപറഞ്ഞ വിവക്ഷ. സാരസത്തയിൽ മാറ്റം വരുത്തിയിട്ടുള്ളവർ അകത്തോലിക്കർ തന്നെ. ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവും എന്ന് ചൊല്ലു ന്നവരെല്ലാം കത്തോലിക്കരല്ല എന്നർഥം. സമ്പൂർണ കൂട്ടായ്മയ്ക്കായി യത്നി ക്കുന്നവരെല്ലാം കാതോലികത്വത്തിലേക്ക് നടന്നടുക്കുകയാണ്. ശ്ലൈഹിക പ്രബോധനത്തിൽ മായം ചേർത്ത ഗ്നോസ്റ്റിക്, ആര്യൻ ചിന്തകർ കത്തോ ലിക്കരല്ല.പാഷണ്ഡസമൂഹങ്ങളാണ്. ഈയടുത്ത കാലത്ത് ഉടലെടുത്ത വിഘടിതസമൂഹങ്ങളും അപ്രകാരം തന്നെ. ക്രിസ്തുവിന്റെ സഭയുടെ അനേകം അടിസ്ഥാനഘടകങ്ങൾ അവർക്ക് നഷ്ടപ്പെട്ടു. ശ്ലീഹന്മാർ കൈമാ റിത്തന്ന രക്ഷാകരസന്ദേശത്തിന്റെ ചില സംഗതികൾ മാത്രം അവർ മുറു കെപ്പിടിച്ചു. അവരും പൂർണതയിലേക്ക് നടന്നടുത്ത് കാതോലികമാകേണ്ട താണ്.

“ക്രൈസ്തവരുടെ ഇടയിലെ പിളർപ്പു നിമിത്തം സഭയ്ക്ക് കാതോലി കതയെ അതിന്റെ എല്ലാ അർഥത്തിലും വ്യക്തമാക്കാൻ സാധിക്കുന്നില്ല” എന്ന് സഭൈക്യത്തെക്കുറിച്ചുള്ള കൗൺസിൽ ഡിക്രി(4) ചൂണ്ടിക്കാട്ടുന്നു. കർത്താവു നൽകിയ ദാനങ്ങളെ നിഷ്പ്രഭമാക്കാനും അപൂർണമായി അവ തരിപ്പിക്കാനും മാനുഷികബലഹീനതകളും പിളർപ്പുകളും ഹേതുവായി. സമ്പൂർണകൂട്ടായ്മ കണ്ടെത്തി കാതോലികത പൂർണമാക്കാൻ ഓരോ ക്രൈസ്തവനും ഓരോ സഭയും യത്നിക്കണം. അതുപോലെ രക്ഷയുടെ





സദ്വാർത്ത കടന്നു ചെന്നിട്ടില്ലാത്ത ഇടങ്ങളിലൊക്കെ ഈ സന്ദേശം എത്തി ച്ചും കാതോലികത പൂർണമാക്കേണ്ടതുണ്ട്. തങ്ങൾ പഠിപ്പിക്കുന്നവ ശ്ലൈ ഹിക പ്രബോധനം തന്നെയാണോ, അതോ ഏതെങ്കിലും കാലത്ത് ഏതി ലെങ്കിലും വ്യതിചലിച്ചു പോയിട്ടുണ്ടോ എന്നും സഭകൾ ആരായേണ്ടതുണ്ട്. അഥവാ, ചില സത്യങ്ങൾ ഗൗരവമായി പരിഗണിക്കപ്പെടാതെയും വിസ്മരി ക്കപ്പെട്ട് വേണ്ടത്ര ഊന്നൽ കൊടുക്കാതെയും ചില സഭകളിൽ കണ്ടേ ക്കാം. വിശ്വാസത്തിന്റെ സാരസത്തയിൽ അന്തരമില്ലാത്തിടത്ത്, അവതരണ രീതികളിലുള്ള വൈവിധ്യം നൈയാമികാവതരണമായി അംഗീകരിക്കാനും കാതോലികത്വം എന്ന ദാനം നമ്മോടാവശ്യപ്പെടുന്നു. സമ്പൂർണ കൂട്ടാ യ്മയ്ക്ക് തടസ്സം നിൽക്കുന്ന മുൻവിധികൾ, അവതരണരീതികൾ, പ്രായോഗിക ഭരണപരപ്രശ്നങ്ങൾ, ചരിത്രസംഭവങ്ങൾ എന്നിവ പരിശോ ധനാവിധേയമാക്കിയെങ്കിലേ സമ്പൂർണമായ കാനോനികൈക്യം കൈവരൂ; കാതോലികത്വം പ്രസ്പഷ്ടമാക്കാനാകൂ. സഭയുടെ കാതോലികത്വം എന്ന യാഥാർഥ്യം ഉൾക്കൊള്ളുന്ന സത്യങ്ങൾ ജീവിതസ്പർശിയാക്കാൻ എല്ലാ സഭകളും സഭാംഗങ്ങളും നിരന്തരം പരിശ്രമിക്കേണ്ടതുണ്ട്.

# 3
# മലങ്കര സുറിയാനി സഭ കത്തോലിക്കാസഭ ആയിരുന്നു

ഭാരതത്തിൽ സുവിശേഷവെളിച്ചമെത്തിച്ചത് മാർതോമാ ശ്ലീഹായാണ് എന്നതാണ് മലങ്കരനസ്രാണികളുടെ സജീവപാരമ്പര്യം. ലോകം മുഴുവനും പോയി സുവിശേഷപ്രഘോഷണം നടത്തിയ വിശുദ്ധ ശ്ലീഹന്മാരെല്ലാവരും നമ്മുടെ കർത്താവിന്റെ ഏകസഭയ്ക്കാണ് അടിസ്ഥാനമിട്ടത്. ആ സഭാസമൂഹത്തിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിളിച്ചത് അന്ത്യോക്യയിൽ വച്ചാണ് (നട.11,26). അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്യോസാണ് (+117) ക്രിസ്തുവിന്റെ സഭയെ ആദ്യമായി കത്തോലിക്കാ സഭയെന്നു വിളിച്ചത്. എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന, വിശുദ്ധിക്കുള്ള എല്ലാ മാർഗങ്ങളുമുള്ള സഭ എന്ന അർഥമാണ് കത്തോലിക്കാസഭ എന്ന വാക്കിനുള്ളത്. വിശുദ്ധ ശ്ലീഹന്മാർക്ക് കർത്താവിന്റെ ഈ സഭയെപ്പറ്റിയല്ലാതെ മറ്റൊരു സഭയെപ്പറ്റി അറിവില്ലായിരുന്നു. ശ്ലീഹന്മാർ സ്ഥാപിച്ച ഈ സഭയ്ക്ക് മാത്രമേ കത്തോലിക്കാസഭ എന്ന പേര് ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് മാർതോമാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ച ക്രൈസ്തവസഭ കത്തോലിക്കാസഭ തന്നെയായിരുന്നു. ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായിരുന്നു ഇവിടുത്തെ സഭ.

ശ്ലീഹന്മാരുടെ കാലത്തോ, ആറാം നൂറ്റാണ്ടുവരെയോ യാക്കോബായാ സഭ ഇല്ലായിരുന്നു എന്നത് ചരിത്രം അറിയാവുന്നവർക്കെല്ലാം സുവ്യക്തമാണല്ലോ. അപ്പോൾ, മലങ്കരയിൽ മാർ തോമ്മാശ്ലീഹാ സ്ഥാപിച്ചത് യാക്കോബായാ സഭയല്ല. എന്നാൽ മാർതോമാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയിൽ പെട്ട കുറേപ്പേർ ഈ സഭയിൽ നിന്ന് പിൽക്കാലത്ത് പിളർന്നുമാറി യാക്കോബായക്കാരായി തീർന്നു. കാലാന്തരത്തിൽ പുത്തൻകൂറ്റുകാരായിത്തീർന്ന മാർതോമാനസ്രാണികളെല്ലാം ഈ മൂല കത്തോലിക്കാസഭയിൽ നിന്ന്





കാലാകാലങ്ങളിൽ പിളർന്നുമാറിയവരാണ്. അവരുടെയെല്ലാം മൂലക്രൈസ്തവസഭ കത്തോലിക്കാസഭ തന്നെയാണ്.

ഈ മലങ്കര സഭയുടെ പിൽക്കാലബന്ധങ്ങളെല്ലാം അടുത്തു കിടന്ന പേർഷ്യയിലെ സഭയുമായിട്ടായിരുന്നു. പേർഷ്യൻ സഭാനേതാക്കന്മാരുടെ എഴുത്തുകളിൽ ഈ സഭയെപ്പറ്റി പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ അപ്പസ്തോലികസഭ ആ സഭയുടെയോ മറ്റേതെങ്കിലും സഭയുടേയോ ഭാഗമായിരുന്നില്ല. "ഈ സഭയെപ്പറ്റി മറ്റുള്ളവർ തികച്ചും അജ്ഞരായിരുന്നു, നാം ഒറ്റപ്പെട്ട സമൂഹമായിരുന്നു" എന്നു കരുതുന്നത് ശരിയല്ല. കാരണം, "റോമാ സിംഹാസനത്തിൽ വാണരുളുന്നവൻ വിദൂരസ്ഥമായ ഇൻഡ്യയിലുള്ളവൻ തന്റെ അവയവമാണെന്ന് മനസ്സിലാക്കുന്നു" എന്ന് വിശുദ്ധ ജോൺ ക്രിസൊസ്തോം (+407) പറയണമെങ്കിൽ, ഈ സഭ അറിയപ്പെട്ട സഭയായിരുന്നു എന്നത്രേ.

ഏഴാം നൂറ്റാണ്ടുമുതൽ ഏതാണ്ട് പതിനാറാം നൂറ്റാണ്ടുവരെയുള്ള ചരിത്രം അവ്യക്തമാണ്. ചരിത്രരേഖകളുടെ അഭാവം വ്യക്തമായ ചരിത്രരചനയ്ക്ക് തടസ്സം നിൽക്കുന്നു. പോർട്ടുഗീസുകാർ ഇവിടെ എത്തിയപ്പോൾ ഇവിടെയുണ്ടായിരുന്ന ആരാധനക്രമങ്ങളെല്ലാം പേർഷ്യയിലെ പൗരസ്ത്യ സുറിയാനിസഭയുടെ (കൽദായ സഭയുടെ) ക്രമങ്ങളായിരുന്നു. ഇപ്പോൾ യാക്കോബായക്കാരും മറ്റും ഉപയോഗിക്കുന്ന അന്ത്യോക്യൻ ക്രമം അല്ലായിരുന്നു. ഇവിടെ അന്നുണ്ടായിരുന്ന മെത്രാന്മാർ പേർഷ്യൻ കൽദായ സഭയിൽ നിന്നുള്ളവരായിരുന്നു. പൗരസ്ത്യസുറിയാനിയിൽ (കൽദായ സുറിയാനിയിൽ) ആയിരുന്നു ഇവിടുത്തെ ആരാധനക്രമങ്ങൾ. എന്നാൽ മാർതോമാശ്ലീഹായുടെ കാലം മുതൽ പോർട്ടുഗീസുകാലം വരെ നാട്ടുകാരാരും മെത്രാന്മാരായില്ല എന്നു പറയാൻ സാധ്യമല്ല. എപ്പോഴും ഇവിടുത്തെ മെത്രാന്മാരെല്ലാം പേർഷ്യയിൽ നിന്നുള്ളവരായിരുന്നു എന്നും പറയാൻ സാധ്യമല്ല. അതായത്, റോമൻ, അന്ത്യോക്യൻ, പേർഷ്യൻ സഭകളെപ്പോലെയുള്ള സഭയായിരുന്നു മാർ തോമാശ്ലീഹായുടെ മലങ്കരസഭ.

പേർഷ്യൻസഭയെ യാക്കോബായക്കാരും മറ്റുള്ളവരും തെറ്റിദ്ധരിച്ച് നെസ്തോറിയൻസഭ എന്നു വിളിച്ചിരുന്നു. എന്നാൽ പേർഷ്യൻസഭയിൽ നെസ്തോറിയൻ പാഷണ്ഡത ഇല്ലായിരുന്നു എന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. റോമൻ കത്തോലിക്കാസഭ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പേർഷ്യൻസഭയുമായി ബന്ധപ്പെട്ടിരുന്ന മലങ്കരസഭ നെസ്തോറിയനാണെന്ന് പോർട്ടുഗീസ് മിഷനറിമാർ പാശ്ചാത്യലോകത്ത് പ്രചരിപ്പിച്ചു. 1599-ലെ ഉദയംപേരൂർ സൂനഹദോസിലൂടെ മലങ്കര നസ്രാണികളെ നെസ്തോറിയൻ പാഷണ്ഡതയിൽ നിന്ന് വിമുക്തരാക്കി, കത്തോലിക്കരാക്കി എന്ന് പാശ്ചാത്യർ പ്രചരിപ്പിച്ചു. ഈ നുണപ്രചരണത്തിന്റെ സ്വാധീനം ഇപ്പോഴും പല പാശ്ചാത്യ സർക്കിളുകളിലും നിലനിൽക്കുന്നു.

പോർട്ടുഗീസുകാർ മലങ്കരസഭയെ കീഴടക്കിയ കാലയളവിൽ ഇവിടെയുണ്ടായിരുന്ന മാർ യാക്കോബ്, മാർ യൗസേപ്പ്, മാർ അബ്രഹാം എന്നീ പേർഷ്യൻ കൽദായ മെത്രാന്മാർ കത്തോലിക്കരായിരുന്നു. മാർ യാക്കോബിനെപ്പറ്റി വിശുദ്ധ ഫ്രാൻസിസ് സേവ്യർ വളരെ പ്രകീർത്തിച്ച് പാശ്ചാത്യ ലോകത്തേക്ക് എഴുതിയിട്ടുണ്ട്. മാർ യൗസേപ്പ് പേർഷ്യൻ കൽദായ കത്തോലിക്കാസഭയിലെ മെത്രാനായിരുന്ന ജോൺ സൂലാക്കായുടെ സഹോദരനായിരുന്നു. മാർ അബ്രഹാമിന്റെ കത്തോലിക്കാവിശ്വാസം സംബന്ധിച്ച് അസന്നിഗ്ധമായ തെളിവുകളുണ്ട്. തങ്ങളുടെ വിശ്വാസം തന്നെയാണ് പോർട്ടുഗീസുകാരുടെയും എന്നു മനസ്സിലാക്കിയാണ് മലങ്കരനസ്രാണികൾ പോർട്ടുഗീസുകാരെ തങ്ങളുടെ പള്ളികളിൽ കയറ്റിയതും അവരുമായി കൂദാശാപരമായി സംസർഗം പുലർത്തിയതും. ഇതിൽനിന്ന് മനസ്സിലാക്കാവുന്ന സംഗതി മലങ്കരസഭ പോർട്ടുഗീസുകാരുടെ ആഗമനകാലത്ത് കത്തോലിക്കാസഭയായിരുന്നു എന്നത്രേ.

പോർട്ടുഗീസുകാരെ സംബന്ധിച്ച് അവർ പരിചയിച്ചിരുന്ന ലത്തീൻ രീതികളും ലത്തീൻ ദൈവശാസ്ത്രചിന്തകളും അനുഷ്ഠാനങ്ങളും മാത്രമായിരുന്നു സത്യവിശ്വാസം. ഐക്യം എന്നാൽ ഐകരൂപ്യമെന്നായിരുന്നു അർഥം. അക്കാലത്തെ പാശ്ചാത്യമനോഭാവം ലത്തീൻസഭയിലേക്കുള്ള ലയനത്തിനും ഐകരൂപ്യത്തിനും ഊന്നൽ നൽകുന്നതായിരുന്നു. സുറിയാനി ഭാഷ എല്ലാ പാഷണ്ഡതകളുടെയും ശീശ്മകളുടെയും ഉറവിടമായി അവർ ദർശിച്ചു. അതുകൊണ്ട് അവർക്ക് വൈദേശികമായിരുന്ന മലങ്കരസുറിയാനി സഭയെ "കത്തോലിക്കാസഭയാക്കാൻ", അതായത് ലത്തീൻ സഭയുടെ ഭാഗമാക്കി ലത്തീൻസഭയിൽ ലയിപ്പിക്കാനാണ് അവർ ശ്രമിച്ചത്. അതിനാണ് അവർ ഉദയംപേരൂർ സൂനഹദോസ് 1599-ൽ നിർബന്ധപൂർവം വിളിച്ചുകൂട്ടിയത്. ട്രെന്റ് കൗൺസിലിന്റെ ഡിക്രികളുടെ വെളിച്ചത്തിലാണ് അവർ ഉദയംപേരൂർ സിനഡിന്റെ ഡിക്രികൾ രൂപീകരിച്ചത്.

ഉദയംപേരൂർ സിനഡുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചാൽ അന്നത്തെ മലങ്കരനസ്രാണികളുടെ സഭ കത്തോലിക്കാസഭയായിരുന്നു എന്ന് വ്യക്തമാണ്. എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിനിധികളെ ക്ഷണിക്കുന്നതു മുതൽ നടന്ന സംഗതികളെല്ലാം ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആ സിനഡിൽ ഉദ്ധരിച്ചിരിക്കുന്ന ഗ്രന്ഥങ്ങളെല്ലാം തന്നെ കൽദായ സുറിയാനിസഭയിലെ എഴുത്തുകാരുടെ ഗ്രന്ഥങ്ങളാണ്. അവിടെ പരാമർശിച്ചിരിക്കുന്ന കുർബാന കൽദായ സുറിയാനി കുർബാനയാണ്, അന്ത്യോക്യൻ കുർബാനയല്ല. അവിടെ ഉപയോഗിച്ചിരിക്കുന്നത് പൗരസ്ത്യസുറിയാനി ഭാഷയാണ്, യാക്കോബായക്കാരും മറ്റും ഉപയോഗിക്കുന്ന പാശ്ചാത്യ സുറിയാനിഭാഷയല്ല. യാക്കോബായാസഭയുമായി ബന്ധപ്പെട്ട യാതൊന്നിനെപ്പ





റ്റിയും ഉദയംപേരൂർ സിനഡിൽ പരാമർശിച്ചിട്ടില്ല. ഇനിയും ചില തെളിവുകൾ പരിശോധിക്കാം.

### 1. *ദൈവാലയസന്ദർശനങ്ങൾ*

ഉദയംപേരൂർ സൂനഹദോസിനു മുമ്പ് മെനെസിസ് മെത്രാപ്പോലീത്താ ഒട്ടനേകം നസ്രാണി ദൈവാലയങ്ങൾ സന്ദർശിച്ചു. പറവൂർ, ആലങ്ങാട്, ചൊവ്വര, കാഞ്ഞൂർ, പുറക്കാട്, കായംകുളം, കുണ്ടറ, കരുനാഗപ്പള്ളി, വെണ്മണി, കൊച്ചി, മുളന്തുരുത്തി, ഉദയംപേരൂർ, തൃപ്പൂണിത്തുറ ആദിയായ പള്ളികൾ സന്ദർശിച്ചു. പ്രസ്തുത ദൈവാലയങ്ങളിലെല്ലാം പരസ്യമായി വിശുദ്ധ കുർബാന അർപ്പിച്ചു. ഈ ദൈവാലയങ്ങൾ അകത്തോലിക്കാപള്ളികളായിരുന്നെങ്കിൽ, ജനങ്ങൾ അകത്തോലിക്കർ ആയിരുന്നെങ്കിൽ, ഇപ്രകാരം പരക്കെ സന്ദർശനം നടത്താൻ സാധിക്കുമായിരുന്നില്ല.

### 2. *വൈദികാഭിഷേകം*

കൊടുങ്ങല്ലൂർ വച്ച് അഞ്ചു ശെമ്മാശ്ശന്മാർക്കും ഉദയംപേരൂർ വച്ച് മുപ്പത്തിയെട്ട് ശെമ്മാശ്ശന്മാർക്കും കടുത്തുരുത്തിയിൽ വച്ച് കുറേപ്പേർക്കും പറവൂർ വച്ച് അമ്പതുപേർക്കും സൂനഹദോസിനുമുമ്പ് മെനേസിസ് വൈദികപട്ടം നൽകി. പ്രസ്തുത ശെമ്മാശ്ശന്മാരും അവരുടെ കുടുംബങ്ങളും അകത്തോലിക്കർ ആയിരുന്നെങ്കിൽ, ഒരു കത്തോലിക്കാ മെത്രാനിൽ നിന്ന് പട്ടം സ്വീകരിക്കാൻ അവർ സന്നദ്ധത പ്രകടിപ്പിക്കുമോ? അതുപോലെ അകത്തോലിക്കാ ഇടവകയിലോ, രൂപതയിലോ കയറി വൈദികരെ അഭിഷേചിക്കാൻ ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ സന്നദ്ധനാകുമോ? ആകയാൽ പ്രസ്തുത ദൈവാലയങ്ങൾ കത്തോലിക്കാ ദൈവാലയങ്ങളും വൈദികരും ജനങ്ങളും കത്തോലിക്കരും ആയിരുന്നു എന്നു സിദ്ധിക്കുന്നു.

### 3. *മഹറോൻ ഭീഷണി*

മെനെസിസ് മെത്രാപ്പോലീത്താ പള്ളികൾ സന്ദർശിച്ച അവസരം സുറിയാനി സഭാചാരങ്ങളെയും മെത്രാന്മാരെയും പിതാക്കന്മാരെയും താറടിച്ചും അധിക്ഷേപിച്ചും പ്രസംഗിച്ചു. ഇതിൽ ജനങ്ങൾ കുപിതരായി. എതിർക്കുന്നവരെ മഹറോൻ ചൊല്ലുമെന്ന് മെനെസിസ് ഭീഷണിപ്പെടുത്തി. പ്രസ്തുത ജനങ്ങൾ കത്തോലിക്കർ അല്ലായിരുന്നെങ്കിൽ, അവരെ മഹറോൻ ചൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നതിൽ സാംഗത്യമില്ലല്ലോ.

### 4. *മെനെസിസിന്റെ സർക്കുലർ*

ഉദയംപേരൂർ വച്ച് ഒരു സഭാസിനഡ് വിളിച്ചുകൂട്ടാൻ പോകുന്നു എന്നറിയിച്ചുകൊണ്ട് 1599 മെയ് 14-ന് ചേന്നമംഗലത്തു നിന്ന് മെനെസിസ് എല്ലാ പള്ളികൾക്കും കൽപ്പന അയച്ചു. " ദിവ്യമായ അനുസരണത്തിന്റെ അവകാശത്തോടും ലംഘനത്തിൽ മഹറോൻശിക്ഷ വിധിച്ചുകൊണ്ടും നാം

ആജ്ഞാപിക്കുന്നു: ഈ രൂപതയിലെ അർക്കദിയാക്കോനും സകല വൈദികരും നമ്മോടൊന്നിച്ച് രൂപതാസംബന്ധമായ ഒരു സൂനഹദോസ് കൂടുന്നതിനായി ഉദയംപേരൂർ നഗരത്തിൽ സന്നിഹിതരാകേണ്ടതാകുന്നു.... അതേ തത്വത്തിലും അതേ ശിക്ഷയിലും നാം ആജ്ഞാപിക്കുന്നു: ഈ രൂപതയിലെ സകല നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള സകല ക്രിസ്ത്യാനികളും അവരുടെ ഇടയിൽ അത്യധികം ബഹുമാന്യരായ നാലുപേരെ ഓരോ ഇടവകയിൽനിന്നും തെരഞ്ഞെടുത്ത് സൂനഹദോസിന് അയക്കേണ്ടതാകുന്നു."

ഈ കത്തിൽ മെനെസിസ് അകത്തോലിക്കരെയല്ല, കത്തോലിക്കരെയാണ് അഭിസംബോധന ചെയ്യുന്നത്. ദിവ്യമായ അനുസരണം അകത്തോലിക്കരോട് ഒരു കത്തോലിക്കാ മെത്രാന് ആവശ്യപ്പെടാമോ? കത്തോലിക്കരുടെ മഹറോനെ കത്തോലിക്കർ അല്ലാത്തവർ എന്തിനു ഭയപ്പെടണം? ഇവിടുത്തെ ജനങ്ങൾ കത്തോലിക്കർ ആയതിനാലത്രേ കത്തോലിക്കാ മെത്രാനെ അവർ ശ്രവിച്ചത്; അദ്ദേഹം ഉരുക്കുമുഷ്ടി പ്രയോഗിക്കാൻ മുതിർന്നത്.

## 5. *ജനപ്രതിനിധികളുടെ ആഗമനം*

മെനെസിസിന്റെ കൽപ്പന അനുസരിച്ച് വിവിധ ഇടങ്ങളിലുള്ള മലങ്കര നസ്രാണി പള്ളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായി 153 പട്ടക്കാരും 660 ജനപ്രതിനിധികളും വ്യക്തിപരമായ സ്ഥാനം പരിഗണിച്ച് ക്ഷണിക്കപ്പെട്ടവരായി 11 പേരും (മൊത്തം 671 പേർ) ഉദയംപേരൂർ എത്തി. ഒരാഴ്ച നീണ്ടുനിന്ന സിനഡ് നടന്നു. മലങ്കര നസ്രാണികൾ കത്തോലിക്കർ അല്ലായിരുന്നെങ്കിൽ, ഒരു കത്തോലിക്കാ മെത്രാപ്പോലീത്തായുടെ കൽപ്പന കിട്ടിയ ഉടനെ പ്രതിനിധികളെ തെരഞ്ഞെടുത്തയക്കാൻ സന്നദ്ധത പ്രദർശിപ്പിക്കുമോ? ഏഴു ദിവസം സിനഡിൽ സംബന്ധിക്കുമോ? ആകയാൽ അവരെല്ലാം കത്തോലിക്കർ ആയിരുന്നു എന്ന് സ്പഷ്ടമത്രേ.

## 6. *സൂനഹദോസിന്റെ ഡിക്രി*

സൂനഹദോസിന്റെ വിജയത്തിനായി ആഘോഷമായ പൊന്തിഫിക്കൽ കുർബാന നടന്നു. എല്ലാവരും കുമ്പസാരിച്ച് കുർബാന സ്വീകരിക്കണമെന്നും വൈദികർ രണ്ടു കുർബാന അർപ്പിക്കണമെന്നും ദിവസവും മാതാവിന്റെ ലുത്തിനിയാ ചൊല്ലണമെന്നും മെനെസിസ് നിർദേശിച്ചു. അതുപോലെ സിനഡ് അവസാനിക്കാതെ ആരും ഉദയംപേരൂർ വിട്ടുപോകരുതെന്നും മറിച്ചു ചെയ്താൽ മഹറോനിൽ ഉൾപ്പെടുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. രഹസ്യചർച്ചകൾ നടത്തുന്നതും മഹറോൻശിക്ഷ കൽപിച്ചുകൊണ്ട് അദ്ദേഹം നിരോധിച്ചു. പ്രഥമദിവസം തന്നെയാണ് ഇപ്രകാരം പാസ്സാക്കപ്പെട്ടത്. അവിടെ കൂടിയിരുന്ന സുറിയാനിക്കാരായ വൈദികരും ജനങ്ങളുമെല്ലാം മെനെസിസിനേപ്പോലെ കത്തോലിക്കർ ആയിരുന്നു എന്നല്ലേ ഇത് തെളിയിക്കുന്നത്?-കത്തോലിക്കർ അല്ലാത്തവരോട് കുർബാന അർപ്പിക്കണമെന്നും ലുത്തിനിയാ ചൊല്ലണമെന്നും കുമ്പസാരിക്കണമെന്നും ഒരു കത്തോലിക്കാ മെത്രാന് മഹറോന്റെ കീഴിൽ എങ്ങനെ സൂനഹദോസ് ഡിക്രിമൂലം കൽപ്പിക്കാനാകും?





## *മൂന്നു ലത്തീൻകത്തോലിക്കാ മെത്രാന്മാർ*

ഉദയംപേരൂർ സൂനഹദോസിനുശേഷം മലങ്കര നസ്രാണികളെ ഭരിച്ചത് ലത്തീൻ മെത്രാന്മാരാണ്. അവർ ജസ്വിട്ട് സന്ന്യാസ സമൂഹത്തിൽ പെട്ടവരായിരുന്നു. അങ്ങനെ നസ്രാണികളെല്ലാം പോർട്ടുഗീസ് പദ്രവാദോ ഭരണത്തിലൂടെ നേരിട്ട് മാർപാപ്പായുടെ ഭരണത്തിൻ കീഴിലായി. ഈ സംവിധാനത്തിനുമുമ്പ് അവർ കത്തോലിക്കർ ആയിരുന്നെങ്കിലും "റോമൻ കത്തോലിക്കർ", അതായത് മാർപാപ്പായുടെ നേരിട്ടുള്ള ഭരണസംവിധാനത്തിൻ കീഴിൽ, അല്ലായിരുന്നു. അങ്ങനെ ഇൻഡ്യയിൽ അന്നുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികളെല്ലാം, അതായത് സമസ്ത മലങ്കര മാർതോമാ നസ്രാണികളും നേരിട്ട് മാർപാപ്പായുടെ ഭരണത്തിൻ കീഴിൽ 1600 മുതൽ 1653 വരെ കഴിഞ്ഞു. ഇത് ഒരു ചരിത്രസത്യമാണ്. എന്നാൽ എക്യുമേനിക്കൽ മീറ്റിംഗുകളിലൊന്നും ഈ സത്യം ആരും തുറന്നു പറയുന്നില്ല. ഇപ്പോഴത്തെ ഓർത്തഡോക്സുകാർ, യാക്കോബായക്കാർ, മാർതോമാക്കാർ, മധ്യകേരള സി.എസ്.ഐ.യിലെ മുഖ്യവിഭാഗം, സിറോ-മലബാർ സഭക്കാർ, ത്രിശൂരെ സൂറിയാകൾ, മലങ്കര കത്തോലിക്കർ, തൊഴിയൂർ സഭക്കാർ എന്നീ സഭാവിഭാഗങ്ങളെല്ലാം ഏകസഭയായി ലത്തീൻ ഭരണത്തിൻ കീഴിൽ ഏതാണ്ട് അരനൂറ്റാണ്ട് കഴിഞ്ഞു. അക്കാലത്ത് മലങ്കരനസ്രാണികൾ കത്തോലിക്കർ മാത്രമല്ല, ലത്തീൻ ഭരണത്തിൽ പദ്രവാദോയുടെ കീഴിൽ റോമൻ കത്തോലിക്കർ കൂടിയായി. ഫ്രാൻസിസ് റോസ്, സ്റ്റീഫൻ ബ്രിട്ടോ, ഫ്രാൻസിസ് ഗാർസ്യാ എന്നീ ലത്തീൻ ജസ്വിട്ട് മെത്രാന്മാരായിരുന്നു ഇക്കാലയളവിൽ മലങ്കരനസ്രാണികളെ ഭരിച്ചത്. ഇക്കാലത്ത് അവർ കത്തോലിക്കർ അല്ലായിരുന്നു എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ?

പോർട്ടുഗീസുകാരുടെ വരവോടുകൂടി മലങ്കരസഭയ്ക്ക് സമ്പർക്കതലത്തിൽ റോമാസഭയോട് അടുത്ത ബന്ധം സ്ഥാപിക്കാൻ അവസരം വന്നു. അതൊരു നേട്ടം തന്നെയാണ്. എന്നാൽ അത് കീഴ്പ്പെടുത്തലിനും മേൽക്കോയ്മയ്ക്കുമായി മിഷണറിമാർ ഉപയോഗിച്ചു. ഈ സഭയുടെ സ്വാതന്ത്ര്യം ഇല്ലാതാക്കി.

## കൂനൻകുരിശുസത്യം

കൂനൻകുരിശുസത്യത്തോടുകൂടി മലങ്കരനസ്രാണികൾ കത്തോലിക്കർ അല്ലാതായി തീർന്നില്ല. എന്നാൽ അത് കാലക്രമത്തിൽ കാതോലികത്വത്തിൽ നിന്ന് വഴുതിമാറാൻ ഇടയാക്കി എന്നു പറയാം. കൂനൻകുരിശുസത്യത്തിൽ അന്നത്തെ മലങ്കരനസ്രാണികളുടെ പ്രതിനിധികളെല്ലാം പങ്കെടുത്തു. 1600 മുതൽ മലങ്കരസഭാഭരണം കൈയടക്കിയ ജസ്വിട്ട് മിഷണറി മെത്രാന്മാർക്ക് എതിരായിട്ടായിരുന്നു കൂനൻകുരിശുസത്യം എന്നത് സമകാലീനരേഖകളും

പിൽക്കാല രേഖകളും സാക്ഷിക്കുന്നു. കൊളോണിയലിസത്തിനും അനീതിക്കും സുവിശേഷവിരുദ്ധ നടപടികൾക്കും എതിരായിട്ടായിരുന്നു അത്.

## 1. *ഗീവർഗീസ് ആർച്ചുഡീക്കന്റെ കത്തുകൾ*

ലത്തീൻ റീത്തുകാരായ ജസ്വിട്ട് മെത്രാന്മാരുടെ ഭരണത്തിൽ നിന്ന് ഒഴിയുക, സുറിയാനി മെത്രാന്മാരെ സഭാധ്യക്ഷന്മാരായി ലഭിക്കുക എന്നതായിരുന്നു ഉദയംപേരൂർ സിനഡിനു ശേഷം മലങ്കര നസ്രാണികളുടെ ലക്ഷ്യമെന്ന് 1606, 1608, 1624, 1628/9, 1632 എന്നീ വർഷങ്ങളിൽ ഗീവർഗീസ് ആർച്ചുഡീക്കൻ പോർട്ടുഗലിലേക്കും റോമിലേക്കും അയച്ച കത്തുകൾ തെളിയിക്കുന്നു. അല്ലാതെ കത്തോലിക്കാ വിശ്വാസത്തോടും റോമാസിംഹാസനത്തോടും അവർക്ക് വിപ്രതിപത്തി ഉണ്ടായിരുന്നില്ല. ജസ്വിട്ട് മെത്രാന്മാരുടെ ഭരണത്തിൽ നിന്നു തങ്ങളെ ഒഴിവാക്കണമെന്ന് മാത്രമായിരുന്നു അവരുടെ അപേക്ഷ.

## 2. *മാർ അഹത്തള്ളാ മെത്രാൻ*

മാർപാപ്പായുടെ കൽപ്പനപ്രകാരം വന്നയാളാണ് എന്ന ചിന്തയാലാണ് മാർ അഹത്തള്ളായെ സ്വീകരിക്കാൻ മലങ്കരക്കാർ തയാറായത്. അദ്ദേഹം കത്തോലിക്കനായിരുന്നു. കത്തോലിക്കനായിട്ടാണ് പാരീസിൽ വച്ച് മരിച്ചതും. എന്നാൽ മാർപാപ്പായിൽ നിന്നോ പാത്രിയർക്കീസിൽ നിന്നോ ഉള്ള ശരിയായ നിയമനപത്രം കാണിക്കാൻ അഹത്തള്ളായ്ക്ക് കഴിഞ്ഞില്ല. തന്നെയുമല്ല അഹത്തള്ളായെ പരിശുദ്ധസിംഹാസനത്തിൽ നിന്ന് അയച്ചിട്ടില്ലെന്ന് ഏഴാം അലക്സാണ്ടർ പാപ്പാ ഒരു കത്തിലൂടെ കേരളക്രൈസ്തവർക്ക് എഴുതുകയുണ്ടായി. നിയമവിരുദ്ധമായ പ്രവേശനംവഴി ശീശ്മക്കാരനായെങ്കിലും വിശ്വാസവിഷയങ്ങളിൽ അദ്ദേഹം കത്തോലിക്കൻ ആയിരുന്നു. മാർപാപ്പായുടെ കത്തിൽ അദ്ദേഹത്തെ പാഷണ്ഡി അഥവാ അബദ്ധോപദേശകൻ എന്നല്ല ശീശ്മക്കാരൻ എന്നേ വിളിച്ചിട്ടുള്ളു. 1657-ൽ റോമിൽ നിന്നു വന്ന കർമലീത്താ സന്ന്യാസിയായ സെബസ്ത്യാനി നടത്തിയ വിചാരണയിൽ സുറിയാനിക്കാരുടെ നടപടികളെപ്പറ്റി കൊച്ചി കത്തീഡ്രൽ ചാപ്ലിൻ റവ. ഡോമിനുസ് നൽകിയ വിവരത്തിൽ ഇപ്രകാരം പറയുന്നു: "പാത്രിയർക്കീസിനെ വിട്ടുതരണമെന്ന് അവരെല്ലാവരും ആവശ്യപ്പെട്ടു. അദ്ദേഹം മാർപാപ്പായുടെ കൽപ്പനപ്രകാരം വന്നതല്ലെന്നു തെളിഞ്ഞാൽ കടലിൽ മുക്കിക്കൊല്ലുമെന്നു വേണ്ടപ്പെട്ട അധികൃതരെ അറിയിക്കാനും അവർ മടിച്ചില്ല."

## 3. *പോർട്ടുഗീസ് കപ്പിത്താന്റെ പേർക്കയച്ച കത്ത്*

അഹത്തള്ളായെ പോർട്ടുഗീസുകാർ കടലിൽ മുക്കിക്കൊന്നു എന്ന കിംവദന്തി പരന്നപ്പോൾ അർക്കദിയാക്കോൻ പോർട്ടുഗീസ് കപ്പിത്താന് എഴുതി: "അഹത്തള്ളായെ തിരികെ കൊണ്ടുവരണം. എന്നാൽ അതിനു





സാധ്യമല്ലെങ്കിൽ ജസ്വിട്ടരൊഴിച്ച് മറ്റാരെങ്കിലും മാർപാപ്പായുടെ കൽപ്പനയാൽ വരാൻ ഇടപാടു ചെയ്യണം. പൗളിസ്ത്യരാൽ (ജസ്വിട്ടരാൽ) കൊല്ലപ്പെടുക മൂലം പാത്രിയർക്കീസിനെ ഹാജരാക്കാൻ സാധ്യമല്ലെങ്കിൽ, മറ്റാരെങ്കിലും മാർപാപ്പായുടെ കൽപ്പനപ്രകാരം ഇവിടെ വരട്ടെ. സുറിയാനി ഭാഷാജ്ഞാനവും ഞങ്ങളെ പഠിപ്പിക്കാനും സഹായിക്കാനും കഴിവുമുള്ള ഒരാളായിരിക്കണം. എന്നാൽ പൗളിസ്ത്യർ വേണ്ട. അവരെ ഞങ്ങൾ ഒട്ടും ആഗ്രഹിക്കുന്നില്ല. കാരണം, അവർ ഞങ്ങളുടെയും പരിശുദ്ധ മാതാവായ റോമാസഭയുടെയും ശത്രുക്കളാകുന്നു. ഇവരൊഴികെ മറ്റാരെങ്കിലും വരട്ടെ. യാതൊരാശങ്കയും കൂടാതെ അവരെ അനുസരിക്കാൻ ഞങ്ങൾ തയാറാണ്."- കൂനൻകുരിശുസത്യം ചെയ്ത ഉടനെ ഇപ്രകാരമൊരു കത്ത് മലങ്കരനസ്രാണികൾ കൊടുത്തയക്കണമെങ്കിൽ, നിശ്ചയമായും മാർപാപ്പായോടോ കത്തോലിക്കാസഭയോടോ യാതൊരു വിദ്വേഷവും അവർക്കില്ലായിരുന്നെന്നും അവർക്കുണ്ടായിരുന്ന ഏകവിദ്വേഷം ജസ്വിട്ടരോടു മാത്രമായിരുന്നെന്നും സ്പഷ്ടമാണ്.

## 4. *ആലങ്ങാട്ടെ വിളംബരം*

കൂനൻകുരിശു സത്യത്തിനുശേഷം ആലങ്ങാട്ടു വച്ച് നസ്രാണികൾ ഒരു യോഗം കൂടി. അവിടെ വച്ച് പാസ്സാക്കിയ യോഗനിശ്ചയത്തിന്റെ ഒരു ഭാഗം താഴെച്ചേർക്കുന്നു: "തോമാശ്ലീഹായുടെ കബറിടത്തിലേക്ക് പോയിരുന്ന നമ്മുടെ ആളുകൾ പാത്രിയർക്കീസിനെ കണ്ട് ഒരെഴുത്തും അധികാരപത്രവും സ്വീകരിച്ച് നമ്മുടെ പക്കൽ കൊണ്ടുവരികയും അവയ്ക്കനുസരണം നാം ഭരിക്കപ്പെടുകയും ചെയ്യുന്നതിനാലും, മാർപാപ്പായുടെയും വിശുദ്ധ മാതാവായ റോമാസഭയുടെയും കൽപ്പനയാലെ വന്ന പാത്രിയർക്കീസിന്റെ കൽപ്പനയും നിശ്ചയവുമനുസരിച്ച് നാം ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചിരിക്കുന്നതിനാലും നമുക്ക് ഈ മെത്രാപ്പോലീത്തായോടുകൂടെ നിൽക്കുക തന്നെ ചെയ്യാം... ആകയാൽ ഇവിടെ കൂടിയിരിക്കുന്ന നാം നിശ്ചയിക്കുന്നതെന്തെന്നാൽ, അവർ (ജസ്വിട്ടർ) മാർപാപ്പായുടെയും വിശുദ്ധ മാതാവായ റോമാസഭയുടെയും ശത്രുക്കൾ ആയിരിക്കുന്നതുകൊണ്ട്, പാത്രിയർക്കീസിനെ നമ്മുടെ കണ്ണുകൊണ്ട് കാണുന്നതുവരെ നാം അവരുടെ സ്നേഹത്തിൽ ഇരിക്കേണ്ടതില്ല. ആ സന്ന്യാസസമൂഹത്തിലെ മെത്രാപ്പോലീത്തായുടെ കൽപ്പനയെ നാം ശ്രദ്ധിക്കേണ്ടതുമില്ല."

ഇങ്ങനെ ഒരു വിളംബരം ചെയ്തവർ റോമാ മാർപാപ്പായ്ക്ക് എതിരെയാണ് സത്യം ചെയ്തതെന്ന് എങ്ങനെ പറയാൻ സാധിക്കും? പൗളിസ്ത്യരായ പറങ്കികളോടു മാത്രമായിരുന്നു അവർക്ക് എതിർപ്പ് എന്ന് ഈ വിളംബരവും വ്യക്തമാക്കുന്നു.

## 5. *കപ്പിത്താന്റെ കത്ത്*

കൂനൻകുരിശുസത്യത്തെപ്പറ്റി പോർട്ടുഗീസ് കപ്പിത്താൻ ഗോവയിലെ

വൈസ്രോയിക്കയച്ച കത്തിൽ ഇപ്രകാരം കാണുന്നു: "തങ്ങളുടെ അധ്യക്ഷനായി ഗാർസ്യാ മെത്രാപ്പോലീത്തായെയോ ഈശോസഭക്കാരിൽ ആരെയെങ്കിലുമോ സ്വീകരിക്കയില്ലെന്ന് അവർ സത്യം ചെയ്തു."

### 6. *മാർ ഏലിയാസ് പാത്രിയർക്കീസിന് ആർച്ചുഡീക്കൻ അയച്ച കത്ത്*

ആർച്ചുഡീക്കൻ 1659-ൽ നിനിവയിലെ ഏലിയാസ് എന്ന കത്തോലിക്കാ പാത്രിയർക്കീസിന് ഒരു കത്തെഴുതി. തങ്ങളെ ഭരിക്കാൻ മെത്രാന്മാരെയും തങ്ങൾക്ക് ഉപയോഗിക്കാൻ ആരാധനക്രമപുസ്തകങ്ങളും ആവശ്യപ്പെട്ടുകൊണ്ടാണ് എഴുതിയിരിക്കുന്നത്. അഹത്തള്ളായെപ്പറ്റിയും ഇവിടെ നടന്ന സംഭവവികാസങ്ങളെപ്പറ്റിയും അതിൽ വിവരിക്കുന്നു. ഈ പാത്രിയർക്കീസു തന്നെയാണ് അഹത്തള്ളായെ അയച്ചതെന്നും ഇക്കാര്യം അദ്ദേഹത്തിന് ബോധ്യമാണെന്നും ആർച്ചുഡീക്കന് വിശ്വാസം ഇല്ലായിരുന്നെങ്കിൽ, ഇങ്ങനെ സൂചിപ്പിക്കുകയില്ലല്ലോ! "നിനിവെയിലെ ശ്രേഷ്ഠസിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കോസ് ഏലിയായ്ക്ക് നമ്മുടെ കർത്താവീശോമിശിഹായുടെ സമാധാനം...ദൈവമാതാവായ വാഴ്ത്തപ്പെട്ട കന്യകാമറിയത്തിന്റെയും മാർതോമാശ്ലീഹായുടെയും കൃപയാൽ തന്നെ."

### 7. *മത്തായി എന്ന മലങ്കരവൈദികന്റെ സാക്ഷ്യം*

"സുറിയാനിക്കാർക്ക് ഭവിച്ച ഭവിതങ്ങൾ" എന്ന പേരിൽ മത്തായി കശ്ശീശാ ഒരു ചരിത്രം 18-ാം നൂറ്റാണ്ടിൽ എഴുതിയിട്ടുണ്ട്. പോർട്ടുഗീസ് മേധാവിത്വത്തിനെതിരായിട്ടാണ് കൂനൻകുരിശുസത്യം നടന്നതെന്ന് പ്രസ്തുത കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു: "ഇനിമുതൽ എന്നോളം ഞങ്ങൾ പറങ്കികളോട് യോജിക്കുന്നതല്ല. ഞങ്ങളുടെ സന്തതികൾ അവരുടെ സന്തതികളോടും യോജിക്കുന്നതല്ല. ഈ വാക്കുകൾ ഓലയിൽ എഴുതി."

### 8. *അഞ്ചാം മാർതോമായുടെ പുനരൈക്യാപേക്ഷ*

അഞ്ചാം മാർതോമാ (1728–1765) ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പായ്ക്ക് 1748 ആഗസ്റ്റ് 16-ന് ഒരു കത്തയച്ചു. സഭൈക്യമായിരുന്നു വിഷയം. അന്നുവരെ ഇവിടെയുണ്ടായ സംഭവവികാസങ്ങൾ അദ്ദേഹം ചുരുക്കി വിവരിക്കുന്നു: "പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ ഐക്യവും യോജിപ്പും മേലിൽ ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് ഞങ്ങൾ സത്യം ചെയ്തു. അതിനുശേഷം 1653-ൽ ഞങ്ങൾ അർക്കദിയാക്കോനെ മെത്രാപ്പോലീത്താ ആക്കുകയും അന്നു റോമാസിംഹാസനത്തിൽ ഭരിച്ചിരുന്ന അലക്സാണ്ടർ ഏഴാമൻ മാർപാപ്പായ്ക്ക് ഞങ്ങളുടെ കഷ്ടപ്പാടുകളെ കുറിച്ച് കത്തെഴുതുകയും ചെയ്തു." - കൂനൻ കുരിശുസത്യം പോർട്ടുഗീസുകാർക്കും ജസ്വിട്ടർക്കും എതിരായിരുന്നു എന്നത്രേ അഞ്ചാം മാർതോമാ പറയുന്നത്.





### 9. *ആറാം മാർതോമായുടെ പുനരൈക്യപരിശ്രമം*

മലങ്കരയിലെ ഇരുവിഭാഗങ്ങളെയും യോജിപ്പിക്കുന്നതിന് വലിയ മാർ ദിവന്നാസ്യോസ് എന്നറിയപ്പെട്ട ആറാം മാർതോമാ (1761–1808) പല പരിശ്രമങ്ങൾ നടത്തി. കൂനൻകുരിശുസത്യം പോർട്ടുഗീസുകാർക്കും ജസ്വിട്ടർക്കും എതിരായിരുന്നു എന്നത്രേ. അദ്ദേഹം എഴുതിയ കത്തുകളിലെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്.

(1) കൊച്ചി വികാരി അപ്പസ്തോലിക്കാ ഫ്രാൻസിസ് സാലസിന് 1775-ൽ അയച്ച കത്തിൽ നിന്ന്: "മലങ്കരയുള്ള നസ്രാണികൾ എല്ലാവരും മട്ടാഞ്ചേരിയിൽ കൂടി പൗളിസ്ത്യരെ കണ്ടനുസരിച്ച് അവരുടെ കീഴ് ഇരിക്കയില്ലെന്ന് സത്യംചെയ്ത് ഉറപ്പിച്ചതിന്റെ ശേഷം എല്ലാവരും ആലങ്ങാട്ടു കൂടി, മാർപാപ്പായുടെ നാമത്തിൽ ഒപ്പിട്ടു കണ്ട ഒരു കള്ളസാധനത്തിന്റെ ശക്തിയാൽ പന്ത്രണ്ടു പട്ടക്കാരുകൂടി അർക്കദിയാക്കോനെ മെത്രാനായി തെരഞ്ഞെടുത്തു വാഴിച്ചു."

(2) ആറാം പീയൂസ് മാർപാപ്പായ്ക്ക് 1778 മാർച്ച് 12-ന് നിരണം പള്ളിയിൽ നിന്നയച്ച കത്ത്: "പോർട്ടുഗീസുകാർ ഞങ്ങളുടെ ജനങ്ങളുടെ നേർക്ക് അഴിച്ചുവിട്ട കൊടിയ മർദനങ്ങളും ഈശോസഭാംഗമായ മോൺ. ഫ്രാൻസിസ് ഗാർസിയാ ഞങ്ങളുടെ പൂർവപിതാക്കന്മാരോട് പ്രദർശിപ്പിച്ച നിന്ദയും നിമിത്തം എല്ലാവരും ശക്തിമത്തായ എതിർപ്പോടുകൂടെ 1653-ൽ കൊച്ചിരാജ്യത്തിലുള്ള മട്ടാഞ്ചേരി പള്ളിയിൽ സമ്മേളിച്ച് പോർട്ടുഗീസ് വർഗത്തോടുള്ള വിധേയത്വത്തിൽനിന്ന് പിൻമാറുകയാണെന്ന് ഏകയോഗമായി ധീരതയോടെ സത്യം ചെയ്തു...ഇതു മാത്രമല്ല, പ്രസിദ്ധനായ ഇട്ടിത്തൊമ്മൻ കത്തനാർ ഏഴാം അലക്സാണ്ടർ മാർപാപ്പായുടെ പിൻഗാമിയുടെ നാമത്തിൽ ഒരു വ്യാജക്കത്തെഴുതി. തോമാ അർക്കദിയാക്കോനെ മെത്രാൻസ്ഥാനത്തേക്ക് ഉയർത്താൻ പന്ത്രണ്ട് പുരോഹിതരെ മാർപാപ്പാ അനുവദിക്കുന്നു എന്നായിരുന്നു എഴുത്തിന്റെ ചുരുക്കം."

(3) ആറാം മാർതോമാ 1799 ജൂൺ 11-ന് ആലപ്പുഴ മാർ സ്ലീബാപള്ളിയിൽ വച്ച് (തത്തംപള്ളിയിൽ വച്ച്) തന്റെ സഭൈക്യാവസരം എഴുതിവച്ച പടിയോലയിൽ നിന്ന്: "മലങ്കര എടവകക്കാർ എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി സമ്പാളൂർക്കാരെ ജാതിയ യജമാനന്മാരായി കൈക്കൊള്ളുകയില്ലെന്ന് സത്യം ചെയ്തു."- ഈ രേഖകൾ സൂചിപ്പിക്കുന്നത് കൂനൻകുരിശുസത്യം പോർട്ടുഗീസ് മേധാവിത്വത്തിന് എതിരായിട്ടാണ് എന്നത്രേ.

### 10. *എട്ടാം മാർതോമായുടെ കത്ത്*

മലങ്കരസഭയെ സംബന്ധിച്ച് 1812-ൽ മദ്രാസ് ഗവർമെന്റധികാരികൾ എട്ടാം മാർതോമായോട് ഏതാനും കാര്യങ്ങൾ എഴുതി ചോദിക്കുകയുണ്ടായി.

എട്ടാം മാർതോമാ ഉടനെ അവയ്ക്ക് മറുപടി നൽകി. അതിൽ നാലാം ചോദ്യത്തിന്റെ മറുപടി ഇപ്രകാരമാണ്: "അർക്കദിയാക്കോനും പള്ളിക്കാരും കൂടെ മട്ടാഞ്ചേരിപള്ളിയിൽ കൂടി ഇനി മേലാൽ സന്തതികാലം വരെയും പറങ്കികളെ അനുസരിക്കരുതെന്ന് സ്ലീബാ പിടിച്ച് സത്യം ചെയ്തു."-കൂനൻകുരിശു സത്യം പറങ്കികൾക്കെതിരെ ആയിരുന്നു എന്നാണല്ലോ ഈ രേഖയും തെളിയിക്കുന്നത്.

### *11. മുളന്തുരുത്തി സൂനഹദോസിന്റെ പടിയോല (1876)*

അതിൽ ഇപ്രകാരം കാണുന്നു: "ഞങ്ങൾ കൊച്ചി മട്ടാഞ്ചേരിയിൽ കൂട്ടം കൂടി മേലാൽ പറുങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്ന് സത്യം ചെയ്തു പിരിയുകയും ചെയ്തു."- പോർട്ടുഗീസുകാർക്കെതിരെ മാത്രമായിരുന്നു കൂനൻകുരിശുസത്യം എന്നല്ലയോ ഈ രേഖയും തെളിയിക്കുന്നത്.

ഈ തെളിവുകളെല്ലാം ഒരു യാഥാർഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു: മാർ തോമാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ ഏകവും വിശുദ്ധവും കാതോലികവുമായ സഭയായിരുന്നു. 1498-ൽ കേരളത്തിൽ എത്തിയ പോർട്ടുഗീസുകാർ മാർതോമാക്രിസ്ത്യാനികളുമായി അടുത്തിടപെട്ടു. കൂദാശകളിൽ പങ്കുകൊണ്ടു. വിശ്വാസപരമായ കാര്യങ്ങളിൽ ഇരുകൂട്ടരും ഒരന്തരവും കണ്ടില്ല. ഇൻഡ്യയിൽ വന്നിട്ട് ആദ്യത്തെ അമ്പതു കൊല്ലക്കാലത്തേക്ക് പോർട്ടുഗീസുകാർക്ക് നാട്ടുകാരായ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടായിരുന്നു എന്നതിന് തെളിവില്ല.

മാർതോമാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസത്തെ സംശയിച്ചുകൊണ്ടുള്ള ഒരൊറ്റ പ്രസ്താവന പോലും വി. ഫ്രാൻസിസ് സേവ്യറാകട്ടെ ആദ്യകാല രേഖകളാകട്ടെ നൽകിയിട്ടില്ല. വിശ്വാസത്തിലും ഭക്തിയിലും സഭാജീവിതത്തിലും ഉന്നതനിലവാരം പുലർത്തിയിരുന്ന ഒരു സഭയെയാണ് മിഷണറിമാർ ദർശിച്ചത്. പോർട്ടുഗീസ് മിഷണറിമാർ സെമിനരി സ്ഥാപിച്ചതും പോർട്ടുഗീസുകാരുടെ കീഴിൽ വൈദികപരിശീലനത്തിനായി മാർതോമാ ക്രിസ്ത്യാനികൾ വിദ്യാർഥികളെ അയച്ചതും തങ്ങൾ ഒരേ വിശ്വാസത്തിലും ഐക്യത്തിലും കഴിയുന്നവരാണ് എന്നുള്ള ആഴമാർന്ന ബോധ്യത്തിൽ നിന്നു മാത്രമാണ്.

കാലക്രമത്തിൽ സഭയെ തങ്ങളുടെ ആധിപത്യത്തിൻ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴാണ് പോർട്ടുഗീസുകാർ ഇവിടെ "നെസ്തോറിയനിസം കണ്ടെത്തിയത്". എന്നാൽ പോർട്ടുഗീസുകാരുടെ കൂടെ ഉണ്ടായിരുന്ന ചിലരുടെ പ്രസ്താവനകൾ തന്നെ നെസ്തോറിയനിസവാദത്തെ ഖണ്ഡിക്കുന്നു. എങ്കിലും നാം അനുസ്മരിക്കേണ്ട ഒരു കാര്യമുണ്ട്. പോർട്ടുഗീസ് ആധിപത്യം വരെ (1599) നസ്രാണിസമുദായം ലത്തീൻ ആയിരുന്നില്ല. ലത്തീൻ





സഭയുടെ ഭാഗമായിരുന്നില്ല. ഇപ്പോഴും നസ്രാണികളാരും ലത്തീൻ റീത്തിൽ പെട്ടവരല്ല. ഇവിടുത്തെ സിറോ-മലബാർ സഭയും മലങ്കര കത്തോലിക്കാ സഭയും ലത്തീൻസഭയുടെ ഭാഗമല്ല. എന്നാൽ അജ്ഞത കൊണ്ടോ മുൻവിധികൊണ്ടോ ചില ചരിത്രകാരന്മാർ, എല്ലാ കത്തോലിക്കരെയും റോമൻ കത്തോലിക്കർ എന്നു വിളിക്കുന്നു. ഇൻഡ്യയിലെ പൗരസ്ത്യകത്തോലിക്കരെ ലത്തീൻ റീത്തിൽ ലയിപ്പിച്ച് "റോമൻ കത്തോലിക്കർ" ആക്കാനാണ് മിഷണറിമാർ പരിശ്രമിച്ചത്. അതിന് അവർ സമ്മതിച്ചില്ല. അതിനാണ് കൂനൻകുരിശുസത്യം ചെയ്തത്.

അതുപോലെ പാശ്ചാത്യർ വരുന്നതുവരെ ഇവിടുത്തെ സഭയ്ക്ക് റോമാ സഭയുമായി സമ്പർക്കതലത്തിൽ വ്യാപകമായ ബന്ധമുണ്ടായിരുന്നില്ല. എന്നാൽ പേർഷ്യയിൽ നിന്നു ഭാരതത്തിൽ കൊണ്ടുവന്നിരുന്ന പുസ്തകങ്ങളിൽ മാർപാപ്പായ്ക്ക് സാർവത്രിക സഭയിലുള്ള പ്രത്യേകപദവി അംഗീകരിച്ചിരിക്കുന്നത് വ്യക്തമായി കാണാം. പാശ്ചാത്യലോകവുമായി ബന്ധമില്ലാതിരുന്നെങ്കിലും, പേർഷ്യയിൽ നിന്നു കൊണ്ടുവന്നിരുന്ന ഗ്രന്ഥങ്ങളിൽ ചില തെറ്റുകൾ ഉണ്ടായിരുന്നെങ്കിലും, ഈ സഭ ശ്ലൈഹികവും കാതോലികവുമായ സത്യവിശ്വാസം കാത്തുസൂക്ഷിക്കാൻ എന്നും ശ്രദ്ധിച്ചു. ഈ നൂറ്റാണ്ടിൽ പല പ്രാവശ്യം റോമാമാർപാപ്പാമാർ ഈ സംഗതി എടുത്തു പറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ മലങ്കരനസ്രാണികളെ സംബന്ധിച്ച് തങ്ങളുടെ സഭ ക്രിസ്തുവിന്റെ സഭയായിരുന്നു. റോമാസഭയെപ്പോലെയും മറ്റു സഭകളെപ്പോലെയും തങ്ങൾ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയാണെന്ന് അവർ കണക്കാക്കിയിരുന്നു. തങ്ങൾ നെസ്തോറിയൻ പാഷണ്ഡികളാണെന്ന് നസ്രാണികൾ ഒരിക്കലും അംഗീകരിച്ചിരുന്നില്ല, ഇന്നും അംഗീകരിക്കുന്നില്ല.

### *ചിന്താഗതിയിലുള്ള മാറ്റം*

പോർട്ടുഗീസ് മിഷണറിമാർക്കും ഗാർസ്യാ ബിഷപ്പിനും എതിരെയാണ് സമൂഹം മുഴുവൻ കൂനൻകുരിശുസത്യം നടത്തിയതെന്ന് നൂറ്റാണ്ടുകളായി ചിന്തിച്ചുകൊണ്ടിരുന്ന ജനതതിയുടെ ചിന്താധാര എങ്ങനെ മാറിമറിഞ്ഞു എന്നു കൂടി ചിന്തിക്കുന്നത് നന്നായിരിക്കും. തോമാ ആർച്ചുഡീക്കനെ അനുഗമിക്കുന്ന വിഭാഗമെന്നും (പുത്തൻകൂറ്റുകാരെന്നും) ചാണ്ടിമെത്രാനെ അനുഗമിക്കുന്ന വിഭാഗമെന്നും (പഴയകൂറ്റുകാരെന്നും) മലങ്കരനസ്രാണിസമൂഹം രണ്ടായി പിളർന്നശേഷവും ഇരുവിഭാഗവും ബിഷപ്പ് റോസ് ലത്തീനികരിച്ച കൽദായക്രമങ്ങളാണ് പൗരസ്ത്യസുറിയാനി ഭാഷയിൽ ആരാധനയ്ക്ക് ദീർഘനാൾ ഉപയോഗിച്ചുകൊണ്ടിരുന്നത്. കേണൽ മൺഡ്രോയുടെ കാലം വരെയും (1818) ഇരുകൂട്ടരും പൊതുവായി ഉപയോഗിച്ചുകൊണ്ടിരുന്ന പല

പള്ളികളും നസ്രാണികൾക്ക് ഉണ്ടായിരുന്നു. അതുപോലെ നൂറ്റാണ്ടുകളായി ഉപയോഗിച്ചുകൊണ്ടിരുന്ന കൽദായ സുറിയാനിഭാഷ (പൗരസ്ത്യ സുറിയാനി) തന്നെയാണ് ഇരുവിഭാഗങ്ങളും തുടർന്നും ഉപയോഗിച്ചത്. 1600 മുതൽ 1653 വരെ ലത്തീൻ മെത്രാന്മാരുടെ കീഴിൽ കഴിഞ്ഞ കാലത്ത് സഭയിൽ നടപ്പിലിരുന്ന പല അനുഷ്ഠാനങ്ങളും പുത്തൻകൂറ്റിൽ 1836-ലും നടപ്പിലിരുന്നു എന്ന് രേഖകൾ തെളിയിക്കുന്നു.

1653-ൽ അന്ത്യോക്യൻ യാക്കോബായാസഭയ്ക്കോ, യാക്കോബായാ പാത്രിയർക്കീസിനോ മലങ്കരസഭയിൽ യാതൊരധികാരവും ഇല്ലായിരുന്നു. അവരുടെ പാശ്ചാത്യ സുറിയാനിഭാഷ ഇവിടെ പ്രയോഗത്തിലുമില്ലായിരുന്നു. 1665-ൽ ഇവിടെ വന്ന ഗ്രിഗോറിയോസ് എന്ന യാക്കോബായാ മെത്രാനെപ്പറ്റിയും അദ്ദേഹം അർപ്പിച്ച കുർബാനയെപ്പറ്റിയും ജനങ്ങളുടെ പ്രതികരണത്തെപ്പറ്റിയും അന്ന് അമ്പഴക്കാട്ട് പാർത്തിരുന്ന ദെ അസേവദോ എന്ന ജസ്വിട്ട് വൈദികൻ ബരാദസ് എന്ന ജസ്വിട്ട് വൈദികന് 1666 ജൂലൈ 28-ന് അയച്ച കത്തിൽ നിന്ന് ഒരുഭാഗം ഉദ്ധരിക്കാം. റോമിലെ ജസ്വിട്ട് ആർക്കൈവ്സിലാണ് ഇപ്പോൾ ആ കത്ത്.

"ആർച്ചുഡീക്കൻ പറവൂരിൽ അനുഗാമികളെ വിളിച്ചുകൂട്ടി ഒരു യോഗം നടത്തി. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കൽപ്പന അവിടെ വായിക്കപ്പെട്ടില്ല. ഇട്ടിത്തൊമ്മൻ കത്തനാർ സുറിയാനിയിൽ ഏതോ ഒരെഴുത്തു വായിച്ചു. അത് അയാൾ തന്നെ എഴുതിയതായിരുന്നു....എങ്കിലും ആർച്ചുഡീക്കന്റെ ഭാഗത്തു നിന്നവർക്ക് പെട്ടെന്ന് അതൃപ്തിയുണ്ടായി. മെത്രാൻ ചൊല്ലിയ കുർബാനരീതി കണ്ടപ്പോൾ എല്ലാവർക്കും ഇടർച്ചയുണ്ടായി. വിശേഷവസ്ത്രങ്ങളൊന്നും അദ്ദേഹം ധരിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ കുർബാന ക്രമം തങ്ങളുടെ പട്ടക്കാരുടെയോ, ജസ്വിട്ട് പാതിരിമാരുടെയോ കുർബാന ക്രമങ്ങൾ പോലെ അല്ലായിരുന്നു. പതിനഞ്ചുമിനിറ്റുകൊണ്ട് കുർബാന തീരുകയും ചെയ്തു. കുർബാന ചൊല്ലുന്നതിലുള്ള വ്യത്യാസം സംബന്ധിച്ച് ജനങ്ങളുടെ ഇടയിലെ സംസാരം വർധിച്ചു. തന്നിമിത്തം ഉണ്ടാകാവുന്ന ദുഷ്ഫലങ്ങൾ ഭയന്ന് ഇവിടെ പരിചിതമായ തിരുവസ്ത്രങ്ങളും ക്രമവും ഉപയോഗിക്കാൻ മെത്രാനെ ആർച്ചുഡീക്കൻ പ്രേരിപ്പിച്ചു...".

എന്നാൽ 1815 –1836 കാലയളവിൽ ഉണ്ടായ ആംഗ്ലിക്കൻ പ്രോട്ടസ്റ്റന്റ് സ്വാധീനം തടയാൻ പുത്തൻകൂർ സമുദായം അന്ത്യോക്യയോട് അടുത്തു തുടങ്ങി. 1665 മുതൽ അന്നുവരെ അന്ത്യോക്യൻ യാക്കോബായാ മെത്രാന്മാർ ഇടയ്ക്കിടെ ഇവിടെ വന്നിരുന്നെങ്കിലും, അവരൊന്നും അധികാരപ്രയോഗത്തിന് മുതിർന്നില്ല. ആംഗ്ലിക്കൻ സ്വാധീനം വർധിച്ച് സമുദായത്തിൽ വിഭിന്നചിന്താധാരകൾ വളർന്നുവന്നപ്പോൾ അവരെ നിയന്ത്രിക്കാൻ സഭാനേതൃത്വം അന്ത്യോക്യൻ യാക്കോബായാസഭയോട് അടുത്തു. 1825-ൽ ഇവിടെയെത്തിയ അത്തനാസ്യോസ് എന്ന യാക്കോബായാ മെത്രാൻ, ചേപ്പാട്ടു മാർ ദിവന്നാസ്യോസിനെതിരെ പ്രവർത്തിക്കുകയും ചേപ്പാട്ട് മെത്രാച്ചൻ പട്ടം





കൊടുത്ത പലർക്കും വീണ്ടും പട്ടം നൽകുകയും ചെയ്തു. 1842-ൽ മാത്തൻ ശെമ്മാശ്ശൻ പശ്ചിമേഷ്യയിൽ പോയി പാത്രിയർക്കീസിൽ നിന്ന് നേരിട്ട് മെത്രാൻപട്ടം സ്വീകരിച്ച് മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരെടുത്തപ്പോൾ, അന്ത്യോക്യൻ മേധാവിത്വത്തിന് അടിത്തറയിട്ടു. അന്നു മുതൽ അന്ത്യോക്യക്കാർ മലങ്കരസഭമേൽ പിടിമുറുക്കാൻ തുടങ്ങി. പാത്രിയർക്കീസിന് വിധേയത്വം പ്രഖ്യാപിച്ചാണല്ലോ മാത്യൂസ് മാർ അത്തനാസ്യോസ് മർദീനിൽ വച്ച് മെത്രാനായത്. അതിനു മുമ്പ് ഒരു മലങ്കരക്കാരനും അന്ത്യോക്യാപാത്രിയർക്കീസിൽ നിന്ന് നേരിട്ട് പട്ടമേറ്റിരുന്നില്ല.

ചേപ്പാട്ട് മാർ ദിവന്നാസ്യോസിന്റെ കാലത്ത് 1846-ൽ പശ്ചിമേഷ്യയിൽ നിന്നുവന്ന ഒരു കൂറില്ലോസ് മെത്രാന്റെ വരവോടുകൂടിയാണ് അന്ത്യോക്യൻ ആരാധനക്രമങ്ങൾ പുത്തൻകൂറ്റുകാർ ഉപയോഗിച്ചു തുടങ്ങിയത്. അപ്പോഴും അത് വ്യാപകമായില്ല. കൽദായ സുറിയാനിയും പാടേ മാറ്റിയില്ല. ചേപ്പാട്ട് മാർ ദിവന്നാസ്യോസ്, മാത്യൂസ് മാർ അത്തനാസ്യോസിനെ പരാജയപ്പെടുത്താൻ വേണ്ടി, പശ്ചിമേഷ്യയിൽ നിന്നു വന്ന മാർ കൂറിലോസിനെ സഭാഭരണം ഏൽപ്പിച്ചപ്പോൾ അന്ത്യോക്യൻ മേധാവിത്വം നടപ്പാക്കാൻ കൂടുതൽ അവസരമുണ്ടായി.

1876-ലെ മുളന്തുരുത്തി സൂനഹദോസോടു കൂടി പത്രോസ് പാത്രിയർക്കീസാണ് കൽദായ ആരാധനാരീതികൾ നിശ്ശേഷം മാറ്റി അന്ത്യോക്യൻക്രമം നടപ്പാക്കി, പുത്തൻകൂറ്റുകാരുടെ സഭയെ അന്ത്യോക്യൻ സഭയുടെ ഭാഗമാക്കിയത്. കൽദായസുറിയാനിഭാഷ തന്നെ നീക്കിയിട്ട് പാശ്ചാത്യസുറിയാനിഭാഷ നടപ്പിലാക്കിയതും മുളന്തുരുത്തി സൂനഹദോസിലാണ്. പോർട്ടുഗീസ് മിഷണറിമാരോടുള്ള പിണക്കം റോമാ മാർപാപ്പായോടുള്ള എതിർപ്പായി മാറ്റിയെടുക്കാൻ അന്ത്യോക്യയിൽ നിന്ന് വന്ന മെത്രാന്മാർ പരമാവധി പരിശ്രമിച്ചു.

അതുപോലെ തന്നെ പഴയകൂറ്റുകാരെ 1886 വരെ ഭരിച്ച മിഷണറിമെത്രാന്മാർ പുത്തൻകൂറ്റുകാരിൽ നിന്ന് പഴയകൂറ്റുകാരെ കഴിയുന്നത്ര അകറ്റാൻ പരിശ്രമിച്ചു. സമുദായം രണ്ടായി പിളർന്നപ്പോഴും ആളുകൾ തമ്മിൽ അകന്നില്ല. എന്നാൽ കാലക്രമത്തിൽ യാക്കോബായാസ്വാധീനം വർധിച്ച് പുത്തൻകൂറ്റുകാർ യാക്കോബായക്കാർ ആയിത്തീർന്നപ്പോൾ, പഴയകൂറ്റുകാരെ കഴിയുന്നതും യാക്കോബായക്കാരിൽ നിന്ന് അകറ്റാൻ ശ്രമിച്ചു. ഇങ്ങനെ ഇരുവിഭാഗത്തിലും അകൽച്ചയ്ക്കുള്ള ശക്തമായ പ്രേരണയുണ്ടായി.

മാത്യൂസ് മാർ അത്തനാസ്യോസിനെ എതിർത്ത പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും പശ്ചിമേഷ്യയിൽ പോയി പാത്രിയർക്കീസിൽ നിന്ന് നേരിട്ട് പട്ടമേറ്റു. തുടർന്നുള്ള അധികാര വടംവലിയ്ക്കിടയിൽ പാത്രിയർക്കീസ് മുളന്തുരുത്തി സൂനഹദോസോടുകൂടി ഇവിടെ അധികാരമുറപ്പിച്ചു. നവീക

രണ യാക്കോബായക്കാരുമായുള്ള നിയമയുദ്ധം ജയിക്കാൻ പുലിക്കോട്ടിൽ തിരുമേനി അന്ത്യോക്യയോട് കൂടുതൽ അടുത്തു. വട്ടശ്ശേരിൽ തിരുമേനിയും പശ്ചിമേഷ്യയിൽ പോയി മെത്രാനായി. ഇവിടെ യാതൊരധികാരവുമില്ലാതിരുന്ന പാത്രിയർക്കീസിന് ആത്മികവും ലൗകികവുമായ സമസ്താധികാരങ്ങളും ഉണ്ടെന്ന ഉടമ്പടിപത്രിക എഴുതിക്കൊടുക്കാൻ വരെ പുത്തൻകൂറ്റുകാരിൽ ഒരുവിഭാഗം തയാറായി, ബാവാക്കക്ഷി അഥവാ കൂറില്ലോസ് കക്ഷിയായി മാറി. അതിനു വിസമ്മതിച്ച വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് മുടക്കി. തുടർന്ന് മെത്രാൻ കക്ഷിയെന്നും ബാവാക്കക്ഷിയെന്നും പുത്തൻകൂർ സമുദായം വീണ്ടും പിളർന്നു. ഈ പിളർപ്പിനിടയിലും നേട്ടമുണ്ടാക്കിയത് അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസാണ്. അങ്ങനെ പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടു കൂടിയാണ് പുത്തൻകൂർ സമുദായം യാക്കോബായാ ആയിത്തീർന്നത്.

പിന്നെപ്പിന്നെ വന്ന നേതൃത്വങ്ങളിൽ പലതും റോമാവിരോധം ശക്തിയായി പുത്തൻകൂറ്റുകാരിൽ കുത്തിവച്ച് സമുദായത്തെ തെറ്റിദ്ധരിപ്പിച്ചു. കൂനൻകുരിശുസത്യം റോമാ മാർപാപ്പായ്ക്ക് എതിരാണെന്നുള്ള തെറ്റായ ചരിത്രവ്യാഖ്യാനം അവർ ജനഹൃദയങ്ങളിൽ രൂഢമൂലമാക്കി. നോവൽ സമാനം ചരിത്രമെഴുതിയ പലരും ഈ തെറ്റായ വിവരം പ്രചരിപ്പിച്ചു. ബഥനിയുടെ മാർ ഈവാനിയയോസ് പിതാവ് 1930-ൽ കത്തോലിക്കാസഭയുമായി സമ്പൂർണകൂട്ടായ്മ പുനഃസ്ഥാപിച്ചപ്പോൾ, റോമാവിരോധം വർധമാനമായി. ഇവയൊക്കെ ചരിത്രം വളച്ചൊടിച്ച് അവതരിപ്പിക്കാൻ പലർക്കും പ്രേരണ നൽകി. തദ്ഫലമായി ഇന്നു നാം കാണുന്ന രീതിയിൽ കൂനൻകുരിശുസത്യം റോമാസഭയ്ക്ക് എതിരായി അവതരിപ്പിക്കപ്പെടുന്നു.

### *ആധുനികപശ്ചാത്തലം*

കാലം പാടേ മാറി. കാലത്തിന്റെ കുത്തൊഴുക്കിൽ അനേകം നാശനഷ്ടങ്ങൾ മലങ്കരസഭയ്ക്ക് സംഭവിച്ചു. കഴിഞ്ഞ നൂറ്റാണ്ടുകളിലെ പ്രശ്നമല്ല ഇന്നത്തെ മനുഷ്യനെ അലട്ടുന്നത്. പ്രശ്നങ്ങളുടെ മധ്യത്തിൽ എപ്രകാരം കർത്താവായ യേശുവിന്റെ സ്നേഹം ജനഹൃദയങ്ങളിൽ എത്തിക്കാനാകും എന്നാണ് സഭകൾ ഗൗരവമായി ചിന്തിക്കേണ്ടത്. വളരെ ക്രമീകൃതമായി നിരീശ്വരചിന്തകളും മനുഷ്യവിദ്വേഷപ്രവർത്തനങ്ങളും പ്രചരിപ്പിച്ച് മനുഷ്യനെ വഞ്ചിക്കുന്ന സമൂഹത്തിൽ ദൈവസ്നേഹം അവതരിപ്പിച്ച് സാക്ഷ്യം വഹിക്കാനാണ് നമ്മുടെ വിളി. വളരെ ഗൗരവമേറിയ പ്രശ്നങ്ങളുടെ നടുവിലൂടെയാണ് നമ്മുടെ നാട് കടന്നുപോകുന്നത്. ഇവ കണ്ണു തുറന്നു കാണാൻ സഭാനേതൃത്വങ്ങൾക്ക് കഴിയണം. പിറകോട്ട് നോക്കിയിരുന്ന് ഭൂതകാലത്തെ





പഴിച്ചുകൊണ്ടിരുന്നാൽ നാം നമ്മുടെ കാലഘട്ടത്തിന് യാതൊരു സംഭാവനയും ചെയ്യാൻ കഴിവില്ലാത്തവരായിത്തീരും.

ചരിത്രത്തിന് വ്യത്യസ്ത വ്യാഖ്യാനങ്ങളുണ്ടാകാം. എന്നാൽ *ഭൂമിയുടെ ഉപ്പ്* എന്ന് അവകാശപ്പെടുന്നവർക്ക് ഒരേയൊരു ദൗത്യമേയുള്ളു: യേശുതമ്പുരാന്റെ സ്നേഹം സജീവമായി അവതരിപ്പിക്കുക. പണ്ട് പലതും സംഭവിച്ചിരിക്കാം. എന്നാൽ *ലോകദീപമായി* വർത്തിക്കേണ്ടവരുടെ മുമ്പിലുള്ള ദൗത്യം ഒന്നു മാത്രമേയുള്ളു: "യേശുതമ്പുരാൻ ഇന്നും പ്രസക്തനാണ്, യേശുതമ്പുരാൻ ഇന്നും ലോകരക്ഷകനാണ്" എന്ന് ഏകസ്വരത്തിൽ ഉച്ചത്തിൽ ഉദ്ഘോഷിക്കുക.

"സന്തതിയുള്ളോരു കാലം റോമൻ കത്തോലിക്കാസഭയുമായി കൂട്ടായ്മ പുലർത്തുകയില്ല" എന്നതാണ് കൂനൻകുരിശു സത്യമെങ്കിൽ, എന്തിനാണ് പുത്തൻകൂറ്റുകാർ സഭൈക്യസംരംഭങ്ങളിൽ ഏർപ്പെടുന്നത്? കർതൃഹിതപ്രകാരം ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യം പൂർണമാക്കാൻ സന്മനസ്സുമായാണോ സഭൈക്യചർച്ചകൾ നടത്തുന്നത്? അതോ ചർച്ചയ്ക്കുവേണ്ടിയുള്ള ചർച്ചകളാണോ ഇന്നു നടക്കുന്നത്? യേശുമിശിഹായുടെ ശോഭായമാനമായ മുഖമാണോ സഭകൾ അവതരിപ്പിക്കാൻ ഇന്നു ശ്രമിക്കുന്നത്? ആരിതിന് ഉത്തരം നൽകും? ഇതിനൊക്കെ ആരു നേതൃത്വം നൽകും? നാമിനിയും അനേകനാൾ അത്തരം നേതൃത്വങ്ങൾക്കുവേണ്ടി കാത്തിരിക്കേണ്ടി വരുമോ?

# 4

# കേരളത്തിലെ പുരാതനമായ ആരാധനക്രമം - ചില സൂചനകൾ

പുരാതനകാലത്ത് കേരളത്തിൽ ചെന്തമിഴാണല്ലോ പ്രചരിച്ചിരുന്ന ഭാഷ. ചെന്തമിഴിൽ എഴുതിയ പതിറ്റുപ്പത്ത്, പുറനാനൂറ് എന്നീ കൃതികളിൽ ക്രൈസ്തവ ബലിയുടെ വിവരണങ്ങൾ ഉണ്ടെന്ന് ചില പണ്ഡിതന്മാർ കരുതുന്നു. പതിറ്റുപത്തിലെ ഒരു ഭാഗം (3,10.33-38):

കടുഞ്ചിനം കടാഅയ് മുഴങ്ക് മന്തിരത്ത്
അരുന്തിറൽ മരപിൽ കടവുൾ പേണിയർ
ഉയർന്തോൻ ഏന്തിയ അരുംപെറൽ പിണ്ഡം
കരുങ്കട് പേയ്മകൾ കൈപുടൈയൂഉ നടുങ്ക
നെയ്ത്തോർ തൂഉയ നിറൈമകിഴ് ഇരുമ്പലി
എറുമ്പു മൂസാ ഇറുമ്പൂത് മരപിൽ.
അതിന്റെ അർഥം:

"കേൾക്കുന്നവരുടെ മനസ്സിൽ വൈരികളോടുള്ള കോപാഗ്നി ജ്വലിപ്പിക്കുന്ന, മുഴങ്ങുന്ന മന്ത്രജപത്തോടെ ബലവാനായ ദൈവത്തിന് ബലി അർപ്പിക്കുക പതിവാണ്. ഉയർന്നവൻ (പുരോഹിതൻ) അർപ്പിച്ച ദുർലഭമായ ബലിവസ്തു യോഗ്യതയുള്ളവർ മാത്രം ഭക്ഷിച്ചിരുന്നു. വലിയ കണ്ണുകളുള്ള പിശാച് ബലിവേളയിൽ കൈകൾ ചലിപ്പിച്ചുകൊണ്ട് നടുങ്ങുന്നു. പരിശുദ്ധമായ, രക്തം പോലുള്ള മകിഴ് (പ്രത്യേകതരം വീഞ്ഞ്) ഉപയോഗിച്ചുകൊണ്ടുള്ള മഹനീയബലി ഉറുമ്പ് തൊടാത്തതും ആശ്ചര്യാവഹവുമാണ്."

ഒന്നാം ചേരവംശത്തിലെ മൂന്നാം ഭരണാധികാരിയായ പല്യാനൈ ചെല്കെഴു കുട്ടുവൻ അർപ്പിച്ച ബലിയെപ്പറ്റി വർണിക്കുന്നിടത്താണ് മേൽപ്പറഞ്ഞ ഭാഗം കാണുക. കുട്ടുവൻ ബലിയർപ്പിക്കുന്നത് മരപിൽ കടവുളിനാണ്.





*മരപിൽ* എന്ന വാക്കിന്റെ അർഥം *ബലവാനായ* എന്നാണ്. ബലവാനായ അഥവാ *ശ്രേഷ്ഠനായ* ദൈവത്തിനാണ് ഈ ബലി.

ഈ ബലിയിൽ ഉപയോഗിച്ച ബലിവസ്തുക്കളോ?- ഒരു പിണ്ഡവും മദ്യവും. ആ ബലിപിണ്ഡം അന്നത്തെ മുഖ്യആഹാരസാധനമായിരുന്ന അരിയിൽ ഉണ്ടാക്കിയ ചോറ്റുപിൺഡമായിരുന്നു. പതിറ്റുപത്ത് അതിനെ *പെരുഞ്ചോറ്* എന്നു വിളിക്കുന്നു (3,10,43). അതായത്, *മഹത്തായ ചോറ്*. ആ ബലിപിണ്ഡം അരുമയേറിയതും മഹത്വമുള്ളതുമായ ഒരു ചോറ്റുപിണ്ഡമായിരുന്നു.

മദ്യത്തിന് *മകിഴ്* എന്നാണ് അവിടെ കൊടുത്തിരിക്കുന്ന പേര്: "നെയ്ത്തോർ തൂ ഇയ നിറൈമകിഴ് ഇരുമ്പലി" (3,10.37). "പരിശുദ്ധി നിറഞ്ഞ രക്തം പോലുള്ള മദ്യത്തിലുള്ള ബലി". ബലിവസ്തുവായ *മകിഴ്* രക്തമാണ് എന്ന സങ്കൽപ്പമാണിവിടെ. പതിറ്റുപ്പത്തിൽ മറ്റു പലയിടങ്ങളിലും കള്ള് എന്ന വാക്ക് നിർലോപം ഉപയോഗിക്കുന്നു. എന്നാൽ ബലിയെപ്പറ്റി ചർച്ച ചെയ്യുന്നിടത്ത് *മകിഴ്* എന്ന പദമാണ് ഉപയോഗിക്കുക. കള്ളിനേക്കാൾ മേന്മയേറിയ മദ്യമാണിത് എന്നതു കൊണ്ടായിരിക്കാം. പുറനാനൂറിൽ ഈ മകിഴിനെപ്പറ്റി പറയുന്നു: "അരക്കിട്ടുറപ്പിച്ച കുപ്പികളിൽ യവനർ മേന്മയേറിയ ഒരു തരം മദ്യം ഇറക്കുമതി ചെയ്തിരുന്നു. കള്ളിനേക്കാൾ വീര്യം കുറഞ്ഞതും പുലിക്കണ്ണിന്റെ നിറമുള്ളതുമാണ്." അത് "പിഴിമകിഴാണ്." അതായത് പിഴിഞ്ഞെടുത്ത മദ്യമാണ് (56,18.269). വീഞ്ഞെന്നു വ്യക്തം. കുട്ടുവൻ തന്റെ പലിക്ക് ഈ മദ്യം ഉപയോഗിച്ചിരുന്നതിനാലാകാം കള്ള് എന്നുപയോഗിക്കാതെ *മകിഴ്* എന്ന് പറഞ്ഞിരിക്കുന്നത്.

അതിൽ പങ്കെടുത്തവർ (*വേളിരർ*-വിശ്വാസികൾ) *മറവരും കുത്തറും* ആയിരുന്നു (പതിറ്റുപ്പത്ത് 3,41, 43). ദൈവാത്മാവിനെ മേലങ്കയായി മെയ് മറച്ചവരാണ് *മറവർ*. അതിന്റെ ഒരു പര്യായപദമാണ് *അന്തണർ* (3,10; 6, 4.5). *അന്തത്തെ (ദൈവത്തെ) അന്തിണവർ അന്തണർ. കുത്തർ* എന്നാൽ കുത്തകക്കാർ. അതായത് അർഹരായവർ. ഈ ബലിക്കുശേഷം അർഹരായവർക്കു മാത്രം (കുത്തർക്കു മാത്രം) കുട്ടുവൻ ബലിവസ്തു പങ്കിട്ടുകൊടുത്തു. എല്ലാവർക്കും നൽകിയില്ല.

അത്യുച്ചത്തിലുള്ള മന്ത്രജപത്തോടുകൂടിയാണ് ബലി നടന്നത്. ദൈവസന്നിധിയിൽ ഭക്തിനിർഭരമായ കീർത്തനങ്ങൾ അവർ ആലപിച്ചിരുന്നു എന്നു സാരം. അവരുടെ ബലിയിൽ പിശാചുക്കൾ നടുങ്ങിയിരുന്നു. പതിറ്റുപ്പത്തിന്റെ 9-ാം പതികത്തിൽ ബലിയെപ്പറ്റി വിവരിക്കുന്നതുകൂടി ഉദ്ധരിക്കാം:

"അരുംതിറൽ മരപിൽ പെരുഞ്ചതുക്കവർന്ത
വെന്തിറർ പുതറൈത്തെന്തിവൺ നിറീ ഇ
ആയ്ന്ത മരപിൽ ശാന്തി വേട്ടു."

അർത്ഥം:

“അനുഗ്രഹം ചൊരിയുന്ന മനോഹരമായ പെരുംനഗരത്തിൽ വന്നു ചേർന്ന പേർഷ്യാക്കാരെ കൊണ്ടുവന്നിരുത്തി ആ അന്തത്തിന്റെ ശ്രേഷ്ഠ മായ ശാന്തിബലി രാജാവ് അർപ്പിച്ചു.”

*അന്തം* എന്നാൽ ദൈവം എന്നർത്ഥം. ബലിയെ ഇവിടെ *ശാന്തിബലി* എന്നു വിളിക്കുന്നു. ഒൻപതാം ചേരരാജാവായ കടുംകോ ഇളംചേരൽ ഇരുമ്പൊറൈ പങ്കെടുത്ത ബലിയെപ്പറ്റിയാണ് വിവരണം. ഈ ശാന്തിബലിയെ “ഉരൈ ചാൽ വേൾവി”, “ഉരൈചാൽ ചിറപ്പ്” “പോകുപലി”, “വേദവേൾവി” എന്നൊക്കെ വിളിച്ചിരുന്നു (പതിറ്റുപ്പത്ത്, 7,4.4; പുറനാനൂറ്,166; 331; 224). ഏഴാം ചേരരാ ജാവായ ചെൽവ കടുംകോ ആഴി ആതനും എട്ടാം ചേരരാജാവായ തകടൂർ എറിന്ത പെരുംചേരൽ ഇരുമ്പൊറൈയും ഇത്തരം *വേൾവികൾ* (ബലികൾ) അർപ്പിച്ചിരുന്നു. പുറനാനൂറിലെ ഒരു പരാമർശം കൂടി ഉദ്ധരിക്കാം:‘

‘കാവൽ മന്നൻ കടൈ മുകത്തു കുക്കും പോകുപലി വെൺചോറ്.... (331,11–12).

അർത്ഥം:

“പ്രജാസംരക്ഷകനായ രാജാവ് ദേവാലയ മുഖപ്പിൽ കൊടുക്കുന്ന *ഭോഗ ബലി* വെൺചോറ്.”

ഈ ബലിയെക്കുറിച്ചല്ലാതെ മറ്റൊരു ബലിയെക്കുറിച്ചും ഈ കാലഘ ട്ടത്തിലെ കൃതികൾ വിവരിക്കുന്നില്ല. ബലിയർപ്പകരെ “വേന്തർ”, “ചാന്റോർ”, “വേടർ” എന്നിങ്ങനെ വിളിച്ചിരുന്നു. ചേരരാജാവ് “വെന്തരിറർ വേന്തർ” (വൈദികരിൽ വൈദികൻ അഥവാ മുഖ്യപുരോഹിതൻ) ആയിരുന്നു. ചിറ്റര ചന്മാർ “വേന്തർ” (സാധാരണ പുരോഹിതർ) ആയിരുന്നു. ചേരരാജാവിന് “മുടിവേന്തർ” (കിരീടധാരിയായ പുരോഹിതൻ) എന്നും പേരുണ്ടായിരുന്നു. “ചാന്തോർ” (ശാന്റോർ) എന്ന പദത്തിന് സാക്ഷി എന്നർത്ഥം: “ഉരൈ ശാന്റ നവാർ പെരുമ നിൻ വെന്റി”. അതായത്, “വചനസാക്ഷികൾ മഹത്വം നിന്റെ വിജയം” എന്ന് നാലാം ചേരരാജാവായ കലങ്കയ് കന്നി നാർമുടി ചേരലിനെ കവി പുകഴ്ത്തുന്നു. അതായത്, “ചാന്തോർ” വചനത്തിന്റെ സാക്ഷികളാ കുന്നു. അന്നത്തെ ബലിയെ “ഉരൈചാൽവേൾവി” (വചനം വഴിയുള്ള ബലി) എന്നും വിളിച്ചിരുന്നു. അതിന്റെ സാക്ഷികളായിരുന്നു “ചാന്തോർ”. ഏഴാം ചേരരാജാവായ ചെൽവ കുടംകോ ആഴി ആതനെ “ചാന്റോർ പെരുമകൻ” എന്ന് കപിലർ സ്തുതിക്കുന്നു. “ഉരൈചാൽ വേൾവി” നടത്തി പ്രശസ്ത നായ ആളായിരുന്നു ആതൻ (പതിറ്റുപ്പത്ത് 7,7.18). ചേരരാജാക്കന്മാർ പുരോ ഹിതന്മാർ ആയിരുന്നതിനാൽ “ശാന്റോർമാർ” എന്നും അറിയപ്പെട്ടിരുന്നു. “ശാന്റോർ മെയ്മറൈ വാനുറൈ” (ദൈവാത്മാവിനെ മേലങ്കിയായി മെയ്





മറച്ചിരിക്കുന്ന ശാന്റോർ) എന്ന് രണ്ടാം ചേരരാജാവായ ഇമയവരമ്പൻ നെടുംചേരലാതനെ കവി കണ്ണനാർ പ്രകീർത്തിക്കുന്നു (47–105). പുരോഹി തന്റെ മറ്റൊരു പേരാണ് *വേടർ*. “വേൾവി വേട്ടോർ വേടർ”(ബലി അർപ്പി ക്കുന്നവൻ വേടൻ).

ദൈവത്തെ കുറിക്കാൻ അക്കാലത്ത് ഉപയോഗിച്ചിരുന്ന പദങ്ങൾ ഏവ യെന്നു കൂടി നോക്കാം: “ദൈവം, കടവുൾ, ഇയരവൻ” എന്നീ വാക്കുകളാ യിരുന്നു പ്രധാനമായി പ്രയോഗത്തിൽ ഉണ്ടായിരുന്നത്. “മരപിൽ കടവുൾ” (ബലവാനായ ദൈവം), “കാമർ കടവുൾ” (സ്നേഹനിധിയായ ദൈവം), “വാനത്തിൽ നിലൈപെറും കടവുൾ” (സ്വർഗസ്ഥനായ ദൈവം) എന്നും മറ്റും പതിറ്റുപ്പത്ത് വിശേഷിപ്പിക്കുന്നു. “മുക്കട് ചെൽവർ”(മൂന്നു കക്ഷി ദൈവം) എന്നും പ്രയോഗമുണ്ട്. അതായത് മൂന്നാൾ ദൈവം,. ഏകദൈവം മുവൊരുവർ ദൈവമാണെന്ന് കരുതപ്പെട്ടിരുന്നു. അതായത് ത്രിയേക ദൈവം.

ബലവാനായ ദൈവത്തെ ''ആദിമുതൽവൻ'' (പുറനാനൂറ്, 166), “അന്തം”, “ആദിമുതൽവൻ നാഥനായോൻ” (മണിമേഖല), “ഐന്തവി ത്താൻ'' (സ്വന്തം ശരീരം ബലിയർപ്പിച്ചവൻ), “ഓയ്മൻ'', “ചാത്തൻ”, (അഭിഷിക്തൻ), “മുരുകൻ”, “നാകൻ” (സ്വർഗീയൻ), “പിറയർ” (പിറന്ന ദൈവം) എന്നും വിളിച്ചിരുന്നു. “വൽവേർ ചാത്ത നല്ലിചൈ” (പുറനാനൂറ് 380). “ചാത്ത” എന്നാൽ അഭിഷേകം എന്നാണർത്ഥം. അഭിഷിക്തൻ (മിശിഹാ, ക്രിസ്തു) എന്നതിന്റെ തമിഴ് രൂപമായിരുന്നു “ചാത്തൻ”. ''മുരുകൻ” എന്നാൽ പ്രകാശിക്കുന്നവൻ, മനോഹരൻ, പ്രകാശമായവൻ എന്നൊക്കെ യാണ് അർത്ഥം. “മുരുകൻ ചിറ്റത്തുരുകെഴു കുരുശിൽ” (പുറനാനൂറ് 16,12). “മുരുകൻ അണഞ്ഞ ശ്രേഷ്ഠപ്രകാശം കുരുശിൽ” എന്നർത്ഥം. മുരുങ്ക ത്തലൈ എന്ന സ്ഥലം വർണിക്കുന്നിടത്താണ് ഈ വാചകം കാണുക. അതാ യത്, “പ്രശാന്തരമണീയമായ സ്ഥലത്ത് ശ്രേഷ്ഠപ്രകാശമായ മുരുകനെ വഹി ക്കുന്ന ഒരു കുരിശ് ഉണ്ടായിരുന്നു”.

ഈ രീതിയിൽ നോക്കുമ്പോൾ, ദക്ഷിണേൻഡ്യയിലെ പുരാതനസാ ഹിത്യകൃതികൾ ഒരു പുനരാഖ്യാനത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു എന്നു തോന്നുന്നു. ഭാരതത്തിലെ ക്രിസ്തുമതത്തിന്റെ ആരംഭകാലത്തെ കുറിച്ചുള്ള പല സങ്കൽപ്പങ്ങളും തിരുത്തിക്കുറിക്കേണ്ടതായും വന്നേക്കാം.

ഇതിലെ ആശയങ്ങൾക്ക് താഴെപ്പറയുന്ന ഗ്രന്ഥങ്ങളോട് കടപ്പാട്: ജെ.ജെ.മോറീസ്, *കേരള മതവിശ്വാസങ്ങൾ സംഘകാല കൃതികളിലൂടെ,* കൊല്ലം, 1987; J.J.Moris, *Kerala in First Millennium A. D.* Quilon, 1984. ജോസ് മുള്ളൻകുഴി, “സംഘകാല ക്രൈസ്തവർ”, കാഞ്ഞിരപ്പള്ളി, 2006;

"സംഘകാല സമസ്യകളിലേക്ക്", *കതിരൊളി,* 2004, മെയ്, ജൂൺ, ജൂലൈ (വാല്യം 43/5.6.7)

*ഒന്നാം ചേരവംശത്തിൽ പെട്ട ചില രാജാക്കന്മാരുടെ പേരുകൾ:*

1. പെരുംചോറ്റ് ഉതിയൻ ചേരൽ വാനവരമ്പൻ (50–75)
2. ഇമയവരമ്പൻ നെടുംചേരലാതൻ (75–133)
3. പൽയാനൈ ചെൽകെഴു കുട്ടുവൻ (25 വർഷം)
4. കലങ്കയ് കന്നി നാർമുടി ചേരൽ (25 വർഷം)
5. കടൽ പിറകോട്ടിയ ചേരൽ ചെങ്കുട്ടുവൻ (155–210)
6. ആട്ട് കൊട്ട് പാട്ട് ചേരൽ ആതൻ (35 വർഷം)
7. ചെൽവ കടുംകോ ആഴി ആതൻ (25 വർഷം)
8. തകടൂർ എറിന്ത പെരുംചേരൽ ഇരുമ്പൊറൈ (17 വർഷം)
9. കടുംകോ ഇളംചേരൽ ഇരുമ്പൊറൈ (16)
10. അനയ്കൽ ചെൽമന്തിരം ചേരൽ ഇരുമ്പൊറൈ

*രണ്ടാം ചേരവംശത്തിൽ (കുലശേഖരവംശത്തിൽ) പെട്ട ചില രാജാക്കന്മാരുടെ പേരുകൾ:*

1. കുലശേഖര ആൾവാർ (800–820)
2. രാജശേഖരവർമ്മ (820–844)
3. സ്ഥാണു രവിവർമ്മ (844–885)
4. രാമവർമ്മ ( 885–017)
5. ഗോദരവിവർമ്മ 9917–944)
6. ഇന്ദുക്കോതവർമ്മ (944–962)
7. ഭാസ്ക്കര രവിവർമ്മ (962–1019)
8. രാമവർമ്മ കുലശേഖരൻ (1090–1102).



# 5
# ഭാരതസഭയും നെസ്തോറിയനിസവും

## 1. ആമുഖം

കർതൃശിഷ്യനായ മാർതോമാശ്ലീഹാ സ്ഥാപിച്ച ഭാരതക്രൈസ്തവസഭ മിശിഹായുടെ ഏകവും വിശുദ്ധവും കാതോലികവുമായ സഭയായിരുന്നു. മിശിഹായുടെ ഏകസഭയുടെ ശുശ്രൂഷകരായിരുന്നു ശ്ലീഹന്മാർ. ഈ ഏക സഭയെ പണിയാനാണ് ശ്ലീഹന്മാർ ലോകമെങ്ങും അയക്കപ്പെട്ടത്. ഭാരത ക്രൈസ്തവസഭ മലങ്കരസഭ എന്ന് അറിയപ്പെട്ടു. മിശിഹായുടെ ദിവ്യത്വവും മനുഷ്യത്വവും അധികാരവും അഭംഗുരം പാലിക്കുന്നതിൽ ആദിമസഭ ശ്രദ്ധിച്ചു. അധ്യക്ഷന്മാരെ തെരഞ്ഞെടുക്കുന്നതിൽ സഭാസമൂഹത്തിന് സജീവമായ പങ്കുണ്ടായിരുന്നു. ക്രൈസ്തവസമൂഹത്തിന്റെ സ്വരം ദൈവഹിതത്തിന്റെ പ്രകാശനമായി പരിഗണിക്കപ്പെട്ടിരുന്നു. സഭാധ്യക്ഷന്മാർ തികച്ചും ആധ്യാത്മികാചാര്യന്മാരായിരുന്നു. ആർച്ചുഡീക്കന്റെ നേതൃത്വത്തിലുള്ള സഭാശുശ്രൂഷാരീതിയാണ് മലങ്കരസഭയിൽ രൂപീകൃതമായത്. തനതായ ഒരു സഭാജീവിതശൈലി മലങ്കരയിൽ വികസിച്ചിരുന്നു.[1]

റോമാസാമ്രാജ്യത്തിൽ ചക്രവർത്തിമാരുടെ നേതൃത്വത്തിൽ രൂപീകൃതമായ സഭാഭരണസമ്പ്രദായങ്ങൾ അപ്പാടെ ഭാരതക്രൈസ്തവസഭയിൽ ഉണ്ടായിരുന്നു എന്ന് അനുമാനിക്കുന്നതിൽ അർഥമില്ല. അല്ലെങ്കിൽ റോമൻസാമ്രാജ്യത്തിലെ സഭയെ അനുകരിച്ച് പേർഷ്യാക്കാർ അഞ്ചാം നൂറ്റാണ്ടോടുകൂടി സ്വീകരിച്ച സഭാഭരണ സമ്പ്രദായങ്ങളൊക്കെ അപ്പാടെ ഭാരതസഭയിലും നടപ്പിലിരുന്നു എന്ന് അനുമാനിക്കാനും കാരണം കാണുന്നില്ല. പാശ്ചാത്യ ലോകത്തുപോലും ചിലയിടങ്ങളിൽ റോമൻ സാമ്രാജ്യ

1. കൂടപ്പുഴ, *സഭാവിജ്ഞാനീയം,* കോട്ടയം, 1988,പേ.357ff.

ത്തിൽ പൊതുവെ ഉണ്ടായിരുന്ന സഭാഭരണ സമ്പ്രദായങ്ങളിൽനിന്ന് വ്യത്യസ്തമായ രീതിയായിരുന്നു ഉണ്ടായിരുന്നത്. ഉദാ. അയർലണ്ടിലെ കെൽറ്റിക്സഭ. അവിടെ റോമൻ സഭയിൽ നിന്നുള്ള ആധിപത്യം വരുന്നതുവരെ ആശ്രമങ്ങൾ കേന്ദ്രീകരിച്ചുള്ള സഭാഭരണരീതിയാണ് നിലനിന്നത്. മലങ്കര സഭയിൽ ആർച്ചുഡീക്കന്റെ നേതൃത്വത്തിലുള്ള പൊതുയോഗവും ഇടവകകളിലെ പള്ളിയോഗങ്ങളുമായിരുന്നു സഭാഭരണം കൈകാര്യം ചെയ്തിരുന്നത്. മധ്യകാലഘട്ടത്തിൽ പാശ്ചാത്യസഭയിൽ ഉടലെടുത്ത ഭരണക്രമത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു മലങ്കരയിലെ സഭാഭരണരീതികൾ.[2]

മലങ്കരസഭയുടെ പിൽക്കാലബന്ധം പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയോടായിരുന്നു. ആ സഭയെ മറ്റുള്ളവർ നെസ്തോറിയൻസഭ എന്നു വിളിച്ചിരുന്നു. പാശ്ചാത്യമിഷണറിമാർ ഇവിടെ വന്നപ്പോൾ പശ്ചിമേഷ്യയിൽ നിന്നുള്ള പൗരസ്ത്യസുറിയാനി മെത്രാന്മാരും അവരുടെ ആരാധനക്രമ ഗ്രന്ഥങ്ങളും കാണാൻ ഇടയായതുകൊണ്ടും ഇവിടുത്തെ മലങ്കരനസ്രാണികളുടെ സഭ നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നു എന്ന് പാശ്ചാത്യർ ധരിച്ചുവശാകുകയും അപ്രകാരം പാശ്ചാത്യലോകത്ത് പ്രചരിപ്പിക്കുകയും ചെയ്തു.

## *പൗരസ്ത്യ സുറിയാനസഭ*

ഈ സാഹചര്യത്തിൽ, പേർഷ്യയിലെ പൗരസ്ത്യ സുറിയാനിസഭയുടെ നെസ്തോറിയനിസം പരിശോധനാവിഷയമാക്കാം. പേർഷ്യൻസഭ നെസ്തോറിയൻ ആയിരുന്നുവോ? ഇതു സംബന്ധിച്ച് ഇപ്പോഴും ചിലയിടങ്ങളിൽ വളരെയധികം തെറ്റിദ്ധാരണകൾ നിലനിൽക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടി ക്രൈസ്തവസഭയിലുടനീളം വീക്ഷണങ്ങളിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കയാണല്ലോ. സഭകളുടെ ഒരു സുപ്രധാന ചർച്ചാവിഷയമാണല്ലോ സഭൈക്യം. ഇന്ന് ഓരോ സഭയേയും മുൻവിധികൾ കൂടാതെ മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടവുമാണ്. എന്നാൽ ഈ സംഗതികൾ മനസ്സിലാക്കാൻ സാധിക്കണമെങ്കിൽ അടിസ്ഥാനപരമായി കൗൺസിലോടുകൂടി മാറിയ എക്യൂമെനിക്കൽ ചിന്താഗതിയും തുറന്ന മനഃസ്ഥിതിയും വിശാലമായ കാഴ്ചപ്പാടും കൂടിയേ തീരൂ. സഭയേയും സഭകളേയും അവ ആയിരിക്കുന്ന രീതിയിൽ കാണാനുള്ള അവസരം രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രദാനം ചെയ്തിരിക്കുന്നു. കൗൺസിലിനു ശേഷമുള്ള എക്യൂമെനിക്കൽ ചിന്താഗതികളുടെയും, പൗരസ്ത്യസഭയെയും അതിന്റെ ക്രിസ്തുശാസ്ത്രത്തെയും സംബന്ധിച്ചുള്ള വസ്തുനിഷ്ഠമായ പഠനങ്ങളുടെയും വെളിച്ചത്തിൽ പേർഷ്യയിലെ പൗരസ്ത്യ സുറിയാനിസഭയുടെ നെസ്തോറിയനിസം അപഗ്രഥനാവിഷയമാക്കാം. അതിനു മുൻപായി പുതിയനിയമം വരച്ചുകാട്ടുന്ന യേശുവിന്റെ ചിത്രം എന്താണെന്നു നോക്കാം.

2. കൂടപ്പുഴ, *ഭാരതസഭാചരിത്രം*, 196-9.





## *മിശിഹാ ദൈവവും മനുഷ്യനും*

വേദപുസ്തകത്തിൽ യേശുവിനെ വരച്ചുകാട്ടിയ ദിവ്യശിഷ്യന്മാർ ദൈവവും മനുഷ്യനുമായി അവിടുത്തെ ചിത്രീകരിക്കുന്നു. ദൈവപുത്രൻ മനുഷ്യനായിത്തീർന്നു. യേശുമിശിഹായിൽ ദൈവസ്വഭാവത്തിനു ചേരുന്ന പ്രവർത്തനങ്ങളും മനുഷ്യസ്വഭാവത്തിനു ചേരുന്ന പ്രവർത്തനങ്ങളും സുവിശേഷകർ ചൂണ്ടിക്കാട്ടുന്നു. രണ്ടുതരം പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും അമ്മാനുവേൽ ഏകനും അവിഭാജ്യനും ആണെന്ന് പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നു. വചനമായ ദൈവം മനുഷ്യനായി അവതരിച്ചു. കന്യകമറിയം ഈ ആളിനെയാണ് പ്രസവിച്ചത്. അതുകൊണ്ട് മറിയം ദൈവമാതാവാണ്.

## *നെസ്തോറിയനിസം എന്ന അബദ്ധോപദേശം*

യേശുമിശിഹായിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും ഉണ്ടെങ്കിൽ രണ്ടാളുകളും (വ്യക്തികളും) ഉണ്ടായിരിക്കണം. എവിടെ ഒരു സ്വഭാവം (പ്രകൃതി) ഉണ്ടോ, അവിടെ ഒരാളത്വം (വ്യക്തിത്വം) ഉണ്ട് എന്ന തത്വമനുസരിച്ച്, വേദപുസ്തകപ്രകാരം രണ്ടു സ്വഭാവങ്ങളും അവയുടെ പ്രവർത്തനങ്ങളും കൃത്യമായി കാണാൻ കഴിയുന്ന യേശുവിൽ രണ്ടു വ്യക്തിത്വങ്ങളും (ആളത്വങ്ങളും) ഉണ്ടായിരിക്കണമെന്ന് ഈ പാഷണ്ഡത പഠിപ്പിക്കുന്നു. ഈ രണ്ട് വ്യക്തികൾ തമ്മിൽ രണ്ടു കൂട്ടുകാർ തമ്മിലുള്ള ബന്ധമേയുള്ളൂ. അതായത്, ധാർമികൈക്യം. അല്ലെങ്കിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യം പോലുള്ള ഐക്യം. കന്യകമറിയം ഈശോ എന്ന മാനുഷിക ആളിന്റെ അമ്മയാണ്. അതുകൊണ്ട് മറിയത്തെ ദൈവമാതാവ് എന്നു വിളിക്കാൻ പാടില്ല. ഇതാണ് നെസ്തോറിയനിസം എന്ന അബദ്ധസിദ്ധാന്തം.

ഈ പാഷണ്ഡത കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് നെസ്തോറിയുസ് (428-431) പഠിപ്പിച്ചു എന്ന് അലക്സാണ്ഡ്രിയായിലെ വി. സിറിലും അദ്ദേഹത്തിന്റെ പക്ഷത്തുള്ള മെത്രാന്മാരും ധരിക്കുകയും എഫേസോസ് സൂനഹദോസിൽവച്ച് (431) ഈ പാഷണ്ഡതയെ സഭ പുറന്തള്ളുകയും ചെയ്തു. നെസ്തോറിയുസിനെ പാഷണ്ഡത ആരോപിച്ച് സിനഡ് സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി. അന്നുമുതൽ മേൽപ്പറഞ്ഞ പാഷണ്ഡത നെസ്തോറിയുസിന്റെ പേരിൽ അറിയപ്പെടുന്നു. എന്നാൽ നെസ്തോറിയുസ് ഈ പാഷണ്ഡത പഠിപ്പിച്ചിട്ടുണ്ടോ എന്ന് ഗൗരവപൂർവം സംശയിക്കുന്ന ദൈവശാസ്ത്രജ്ഞന്മാർ ഇന്ന് പല സഭകളിലുമുണ്ട്.

## *പൗരസ്ത്യസുറിയാനിസഭയുടെ (പേർഷ്യൻ സഭയുടെ) നെസ്തോറിയനിസം*

നെസ്തോറിയുസ് പൗരസ്ത്യസുറിയാനിസഭയിലെ മെത്രാനായിരുന്നില്ല. പേർഷ്യയിലെ മാർ ആബാ കതോലിക്കായ്ക്ക് മുമ്പ് (540-552) നെസ്തോ

റിയുസിന്റെ കൃതികൾ പേർഷ്യൻ സഭയിൽ പ്രചരിച്ചിരുന്നില്ല. മാർ ആബായാണ് അവ പേർഷ്യയിൽ കൊണ്ടുവന്നത്. നെസ്തോറിയുസിന്റെ പേര് പേർഷ്യാക്കാർ അനുസ്മരണപ്പട്ടികയിൽ ചേർത്തത് 561/562–നു ശേഷമാണ്. കൽക്കദോൻ വിരുദ്ധരായ അന്ത്യോക്യൻ യാക്കോബായക്കാരാണ് പേർഷ്യയിലെ പൗരസ്ത്യസുറിയാനി ക്രിസ്ത്യാനികളെ *നെസ്തോറിയന്മാർ* എന്നു വിളിക്കുകയും ഈ പേര് അവരിൽ ഉറപ്പിക്കുകയും ചെയ്തത്.

പൗരസ്ത്യറോമാസാമ്രാജ്യത്തിൽ എഫേസൂസ് (431), കാൽസിഡൺ (451) കൗൺസിലുകളോടുകൂടി സർവത്ര കലഹങ്ങളും പിളർപ്പുകളും ഉടലെടുത്തു. ദൈവശാസ്ത്ര വാദപ്രതിവാദങ്ങളും വാദകോലാഹലങ്ങളും അവസാനിപ്പിച്ച് ഐക്യം പുനഃസ്ഥാപിക്കാൻ ബിസന്റൈൻ ചക്രവർത്തിമാർ ഒന്നിനു പിറകെ ഒന്നായി ഓരോരോ ദൈവശാസ്ത്ര ഫോർമുലകൾ മുന്നോട്ടുവച്ചു. കലഹവും പിളർപ്പും വർധിക്കാനല്ലാതെ ഐക്യം പുനഃസ്ഥാപിക്കാൻ അവർക്കാർക്കും സാധിച്ചില്ല. വിശ്വാസത്തിലും ക്രൈസ്തവസ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമല്ലാതെ, രാഷ്ട്രീയ പ്രേരിതമായിരുന്നു അവരുടെ ചർച്ചകളൊക്കെ. എങ്ങനെയും സാമ്രാജ്യത്തിന്റെ രാഷ്ട്രീയമായ ഐക്യം നിലനിർത്തണമെന്ന് ചക്രവർത്തിമാർ കരുതി. അതിനു മതപരമായ ഐക്യം അനിവാര്യമാണെന്നും അവർ ചിന്തിച്ചു. അങ്ങനെയുള്ള ഒത്തുതീർപ്പുകളൊന്നും ക്രൈസ്തവൈക്യത്തിൽ എത്തിച്ചില്ല.

അത്തരത്തിൽ പെട്ട ഒന്നാണ് പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയെ *നെസ്തോറിയൻ* എന്ന മുദ്രകുത്തലും. പ്രാചീനസഭയിൽ അന്ത്യോക്യൻ എന്നും അലക്സാണ്ഡ്രിയൻ എന്നും രണ്ട് ദൈവശാസ്ത്രചിന്താധാരകൾ ഉണ്ടായിരുന്നു. എഫേസോസ് സൂനഹദോസിന്റെ (431) തീരുമാനങ്ങൾ അലക്സാണ്ഡ്രിയൻ ദൈവശാസ്ത്ര പശ്ചാത്തലത്തിൽ രൂപീകരിക്കപ്പെട്ടവയാണ്. കാൽസിഡൺ സിനഡിലെ തീരുമാനങ്ങളാകട്ടെ അന്ത്യോക്യൻ ദൈവശാസ്ത്രത്തിന് മുൻതൂക്കം കൊടുത്തു കൊണ്ടും എന്നാൽ അലക്സാണ്ഡ്രിയൻ ദൈവശാസ്ത്രം മാറ്റി നിർത്താതെയും രൂപീകരിച്ചിട്ടുള്ളതാണ്. തുടർന്നുള്ള തർക്കങ്ങളിൽ കാൽസിഡൺ വിരുദ്ധരായ യാക്കോബായക്കാർ അലക്സാണ്ഡ്രിയൻ ചിന്താഗതിയുടെ വക്താക്കളായി മാറി. അലക്സാണ്ഡ്രിയയിലെ വിശുദ്ധ സിറിലിന്റെ യഥാർഥ പിൻതുടർച്ചക്കാരായി അവർ രംഗത്തു വന്നു. അന്ത്യോക്യൻ ദൈവശാസ്ത്രത്തോടും ദൈവശാസ്ത്രജ്ഞന്മാരോടും അവർക്ക് വെറുപ്പായിരുന്നു. മൺമറഞ്ഞുപോയ പിതാക്കന്മാരെപ്പോലും അവർ വെറുതെ വിട്ടില്ല. സഭയുടെ ഐക്യത്തിലും സത്യവിശ്വാസത്തിലും വിശുദ്ധിയിലും മരിച്ച ദിയദോർ, തിയഡോർ എന്നീ അന്ത്യോക്യൻ പിതാക്കന്മാരെ നെസ്തോറിയനിസത്തിന്റെ പിതാക്കന്മാരായി യാക്കോബായക്കാർ മുദ്രകുത്തി. രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സിനഡ് (553) ജസ്റ്റീനിയൻ ചക്രവർത്തിയുടെ (483–565) ഉരുക്കുമുഷ്ടി ഉപയോഗിച്ച് അന്ത്യോക്യൻ ദൈവശാസ്ത്രത്തിന്റെ വക്താക്കളെ ശപിച്ചുതള്ളി.





പേർഷ്യയിലെ പൗരസ്ത്യ സുറിയാനിസഭ അന്ത്യോക്യൻ ദൈവശാസ്ത്രമാണ് സ്വന്തമാക്കിയിരുന്നത്. അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞന്മാർ അവരുടെ പിതാക്കന്മാരും ഗുരുക്കന്മാരും വ്യാഖ്യാതാക്കളുമായിരുന്നു. തിയഡോർ ആയിരുന്നു അവർക്ക് ഗുരുക്കന്മാരുടെ ഗുരു. ബിസന്റൈൻ സാമ്രാജ്യത്തിൽ തിയഡോർ പാഷണ്ഡിയായി മുദ്ര കുത്തപ്പെട്ടപ്പോൾ, തിയഡോറിയൻ–അന്ത്യോക്യൻ ദൈവശാസ്ത്രം സ്വന്തമാക്കിയവരും നെസ്തോറിയൻ പാഷണ്ഡരായി. ഇങ്ങനെയാണ് പേർഷ്യയിലെ പൗരസ്ത്യസുറിയാനിസഭ *നെസ്തോറിയൻ* സഭയായത്. നെസ്തോറിയൻ പാഷണ്ഡത സ്വീകരിച്ചതുകൊണ്ടല്ല.

പേർഷ്യാക്കാർക്കെന്നല്ല, കാര്യവിവരമുള്ള യാതൊരു വ്യക്തിക്കും നെസ്തോറിയനിസം എന്നറിയപ്പെടുന്ന പാഷണ്ഡത അംഗീകരിക്കാൻ സാധിക്കയില്ല. ശ്ലീഹന്മാർ വരച്ചുകാട്ടിയ യേശുമിശിഹാ സത്യമായും എന്നേക്കും ദൈവപുത്രൻ തന്നെയാണ്. അവിടുന്ന് മനുഷ്യനായിത്തീർന്ന വചനമായ ദൈവമാണ്. ദൈവപുത്രൻ തന്നെയാണ് കന്യകയുടെ ആദ്യജാതനായി തീർന്നത്. തലമുറതലമുറകളായി സഭ കൈമാറിയതും ഈ ദൈവികരഹസ്യം നിറഞ്ഞ നിഗൂഢ യാഥാർഥ്യമാണ്. സത്യവിശ്വാസിയായ യാതൊരു വ്യക്തിക്കും ഇതു നിഷേധിക്കാൻ സാധ്യമല്ല. നെസ്തോറിയുസും ഈ സത്യം ഒരിക്കലും നിഷേധിച്ചിട്ടില്ല എന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. തന്റെ കൃതിയിൽ അദ്ദേഹം തന്നെ ഇത് തറപ്പിച്ചു പറയുന്നു.[3]

യേശുമിശിഹാ മനുഷ്യരക്ഷയ്ക്കായി അവതരിച്ച ദൈവപുത്രനാണ്. സത്യദൈവവും സത്യമനുഷ്യനുമാണ്. ദൈവത്വവും മനുഷ്യത്വവും പൂർണമായി യേശുക്രിസ്തുവിൽ ഏകവ്യക്തിത്വത്തിൽ കലർപ്പു കൂടാതെയും ഭേദം കൂടാതെയും മാറ്റം കൂടാതെയും വ്യതിയാനം കൂടാതെയും അത്ഭുതകരമായി ഒന്നിച്ചിരിക്കുന്നു. ഏകത്വവും ദ്വിത്വവും അത്ഭുതകരമായി ഒത്തുചേർന്നിരിക്കുന്ന വിശ്വരഹസ്യമാണ് കർത്താവായ യേശുക്രിസ്തു. മിശിഹായ്ക്ക് തുല്യമായി ഈ പ്രപഞ്ചത്തിൽ യാതൊന്നും തന്നെയില്ല. അതുല്യനും അപ്രമേയനും അപരിമിതനും അവാച്യനുമായ മഹാത്ഭുതമാണ് മനുഷ്യനായിത്തീർന്ന വചനമായ ദൈവം. അവിടുത്തെ രക്ഷയ്ക്ക് അർഹരാക്കണമെ എന്ന് പ്രാർഥിച്ചുകൊണ്ട് അവിടുത്തെ തിരുമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുകയും പൂർണഹൃദയത്തോടെ തന്റെ സുവിശേഷത്തിന് സമർപ്പിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യന് ഏറ്റവും കരണീയമായിട്ടുള്ളത്. ഈ രക്ഷ എപ്രകാരം സ്വന്തമാക്കാമെന്നു പ്രാർഥനാപൂർവം ചിന്തിക്കാതെ ഈ മഹാരഹസ്യത്തെ അപഗ്രഥിക്കാൻ ശ്രമിച്ചപ്പോഴൊക്കെ മനുഷ്യർ വഴിതെറ്റി കാലിടറി വീണു.

3. Nestorius, *The Bazaar of Heracleides*, translated by G. R. Driver- L. Hodgson, Oxford,1925.

യേശുമിശിഹാ ഒരു മഹാരഹസ്യമായതിനാൽ പല രീതികളിൽ ആ ആഴിക്കടലിനെ മനസ്സിലാക്കാൻ ശ്രമം നടന്നിട്ടുണ്ട്. അങ്ങനെയാണ് പ്രാചീനസഭയിൽ അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ ചിന്താരീതികൾ ഉടലെടുത്തത്. അലക്സാണ്ഡ്രിയാക്കാർ യേശുക്രിസ്തുവിലെ ഏകത്വത്തിനും ഐക്യത്തിനും ഊന്നൽ കൊടുത്തു. വചനമായ ദൈവമാണ് മനുഷ്യനായി അവതരിച്ചത് എന്ന യാഥാർഥ്യം വളരെ സ്പഷ്ടമായി അലക്സാണ്ഡ്രിയാക്കാരും വി. സിറിലും എഫേസോസും (431) പഠിപ്പിച്ചു. ഇതാണ് അവരുടെ പ്രത്യേകമായ ദൈവശാസ്ത്ര സംഭാവന. അവർ ഏകവ്യക്തിത്വം ഉയർത്തിക്കാട്ടി. അന്ത്യോക്യക്കാരാകട്ടെ യേശുമിശിഹായിലെ ദൈവത്വത്തിനും മനുഷ്യത്വത്തിനും–അതായത്, യേശുക്രിസ്തു സത്യമായും ദൈവവും സത്യമായും മനുഷ്യനുമാണ് എന്ന യാഥാർഥ്യത്തിന്–ഊന്നൽ കൊടുത്തു. ദ്വിത്വത്തിൽ അവർ കൂടുതൽ ശ്രദ്ധിച്ചു. അവർ ഏകത്വം നിഷേധിച്ചതേയില്ല. അലക്സാണ്ഡ്രിയാക്കാർ ദ്വിത്വവും തള്ളിപ്പറഞ്ഞില്ല. ഇവ രണ്ടും രണ്ട് ദൈവശാസ്ത്ര ചിന്താരീതികളെന്നു മനസ്സിലാക്കിയാൽ മതിയായിരുന്നു. രണ്ടും പരസ്പരപൂരകങ്ങളായി കണക്കാക്കാമായിരുന്നു. രണ്ടിനും എടുത്തുകാട്ടാവുന്ന ദൈവശാസ്ത്ര പാകപ്പിഴകളും ഉണ്ടായിരുന്നു. കടത്തിപ്പറഞ്ഞാൽ പാഷണ്ഡതയിൽ എത്താൻ പഴുതുകൾ രണ്ടു ദൈവശാസ്ത്ര ചിന്താഗതികൾക്കും ഉണ്ടായിരുന്നു. എന്നാൽ പരസ്പരധാരണയിലല്ല മനുഷ്യർ മുമ്പോട്ട് നീങ്ങിയത്. പിന്നെയോ, കനാൻ നാട്ടിലെത്താൻ ഇസ്രായേൽക്കാർ മരുഭൂമിയിൽ കൂടി നാൽപ്പതു വർഷം അലഞ്ഞു തിരിയുകയാണുണ്ടായത്.

അലക്സാണ്ഡ്രിയൻ ദൈവശാസ്ത്ര ചിന്താഗതിയുടെ വെളിച്ചത്തിൽ അന്ത്യോക്യൻ ദൈവശാസ്ത്രത്തിൽ തീർച്ചയായും പാളിച്ചകളും പോരായമകളും കണ്ടുപിടിക്കാനാകും. വി. സിറിലിന്റെ ചിന്താഗതികളുടെ വെളിച്ചത്തിൽ തിയഡോറിൽ കുറ്റം ആരോപിക്കാനാകും. കാൽസിഡന്റെ വെളിച്ചത്തിൽ സിറിലിന്റെ ചില പ്രസ്താവനകൾ തള്ളപ്പെട്ടെന്നുവരാം. അല്ലെങ്കിൽ വി. തോമസ് അക്വീനാസിന്റെ സ്കൊളാസ്റ്റിക് ചിന്തയുടെ വെളിച്ചത്തിൽ അന്ത്യോക്യൻ കലാലയത്തിൽ തെറ്റു കണ്ടുപിടിക്കാനാകും. അന്ത്യോക്യൻ കലാലയ ചിന്താഗതിയിൽ സിറിലിൽ പാഷണ്ഡത ആരോപിക്കാനാകും. എന്നാൽ ഇതല്ല ശരിയായ ദൈവശാസ്ത്രപാത. ഓരോ ദൈവശാസ്ത്രത്തെയും അതിന്റെ യഥാർഥ പശ്ചാത്തലത്തിൽ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്തിരുന്നെങ്കിൽ, ക്രിസ്തീയസഭകളുടെ ചരിത്രം തന്നെ വ്യത്യസ്തമാകുമായിരുന്നു. പണ്ടു ജീവിച്ച ഒരാളെ ഇന്നുള്ള ദൈവശാസ്ത്ര വളർച്ചയുടെ വെളിച്ചത്തിൽ വിധിക്കാൻ പാടില്ല. ഒരാളെ മറ്റൊരാളുടെ ചിന്ത കൊണ്ട് അളക്കാനും പാടില്ല. എന്നാൽ മറിച്ച് സഭയിൽ സംഭവിച്ചതിനാൽ ഇന്നും ക്രൈസ്തവലോകത്തെ പിളർപ്പ് തുടരുന്നു.





## *പൗരസ്ത്യസുറിയാനിസഭയുടെ ക്രിസ്തുശാസ്ത്രം*

നെസ്തോറിയുസിന്റെ ക്രിസ്തുശാസ്ത്രം അപ്പാടെ പേർഷ്യയിലെ പൗരസ്ത്യസുറിയാനിസഭ സ്വീകരിച്ചില്ല. അന്ത്യോക്യൻ ദൈവശാസ്ത്ര ചിന്താധാരയുടെ പ്രശസ്ത വക്താവായ തിയഡോറിന്റെ ചിന്താധാരയാണ് പേർഷ്യൻസഭ സ്വീകരിച്ചത്. തിയഡോറിനെ ആശ്രയിച്ചുകൊണ്ട് പേർഷ്യൻ സഭയുടെ ക്രിസ്തുശാസ്ത്രം രൂപപ്പെടുത്തിയത് മാർ ബാബായ് റമ്പായാണ് (+628). *ഐക്യത്തിന്റെ പുസ്തകം* എന്ന പേരിൽ വചനത്തിന്റെ മനുഷ്യാവതാരത്തെകുറിച്ച് ബാബായ് ഒരുഗ്രന്ഥം എഴുതിയിട്ടുണ്ട്.[4] മാർ ബാബായ് വരച്ചുകാട്ടിയ ക്രിസ്തുശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പൗരസ്ത്യ സുറിയാനിസഭയുടെ നെസ്തോറിയനിസത്തെപ്പറ്റി നമുക്ക് ഗ്രഹിക്കാനാകും. അത് ഇപ്രകാരമാണ്. [5]

യേശുമിശിഹായാണ് നമ്മുടെ ശിരസ്സും നമ്മുടെ ശരണവും നമ്മുടെ ദൈവവും. അവിടുന്ന് നമ്മുടെ കർത്താവും നാഥനുമാണ്. സനാതനനായ ദൈവമാകയാൽ അവിടുന്ന് എല്ലാം അറിയുന്നു. സർവ ജീവജാലങ്ങളോടു മൊത്ത് മിശിഹായെ നാം സ്തുതിക്കണം. നമ്മുടെ ജീവന്റെ അടിസ്ഥാനവും നമ്മുടെ ഗുരുവും നായകനും പ്രബോധകനും വിജ്ഞാനവും ശക്തിയും സമാശ്വാസവും എല്ലാം അവിടുന്നു തന്നെ.

ദൈവത്തിലാണ് നമ്മുടെ രക്ഷ ആരംഭിക്കുന്നത്. പുത്രത്വം എന്ന ആളത്വം ഉള്ള ത്രിത്വത്തിലെ രണ്ടാമൻ, വചനമായ ദൈവം, നമ്മുടെ മനുഷ്യത്വം തന്റെ ആളത്വത്തിൽ സ്വീകരിച്ചു. പുത്രത്വം എന്ന ആളത്വം നമ്മിൽ നിന്നുള്ള മനുഷ്യന്റെ ആളത്വമായി കൊടുത്തു. ഗർഭധാരണനിമിഷം മുതൽ പുത്രന്റെ ആളത്വം മനുഷ്യത്വത്തിന്റേയും ആളത്വമായി. അവിടുത്തേക്ക് പൂർണ ദൈവത്വവും പൂർണ മനുഷ്യത്വവുമുണ്ട്. പരിപൂർണദൈവസ്വഭാവവും പരിപൂർണ മനുഷ്യസ്വഭാവവും. എന്നാൽ ആളത്വം (വ്യക്തിത്വം) ഒന്നുമാത്രം. അതിനാൽ, നസ്രായനേശു ഒരേസമയം ദൈവവും മനുഷ്യനുമാണ്. ദൈവത്തിന്റെ ഏകജാതൻ മനുഷ്യാവതാരം വഴി മറിയത്തിന്റെ ആദ്യജാതനായി.

*ക്യാനാ, ക്നോമാ, പർസോപ്പാ* എന്നീ സാങ്കേതിക പദങ്ങളുപയോഗിച്ചും ബാബായ് ഇത് വിശദീകരിക്കുന്നു. യേശുമിശിഹായ്ക്ക് ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ട് *ക്യാനേ* ഉണ്ട്. *ക്യാനാ* എന്നാൽ *അമൂർത്ത പ്രകൃതി* (abstract nature) എന്നാണർഥം. ഈ സ്വഭാവങ്ങൾ യഥാർഥത്തിൽ സ്ഥിതിചെയ്യുന്നത് ഈയാളിലും ആ ആളിലുമാണ്. പ്രകൃതിക്ക് അപ്രകാരമേ യഥാർഥമായി സ്ഥിതിചെയ്യാൻ സാധിക്കൂ. രണ്ടു യാഥാർഥ്യങ്ങൾ മൂർത്ത

4. *Babai Magni Liber de Unione,* ed.& tr. by A.Vaschalde (CSCO 79/80) Louvain 1915.
5. G.Chediath,*The Christology of Mar Babai the Great*, Kottayam, 1982.

മായി (concretely) സത്യമായും വസ്തുനിഷ്ഠമായും യഥാർഥമായും സ്ഥിതി ചെയ്യുന്നു എന്നു പറയുന്നതിനു തുല്യമാണ് *രണ്ടു ക്നോമാകൾ* ഉണ്ടെന്നു പറയുന്നത്. കാരണം, *ക്യാനാ* എന്നത് സ്ഥിതിചെയ്യുന്ന ഒന്നല്ല. അത് സ്ഥിതി ചെയ്യുന്നത് ഈ *ക്നോമാ* ആയും ആ *ക്നോമാ* ആയുമാണ്. മനുഷ്യത്വം എന്ന *ക്യാനാ (പ്രകൃതി)* പത്രോസായും പൗലോസായും ഒക്കെയാണ് യഥാർഥത്തിൽ സ്ഥിതിചെയ്യുക. *ക്യാനായ്ക്ക്* അതിൽ തന്നെ അസ്തിത്വമില്ല. അതിന്റെ അസ്തിത്വം *ക്നോമാകളായി* മാത്രമേയുള്ളൂ.

യേശുമിശിഹാ ദൈവവും മനുഷ്യനുമാണ്. അഥവാ, ദൈവത്വവും മനുഷ്യത്വവും സത്യമായും യേശുമിശിഹായിൽ സ്ഥിതിചെയ്യുന്നു എന്നു പറയുന്നതിനു തുല്യമാണ്, യേശുമിശിഹായ്ക്ക് *ദൈവിക ക്നോമായും മാനുഷിക ക്നോമായും* ഉണ്ടെന്നു പറയുന്നത്. അത് യേശുമിശിഹായിലെ ഇരു യാഥാർഥ്യങ്ങളെ സൂചിപ്പിക്കുന്നു. ഈ രണ്ടു യാഥാർഥ്യങ്ങൾ സമ്മിശ്രപ്പെടാതെയും മാറ്റമില്ലാതെയും വിഭജനമില്ലാതെയും വേർതിരിവില്ലാതെയും യോജിച്ച്, യേശുമിശിഹായിൽ സ്ഥിതിചെയ്യുന്നു. എന്നാൽ ഈ ദ്വിത്വത്തെ ഒന്നിപ്പിക്കുന്ന ഘടകമാണ് *പർസോപാ (ആളത്വം).* ത്രിത്വത്തിൽ, വചനമായ ദൈവത്തിന്റെ *പർസോപാ* (ആളത്വം) പുത്രത്വം എന്നതാണ്. വചനത്തെ പിതാവും പരിശുദ്ധാത്മാവുമായി ബന്ധിക്കുന്നത് ഈ *പർസോപായാണ്.* മനുഷ്യാവതാരത്തിൽ ദൈവപുത്രന്റെ വ്യക്തിത്വം, മറിയത്തിന്റെ ഉദരത്തിൽ ഉരുവായ ശിശുവിന്റെ *പർസോപാ* ആയിത്തീർന്നു. മനുഷ്യനെന്ന നിലയിൽ ഉയരം, വണ്ണം, നീളം, നിറം എന്നിങ്ങനെ മിശിഹായ്ക്കുള്ള ബാഹ്യഘടകങ്ങൾ ദൈവപുത്രന്റേതായി. ദൈവപുത്രൻ മാനുഷിക *പർസോപായിൽ* കൂടി മനുഷ്യർക്ക് വെളിപ്പെടുത്തുന്നു. ഈ മനുഷ്യപുത്രന്റെ വ്യക്തിത്വം ദൈവപുത്രന്റെ തന്നെ വ്യക്തിത്വമാണ്. ദൈവപുത്രൻ തന്നെ മനുഷ്യപുത്രനായി. തന്റെ വ്യക്തിത്വത്തിൽ യേശുമിശിഹാ ഏകനാണ്. എന്നാൽ അവിടുന്ന് പൂർണദൈവവും അതേസമയം പൂർണമനുഷ്യനുമാണ്.

സ്വഭാവങ്ങളുടെ *(ക്യാനാ)* തലത്തിലോ, *ക്നോമാകളുടെ* തലത്തിലോ അല്ല *പർസോപായുടെ (വ്യക്തിത്വത്തിന്റെ)* തലത്തിലാണ് ഐക്യം നടക്കുക. വചനമായ ദൈവം തന്റെ *പർസോപായിൽ* (വ്യക്തിത്വത്തിൽ) *മനുഷ്യ ക്നോമാ* സ്വീകരിച്ചു. രണ്ടു *ക്നോമാകൾ* യഥാർഥമായി പുത്രൻ തമ്പുരാനിൽ സ്ഥിതിചെയ്യുന്നു.

ഇതൊരു സംയോജനമാണ് (സ്യുനഫേയിയാ-നാഖീഫൂസാ) പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ഐക്യം സൂചിപ്പിക്കാൻ വി. ഗ്രിഗറി നസ്യാൻസൻ ഉപയോഗിച്ചിരിക്കുന്ന പദമാണിത്. ഐക്യവും അതേസമയം ഐക്യഘടകങ്ങളുടെ കലർപ്പു കൂടാതുള്ള അസ്തിത്വവും പ്രസ്പഷ്ടമാക്കാൻ *ഹെനോസിസ്* (ഐക്യം) എന്ന ഗ്രീക്കുപദത്തേക്കാൾ മെച്ചപ്പെട്ട പദമായി വി.ഗ്രിഗറി നസ്യാൻസൻ *സ്യുനഫേയ്യാ* (സംയോജനം)





എന്ന ഗ്രീക്കുപദം കണ്ടു. ഈ പദം തന്നെയാണ് അന്ത്യോക്യൻ കലാലയത്തിലെ പല ദൈവശാസ്ത്രജ്ഞന്മാരും ഉപയോഗിച്ചിരിക്കുന്നത്. *ഹെനോസിസ്* എന്ന പദം തള്ളിക്കളഞ്ഞു കൊണ്ടല്ല, പിന്നെയോ, ഈ പദത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ടാണ് അവർ ഇതിന് മുൻതൂക്കം കൊടുത്തത്. മിശിഹായിൽ അത്യഗാധമായ ഐക്യമുണ്ട്. എന്നാൽ മിശിഹായിലുള്ള ദ്വിത്വത്തെ ഇല്ലാതാക്കാൻ ഈ ഐക്യത്തിന് ഒരിക്കലും സാധ്യമല്ല.

ദൈവത്വവും മനുഷ്യത്വവും സമ്മിശ്രപ്പെടാതെ യോജിച്ചിരിക്കുന്നു. ഗാഢമായും അഭേദ്യമായും നിത്യമായും യോജിച്ചിരിക്കുന്ന ഐക്യമാണിത്. ആത്മാവിന്റെയും ശരീരത്തിന്റെയും ഐക്യത്തേക്കാൾ *(ഹെനോസിസ്)* ആഴമേറിയതാണിത്. ആത്മാവും ശരീരവും മരണത്തിൽ വേർപിരിയുന്നു. എന്നാൽ ഇവിടെയാകട്ടെ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ എന്നേക്കും (വല്ആലം) അവിഭാജ്യമാണ്. പുത്രനെന്നു പറഞ്ഞാലും മനുഷ്യനെന്നു പറഞ്ഞാലും എല്ലാം ഒരാൾ തന്നെ. ആദ്യജാതനും ഏകജാതനും മഹത്വത്തിന്റെ കർത്താവും ദാവീദിന്റെ പുത്രനും അത്യുന്നതന്റെ പുത്രനും എല്ലാം ഒരാൾ തന്നെ. എന്നാൽ ഒരേ രീതിയിൽ അല്ലെന്നു മാത്രം.

മറിയം ഈ ആളുടെ അമ്മയാണ്. മറിയം പ്രസവിച്ചത് ഈ ആളെ ആണ്. സ്പഷ്ടമായി ദൈവമാതാവ് *(യൽദാസ് ആലാഹാ)* എന്നു മാർ ബാബായ് പരിശുദ്ധ മറിയത്തെ വിളിക്കുന്നു. "ശിശു ഉദരത്തിൽ ആയിരുന്നപ്പോൾ മുതൽ അവൾ ദൈവമാതാവായി". "നമ്മുടെ മനുഷ്യത്വവുമായി ചേർന്ന ഐക്യംവഴി അവൾ ദൈവമാതാവായി". ''മനുഷ്യനുമായി ചേർന്നതിനാൽ അവൾ ദൈവമാതാവാണ്."[6]

*ദൈവമാതാവ്* എന്ന പ്രയോഗത്തോടൊപ്പം *മിശിഹായുടെ മാതാവ്* എന്ന പ്രയോഗവും ബാബായിയിലുണ്ട്. മിശിഹാ ദൈവവും മനുഷ്യനുമാണ്. ദൈവവും മനുഷ്യനുമായ യേശുമിശിഹായാണ് മറിയത്തിൽ നിന്നു ജനിച്ചത്. "മറിയം വെറുമൊരു മനുഷ്യനെ മാത്രം പ്രസവിച്ചു" എന്നു പറഞ്ഞാൽ സാമസോട്ടക്കാരൻ പൗലോസിന്റെ പാഷണ്ഡതയാകും. "സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളേ" എന്നു പിന്നെങ്ങനെ മറിയത്തെ വിളിക്കാൻ സാധിക്കും. "മറിയത്തിൽ നിന്ന് ഒന്നുമെടുക്കാതെ ഒരു കനാലിൽ കൂടി വെള്ളം പോകുന്നതുപോലെ അവളിൽകൂടി ദൈവപുത്രൻ കടന്നതേയുള്ളൂ" എന്നു പറഞ്ഞാൽ നമ്മുടെ രക്ഷ അർഥശൂന്യമാകും. മനിക്കേയരുടെ അഭക്തിയാണിത്. അക്കൂട്ടർ ദൈവമാതാവ് എന്നത് ഈ അർഥത്തിൽ മനസ്സിലാക്കുന്നു. അതുകൊണ്ട് ഇവ രണ്ടും ഒഴിവാക്കണം. മറിയം ദൈവമാതാവാണ്.

6. യൽദാസ് ആലാഹാ ദഹവാത് ലേ മെൻ ഗാവു മർബഅ (*LU*.100,4-5). യൽദാസ് ആലാഹാ ദേൻ മേഥൂൽ ഹദായൂതാ ദഹവാത് ലേ അം നാശൂതേ (*T. VI*. 264,27-28). യൽദാസ് ആലാഹാ ദേൻ മേഥൂൽ ദമ്ഹയെദ് ലബർനാശേ (*T VII*. 271, 28-29).

മനുഷ്യമാതാവുമാണ്. സ്വഭാവത്താല മനുഷ്യത്വം അവളിൽ നിന്ന് എടുത്ത തിനാൽ അവൾ മനുഷ്യന്റെ അമ്മയാണ്. ഉദരത്തിൽ വച്ചുതന്നെ മനുഷ്യത്വം ദൈവത്വവുമായി യോജിച്ചിരിക്കുന്നതിനാൽ, ഐക്യംവഴി അവൾ ദൈവമാ താവാണ്. രണ്ടും കൂടി ഉൾപ്പെടുത്തി *കർത്താവായ യേശുമിശിഹായുടെ അമ്മ* എന്നു പറഞ്ഞാൽ പൂർണമാകും. കാരണം, മിശിഹാ ദൈവവും മനുഷ്യനുമാണ്.[7]

ഇനി പൗരസ്ത്യസുറിയാനി സഭയുടെ ചില പ്രാർഥനകൾ കൂടി അപ ഗ്രഥിക്കാം.[8]

1. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഭാഗ്യവതിയായ നിന്റെ മാതാവിന്റെ പ്രാർഥനകളാകുന്ന അജയ്യവും ശക്തിമത്തുമായ ആയുധത്താൽ ഞങ്ങളെ ആയുധം ധരിപ്പിക്കണമെ. നിന്റെ സ്വർഗീയ മണവറയിൽ അവ ളോടുകൂടി ഞങ്ങൾക്കും ഓഹരിയും അവകാശവും നൽകണമെ. സകല ത്തിന്റെയും നാഥാ, എന്നേക്കും. ആമ്മീൻ.[9] – ഇവിടെ മിശിഹാകർത്താവിനെ *ഞങ്ങളുടെ ദൈവമേ* എന്നു വിളിച്ചിരിക്കുന്നു. മിശിഹാ ദൈവം നമ്മോടു കൂടെ – നമ്മുടെ ദൈവം, അമ്മാനുവേൽ–ആണ്. മറിയം നമ്മുടെ ദൈവ ത്തിന്റെ അമ്മയാണ്.

2. ദൈവത്തിന്റെ ഏകജാതനായ പുത്രൻ ഭൂമിയിലേക്ക് വന്ന് പ്രകൃത്യാതീതവും അസാധാരണവുമായ രീതിയിൽ കന്യകയിൽ നിന്നു ജനിച്ചു.[10] – ദൈവപുത്രൻ കന്യകയിൽ നിന്നു ജനിച്ചു. അവൾ ദൈവമാതാ വാണ് എന്നാണ് ഇതിന്റെ അർഥം.

3. വൃദ്ധനാകാത്ത ശിശുവിന്റെ മാതാവേ, നിനക്കു സ്വസ്തി.[11] – ശിശു വിന്റെ നിത്യത്വപ്പറ്റിയാണ് സൂചന. അതായത്, ശിശു ദൈവമാണ്. മറിയം നിത്യനായ ശിശുവിന്റെ മാതാവാണ്.

4. തന്റെ പിതാവ് സ്വർഗത്തിലും തന്റെ മാതാവ് ഭൂമിയിലും ആയിരി ക്കുന്ന അഗ്രാഹ്യശിശുവിന് സ്തുതി.–മറിയം ദൈവപുത്രന്റെ അമ്മയാണ് എന്നു സ്പഷ്ടം.

5. മാംസമായി തീരുകയും കന്യകയിൽ നിന്നു ജനിക്കുകയും ചെയ്ത വചനത്തിന് ഭാഗ്യം. രണ്ടു പ്രാവശ്യം ജനിച്ചവന് ഭാഗ്യം. നിത്യമായും മാനു

---

7. G.Chediath, The Christology of Mar Babai the Great, Kottayam, 1980.
8. P.J.Podipara, Mariology of the East, Kottayam, 1980, p.19-22.
9. *Ibid.* p.19
10. *Ibid.* p.19-20.
11. *Ibid.* p.20





ഷികമായും; ലോകങ്ങൾക്ക് മുമ്പ് നിത്യമായും, ഇന്ന് (ക്രിസ്മസ് ദിവസം) കാലത്തിലും.

മറിയം ദൈവപുത്രന്റെ അമ്മയാണെന്നാണ് ഈ പ്രാർഥനകളൊക്കെ പ്രഖ്യാപിക്കുന്നത്. ഇത് എഫേസോസിലെ പ്രബോധനം തന്നെയാണ്. മറിയം ദൈവമാതാവ് അല്ലാത്തതുകൊണ്ടല്ല ചില പൗരസ്ത്യക്രൈസ്ത വർ *ദൈവമാതാവ്* എന്നതിനേക്കാൾ *മിശിഹായുടെ മാതാവ്* എന്നു പറഞ്ഞി ട്ടുള്ളത്. ഡമാസ്കസിലെ ഏലിയാസ് (൭–൦ം നൂ.) ഇതിനൊരു വിശദീക രണം നൽകുന്നു:[12]

മിശിഹായുടെ ദൈവത്വം നിഷേധിച്ചുകൊണ്ടല്ല നെസ്തോറിയർ ദൈവ മാതാവ് എന്ന പേര് വ്യാപകമായി ഉയോഗിക്കാതിരിക്കുന്നത്. യുഗങ്ങളുടെ രാജാവായ വചനമായ ദൈവം കന്യകയിൽ വന്നിറങ്ങി വസിച്ചു. *ആലാഹാ (ദൈവം)* എന്ന മഹനീയനാമം ത്രിത്വത്തിലെ മൂന്നാളുകൾക്കും ഉപയോഗി ക്കാവുന്ന പദമാണ്. *മിശിഹാ* എന്നത് പുത്രനു മാത്രമുള്ളതുമാണ്. പിതാവിനും പരിശുദ്ധാത്മാവിനും പുത്രനെപ്പോലെ ജനനം ഉണ്ടെന്നു ധ്വനിക്കുന്ന പ്രസ്താവനയാണ് നാം പറയുന്നതെന്നു കരുതപ്പെടാം. പുത്രൻ മാത്രം ജനിച്ചു എന്നു വ്യക്തമാക്കാൻ *മിശിഹായുടെ മാതാവ്* എന്നു പറയുന്നതാകും ഭേദം. മിശിഹാ ദൈവമല്ലെന്നു പറയുകയല്ലിത്.

ഈ പ്രബോധനം ഒരിക്കലും നെസ്തോറിയനിസമല്ല. ഈ വിശദീകര ണത്തിന്റെ വെളിച്ചത്തിൽ പൗരസ്ത്യസുറിയാനിസഭയുടെ നെസ്തോറിയ നിസം വസ്തുനിഷ്ഠമായ ഒന്നല്ല എന്നത് സുവ്യക്തമാണ്.[13]

## *ഭാരതസഭയും നെസ്തോറിയനിസവും*

ഗോവൻ ആർച്ചുബിഷപ്പ് മെനെസിസാണ് മാർതോമാ ക്രിസ്ത്യാനികളെ കത്തോലിക്കർ ആക്കിയതെന്നാണ് ഗുവെയാ എന്ന പോർട്ടുഗീസ് ചരിത്ര കാരൻ രേഖപ്പെടുത്തിയിരിക്കുന്നത്.[14] ഗുവെയായെ ആശ്രയിച്ച് ഗ്രന്ഥങ്ങൾ തയാറാക്കിയവരെല്ലാം ഇത് ആവർത്തിച്ചിരിക്കുന്നു.[15] എന്നാൽ പേർഷ്യയിലെ പൗരസ്ത്യസുറിയാനിസഭയിലെ ആരാധനക്രമമാണ് ഇവിടെ പ്രയോഗത്തിൽ ഇരുന്നതെങ്കിൽ, ഭാരതത്തിലെ നസ്രാണികളെ *നെസ്തോറിയർ* എന്നു മുദ്ര കുത്താനാവില്ല.

---

12. ഡമാസ്കസിലെ (ജറുസലേമിലെ) ഏലിയാസ്.
13. P.J. Podipara, *Mariology*, 21
14. A.Gouvea, Jornada do arcebispo de Goa, Coimbra,1606.
15. ജെ. എഫ്. റൗളിൻ ഉദയംപേരൂർ സിനഡിന്റെ നടപടികൾ പോർട്ടുഗീസിൽ നിന്ന് ലത്തീനിലേക്ക് ഭാഷാന്തരം ചെയ്തു. ജൊർണാഡായുടെ ഒരു സംഗ്രഹവും ഈ കൃതിയിൽ കാണാം. *Historia Ecclesiae Malabaricae cum Diamperitana Synodo*, Roma,1745.

പരിശുദ്ധ കന്യകമറിയത്തെ പാടിപ്പുകഴ്ത്തുന്ന നിരവധി സ്തുതിപ്പു കൾ മലങ്കരയിലെ കൽദായ കാനോനാ നമസ്ക്കാരത്തിലുണ്ട്. *നമ്മുടെ കർത്താവിന്റെ അമ്മ, അമ്മാനുവേലായ ദൈവപുത്രനെ പ്രസവിച്ച മറിയം,* നമ്മുടെ രക്ഷകന്റെ അമ്മ, വചനമായ ദൈവത്തിന്റെ അമ്മ എന്നിപ്രകാര മുള്ള പ്രയോഗങ്ങൾ പ്രസ്തുത കാനോനാ നമസ്ക്കാരത്തിൽ സർവസാ ധാരണമാണ്.

ഫാ. ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് മിഷനറി വൈദികൻ (പിന്നീട് 1600-ൽ നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാൻ) 1586/7-ൽ *പൗരസ്ത്യ ഇൻഡ്യയിലെ നെസ്തോറിയരുടെ തെറ്റുകൾ* എന്ന പേരിൽ ഒരു ലേഖനം തയാറാക്കി. അന്ന് ഇവിടെയുണ്ടായിരുന്ന സുറിയാനി ഗ്രന്ഥ ങ്ങളിൽ നെസ്തോറിയൻ പാഷണ്ഡതകളെന്ന് റോസിന് തോന്നിയവയാ ണവ! റോസ് തന്റെ ലേഖനം ലത്തീനിലാണ് എഴുതിയത്. എന്നാൽ സുറി യാനി ഗ്രന്ഥങ്ങളിൽ നിന്ന് സുറിയാനിയിൽ ഉദ്ധരിക്കുകയും ലത്തീനിൽ വിവർത്തനം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവർത്തനങ്ങൾ ലത്തീൻ ദൈവശാസ്ത്ര പശ്ചാത്തലത്തിലുള്ള വിവർത്തനങ്ങളാണ്. റോസിന്റെ ലേഖനം പ്രസിദ്ധീകൃതമായിട്ടുണ്ട്.[16] റോസിന്റെ ലേഖനത്തിന്റെ മലയാള പരിഭാഷ അടുത്ത അധ്യായത്തിൽ ചേർത്തിട്ടുണ്ട്. റോസിന്റെ ലേഖനത്തെ മൂന്നായി തിരിക്കാം:

*1. വേദപുസ്തകത്തിൽ നെസ്തോറിയർ വരുത്തിയ തിരുത്തലുകൾ:* സുറിയാനി സഭയിൽ *പ്ശീത്താ* എന്നറിയപ്പെട്ടിരുന്ന സുറിയാനി വേദപു സ്തകമാണ് പ്രചരിച്ചിരുന്നത്. അത് *ലത്തീൻ വൾഗേറ്റിൽ* നിന്ന് കുറെ യൊക്കെ വ്യത്യസ്തമായിരുന്നു. റോസ് കണ്ട വ്യത്യാസങ്ങൾ നെസ്തോ റിയർ തിരുത്തിയവയല്ല, സുറിയാനി ബൈബിളിന്റെ പ്രത്യേകതകളാണ്.

*2. സുറിയാനി ആരാധനക്രമത്തിൽ നെസ്തോറിയസിനെയും തിയഡോ റിനെയും ദിയദോറിനെയും സ്തുതിക്കുന്നത്:* ഇത് നെസ്തോറിയനിസമല്ല. ജീവിതകാലത്ത് ഒരാൾപോലും തിയഡോറിന്റെയും ദിയദോറിന്റെയും സത്യ വിശ്വാസത്തെ ലവലേശം സംശയിച്ചിട്ടില്ല. പൗരസ്ത്യ സുറിയാനി സഭാപാ രമ്പര്യമനുസരിച്ച് അവരെ ഇവിടെയും വണങ്ങിയിരുന്നു എന്നു മാത്രം.

*3. ദൈവശാസ്ത്രകൃതികളിലെ തെറ്റുകൾ:* സ്കൊളാസ്റ്റിക് ദൈവശാ സ്ത്രചിന്താഗതിയുടെ വെളിച്ചത്തിൽ കണ്ടെത്തപ്പെട്ട *തെറ്റുകളാണവ.* സുറിയാനി പദങ്ങൾക്ക് സുറിയാനിസഭ കൊടുക്കാത്ത അർഥം കൊടുത്ത തിന്റെ ഫലമായി രൂപീകരിക്കപ്പെട്ട തെറ്റുകളാണവയൊക്കെ! അങ്ങനെയാണ് പൗരസ്ത്യ സഭയുടെ ദൈവശാസ്ത്രത്തിൽ റോസ് *നെസ്തോറിയനിസം* കണ്ടെത്തിയത്.

നെസ്തോറിയൻ തെറ്റുകൾ ഒക്കെ നിരത്തി വച്ചശേഷം റോസ് നൽകുന്ന ഒരു പ്രസ്താവന ഗാഢമായ ചിന്തയ്ക്ക് വിഷയീഭവിപ്പിക്കേണ്ടതാണ്. :

16. Roz, *De Erroribus*... in *OC.* XI.40 (1928)5-35 published by I.Hausherr; *CO.* 10/4 (1989)143-162 (English tr. by Fr. C.M.George).





*"ഇങ്ങനെയൊക്കെ ആണെങ്കിലും അവർ കന്യകമറിയത്തെ ദൈവമാ താവ് എന്നു പരസ്യമായി വിളിക്കുന്നു".*

ലത്തീൻ ഭാഷയിൽ നിന്ന് വ്യത്യസ്തമായതെന്തും പല പാശ്ചാത്യർക്കും പാഷണ്ഡത ആയിരുന്നു.; സുറിയാനിഭാഷ പാഷണ്ഡതയുടെ ഉറവിടവും. എന്നാൽ 16-ാം നൂറ്റാണ്ടിൽ ഇവിടെ ഉണ്ടായിരുന്ന പൗരസ്ത്യസുറിയാനി മെത്രാന്മാരായ മാർ യാക്കോബും മാർ യൗസേപ്പും മാർ അബ്രഹാമും കത്തോലിക്കരായിരുന്നു എന്നതിന് സ്പഷ്ടമായ ചരിത്രത്തെളിവുകളുണ്ട്. അവരായിരുന്നു നസ്രാണികളുടെ ആത്മീയപിതാക്കന്മാർ. ഭാരതത്തിലെ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടെന്ന് പാശ്ചാത്യർ പറഞ്ഞുപരത്തിയ നെസ്തോറിയനിസം പാശ്ചാത്യരുടെ ഭാവനാസൃഷ്ടിയാണ്. ഈ സഭ ഒരി ക്കലും നെസ്തോറിയൻ പാഷണ്ഡത അംഗീകരിച്ചിരുന്നില്ല. മിശിഹായുടെ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയായിരുന്നു മലങ്കരസഭ.

തെറ്റാണെന്ന് അറിഞ്ഞിട്ടും നിർബന്ധബുധ്യാ അബദ്ധത്തിൽ ഉറച്ചു നിൽക്കുന്നതാണല്ലോ പാഷണ്ഡത. സത്യവിശ്വാസം പാലിക്കണമെന്ന് ആഗ്രഹിക്കുകയും എന്നാൽ അറിവില്ലാതെ അബദ്ധങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നവർ പാഷണ്ഡതയിലല്ല. സഭാപ്രബോധനം സ്വീകരിക്കാൻ തയാ റുള്ളവൻ പാഷണ്ഡനേയല്ല. മലങ്കരസഭ ഒരുകാലത്തും പാഷണ്ഡതാമ നോഭാവം വച്ചുപുലർത്തിയില്ല. മറ്റു രാജ്യങ്ങളിലും സഭകളിലും ഉണ്ടായി രുന്ന ദൈവശാസ്ത്ര തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. അവ മലങ്കരസഭയ്ക്ക് അജ്ഞാതമായിരുന്നു എന്നതുകൊണ്ട് പാഷണ്ഡതയാകില്ല. മറിച്ച്, നെസ്തോറിയനിസത്തെ സ്പഷ്ടമായി നിഷേധിക്കുന്ന നിരവധി പ്രാർഥന കൾ ഇവിടുത്തെ ഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്നു.

പുസ്തകങ്ങളിൽ നെസ്തോറിയൻ പാഷണ്ഡത ഉണ്ടെങ്കിലും മലങ്ക രനസ്രാണികൾ കത്തോലിക്കാവിശ്വാസം പുലർത്തിയിരുന്നെന്നും മറിയത്തെ ദൈവമാതാവ് എന്ന് പരസ്യമായി വിളിച്ചിരുന്നെന്നും മിഷണറിയായ ഫാദർ റോസ് തന്നെ സാക്ഷിക്കുന്നു. മാർ തോമാശ്ലീഹായുടെ കാലം മുതൽ കത്തോലിക്കാവിശ്വാസം പുലർത്തിയിരുന്നെന്ന്, മലങ്കരസഭയുടെ മെത്രാ നായപ്പോൾ റോസ് തന്നെ 1601-ൽ ജസ്വിട്ട് ജനറലിന് എഴുതുന്നു. നെസ്തോ റിയൻ പാഷണ്ഡത ആരോപിച്ചത് ഇവിടെയുള്ള സുറിയാനി പുസ്തക ങ്ങൾ നശിപ്പിക്കുന്നതിനും പൗരസ്ത്യ സുറിയാനിസഭയിൽ നിന്ന് മേലാൽ മെത്രാന്മാർ വരാതിരിക്കുന്നതിനും ഈ അപ്പസ്തോലികസഭയിൽ ലത്തീൻ ഭരണം നടപ്പാക്കി ലത്തീൻസഭയുടെ ഭാഗമാക്കുന്നതിനുമുള്ള തന്ത്രമായി രുന്നു. പേർഷ്യയിൽനിന്നു കൊണ്ടുവന്ന പുസ്തകങ്ങളിൽ ഉണ്ടായിരുന്ന ചില നാമങ്ങൾ-ദിയദോർ, തിയഡോർ, നെസ്തോറിയുസ്-ആരാധനാവസരം നസ്രാണികൾ ചൊല്ലിയിരുന്നില്ലെന്നും റോസ് തന്നെ സാക്ഷിക്കുമ്പോൾ,[17] നെസ്തോറിയനിസം കെട്ടിയേൽപ്പിക്കുന്നതിന്റെ അസാംഗത്യം ഊഹിക്കാ വുന്നതേയുള്ളു.

17. Roz, *De Erroribus*..., 21.

# 6

# റോസ്, ദെ എറോരിബുസ് നെസ്തോറിയനോരും[1]

## പൗരസ്ത്യ ഇൻഡ്യയിൽ പാർക്കുന്ന നെസ്തോറിയരുടെ തെറ്റുകളെപ്പറ്റി: റോസ് എസ്.ജെ.

A. പൗരസ്ത്യ ഇൻഡ്യയിൽ പാർക്കുന്ന നെസ്തോറിയർ റോമൻ കത്തോലിക്കാവിശ്വാസം പ്രഖ്യാപിച്ചിരുന്നെങ്കിലും, അവരുടെ ഗ്രന്ഥങ്ങളിൽ നെസ്തോറിയുസിന്റെയും തർസോസിലെ ദിയദോറിന്റെയും മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെയും തത്വങ്ങൾ ധാരാളമായുണ്ട്. ഈ പ്രദേശത്തെ ആർച്ചുബിഷപ്പായ മാർ അബ്രഹാം റോമൻ കത്തോലിക്കാവിശ്വാസവും നെസ്തോറിയൻ തത്വങ്ങളും അറിയാവുന്ന ആളാണ്. അദ്ദേഹത്തിന് ഈ വിശ്വാസങ്ങളിൽ നിന്ന് രക്ഷപെടാൻ സാധിക്കാഞ്ഞതിനാൽ, വളരെയധികം പാഷണ്ഡത മണക്കുന്നതായി തോന്നുന്നു. അദ്ദേഹം ഗോവായിൽ ആയിരുന്നപ്പോൾ സുറിയാനി പുസ്തകങ്ങൾ തിരുത്താമെന്ന് വാഗ്ദാനം ചെയ്യുകയും ആണയിട്ട് ഈ വാഗ്ദാനം ഉറപ്പിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം ആഘോഷപൂർവമായ ഈ വാഗ്ദാനത്തിൽ നിന്ന് വഴുതിമാറി. ഇതൊട്ടും പരിഗണിക്കുന്നുമില്ല. അദ്ദേഹത്തിന് സാവധാനം സുബോധം വന്ന് തന്റെ ഹൃദയത്തിലും വാക്കിലും പ്രവൃത്തിയിലും കത്തോലിക്കാവിശ്വാസം സ്വീകരിക്കാൻ സർവശക്തനായ ദൈവം ഇടയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എന്നെ സംബന്ധിച്ച്, എന്റെ കർത്തവ്യത്തോട് നീതി പുലർത്താനായി, നെസ്തോറിയൻ തത്വങ്ങൾ ഉണ്ടെന്നു സംശയിക്കപ്പെടുന്ന ഭാഗങ്ങൾ സുറിയാനിയിൽ നിന്ന് ലത്തീനിലേക്ക് ഞാൻ വിശ്വസ്തതാപൂർവം വിവർത്തനം ചെയ്യാം. അത് മുഴുവനായിട്ടല്ല, പിന്നെയോ, പരസ്യമായിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്ന് ഒളിച്ചും പാത്തും പകർത്തിയെഴുതാൻ എനിക്കു സാധിച്ചവ മാത്രം. എന്നാൽ ഞാൻ എന്റെ കർത്തവ്യത്തിലേക്ക് കടക്കുന്നതിനു മുമ്പ്, സുറി

1. Roz, *De Erroribus...* , in *OC* XI /40 (1928) 5-35. For the English tr. *CO* 10/4 (1989) 143-162.





യാനി ഗ്രന്ഥങ്ങളിൽ നിന്ന് ഞാൻ ശേഖരിച്ചതിന്റെ വെളിച്ചത്തിൽ നെസ്തോറിയൻ പാഷൺഡത എന്താണെന്ന് ചുരുക്കി വിവരിക്കാം.

B. വചനത്തിന്റെ അവതാരം സംബന്ധിച്ച് ഏറ്റവും അഭക്തമായി പ്രതിപാദിക്കുന്ന ഏതോ നെസ്തോറിയന്റെ ചെറിയ സുറിയാനി പുസ്തകം മുഴുവൻ ഞാൻ വായിച്ചു. തിരുഅവതാര രഹസ്യം തന്റേതായ രീതിയിൽ പ്രതിപാദിക്കുന്ന നെസ്തോറിയുസിന്റെ കൃതികളുടെ ചില ഭാഗങ്ങളും ഞാൻ വായിച്ചു. ഈ കാര്യം സംബന്ധിച്ച് ആർച്ചുബിഷപ്പ് തർക്കിക്കുന്നതായും ഞാൻ കേൾക്കുകയുണ്ടായി. ഇവയിൽ നിന്നെല്ലാം ഇപ്രകാരം സമാഹരിക്കാം:

ഒന്നാമത്, നമ്മുടെ കർത്താവായ മിശിഹായിൽ ദൈവികം, മാനുഷികം എന്ന് രണ്ട് *സുപ്പോസിത്താ*[2] ഉണ്ട്; അതുപോലെ ദൈവത്തിന്റെയും മനുഷ്യന്റേയുമായി രണ്ട് സ്വഭാവങ്ങളുമുണ്ട്. ഇവയെ ഇവർ മിശിഹാ, പുത്രൻ എന്നീ പേരുകൾ ചൊല്ലി വിളിക്കുന്നു. അവ ഈ രണ്ട് *സുപ്പോസിത്തായെ* സൂചിപ്പിക്കുന്നു. എന്നാൽ ഈശോ, എമ്മാനുവേൽ, മനുഷ്യപുത്രൻ എന്നീ പേരുകൾ മാനുഷിക *സുപ്പോസിത്തുമിനെ* മാത്രം സൂചിപ്പിക്കുന്നു. വചനമായ ദൈവം എന്ന നാമം ദൈവിക *സുപ്പോസിത്തും* മാത്രം സൂചിപ്പിക്കുന്നു. കൂടാതെ ആ മാനുഷിക *സുപ്പോസിത്തും* മറ്റൊരു *സുപ്പോസിത്തുമിന്റെ* ആലയവും വചനമായ ദൈവത്തിന്റെ വാസസ്ഥലവുമാണ്. ആ മാനുഷിക *സുപ്പോസിത്തും* വചനമായ ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്നത് സ്നേഹം, കൃപ, ഉപവി, ശക്തി എന്നിവ വഴിയാണ്. വചനത്തോടുകൂടെ ഒരേസമയം അത് ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു.

ദൈവത്തിന്റെ ബാഹ്യകർമങ്ങളെല്ലാം ത്രിത്വത്തിന് മൊത്തത്തിൽ പൊതുവാകയാൽ, (അവർ പറയുന്നതനുസരിച്ച്) മനുഷ്യാവതാരം പിതാവിനും

2. *Supposita:* സുറിയാനി ഭാഷയിലെ ക്നോമാ (ക്നൂമാ) എന്ന പദമാണ് റോസ് *Suppositum* എന്നു ലത്തീനിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നത്. യഥാർഥമായി സ്ഥിതിചെയ്യുന്നത്, വസ്തുനിഷ്ഠമായി സ്ഥിതിചെയ്യുന്നത് എന്ന അർഥമാണ് ക്നോമായ്ക്ക് പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ ഉള്ളത്. യേശുമിശിഹായിൽ രണ്ട് ക്നോമാ ഉണ്ടെന്നു പറഞ്ഞാൽ യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും സത്യമായും യഥാർഥമായും വസ്തുനിഷ്ഠമായും സ്ഥിതിചെയ്യുന്നു എന്നാണർഥം. അതായത്, നമ്മുടെ കർത്താവായ യേശുമിശിഹാ സത്യമായും ദൈവവും മനുഷ്യനുമാണ്. എന്നാൽ *Suppositum* എന്ന ലത്തീൻ പദത്തിന് ക്നോമായുടെ അർഥമല്ല. മിശിഹായുടെ മനഷ്യത്വവും ദൈവത്വവും പൂർണമാണ്. എന്നാൽ ലത്തീൻ ദൈവശാസ്ത്രമനുസരിച്ച് മിശിഹായിൽ ഒരു *Suppositum* മാത്രമേയുള്ളു (St.Thomas, *Quod libetum* IX.art.3.) *The Latin Suppositum is destinctum subsistens in aliqua natura.* ഈ ലേഖനത്തിൽ ഉടനീളം റോസ് ക്നോമാ എന്ന പദം *Suppositum* എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. സ്കൊളാസ്റ്റിക് ദൈവശാസ്ത്രമനുസരിച്ച് രണ്ട് സുപ്പോസിതാ ഉണ്ടെന്നു പറയുന്നത് തെറ്റാണ്. അപ്രകാരമാണ് റോസ് നെസ്തോറിയനിസം കണ്ടുപിടിച്ചത്.

പുത്രനും പരിശുദ്ധാത്മാവിനും പൊതുവായിട്ടുള്ളതാണ്. ഇക്കാരണത്താൽ പിതാവും പുത്രനും പരിശുദ്ധാത്മാവും സത്യമായി അവതരിച്ചു എന്നും ആ മനുഷ്യൻ ത്രിത്വം മുഴുവന്റെയും ആലയമാണെന്നും പറയാൻ അവർക്ക് ഭയമില്ല. കൂടാതെ ഈ രണ്ടു *സുപ്പോസിത്തായും* ഏകയാളിൽ ഐക്യപ്പെട്ടിരിക്കുന്നു എന്നും അവർ പ്രഖ്യാപിക്കുന്നു. എന്നാൽ *പേർസോണാ*[3] എന്ന് ഈ സുറിയാനിക്കാർ പറയുമ്പോൾ എന്താണ് അർഥമാക്കുന്നതെന്ന് കേൾക്കുന്നത് പ്രയോജനകരമയിരിക്കും.[4]

1. "*പർസോപാ, ക്നോമാ* പോലെ സ്ഥിരമല്ല. അത് കൊടുക്കപ്പെടുകയും എടുക്കപ്പെടുകയും ചെയ്യുന്നു; മെഴുവിൽ മുദ്ര പോലെയും നാണയത്തിൽ രാജാവിന്റെ പ്രതിഛായ പോലെയും. കാരണം, പ്രതിഛായയും *പർസോപ്പാ* എന്നു വിളിക്കപ്പെടുന്നു. അതുകൊണ്ട് പൗലോസിന്റെ *പർസോപാ* പത്രോസ് എടുക്കുന്നു."

അതിനാൽ *പേർസോണാ* എന്നതുകൊണ്ട് അവർ രൂപം അല്ലെങ്കിൽ സാദൃശ്യം എന്നേ മനസ്സിലാക്കുന്നുള്ളു എന്നു വ്യക്തമാണല്ലോ.

2. ഇപ്രകാരം തിരുഅവതാര രഹസ്യത്തിൽ ഈ രണ്ട് *സുപ്പോസിത്തായും* ഐക്യപ്പെട്ടിരിക്കുന്ന ആളിനെ സുറിയാനിയിൽ അവർ വിളിക്കുന്നത് *പർസോപാ ദമ്ദബറാനൂസാ* എന്നാണ്.

അതായത്, *വ്യാപാരത്തിന്റെ അഥവാ സംഭാഷണത്തിന്റെ ആളത്വം.* വ്യാപാര രഹസ്യമനുസരിച്ച്, മിശിഹായുടെ എല്ലാ പ്രവർത്തനങ്ങളും – എല്ലാം എന്നു ഞാൻ പറയുന്നു – സംഭാഷണത്തിന്റെയും മിശിഹായുടെ ജീവന്റെയും ഏക ആളിന്റേതായി അവർ തറപ്പിച്ചു പറയുന്നു. ഈ ഏകയാളിന്റെ ദൈവികവും മാനുഷികവുമായ ഈ രണ്ട് *സുപ്പോസിത്താ* തന്റെ ഇച്ഛയാലും ശക്തിയാലും ഐക്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെയും മനുഷ്യന്റെയും ഇഛകൾ, മിശിഹായുടെ ഈ പ്രവർത്തനങ്ങളെല്ലാം ഒന്നിച്ചു ചേർത്തു എന്നല്ലാതെ മറ്റൊന്നുമല്ല അവർ പറയുന്നത്. അതുകൊണ്ട് *പുത്രത്വത്തിന്റെ ഏക ആളത്വം*[5] എന്നു കേൾക്കുമ്പോൾ, അവർ സത്യം എത്തിപ്പിടിച്ചു എന്ന് കരുതരുത്. കാരണം, *ഏകയാൾ* എന്ന് അവർ പറയുന്നത് മിശിഹായുടെ എല്ലാ പ്രവർത്തനങ്ങളും ഒന്നിച്ചാണ്. ഇപ്രകാരം പരിഗണിച്ച് അവർ ഒരിക്കലും ജനനവും മരണവും ദൈവത്തിലാരോപിക്കാത, മിശിഹാ എന്നോ, പുത്രനെന്നോ, എമ്മാനുവേൽ എന്നോ ആണ് പറയാറുള്ളത്. കാരണം, ഞാൻ പറഞ്ഞതുപോലെ, മിശിഹാ എന്ന നാമം ഈ രണ്ടു *സുപ്പോസിതായെ* സൂചിപ്പിക്കുന്നു. അതുകൊണ്ട്, ഏറ്റവും ഭാഗ്യവ

3. Persona: വ്യക്തിത്വത്തെ കുറിക്കുന്ന പദം
4. റോസ് സുറിയാനിയിൽ ഉദ്ധരിച്ചിട്ട് ലത്തീനിൽ അർഥം നൽകുന്നു.
5. പർസോപാ ദബ്രൂസാ





തിയായ കന്യക, *മിശിഹായെ പ്രസവിച്ചു* എന്ന് അവർ പറയുമ്പോൾ, അവർ ആ ജനനം മാനുഷിക *സുപ്പോസിത്തും* ആയിട്ടാണ് ബന്ധപ്പെടുത്തുന്നത്. അതുപോലെ മിശിഹായുടെ മരണത്തെപ്പറ്റി പറയുമ്പോൾ, ഈ രീതിയിൽ തന്നെ അവർ മനസ്സിലാക്കുന്നു. മരണവും രക്തംചിന്തലും ദൈവത്തിന് ആരോപിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങളിൽ കാണുന്ന *ദൈവം* എന്ന പദപ്രയോഗം കൊണ്ട് മറ്റേതോ നാമമാണുദ്ദേശിക്കുക. താഴെ നൽകുന്ന ചർച്ചയിൽ നിന്ന് ഇത് സുവ്യക്തമാകും.

*ദൈവം മരിച്ചു* എന്ന് ഏതെങ്കിലും തരത്തിൽ പ്രഖ്യാപിക്കുന്നു എന്ന് വരാതിരിക്കാൻ, 'അവർ ഇത് അറിഞ്ഞിരുന്നെങ്കിൽ, മഹത്വത്തിന്റെ കർത്താവിനെ കുരിശിൽ തറയ്ക്കുകയില്ലായിരുന്നു'[6] എന്ന വി. പൗലോസിന്റെ വാചകം താഴെ പറയുന്ന രീതിയിൽ അവർ വ്യാഖ്യാനിക്കുന്നു: ഈ വാക്കുകളിലൂടെ പീഡാനുഭവനാമം ഉയർത്തിക്കാട്ടാൻ വി.പൗലോസ് ആഗ്രഹിച്ചു. അതിനു വേണ്ടി അവന് ഒരു ദിവ്യആളത്വം ആരോപിച്ചു. യാഥാർഥ്യത്തിലല്ല, പിന്നെയോ പേരിൽ മാത്രം.

ഈ പാഷണ്ഡത വ്യക്തമാക്കാനായി, എന്റെ അഭിപ്രായമായിട്ടല്ല, സുറിയാനി ഗ്രന്ഥങ്ങളിൽ കാണുന്നതുപോലെ ഈ സംഗതികളെല്ലാം ചുരുക്കമായി ഞാൻ വിവരിച്ചിരിക്കുന്നു.

മാർ തോമാ ക്രിസ്ത്യാനികളുടെ സുറിയാനി പതിപ്പുകളിൽ കണ്ടതും നെസ്തോറിയുസിന്റെ പാഷൺഡത നിമിത്തം തിരുത്തപ്പെട്ടതുമായ അഞ്ച് വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ:

ഒന്നാമതായി, കാൽസിഡൺ കൗൺസിൽ പ്രഖ്യാപിച്ചതുപോലെ യോഹന്നാന്റെ ഒന്നാം ലേഖനത്തിലെ ഒരു വാചകം മുഴുവൻ നെസ്തോറിയുസ് മായിച്ചുകളഞ്ഞു. അതിപ്രകാരമാണ്:

3. "യേശുവിനെ വിഭജിക്കുന്നവൻ ദൈവത്തിൽ നിന്നല്ല, പിന്നെയോ അവൻ എതിർ ക്രിസ്തുവാണ്."[7]

ഈ വാചകം സുറിയാനിയിൽ ഇല്ല. കൂടാതെ എബ്രായലേഖനത്തിൽ[8] അയാൾ ഇപ്രകാരം സ്വന്തമായി കൂട്ടിച്ചേർത്തു:

4. 'താൻ സഹിച്ച മരണത്താൽ മഹത്വത്താലും ബഹുമാനത്താലും കിരീടം ധരിപ്പിക്കപ്പെട്ട യേശുവിനെത്തന്നെ നാം കാണുന്നു. അവൻ ദൈവം ഒഴികെ എല്ലാവർക്കും വേണ്ടി മരണം ആസ്വദിച്ചു.'

6. 1കൊറി.2,8
7. 1യോഹ.4,3: ഈ വാചകം ഇവിടുത്തെ സുറിയാനി ഗ്രന്ഥങ്ങളിൽ ഇല്ലായിരുന്നോ എന്ന് പരിശോധിച്ച് തെളിയിക്കാൻ സാധ്യമല്ല.
8. എബ്രാ.2,9

യേശുവിനെ ദൈവത്തിൽ നിന്നും ദൈവത്തെ യേശുവിൽ നിന്നും വേർതിരിച്ചുകൊണ്ട് മിശിഹായിൽ രണ്ടു *സുപ്പോസിത്താ* വയ്ക്കുവാൻ ആഗ്രഹിച്ചുകൊണ്ട് ഏതോ നെസ്തോറിയൻ വി. പൗലോസിൽ ഇപ്രകാരം തിരുത്തൽ വരുത്തി എന്നത് വ്യക്തമാണ്; വാസ്തവത്തിൽ രണ്ടു *സുപ്പോസിത്താ* ഇല്ല. വചനമായ ദൈവത്തിന്റെ ഏക *സുപ്പസിതും* മാത്രമേയുള്ളു.[9]

5. വീണ്ടും, ശ്ലീഹന്മാരുടെ നടപടിയിൽ[10]:

'ആകയാൽ നിങ്ങളെപ്പറ്റിയും അജഗണം മുഴുവനെപ്പറ്റിയും ജാഗരൂകരായിരിക്കുവിൻ. മിശിഹാ സ്വന്തം രക്തംകൊണ്ടു നേടിയ സഭയെ മേയിക്കാൻ പരിശുദ്ധാത്മാവ് നിങ്ങളെ മെത്രാന്മാരായി നിയമിച്ചിരിക്കുന്നു.'

*ദൈവം മരിച്ചു* എന്നു പറയുന്നത് ഒഴിവാക്കാൻ *ദൈവം* എന്നുള്ളിടത്ത് നാം വായിക്കുന്നതുപോലെ, അവർ *മിശിഹാ* എന്ന് എഴുതി. ദൈവം മറിയത്തിൽ നിന്ന് ജനിച്ചു എന്നു പ്രഖ്യാപിക്കാതെ *മിശിഹാ*[11] ജനിച്ചു എന്നു പറയുന്നതു പോലെയാണിത്. അതുകൊണ്ട്, "കന്യക ദൈവമാതാവല്ല, മിശിഹായുടെ മാതാവാണ് "എന്ന് അവർ പറയുന്നു.

6. ഫിലിപ്യർക്കുള്ള ലേഖനത്തിൽ ഇപ്രകാരം വായിക്കുന്നു[12]:

"ദൈവത്തിന്റെ സാദൃശ്യത്തിൽ ആയിരുന്നവൻ ദൈവത്തിനു തുല്യനാണെന്നുള്ളത് അപഹരണമായി ഗണിച്ചില്ല"

നാം വായിക്കുന്നു, "ദൈവത്തിനു തുല്യനായി തീരുക." അവരാകട്ടെ, യേശുവിനെ ദൈവത്തിന്റെ ആലയം എന്നു പറയുന്നതിനാൽ, ദൈവത്തിനു തുല്യൻ എന്നല്ല, സദൃശ്യൻ[13] എന്നേ പരിഗണിക്കുന്നുള്ളു.

7. വീണ്ടും, യോഹന്നാന്റെ ഒന്നാംലേഖനത്തി[14] താഴെപ്പറയുന്ന വാചകത്തിൽ നിന്ന് *ദൈവം* എന്ന നാമം അവർ നീക്കിക്കളഞ്ഞു.

"അവൻ നമുക്ക് തന്റെ ആത്മാവിനെ നൽകിയതിൽ നിന്ന് നമ്മോടുള്ള അവന്റെ സ്നേഹം നാം മനസ്സിലാക്കുന്നു."

*ദൈവത്തിന്റെ സ്നേഹം* എന്നു നാം വായിക്കുന്നിടത്ത് *അവന്റെ സ്നേഹം* എന്ന് അവർ പറയുന്നു. അതുവഴി അവർ മിശിഹായുടെ മാനുഷിക

9. ഇത് നെസ്തോറിയർ തിരുത്തിയതല്ല; ചില കൈയെഴുത്തുപ്രതികളിലെ പാഠഭേദമാണ്.
10. നടപടി, 20,28
11. മിശിഹാ എന്നത് പ്ശീത്തായിലെ പാഠഭേദമാണ്. നെസ്തോറിയർ തിരുത്തിയതല്ല.
12. ഫിലി.2,6
13. *പെഹമാ* എന്നത് പ്ശീത്താ പാഠഭേദമാണ്. നെസ്തോറിയർ തിരുത്തിയതല്ല.
14. 1 യോഹ.4,13





*സുപ്പോസിതുമിനെയത്രേ* പരാമർശിക്കുന്നത്. നാം മുകളിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അനുസരിച്ച്, 'ദൈവം തന്റെ ആത്മാവിനെ നമുക്കായി നൽകി' എന്നു പറയാതിരിക്കാനാണിത്.

8. വീണ്ടും, യോഹന്നാന്റെ അതേ ലേഖനത്തിൽ[15] താഴെപ്പറയുന്ന വാചകം സുറിയാനിയിൽ ഇല്ല: "സ്വർഗത്തിൽ സാക്ഷ്യം വഹിക്കുന്നവർ മൂന്ന്. പിതാവ്, വചനം, പരിശുദ്ധാത്മാവ്. ഇവ മൂന്നും ഒന്നാകുന്നു."

അവരുടെ ചില പരസ്യഗ്രന്ഥങ്ങളിൽ നിന്ന് താഴെപ്പറയുന്നവ ഞാൻ ഗോപ്യമായി പകർത്തി; അവർ അവരുടെ രഹസ്യ ഗ്രന്ഥങ്ങളിൽ നിന്നു പകർത്താൻ എന്നെ അനുവദിച്ചില്ല.[16]

9. "*ദൈവം മരിച്ചു* എന്ന് ഏത് ശ്ലീഹായാണ് പറഞ്ഞിരിക്കുന്നത്? പൂർണമായി ഇത് കാണിച്ചുതരാൻ ആർക്കും കഴിയുകയില്ല. അക്കാരണത്താൽ, ഭാഗ്യവതിയായ മറിയത്തിൽ നിന്ന് *ദൈവം പിറന്നു* എന്ന് ഞങ്ങൾ പറയാറില്ല. അവൾ ദൈവത്തെ പ്രസവിച്ചെങ്കിൽ, ദൈവം മരിക്കുകയും ചെയ്തു. ജനിക്കുന്നവൻ മരിക്കുന്നു എന്ന് യൂദരും വിജാതിയരും പറയാതിരിക്കാനാണിത്. എന്നാൽ അവൾ *മിശിഹായെ* പ്രസവിച്ചു. അവിടുന്ന് ദൈവമാണ്. 'അവിടുന്ന് ശരീരത്തിൽ മരിച്ചെങ്കിലും ആത്മാവിൽ ജീവിക്കുന്നു' എന്നു ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഇപ്രകാരം തന്നെയാണ് മംഗളവാർത്തയുടെ അവസരം ദൂതൻ അവളെ അഭിസംബോധന ചെയ്തുപറഞ്ഞതും. 'ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം.' യോഹന്നാൻ പറയുന്നു: 'ഗലീലിയിലെ കാനായിൽ ഒരു വിരുന്നുണ്ടായിരുന്നു. യേശുവിന്റെ അമ്മയും അവിടെ ഉണ്ടായിരുന്നു.' ദൈവത്തിന്റെ അമ്മയും അവിടെ കാണപ്പെട്ടു എന്ന് അവൻ പറയുന്നില്ല. 'ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നു ജനിച്ചു' എന്നാണ് പൗലോസും പറയുന്നത്. ദൈവം ദൈവത്തെ അയച്ചു എന്ന് അവൻ പറയുന്നില്ല. കാരണം, ദൈവം തന്റെ വചനത്തെ അയച്ചില്ല. എന്തുകൊണ്ടെന്നാൽ വചനത്തിന്റെ ക്നോമാ അയക്കപ്പെട്ടില്ല. ആയതിനാൽ അവൻ സത്തയിൽ തന്റെ പിതാവിന് തുല്യനാണ്. ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു."

ഇവ അവിടെ ഉള്ളതാണ്. ഒരു വൃദ്ധപുരോഹിതന്റെ പക്കൽ ഞാൻ അവ കണ്ടു. അയാളുടെ അജ്ഞതയാൽ അയാൾ ഇവയ്ക്ക് വലിയ പ്രധാന്യം കൊടുത്തിരുന്നു.

**ഇങ്ങനെയൊക്കെ ആണെങ്കിലും ഭാഗ്യവതിയായ കന്യകയെ അവർ പരസ്യമായി ദൈവമാതാവ് എന്ന് പ്രഘോഷിക്കുന്നു.**

15. 1 യോഹ.5,8. ഇതും പ്ശീത്തായിൽ ഇല്ല.
16. റോസ് ആദ്യം സുറിയാനിയിലും പിന്നെ ലത്തീനിലും കൊടുക്കുന്നു.

എങ്കിലും, എനിക്ക് തെറ്റുപറ്റിയിട്ടില്ലെങ്കിൽ, അവരുടെ രഹസ്യഗ്രന്ഥ ങ്ങളിൽ ഇതും മറ്റു സംഗതികളും കണ്ടേക്കാം. ഈ സഭയുടെ പരസ്യഗ്ര ന്ഥങ്ങളിൽ നിന്നെടുത്ത, താഴെപ്പറയുന്ന ഭാഗം വായിക്കാൻ ഞാൻ അപേ ക്ഷിക്കുന്നു. അവ പരസ്യമായി വായിച്ചാൽ ഇവയെല്ലാം അവർ കണ്ടെത്തും. ഒരുപക്ഷേ ആർച്ചുബിഷപ്പിന്റെയും മറ്റുള്ളവരുടെയും രഹസ്യഗ്രന്ഥങ്ങളിൽ ഇതിനേക്കാൾ മോശമായ കാര്യങ്ങൾ കാണാനിടയുണ്ട്.

ആഗമനകാലത്തെ ആദ്യ ഞായറാഴ്ചയിലെ ഗീതത്തിൽ നിന്ന്:

10. "പുരുഷസംസർഗം കൂടാതെ മറിയം ദൈവത്തിന്റെ പുത്രനായ അമ്മാ നുവേലിനെ പ്രസവിച്ചു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവളിൽ നിന്ന് പരിശുദ്ധാത്മാവ് ഐക്യപ്പെട്ട ശരീരം മെനഞ്ഞു. ഒരേ പുത്രത്വത്തിൽ അത് പിതാവിന്റെ കിരണത്തിന് വാസസ്ഥലവും ആരാധ്യമായ ഹൈക്കലായും ആയിത്തീരാനായിരുന്നു. അത്ഭുതകരമായ ഗർഭധാരണത്തിന്റെ ആരംഭം മുതൽ ഒരേ ബഹുമാനത്തിൽ അവൻ അതിനെ തന്നോട് ചേർത്തു. ഏക പുത്രത്വത്തിന്റെ ഏക പർസോപായിൽ തങ്ങളുടെ ക്നോമാകളിൽ സ്വഭാവ ങ്ങൾ സംരക്ഷിക്കപ്പെടുന്നു."

ഇവ അവിടെ ഉള്ളതാണ്. ഇതാ, രണ്ടു *ഹ്യുപോസ്റ്റാസെസ്.*[17] ഇതാ, ബഹുമാനത്തിലുള്ള ഐക്യം. ഇതാ, മറിയം മാനുഷിക *സുപ്പോസിതുമായ* അമ്മാനുവേലിനെ പ്രസവിച്ചെന്ന് അവർ പറയുന്നു.

യൽദായ്ക്ക്:

11. "മാലാഖമാർ നിന്നെ കർത്താവെന്നു വിളിച്ചു. ഇടയന്മാർ നിനക്ക് ശിശു എന്നു പേരിട്ടു. പേർഷ്യാക്കാർ നിന്നെ രാജാവെന്നു വിളിച്ചു. ദൈവ മായ മിശിഹായേ, എല്ലാറ്റിലും ഉപരി ഏകപുത്രത്വത്തിൽ രണ്ടു *ക്നോമാ കളും* രണ്ടു സ്വഭാവങ്ങളുമുള്ള നിന്റെ നിഗൂഢ വിശുദ്ധിയുടെ രഹസ്യങ്ങളെ ഞങ്ങൾ ആരാധിക്കുന്നു."

ഇവ അവിടെ ഉള്ളതാണ്. അവർ മിശിഹായെ യേശുവും അമ്മാനു വേലും ആയ ദൈവമെന്നു വിളിക്കുന്നു. ദൈവമെന്നല്ല, പിന്നെയോ, ദൈവ ത്തിന്റെ ആലയമെന്നാണ് വിളിക്കുന്നത്.

വീണ്ടും, മറ്റൊരു ഗീതത്തിൽ:

12. "തന്റെ ദൈവിക ക്നോമായുടെ മഹനീയമായ മിന്നൽപ്പിണറിനാൽ തന്റെ മാനുഷിക ക്നോമായുടെ വിളക്കിനെ പ്രകാശിപ്പിച്ചവൻ" – അല്ലെ ങ്കിൽ "വിളക്കു കത്തിച്ചവൻ"....കാരണം *അനഹർ* എന്ന വാക്ക് ഇവയെല്ലാം അർഥമാക്കുന്നു.

17. *hypostasis*: ആളത്വം (വ്യക്തിത്വം) എന്ന അർഥമാണ് പാശ്ചാത്യദൈവശാസ്ത്ര ത്തിൽ ഈ പദത്തിനുള്ളത്.





കൂടാതെ കത്തോലിക്കർക്കെതിരായി കർതൃദിനത്തിൽ അവർ ഇപ്രകാരം പാടുന്നു:

13. "അഭക്തരേ, അതിപ്രകാരമല്ല, ലിഖിതങ്ങളോ ദൈവശക്തിയോ മന സ്സിലാക്കാത്തതിനാൽ നിങ്ങൾക്ക് തെറ്റുപറ്റുന്നു. നിങ്ങൾ ചിന്തിക്കുന്നതു പോലെ ദൈവികസത്ത[18] മാതാവിന്റെ ഉദരത്തിൽ ജഡമായി തീർന്നില്ല. തന്റെ ദർശനത്താൽ മനുഷ്യകുലം മുഴുവൻ നശിച്ചു പോകാതിരിക്കാനായി, തന്റെ ശോഭ വെളിപ്പെടുത്താൻ താൻ തെരഞ്ഞെടുത്ത വാസസ്ഥലമാണിത്."

വീണ്ടും:

14. "ദാവീദിന്റെ മകളായ മറിയം അത്ഭുതശിശുവിനെ പ്രസവിച്ചു. അവൻ ഏക പർസോപായിൽ മിശിഹായും അതിപാവനനും അത്യുന്നതന്റെ ശക്തിയും ആലയവും അതിന്റെ പണിക്കാരനും വാസസ്ഥലവും വസിക്കു ന്നവനും ആകുന്നു."

*മിശിഹാ* ഈ രണ്ടു *സുപ്പോസിതാ* സൂചിപ്പിക്കുന്നതിനാൽ അവർ മിശിഹാ എന്നു പറയുന്നു.

15. "നിന്റെ സ്നേഹത്താൽ ഞങ്ങളുടെ വംശത്തിൽ നിന്ന് ശാന്തിയുടെ ദൂതനെ നീ എടുത്തു. നിന്റെ വ്യാപാരത്തിന്റെ ഇഷ്ടത്തിന് തെരഞ്ഞെടുക്ക പ്പെട്ട വാസസ്ഥലമായി അവനെ നീ ആക്കിത്തീർത്തു."

ഇതാ, ഇച്ഛയാലുള്ള, സത്താപരമല്ലാത്ത ഐക്യം.

വീണ്ടും:

16. "എല്ലാവർക്കും മറഞ്ഞിരിക്കുന്ന സത്തയെ[19] മറിയം പ്രസവിച്ചില്ല. എല്ലാ മനുഷ്യരെയും പോലെയുള്ള മനുഷ്യനെയാണ് മറിയം പ്രസവിച്ചത്. കാരണം, വചനം ഇറങ്ങി ജഡമായി തീർന്നെങ്കിൽ പിന്നെ പരിശുദ്ധാത്മാവു വന്ന് അവന്റെ ഗർഭധാരണത്തെ പൂർത്തീകരിക്കുന്നതിന്റെ ആവശ്യമെന്ത്?"

കന്യകയുടെ ജന്മദിനത്തിൽ പുരോഹിതൻ ഇപ്രകാരം പാടുന്നതായി ഞാൻ കേട്ടു:

17. "പാഷൺഡികൾ പറയുന്നതുപോലെ മറിയം ദൈവികസത്തയെ[20] പ്രസവിച്ചില്ല. ആരിയുസ് പറഞ്ഞതുപോലെ വെറും മനുഷ്യനെയുമല്ല പ്രസ വിച്ചത്. പിന്നെയോ, അവൾ മിശിഹായെ പ്രസവിച്ചു."

18. ഈസ്യാ

19. ഈസൂസാ. റോസ് അതും *Suppositum* എന്നാണ് ലത്തീനിൽ വിവർത്തനം ചെയ്തിരിക്കുന്നത്.

20. ഈസ്യാ

18. "പിതാവും താണിറങ്ങി വന്ന് നമ്മിൽ നിന്നുള്ള നമ്മുടെ ശരീരം സ്വീകരിച്ചു."[21]

ഇവയിൽ നിന്നെല്ലാം അവരുടെ അഭിപ്രായമനുസരിച്ച്, മനുഷ്യാവതാരത്തിലെ ഐക്യം സത്താപരമല്ലെന്നു വ്യക്തമാണല്ലോ .പ്രയോഗക്ഷമമായി മാത്രമല്ല, അന്ത്യക്ഷമമായും[22] ഇത് ത്രിത്വം മുഴുവനും പൊതുവായിട്ടുള്ളതാണ്.

മറ്റൊരു പ്രാർഥനപ്പുസ്തകത്തിൽ:

19. "നമ്മിൽ നിന്നോടുത്ത്, മഹത്വത്തിന്റെയും പുത്രത്വത്തിന്റെയും ആധിപത്യത്തിന്റെയും ഐക്യത്തിൽ തന്നോടു ചേർത്ത വിശുദ്ധമായ ആദ്യഫലത്താൽ നമ്മുടെ സ്വഭാവത്തെ വിശുദ്ധീകരിച്ചവൻ."

ആഗമനത്തിൽ:

20. "പിതാവിൽ നിന്നുള്ള വചനം നമ്മുടെ മനുഷ്യത്വത്തിൽ വസിക്കുകയും മറിയത്തിൽ നിന്നുള്ള ശിശുവഴി നമ്മുടെ പ്രകൃതിയെ രക്ഷിക്കുകയും ചെയ്തു."

21. "മറിയം തന്റെ ഉദരത്തിൽ വചനമായ ദൈവത്തിന്റെ ആലയത്തെ വലിയ മഹത്വത്തോടുകൂടി പേറുകയും എല്ലാവരുടെയും രക്ഷകനായ യേശുവിന്റെ അമ്മയും ദാസിയുമായി തീരുകയും ചെയ്തു."

22. "പിതാവിൽ നിന്നുള്ള വചനം ധരിച്ചതും ഉയരത്തിന്റെയും ആഴത്തിന്റെയും കർത്താവും വിധിയാളനും ആക്കിയതും ദാവീദിന്റെ പുത്രനായ യേശുവിനെ ആണെന്ന് അപ്പോൾ ദിവ്യേച്ഛ[23] അവരെ പഠിപ്പിച്ചു."

23. "നമ്മിൽനിന്ന് ആലയമെടുത്തവൻ അതിനെ പണിയുകയും എല്ലാ നീതിയുടെയും പൂർത്തീകരണത്താൽ അതിനെ പൂർണമാക്കുകയും ചെയ്തു."

നിനിവേ നോമ്പിന്റെ പുസ്തകത്തിൽ മിശിഹായെക്കുറിച്ച് പറയുന്നിടത്ത്:

24. "അവൻ ദൈവത്തിന്റെ ആലയവും തന്റെ സത്തയുടെ മഹനീയ വാസസ്ഥലവുമാണ്; ഒരാലയത്തിൽ എന്നവണ്ണം നിന്റെ സത്തയുടെ നാമം അവനിൽ വസിക്കുന്നത് ഞാൻ കാണുന്നു."

25. "അപ്പവും വീഞ്ഞും സ്വഭാവത്താലേ നിന്നിൽ നിന്നു വ്യത്യസ്തമായിരിക്കുന്നെങ്കിലും, ശക്തിയിലും ആധിപത്യത്തിലും നിന്നോടുകൂടെ ഒന്നായിരിക്കുന്നതുപോലെ, ഞങ്ങളിൽ നിന്നുള്ള ശരീരം വചനത്തിൽ നിന്ന് സത്ത

21. ഇത് സത്യപ്രബോധനമല്ല.

22. *Not only actively but terminatively*

23. റെംസാ





യിൽ വ്യത്യസ്തമാണെങ്കിലും കർതൃത്വത്തിലും അധികാരത്തിലും അതിനെ എടുക്കുന്നവനോടുകൂടി തുല്യമാണ്."

ഇവിടെങ്ങും *ഹ്യൂപോസ്റ്റാറ്റിക് ഐക്യത്തെപ്പറ്റി* പറഞ്ഞു കേൾക്കുന്നില്ല. പിന്നെയോ, സ്നേഹത്തിലും കർതൃത്വത്തിലും കൃപയിലുമുള്ള ഐക്യം മാത്രം.[24]

26. "പ്രധാന മാലാഖാ മുന്നറിയിച്ച മഹനീയ ശിശു ലോകത്തിന്റെ നാലു ഭാഗങ്ങളിലും എല്ലാ ജനപദങ്ങളുടെ ഇടയിലും തന്റെ മഹത്വം കാട്ടി. മാലാഖമാരുടെ ഗണങ്ങൾ ഇടതടവില്ലാതെ ഇപ്രകാരം പ്രഘോഷിക്കുന്നു: നിന്നെ അയച്ച പിതാവും, നിന്നെ പൂശിയ പരിശുദ്ധാത്മാവും നിന്നിൽ വസിക്കുകയും നിന്നെ എല്ലാ സൃഷ്ടവസ്തുക്കളുടെയും മേൽ കർത്താവാക്കുകയും ചെയ്ത പുത്രനും പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ."

ഈ മനുഷ്യർ രണ്ടു പുത്രന്മാരെപ്പറ്റി പറയുന്നു എന്ന് ആർക്കാണ് മനസ്സിലാകാത്തത്? അതായത്, മഹനീയ പുത്രനും ഈ മഹനീയ പുത്രൻ വസിച്ച യേശു എന്ന മറ്റൊരു പുത്രനും.

താഴെ പറയുന്നതിൽ നിന്ന് ഇതു വ്യക്തമാണ്:

27. "വരുവിൻ, നിത്യസത്തയായ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നമുക്ക് ഏറ്റുപറയാം. (കുറേക്കഴിഞ്ഞ്) അവൻ തന്റെ സത്തയിൽ നിന്നുള്ള പുത്രനെ അയച്ചു. "

വീണ്ടും:

28. "തന്റെ കരുണയാൽ താഴേക്കിറങ്ങി വരാനും തന്റെ കൃപയാൽ കന്യകയിൽ വസിക്കാനും തിരുമനസ്സായ പുത്രന് മഹത്വം. അവൻ നിന്നിൽ നിന്ന് ഒരു മനുഷ്യനെ രൂപീകരിക്കയും തന്റെ നിഗൂഢമായ ഇച്ഛയോട് അവനെ ചേർക്കുകയും ചെയ്തു."

29. "പുരുഷനെ കൂടാതെയും പുരുഷബീജം കൂടാതെയും പരിശുദ്ധാത്മാവിനാൽ നീ ഒരു ശിശുവിനെ പ്രസവിച്ചു. എല്ലാറ്റിന്റെയും കർത്താവും പിതാവിന്റെ അവകാശിയുമായവൻ തന്റെ സ്നേഹത്താൽ ഇപ്രകാരം ഇച്ഛിക്കുകയും നിന്നിൽ വസിക്കുകയും ചെയ്തു."

ഞാൻ ഒരിക്കൽ സുറിയാനിയിൽ നിന്ന് പദാനുപദം ലത്തീനിലേക്ക് ഭാഷാന്തരം ചെയ്ത മറ്റു ചില കാര്യങ്ങളും കൂട്ടിച്ചേർക്കാം. ഇപ്പോൾ എന്റെ പക്കൽ ആ സുറിയാനി പുസ്തകങ്ങളുടെ കോപ്പികൾ ഇല്ലാത്തതിനാൽ എനിക്ക് സുറിയാനിയിൽ നിന്നു പകർത്താൻ സാധിച്ചില്ല.

24. പൗരസ്ത്യ സുറിയാനിസഭയുടെ ക്രിസ്തുശാസ്ത്ര ചിന്താഗതി റോസ് സ്വായത്തമാക്കിയില്ല എന്നു ചുരുക്കം.

"തന്റെ കാരുണ്യത്താൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ പുത്രനെ അയച്ച നിത്യനായ നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ വന്ന് നമ്മുടെ മനുഷ്യത്വത്തിന്റെ പുത്രനിൽ വസിച്ചു. അവനെ തന്നോടു ചേർക്കുകയും സ്നേഹിതനാക്കുകയും ചെയ്തു. അവന്റെ സ്നാനത്തിൽ പിതാവ്, വചനം, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു *സുപ്പോസിതാ* കാണപ്പെട്ടു."

വീണ്ടും:

"കർത്താവേ, നിന്റെ വിശുദ്ധ പ്രത്യക്ഷീകരണത്തിൽ ഞങ്ങൾ നിന്റെ മഹനീയ ത്രിത്വത്തിന്റെ *സുപ്പോസിതാ* ദർശിച്ചു. 'എനിക്കു പ്രിയപ്പെട്ട എന്റെ പ്രിയപുത്രൻ' എന്നു നിന്നെപ്പറ്റി സാക്ഷ്യപ്പെടുത്തിക്കൊണ്ട് നിത്യനായ പിതാവും, നിന്നിൽ വസിച്ച പുത്രനും, നിന്നെ സത്യമായി അഭിഷേകം ചെയ്ത പരിശുദ്ധാത്മാവും."

"സർവാരാധ്യനും ദൈവപുത്രനും പരിശുദ്ധാത്മാവ് നിന്നിൽ രൂപീകരിച്ചവനുമായ മിശിഹായെ അത്ഭുതകരമായി പ്രസവിച്ച മറിയമേ, നീ ഭാഗ്യവതിയാകുന്നു. അവനിൽ വചനമായ ദൈവം കലർപ്പു കൂടാതെ വസിച്ചു. ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഏക പർസോപായിൽ ക്നോമാകൾ കലർപ്പുകൂടാതെ സ്വഭാവങ്ങൾ അഭംഗുരം സംരക്ഷിക്കപ്പെട്ടു."

നെസ്തോറിയൻ വിഭാഗത്തിൽ പെട്ട ഒരു യോഹന്നാന്റെ ഒരു ഗ്രന്ഥത്തെപ്പറ്റി ഈ സ്ഥലത്ത് പരാമർശം നടത്താം. വചനത്തിന്റെ മനുഷ്യാവതാരത്തെപ്പറ്റി ഒട്ടും ബഹുമാനമില്ലാതെ അയാൾ പ്രസ്തുത ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നു. കാരണം, മനുഷ്യാവതാരം, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾക്കും പൊതുവായിട്ടുള്ളതാണെന്ന് അയാൾ തറപ്പിച്ചു പറയുന്നു. മനുഷ്യാവതാരം സത്താപരമല്ല, യാദൃച്ഛികമാണ്[25]. സ്നേഹത്തിൽ ഐക്യപ്പെട്ട രണ്ട് *സുപോസിതാ*, കർത്താവായ മിശിഹായിലുണ്ട്. ഏതോ മാലാഖാ കർത്താവായ മിശിഹായെ ഉയർത്തി. രോഗം, മരണം, ആദിയായി മനുഷ്യപ്രകൃതിയുടെ ബലഹീനതകൾ മനുഷ്യർക്ക് ദൈവം നൽകിയിരിക്കുന്നത് പാപം നിമിത്തമല്ല, മറ്റെന്തോ കാരണത്താലാണ് എന്നൊക്കെ അയാൾ കൂട്ടിച്ചേർക്കുന്നു. ഇത്തരത്തിലുള്ള മറ്റു പല കാര്യങ്ങളും ഞാൻ ആ ഗ്രന്ഥത്തിൽ വായിക്കുകയും ലത്തീനിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തിരിക്കുന്നു. സമയദൗർലഭ്യത്താൽ അവ സുറിയാനിയിലും ലത്തീനിലും പകർത്തി എഴുതാൻ എനിക്കു സാധിച്ചില്ല.[26]

അവസാനമായി, ഒരിക്കൽ റോമൻ കത്തോലിക്കാ വിശ്വാസം പ്രഖ്യാപിച്ച ബാബിലോണിയൻ പാത്രിയർക്കീസ് മാർ അബ്ദീശോയുടെ[27] വിശ്വാ

25. accidental

26. യോഹന്നാൻ ബർ കൽദൂൻ എന്ന പേർഷ്യാക്കാരന്റെ ഗ്രന്ഥമാണ് വിവക്ഷ. മാർ അബ്രഹാം ഗോവയിൽ ആയിരുന്നപ്പോൾ ഈ കൃതിയിൽ തിരുത്തലുകൾ വരുത്തി എന്ന് റോസ് തന്റെ ലേഖനത്തിന്റെ മാർജിനിൽ കുറിച്ചിരിക്കുന്നു.

27. മാർ അബ്ദീശോ (1555-1571)





സപ്രഖ്യാപനത്തിലെ വാക്കുകൾ ഉദ്ധരിക്കാം: ദൈവപത്രനെപ്പറ്റി ഒരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു:

30. "അവിടുന്ന് മാനുഷിക *ക്നോമാ* എടുത്തു."[28]

അതുകൊണ്ട്, നേട്ടത്തിനോ, ബഹുമാനത്തിനോ വേണ്ടി കപടമാനസ്സരായി ഈ പൗരസ്ത്യർ സത്യവിശ്വാസം പ്രഖ്യാപിക്കയില്ലെന്ന് കത്തോലിക്കാവിശ്വാസികൾ മനസ്സിലാക്കിയാലും. റോമിൽ വച്ച് എഴുതപ്പെട്ടതും ലത്തീനിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതുമായ വിശ്വാസപ്രഖ്യാപനത്തിൽ തന്നെയാണ് മുകളിൽ കൊടുത്ത വാക്കുകൾ കാണപ്പെടുന്നത്.

31. "ആരുവഴി വൈദികർ വിജയമകുടം ചൂടുകയും തന്റെ മഹത്വത്തിന്റെ അവകാശികൾ വിശ്വസിക്കുകയും ചെയ്തുവോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു. തങ്ങളുടെ വചനത്താൽ ദിയദോറും തിയഡോറും നെസ്തോറിയുസും സത്യം പ്രസംഗിച്ചു. ആരുടെ സ്നേഹത്താൽ വിശുദ്ധ സഭയിൽ സത്യവാന്മാർ വിജയമകുടം ചൂടുകയു ദൈവം മരിച്ചുപോയില്ലെന്ന് ഏറ്റുപറഞ്ഞു പ്രഖ്യാപിക്കുകയും ചെയ്തുവോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു."

32. "സ്വർഗീയ ഇടയൻ തന്റെ അജഗണങ്ങളുടെമേൽ ഇടയന്മാരെ നിയമിക്കുകയും തന്റെ മഹനീയവും ശക്തവുമായ വലത്തുകൈയാൽ ആദ്യത്തെ ആളുകളുടെ പിൻതുടർച്ചയിൽ ദിയദോർ, തിയഡോർ, നെസ്തോറിയുസ് എന്നീ മൂന്ന് അംഗീകൃതവ്യക്തികളെ ഉറപ്പിക്കുകയും ചെയ്തു."

33. ''വിജയത്തിന്റെ ഔന്നത്യം പ്രാപിച്ച വിശുദ്ധർ ഭാഗ്യവാന്മാരാകുന്നു. എന്തെന്നാൽ സത്യം അവർക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. തങ്ങളുടെ കഷ്ടതകളാൽ അവർ നിന്റെ രാജ്യത്തിന്റെ മഹത്വത്തിന് അവകാശികളായിത്തീർന്നു. അവരെ പീഡിപ്പിച്ചവർ വിദ്വേഷവും ദുഷ്ടതയും നിറഞ്ഞ തങ്ങളുടെ വാക്കുകളാലും ഈജിപ്തിലെ രാജാക്കന്മാരുടെ ഹൃദയത്തിന്റെ കയ്പുനീരാലും ആയുധം ധരിച്ചിരിക്കുന്നു. അവരാരും അവരുടെ പ്രബോധനത്തോട് തുല്യരായിരുന്നില്ല."[29]

34. "തങ്ങളുടെ പ്രബോധനത്തിന്റെ വലിയ അധ്വാനത്താൽ നമ്മുടെ പിതാക്കന്മാർ ഉത്തേജിതരായി. ദിയദോർ വാദപ്രതിവാദത്തിൽ വിജയം നേടി.

28. "വശ്ഖൽ ക്നോമാ നാശായാ" അത് റോസ് വിവർത്തനം ചെയ്തിരിക്കുന്നത് Assumpsit hypostasim humanam. ഇവിടെയും റോസിന് തെറ്റുപറ്റി എന്നത് വ്യക്തമാണ്.

29. ഗ്രീക്കുസഭാപിതാക്കന്മാരുടെ ഓർമദിവസത്തെ പ്രാർഥനയിൽ നിന്നാണ് ഈ ഭാഗം. സുറിയാനിയുടെ അർഥം ലത്തീനിൽ റോസ് നൽകുന്നത് തന്റെ വ്യാഖ്യാനത്തോടു കൂടിയാണ്.

നെസ്തോറിയുസ് സത്യത്തിനുവേണ്ടി തന്റെ ജീവൻ ഹോമിച്ചു. മൽപ്പാനായ തിയഡോർ തന്റെ പ്രബോധനത്തിന്റെ വെളിച്ചത്താൽ മാലാഖമാരുടെയും മനുഷ്യരുടെയും ഏറ്റവും വലിയ അഭിനന്ദനവും പരമാനന്ദപ്രദമായ സ്തുതിയും സമ്പാദിച്ചു. മിശിഹായെപ്രതി ശാപങ്ങൾ സഹിച്ച ഈ വ്യക്തികളുടെ മഹനീയ ചെയ്തികളും ഇവർ നേടിയ വിജയങ്ങളും ഇതാ, സൃഷ്ടിയിൽ പ്രഘോഷിക്കപ്പെടുന്നു."

35. "നീതിമാനെ പ്രതി ശരിയായ തീക്ഷ്ണതയാൽ ഞാൻ ഉരുകി ഇല്ലാതാകുന്നു. എന്തുകൊണ്ടെന്നാൽ ഇക്കാരണത്താൽ അവരുടെ അധ്വാനഫലം ചതിയാൽ അപഹരിക്കപ്പെടുന്നു. മർത്യരുടെ ഇടയിൽ അവരുടെ വിവിധ അനന്തരാവകാശികളെ ഞാൻ കാണുന്നു. നീതിമാന്മാർ ദുഷ്പ്രചരണത്താൽ വിവിധ രീതികളിൽ എപ്രകാരം പീഡിപ്പിക്കപ്പെടുന്നെന്ന് കാണുന്നതിനാൽ ഞാൻ ആഴമായി ദുഃഖിക്കുന്നു. അവരുടെ വാക്കുകൾ, വെളിപ്പെടുത്തപ്പെട്ട സത്യത്തെ മനുഷ്യർക്ക് അനുഭവവേദ്യമാക്കി കൊടുക്കുന്നു. വഴിതെറ്റിപ്പോകുന്നവരാകട്ടെ, വിശ്വാസത്തിന്റെ ജ്വാലയുടെ മുമ്പിൽ ഇരുണ്ടുപോകുന്നു. വിശ്വാസം വഴി വിശ്വാസരഹസ്യം അവർ നിരന്തരം ധ്യാനിച്ചു. അത് ആത്മീയർക്കും സ്വർഗീയർക്കും[30] അവർ കാണിച്ചുകൊടുത്തു. മനുഷ്യർ ശരീരത്തെയും വചനത്തെയും യോഗ്യതാപൂർവം വിളിച്ചു പ്രാർഥിക്കാനായി, തങ്ങളുടെ വിശ്വാസത്തിന്റെ അടയാളമായി അവർ ദൈവിക സത്തയിലും മനുഷ്യരിലും ശ്രദ്ധ കേന്ദ്രീകരിച്ചു. സത്യവചനവുമായി താരതമ്യപ്പെടുത്തുമ്പോൾ, ശോഭയേറിയ സൂര്യപ്രകാശവും ഒന്നുമല്ല."

36. "ഓ, വിശുദ്ധ നെസ്തോറിയുസ്, നിന്റെ ആത്മാവിനെ സ്വർഗത്തിലേക്ക് ആനയിക്കാൻ തുടങ്ങിയപ്പോൾ, നാശത്തിനായി ശത്രു തന്റെ ചതികൾ പ്രയോഗിച്ചു. എങ്കിലും നിന്റെ പോരാട്ടത്തിന്റെ ഉറച്ച ധൈര്യത്തെ അവൻ കീഴടക്കിയില്ല. നിന്റെ പീഡകർ നിന്റെ പാദങ്ങൾക്ക് കെണികൾ ഒരുക്കിയെങ്കിലും മിശിഹായിലുള്ള നിന്റെ ഓട്ടം നീ കരുലോടെ ഓടി. ഇപ്പോൾ അതുകൊണ്ട് മിശിഹാ ഞങ്ങളുടെ സഹായത്തിനായി തന്റെ നന്മയാൽ തന്റെ കരുണാപ്രവാഹം ഞങ്ങളുടെ മേൽ വർഷിക്കാനായി അവിടുത്തോട് അപേക്ഷിച്ചാലും.

37. ഇതാ, മിശിഹായെ സ്നേഹിച്ച പുരോഹിതന്മാർ എല്ലായിടങ്ങളിലും വിജയം വരിക്കുന്നു. എന്തുകൊണ്ടെന്നാൽ തങ്ങളുടെ സത്കർമങ്ങളുടെ പ്രഭയാൽ അവർ ആകാശഗോളങ്ങളേക്കാൾ ശോഭയുള്ളവർ ആയിരിക്കുന്നു. ഇതാ, സ്തുതിയും മഹത്വവും കൊണ്ട് സഭ അവരെ പ്രകീർത്തിക്കുന്നു.

30. സുറിയാനിയിൽ *റൂഹാനേ വശ്മായാനേ* എന്നാണ്. റോസ് ലത്തീനിൽ വിവർത്തനം ചെയ്തിരിക്കുന്നത് angelis et hominibus എന്നാണ്. *വശ്മായാനേ* എന്നതിനു പകരം *അറആനേ* (ഭൗമികർ)എന്നായിരിക്കും വേണ്ടിയിരുന്നത്.





കർത്താവിന് പ്രിയംകരരായ ജനക്കൂട്ടവും ബഹുമാനത്തോടുകൂടെ അവരെ വണങ്ങുന്നു. തന്റെ നാമത്തെപ്രതി തങ്ങളുടെ പോരാട്ടത്തിൽ അവർ ധൈര്യപൂർവം ഉറച്ചുനിന്നു. അക്കാരണത്താൽ കർത്താവു തന്നെ തന്റെ രാജ്യത്തിൽ അവരെ ശ്രേഷ്ഠരാക്കുന്നു. സ്വർഗത്തിൽ എല്ലാ വിശുദ്ധരെയും പൊതിയുന്ന മഹനീയപ്രകാശം അവരെ ഇവിടെയും ഏറ്റവും വിജയശ്രീലാളിതരാക്കുന്നു."

38. "ഞങ്ങളുടെ വിശുദ്ധ പിതാവേ, ദിവ്യമായ വിനയം നിന്നിൽ ഞങ്ങൾ ദർശിച്ചു. നിന്നിൽ നിന്ന് പ്രബോധനത്തിന്റെ ഉറവകൾ ഒഴുകി. ധരയുടെ ഈ കോണുകളിൽ നിന്ന് നീ കുടിക്കുന്ന ഉറവകൾ നീ കാണിച്ചു കൊടുത്തു. അവ വഴി സഭയുടെ സമ്പത്ത് നീ വർധിപ്പിച്ചു. ഏറ്റവും വിജയശ്രീലാളിതനേ, ശാപഗ്രസ്തനെ മുറുകെ പിടിക്കുക: മിശിഹായോട് സമാധാനത്തിനായി യാചിച്ചപേക്ഷിക്കുക."

39. "നിന്റെ നീതിയുടെ ഘോരവിധിയിൽ, നിന്റെ ദിവ്യസത്തയിൽ പീഡനം ആരോപിക്കുന്നവർക്കെതിരെ നീ പ്രതികാരം ചെയ്തു. ദിയദോറിന്റെയും തിയഡോറിന്റെയും നെസ്തോറിയുസിന്റെയും പിൻഗാമികൾ വിജയികളായി. എന്തുകൊണ്ടെന്നാൽ അമർത്യമായ നിന്റെ ദിവ്യസത്തയെ അവർ സഹനത്തിന് ഉപരിയായി ഉയർത്തി."

മറ്റൊരു പ്രാർഥനപ്പുസ്തകത്തിൽ നിന്ന്:

40. "യുദ്ധം ചെയ്യാനും ബർബരന്മാരുമായുള്ള തർക്കം തീർക്കാനുമായി കോൺസ്റ്റൻടൈൻ ചക്രവർത്തി തന്റെ പട്ടണത്തിൽ നിന്നു പുറപ്പെട്ടു. അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ട് ദൈവത്തോട് ഒരു പ്രതിജ്ഞ ചെയ്തു: ഞാൻ പങ്കെടുക്കാൻ പോകുന്ന യുദ്ധത്തിൽ നിന്ന് ഞാൻ തിരിച്ചു വന്നാൽ ഞാൻ മാർ നർസായിയുടെ മൂന്നു രൂപങ്ങൾ ഉണ്ടാക്കാം. ഞാൻ യുദ്ധത്തിൽ നിന്ന് തിരികെ ധരിച്ചുകൊണ്ടു പ്രവേശിക്കുന്ന കിരീടവും വിശിഷ്ടവസ്ത്രങ്ങളും ഞാൻ മാർ നെസ്തോറിയുസിന് നൽകും. മാർ ഗീവർഗീസിനെ ഞാൻ ഒരു ഊറാറായും ധരിപ്പിക്കും."[31]

ഇവ കൂടാതെ വലിയ നോമ്പിലെ പുസ്തകത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നതായി ഞാൻ ദർശിച്ചു:

"അന്ധവിശ്വാസങ്ങളെ നശിപ്പിച്ച ഭാഗ്യവാനായ ദിയദോറും വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ച തിയഡോറും സത്യത്തിനുവേണ്ടി തീക്ഷ്ണതയാൽ കത്തിയെരിയുകയും ജീവനുള്ള രക്തസാക്ഷിയായിരിക്കുകയും സാത്താന്റെ പിണിയാളനായ സിറിലിന്റെ പിൻഗാമികളുടെ അസൂയയാൽ

31. ചരിത്രപരമായി ഇതിൽ പിശകുണ്ട്. ഏതെങ്കിലും ഐതിഹ്യത്തെ ആധാരമാക്കിയാകാം ഇത്.

പീഡനം സഹിക്കുകയും ചെയ്ത നെസ്തോറിയുസും സഭയ്ക്കും അവളുടെ മക്കൾക്കും ഉറപ്പുള്ള കോട്ടയും രാത്രിയിലെ ഗോപുരവുമാണ്. ഇവരുടെ കൈകളാൽ സഭയുടെ കൊമ്പിനെ ഉയർത്തിയ മിശിഹായെ നമുക്ക് പ്രകീർത്തിക്കാം."

ഇതാ, മനുഷ്യരിൽ അതിപരിശുദ്ധനായ സിറിൽ. അദ്ദേഹത്തിന്റെ പ്രവർത്തനം നെസ്തോറിയുസിനെ നാടു കടത്തി. അദ്ദേഹത്തെയാണ് സാത്താന്റെ പിണിയാളൻ എന്ന് വിളിക്കുന്നത്. അതേ സ്ഥലത്താണ് നെസ്തോറിയൻ വിഭാഗക്കാർ, സുറിയാനി മൽപ്പാനും കത്തോലിക്കനുമായ അപ്രേമിനെയും ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ ഉദ്ധരണികളിൽ ഇവയും പാഷണ്ഡരുടെ മറ്റ് സ്തുതിപ്പുകളും നാം വായിക്കുന്നു. അവയെല്ലാം ഉദ്ധരിക്കുക ശ്രമകരമാണ്.

*എന്നാൽ യഥാർഥത്തിൽ അവർ കാനോനാനമസ്ക്കാരം ചൊല്ലുമ്പോൾ, ഈ പാഷണ്ഡരുടെ പേരു പറയാതെ വിട്ടുകളയുന്നു. നെസ്തോറിയുസിനെയും അയാളുടെ സഖികളെയും പേരെടുത്തു പറയാതെ മുകളിൽ പറഞ്ഞ അനുസ്മരണകൾ വായിക്കുകയോ, പാടുകയോ, ചൊല്ലുകയോ മാത്രം ചെയ്യുന്നു.*

നെസ്തോറിയുസിന്റെ പീഡകരെ, തെറ്റിന്റെ ധിക്കാരസന്താനങ്ങളെന്നും പാഷണ്ഡരെന്നും വിളിക്കുന്നു. നാം മുകളിൽ പറഞ്ഞതിൽ നിന്ന് ഇത് വ്യക്തമാണല്ലോ.

അവർ അവരുടെ സഭയെ വിളിക്കുന്നത്:

42. "ഏറ്റവും വലിയ ഇടയൻ; മേൽപ്പട്ടക്കാരുടെ മേൽപ്പട്ടക്കാരൻ എന്നാണ്.[32] അവരുടെ പാത്രിയർക്കീസ് ആകട്ടെ: അധ്യക്ഷന്മാരുടെ അധ്യക്ഷനും മഹാപുരോഹിതനും പിതാക്കന്മാരുടെ പിതാവും നമ്മുടെ ഭാഗ്യവാനും പരിശുദ്ധനുമായ പിതാവും ദിക്കുകളുടെ ശിരസ്സായ കിഴക്കിന്റെ പാത്രിയർക്കീസുമാണ്."

യോഹന്നാൻ[33] എന്ന നെസ്തോറിയന്റെ ഗ്രന്ഥത്തിൽ മുകളിൽ പറഞ്ഞ തെറ്റുകൾക്കു പുറമേ ഇതും കാണുന്നു: അതായത്, മനുഷ്യപ്രകൃതിക്ക് അസൗകര്യം ഉണ്ടാക്കുന്നവയായ മരണവും അത്തരത്തിൽ ഉള്ളവയും ദൈവം നൽകിയിരിക്കുന്നത് പാപം നിമിത്തമല്ല, പിന്നെയോ, മറ്റെന്തോ കാരണം

32. "റമ്പാ ദ്റാവാവാതാ ഉഅ്ലാനാ ദ്അ്ലാനേ"-റോസിന്റെ വിവർത്തനം: *Ecclesiarum maximum, frugiferarum frugiferam maxime.* സുറിയാനിയുടെ കൃത്യമായ അർഥം. *Maximus Pastorum et Episcoporum.* ഇത് സഭയെയല്ല, സഭാധ്യക്ഷനെയാണ് കുറിക്കുന്നത്.

33. യോഹന്നാൻ ബർ കൽദൂൻ.





കൊണ്ടാണ്. മറിച്ചുപറയുന്ന പൗലോസിന്റെ റോമാക്കാർക്കുള്ള ലേഖനവും മറ്റ് വിശുദ്ധ ഗ്രന്ഥഭാഗങ്ങളും ലജ്ജാരഹിതമായി തികച്ചും വ്യത്യസ്ത രീതിയിൽ അവർ വിശദീകരിക്കുന്നു.

നിസ്സാരകാര്യങ്ങളും കെട്ടുകഥകളും പച്ചക്കള്ളങ്ങളും നിറഞ്ഞതും വലിയ അന്ധവിശ്വാസങ്ങളോടു കൂടിയതും ഏതുതരം പിശാചിനെയും ഓടിക്കാനുള്ളതുമായ ഒരു പുസ്തകം അവർക്കുണ്ട്. സഭയിലെ ഏറ്റവും പരിശുദ്ധ ഗ്രന്ഥമായി ഈ മനുഷ്യർ ഈ ഗ്രന്ഥത്തെ ബഹുമാനിക്കുന്നു. സുറിയാനിയിൽ ഈ ഗ്രന്ഥത്തെ അവർ *പാറെസ്മാൻ* എന്നു വിളിക്കുന്നു. ലക്ഷണം പറയാൻ വൈദികർ ഇതുപയോഗിക്കുന്നു. കൃത്യമായ ക്രമത്തിലും അവയുടെ സ്ഥാനങ്ങളിൽ അകറ്റിയും അക്ഷരങ്ങൾ ക്രമീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥം അവർക്കുണ്ട്. കണ്ണടച്ചും സ്പർശിച്ചും ചോദ്യം ചോദിച്ചും മറ്റും ഇതുപയോഗിച്ച് അവർ ഭാവി പറയുന്നു. അവർക്ക് മൂറോനഭിഷേകം, അന്ത്യലേപനം എന്നീ കൂദാശകളോ മൂറോൻ അഥവാ തൈലം കൂദാശയോ ഇല്ല. റോമാ മാർപാപ്പായെ അനുസരിക്കുന്നതിൽ നിന്ന് തങ്ങളുടെ പാത്രിയർക്കീസിന് ഒരിക്കൽ ദൈവികമായ മോചനം ലഭിച്ചിട്ടുണ്ടെന്ന് ആത്മധൈര്യത്തോടെ അവർ തറപ്പിച്ചു പറയുന്നു. നെസ്തോറിയുസിനെ പറ്റി അത്ഭുതകരമായ കാര്യങ്ങൾ ഈ വിഭാഗത്തിൽ പെട്ടവർ അതായത് നെസ്തോറിയുസിന്റെ പിൻഗാമികൾ പ്രസംഗിക്കുന്നത് ഞാൻ ഈ ചെവികൾ കൊണ്ട് കേട്ടിട്ടുള്ളതാണ്. കൂടാതെ *മാർ തോമാശ്ലീഹായുടെ ഈ സഭയിൽ* വിശ്വാസികളിൽ ചിലരെ വിശുദ്ധരായും വിശുദ്ധ വ്യക്തികളായും വണങ്ങുന്നു എന്നത് സംശയം കൂടാതെയും ഏറ്റവും ഉറപ്പായും എനിക്ക് അറിയാവുന്നതാണ്. നെസ്തോറിയുസിന്റെയും അയാളുടെ സഖികളുടെയും കാലത്ത് ജീവിച്ചവരെ ഈ സഭയിൽ പരസ്യമായി വണങ്ങുന്നുണ്ട്. യഥാർഥത്തിൽ ഇവർ സാധാരണ പാമരന്മാരായിരുന്നില്ല. പിന്നെയോ, വളരെ പ്രശസ്തരായ മെത്രാന്മാരായിരുന്നു.

ഇവരുടെ ഇടയിൽ വിശുദ്ധ പട്ടങ്ങൾ കൊടുക്കുന്നതും സ്വീകരിക്കുന്നതും പണം വാങ്ങിയും കൊടുത്തുമാണ്. അവർ താഴ്ന്ന പട്ടങ്ങളെല്ലാം ഒന്നിച്ചു സ്വീകരിക്കുന്നു. സബ്ഡീക്കൻ പട്ടം, ഡീക്കൻ പട്ടം, പൗരോഹിത്യം എന്നിവ പണം ഉണ്ടെങ്കിൽ സമയമോ, പ്രായമോ നോക്കാതെ ഒന്നിച്ചു കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

അപൂർവം ചിലരൊഴിച്ച് അവരുടെ സഭാംഗങ്ങളെല്ലാം കുടിയന്മാരാണ്; ജനങ്ങളെപ്പോലെ വൈദികരും. വിശുദ്ധ പത്രോസിന്റെയും വി. തോമായുടെയും വിശ്വാസം ഒന്നല്ല, രണ്ടാണെന്ന് അവർ ചിന്തിക്കുന്നു. അവരുടെ ആർച്ചുബിഷപ്പ് വളരെ ചീത്ത ജീവിതമാണ് നയിക്കുന്നത്. കാരണം, കത്തോലിക്കാവിശ്വാസം പ്രഖ്യാപിക്കാനായി റോമിലേക്ക് പോകാൻ തുടങ്ങിയപ്പോൾ തന്റെ അജഗണത്തെ മുഴുവൻ സത്യവിശ്വാസത്തിലേക്ക് ആന

യിക്കാമെന്ന് പ്രതിജ്ഞ ചെയ്തെങ്കിലും, അതിനുവേണ്ടി അയാൾ ഒന്നും ചെയ്തില്ല. കൂടാതെ, ഗോവായിൽ പോയപ്പോൾ, സുറിയാനി പുസ്തകങ്ങൾ തിരുത്താമെന്ന് ആയിരം തവണ ആണയിട്ട് പറഞ്ഞെങ്കിലും, അയാൾക്ക് തന്റെ അജഗണങ്ങളുടെ കാര്യത്തിൽ ഒരു താല്പര്യവുമില്ല. ചെന്നായ് ആടുകളെ ചിതറിച്ചാലും, അവർ ഇഷ്ടമുള്ള വഴിയേ പോയാലും, വിജാതിയ കർമങ്ങളോ മറ്റെന്തെങ്കിലുമോ പഠിച്ചാലും അയാൾക്ക് അതൊരു പ്രശ്നമല്ല. അയാൾ അതൊന്നും ശ്രദ്ധിക്കുന്നില്ല. അയാൾ തന്റെ ശരീരത്തിന്റെ കാര്യത്തിൽ മാത്രം ശ്രദ്ധിക്കുന്നു. ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്നതേയില്ല. അതുകൊണ്ട് സഭയുടെ താക്കോൽ പിടിച്ചിരിക്കുന്ന അയാളിൽ പാഷണ്ഡത ഉണ്ടെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ഈ മാർ തോമാ ക്രിസ്ത്യാനികളും അയാളെ അടുത്തറിയാവുന്നവരും ഇതിനു സാക്ഷികളാണ്. അയാൾ പരിശുദ്ധനും നീതിമാനുമാണെന്നു നടിക്കുന്നു. എന്നാൽ അയാളുടെ പ്രവൃത്തികൾ കൊണ്ടാണ് അയാളെ വിശ്വസിക്കേണ്ടത്. അതുകൊണ്ട് ഈ കാര്യം മാർപാപ്പായെ ധരിപ്പിച്ച്, അയാളെ സഭയിലെ സ്ഥാനത്തുനിന്നും അതിരൂപതയിൽ നിന്നും നീക്കുന്നതായിരിക്കും ഉത്തമം.

ഇസ്യാ, ഈസൂസാ എന്നീ പദങ്ങൾ ശരിയായും കത്തോലിക്കാ അർഥത്തിലുമാണ് ഞാൻ വിശദീകരിച്ചിട്ടുള്ളതെന്ന് ഈ പ്രതിപാദനത്തിന്റെ അവസാനം പറഞ്ഞു കൊള്ളട്ടെ. ഇസ്യാ എന്നാൽ കാരണം, ദൈവം എന്നാണ് ശരിയായ അർഥം. മിക്കപ്പോഴും ഈ രീതിയിലാണ് ഇത് മനസ്സിലാക്കിയിരിക്കുന്നത്. സത്ത, പദാർഥം, സ്വഭാവം എന്നൊന്നുമല്ല ഇതിനർഥം. പിന്നെയോ, കാരണം, ദൈവം എന്നാണ്. എന്തുകൊണ്ടെന്നാൽ, *ഹേതിയാ* എന്ന ഗ്രീക്കു വാക്കിന്റെ അർഥം *കാരണം* എന്നാണ്. മറിയം ദൈവത്തെ പ്രസവിച്ചില്ലെന്ന് വ്യക്തമായും പരസ്യമായും പ്രഖ്യാപിക്കാതിരിക്കാൻ, *ദൈവം* എന്നുള്ളിടത്ത് അവർ *കാരണം* എന്നാക്കി.

കൂടാതെ ഈസൂസാ എന്നാൽ സുപ്പസിതും, പദാർഥം എന്നൊക്കെയാണർഥം. മുകളിൽ പറഞ്ഞ കാരണത്താൽ ഈ വാക്കു തന്നെ ദൈവത്തിനും അവർ ഉപയോഗിക്കുന്നു. സുറിയാനി ഭാഷാപരിജ്ഞാനമുള്ളവർക്കൊക്കെ ഈ കാര്യങ്ങളല്ലാം സുവ്യക്തമാണ്.[34]

34. 1588 ജാനുവരി 1-ന് റോസ് ഈ രേഖ പോർട്ടുഗലിലേക്ക് അയച്ചുകൊടുത്തു. Wicki, *Documenta Indica* 14,801



# 7

# പേർഷ്യയിലെ "നെസ്തോറിയൻ" സഭയും അധ്യക്ഷന്മാരും

ഇന്നത്തെ ഇറാക്ക്, ഇറാന്റെയും സിറിയയുടെയും തുർക്കിയുടെയും ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ പേർഷ്യൻ സാമ്രാജ്യം വ്യാപിച്ചു കിടന്നു. പടിഞ്ഞാറ് റോമൻ സാമ്രാജ്യമായിരുന്നു അവരുടെ അതിർത്തി. മറ്റു വാക്കുകളിൽ, യൂഫ്രട്ടീസ് - ടൈഗ്രീസ് നദിതടം ഉൾപ്പെടുന്ന മെസൊപ്പൊട്ടേമിയൻ പ്രദേശത്തായിരുന്നു ഈ സാമ്രാജ്യം. ഇവിടുത്തെ ക്രൈസ്തവ സഭ യൂദയോ-ക്രിസ്ത്യനായിരുന്നു. അതായത് യഹൂദരിൽ നിന്ന് ക്രിസ്ത്യാനികളായവരായിരുന്നു അവിടുത്തെ ഭൂരിഭാഗക്രിസ്ത്യാനികളും. അറമായ ഭാഷയുടെ വിവിധ ഡയലക്റ്റുകൾ അവർ ഉപയോഗിച്ചിരുന്നു.

അവിടുത്തെ സഭാരംഭത്തെക്കുറിച്ച് പല വിവരണങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് മാർതോമാശ്ലീഹായുമായി ബന്ധപ്പെട്ടതാണ്. മാർ തോമാ ശ്ലീഹാ പേർഷ്യൻ സാമ്രാജ്യത്തിലെ പല സ്ഥലങ്ങളിലും സുവിശേഷം പ്രസംഗിച്ചതായി പറയപ്പെടുന്നു. എന്നാൽ പേർഷ്യൻ സാമ്രാജ്യതലസ്ഥാനമായ സെലൂഷ്യാ-സ്റ്റെസിഫണിലും എഡേസ്സയിലും പ്രസംഗിച്ചതായി സൂചനയില്ല. ബർ എബ്രായാ തന്റെ സഭാചരിത്രത്തിന്റെ രണ്ടാം ഭാഗത്ത് ഇപ്രകാരം പറയുന്നു: "ഇൻഡ്യയിലേക്കുള്ള മാർഗമധ്യേ അദ്ദേഹം പാർത്യർ, മേദ്യർ, പേർഷ്യാക്കാർ, കരാബ്യർ, ബാക്ട്രിയർ, മാർഗാക്കാർ, തുടങ്ങി വിവിധ ജാതികളോട് സുവിശേഷം അറിയിച്ചു." മാർ തോമാശ്ലീഹായെയാണ് പൗരസ്ത്യദേശത്തെ ഒന്നാമത്തെ മേൽപ്പട്ടക്കാരനായി കരുതുന്നത്.

മാർ തോമാശ്ലീഹായുടെ ശിഷ്യനും എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനുമായ മാർ ആദായി എഡേസ്സായിൽ സുവിശേഷം പ്രസംഗിച്ചു. അദ്ദേഹം അവിടുത്തെ ശ്ലീഹായായി അറിയപ്പെടുന്നു. റോമൻ സാമ്രാജ്യത്തിനും പേർഷ്യൻ സാമ്രാജ്യത്തിനും ഇടയ്ക്കു കിടന്ന നാട്ടുരാജ്യമായ

ഒഷ്റേന്റെ തലസ്ഥാനമായിരുന്നു എഡേസ്സാ. അദ്ദേഹത്തിന്റെ പ്രഘോഷണഫലമായി രാജാവും ജനങ്ങളും ക്രിസ്ത്യാനികളായി. അങ്ങനെ ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ക്രിസ്തീയരാജ്യമാണ് ഒഷ്റേൻ. ഇന്ന് എഡേസ്സാ തുർക്കിയിലെ സാൻലി ഉർഫാ എന്ന ചെറിയ നഗരമാണ്.

ആദായിയുടെ ശിഷ്യനായി ആഗായി എഡേസ്സായിലും ചുറ്റുമുള്ള സ്ഥലങ്ങളിലും സുവിശേഷവാഹകനായിരുന്നു. മറ്റൊരു ശിഷ്യനായ മാർ മാറി സെലൂഷ്യയുടെ ശ്ലീഹായായി അറിയപ്പെടുന്നു. അദ്ദേഹം അവിടെയും പൗരസ്ത്യദേശങ്ങളിലും അനേകരെ സ്നാനപ്പെടുത്തി. സെലൂഷ്യയിൽ ക്രിസ്തുമതം വളർന്നത് വളരെ സാവധാനത്തിലാണ്. എന്നാൽ കാലക്രമത്തിൽ പേർഷ്യൻ സഭയുടെ ഭരണകേന്ദ്രം സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യാ-സ്റ്റെസിഫൺ ആയിത്തീർന്നു. മാറിയുടെ സിംഹാസനം എന്നാണ് സഭാചരിത്രത്തിൽ സെലൂഷ്യാ അറിയപ്പെട്ടിരുന്നത്.

ബർ എബ്രായാ തന്റെ സഭാചരിത്രത്തിൽ സെലൂഷ്യയിൽ തുടർന്ന് ഭരിച്ച സഭാധ്യക്ഷന്മാരെപ്പറ്റി പ്രതിപാദിക്കുന്നു. മാറിയുടെ പിൻഗാമിയായി വന്ന അബ്രോസിയുസ് അന്ത്യോക്യയിൽ നിന്ന് കൈവയ്പ് പ്രാപിച്ച് സെലൂഷ്യയിലെത്തി 16 കൊല്ലം സഭയെ നയിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ അബ്രഹാമും അന്ത്യോക്യയിൽ നിന്ന് കൈവയ്പ്പു സ്വീകരിച്ച് 12 വർഷം സഭാഭരണം നടത്തി. കർതൃസഹോദരൻ യാക്കോബിന്റെ വംശത്തിൽ പെട്ടയാളായിരുന്നു അദ്ദേഹം. അതിനുശേഷം ജറുസലേമിൽ നിന്ന് കൈവയ്പ് സ്വീകരിച്ച് യാക്കോബ് 18 വർഷം ഭരിച്ചു.

യാക്കോബിന്റെ അവസാനകാലത്ത് കൈവയ്പ് കിട്ടാനായി കാമീശോ, ആഹാദാബൂയ് എന്നീ രണ്ടു പേർ അന്ത്യോക്യയിലേക്ക് അയക്കപ്പെട്ടു. ഒറ്റുകാരൻ എന്ന് മുദ്രകുത്തി കാമീശോയെ റോമൻ സൈന്യം വധിച്ചു. ആഹാദാബൂയ് ജറുസലേമിലേക്ക് കടന്ന് അവിടെനിന്ന് കൈവയ്പ് സ്വീകരിച്ച് സെലൂഷ്യയിൽ തിരിച്ചെത്തി, സഭാനേതൃത്വം ഏറ്റെടുത്തു. കാമീശോയ്ക്ക് സംഭവിച്ചത് ആവർത്തിക്കപ്പെടാതിരിക്കാൻ പൗരസ്ത്യമെത്രാന്മാരെ അവിടെത്തന്നെ വാഴിക്കാൻ പാശ്ചാത്യമെത്രാന്മാർ അനുവദിച്ച് കത്തു നൽകി എന്ന് ബർ എബ്രായാ പറയുന്നു:

"പൗരസ്ത്യദേശത്തെ മേലധ്യക്ഷൻ മരിക്കുമ്പോൾ, തങ്ങൾ തെരഞ്ഞെടുക്കുന്ന ആളിനെ അന്ത്യോക്യയ്ക്കു വിടാതെ അവിടെത്തന്നെ വാഴിക്കുന്നതിനും കിഴക്കിന്റെ കാതോലിക്കായും പാത്രിയർക്കീസുമായി വലിയ മെത്രാപ്പോലീത്തായെ പ്രഖ്യാപിക്കുന്നതിനും പൗരസ്ത്യമെത്രാന്മാരെ പാശ്ചാത്യ മെത്രാന്മാർ അനുവദിക്കുകയും അതിനുള്ള അധികാരപത്രം എഴുതിക്കൊടുക്കുകയും ചെയ്തു."

ഈ കത്തിന്റെ രണ്ട് പതിപ്പുകൾ ലഭ്യമാണ്. ഒന്ന് അബ്ദീശോ നൽകുന്ന





സുറിയാനി പതിപ്പ്. രണ്ട്, ആമ്ര് നൽകുന്ന അറബി പതിപ്പ്. സുറിയാനി പതിപ്പിൽ ഇപ്രകാരം കാണുന്നു:

"അർസസിഡ് രാജാക്കന്മാരുടെ സെലൂഷ്യൻ രാജകീയനഗരത്തിലെ വലിയ മെത്രാപ്പോലീത്താ കോക്കെയിലെ വലിയ പള്ളിയിൽ പൗരസ്ത്യം മുഴുവന്റെയും മേലധ്യക്ഷസ്ഥാനം വഹിക്കുമ്പോൾ മരിക്കുന്ന അവസരം, പുരാതനരീതി അനുസരിച്ച് അഭിഷേകം സ്വീകരിക്കാൻ ഒരു മെത്രാപ്പോലീത്തായും അന്ത്യോക്യയിലേക്ക് വരേണ്ടതില്ല.....പൗരസ്ത്യദേശത്തെ അർസസിഡ് രാജാക്കന്മാരുടെ പട്ടണമായ സെലൂഷ്യയിലെ കോക്കേയിലുള്ള വലിയ പള്ളിയിലെ വലിയ മെത്രാപ്പോലീത്തായുടെ പരിശുദ്ധ സിംഹാസനത്തിന് പാത്രിയർക്കാസ്ഥാനം എന്ന ദാനം കൽപ്പിച്ചനുവദിക്കുന്നു. ...പാത്രിയാർക്കാസ്ഥാനം ആ സിംഹാസനത്തിൽ ഇനിമുതൽ വാഴുന്ന എല്ലാ അധികാരികളും മിശിഹായുടെ വെളിപാടിന്റെ ദിവസംവരെ കാത്തുസൂക്ഷിക്കട്ടെ...അദ്ദേഹത്തിന്റെ സിംഹാസനം നാലു പാത്രിയർക്കീസുമാരുടേതിനു ശേഷം വരുന്നു. പൗരസ്ത്യം മുഴുവനിലും അതിനപ്പുറത്തേയ്ക്കും, അതായത്, അസ്സീറിയാ, മേദിയാ, പേർഷ്യാ എന്നിവിടങ്ങളിലെ മെത്രാന്മാരെ വാഴിക്കാനും ക്രിസ്ത്യാനികളെ ഭരിക്കാനുമുള്ള അധികാരം അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു...."

ആമ്ര് നല്കുന്ന പതിപ്പിൽ നിന്ന്:

"സെലൂഷ്യാ പട്ടണത്തിലെ ശ്രേഷ്ഠവും മഹനീയവുമായ കത്തോലിക്കാ സഭയിലും പൗരസ്ത്യസഭയുടെ പ്രീഫെക്ചർ മുഴുവനിലും ക്രമീകരണം വരുത്തിയവനും, മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും നേതാവുമായിരുന്ന പരേതന്റെ സ്ഥാനത്ത് അദ്ദേഹത്തെ പിൻതുടരാനായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി അന്ത്യോക്യയിൽ വരേണ്ട ആവശ്യമില്ല...മെത്രാപ്പോലീത്താമാരും മെത്രാന്മാരും ജനങ്ങളും കൂടി തങ്ങളുടെ പാത്രിയർക്കീസുമാരെ തെരഞ്ഞെടുക്കട്ടെ...മൊദെയ്നാ സ്ഥിതിചെയ്യുന്നിടത്ത് കർഹേയുടെ പരിധിയിലുള്ള വലിയ പള്ളിയിലെ സെലൂഷ്യാ-സ്റ്റെസിഫൺ സിംഹാസനം അദ്ദേഹത്തിന്റേതാണ്. അതുകൊണ്ട് പാത്രിയർക്കീസ് പൗരസ്ത്യത്തിലെയും സമീപപ്രദേശങ്ങളിലെയും എല്ലാ മെത്രാന്മാരുടെയും തലവനാണ്."

പാശ്ചാത്യപിതാക്കന്മാരുടേതെന്ന് കരുതപ്പെടുന്ന കത്ത് പിൽക്കാലത്ത് ഉടലെടുത്തതാണെന്നാണ് പൊതുവേയുള്ള അഭിപ്രായം.

ആഹാദാബൂയ് മരിച്ചപ്പോൾ പൗരസ്ത്യമെത്രാന്മാർ ഒന്നിച്ചുകൂടി ശഹലൂപ്പായെ തെരഞ്ഞെടുത്ത് വാഴിച്ചു. പാശ്ചാത്യപിതാക്കന്മാരെ കൂടാതെ പൗരസ്ത്യർ തനിയെ വാഴിച്ച ആദ്യസഭാധ്യക്ഷനാണ് അദ്ദേഹം. അദ്ദേഹത്തെ ബർ എബ്രായാ കാതോലിക്കാ എന്നു വിളിക്കുന്നു. തുടർന്ന് പാപ്പായും പിന്നെ ശെമയോൻ ബർ സാബേയും ഷാഹ്ദോസ്തും ബർബാ

ശേമിനും തമൂസായും കയ്യൂമായും ഇസഹാക്കും സഭയെ നയിച്ചു. ഇവരെയെല്ലം പേർഷ്യൻ സഭയിലെ മെത്രാന്മാർ തന്നെയാണ് വാഴിച്ചത്.

പേർഷ്യൻ സഭയിൽ  നേതൃത്വത്തിനു മുതിർന്ന ആദ്യമെത്രാൻ പാപ്പായാണ് (310–329). അദ്ദേഹത്തിന് മറ്റു മെത്രാന്മാരുടെ എതിർപ്പ് നേരിടേണ്ടി വന്നു. പാപ്പായ്ക്കെതിരെ ചിലർ എഴുന്നേറ്റപ്പോൾ റോമൻ സാമ്രാജ്യത്തിലെ പിതാക്കന്മാർ ഇടപെട്ട് എതിർപ്പ് അവസാനിപ്പിച്ചു. സെലൂഷ്യയിൽ 348–398 കാലയളവിൽ മെത്രാന്മാരില്ലായിരുന്നു. പേർഷ്യൻ രാജാക്കന്മാരുടെ മതപീഡനമാണ് കാരണം. ശെമയോൻ ബർ സാബേയും ഷാഹ്ദോസ്തും (+342) ബർബാശേമിനും രക്തസാക്ഷികളായിട്ടാണ് മരിച്ചത്. ശെമയോനുശേഷം  (329–341) ഭരിച്ച നാലുപേരും ഓരോ വർഷമേ ഭരിച്ചുള്ളു "താങ്കൾ എന്തുകൊണ്ടാണ് ക്രിസ്ത്യാനികളുടെ തലവൻ ആയിരിക്കുന്നത?" എന്ന ഷാഹ്ദോസ്തിനോട് ഷപ്പൂർ രാജാവ് ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:

"ദൈവമാണ് ക്രിസ്ത്യാനികളുടെ തലവൻ. തനിക്ക് ഇഷ്ടമുള്ളവരെ അവിടുന്ന് അവരുടെമേൽ നിയമിക്കുന്നു. സമുദ്രജലത്തിനു കുറവു വരാത്തതുപോലെ ഭൂമിയിൽ ക്രിസ്തുമതവും കുറഞ്ഞുപോകില്ല."

പാപ്പായുടെ അടുത്ത പിൻഗാമികളൊന്നും അധികാരനേതൃത്വത്തിന് ഉദ്യമിച്ചില്ല. അധികാരകേന്ദ്രീകരണത്തിന് മുതിർന്ന അടുത്ത മെത്രാൻ മാർ ഇസഹാക്കാണ് (399–410). അപ്പോഴും ചില മെത്രാന്മാർ എതിർത്തപ്പോൾ റോമൻസാമ്രാജ്യത്തിലെ ഒരു പട്ടണമായ മീഫർക്കീനിലെ മെത്രാൻ മാർ മാറൂഥാ പേർഷ്യയിലെത്തി സിനഡ് വിളിച്ചുകൂട്ടി  നേതൃത്വം ഉറപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹം 410 –ൽ ഒരു സിനഡ് വിളിച്ചുകൂട്ടി. പേർഷ്യൻ സാമ്രാജ്യവും റോമാസാമ്രാജ്യവും തമ്മിൽ സമാധാനത്തിൽ കഴിഞ്ഞ കാലമായിരുന്നു അത്. 315–നുശേഷം 410–ലാണ് ആദ്യമായി സിനഡു കൂടുന്നത്. അതും റോമൻ സാമ്രാജ്യത്തിലെ മെത്രാന്റെ സഹായത്തോടുകൂടി മാത്രം. അതിനർഥം സെലൂഷ്യൻ മെത്രാന്റെ സ്ഥാനം പൊതുവേ അംഗീകരിക്കപ്പെട്ടിരുന്നില്ല എന്നത്രേ. യസ്ദഗേർദ് ഒന്നാമൻ എന്ന പേർഷ്യൻ രാജാവ്  (399–420) ക്രിസ്തീയ മതപീഡനം അവസാനിപ്പിച്ചതിനാലാണ് സിനഡു കൂടാനും സഭയിൽ ക്രമീകരണങ്ങൾ വരുത്താനും സാധിച്ചത്. സിനഡിൽ 21 കാനോനാകൾ പാസ്സാക്കി. സെലൂഷ്യൻ മെത്രാന്റെ വിവിധ പേരുകൾ കാനൻ 12–ൽ കാണുന്നു: കോക്കേയിലെ മെത്രാൻ, സെലൂഷ്യാ–സ്റ്റെസിഫണിലെ വലിയ മെത്രാപ്പോലീത്താ, കിഴക്കിന്റെ മുഴുവൻ ആർച്ചുബിഷപ്പ്, കാതോലിക്കാ. പേർഷ്യയിലെ ഒന്നാം മെത്രാസനമായി സെലൂഷ്യാ പരക്കെ അംഗീകരിക്കപ്പെട്ടു. പേർഷ്യൻ സഭയിൽ 410–മുതലെങ്കിലും കാതോലിക്കോസ് എന്ന സംജ്ഞ ഉപയോഗത്തിലിരുന്നു  എന്നുവേണം കരുതാൻ.





ഇസഹാക്കിനുശേഷം ഓഹ് (ആഹായ്), യാബാലാഹാ, മാനാ (മാഗ്നസ്), മറാബോക്ത്,  ദാദീശോ, ബാബൂയാഹ് (ബാബോവായ്) എന്നിവർ പേർഷ്യൻ സഭയിലെ കാതോലിക്കാമാരായിരുന്നു. യാബാലാഹായുടെ കാലത്തും നേതൃത്വത്തോട് ഉരസി നിന്ന മെത്രാന്മാർ ഉണ്ടായിരുന്നു.  ബേത് –അർദഷീറിൽ വച്ച് 10 മെത്രാന്മാരുടെ ഒരു സിനഡ് 420–ൽ പേർഷ്യൻ സഭയിൽ യാബാലാഹാ വിളിച്ചുകൂട്ടി. സെലൂഷ്യൻ സഭാധ്യക്ഷന് 28 മെത്രാസനങ്ങളുടെമേൽ അധികാരമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

മാനായും  (420) മറാബോക്തും(420) സഭയിൽ പിളർപ്പുണ്ടാക്കി. തന്റെ മുൻഗാമികളും ശീശ്മക്കാരും സ്ഥാനഭ്രഷ്ടരാക്കപ്പെട്ടവരുമായ മാനായിൽ നിന്നും മറാബോക്തിൽ നിന്നും അനുയായികളിൽ നിന്നും ദാദീശോയ്ക്ക് എതിർപ്പ് നേരിടേണ്ടിവന്നു. ബർ എബ്രായയുടെ അഭിപ്രായത്തിൽ അവർ നെസ്തോറിയൻ പാഷണ്ഡതയിലേക്ക് തിരിഞ്ഞു എന്നത്രേ. ദാദീശോ 424–ൽ മർക്കബ്തായിൽ വച്ച് 36 മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി. ആരോപണവിധേയനായതിനാൽ സഭാധ്യക്ഷസ്ഥാനത്ത് തുടരുന്നില്ലെന്ന് ദാദീശോ സിനഡിൽ പ്രഖ്യാപിച്ചെങ്കിലും, "കാതോലിക്കായും പ്രധാന മേൽപ്പട്ടക്കാരനും പൗരസ്ത്യ ക്രൈസ്തവസഭ മുഴുവന്റെയും ഭരണാധികാരിയുമായ" ദാദീശോ സഭാധ്യക്ഷനായി തുടരണമെന്ന് അവർ ഐകകണ്ഠ്യേന അഭ്യർഥിച്ചു. ബാബോവായ് രക്തസാക്ഷിയായിട്ടാണ് മരിച്ചത്.

പേർഷ്യയിലെ വൈദികസ്ഥാനികൾ വിവാഹിതരാകാൻ ബർ സൗമാ എന്ന നിസിബിസ് മെത്രാൻ  നേതൃത്വം കൊടുത്തു എന്ന് ബർ എബ്രായാ പറയുന്നു. തദ്ഫലമായി സംഭവിച്ച ധാർമികാധഃപതനവും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. തുടർന്ന് ഭരിച്ച അകാചിയുസ് കാതോലിക്കായുടെ കാലത്താണ് നെസ്തോറിയനിസം വ്യാപിച്ചതെന്നും ബർ എബ്രായാ പറയുന്നു. അകാചിയുസ് 486–ൽ സെലൂഷ്യയിൽ 21 മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി. അകാചിയുസ് നെസ്തോറിയനിസം സ്വീകരിച്ചു എന്നതിന് സിനഡൽ രേഖകളിൽ തെളിവില്ല.

തുടർന്ന് അധ്യക്ഷസ്ഥാനത്തു വന്നത് മാർ ബാബോവായ് കാതോലിക്കായാണ്. അദ്ദേഹവും ഒരു സിനഡ് വിളിച്ചുകൂട്ടി. ഇക്കാലത്തും സെലൂഷ്യൻ നേതൃത്വത്തെ എതിർത്തിരുന്ന മെത്രാന്മാർ പേർഷ്യയിലുണ്ടായിരുന്നു. എന്നാൽ സെലൂഷ്യൻ കാതോലിക്കായാണ് ശരിയായ പേർഷ്യൻ സഭാധ്യക്ഷൻ എന്ന് സിനഡിൽ തീർപ്പു കൽപ്പിച്ചു. ബാബായിക്കുശേഷം ശീലാസ് കാതോലിക്കാ ആയി. ശീലാസിനുശേഷം സെലൂഷ്യൻ സഭയിൽ ഒരേസമയം ഏലീശാ, നർസൈ എന്നിങ്ങനെ രണ്ട് കാതോലിക്കാമാരുണ്ടായിരുന്നു. അവരുടെ കൂടെ പേർഷ്യൻ സഭ മൊത്തത്തിൽ രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞു. നർസൈ 535–ൽ മരിച്ചെങ്കിലും പിളർപ്പ് തുടർന്നു. ഉടനെ മെത്രാന്മാർ സിനഡുകൂടി 539–ൽ ഏലീശായെ സ്ഥാനഭ്രഷ്ടനാക്കി. പകരം പൗലോസിനെ

നിയമിച്ചു. അദ്ദേഹം ഉടനെതന്നെ മരിച്ചതിനാൽ 540-ൽ മാർ ആബാ കാതോലിക്കാ ആയി തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്താണ് നെസ്തോറിയുസിന്റെ കൃതികൾ ആദ്യമായി ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. 544-ൽ മാർ ആബാ ഒരു സിനഡ് വിളിച്ചുകൂട്ടി. സഭയിൽ ചില ക്രമീകരണങ്ങൾ വരുത്തി. ഇക്കാലത്ത് പേർഷ്യൻ സഭയിൽ കഠിനമായ മതമർദനം നടന്നു. പേർഷ്യൻ രാജാവ് റോമൻ പ്രോവിൻസുകൾ ആക്രമിച്ച് അവിടെ നിന്ന് നിരവധി ആളുകളെ പേർഷ്യയിലേക്ക് അടിമകളായി കൊണ്ടുപോയി. മാർ ആബാ മതപീഡനത്തിൽ ജയിലിൽ കിടന്നാണ് മരിച്ചത്.

പിന്നീട് യൗസേപ്പ് കാതോലിക്കായും തുടർന്ന് എസക്കിയേൽ കാതോലിക്കായും സഭാനേതൃത്വം ഏറ്റെടുത്തു. അവരിരുവരും സിനഡുകൾ വിളിച്ചുകൂട്ടി. മാർ യൗസേപ്പിന്റെ കാലത്താണ് മുകളിൽ പറഞ്ഞ പാശ്ചാത്യ പിതാക്കന്മാരുടെ ലേഖനം കൃത്രിമമായി ഉണ്ടാക്കി മുൻകാലപ്രാബല്യം നൽകിയത് എന്ന് കരുതപ്പെടുന്നു. സഭാനേതൃത്വം ഉറപ്പിക്കാനായിരുന്നു അപ്രകാരം ചെയ്തത്. സ്വന്തമായി സഭാധ്യക്ഷനെ വാഴിക്കാനുള്ള അനുവാദം, അദ്ദേഹം പാത്രിയർക്കീസാണെന്നുള്ള ബോധ്യം, അദ്ദേഹത്തിനെതിരെ പാശ്ചാത്യപിതാക്കന്മാരുടെ പക്കൽ അപ്പീൽ ബോധിപ്പിക്കാൻ പാടില്ല എന്ന തീർപ്പ്, പേർഷ്യൻ ക്രൈസ്തവരുടെയെല്ലാം മുഖ്യാധ്യക്ഷൻ സെലൂഷ്യൻ മെത്രാനാണെന്നുള്ള വിധി ആദിയായവ ഇതിൽ നിന്നു വരുന്നതാണ്. മാർ യൗസേപ്പ് വിളിച്ചുകൂട്ടിയ സിനഡിന്റെ (544) ഏഴാം കാനൻ ഇപ്രകാരം പറയുന്നു: "എല്ലാവിധ അധികാരങ്ങളും ഉണ്ടെങ്കിലും പാത്രിയർക്കീസ് സംഘടിതമായി പ്രവർത്തിക്കണം". എന്നാൽ അദ്ദേഹം അതിനു വഴങ്ങാഞ്ഞതിനാൽ, രാജസഹായത്തോടെ മെത്രാന്മാർ അദ്ദേഹത്തെ സ്ഥാനത്തുനിന്നു നീക്കി.

റോമൻ സാമ്രാജ്യത്തിലെ പാത്രിയർക്കീസുമാരെപ്പോലെയുള്ള ഒരധികാരമല്ല സെലൂഷ്യൻ മെത്രാന് ആരംഭകാലത്ത് ഉണ്ടായിരുന്നതെന്ന് സ്പഷ്ടമാണ്. പാശ്ചാത്യപിതാക്കന്മാരുടെ ഒത്താശകളോടെ നേതൃത്വത്തിനുവേണ്ടി നടത്തിയ നീക്കങ്ങൾക്ക് പലപ്പോഴും എതിർപ്പ് നേരിടേണ്ടി വന്നിട്ടുണ്ട്. ഫാർസിന്റെ തലസ്ഥാനമായ റിവ് അർദഷീർ, നിസിബിസ്, ഏലാമിന്റെ തലസ്ഥാനമായ ബേത്-ലാപാത് എന്നിവിടങ്ങളിലെ മെത്രാന്മാരാണ് എതിർത്തവരിൽ പ്രമുഖർ. തങ്ങളുടെ സഭ മാർ തോമാശ്ലീഹാ സ്ഥാപിച്ചതാണ്, സെലൂഷ്യൻ സഭ മാർതോമാ ശ്ലീഹായുടെ ശിഷ്യനായ മാറി സ്ഥാപിച്ചതാണ്. അക്കാരണത്താൽ തങ്ങൾ സെലൂഷ്യയുടെ കീഴിൽ കഴിയാൻ ആഗ്രഹിക്കുന്നില്ല എന്ന് ഫാർസിലെ സഭ വാദിച്ചുകൊണ്ടിരുന്നു.

സെലൂഷ്യൻ മെത്രാന്മാരുടെ പല സിനഡുകളിലും ഫാർസിലെ മെത്രാന്മാർ സംബന്ധിച്ചില്ല. മാർ യൗസേപ്പിന്റെ കാലം മുതൽ (551-567) ഈശോയാബ് മൂന്നാമന്റെ കാലം വരെ (+657/8) ഫാർസ് സെലൂഷ്യയോട് ഇടഞ്ഞാണ് കഴിഞ്ഞത്. എന്നാൽ ആറാം നൂറ്റാണ്ടിൽ, വർധിച്ചുവന്ന ഏകസ്വഭാവവാദികളുടെ ഭീഷണി, ശക്തമായ നേതൃത്വത്തിന്റെ ആവശ്യകതയെപ്പറ്റി എല്ലാവരെയും ബോധ്യപ്പെടുത്തി. എന്നാൽ നേരത്തെതന്നെ ഉണ്ടായിരുന്ന ശിഥിലീകരണ ചിന്തകളും ഏകസ്വഭാവവാദികളുടെ വളർച്ചയും തടയാൻ പേർഷ്യൻ മെത്രാന്മാർക്ക് കഴിഞ്ഞില്ല. മാത്രമല്ല ഖുസ്രോ രാജാവിന്റെ അടിച്ചമർത്തൽ നയവും ഗൗരവമായി അവരുടെ വളർച്ച തടഞ്ഞു. മതപീഡനം നിമിത്തം 608-628 കാലയളവിൽ കാതോലിക്കായെ കൂടാതെയാണ് പേർഷ്യാക്കാർ കഴിഞ്ഞത്.

ചുരുക്കത്തിൽ പേർഷ്യൻ സാമ്രാജ്യത്തിൽ കേന്ദ്രീകൃതഭരണത്തിന് തുടക്കം കുറിച്ചത് പാപ്പായുടെ കാലത്താണ്. കാതോലിക്കാ എന്ന പദം 410-ലെ സിനഡിൽ ഉപയോഗിച്ചു കാണുന്നു. അത് പിൽക്കാലത്ത് ചേർത്തതാണോ അതോ 410-ലെ സിനഡിൽ തന്നെ ഉപയോഗിച്ചുവോ എന്ന് ഖണ്ഡിതമായി പറയാനാകില്ല. പേർഷ്യൻ സഭാധ്യക്ഷന്മാർ പിൽക്കാലത്ത് കാതോലിക്കോസ് -പാത്രിയർക്കീസ് എന്ന് ഉപയോഗിച്ചു. രേഖ നോക്കിയാൽ 420 മുതൽ ഉപയോഗിച്ചു കാണുന്നു. അത്ര നേരത്തേ തന്നെ ഉപയോഗിച്ചു കാണുമോ എന്ന് സംശയിക്കണം. ഒരുപക്ഷേ മാർ യൗസേപ്പിന്റെ കാലം മുതലാകാം ഈ രണ്ടു സംജ്ഞകളും ഒന്നിച്ചുപയോഗിക്കാൻ തുടങ്ങിയത് എന്ന് തോന്നുന്നു. പേർഷ്യൻ സഭാധ്യക്ഷന് സിനഡൽ തീരുമാനങ്ങളനുസരിച്ച് വിപുലമായ അധികാരങ്ങൾ ഉണ്ടായിരുന്നെങ്കിലും സഭ മുഴുവൻ അത് അംഗീകരിക്കപ്പെട്ടിരുന്നില്ല. സെലൂഷ്യൻ നേതൃത്വത്തെ പല പേർഷ്യൻ മെത്രാന്മാരും നിരാകരിച്ചപ്പോൾ, പലപ്പോഴും പാശ്ചാത്യപിതാക്കന്മാർ ഇടപെട്ട് അത് അംഗീകരിപ്പിച്ചിരുന്നു.

പേർഷ്യൻ പ്രദേശങ്ങളിലെ പല സഭകളും മാർതോമാ ശ്ലീഹാ സ്ഥാപിച്ചതായി കരുതപ്പെടുന്നെങ്കിലും എഡേസ്സായിലും സെലൂഷ്യയിലും ശ്ലീഹാ സഭയ്കാരംഭമിട്ടു എന്നതിന് തെളിവുകളില്ല. പേർഷ്യൻ സാമ്രാജ്യതലസ്ഥാനമായതിനാലാണ് സാവധാനം സെലൂഷ്യാ പ്രാമാണ്യത്തിലേക്ക് ഉയർന്നത്. നേതൃത്വം സ്ഥാപിച്ചുറപ്പിച്ചെടുക്കാൻ സെലൂഷ്യൻ സഭാധ്യക്ഷന് വളരെ പണിപ്പെടേണ്ടിവന്നു.

പേർഷ്യൻ സാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾ ന്യൂനപക്ഷമായിരുന്നു. വളരെയധികം മതപീഡനം അനുഭവിച്ച സഭയാണിത്. അർസസിഡ് രാജാക്കന്മാർ (ബി.സി. 247-എ.ഡി. 227) ക്രിസ്തുമതത്തോട് അനുഭാവമുള്ളവരായിരുന്നു. പിന്നെ വന്ന സസ്സനിഡ് രാജാക്കന്മാർ (ക്രി.വ.226-651) ക്രിസ്തുമതത്തെ സാരമായി പീഡിപ്പിച്ചു. ബിസന്റൈൻ സാമ്രാജ്യവുമായുള്ള രാഷ്ട്രീയബന്ധമാണ് പേർഷ്യയിലെ മതപീഡനങ്ങളുടെ പ്രധാനകാരണം. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തെ അംഗീകരിച്ചപ്പോൾ മുതൽ

പേർഷ്യൻ രാജാക്കന്മാർ ശത്രുവിന്റെ മതമായി അതിനെ പരിഗണിച്ചു. ഷപ്പൂർ രാജാവ് 40 വർഷം നീണ്ടുനിന്ന മതപീഡനം നടത്തി. നിരവധി വൈദികരും ജനങ്ങളും മെത്രാന്മാരും ഈ മതപീഡനത്തിൽ രക്തസാക്ഷികളായി. റോമാക്കാരുമായുള്ള യുദ്ധത്തിൽ പേർഷ്യാക്കാർ തോറ്റപ്പോഴെല്ലാം ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടിരുന്നു.

സെലൂഷ്യാ കേന്ദ്രമാക്കിയുള്ള സഭ എന്നർഥത്തിൽ സെലൂഷ്യൻ സഭ, പൗരസ്ത്യ സുറിയാനിസഭ, കൽദായ സഭ, നെസ്തോറിയൻ സഭ, ബാബിലോണിയൻ സഭ, അസ്സീറിയൻ സഭ, പേർഷ്യയിലെ ദ്വിസ്വഭാവസഭ, മെസൊപ്പൊട്ടേമിയൻ സഭ, പൗരസ്ത്യസഭ എന്നൊക്കെ ഈ സഭ അറിയപ്പെട്ടിരുന്നു. നെസ്തോറിയൻ എന്ന പേര് അവരിൽ ആരോപിച്ചത് യാക്കോബായക്കാരാണ്. "തങ്ങളുടെ ശത്രുവായ അക്സെനായാ (ഫീലൊക്സീനോസ്) ആണ് തങ്ങൾക്ക് അപമാനകരമായ ഈ പേരിട്ടത്"എന്ന് മാർ അകാചിയുസ് പേർഷ്യൻ രാജാവിനോട് പറഞ്ഞതായി ബർ എബ്രായാ സൂചിപ്പിക്കുന്നു. പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളുടെ ബന്ധം തൊട്ടടുത്തു കിടന്ന റോമൻ സാമ്രാജ്യത്തിലെ സഭകളോടായിരുന്നു. പേർഷ്യയും റോമാസാമ്രാജ്യവും തമ്മിൽ രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിച്ചിരുന്നപ്പോഴൊക്കെ ക്രൈസ്തവർ പരസ്പരം ബന്ധം പുലർത്തി. തീർത്തും ഒറ്റപ്പെട്ട ഒരു സമൂഹമല്ലായിരുന്നു അവരുടേത്. മറ്റു സഭകളോട് ബന്ധമില്ലാത്ത സ്വതന്ത്രസഭയായിരുന്നു തങ്ങളുടേത് എന്ന് അവർ ധരിച്ചിരുന്നില്ല. അവരുടെ ബന്ധം പല കാരണങ്ങളാൽ റോമൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ട സിറിയായിലെ സഭകളോടായിരുന്നു.

അടിസ്ഥാനപരമായി പേർഷ്യൻ ക്രിസ്ത്യാനികൾ അന്ത്യോക്യൻ ദൈവശാസ്ത്രപാതയിലൂടെ ചരിച്ചവരായിരുന്നു. 431-ല എഫേസോസ് സൂനഹദോസ് അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം തിരസ്കരിച്ചു. 431-ൽ അലക്സാണ്ഡ്രിയൻ ക്രിസ്തുശാസ്ത്രത്തിന്റെ വിജയമാണ് കാണുക. ഓറിയൻസ് (പൗരസ്ത്യം) എന്ന റോമൻ പ്രവിശ്യയിലെ മെത്രാന്മാർ ഒന്നടങ്കം തങ്ങളുടെ നേതാവായ ജോൺ എന്ന അന്ത്യോക്യൻ മെത്രാന്റെ നേതൃത്വത്തിൽ 431-ലെ എഫേസോസ് സിനഡ് തിരസ്കരിച്ചു. ഈ കാലമായപ്പോഴേക്കും പേർഷ്യൻ ദൈവശാസ്ത്രകലാലയങ്ങളിൽ അന്ത്യോക്യൻ സഭയുടെ ദൈവശാസ്ത്രപാരമ്പര്യങ്ങളും ഭാഷ്യരീതികളുമായിരുന്നു പൊതവേ നടപ്പായിരുന്നത്. പേർഷ്യയിൽ നിന്നുള്ള മെത്രാന്മാർ 431-ലെ എഫേസോസ് സിനഡിൽ സംബന്ധിച്ചില്ല. എന്നാൽ തങ്ങളോട് തൊട്ടടുത്തു കിടക്കുന്ന പൗരസ്ത്യപ്രവിശ്യ ഒന്നടങ്കം എഫേസോസിനെ നിരാകരിച്ചപ്പോൾ, പേർഷ്യാക്കാരും സിറിലിന്റെ നടപടികളെ അപലപിച്ചിരിക്കണം. എഡേസ്സയിലെ ഈബാസ് (435-457) തികഞ്ഞ അന്ത്യോക്യൻ പക്ഷപാതിയായിരുന്നു. അന്ന് എഡേസ്സാ റോമൻ സാമ്രാജ്യത്തിൽ ആയിരുന്നെങ്കിലും, അവിടുത്തെ കലായത്തിന്റെ സ്വാധീനം പേർഷ്യയിൽ പലയിടത്തും വ്യാപിച്ചിരുന്നു.





കാൽസിഡൺ സിനഡ് (451) ഭാഗികമായി അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന്റെ വിജയമായിരുന്നു. എന്നാൽ റോമാസാമ്രാജ്യത്തിലെ സഭയിൽ വളരെ ഗൗരവമേറിയ ഒരു പിളർപ്പിന് ഈ സിനഡ് തുടക്കമിട്ടു. സിനഡിനു ശേഷം ഭരിച്ച റോമൻ ചക്രവർത്തിമാർ പലരും അതിന്റെ വിശ്വാസഫോർമുലയെ പ്രത്യക്ഷമായും ചിലർ പരോക്ഷമായും തള്ളിപ്പറഞ്ഞു. പേർഷ്യൻ ക്രൈസ്തവർ അടിസ്ഥാനപരമായി കാൽസിഡൺ ചിന്താഗതിക്കാരായിരുന്നു. റോമൻസാമ്രാജ്യത്തിലെ കലഹങ്ങളും പിളർപ്പും ദൈവശാസ്ത്ര വാദപ്രതിവാദങ്ങളും അഭിപ്രായ സ്ഥിരതയില്ലായ്മയും നിമിത്തം പേർഷ്യാക്കാർ അവരിൽ നിന്ന് അകലാൻ ഇടയായി. ഈബാസിന്റെ മരണശേഷം എഡേസ്സാ കാൽസിഡൺ വിരുദ്ധരുടെ കേന്ദ്രമായി. 489-ൽ എഡേസ്സൻ കലാലയം സേനോ ചക്രവർത്തിയുടെ കൽപ്പനയാൽ സൈറസ് മെത്രാൻ അടച്ചുപൂട്ടി. അതിനുശേഷമാണ് നിസിബിസ് കലാലയം തുടങ്ങുന്നത്. പ്രസ്തുത കലാലയം അന്ത്യോക്യൻ പഠനബോധ്യങ്ങളുടെ കേന്ദ്രമായി മാറി.

പേർഷ്യൻ സഭ നെസ്തോറിയൻ സഭ എന്ന് വിളിക്കപ്പെട്ടിരുന്നു. നെസ്തോറിയൻ പാഷണ്ഡത പഠിപ്പിച്ചു എന്ന ആരോപണത്തിന്റെ വെളിച്ചത്തിലാണ് പേർഷ്യൻ ക്രൈസ്തവരെ യാക്കോബായക്കാരും മറ്റുള്ളവരും നെസ്തോറിയർ എന്നു വിളിച്ചത്. ഈ ആരോപണം എത്രമാത്രം ശരിയായിരുന്നു എന്നു പരിശോധിക്കാം. അടിസ്ഥാനപരമായി അന്ത്യോക്യൻ ക്രിസ്തുശാസ്ത്രപാതയാണ് പേർഷ്യാക്കാർ പിൻതുടർന്നത്. അതായത് അടിസ്ഥാനപരമായി എഫേസോസ് കൗൺസിലിന്റെ ലൈനിലല്ല, കാൽസിഡൺ കൗൺസിലിന്റെ ലൈനിലാണ് അവർ ചിന്തിച്ചിരുന്നത്.

നെസ്തോറിയസിനെ 451-ലെ എഫേസോസ് സിനഡ് പാഷണ്ഡത ആരോപിച്ച് സഭാഭ്രഷ്ടനാക്കി, നാടുകടത്തി. അന്ത്യോക്യൻ സഭയിലെ പ്രശ്സ്ത ദൈവശാസ്ത്രജ്ഞനായ തിയഡോറിനും കൃതികൾക്കുമെതിരെ മരിച്ച് 125 വർഷം കഴിഞ്ഞപ്പോൾ 553-ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സിനഡ് വിലക്കു കൽപ്പിച്ചു. തിയഡോറിന്റെ ഗുരുവായ ദിയദോറിൽ 449-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡ് കുറ്റം കണ്ടെത്തി. നെസ്തിറിയനിസം എന്ന അബദ്ധോപദേശം നെസ്തോറിയസ് പഠിപ്പിച്ചു എന്നതായിരുന്നു നെസ്തോറിയസിനെതിരായ ആരോപണം. തിയഡോറും ദിയദോറും നെസ്തോറിയസിന്റെ ഗുരുക്കന്മാരായിരുന്നതിനാൽ നെസ്തോറിയസിനു മുമ്പുതന്നെ ഇരുവരും നെസ്തോറിയരായിരുന്നു എന്നതാണ് അവർക്കെതിരെ ഉയർന്ന വിമർശനം. എന്നാൽ പേർഷ്യാക്കാർ ഈ വിലക്കുകളൊന്നുംഅംഗീകരിച്ചില്ല. കത്തോലിക്കാസഭയുടെ ഐക്യത്തിൽ ജീവിക്കുകയും പരമപരിശുദ്ധരായി മരിക്കുകയും ചെയ്ത പിതാക്കന്മാരെ മരിച്ചുകഴിഞ്ഞ് സഭയ്ക്ക് ഇതരരാക്കുന്നത് തെറ്റാണെന്ന് അവർ വാദിച്ചു. പേർഷ്യൻ ക്രിസ്ത്യാനികൾ ആരംഭം മുതലേ അന്ത്യോക്യൻ ദൈവശാസ്ത്രത്തിനും പാരമ്പര്യത്തിനും വേണ്ടി നിലകൊണ്ടു.

പേർഷ്യൻ സഭയുടെ ക്രിസ്തുശാസ്ത്രം നെസ്തോറിയുസിന്റെ ക്രിസ്തുശാസ്ത്രമല്ല. അവരുടെ ക്രിസ്തുശാസ്ത്രത്തിനു രൂപം കൊടുത്തത് മഹാനായ മാർ ബാബായ് അത്രേ (+628). ദൈവസ്വഭാവമുള്ള ദൈവപുത്രൻ തന്റെ വ്യക്തിത്വത്തിൽ മനുഷ്യസ്വഭാവം എടുത്തു. ഈ ഐക്യം വ്യക്തിത്വത്തിലാകയാൽ സത്താപരമായ ഐക്യമാണ്. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തമ്മിൽ കൂടിക്കലരുന്നില്ല. സ്വഭാവങ്ങളുടെ തലത്തിൽ ഐക്യം നടക്കുന്നില്ല. വ്യക്തിത്വത്തിന്റെ തലത്തിലേ ഐക്യമുള്ളു. രണ്ടു യാഥാർഥ്യങ്ങൾ ഒരേ ഒരു വ്യക്തിത്വത്തിന്റെ രണ്ടു ഘടകങ്ങളായി മാറുന്നു. രണ്ടു യാഥാർഥ്യങ്ങൾ യേശുക്രിസ്തുവിൽ സമ്മിശ്രപ്പെടാതെ, മാറ്റമില്ലാതെ, വിഭജനമില്ലാതെ, വേർതിരിവില്ലാതെ, യോജിച്ചു സ്ഥിതിചെയ്യുന്നു. ദ്വിത്വം ഏകമാകുന്നത് ദൈവവചനത്തിന്റെ വ്യക്തിത്വത്തിലൂടെയാണ്. ത്രിത്വത്തിലെ പുത്രനെ പുത്രനാക്കി തീർക്കുന്നത് പുത്രത്വം എന്ന വ്യക്തിത്വമാണ്. ആ വ്യക്തിത്വം പരിശുദ്ധ കന്യകാമറിയത്തിൽ നിന്നെടുത്ത ശരീരത്തിന്റെയും വ്യക്തിത്വമായിത്തീർന്നു. യേശുവിന്റെ ശരീരം പുത്രന്റെ ശരീരമായി. യേശുവിന്റെ ആത്മാവ് പുത്രന്റെ ആത്മാവായി. ഏകവ്യക്തിത്വത്തിൽ രണ്ടു യാഥാർഥ്യങ്ങൾ നിലനിൽക്കുന്നു. അങ്ങനെ തന്റെ വ്യക്തിത്വത്തിൽ ക്രിസ്തു ഏകനാണ്. അവൻ അവിഭാജ്യനും അതുല്യനും ആണ്. എന്നാൽ ദ്വിത്വം തന്നിൽ സ്ഥിതിചെയ്യുന്നു. ഗാഢമായും അഭേദ്യമായും നിത്യമായും യോജിച്ചിരിക്കുന്ന ഐക്യമാണിത്. ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ നിത്യമായി അവിഭാജ്യമാണ് ഈ ഐക്യം. ഇതാണ് യഥാർഥത്തിൽ പേർഷ്യൻ സഭയുടെ ക്രിസ്തുശാസ്ത്രം. ഇതെങ്ങനെ നെസ്തോറിയനിസമാകും?

നെസ്തോറിയനിസം എന്ന അബദ്ധോപദേശം പേർഷ്യൻ സഭ ഒരിക്കലും പഠിപ്പിച്ചിട്ടില്ല എന്നാണ് കത്തോലിക്കാ സഭയുടെ ഇപ്പോഴത്തെ മനസ്സിലാക്കൽ. ദൈവമാതാവ് എന്നു പറയുന്നതും മിശിഹായുടെ മാതാവ് എന്നു പറയുന്നതുമെല്ലാം സത്യവിശ്വാസത്തിന്റെ ഫോർമുലകളായി സഭ മനസ്സിലാക്കുന്നു. പദപ്രയോഗങ്ങളിലുള്ള അന്തരം നിമിത്തം മറ്റുള്ളവർ, പ്രത്യേകിച്ച്, യാക്കോബായക്കാർ, പേർഷ്യൻ ക്രിസ്ത്യാനികളെ നെസ്തോറിയർ എന്നു വിളിച്ചു. പേർഷ്യാക്കാർ ഉപയോഗിച്ച സുറിയാനി പദപ്രയോഗങ്ങൾ തെറ്റായി മനസ്സിലാക്കിയതും ഈ ആരോപണത്തിന് ഹേതുവായി. സുറിയാനിഭാഷയിൽ നൽകപ്പെടാത്ത അർഥം, മറ്റുള്ളവർ സുറിയാനി വിവർത്തനം ചെയ്തപ്പോൾ നൽകി. അതുപോലെ ഒരേ സുറിയാനിപദത്തിന് യാക്കോബായക്കാർക്കും നെസ്തോറിയർക്കും വ്യത്യസ്ത അർഥങ്ങളുണ്ടായിരുന്നു. ആ വ്യത്യാസം ഇന്നും നിലനിൽക്കുന്നു. അപ്പോൾ യാക്കോബായക്കാരുടെ കണ്ണാടിയിൽ കൂടി നെസ്തോറിയരെ നോക്കിയപ്പോൾ അവർ നെസ്തോറിയൻ പാഷണ്ഡത അവരിൽ ദർശിച്ചു. അതുപോലെ





ലത്തീൻകാർ അവരുടെ സ്കൊളാസ്റ്റിക് പശ്ചാത്തലത്തിലൂടെ സുറിയാനി പദങ്ങളെ സമീപിച്ചപ്പോൾ അവരും പാഷണ്ഡത ദർശിച്ചു. എന്നാൽ ഈ അടുത്ത കാലത്തുള്ള സഭൈക്യചർച്ചകൾ ഈ തെറ്റിദ്ധാരണകൾ തിരുത്താൻ അനേകരെ സഹായിച്ചിട്ടുണ്ട്.

മാർതോമാ ശ്ലീഹാ മുതൽ 6-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെയും പേർഷ്യയിലെ യാക്കോബായക്കാരെ പറ്റി ബർ എബ്രായ പരാമർശിക്കുന്നില്ല. അതിനുശേഷമുള്ള ചരിത്രഭാഗത്തു മാത്രമേ അവരെപ്പറ്റിയും അവരുടെ അധ്യക്ഷന്മാരെപ്പറ്റിയും പരാമർശമുള്ളു. അതിനർഥം ആരംഭകാലത്ത് യാക്കോബായക്കാർ പേർഷ്യയിൽ ഇല്ലായിരുന്നു എന്നത്രേ.

എസക്കിയേലിനുശേഷം ഈശോയാബ് ഒന്നാമൻ, സാബാറീശോ, ഗ്രിഗറി, ഈശോയാബ് രണ്ടാമൻ, മാർ എമ്മേ, ഈശോയാബ് മൂന്നാമൻ, ഗീവർഗീസ്, യോഹന്നാൻ ബർ മർദാ, ഹനാനേശു, സ്ലീബാ സേക്കാ, പെതിയോൻ, ആബാ ബർ ബ്രിക് സെബിയാനെ, ആബാ, സൂറിൻ, യാക്കോബ്, തിമോതി, ഈശോ ബർനൂൻ, ഗീവർഗീസ്, സാബാറീശോ, അബ്രഹാം, തിയഡോഷ്യസ്, സർഗീസ്, ഏനോശ്, യോഹന്നാൻ ബർ നർസൈ, യോഹന്നാൻ, അബ്രഹാം, എമ്മാനുവേൽ, ഇസ്രായേൽ, അബ്ദീശോ, മാറി ബർ തൂബി, യോഹന്നാൻ, യോഹന്നാൻ, ഈശോയാബ് നാലാമൻ, ഏലിയാസ്, യോഹന്നാൻ, സാബാറീശോ, അബ്ദീശോ, മാക്കീക്കാ, ബർസൗമാ, അബ്ദീശോ, ഈശോയാബ്, ഏലിയാസ് അബൂ ഹലീം, യാബാലാഹാ, സാബാറീശോ, സാബാറീശോ, മാക്കീക്കാ, ദനഹാ, മാർ യാബാലാഹാ എന്നിവർ നെസ്തോറിയൻ കാതോലിക്കാമാരായി. അങ്ങനെ ഈ ലൈനിൽ നെസ്തോറിയൻ കാതോലിക്കാമാർ തുടർന്നു.

കാലക്രമത്തിലുണ്ടായ അറബി, മംഗോളിയൻ, തുർക്കിഷ് ആക്രമങ്ങളുടെ ഫലമായി പേർഷ്യയിലെ നെസ്തോറിയൻസഭ നാമമാത്ര അസ്തിത്വത്തിലേക്ക് വഴുതിവീണു. അവരുടെ സംഖ്യ തുലോം ശുഷ്ക്കമായി. മറ്റ് സഭകളോടുള്ള കൂട്ടായ്മ കുറഞ്ഞ് ഒറ്റപ്പെട്ട സമൂഹമായിത്തീർന്നു. നേതൃത്വം കുടുംബവഴിക്കായി. എല്ലാ വിധത്തിലും അധഃപതിച്ച ഒരു സമൂഹമായി മാറി. അവർ ഹക്കിയാരി മലകളിൽ ഒതുങ്ങി. രണ്ടു ലോകമഹായുദ്ധങ്ങളിൽ അവർക്ക് കനത്ത നാശനഷ്ടങ്ങളുണ്ടായി.

ആദ്യകാലങ്ങളിൽ പേർഷ്യൻ സാമ്രാജ്യ തലസ്ഥാനമായ സെലൂഷ്യാ -സ്റ്റെസിഫണായിരുന്നു അവരുടെ സഭാകേന്ദ്രം. അറബികൾ പേർഷ്യാ പിടിച്ചെടുത്ത് അവരുടെ രാജ്യം സ്ഥാപിച്ചപ്പോൾ, ബാഗ്ദാദ് അവരുടെ തലസ്ഥാനമായി. അപ്പോൾ നെസ്തോറിയൻ പാത്രിയർക്കീസുമാരും അവരുടെ ആസ്ഥാനം ബാഗ്ദാദിലേക്ക് മാറ്റി. അവിടെ മറ്റു സഭക്കാർ ആസ്ഥാനമുറപ്പിക്കാൻ നെസ്തോറിയർ സമ്മതിച്ചില്ല. ഗ്രീക്കുകാർ അവിടെ ഒരു മെത്രാനെ

വാഴിക്കാൻ നെസ്തോറിയർ അനുവദിച്ചില്ല. അതുപോലെ യാക്കോബായാ മഫ്രിയാൻ തഗ്രീത്തിൽ നിന്ന് തന്റെ ആസ്ഥാനം ബാഗ്ദാദിലേക്കു മാറ്റാനും അവർ അനുവദിച്ചില്ല. അവർ കാലീഫിൽ സ്വാധീനം ചെലുത്തി ആ സംരംഭം തടഞ്ഞു. അതേപ്പറ്റി ബർ എബ്രായ പറയുന്നത് ഇപ്രകാരമാണ്: "നെസ്തോറിയൻ കാതോലിക്കായ്ക്കു മാത്രമേ ബാഗ്ദാദിൽ സ്ഥിരസിംഹാസനമുള്ളു. യാക്കോബായാ മെത്രാപ്പോലീത്താ തഗ്രീത്തിലാണ് പാർക്കേണ്ടത്" എന്ന് കാലീഫിനെ കൊണ്ട് നെസ്തോറിയർ കൽപ്പന ഇറക്കിച്ചു. അക്കാലത്ത് കാലീഫിന്റെ അനുവാദം ഉണ്ടെങ്കിലേ കാതോലിക്കായുടെയും മെത്രാന്മാരുടെയും സ്ഥാനം അംഗീകരിച്ചു കിട്ടുമായിരുന്നുള്ളു. അതിന് അവർ വളരെയധികം ദ്രവ്യം ചെലവാക്കിയിരുന്നു എന്നും ബർ എബ്രായാ പറയുന്നു.

ഇപ്പോൾ പുരാതന പേർഷ്യൻ സാമ്രാജ്യത്തിലെ നെസ്തോറിയൻകാരുടെ ലൈനിൽ രണ്ട് നെസ്തോറിയൻ കാതോലിക്കാ-പാത്രിയർക്കീസുമാരും അവരിൽ നിന്ന് കത്തോലിക്കാ സഭയുമായി സമ്പൂർണ കൂട്ടായ്മ പുനഃസ്ഥാപിച്ച കത്തോലിക്കാ പാത്രിയർക്കീസുമുണ്ട്. ഒരു നെസ്തോറിയൻ കാതോലിക്കാ-പാത്രിയർക്കീസ് ചിക്കാഗോയിലും മറ്റെയാൾ ബഗ്ദാദിലുമാണ്. കൽദായ കത്തോലിക്കാ പാത്രിയർക്കീസ് ബാഗ്ദാദിലാണ്. ഇറാക്കിലെ യുദ്ധത്തോടുകൂടി പശ്ചിമേഷ്യയിൽ അവരുടെ സംഖ്യ വളരെ കുറഞ്ഞിരിക്കയാണ്. പേർഷ്യാക്കാർ അവരുടെ ഒന്നാമത്തെ മേൽപ്പട്ടക്കാരനായി മാർതോമാ ശ്ലീഹായെ പരിഗണിക്കുന്നു. നെസ്തോറിയൻ എന്ന ആരോപണങ്ങളിൽ കഴമ്പില്ല എന്നാണ് പേർഷ്യാക്കാർ കരുതുന്നത്.



# 8
# പേർഷ്യയിലെ യാക്കോബായക്കാരും അധ്യക്ഷന്മാരും

യാക്കോബായാസഭയുടെ ഉത്ഭവം തന്നെ 451-ലെ കാൽസിഡൺ കൗൺസിലിനു ശേഷമാണല്ലോ. അപ്പോൾ അതിനുമുമ്പ് പേർഷ്യയിൽ യാക്കോബായക്കാർ ഉണ്ടായിരുന്നില്ല എന്ന് സ്പഷ്ടം. റോമൻസാമ്രാജ്യത്തിൽ കടന്നാക്രമണം നടത്തിയ പേർഷ്യൻ രാജാക്കന്മാർ കീഴ്പ്പെടുത്തിയ സ്ഥലങ്ങളിലെ ജനങ്ങളെ കൂട്ടത്തോടെ അടിമകളായി പിടിച്ചുകൊണ്ടുപോയി പേർഷ്യയിൽ കുടിയിരുത്തിയിരുന്നു. ഖുസ്രാ ഒന്നാമൻ 540-ൽ സൂറാ ആക്രമിച്ച് കൊള്ള ചെയ്ത് പതിനായിരക്കണക്കിന് ആളുകളെ അടിമകളാക്കി പിടിച്ചുകൊണ്ടുപോയി . ഖുസ്രാ രണ്ടാമനും ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റോമൻപ്രദേശങ്ങളിൽ നിന്ന് നിരവധിയാളുകളെ പേർഷ്യയിലേക്ക് കൊണ്ടുപോയി. ഖുസ്രായുടെ 628-ലെ പരാജയാനന്തരം പേർഷ്യയിലേക്ക് നിർബാധം പോകാൻ ക്രൈസ്തവർക്കു കഴിഞ്ഞു. ഇപ്രകാരം കുടിയിരുത്തിയവരുടെ കൂട്ടത്തിൽ കാൽസിഡൺ വിരുദ്ധരും ഉണ്ടായിരുന്നു. യാക്കോബ് ബുർദാനായുടെ കാലത്ത് യാക്കോബായാസഭ രൂപീകൃതമായപ്പോൾ ഇക്കൂട്ടർ യാക്കോബായക്കാരായിത്തീർന്നു. അങ്ങനെ ആറാം നൂറ്റാണ്ടോടുകൂടി പേർഷ്യയിൽ യാക്കോബായ സാന്നിധ്യമുണ്ടായി. റോമൻ പ്രവിശ്യകളിൽ പീഡിപ്പിക്കപ്പെട്ടവർ പേർഷ്യയിലേക്ക് കുടിയേറാൻ ബിസന്റൈൻ ചക്രവർത്തിമാർ അനുവദിച്ചിരുന്നു. 559 ആയപ്പോഴേക്കും പേർഷ്യയിൽ ഒരു മെത്രാനെ വാഴിക്കാൻ അവർക്കു സാധിച്ചു. സെലൂഷ്യൻ നേതൃത്വത്തോട് പിണങ്ങി നിന്ന ചിലരെങ്കിലും ഈ കാലഘട്ടത്തിൽ അവരുടെ കൂടെ കൂടിക്കാണാനിടയുണ്ട്.

### യാക്കോബായാ സഭയുടെ ഉത്ഭവം

കാൽസിഡൺ കൗൺസിൽ അംഗീകരിക്കാത്തവർ അഞ്ചാം നൂറ്റാ

ണ്ടിലെ കത്തോലിക്കാസഭയുടെ മുഖ്യധാരയിൽ നിന്ന് മാറി. ആറാം നൂറ്റാണ്ടിലും ഈ കാൽസിഡൺ വിരുദ്ധർക്ക് ബിസന്റൈൻ സാമ്രാജ്യത്തിലെ സഭയെ നിയന്ത്രിക്കാൻ സാധിച്ചില്ല. വേർപെട്ട ഒരു വിഭാഗം എന്ന നില അവർ സ്വീകരിക്കേണ്ടിവന്നു. അക്കാലത്ത് അവർ അറിയപ്പെട്ടിരുന്നത് തലവനില്ലാത്തവർ (അകെഫലോയ്), കാൽസിഡൺ സ്വീകരിക്കുന്നതിൽ ചില തടസ്സങ്ങൾ ഉള്ളവർ (ദിയാക്രിനോമെനോയ്) എന്നൊക്കെ ആയിരുന്നു. കാൽസിഡൺ സിനഡിനെ എതിർത്തു എന്നതൊഴിച്ചാൽ മറ്റു സംഗതികളിലൊക്കെ അവർ സത്യവിശ്വാസം പാലിച്ചിരുന്നു. അതായത്, വിശ്വാസത്തിന്റെ സാരസത്തയിൽ വ്യത്യാസം ഇല്ലായിരുന്നു. പദപ്രയോഗങ്ങളിൽ മാത്രമേ അന്തരം ഉണ്ടായിരുന്നുള്ളു. 451-നുശേഷം അന്ത്യോക്യാ, അലക്സാൺഡ്രിയാ എന്നീ പാത്രിയാർക്കേറ്റുകളിലെ നിരവധിയാളുകൾ - പ്രത്യേകിച്ച്, സുറിയാനിയും കോപ്തിക്കും സംസാരിക്കുന്നവരും സന്ന്യാസികളും - കാൽസിഡൺ വിരുദ്ധരായി മാറി. അന്ത്യോക്യൻ സഭയിൽ തന്നെ കാൽസിഡൺ അംഗീകരിക്കുന്നവരും കാൽസിഡൺ വിരുദ്ധരുമായ മെത്രാന്മാർ മാറിമാറി സഭാധ്യക്ഷന്മാരായി. 451 മുതൽ 518 വരെ ഈ നില തുടർന്നു.

## യാക്കോബായാ നേതാക്കന്മാർ

തങ്ങളുടെ സ്വന്തമായ ഹയരാർക്കി ഉണ്ടായെങ്കിലേ കാൽസിഡൺ വിരുദ്ധചേരി കെട്ടിപ്പടുക്കാനാവൂ എന്നു കണ്ട് പ്രസ്തുത വിഭാഗത്തിന്റെ നേതാക്കൾ പരിശ്രമിച്ചു. അവരിൽ പ്രമുഖരാണ് അന്ത്യോക്യയിലെ സെവേരൂസ് (+538), സ്രോഗിലെ യാക്കോബ് (+520), മാബുഗിലെ ഫീലൊക്സേനൂസ് (+523), യാക്കോബ് ബുർദാനാ (+578), എഫേസോസിലെ യോഹന്നാൻ (+585), തെല്ലായിലെ യോഹന്നാൻ (+538) എന്നിവർ. ഈ നേതാക്കന്മാർ കാൽസിഡൺ വിരുദ്ധ ഹയരാർക്കിയും സഭയും കെട്ടിപ്പടുക്കാൻ അശ്രാന്ത പരിശ്രമം നടത്തി. ഇവരിൽ ഏറ്റവും അധികം സംഘടനാപാടവം കാണിച്ചത് യാക്കോബ് ബുർദാനായാണ്.

ബിസന്റൈൻ ചക്രവർത്തിമാരിൽ ചിലർ കാൽസിഡൺ അംഗീകരിക്കുന്നവരും മറ്റുചിലർ അതിന്റെ വിശ്വാസനിർവചനത്തിൽ വെള്ളം ചേർക്കുന്നവരുമായിരുന്നു. സാമ്രാജ്യത്തിന്റെ ഐക്യത്തിന് മതപരമായ ഐക്യം അത്യന്താപേക്ഷിതമാണെന്നു ചക്രവർത്തിമാർ കരുതിയിരുന്നു. ജസ്റ്റീനിയൻ ചക്രവർത്തി കാൽസിഡൺ അനുകൂലി ആയിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഭാര്യ തിയഡോറാ കാൽസിഡൺ വിരുദ്ധരെ സംരക്ഷിച്ചു. അവർ കാൽസിഡൺ വിരുദ്ധമെത്രാന്മാരെ കോൺസ്റ്റാന്റിനോപ്പിളിൽ ഒരു കൊട്ടാരത്തിൽ പാർപ്പിച്ച് സംരക്ഷിച്ചു. 527-നുശേഷം കോൺസ്റ്റാന്റിനോപ്പിളിൽ എത്തിയ യാക്കോബ് ഏതാണ്ട് പതിനഞ്ചു വർഷത്തോളം കൊട്ടാരത്തിൽ താമസിച്ച് കാൽസിഡൺ വിരുദ്ധ മനോഭാവം ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. തിയഡോഷ്യസ് എന്ന അലക്സാണ്ഡ്രിയൻ പാത്രിയർക്കീസ് 542/3-ൽ യാക്കോ





ബിനെ എഡേസ്സായുടെ സ്ഥാനികമെത്രാനായി നിയമിച്ചു. അതോടൊപ്പം ഒരു തിയഡോറിനെ അലഞ്ഞുനടക്കുന്ന അറബികളുടെ മെത്രാനായും രഹസ്യമായും വാഴിച്ചു. യാക്കോബ് വേഷപ്രച്ഛന്നനായി ചുറ്റിനടന്ന് കാൽസിഡൺ വിരുദ്ധ സമൂഹങ്ങളെ വളർത്തുകയും സംഘടിപ്പിക്കുകയും ചെയ്തു. വിവിധ ചേരികളിൽ നിന്ന കാൽസിഡൺ വിരുദ്ധരെ യോജിപ്പിക്കാൻ ഇയാൾ പരിശ്രമിച്ചു. അങ്ങനെ ഇയാളിൽ നിന്ന് യാക്കോബായക്കാർ എന്ന പേര് കാൽസിഡൺ വിരുദ്ധർക്ക് ലഭിച്ചു.

## യാക്കോബായാ ഹയരാർക്കി

ഈ കാൽസിഡൺ വിരുദ്ധ നേതാക്കന്മാരാരും എവുത്തീക്കെസിന്റെ ഏകസ്വഭാവവാദം പഠിപ്പിച്ചിരുന്നില്ല. സെവേരൂസ് അന്ത്യോക്യാ പാത്രിയർക്കീസ് ആയിരുന്നു. അദ്ദേഹത്തിന്റെ കാൽസിഡൺ വിരുദ്ധമനോഭാവം നിമിത്തം 518-ൽ അന്ത്യോക്യയിൽ നിന്ന് നിഷ്ക്കാസിതനായി. പിന്നീട് 557/8 - വരെ കാൽസിഡൺ വിരുദ്ധരായ മെത്രാന്മാർ അന്ത്യോക്യയിൽ ഉണ്ടായിരുന്നില്ല. 557/8-ൽ തെല്ലായിലെ സേർജിയൂസ് മുതൽ യാക്കോബായാ പാത്രിയർക്കീസുമാരുടെ പരമ്പര ആരംഭിക്കുന്നു. എന്നാൽ ഈ യാക്കോബായാ പാത്രിയർക്കീസുമാർ ആരും തന്നെ അന്ത്യോക്യാ കേന്ദ്രമാക്കി ഭരിച്ചിട്ടില്ല. അവർ സിറിയായിലെ ആശ്രമങ്ങൾ കേന്ദ്രമാക്കി കാൽസിഡൺ വിരുദ്ധരെ ഭരിച്ചു.

## പേർഷ്യയിലെ യാക്കോബായക്കാർ

പേർഷ്യയിൽ കാൽസിഡൺ വിരുദ്ധർ തഗ്രീത്, മോസൂൾ പ്രദേശങ്ങളിലാണ് പാർത്തിരുന്നത്. ആ പ്രദേശവാസികളായ പേർഷ്യൻ ക്രൈസ്തവർ കാലക്രമത്തിൽ യാക്കോബായക്കാരായി. മാർ മത്തായി ആശ്രമത്തിനു ചുറ്റും കാൽസിഡൺ വിരുദ്ധർ ഉണ്ടായിരുന്നു. പേർഷ്യയിൽ അറിയപ്പെടുന്ന ആദ്യത്തെ കാൽസിഡൺ വിരുദ്ധമെത്രാൻ ആഹൂദെമ്മേ ആണ്. ആഹൂദെമ്മേയെ യാക്കോബ് ബൂർദാനാ 559-ൽ തഗ്രീതിൽ നിയമിച്ചു. യാക്കോബ് ഒരു ഗർമായ് മെത്രാനെ മാർ മത്തായി ആശ്രമം, അസ്സൂർ, നിനിവേ എന്നിവിടങ്ങളിലേക്ക് 559-ൽ തന്നെ നിയമിച്ചു. ആഹൂദെമ്മേയ്ക്കു ശേഷം, (+577) ഖാമീശോ (578-609), സാമുവേൽ (614-624) എന്നിവർ പേർഷ്യയിലെ കാൽസിഡൺ വിരുദ്ധരുടെ മെത്രാന്മാരായിരുന്നു. ബാ നുഹദ്രാ, മായൽതാ എന്നീ പേർഷ്യൻപ്രദേശങ്ങളിൽ 593-ലാണ് ആദ്യത്തെ യാക്കോബായാ മെത്രാൻ ഉണ്ടാകുന്നത്.

## യാക്കോബായാ മഫ്രിയാൻ

പേർഷ്യൻ സാമ്രാജ്യം 628-ൽ തകർന്നപ്പോൾ യാക്കോബായാ പാത്രിയർക്കീസ് തന്റെ പ്രതിനിധിയായി പേർഷ്യയിലെ യാക്കോബായക്കാരുടെ

ആത്മിക കാര്യങ്ങൾക്കുവേണ്ടി മാറൂഥാ എന്ന വലിയ മെത്രാപ്പോലീത്തായെ 629-ൽ നിയമിച്ചു. തത്സംബന്ധമായി പേർഷ്യയിൽ മാർ മത്തായി ആശ്രമത്തിൽ വച്ച് രണ്ട് സിനഡുകൾ കൂടി. പാത്രിയർക്കീസ് മാർ അത്തനാസ്യോസ് ഒന്നാമൻ തന്റെ പ്രതിനിധിയായി ഒരു യോഹന്നാനെ പേർഷ്യയിലേക്കയച്ചു. അദ്ദേഹം മാർ മത്തായി ആശ്രമം സന്ദർശിച്ചു. ആശ്രമാധ്യക്ഷനായ മാർ ക്രിസ്റ്റഫർ ഒരു യോഗം വിളിച്ചുകൂട്ടി. അന്നുവരെ പാത്രിയർക്കീസുമായി ബന്ധമില്ലാതെ കിടന്ന പേർഷ്യൻ യാക്കോബായക്കാർ പാത്രിയർക്കീസുമായി യോജിപ്പിലെത്താൻ തീരുമാനിച്ചു. മൂന്നു സന്ന്യാസികളും നാല് മെത്രാന്മാരും ക്രിസ്റ്റഫറിനെ അനുഗമിച്ച് റോമൻപ്രദേശത്തു പാർത്തിരുന്ന യാക്കോബായാ പാത്രിയർക്കീസിന്റെ പക്കലെത്തി. മാർ മാറൂഥായെ "വലിയ മെത്രാപ്പോലീത്തായും തഗ്രീതിലെ മഫ്രിയാനുമായി" നിയമിക്കാനുള്ള അധികാരപത്രം പാത്രിയർക്കീസ് നൽകി. തിരികെയെത്തിയ ഡലഗേഷൻ 629-ൽ ഒരു സിനഡുകൂടി. തഗ്രീതിലെ മഫ്രിയാനായി മാറൂഥാ നിയമിതനായി. പേർഷ്യയിലെ യാക്കോബായാസഭയിൽ വേണ്ട ക്രമീകരണങ്ങൾ വരുത്തി. 24 കാനോനകൾ പാസ്സാക്കി. മഫ്രിയാനും മാർ മത്തായി ആശ്രമാധ്യക്ഷനും തമ്മിലുള്ള ബന്ധവും ചർച്ച ചെയ്ത് ക്രമീകരിച്ചു.

## സെലൂഷ്യൻ കാതോലിക്കാ

പേർഷ്യയിൽ 628/9-ൽ സെലൂഷ്യാ കേന്ദ്രമാക്കി ഭരിച്ചിരുന്ന ഒരു കാതോലിക്കാ-പാത്രിയർക്കീസും (മാർ ഈശോയാബ് രണ്ടാമൻ) നിരവധി മെത്രാന്മാരും ഉണ്ടായിരുന്നു. പേർഷ്യൻ ക്രൈസ്തവരിൽ മഹാഭൂരിപക്ഷവും ഈ കാതോലിക്കാ പാത്രിയർക്കീസിന്റെ കൂടെ ആയിരുന്നു. അവരെ യാക്കോബായക്കാരും മറ്റുള്ളവരും നെസ്തോറിയർ എന്ന് കളിയാക്കി വിളിച്ചിരുന്നു. എന്നാൽ അവർക്ക് നെസ്തോറിയൻ പാഷണ്ഡത ഇല്ലായിരുന്നു എന്ന് ഇന്നത്തെ പഠനങ്ങൾ തെളിയിക്കുന്നു. അക്കാലത്ത് യാക്കോബായക്കാർ പേർഷ്യയിൽ താരതമ്യേന കുറവായിരുന്നു. മഫ്രിയാന്റെ ആസ്ഥാനം തഗ്രീതായിരുന്നു. സെലൂഷ്യാ, പേർഷ്യൻ "നെസ്തോറിയൻ" സഭയുടെ ആസ്ഥാനമായിരുന്നതിനാലും അവിടെ യാക്കോബായക്കാർ തുലോം തുച്ഛമായിരുന്നതിനാലും തഗ്രീതിൽ തന്നെ മഫ്രിയാൻ തന്റെ ആസ്ഥാനകേന്ദ്രമാക്കി. 629-ൽ പേർഷ്യയിൽ ഉണ്ടായിരുന്ന 12 യാക്കോബായാ രൂപതകളിൽ തെക്കുഭാഗത്തുള്ള ആറെണ്ണം മാത്രമേ മഫ്രിയാന്റെ കീഴിൽ ഉണ്ടായിരുന്നുള്ളു. മറ്റാറെണ്ണം മാർ മത്തായി ആശ്രമാധ്യക്ഷന്റെ കീഴിലായിരുന്നു. മഫ്രിയാൻ കഴിഞ്ഞാൽ പേർഷ്യയിലെ യാക്കോബായക്കാരുടെ ബഹുമാന്യനേതാവ് മാർ മത്തായി ആശ്രമാധ്യക്ഷനായിരുന്നു. മഫ്രിയാനായ ശേഷം മാർ മാറൂഥാ, സേജെസ്ഥാൻ, അസർബൈജാൻ, ഹേരാത് എന്നിവിടങ്ങളിൽ മൂന്നു രൂപതകൾ കൂടി സ്ഥാപിച്ചു. വളരെയധികം പാണ്ഡിത്യമുള്ള ആളായിരുന്നു മാർ മാറൂഥാ. എന്നാൽ അദ്ദേഹത്തിന്റെ അധികാരം വളരെ പരിമിതമായി





രുന്നു എന്ന് സിനഡിന്റെ കാനോനാകൾ വ്യക്തമാക്കുന്നു. മാർ മത്തായി ആശ്രമാധ്യക്ഷനെ വളരെയധികം ആശ്രയിച്ചു കഴിയേണ്ട വ്യക്തിയായിട്ടാണ് കാനൻ മഫ്രിയാനെ അവതരിപ്പിച്ചിരിക്കുന്നത്.

## മഫ്രിയാനും പാത്രിയർക്കീസും

പേർഷ്യയിലെ മഫ്രിയാനും യാക്കോബായാ പാത്രിയർക്കീസും തമ്മിലുള്ള ബന്ധം സംബന്ധിച്ച് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ലായിരുന്നു. മാറൂഥാ മരിച്ചപ്പോൾ (649), പേർഷ്യയിലെ യാക്കോബായക്കാർ മഫ്രിയാനെ തെരഞ്ഞെടുത്തു. പാത്രിയർക്കീസ് തിയഡോർ (+667) കൈവയ്പ്പ് നൽകി. അങ്ങനെ ദനഹാ, രണ്ടാമത്തെ മഫ്രിയാനായി. അതിനു ശേഷവും കൃത്യമായ രീതികളില്ലാതിരുന്നതിനാൽ, പല പ്രശ്നങ്ങളും പൊന്തിവന്നു. അതുകൊണ്ട് കഫർതൂത്തായിൽ വച്ചു കൂടിയ സിനഡ് മഫ്രിയാന് തന്റെ മഫ്രിയാനേറ്റിൽ പൂർണസ്വാതന്ത്ര്യം നൽകി. പ്രത്യേകം അപേക്ഷിച്ചാലല്ലാതെ പാത്രിയർക്കീസ് മഫ്രിയാനേറ്റിൽ ഇടപെടാൻ പാടില്ലെന്ന് തീരുമാനിക്കപ്പെട്ടു. എങ്കിലും പരസ്പരബന്ധം ഭംഗിയായിട്ടല്ല നീങ്ങിയത്.

## മഫ്രിയാൻ

മഫ്രിയാൻ എന്നത് ഒരു സുറിയാനി വാക്കാണ്. "ജനിപ്പിക്കുന്നവൻ" എന്നർഥം. മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കാൻ അധികാരമുള്ളയാൾ, നിരവധി ആത്മീയഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിവുള്ളയാൾ! "ബേത് പർസായേയിലെ മെത്രാപ്പോലീത്താ", "തഗ്രീതിലെ മെത്രാപ്പോലീത്താ", "പൗരസ്ത്യദേശത്തെ പ്രധാന മേൽപ്പട്ടക്കാരൻ" എന്നീ പേരുകളിൽ പേർഷ്യയിലെ ഈ സഭാതലവൻ അറിയപ്പെട്ടിരുന്നു.

പാത്രിയർക്കീസും മഫ്രിയാനും തമ്മിലുള്ള ബന്ധം ഭംഗിയായി മുന്നോട്ടുപോകാഞ്ഞതിനാൽ തഗ്രീതുകാരനായ ബസേലിയോസ് മഫ്രിയാന്റെ കാലത്ത് (1046-1069) ഒരുടമ്പടി ഉണ്ടാക്കി: "മഫ്രിയാനെ കൂടാതെ പാത്രിയർക്കീസോ, പാത്രിയർക്കീസിനെ കൂടാതെ മഫ്രിയാനോ വാഴിക്കപ്പെടരുത് എന്ന കൽപ്പന ശാപത്തിൻകീഴിൽ ഉറപ്പിച്ച് പ്രസിദ്ധപ്പെടുത്തി" എന്ന് ബർ എബ്രായാ പറയരുന്നു. തുടർന്നു വന്ന യോഹന്നാൻ സ്ലീബാ മഫ്രിയാന്റെ കാലത്ത് (1075-1106) അറബി ആക്രമണം നിമിത്തം ക്രിസ്ത്യാനികളെല്ലാം തഗ്രീതിൽ നിന്ന് ഓടിപ്പോയി. ദിവന്നാസ്യോസ് മോശ മെത്രാനെ (1112-1142) പാത്രിയർക്കീസ് "തഗ്രീതിന്റെയും പൗരസ്ത്യദേശം മുഴുവന്റെയും മഫ്രിയാനായി" 1112-ൽ വാഴിച്ചു. അദ്ദേഹം തഗ്രീതിലെ പള്ളി പുതുക്കിപ്പണിയാൻ കാലിഫിന്റെ അനുവാദം വാങ്ങി. പാത്രിയർക്കീസിന് വിശ്വാസപ്രഖ്യാപനം എഴുതിക്കൊടുത്ത ആദ്യമഫ്രിയാൻ ഇദ്ദേഹമാണ്. ഇതിനു മുമ്പുള്ള മഫ്രിയാനന്മാർ അപ്രകാരം ചെയ്തിരുന്നില്ല. "തഗ്രീതിന്റെയും മോസൂളിന്റെയും നിനവയുടെയും മഫ്രിയാനായ" യോഹന്നാൻ സാറൂഗായാ 1164-ൽ

അധ്യക്ഷസ്ഥാനത്തു വന്നു. ഗ്രിഗോറിയോസ് യാക്കൂബ് മഫ്രിയാൻ (1189 –1215) അപൂർവമായി മാത്രമേ തഗ്രീതിൽ താമസിച്ചിരുന്നുള്ളു. ഇക്കാലത്ത് ഒരു ബദൽ മഫ്രിയാൻ ഉണ്ടായി. എന്നാൽ ഗ്രിഗോറിയോസ് മഫ്രിയാൻ പണം കൊടുത്ത് അറബികളെ സ്വാധീനിച്ച് ബദൽ മഫ്രിയാനെ സ്ഥാനഭ്രഷ്ടനാക്കി. അറബി മേധാവിത്വത്തിനുശേഷം പലപ്പോഴും പണം കൊടുത്താണ് ആളുകൾ നേതൃത്വനിരയിലെത്തിയിരുന്നത്. ജനങ്ങളുടെ ഇടയിൽ വലിയ പിളർപ്പും ഇടർച്ചയും ഉണ്ടായി. പാത്രിയർക്കീസു കക്ഷിയെന്നും മഫ്രിയാൻ കക്ഷിയെന്നും ചേരിതിരിഞ്ഞ് യാക്കോബായക്കാർ പോരടിക്കാൻ തുടങ്ങി. പിന്നീട് മഫ്രിയാനായ ഇഗ്നാത്യോസ് ദാവീദ്, യാക്കോബായാ പാത്രിയർക്കീസായി. മഫ്രിയാന്മാരിൽ നിന്ന് ആദ്യമായി പാത്രിയർക്കീസായത് ഇദ്ദേഹമാണ്. ദാവീദിനുശേഷം (1215–1222) തഗ്രീത് വിസ്മൃതിയിലാണ്ടു. 1258–ൽ ഹൂലാഗുവിന്റെ സൈന്യം തഗ്രീതിലെ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും വധിച്ചു. അറബികളുടെയും മംഗോളിയരുടെയും തുർക്കികളുടെയും നിരന്തരമായ ആക്രമണം നിമിത്തം മഫ്രിയാനന്മാർ മാറി മാറി താമസിക്കേണ്ടിവന്നു. തഗ്രീതിൽ നിന്ന് ഓടിപ്പോയ യോഹന്നാൻ സ്ലീബാ (1089) മോസൂളിൽ താമസിച്ചു. ദിവന്നാസ്യോസ് മഫ്രിയാൻ (1112 –42) ബാഗ്ദാദിൽ വച്ച് മരിച്ചെങ്കിലും ശരീരം തഗ്രീതിൽ കൊണ്ടുവന്നു. ഇഗ്നാത്യോസ് ലാസർ മഫ്രിയാൻ (1143–64) 10 വർഷം ബാഗ്ദാദിലായിരുന്നു. 1152–ൽ അദ്ദേഹം മോസൂളിലേക്ക് താമസം മാറ്റി. 1156–ലെ സിനഡ് അതംഗീകരിച്ചു. അതിനുശേഷം "മോസൂളിന്റെയും നിനവയുടെയും മെത്രാപ്പോലീത്താ" എന്ന സംജ്ഞ മഫ്രിയാനന്മാർ ഉപയോഗിക്കാൻ തുടങ്ങി. മഫ്രിയാനന്മാർ തഗ്രീതിലോ, മാർ മത്തായി ആശ്രമത്തിലോ സംസ്ക്കരിക്കപ്പെട്ടു. മോസൂളിൽ ആക്രമണമുണ്ടായപ്പോൾ മഫ്രിയാനന്മാർ പല സ്ഥലങ്ങളിലായി മാറിമാറി താമസിച്ചു.

## ബർ എബ്രായ എന്ന മഫ്രിയാൻ

മഫ്രിയാനന്മാരിൽ ഏറ്റവും പ്രശസ്തനാണ് ബർ എബ്രായാ (1264–1286) എന്നറിയപ്പെടുന്ന അബുൽ ഫറാജ് ബൻ അഹറോൻ. മെത്രാനായപ്പോൾ ഗ്രിഗോറിയോസ് യോഹന്നാൻ എന്ന പേര് സ്വീകരിച്ചു. അദ്ദേഹം ഒരിക്കൽ മാത്രമേ തഗ്രീതിലേക്ക് യാത്ര ചെയ്തിട്ടുള്ളു. മോസൂളിലും മാർ മത്തായി ആശ്രമത്തിലുമാണ് അദ്ദേഹം താമസിച്ചിരുന്നത്.

ബർ എബ്രായയുടെ പിൻഗാമികളും പല സ്ഥലങ്ങളിൽ മാറിമാറി താമസിച്ചു. മംഗോളിയർ 1369–ൽ മാർ മത്തായി ആശ്രമവും മോസ്സൂളും നശിപ്പിച്ചപ്പോൾ മഫ്രിയാനന്മാർ മറ്റിടങ്ങളിൽ തിമസിച്ചു. എന്നാൽ 1523–നു ശേഷം പല മഫ്രിയാനന്മാരും വീണ്ടും മോസൂളിൽ സ്ഥിരതാമസക്കാരായി. "മോസൂളിന്റെ മഫ്രിയാൻ" എന്നാണ് ഇക്കാലത്ത് അവർ അറിയപ്പെട്ടിരുന്നത്.





## ബസേലിയോസ് എന്ന പേരെടുത്ത മഫ്രിയാനന്മാർ

മഫ്രിയാന്മാർ 1533–മുതൽ ബസേലിയോസ് എന്ന് പേരിനോട് ചേർക്കാൻ തുടങ്ങി.

ബസേലിയോസ് ഏലിയാസ് (1533–52)

ബസേലിയോസ് നെമെത് അള്ളാ നൂർ എദ്ദീൻ (1555–57)

ബസേലിയോസ് ദാവീദ് ഷാ ഇബ്ൻ നൂർ എദ്ദീൻ (1557–76)

ബസേലിയോസ് പീലാത്തോസ് അൽ മൻസൂറാതി (1576–91)

ബസേലിയോസ് അബ്ദ് അൽ ഗാനി (1591–97)

ബസേലിയോസ് പത്രോസ് ഹാദായാ (1597–98)

ബസേലിയോസ് ഏശായാ (1626)

ബസേലിയോസ് ശുക്രള്ളാ ഒന്നാമൻ (1639–52)

ബസേലിയോസ് അബ്ദ് അൽ മിശീഹ് (1655–65)

ബസേലിയോസ് ഹബീബ് രണ്ടാമൻ (1665–74)

ബസേലിയോസ് യൽദാ (1678–85)

ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ (1685–87)

ബസേലിയോസ് ഇസഹാക്ക് ആസാർ അൽ മൗസീലി (1687–1709)

ബസേലിയോസ് ഇസഹാക്ക് ജൂബൈർ (1693)

ബസേലിയോസ് മത്തായി (1709)

ബസേലിയോസ് ലാസർ മൂന്നാമൻ (1713)

ബസേലിയോസ് മത്തായി മൂന്നാമൻ (1714–1727)

ബസേലിയോസ് ശെമഒാൻ (1720–1743)

ബസേലിയോസ് ശുക്രള്ളാ രണ്ടാമൻ ( 1723)

ബസേലിയോസ് ശുക്രള്ളാ മൂന്നാമൻ (1746–1760)

ബസേലിയോസ് ഗീവർഗീസ് മൂന്നാമൻ മൂശാ (1760–1768)

ബസേലിയോസ് സ്ലീബാ നാലാമൻ (1783–1790)

ബസേലിയോസ് ബീശാറാ (1782–1817)

ബസേലിയോസ് യൗനാൻ (1803)

ബസേലിയോസ് സിറിൽ അബ്ദ് അൽ അസീസ് (1811-16)

ബസേലിയോസ് മത്തായി നാലാമൻ (1820)

ബസേലിയോസ് ഏലിയാസ് രണ്ടാമൻ കർമേ (1825-37)

ബസേലിയോസ് ഏലിയാസ് അൻ കാസ് അൻ നഹത് (1827-1839)

ബസേലിയോസ് ബഹനാം നാലാമൻ (1852-1859)

## മഫ്രിയാൻസ്ഥാനം നിർത്തലാക്കുന്നു

മേൽപ്പറഞ്ഞ പലരും കത്തോലിക്കാസഭയോട് അനുഭാവം കാട്ടിയിരുന്നു. ചില കാലഘട്ടത്തിൽ ഒന്നിലേറെ മഫ്രിയാനന്മാർ ഒരേസമയം പേർഷ്യയിലെ യാക്കോബായാസഭയിൽ ഉണ്ടായിരുന്നു. പല മഫ്രിയാനന്മാരും പിന്നീട് പാത്രിയർക്കീസുമാരായി. മഫ്രിയാനന്മാർ പാത്രിയർക്കീസുമാരുടെ വരുതിക്ക് നിൽക്കുന്നില്ലെന്നു കണ്ട് ദയർ അസ് സഫാറാനിൽ വച്ച് 1860/3-ൽ യാക്കോബ് രണ്ടാമൻ (+1871) എന്ന യാക്കോബായാ പാത്രിയർക്കീസ് തന്റെ കൂടെയുള്ള 17 മെത്രാന്മാരുടെ സഹകരണത്തോടുകൂടി മഫ്രിയാൻസ്ഥാനം നിർത്തലാക്കി.

## കേരളത്തിൽ നിന്നുള്ള അപേക്ഷ

ഈ പശ്ചാത്തലത്തിലാണ് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ കാലത്ത് മഫ്രിയാൻസ്ഥാനം മലങ്കരയിൽ പുനരുദ്ധരിക്കണമെന്ന് പറഞ്ഞ് കോനാട്ടു മൽപ്പാൻ പശ്ചിമേഷ്യയിലേക്ക് കത്തെഴുതിയത്. അപ്പോൾ പാത്രിയർക്കീസ് വളരെ നിഷേധാത്മകമായ ഒരു മറുപടി നൽകി.

## ബസേലിയോസ്- പിൽക്കാല മഫ്രിയാനന്മാരുടെ നാമമാണ്

ബസേലിയോസ് എന്നത് പിൽക്കാല മഫ്രിയാനന്മാർ എടുത്ത ഒരു സ്ഥാനനാമമാണ്. പേർഷ്യയിലെ "നെസ്തോറിയരുടെ" കാതോലിക്കാ-പാത്രിയർക്കീസുമാരുടെ സ്ഥാനനാമമല്ല എന്ന് ഈ പട്ടികയിൽ നിന്ന് വ്യക്തമാണല്ലോ. അബ്ദേദ്മിശിഹാ മലങ്കരയിൽ മഫ്രിയാനേറ്റ് സ്ഥാപിച്ചപ്പോൾ (1912) ഒന്നാമത്തെ നേതാവിനെ ബസേലിയോസ് പൗലോസ് എന്ന് അദ്ദേഹം നാമകരണം ചെയ്തതിൽ നിന്ന് അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത് മഫ്രിയാനേറ്റ് ആയിരുന്നു എന്ന് സ്പഷ്ടമാണ്. മറ്റൊന്നും നൽകാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. പേർഷ്യയിലെ "നെസ്തോറിയരുടെ" കാതോലിക്കേറ്റ് ഇവിടെ സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. അവരുമായി യാക്കോബായക്കാർക്ക് കൂട്ടയ്മയില്ലല്ലോ. അവരെ പാഷണ്ഡികളായിട്ടാണല്ലോ യാക്കോബായക്കാർ കരുതിയിരുന്നത്. ആ സ്ഥാനം അപ്പോഴും





പേർഷ്യയിൽ നിലനിന്നിരുന്നു. പേർഷ്യയിലുള്ള യാക്കോബായക്കാരുടെ മഫ്രിയാൻസ്ഥാനം 1860/3-ൽ നിർത്തലാക്കിയതിന്റെ പുനഃസ്ഥാപനമാണ് 1912-ൽ നടന്നതെന്നു വേണമെങ്കിൽ പറയാം. എന്നാൽ അബ്ദേദ് മ്ശിഹായുടെ കൽപ്പനയിൽ പുനഃസ്ഥാപനത്തെപ്പറ്റി പരാമർശമില്ല.

## മഫ്രിയാൻ-കാതോലിക്കോസ്

യാക്കോബായാ മഫ്രിയാൻ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ വികാരി ജനറൽ പോലെയുള്ള അധികാരം മാത്രമുള്ള ആളായിരുന്നു. പലപ്പോഴും അവർ തമ്മിലുള്ള ബന്ധം സുതാര്യമല്ലായിരുന്നു. തുടരെത്തുടരെയുള്ള അറബി, മംഗോളിയൻ, തുർക്കി ആക്രമണങ്ങളുടെ ഫലമായി വളരെയധികം നാശനഷ്ടങ്ങൾ പശ്ചിമേഷ്യൻ സമൂഹങ്ങൾക്ക് സംഭവിച്ചു. അത് വളരെ ഗൗരവമായി മഫ്രിയാനേറ്റിനെയും ബാധിച്ചു. ധാർമികനിലവാരം തകർന്ന സമൂഹനേതാക്കന്മാർ അധികാരം ലഭിക്കാൻ വേണ്ടി മുസ്ലീം ഭരണാധികാരികളെ സ്വാധീനിക്കാൻ മത്സരിച്ചിരുന്നു. അത് അവരുടെ തകർച്ച ത്വരിതപ്പെടുത്തി. ബർ എബ്രായാ എന്ന മഫ്രിയാൻ (1264-1286) തന്റെ പേരിനോട് ചേർത്ത് *കാതോലിക്കോസ്* എന്ന സംജ്ഞ ഉപയോഗിച്ചതായി കാണുന്നു. ആദ്യമായി ഇപ്രകാരം സ്വയം വിളിച്ചത് അദ്ദേഹമാണ്. അദ്ദേഹം ഇപ്രകാരം പേരെടുത്തപ്പോൾ പേർഷ്യയിലെ "നെസ്തോറിയൻ" കാതോലിക്കോസ്-പാത്രിയർക്കീസ് അതിനെ എതിർത്തു. "മഫ്രിയാനെ യാക്കോബായക്കാർ കാതോലിക്കാ എന്നു പേരു വിളിക്കുന്നതായി ചില നെസ്തോറിയന്മാർ കേൾക്കുകയും അത് തങ്ങളുടെ കാതോലിക്കായെ അറിയിക്കുകയും ചെയ്തു " എന്ന് ബർ എബ്രായയുടെ സഭാചരിത്രത്തിൽ തന്നെ കാണാം. അതായത് യാക്കോബായക്കാർ അന്നുവരെ ഉപയോഗിച്ചിട്ടില്ലാത്ത ഒരു സ്ഥാനനാമം പുതുതായി എടുത്തപ്പോൾ അന്നുവരെ ഉപയോഗിച്ചുകൊണ്ടിരുന്ന "നെസ്തോറിയർ" പ്രതിഷേധിച്ചു എന്നാണ് ചുരുക്കം. ബർ എബ്രായയ്ക്കു പിന്നാലെ വന്ന മഫ്രിയാന്മാർ *കാതോലിക്കാ* എന്ന പേര് എടുത്തിരുന്നില്ല. അവരെല്ലാം മഫ്രിയാനന്മാരെന്നാണ് അറിയപ്പെട്ടിരുന്നത്.

ചുരുക്കത്തിൽ യാക്കോബായക്കാരുടെ പേർഷ്യയിലെ മഫ്രിയാനേറ്റും പേർഷ്യയിലെ "നെസ്തോറിയരുടെ" കാതോലിക്കേറ്റും ഒന്നല്ല. രണ്ടു വ്യത്യസ്ത അധികാരകേന്ദ്രങ്ങളാണ്. തങ്ങളുടെ സഭ സ്വതന്ത്രമാകാൻ പാശ്ചാത്യപിതാക്കന്മാർ അനുവദിച്ചു എന്നു പറഞ്ഞ് പേർഷ്യയിലെ പൗരസ്ത്യ സുറിയാനിസഭയിൽ (കൽദായസഭയിൽ) ഉടലെടുത്തതാണ് കാതോലിക്കേറ്റ് എന്ന സ്ഥാനവും കാതോലിക്കോസും. പേർഷ്യൻ സാമ്രാജ്യതലസ്ഥാനമായ സെലൂഷ്യാ ആയിരുന്നു അവരുടെ ആസ്ഥാനം. മഫ്രിയാൻസ്ഥാനം അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു സ്ഥാനമാണ്. പാത്രിയർക്കീസും സിനഡും കൂടിയാണ് മഫ്രിയാനെ നിയമിക്കുന്നത്. മഫ്രിയാൻസ്ഥാനം 629-ൽ തുടങ്ങി 1860/3-ൽ നിർത്തലാ

ക്കപ്പെട്ടു. മോസൂളും തഗ്രീതും മറ്റു പ്രദേശങ്ങളുമായിരുന്നു അവരുടെ ആസ്ഥാനം. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനെ മുഖ്യമായും ആശ്രയിച്ചുകൊണ്ടുള്ള ഒന്നായിരുന്നത്. പേർഷ്യൻ കാതോലിക്കോസ് – പാത്രിയർക്കീസാകട്ടെ അധികാരത്തിൽ മറ്റൊരു പാത്രിയർക്കീസിനെയും ആശ്രയിച്ചിരുന്നില്ല. അദ്ദേഹം സ്വയംഭരണമുള്ള ആളായിരുന്നു.

പേർഷ്യൻ സഭാധ്യക്ഷന്മാരെ ആദ്യമാദ്യം അന്ത്യോക്യൻ മെത്രാന്മാർ വാഴിച്ചിരുന്നു എന്നത് സത്യമാണ്. അവരുടെ സഹായത്തോടുകൂടിയാണ് പേർഷ്യയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചത്. എന്നാൽ പിൽക്കാലത്ത് അവരുടെമേൽ അന്ത്യോക്യാ പാത്രിയർക്കീസന്മാർ യാതൊരവകാശവാദവും പുറപ്പെടുവിച്ചില്ല. എന്നാൽ തന്റെ പ്രതിനിധിയായിട്ടാണ് തഗ്രീതിലെ മഫ്രിയാനെ യാക്കോബായാ പാത്രിയർക്കീസ് പരിഗണിച്ചത്. തന്റെ സഭയുടെ ഭാഗമാണ് മഫ്രിയാനേറ്റ് എന്ന് യാക്കോബായാ പാത്രിയർക്കീസ് കരുതി. അപ്രകാരം തന്നെ മഫ്രിയാനേറ്റിലുള്ളവരും, മൊത്തത്തിലുള്ള സുറിയാനി യാക്കോബായാസഭയുടെ ഭാഗമാണ് തങ്ങളെന്നു കരുതിയിരുന്നു. മഫ്രിയാൻ ഒരു രീതിയിലും പേർഷ്യൻ "നെസ്തോറിയൻ" പാത്രിയർക്കീസിന്റെ തുല്യസ്ഥാനി ആയിരുന്നില്ല. "നെസ്തോറിയൻ സഭയിലെ" കാതോലിക്കോസിന്റെ തുടർച്ചയല്ല തിഗ്രീതിലെ മഫ്രിയാൻ. മഫ്രിയാന്റെ അധികാരവ്യാപ്തി പരിമിതമായിരുന്നു. പാത്രിയാർക്കേറ്റിനു പുറത്ത് പേർഷ്യൻ പ്രദേശങ്ങളിലുള്ള യാക്കോബായക്കാരുടെ മേൽ മാത്രമേ അദ്ദേഹത്തിന് അധികാരമുണ്ടായിരുന്നുള്ളു. എന്നാൽ പേർഷ്യയിലെ "നെസ്തോറിയൻ" പാത്രിയർക്കീസിന് ഇൻഡ്യ, ചൈന, സൈബീരിയ, മംഗോളിയാ എന്നിവിടങ്ങളിലൊക്കെ അധികാരം ഉണ്ടായിരുന്നു. ഇതിന് ഉപോൽബലകമായി നിരവധി രേഖകൾ ചൂണ്ടിക്കാണിക്കാനാകും. മഫ്രിയാന് ഭാരതത്തിൽ അധികാരം ഉണ്ടെന്നു കാണിക്കുന്ന രേഖകളൊന്നുമില്ല. ബർ എബ്രായ ഇതേപ്പറ്റി ഒന്നും പറയുന്നില്ല. മറ്റ് യാക്കോബായാ എഴുത്തുകാരും ഇക്കാര്യത്തിൽ മൗനം പാലിക്കുന്നു. കേരളത്തിൽ ഒരു ക്രൈസ്തവസഭ സ്ഥിതിചെയ്തിരുന്നു എന്ന വസ്തുത പോലും ബർ എബ്രായാ എടുത്തുപറയുന്നില്ല. ഗ്രീക്ക്, റോമൻ, കോപ്റ്റിക്, അർമേനിയൻ, എത്യോപ്യൻ, പേർഷ്യൻ സഭകളെപ്പറ്റി നിരവധി സംഗതികൾ ചരിത്രഗ്രന്ഥത്തിൽ എഴുതിയ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് മിഖായേൽ റാബോയും കേരളത്തിൽ ഒരു സഭ ഉണ്ടായിരുന്ന കാര്യം പോലും രേഖപ്പെടുത്തിയിട്ടില്ല.

"കിഴക്കിന്റെ കാതോലിക്കോസ് " എന്നത് പേർഷ്യയിലെ "നെസ്തോറിയൻ" സഭ ഉപയോഗിച്ചിരുന്ന ഒരു സംജ്ഞയാണ്. അതിനെ അനുകരിച്ച് ബർ എബ്രായാ എടുത്തതാണ് കാതോലിക്കോസ് എന്ന നാമം. യാക്കോബായാ സഭയിൽ ഇത് നൂതനമാണ്. ഇതു രണ്ടും ഒന്നാണെന്ന് ധരിക്കുന്നത് തെറ്റാണ്. പേരിന്റെ സാമ്യംകൊണ്ട് ചിലർ രണ്ടും ഒന്നുതന്നെയെന്ന് കരുതുകയും അപ്രകാരം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു.





കേരളത്തിലെ ചില ഓർത്തഡോക്സ് – യാക്കോബായ കൃതികൾ മഫ്രിയാനും കാതോലിക്കോസും ഒന്നായി കരുതിയിരുന്നു. കേരളത്തിലെ ഇപ്പോഴത്തെ ഓർത്തഡോക്സ് കാതോലിക്കാമാരുടെ പട്ടികയിൽ പേർഷ്യയിലെ കൽദായസഭയിലെ അധ്യക്ഷന്മാരെയെല്ലാം തങ്ങളുടെ മുൻഗാമികളായി ചിത്രീകരിക്കാറുണ്ട്. അത് ചരിത്രയാഥാർത്ഥ്യവുമായി ഒത്തുപോകുന്നതല്ല.

അബ്ദേദ് മിശിഹായെ കേരളത്തിൽ വരുത്തിയവരുടെ മനസ്സിൽ കാതോലിക്കേറ്റ് എന്ന ചിന്തയായിരുന്നു ഉണ്ടായിരുന്നത്. കാതോലിക്കേറ്റും മഫ്രിയാനേറ്റും തമ്മിലുള്ള വ്യത്യാസങ്ങളൊന്നും അക്കാലത്ത് പലർക്കും വ്യക്തമല്ലായിരുന്നു. സഭയുടെ ഓട്ടോണമിയുടെ പ്രതീകമായിട്ടാണ് ഇവിടുത്തുകാർ കാതോലിക്കേറ്റിനെ കണ്ടത്. അതുകൊണ്ടാണ് അബ്ദേദ് മിശിഹായുടെ കൽപ്പനയിൽ തന്നെ മഫ്രിയാൻ അഥവാ കാതോലിക്കാ എന്ന് പകർത്തിയെഴുത്തുകാരൻ എഴുതിച്ചേർത്തത്. പക്ഷേ കാതോലിക്കോസ് എന്ന പേരെടുത്തിരിക്കുന്ന കേരളത്തിലെ മൂന്നു സഭാവിഭാഗങ്ങളും അറിഞ്ഞോ അറിയാതെയോ പിൽക്കാല മഫ്രിയാനന്മാർ എടുത്ത ബസേലിയോസ് എന്ന പേരാണ് എടുത്തിരിക്കുന്നത്: ബസേലിയോസ് പൗലോസ് രണ്ടാമൻ(ഓർത്തഡോക്സ്), ബസേലിയോസ് തോമസ് പ്രഥമൻ(യാക്കോബായാ), ബസേലിയോസ് ക്ലീമീസ്(മലങ്കര കത്തോലിക്കാ).

# 9
# കാൽസിഡൺ ക്രിസ്തുഭാഷ്യം

കത്തോലിക്കാസഭയും യാക്കോബായാ സഭകളും തമ്മിൽ അകലുന്നതിനുള്ള ഒരു സുപ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് 451-ലെ കാൽസിഡൺ സിനഡിന്റെ നടപടികളാണ്. അതുപോലെ ബിസന്റൈൻ സഭകളും യാക്കോബായാസഭകളും തമ്മിൽ അകലാനുള്ള പ്രധാന കാരണവും ഇതാണെന്ന് കരുതപ്പെടുന്നു. ഇന്നത്തെ തുർക്കിയിലുള്ള കാടിക്കോയ് എന്ന പട്ടണം പുരാതനകാലത്ത് കൽക്കദോനിയാ അഥവാ കാൽസിഡൺ എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടെവച്ച് സഭാചരിത്രത്തിൽ അറിയപ്പെടുന്ന നാലാമത്തെ എക്യുമെനിക്കൽ സൂനഹദോസ് കൂടി. ആ സൂനഹദോസിൽ സംബന്ധിച്ച ഭൂരിഭാഗം മെത്രാന്മാരും പൗരസ്ത്യരായിരുന്നു.

എവുതീക്കെസ് എന്ന ആശ്രമാധ്യക്ഷൻ അവതരിപ്പിച്ച ഏകസ്വഭാവവാദം എന്ന പാഷണ്ഡതയെ നേരിടാനാണ് ആ സിനഡ് കൂടിയത്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഒന്നിച്ചുചേർന്ന് ഏകസ്വഭാവമായി എന്നാണ് ഈ പാഷണ്ഡത പഠിപ്പിച്ചത്. ഈ സൂനഹദോസ് കൂടുന്നതിനുമുമ്പ് 448-ലും 449-ലും രണ്ടു സിനഡുകൾ കൂടിയെങ്കിലും അവിടെ പരിഹാരം ഉണ്ടാകാഞ്ഞതിനാലാണ് 451-ൽ മാർസിയൻ ചക്രവർത്തി ഈ സിനഡ് വിളിച്ചുകൂട്ടിയത്. ഈ സൂനഹദോസിലും സഭാരാഷ്ട്രീയം കടന്നുകൂടി. അക്കാരണത്താൽ പദങ്ങളെ ചൊല്ലിയുള്ള തർക്കങ്ങളിൽ വളരെയധികം തെറ്റിദ്ധാരണകൾ ഉണ്ടായി. അതിന്റെ ഫലമായി സിറിയായിലും ഈജിപ്തിലും ഉള്ള കുറേ ആളുകൾ ഈ സിനഡിന്റെ തീരുമാനം തിരസ്ക്കരിക്കുകയും കത്തോലിക്കാസഭയിൽ നിന്ന് വിട്ടുപോകുകയും കാലാന്തരത്തിൽ യാക്കോബായ സഭക്കാരായി തീരുകയും ചെയ്തു. ഇന്നും സമ്പൂർണ്ണമായ കാതോലികൈക്യത്തിൽ എത്തിച്ചേരാതെ ഇക്കൂട്ടർ വേർപെട്ട സഭയായി കഴിയുന്നു.





കാൽസിഡൺ സിനഡ് അംഗീകരിക്കാതെ പിണങ്ങി മാറിയ മൂലസഭകളിലെ അംഗങ്ങൾ സിറിയായിലും ഈജിപ്തിലുമുള്ളവരായിരുന്നു. കാലക്രമത്തിൽ എത്യോപ്യ, അർമേനിയ, എന്നിവിടങ്ങളിലെ സഭകളും കാൽസിഡൺവിരുദ്ധത സ്വന്തമാക്കി. കേരളത്തിലെ പുത്തൻകൂറ്റുകാർ കൂനൻകുരിശുസത്യത്തിനുശേഷം(1653) അന്ത്യോക്യൻ യാക്കോബായാസഭയുടെ സ്വാധീനത്തിൽ വരികയും മുളന്തുരുത്തി സൂനഹദോസിനുശേഷം (1876) യാക്കോബായക്കാർ ആയിത്തീരുകയും ചെയ്തു. കത്തോലിക്കാസഭയും യാക്കോബായാസഭകളും തമ്മിൽ അനൗദ്യോഗിക തലത്തിൽ നിരവധി സഭൈക്യ ചർച്ചകൾ നടത്തുകയും ക്രിസ്തുശാസ്ത്രം സംബന്ധിച്ച് ചില ധാരണകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കഴിഞ്ഞ അറുപത് വർഷങ്ങൾക്കിടയിൽ കാൽസിഡൺ (കൽക്കദോനിയാ) സൂനഹദോസിനെയും (451) അതിന്റെ ക്രിസ്തുഭാഷ്യത്തെയും സംബന്ധിച്ച് നിരവധി ചർച്ചകളും പഠനങ്ങളും നടന്നിട്ടുണ്ട്. ഈ കൗൺസിൽ നിർവചനം സംബന്ധിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കാനും സഭകൾക്ക് കൂടുതൽ അടുത്തു വരാനും ഈ ചർച്ചകളും പഠനങ്ങളും വളരെയധികം വഴിതെളിച്ചു.

## വിശ്വാസനിർവചനം

നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണങ്ങളെപ്പറ്റിയും അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിലിന്റെ നേതൃത്വത്തിൽ എഫേസോസിൽ കൂടിയ (431 ) സിനഡിനെപ്പറ്റിയും ഈ വിശ്വാസനിർവചനം ആമുഖമായി പരാമർശിക്കുന്നു. അതിനുശേഷം എവുതീക്കെസിന്റെ ഏകസ്വഭാവ പാഷണ്ഡതയെപ്പറ്റി പറയുന്നു: "ചിലർ സ്വഭാവങ്ങളുടെ കൂട്ടിക്കുഴയ്ക്കലും കൂടിക്കലർത്തലും കൊണ്ടുവരുകയും ജഡത്തിനും ദൈവത്വത്തിനും ഏകസ്വഭാവമാണെന്ന് മൂഢമായി സങ്കൽപ്പിക്കുകയും ഈ കൂട്ടിക്കുഴയ്ക്കലാൽ ഏകജാതന്റെ ദൈവസ്വഭാവം സഹനവിധേയമാണെന്ന് കരുതുകയും ചെയ്യുന്നു"..."മനുഷ്യാവതാര രഹസ്യത്തെ ഇരുപുത്രത്വമായി കീറിമുറിക്കാമെന്നു കരുതുന്നവർക്കെതിരാണ് ഈ സിനഡ്. ഏകജാതന്റെ ദൈവത്വം സഹനവിധേയമാണെന്ന് പറയാൻ മുതിരുന്നവരെ ഇത് വിശുദ്ധ രഹസ്യങ്ങളുടെ സംസർഗത്തിൽ നിന്ന് അകറ്റി നിർത്തുന്നു. ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളും തമ്മിൽ കലർപ്പും കൂടിച്ചേരലും ഉണ്ടെന്ന് സങ്കൽപ്പിക്കുന്നവരെ ഇത് എതിർക്കുന്നു. നമ്മിൽ നിന്ന് അവിടുന്ന് എടുത്ത ദാസന്റെ രൂപം സ്വർഗീയമോ മറ്റെന്തെങ്കിലുമോ ആണെന്ന് തെറ്റായി പഠിപ്പിക്കുന്നവരെ ഇത് ആട്ടിയോടിക്കുന്നു. യോജിപ്പിനുമുമ്പ് കർത്താവിന് രണ്ടുസ്വഭാവങ്ങൾ ഉണ്ടായിരുന്നെങ്കിലും യോജിപ്പിനുശേഷം ഒന്നായിത്തീർന്നു എന്നു പറയുന്നവരെ ഇത് ശപിക്കുന്നു" എന്ന് പറഞ്ഞശേഷം വിശ്വാസനിർവചനം അവതരിപ്പിക്കുന്നു.

"അതുകൊണ്ട്, പരിശുദ്ധ പിതാക്കന്മാരെ പിൻചെന്നുകൊണ്ട് ഞങ്ങളെല്ലാവരും ഒരേ സ്വരത്തിൽ *ഒരേ ഒരു* പുത്രനായ നമ്മുടെ കർത്താവീശോമിശിഹായെ ഏറ്റുപറയുന്നു. ദൈവത്വത്തിൽ അവൻ പൂർണനാണ്; മനുഷ്യത്വത്തിലും അവൻ പൂർണനാണ്. അവൻ സത്യദൈവവും സത്യമനുഷ്യനുമാണ്; അവന് ബൗദ്ധികാത്മാവും ശരീരവുമുണ്ട്; ദൈവത്വം സംബന്ധിച്ച് പിതാവുമായി അവൻ *സമസത്ത*യാണ് (*consubstantial, homoousion to Patri* , ബർ ക്യാനാ ദാബൂയ്) . മനുഷ്യത്വം സംബന്ധിച്ച് നാമുമായി അവൻ *സമസത്ത*യാണ്. പാപം ഒഴികെ എല്ലാറ്റിലും അവൻ നമുക്ക് തുല്യനായി."

"ദൈവത്വം സംബന്ധിച്ച് യുഗങ്ങൾക്കുമുമ്പ് അവൻ പിതാവിൽ നിന്നു ജനിച്ചു; മനുഷ്യത്വം സംബന്ധിച്ച് , അവസാന നാളുകളിൽ അവൻ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി ദൈവമാതാവായ കന്യകമറിയാമിൽ നിന്നു പിറന്നു. *കലർപ്പില്ലാതെ, മാറ്റമില്ലാതെ, വിഭജനമില്ലാതെ, വേർതിരിവില്ലാതെ ഇരുസ്വഭാവങ്ങളിൽ* (*en duo physesin asynchutos, atreptos, adiaretos, achoristos*-ബത്രേൻ ക്യാനേ ദ്ലാ ശുഹ്ലാപാ, വദ്ലാ ശുഗ്നായാ ദ്ലാ പൂലാഗാ വദ്ലാ പുറാശാ). നാം അംഗീകരിക്കുന്ന *ഒരേ ഒരു* മിശിഹാ, പുത്രൻ, കർത്താവ്, ഏകജാതൻ. യോജിപ്പുവഴി സ്വഭാവങ്ങളുടെ വ്യത്യാസങ്ങൾ ഒരു തരത്തിലും ഇല്ലാതാകുന്നില്ല. മറിച്ച് ഓരോ സ്വഭാവത്തിന്റെയും സവിശേഷതകൾ പരിരക്ഷിക്കപ്പെട്ടുകൊണ്ട് *ഒരു വ്യക്തിത്വം അഥവാ ഹ്യുപ്പോസ്റ്റസിസ് ആയി* നിലകൊള്ളുന്നു (*hen prosopon kai mian hypostasin*-ലഹാദ് പർസോപാ വൽഹാദ് ക്നോമാ). ക്രിസ്തു രണ്ടു വ്യക്തികളായി വിഭജിക്കപ്പെടുന്നില്ല; വേർതിരിക്കപ്പെടുന്നുമില്ല. പിന്നെയോ, ഒരേ ഒരു പുത്രൻ."

"പ്രവാചകന്മാർ അവനെപ്പറ്റി ആദിമുതൽ പ്രവചിച്ചതുപോലെയും നമ്മുടെ കർത്താവേശുമിശിഹാ തന്നെ നമ്മെ പഠിപ്പിച്ചുപോലെയും പിതാക്കന്മാർ നമുക്ക് കൈമാറിയ വിശ്വാസപ്രമാണം പോലെയും ഏക പുത്രനും വചനമായ ദൈവവും ആണ് കർത്താവേശുമിശിഹാ."

**വിശദീകരണം**

നിഖ്യാസൂനഹദോസ് (325) ക്രിസ്തുവിന് ദൈവത്തോടുള്ള ബന്ധം വ്യക്തമാക്കി. അതായത്, അവിടുന്ന് പിതാവുമായി സമസത്തയാണ്. അവിടുന്ന് സൃഷ്ടിയല്ല. നിഖ്യായിൽ *ഉസിയാ, ഹ്യുപ്പോസ്റ്റിസിസ്* എന്നീ പദങ്ങൾ ഒരേ അർഥത്തിലാണ് ഉപയോഗിച്ചത്. കോൺസ്റ്റാന്റിനോപ്പിൾ (381) ഉസിയായുടെ (സ്വഭാവത്തിന്റെ) ഏകത്വവും ഹ്യുപ്പോസ്റ്റസിസിന്റെ (വ്യക്തിത്വത്തിന്റെ) വൈവിധ്യവും പ്രസ്പഷ്ടമാക്കി. ഹോമോഉസിയോസിന് (*homoousios*) ഉണ്മ എന്നതിനു പകരം ഒരേ സ്വഭാവമുള്ളത് എന്നയർഥം ലഭിച്ചു.

എന്നാൽ എഫേസോസ് സിനഡിലാകട്ടെ (431) ഫ്യൂസിസും ഹ്യുപ്പോസ്റ്റസിസും താദാത്മ്യപ്പെടുത്തിയിരുന്നു. ക്രിസ്തുവിൽ *ഒരു ഫ്യൂസിസ്, ഒരു*





*ഹ്യുപ്പോസ്റ്റിസിസ്, ഒരു പ്രോസപ്പോൺ* എന്നതായിരുന്നു അവിടുത്തെ ഫോർമുല. ആ പശ്ചാത്തലത്തിൽ "*അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം*" (*mia physis tou Theou Logou Sesarkomene*) എന്ന് അലക്സാൺഡ്രിയായിലെ വി. സിറിൽ ഉപയോഗിച്ചു. അവിടെ സിറിൽ *ഏകസ്വഭാവത്തിന്* കൊടുത്ത അർഥം *ഏകയാൾ* എന്നാണ്. സ്വാഭാവികൈക്യം, ഹ്യുപ്പോസ്റ്റാറ്റിക് ഐക്യം (*natural union and hypostatic union*)എന്നീ രണ്ടു പദങ്ങൾക്കും വ്യക്തിപരമായ ഐക്യം (*personal union*) എന്ന അർഥമാണ് സിറിൽ നൽകിയത്.

കാൽസിഡൺ വിശ്വാസനിർവചനത്തിന്റെ ആദ്യഭാഗം ഐക്യം ഊന്നിപ്പറയുന്നു. രണ്ടാംഭാഗം ക്രിസ്തുവിലുള്ള ഇരുസ്വഭാവങ്ങളുടെ യാഥാർഥ്യം വിവരിക്കുന്നു. "തന്റെ മനുഷ്യത്വം സംബന്ധിച്ച് ക്രിസ്തു സത്തയിൽ നമ്മോട് തുല്യനാണ് " (ഹോമോഉസിയോസ് - *homoousios*) എന്ന് നിർവചനം ഊന്നിപ്പറഞ്ഞു. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രവും അലക്സാണ്ഡ്രിയൻ ക്രിസ്തുശാസ്ത്രവും കൂട്ടിക്കലർത്തിയ ഫോർമുലയാണ് കാൽസിഡന്റേത്. അന്ത്യോക്യക്കാർ ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിന്റെ യാഥാർഥ്യം ഊന്നിപ്പറഞ്ഞു. *രണ്ടു സ്വഭാവങ്ങളിൽ നിന്ന് (ek duo physeon - ex duabus naturis-from two natures*) എന്നതിനു പകരം *ഇരുസ്വഭാവങ്ങളിൽ (en duo physesin-in duabus naturis-in two natures*) എന്ന പ്രയോഗം കൗൺസിൽ അംഗീകരിച്ചു. *ഐക്യത്തിനുശേഷം ഇരുസ്വഭാവങ്ങളും സ്ഥിതി ചെയ്യുന്നു* എന്ന കാര്യം *ഇരുസ്വഭാവങ്ങളിൽ നിന്ന്* എന്ന പദപ്രയോഗം പ്രസ്പഷ്ടമാക്കിയില്ല. ഓരോ സ്വഭാവവും പൂർണമാണ്. അതാതിന്റെ സവിശേഷതകളും പ്രവർത്തനങ്ങളും ഐക്യത്തിൽ ഇല്ലാതാകുന്നില്ല. *സ്വാഭാവികൈക്യം (natural union–henosis physike) ഹ്യുപ്പോസ്റ്റാറ്റിക് ഐക്യം* (*henosis kath' hypostasin/henosis hypostatike - hypostatic union*) എന്നീ പദങ്ങൾ ഉപയോഗിച്ചില്ല.. *ഹ്യുപ്പോസ്റ്റസിസും പ്രോസപ്പോണും* ഒന്നാണെന്നും അത് *ഫ്യൂസിസിൽ* നിന്ന് വ്യത്യസ്തമാണെന്നും തീർപ്പുകൽപ്പിച്ചു. *അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം* (*mia physis tou Theou Logou Sesarkomene*) എന്ന ഫോർമുല എടുത്തില്ല. എവുതീക്കെസിന്റെ ഏകസ്വഭാവ പാഷൺഡതയുടെ പശ്ചാത്തലത്തിൽ ആ പ്രയോഗം തെറ്റിദ്ധാരണാജനകമാകാം എന്നു കരുതിയാണ് അത് എടുക്കാഞ്ഞത്. *ദൈവമാതാവ് (തെയോതോക്കോസ്)* എന്ന പദപ്രയോഗം സ്വീകരിച്ചു. ക്രിസ്തുവിന്റെ ഏകത്വം പ്രസ്പഷ്ടമാക്കാൻ അത് സഹായിച്ചു. *ഫ്യൂസിസ്* ഒരു വശത്തും *ഹ്യുപ്പോസ്റ്റിസിസ് – പ്രോസപ്പോൺ* മറുവശത്തും വച്ചു. അങ്ങനെ ക്രിസ്തുവിൽ *രണ്ട് ഫ്യൂസെസ്, ഒരു ഹ്യപ്പോസ്റ്റസിസ് ഒരു പ്രോസപ്പോൺ* എന്ന ഫോർമുല സ്വീകരിച്ചു. അതായത്, ക്രിസ്തുവിൽ ഏക വ്യക്തിത്വവും രണ്ട് സ്വഭാവങ്ങളും ആണെന്ന് സുസ്പഷ്ടമാക്കി.

കാൽസിഡൺ വിശ്വാസനിർവചനത്തിന്റെ അടിസ്ഥാനമായി നില കൊണ്ട രേഖകൾ പ്രധാനമായി മൂന്നെണ്ണമാണ്: വി. സിറിൽ 430-ൽ നെസ്തോറിയുസിനയച്ച രണ്ടാം ലേഖനവും (ലേഖനം 4) 433-ലെ ഐക്യ ഫോർമുലയും (*Epistola Dogmatica/Laetentur Caeli: Ep.39*). ലെയോ മാർപാപ്പാ കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളാവിയൻ പാത്രിയർക്കീസിന് അയച്ച ലേഖനവും (*Tomus*). ഇവയ്ക്കു പുറമേ എവുത്തീക്കെസിനെതിരെ ഫ്ളാവിയൻ (448) വിളിച്ചുകൂട്ടിയ സിനഡിന്റെ നടപടികളും ഫ്ളാവിയന്റെ വിശ്വാസപ്രഖ്യാപനവും ഉൾപ്പെടുത്താവുന്നതാണ്. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 448-ൽ നടന്ന സ്ഥിരസിനഡിന്റെ ദൈവശാസ്ത്ര വീഥിയിലൂടെയാണ് കാൽസിഡൺ വിശ്വാസനിർവചനം വികസിപ്പിച്ചെടുത്തത്. ആ സിനഡിന്റെ ഇരുസ്വഭാവങ്ങൾക്കുള്ള ഊന്നലും എഫേസോസിന്റെ (431) ഏകവ്യക്തിത്വത്തിനുള്ള ഊന്നലും ഒരുപോലെ സ്വീകരിച്ചു. വിശ്വാസനിർവചനത്തിലെ അഞ്ചു ഫോർമുലകൾ സിറിലിൽ നിന്നും രണ്ടു ഫോർമുലകൾ ലെയോയുടെ ലേഖനത്തിൽ നിന്നും എടുത്തിട്ടുള്ളവയാണ്. *ഒരു പ്രോസപ്പോൺ, അഥവാ ഒരു ഹ്യൂപ്പോസ്റ്റസിസ്* എന്നത് ഫ്ളാവിയന്റെ വിശ്വാസപ്രമാണത്തിൽ നിന്നാണ്. *ഒരേ ഒരു* എന്നതും അദ്ദേഹത്തിന്റെ സംഭാവനയാണ്.

## ഐക്യസംരംഭങ്ങൾ

കാൽസിഡൺ വിശ്വാസനിർവചനം ഒരു ഒത്തുതീർപ്പുഫോർമുല ആയിരുന്നു. എങ്കിലും അതിനെ അനേകർ, പ്രത്യേകിച്ച് സിറിയായിലും ഈജിപ്തിലുമുള്ളവർ, തെറ്റിദ്ധരിച്ചു. വി. സിറിലിൽ നിന്നുള്ള വ്യതിചലനമായി അവർ അതിനെ കണ്ടു. എന്നാൽ സിറിൽ തന്നെയും 433-ൽ പൗരസ്ത്യരുമായി ഒത്തുതീർപ്പുണ്ടാക്കാനായി തന്റെ 431-ലെ നിലപാടിൽ കുറേയൊക്കെ മാറ്റം വരുത്തിയ സംഗതി അവർ വിസ്മരിച്ചു. കാൽസിഡണിൽ സംബന്ധിച്ച ചില മെത്രാന്മാരെങ്കിലും കടുംപിടുത്തക്കാരായിരുന്നു. ബിസന്റൈൻ ചക്രവർത്തിമാർ സഭാകാര്യങ്ങളിൽ സജീവമായി ഇടപെട്ടു. രാഷ്ട്രീയ സ്ഥിരതയും സാമ്രാജ്യസമാധാനവുമാണ് പ്രധാനമായും അതിന് അവരെ പ്രേരിപ്പിച്ചത്. രാഷ്ട്രീയസമാധാനത്തിന് മതപരമായ ഐകരൂപ്യം അവശ്യാവശ്യമാണെന്ന് അവർ ധരിച്ചു.

തന്റെ മരണം വരെ (457) മാർസിയൻ ചക്രവർത്തി കാൽസിഡൺ വിശ്വാസനിർവചനം നടപ്പാക്കാൻ ശ്രമിച്ചു. പിൻഗാമിയായ ലെയോയും അതേ നയം തുടർന്നു. എന്നാൽ സിറിയാ, പലസ്തീനാ, ഈജിപ്ത് എന്നിവിടങ്ങളിലെ ഏകസ്വഭാവവാദികൾ ഇക്കാലമെല്ലാം കല്ക്കദോനിയായുടെ ഇരുസ്വഭാവക്രിസ്തുശാസ്ത്രത്തെ എതിർത്തുകൊണ്ടിരുന്നു. ബസിലിസ്ക്കസ് ചക്രവർത്തി (476-477) പുറപ്പെടുവിച്ച *എൻസിക്ലിയോൻ* എന്ന രേഖയ്ക്ക് ഭാഗികവും താത്ക്കാലികവുമായ ഫലമേ ഉണ്ടായുള്ളു. പിന്നെ ഭരിച്ച സേനോ





ചക്രവർത്തി *ഹെനോട്ടിക്കോൻ* എന്ന രേഖ 482-ൽ പുറപ്പെടുവിച്ചു. കാൽസിഡൺ നിർവചനത്തെ പരോക്ഷമായി തള്ളിപ്പറയുന്ന ഒരു രേഖയായിരുന്നത്. കാൽസിഡൺ വിരുദ്ധരെ തൃപ്തിപ്പെടുത്താനാണ് സേനോ ഇത് അവതരിപ്പിച്ചത്. ഈ കാലഘട്ടത്തിൽ കാൽസിഡൺ വിരുദ്ധർ വളരെ ശക്തി പ്രാപിച്ചു. പിന്നെ ഭരിച്ച അനസ്താസ്യൂസ് ചക്രവർത്തി (491-518) പരസ്യമായി തന്നെ കാൽസിഡൺ വിരുദ്ധമനഃസ്ഥിതിക്കാരനായിരുന്നു. ജസ്റ്റീനിയൻ ചക്രവർത്തി ഇരുവിഭാഗക്കാരെയും യോജിപ്പിക്കാൻ പല ചർച്ചകളും സംഘടിപ്പിച്ചു. ജസ്റ്റീനിയന്റെ ഭാര്യ തിയഡോറാ ഏകസ്വഭാവവാദികളുടെ സംരക്ഷകയായിരുന്നു. അവർ കൊട്ടാരത്തിൽ ഏകസ്വഭാവവാദികളായ നേതാക്കന്മാരെ പാർപ്പിച്ച് സംരക്ഷിച്ചു. ഹെരാക്ലിയസ് ചക്രവർത്തിയുടെ *എക്തെസിസ്* (638-9) എന്ന രേഖ ക്രിസ്തുവിൽ ഒരു ഇച്ഛാശക്തി മാത്രമേയുള്ളു എന്നു പഠിപ്പിച്ചു. കോൺസ്റ്റൻസ് ചക്രവർത്തിയുടെ *തിപ്പോസ്* എന്ന രേഖ (648) ഏകമാനസവാദം പ്രചരിപ്പിച്ചു.

അങ്ങനെ നോക്കുമ്പോൾ പല ബിസന്റൈൻ ചക്രവർത്തിമാരും കാൽസിഡൺ സിനഡിനെ വിമർശിക്കുകയും പ്രാധാന്യം കുറച്ചു കാണിക്കുകയും തള്ളിപ്പറയുകയും വിരുദ്ധ മനോഭാവം പുലർത്തുകയും ചെയ്തു. ചക്രവർത്തിമാരുടെ ഫോർമുലകൾ പലതും പക്ഷപാത പൂർണവും രാഷ്ട്രീയ പ്രേരിതവുമായിരുന്നു. ഒത്തുതീർപ്പിനു വേണ്ടിയുള്ള ദ്വയാർഥപ്രയോഗങ്ങളായിരുന്നു പലതും. വിശ്വാസത്തിലും സഹോദരസ്നേഹത്തിലും ഉറച്ച ബോധ്യത്തിലും അധിഷ്ഠിതമായ ഐക്യത്തിനു പകരമായി ഈ ഒത്തുതീർപ്പുകളൊന്നും സഹായകമായില്ല. അവസാനം ആറാമത്തെ സാർവത്രികസിനഡ് (680/1) കാൽസിഡൺ നിർവചനത്തിലേക്ക് തിരിച്ചുവന്നു. *രണ്ടു സ്വഭാവങ്ങൾ, രണ്ടു പ്രവർത്തനങ്ങൾ, രണ്ട് ഇച്ഛാശക്തികൾ എന്നിവയുള്ള ഏകകർത്താവ്* എന്ന നിർവചനം സ്വീകരിക്കപ്പെട്ടു. എങ്കിലും കാൽസിഡൺ വിരുദ്ധർ വി. സിറിലിന്റെ മറപിടിച്ച് കാൽസിഡൺ വിശ്വാസനിർവചനത്തെ എതിർത്തുകൊണ്ടിരുന്നു. ബിസന്റൈൻ ചക്രവർത്തിമാരുടെ രാഷ്ട്രീയ നയമാണ് നിർവചനം തെറ്റിദ്ധരിക്കാൻ കാരണമായത്.

## മൂന്നു വിശദീകരണങ്ങൾ

തുടർന്നുള്ള സഭാചരിത്രത്തിൽ നമുക്ക് മൂന്നു വിശദീകരണങ്ങൾ കാണാം. കാൽസിഡൺ കൗൺസിൽ വിട്ടുകളഞ്ഞ സിറില്ലിയൻ പദപ്രയോഗങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് കാൽസിഡൺ അവതരിപ്പിക്കാനുള്ള പരിശ്രമം പലയിടങ്ങളിൽ നിന്നും ഉണ്ടായി. അത് ചരിത്രത്തിൽ അറിയപ്പെടുന്നത് നെയോ-കാൽസിഡണിസം എന്നാണ്.

കാൽസിഡൺ വിരുദ്ധചേരിയിൽ സെവേരൂസിന്റെ വിശദീകരണമാണ് പ്രധാനപ്പെട്ടത്. ഒരു *സംയുക്ത സ്വഭാവത്തെപ്പറ്റി* അഥവാ *സംയുക്ത*

*ഹ്യൂപ്പോസ്റ്റസിസിനെപ്പറ്റി* സെവേരൂസ് സംസാരിക്കുന്നു. അദ്ദേഹം വിശുദ്ധ സിറിലിനെപ്പോലെ ഫ്യൂസിസും ഹ്യൂപ്പോസ്റ്റസിസും ഒരേ അർഥത്തിൽ കാണുന്നു. മാംസത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ക്രിസ്തു സംയുക്ത നാണ്. ക്രിസ്തുവിന് സംയുക്തസ്വഭാവമാണ്. സിറിലിന്റെ *മിയാ ഫ്യൂസിസ്* ഫോർമുലയെ (അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം എന്ന ഫോർമുലയെ) വ്യാഖ്യാനിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ഏകസ്വഭാവം സംയുക്തമാണ്. അത് ഇരുസ്വഭാവങ്ങളിൽ നിന്നാണ്. സെവേരൂസ് ഈ പദ പ്രയോഗത്തിനുവേണ്ടി നിലകൊണ്ടു. ഇത് പ്രചരിപ്പിച്ചു.

ബിസന്റൈൻ ലോകത്ത് വി. ജോൺ ഡമഷീൻ (+749) ഒരു സംഗ്ര ഥനം നൽകി. കാൽസിഡൺ ക്രിസ്തുശാസ്ത്രത്തിന്റെ തുടർച്ചയായ നെയോ-കാൽസിഡൺ ചിന്തയുടെ വക്താവാണ് ജോൺ. ഹ്യുപ്പോസ്റ്റാറ്റിക് ഐക്യം എന്ന കാൽസിഡൺ പദപ്രയോഗം ക്രിസ്തുവിലുള്ള രണ്ട് സ്വഭാ വങ്ങളുടെ ഐക്യത്തെ കുറിക്കുന്നു. നെയോ-കാൽസിഡോൺകാർ സംയുക്ത ഹ്യുപ്പോസ്റ്റസിസ് (*hypostasis synthetos*) എന്ന ഫോർമുല രൂപീ കരിച്ചു. വചനത്തിന്റെ ഹ്യുപ്പോസ്റ്റസിസിൽ മനുഷ്യത്വം സ്ഥിതിചെയ്യുന്നു (*enhypostasis*). അതായത് ഒരു ആൾ മാത്രം. അത് വചനത്തിന്റേതാണ്. അതു തന്നെയാണ് നമ്മിൽ നിന്നെടുത്ത മനുഷ്യത്വത്തിന്റെയും ആളത്വം. എന്നാൽ രണ്ടു സ്വഭാവങ്ങളുടെയും സവിശേഷതകൾ കൂടിക്കലരുന്നില്ല. രണ്ട് ഹ്യുപ്പോസ്റ്റസിസുകൾ തമ്മിൽ കൂടിച്ചേർന്ന് സംയുക്തഹ്യുപ്പോസ്റ്റി സിസ് ഉണ്ടാകുന്നതല്ല.

പേർഷ്യയിൽ മാർ ബാബായ് റമ്പാ (553-628) ഇപ്രകാരമൊന്ന് രൂപീക രിച്ചു. ക്രിസ്തുഭാഷ്യം സംബന്ധിച്ച് പേർഷ്യാക്കാർ കാൽസിഡന്റെ പാത യാണ് പിൻതുടർന്നത്. ക്രിസ്തുവിലുള്ള ഇരുസ്വഭാവങ്ങളുടെ യാഥാർഥ്യം, ഏക ക്രിസ്തുവിൽ കലർപ്പു കൂടാതെ ഇരുസ്വഭാവങ്ങളും സ്ഥിതിചെയ്യുന്നു എന്ന പ്രബോധനം, വചനമായ ദൈവത്തിന്റെ ആളത്വമാണ് ദൈവമനുഷ്യന്റെ ആളത്വം, ക്രിസ്തുവിന് ഒരേ ഒരു വ്യക്തിത്വമേയുള്ളു എന്നിത്യാദി കാര്യ ങ്ങൾ പേർഷ്യാക്കാരുടെ പഠിപ്പിക്കൽ തന്നെയാണ്. *രണ്ടു ക്യാനാ, രണ്ട് ക്നോമാ, ഒരു പർസോപ്പാ* എന്നതാണ് അവരുടെ ഫോർമുല. പുത്രൻ തമ്പു രാന്റെ ആളത്വം തന്നെയാണ് മനുഷ്യത്വത്തിന്റെയും ആളത്വം.

ഈ മൂന്നു സംഗ്രഥനങ്ങളും അടിസ്ഥാനപരമായി സ്വഭാവങ്ങളുടെ ദ്വിത്വവും ആളത്വത്തിന്റെ ഏകത്വവും അംഗീകരിക്കുന്നു. പരസ്പരമാപക മായ (*symmetrical*) ക്രിസ്തുശാസ്ത്രം ഇവരാരും അംഗീകരിക്കുന്നില്ല. കാൽസിഡൺ നിർവചനവും അപ്രകാരമായിരുന്നില്ല. രക്ഷ ദൈവികപ്ര വർത്തനമാണെന്നും അതിന് ആരംഭം കുറിക്കുന്നത് ദൈവമാണെന്നും കാൽസിഡൺ സ്പഷ്ടമായി പഠിപ്പിച്ചു. മാനുഷികവശത്തിന് അതിന്റേതായ പ്രാധാന്യം ഉണ്ടെങ്കിലും, വചനമായ ദൈവത്തോട് അതിനെ തുലനം ചെയ്യാൻ





പാടില്ല. മേൽപ്പറഞ്ഞ വിഭാഗക്കാരെല്ലാം ഇതംഗീകരിച്ചിരുന്നു. ചിലർ ഏകത്വം ഊന്നിപ്പറഞ്ഞപ്പോൾ, മറ്റുചിലർ സ്വഭാവങ്ങളുടെ ദ്വൈതം ഉയർത്തിക്കാട്ടി. ചില പദപ്രയോഗങ്ങളോടുള്ള എതിർപ്പ് അടിസ്ഥാന തത്വങ്ങൾ മുഴുവനോ ടുമുള്ള എതിർപ്പായി കരുതാൻ പാടില്ല.

രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷമുള്ള സഭൈക്യസംഭാഷ ണങ്ങളുടെ ഫലമായി കാൽസിഡൺ വിശ്വാസനിർവചനം സംബന്ധിച്ച് ധാരണ ഉണ്ടായിട്ടുണ്ട്. കാൽസിഡൺ കൗൺസിൽ പഠിപ്പിക്കുന്ന അടിസ്ഥാനവി ശ്വാസം എല്ലാ സഭകളും അംഗീകരിക്കുന്നു. പദപ്രയോഗങ്ങളിലെ അന്തര വും അവ മനസ്സിലാക്കുന്നതിലുള്ള വ്യത്യാസവുമാണ് സഭകളെ അകറ്റി നിർത്തിയിരുന്നത്. ഇന്ന് ഈ കാര്യങ്ങളിലൊക്കെ ധാരണ ആയിട്ടുണ്ട്. എങ്കിലും ഇന്നും പദപ്രയോഗങ്ങളുടെ പേരിൽ പോരടിക്കാൻ അരയും തല യും മുറുക്കി നിൽക്കുന്നവരെ അവിടവിടെ കാണാം.

ഒരു ക്രിസ്തുശാസ്ത്രത്തെ മറ്റൊന്നുമായി താരതമ്യപ്പെടുത്തി ഗുണാ ഗുണങ്ങൾ നിർണയിക്കുന്നത് ഐക്യത്തിനും ഏകീകരണത്തിനും പ്രതി വിധിയല്ല. മനസ്സുകൾ തമ്മിലുള്ള ഐക്യവും യോജിപ്പും ദൈവാനുഗ്രഹ ത്തോടൊത്ത് പ്രവർത്തിക്കാനുള്ള സന്മനസ്സുമാണ് അത്യാന്താപേക്ഷിതം. ആത്യന്തികമായി നമ്മെ പരസ്പരം അകറ്റുന്നത് കാൽസിഡൺ സിനഡല്ല. നമ്മുടെ അക്രൈസ്തവ നിലപാടുകളാണെന്ന് നിഷ്പ്രയാസം മനസ്സിലാ ക്കാം. അവയെ ന്യായീകരിക്കാൻ കാൽസിഡന്റെ മറപിടിക്കുന്നു എന്നു മാത്രം.

പദപ്രയോഗങ്ങളാണ് സഭകളെ തമ്മിൽ വേർതിരിക്കുന്ന മതിലുകളെ ങ്കിൽ, ആധുനിക മനുഷ്യന്റെ തത്വശാസ്ത്രപരവും ദൈവശാസ്ത്രപരവു മായ പശ്ചാത്തലങ്ങൾക്ക് അനുസൃതമായി പുതിയ സാങ്കേതിക സംജ്ഞ കൾ തീർച്ചയായും കണ്ടുപിടിക്കണം. പദങ്ങൾക്ക് മനുഷ്യരെ തമ്മിൽ യോജിപ്പിക്കാൻ കഴിയില്ല. ഉപവിക്കും ക്ഷമയ്ക്കും ദൈവസ്നേഹത്തിനും മാത്രമേ ക്രൈസ്തവ ലോകത്തിലെ കലഹിച്ചുകൊണ്ടിരിക്കുന്ന വിഭാഗ ക്കാരെ ഒന്നിച്ചുകൊണ്ടുവരാൻ കഴിയൂ.

വ്യത്യസ്ത വ്യാഖ്യാനരീതികൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണം വചനം അവർണനീയനാണ് എന്നുള്ളതാണ്. അപൂർണമായ മാനുഷിക വാക്കുകളിലൂടെ അവാച്യമായ രഹസ്യം അവതരിപ്പിക്കുമ്പോൾ വൈവിധ്യ ത്തിലെത്താം. ദിവ്യരഹസ്യമായ വചനത്തെ പൂർണമായി അവതരിപ്പിക്കാൻ ഒരു ഫോർമുലയും പര്യാപ്തമല്ല. ഏക കർത്താവായ യേശുക്രിസ്തുവി ലുള്ള വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി വ്യത്യസ്ത ചിന്താരീതി കൾ മനസ്സിലാക്കി പരസ്പരം അംഗീകരിക്കുക എന്നതാണ് ഏറ്റവും ആവ ശ്യമായിരിക്കുന്നത്. ഒരോ സഭയ്ക്കും പ്രിയംകരമായ പദപ്രയോഗങ്ങൾ മറ്റു

ള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതോടൊപ്പം മറ്റുള്ളവരുടെ പദപ്രയോഗങ്ങൾ മനസ്സിലാക്കാനുള്ള സന്നദ്ധതയും കാണിക്കണം. പദങ്ങൾക്ക് ഓരോ വിഭാഗവും കൊടുക്കുന്ന അർഥത്തിൽ എടുക്കാൻ മറ്റുള്ളവർക്ക് കഴിയണം. തങ്ങളുടെ കണ്ണുകളിൽകൂടി മറ്റുള്ളവരെ കാണാതെ മറ്റുള്ളവരുടെ കണ്ണുകളിൽകൂടി അവരുടെ പദപ്രയോഗങ്ങൾ കാണണം.

അത്തരത്തിൽ ഒരു പരിശ്രമം ഇക്കഴിഞ്ഞ കാലങ്ങളിൽ നടന്നതിന്റെ ഫലമായിട്ടാണ് കാൽസിഡൺ കൗൺസിൽ സംബന്ധിച്ച് സഭകൾക്കിടയിൽ ധാരണകൾ ഉരുത്തിരിഞ്ഞിട്ടുള്ളത്. "ദൈവത്വത്തിൽ പിതാവിനോട് സമസത്ത ആയിരിക്കുന്നവൻ, മനുഷ്യാവതാരത്തിൽ മനുഷ്യത്വം സംബന്ധിച്ച് നമ്മോട് സമസത്ത ആയിത്തീർന്നു. അങ്ങനെ, ലോകസ്ഥാപനത്തിനുമുമ്പേ പിതാവിൽ നിന്നു ജനിച്ചവൻ, അവസാന നാളുകളിൽ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി പരിശുദ്ധ കന്യകമറിയത്തിൽ നിന്ന് മനുഷ്യനായി ജനിച്ചു. കലർപ്പോ, വ്യത്യാസമോ, വിഭജനമോ, വേർതിരിവോ കൂടാതെ ദൈവവചനത്തിന്റെ ഏക ആളത്വത്തിൽ രണ്ട് സ്വഭാവങ്ങളും അവനിൽ ഐക്യപ്പെട്ടിരിക്കുന്നു. മാനുഷികവും ദൈവികവുമായ എല്ലാ സ്വഭാവഗുണങ്ങളും കഴിവുകളുമുള്ള പൂർണദൈവവും പൂർണ മനുഷ്യനുമാണ് യേശുക്രിസ്തു" എന്ന് 1971-ൽ ജനീവായിൽവച്ച യാക്കോബായക്കാരും ഗ്രീക്കുകാരും കൂടി സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു. ഇതുപോലെ തന്നെ കത്തോലിക്കരും യാക്കോബായക്കാരും കൂടി സംയുക്തപ്രസ്താവനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ സഭകളെ തമ്മിൽ അകറ്റി നിർത്താൻ കാൽസിഡൺ കൗൺസിൽ ഇന്ന് കാരണമല്ല.



# 10
# മലങ്കരയിലെ സഭൈക്യസംരംഭങ്ങൾ
## (17-19 നൂറ്റാണ്ടുകളിൽ)

ഈ അടുത്തകാലത്ത്, അതായത് 1989-ൽ കത്തോലിക്കാസഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ തുടങ്ങിയ ഡയലോഗിനു മുമ്പ് മറ്റൊരു എക്യുമേനിക്കൽ ഡയലോഗും മലങ്കരസഭാചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്ന ആശയം ധ്വനിക്കുന്ന ചില കത്തുകളും രേഖകളും കാണാനിടയായതുകൊണ്ട് മലങ്കരയിലെ ഐക്യസംരംഭങ്ങളെപ്പറ്റി ശരിയായ ഒരു ധാരണ നൽകുന്നതിനാണ് ഇവിടെ പരിശ്രമിക്കുന്നത്.

### ഒന്നാം മാർതോമായും മിഷണറിമാരും (17-ാം നൂറ്റാണ്ട്)

ജസ്വിട്ട് പാശ്ചാത്യമിഷണറിമാർക്കെതിരെ നടന്ന കൂനൻകുരിശുസത്യത്തിനുശേഷം (1653), മലങ്കര നസ്രാണിസമൂഹം രണ്ടായി പിളർന്നു. മിഷണറിമാരുടെ പ്രവർത്തനങ്ങളിൽ മടുപ്പുതോന്നിയ നസ്രാണിസമൂഹം ഒന്നടങ്കം നടത്തിയ പ്രതിജ്ഞയാണ് കൂനൻകുരിശുസത്യം:

*മേലിൽ പൗളിസ്ത്യരെ (ജസ്വിട്ടരെ) അനുസരിച്ച് കീഴ്‌വഴങ്ങി നടക്കുകയില്ല* എന്നതായിരുന്നു പ്രതിജ്ഞ.

തുടർന്ന്, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ കെട്ടിച്ചമച്ച ഒരു വ്യാജരേഖയുടെ അടിസ്ഥാനത്തിൽ, സഭാനേതാവായ തോമാ ആർച്ചുഡീക്കനെ പന്ത്രണ്ടു കത്തനാരന്മാർ കൈവയ്പു നടത്തി മെത്രാന്റെ വേഷഭൂഷാധികൾ അണിയിച്ചു. തനിക്ക് ശരിയായ പട്ടമില്ലെന്ന് മാർ തോമായ്ക്ക് അറിയാമായിരുന്നു. കൈവച്ച കത്തനാരന്മാർക്കും ഈ സംഗതി അറിയാമായിരുന്നു.

തന്റെ പട്ടം ക്രമപ്പെടുത്തിക്കിട്ടാൻ ആർച്ചുഡീക്കൻ പരിശ്രമിച്ചു. കൂനൻകുരിശുസത്യം നടന്ന ഉടൻ തന്നെ തോമാ ആർച്ചുഡീക്കൻ റോമിലേക്ക് എഴുതിയെങ്കിലും, റോമിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം വളരെ താമ

സിച്ചായിരുന്നു. പ്രശ്നം ഉണ്ടായി നാലഞ്ചുവർഷം കഴിഞ്ഞാണ് റോമൻ പ്രതിനിധികൾ പ്രശ്നത്തെപ്പറ്റി പഠിക്കാൻ നാട്ടിൽ എത്തിയത്. അപ്പോഴേക്കും പ്രശ്നം കുഴഞ്ഞുമറിഞ്ഞിരുന്നു.

ഇവിടെയുണ്ടായിരുന്ന പാശ്ചാത്യമിഷണറിമാർ നൽകിയ വിവരങ്ങളും നിർദേശങ്ങളും അനുസരിച്ചാണ് റോമിലെ ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചത്. ഇവിടുത്തെ സഭയിൽ തങ്ങളുടെ ഭരണം ഉറപ്പിക്കാനുതകുന്ന തരത്തിലാണ് മിഷണറിമാർ റിപ്പോർട്ടുകൾ നൽകിക്കൊണ്ടിരുന്നത്.

വിവരം അറിഞ്ഞ റോമൻ സഭാനേതൃത്വം കർമലീത്താസന്യാസിമാരായ സെബസ്ത്യാനി, ഹിയാസിന്ത് എന്നിവരുടെ നേതൃത്വത്തിൽ രണ്ട് ഡലഗേഷനെ ഇവിടേക്കയച്ചു. രണ്ടുപേരും രണ്ടുവഴിക്കാണ് വന്നത്. 1657–ൽ സെബസ്ത്യാനി എത്തി; ഹിയാസിന്ത് 1658–ലും. ഈ കാലയളവിൽ മാർതോമാ പലർക്കും പട്ടം കൊടുക്കുകയും മെത്രാനടുത്ത മറ്റു കർമങ്ങൾ അനുഷ്ഠിക്കുകയും മെത്രാന്റെ വേഷം ധരിച്ച് പൊതുജനമധ്യേ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇട്ടിത്തൊമ്മൻ കത്തനാരുടെ വ്യാജരേഖയുടെ അടിസ്ഥാനത്തിൽ ആർച്ചുഡീക്കന് 12 കത്തനാരന്മാർ കൈവയ്പ്പു നൽകിയ അവസരം കൊടുത്ത നിർദേശത്തിൽ പട്ടം കൊടുക്കുന്നതും മൂറോൻ കൂദാശ ചെയ്യുന്നതും കർശനമായി വിലക്കിയിരുന്നു. സെബസ്ത്യാനി നിരവധി ആളുകളെ ഇന്റർവ്യൂ ചെയ്തു റിപ്പോർട്ടുണ്ടാക്കി. ആർച്ചുഡീക്കനുമായി കൂടിക്കാഴ്ച നടത്തി. തോമാ ആർച്ചുഡീക്കനു മെത്രാൻപട്ടമില്ലെന്ന് ജനത്തെ ബോധ്യപ്പെടുത്തുന്നതിൽ സെബസ്ത്യാനി ഒട്ടൊക്കെ വിജയിച്ചു. മാർതോമായിൽ നിന്നു പട്ടം സ്വീകരിച്ച പലരെയും സ്വാധീനിച്ച്, ജസ്വിട്ട് ബിഷപ്പ് ഗാർസ്യായിൽ നിന്ന് രണ്ടാമതും പട്ടം കൊടുപ്പിച്ചു.

"ജസ്വിട്ട് മെത്രാനായ ഗാർസ്യായെയും ജസ്വിട്ട് പാതിരിമാരെയും യാതൊരു കാരണവശാലും അംഗീകരിക്കുകയില്ല, മാർപാപ്പായുടെ കൽപ്പനയാൽ മറ്റ് സന്ന്യാസസമൂഹങ്ങളിൽ നിന്ന് ആരുതന്നെ വന്നാലും സ്വീകരിക്കാം. ആർച്ചുഡീക്കന്റെ പട്ടം ക്രമപ്പെടുത്തണം, സഭാധ്യക്ഷനായി അദ്ദേഹത്തെ അംഗീകരിക്കണം" എന്നതായിരുന്നു ആർച്ചുഡീക്കന്റെ കൂടെ നിന്നവരുടെ ഡിമാന്റുകൾ.

"ഇട്ടിത്തൊമ്മൻ കത്തനാരുടെ കത്ത് മാർപാപ്പായിൽ നിന്നല്ല. 12 വൈദികർ നൽകിയ കൈവയ്പ് വാസ്തവമല്ല. മാർതോമാ സ്വമേധയാ എടുത്ത മെത്രാന്റെ സ്ഥാനചിഹ്നങ്ങൾ സ്വമേധയാ താഴെ വയ്ക്കട്ടെ. ആർച്ചുഡീക്കനെ യാതൊരു കാരണവശാലും മെത്രാനാക്കില്ല" എന്നു തുടങ്ങിയ നിലപാടുകൾ സെബസ്ത്യാനി എടുത്തു.

ആർച്ചുഡീക്കനെ മെത്രാനാക്കിയാൽ സമുദായം ഒന്നടങ്കം യോജിപ്പോടെ അദ്ദേഹത്തെ സ്വീകരിക്കുകയും മിഷണറിമാരെ തിരസ്കരിക്കുകയും ചെ





യ്യുമായിരുന്നു. അത് വിസിറ്റർ സെബസ്ത്യാനിയും ബിഷപ്പ് ഗാർസ്യായും മറ്റ് പാശ്ചാത്യമിഷണറിമാരും ഇഷ്ടപ്പെട്ടില്ല. തങ്ങളുടെ താൽക്കാലിക കാര്യസാധ്യത്തിനായി മിഷനറിമാരുടെ പിണിയാളുകളായി വർത്തിച്ച നാട്ടുകാരായ കത്തനാരന്മാർ എല്ലാക്കാലത്തും ഉണ്ടായിരുന്നു.

വിവരങ്ങൾ ശേഖരിച്ച സെബസ്ത്യാനി 1658–ൽ തിരികെ പോയി 1659–ൽ റോമിലെത്തി റിപ്പോർട്ട് സമർപ്പിച്ചു.[1] റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 1659–ൽ രഹസ്യമായി മെത്രാനായി 1661–ൽ തിരികെ വന്നു. ഇതിനിടെ ഇവിടെയെത്തിയ ഹിയാസിന്തും പലവട്ട ചർച്ചകൾ നടത്തിയെങ്കിലും കാര്യമായ ഫലമുണ്ടായില്ല. ഗാർസ്യാ 1659–ലും ഹിയാസിന്ത് 1661–ലും മരിച്ചു. മരിക്കുന്നതിനുമുമ്പ് ഇരുവരും ആർച്ചുഡീക്കനെ മഹറോൻ ചൊല്ലി. സെബസ്ത്യാനി 1663 വരെ ഐക്യചർച്ചകൾ നടത്തിക്കൊണ്ടിരുന്നു. കേരളത്തിലെ ഡച്ചു മുന്നേറ്റ കാലഘട്ടമായിരുന്നു അത് (1661–63).

നാട്ടുകാരായ ഒന്നോ രണ്ടോ പേരെ മെത്രാന്മാരാക്കാനുള്ള അധികാരവും സെബസ്ത്യാനിക്കു റോം നൽകിയിരുന്നു. ഡച്ചുകാരുടെ നിർബന്ധത്താൽ നാടുവിടേണ്ടി വന്ന സെബസ്ത്യാനി മാർ തോമായ്ക്കു പട്ടം നൽകാൻ കൂട്ടാക്കിയില്ല. മറിച്ച് അതേ കുടുംബത്തിൽപ്പെട്ടവനും മാർതോമായുടെ ആലോചനക്കാരിൽ ഒരുവനുമായ ചാണ്ടിക്കത്തനാർക്ക് മെത്രാൻ പട്ടം നൽകിയിട്ട് സ്ഥലം വിട്ടു. നാടുവിടുന്നതിനു മുമ്പ് സെബസ്ത്യാനിയും മാർ തോമായെ മഹറോൻ ചൊല്ലി.

അന്ന് മലങ്കരയിൽ ഉണ്ടായിരുന്ന 110 പള്ളികളിൽ 64 എണ്ണം പൂർണമായും 20 എണ്ണം ഭാഗികമായും ചാണ്ടിമെത്രാനെ സ്വീകരിച്ചു. 26 പള്ളികൾ പൂർണമായും 20 പള്ളികൾ ഭാഗികമായും മാർതോമായെ സ്വീകരിച്ചു. ഇങ്ങനെ സമുദായം പിളർന്ന് പുത്തൻകൂറെന്നും പഴയകൂറെന്നും രണ്ടു തട്ടിലായി.

എന്നാൽ അന്നൊന്നും സമുദായം അകന്നില്ല. ബിഷപ്പ് റോസ് പരിഷ്കരിച്ച പൗരസ്ത്യസുറിയാനി ആരാധനക്രമം പൗരസ്ത്യസുറിയാനി (കൽദായ) ഭാഷയിൽ രണ്ടുകൂട്ടരും ഉപയോഗിച്ചുകൊണ്ടിരുന്നു. ഐക്യത്തിലെത്താൻ ഒന്നാം മാർതോമാ നടത്തിയ പരിശ്രമങ്ങൾ നാമ്പടഞ്ഞുപോയി. മലങ്കരസഭയുടെ ഒരു നിവേദനവും അംഗീകരിക്കാൻ റോമൻകൂരിയാ അന്ന് തയാറായിരുന്നില്ല. അതായിരുന്നു ആ ഡയലോഗ് പരാജയപ്പെടാനുള്ള കാരണം.

---

1. എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ*, കോട്ടയം 1999, പേജ്, 21–25; Giuseppe a S. Maria Sebastiani, *Prima Spedizione all'Indie Orientali,* Roma, 1666, p.124-127.

ആ ഡയലോഗ് വിജയിച്ചിരുന്നെങ്കിൽ, കേരളത്തിൽ പുത്തൻകൂറ്റുകാർ എന്ന വിഭാഗമേ ഉടലെടുക്കുകയില്ലായിരുന്നു. മലങ്കര നസ്രാണികൾ ഒറ്റസമൂഹമായി തുടർന്നുപോകുമായിരുന്നു.[2]

പാശ്ചാത്യമിഷണറിമാരുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ ഈ പിളർപ്പ് വർധിപ്പിക്കാനേ സഹായകമായുള്ളു. തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾക്കു വേണ്ടി അവർ നിലകൊണ്ടതാണ് ഈ ഡയലോഗിന്റെ ദുരന്തപര്യവസാനത്തിനു കാരണം. തുടർന്നുള്ള നൂറ്റാണ്ടുകളിലെ എക്യുമേനിക്കൽ ഡയലോഗുകളൊക്കെ പരാജയപ്പെടാനുള്ള പ്രധാന കാരണവും ഇതു തന്നെയായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു.

കർമലീത്തനായ സെബസ്ത്യാനിയാകട്ടെ, ജസ്വിട്ടരായ സമ്പാളൂർ പാതിരിമാരാകട്ടെ, ഈ സഭയെ റോമാസഭയുടെ (ലത്തീൻ റീത്തിന്റെ) ഭാഗമാക്കണമെന്ന നിശ്ചയത്തിൽ ദൃഢബദ്ധരായിരുന്നു. ഇവിടുത്തെ പിളർപ്പൊന്നും അവരെ അലട്ടിയില്ല. കുറേ ആളുകളെങ്കിലും തങ്ങളുടെ കൂടെ നിൽക്കുമെന്ന് അവർ കരുതിക്കാണും. ഇതു തന്നെയാണ് പിൽക്കാലത്ത് കടന്നു വന്ന യാക്കോബായക്കാരും ചെയ്തത്, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്.

തന്റെ പട്ടം ശരിയല്ല എന്ന് അറിയാമായിരുന്നിട്ടും മാർതോമാ പട്ടം കൊടുക്കുകയും മെത്രാനടുത്ത കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തത് വീഴ്ചയായിപ്പോയി. അതുപോലെ തന്റെ നിലപാടുറപ്പിക്കാൻ നാട്ടുരാജാക്കന്മാരെ സ്വാധീനിക്കാൻ ശ്രമിച്ചതും വീഴ്ച തന്നെ. റോമൻ കൂരിയായിൽ കൊളോണിയൽ ശക്തികൾ, പ്രത്യേകിച്ച് പോർട്ടുഗീസുകാർ, അമിതസ്വാധീനം ചെലുത്തിക്കൊണ്ടിരുന്ന കാലമായിരുന്നല്ലോ അപ്പോൾ. ഇവിടെയുള്ള പോർട്ടുഗീസ് മിഷണറിമാർ കൊടുക്കുന്ന റിപ്പോർട്ടുകളായിരുന്നു കൂരിയായിൽ ഉള്ളവർക്ക് വിശ്വസനീയം. ഇവിടുത്തെ സഭയിൽ തങ്ങളുടെ ഭരണം ഉറപ്പിക്കാനുതകുന്ന തരത്തിലാണ് മിഷണറിമാർ റിപ്പോർട്ടുകൾ നൽകിക്കൊണ്ടിരുന്നത്. തദനുസൃതമായിരുന്നു കൂരിയായുടെ തീരുമാനങ്ങളും പ്രവർത്തനങ്ങളും.

ചാണ്ടിക്കത്തനാർ മെത്രാനായപ്പോൾ മലങ്കരനസ്രാണികൾ പ്രതീക്ഷാനിർഭരരായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ഈ നാട്ടിൽ ജനിച്ച സങ്കരജാതിക്കാരനായ റഫായേൽ ഫിഗുവെരെദോ ('കുപ്പായക്കാരൻ റപ്പായേൽ') എന്നയാളെ മിഷണറിമാർ മെത്രാനായി തെരഞ്ഞെടുത്തു. അങ്ങനെ ചാണ്ടിമെത്രാന്റെ മരണത്തോടുകൂടി മലങ്കരസഭാഭരണം വീണ്ടും

2. There are several volumes in the Propaganda Archives, the Jesuit Archives and the Carmelite (OCD) Archives in Rome which deal with Archdeacon Mar Thoma I and his successors and their reunion attempts.





പാശ്ചാത്യരുടെ കൈകളിൽ അമർന്നു. വൃദ്ധനും രോഗിയുമായ ചാണ്ടി മെത്രാൻ വിലപിച്ചുകൊണ്ട് ഒരിക്കൽ പറഞ്ഞു: "ആദ്യത്തേതും അവസാനത്തേതും ഞാൻ തന്നെ." അത് അറംപറ്റി. പിന്നെ നാട്ടുമെത്രാൻ ഉണ്ടായത് എത്രനാൾ കഴിഞ്ഞാണ്!

## തുടർന്നുള്ള ഐക്യചർച്ചകൾ

റോമിന്റെ ഭാഗത്തുനിന്ന് അനുകൂലപ്രതികരണം ഉണ്ടാകുന്നില്ലെന്നു കണ്ട് മാർതോമാ മറ്റു പലയിടങ്ങളിലേക്കും എഴുതിക്കൊണ്ടിരുന്നു. അങ്ങനെയാണ് ജറുസലേമിൽ നിന്ന് യാക്കോബായാ സഭയിൽ പെട്ട മാർ ഗ്രിഗോറിയോസ് 1665-ൽ ഇവിടെയെത്തിയത്. ഒന്നാം മാർതോമാ മുതൽ ആറാം മാർതോമാ വരെയുള്ള 150 വർഷത്തിനിടയിൽ രണ്ടുമൂന്നു പ്രാവശ്യമായി അന്ത്യോക്യൻ യാക്കോബായാ സഭയിൽ നിന്ന് ചില മെത്രാന്മാർ ഇവിടെ വന്നു എന്നതൊഴിച്ചാൽ, അവരാരും നവീനപ്രബോധനങ്ങളൊന്നും ഇവിടെ നടപ്പാക്കിയില്ല. 1665-നു ശേഷം 1685-ൽ രണ്ടു യാക്കോബായാ മെത്രാന്മാർ ഇവിടെ വന്നു. അതിനുശേഷം 50 വർഷത്തേക്ക് ആരും വന്നില്ല. 1747-51 കാലഘട്ടത്തിൽ നാലുപേർ വന്നു. പശ്ചിമേഷ്യയിൽ നിന്നു വന്ന മേൽപ്പട്ടക്കാർ ഒന്നാം മാർതോമാ മുതലുള്ളവർക്ക് പട്ടം കൊടുത്തെന്നും ഇല്ലെന്നും രണ്ടഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. അന്ത്യോക്യൻ യാക്കോബായാസഭയിൽ മെത്രാൻപട്ടം കൊടുക്കുമ്പോൾ പുതിയ പേര് സ്വീകരിക്കുന്ന രീതിയുണ്ട്. അപ്രകാരം ആറാം മാർതോമാ വരെയുള്ളവരാരും തന്നെ പേരു മാറ്റിയതായി കാണുന്നില്ല എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. 1751-ൽ ഇവിടെയെത്തിയ മാർ ഗ്രിഗോറിയോസ് എന്ന പശ്ചിമേഷ്യൻ യാക്കോബായാ മെത്രാൻ ആറാം മാർതോമായ്ക്ക് 1772-ൽ രണ്ടാമതും മെത്രാൻപട്ടം നൽകി മാർ ദിവന്നാസ്യോസ് എന്ന് പേരിട്ടു. അങ്ങനെ പുതിയ പേര് ലഭിച്ച ആദ്യത്തെ ആൾ അദ്ദേഹമാണ്. ഇക്കാര്യം സമകാലീന രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു മുമ്പുള്ളവരെപ്പറ്റി സമകാലീന രേഖകൾ ചൂണ്ടിക്കാണിക്കാനില്ല.

## നാലാം മാർതോമായുടെ സഭൈക്യപരിശ്രമങ്ങൾ (1688-1728)

നാലാം മാർതോമാ തന്റെ കീഴിലുള്ള 29 പള്ളിക്കാരുടെയും 12 വൈദിക പ്രതിനിധികളുടെയും കയ്യൊപ്പോടുകൂടി 1704 ഡിസംബർ 7-ാം തീയതി ഉർബൻ എട്ടാമൻ മാർപാപ്പായ്ക്ക് ഒരപേക്ഷ അയച്ചു.[3] അഗസ്റ്റിൻ എന്ന കർമലീത്താ വൈദികൻ വഴിയാണ് ഈ കത്ത് കൊടുത്തുവിട്ടത്. തന്റെ മെത്രാൻസ്ഥാനം അംഗീകരിച്ചുറപ്പിച്ചു കൊടുക്കണമെന്നും സ്വദേശനിയമങ്ങളും സുറിയാനി പാരമ്പര്യങ്ങളും അനുസരിച്ച് തുടരാൻ അനുവദിക്കണ

3. എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ*, 25-27; *AOCD*, Plut. 266. f.122r-122v.

മെന്നും തങ്ങളുടെ അഭ്യർഥന സൗമനസ്യത്തോടെ സ്വീകരിക്കണമെന്നും അന്നത്തെ കർമലീത്താമെത്രാൻ ആൻജലോ ഫ്രാൻസിസിനോട് സഹകരിച്ച് സഹായമെത്രാനായി നിയമിതനായാലും താൻ സംതൃപ്തനാണെന്നും കാണിച്ചാണ് മാർതോമാ എഴുതിയത്. തങ്ങളുടെ ഭരണം ഇവിടെ ഉറപ്പിക്കാൻ കർമലീത്തർ ഉപദേശിച്ചു കൊടുത്ത ബുദ്ധിയായിരിക്കാമിത്. ഈ രീതിയിൽ തന്നെയാണ് അവർ കർദിനാൾ സംഘത്തെ സ്വാധീനിച്ചതും. ‘‘മാർതോമായ്ക്ക് മെത്രാൻപട്ടം കൊടുക്കുന്നെങ്കിൽ അദ്ദേഹത്തെ വാഴിക്കാനുള്ള അധികാരം വികാരി അപ്പസ്തോലിക്കായ്ക്ക് ആയിരിക്കും, ആർച്ചുഡീക്കൻ മെത്രാനായാൽ തന്നെ മലങ്കരയുടെ പ്രധാന മെത്രാനായി വികാരി അപ്പസ്തോലിക്കാ തുടരണം’’ എന്നൊക്കെയായിരുന്നു കർദിനാൾ സംഘത്തിന്റെ നിഗമനം.

അന്നത്തെ പഴയകൂറ്റുകാരും തൽസംബന്ധമായി മാർപാപ്പായ്ക്ക് എഴുതുകയുണ്ടായി. 1704 ജൂൺ 20-ന് കടുത്തുരുത്തിയിൽ കൂടിയ യോഗത്തിലാണ് അവർ ഈ കത്ത് തയാറാക്കിയത്. ഇവിടുത്തെ സഭൈക്യസംരംഭം അനുഭാവപൂർവം വീക്ഷിക്കണമെന്നായിരുന്നു അഭ്യർഥന. എന്നാൽ അനുരഞ്ജനശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള യാതൊരു നീക്കവും റോമിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. 1706 വരെയും റോമിൽനിന്ന് ഒരു മറുപടിയും വന്നില്ല. 1706-ൽ അർസേനിയോസ് എന്ന മിഷനറി റോമിലേക്ക് എഴുതി: ‘‘ഇവിടുത്തെ ക്രിസ്ത്യാനികൾ റോമിലേക്ക് എഴുതിയിട്ട് ഇപ്പോൾ രണ്ടു വർഷമാകുന്നു. ഇതുവരെയും അവർക്ക് മറുപടിയൊന്നും ലഭിച്ചിട്ടില്ല... പുനരൈക്യകാര്യത്തിൽ അങ്ങ് ഒരു തീരുമാനത്തിലെത്തണമെന്ന അവരുടെ ആഗ്രഹത്തോട് ഞങ്ങളും യോജിക്കുന്നു.’’ – നിരാശനായ മാർതോമാ പിന്നെയും മൂന്നുവർഷം കൂടികഴിഞ്ഞ്, 1709-ൽ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസുമായി ബന്ധപ്പെട്ടു.[4] നാലാം മാർതോമാ സഭൈക്യകാര്യങ്ങളിൽ തൽപ്പരൻ ആയിരുന്നെങ്കിലും, മിഷണറിമാരുടെ എതിർപ്പുനിമിത്തം അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഫലമണിഞ്ഞില്ല. മിഷണറിമാരെ കണ്ണുമടച്ചു വിശ്വസിച്ച മേലുദ്യോഗസ്ഥർ അവരുടെ അഭിപ്രായമനുസരിച്ച് പ്രവർത്തിച്ചു. സഭാധികാരം നൽകാനോ സഭാപാരമ്പര്യങ്ങൾ മാനിക്കാനോ റോം അപ്പോഴും തയാറായില്ല.

## അഞ്ചാം മാർതോമായുടെ സഭൈക്യപരിശ്രമങ്ങൾ (1728-1765)

അഞ്ചാം മാർ തോമാ 1748 ആഗസ്റ്റ് 16-ന് ബനഡിക്ട് (14)പാപ്പായ്ക്ക് സഭൈക്യസംബന്ധമായി ഒരു കത്തയച്ചു. അന്നുവരെയുള്ള സഭാചരിത്രം

4. സിറിൽ മാർ ബസേലിയോസ്, *സീറോ-മലങ്കരസഭ*, കോട്ടയം, 1982, പേജ്, 167-168; റ്റി. ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്,* വാല്യം 1. തിരുവനന്തപുരം, 1957, പേജ് 213-214. English Translation of the letter is in Nagam Aiya, *Travancore State Manual,* II, New Delhi-Madras (Reprint), 1989. p. 204 - 205.





കത്തിൽ വളരെ ചുരുക്കി വിവരിക്കുന്നു: ‘‘പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ ഐക്യവും യോജിപ്പും മേലാലൊരിക്കലും ഉണ്ടാകുന്നതല്ലെന്ന് ഞങ്ങൾ സത്യം ചെയ്തു.’’ തന്റെ മുൻഗാമികളുടെ അവകാശവാദങ്ങളും അഭ്യർഥനകളുമായിരുന്നു അദ്ദേഹത്തിനും നിരത്തിവയ്ക്കാനുണ്ടായിരുന്നത്. താനും തന്റെ ജനവും സുറിയാനിറീത്തും പാരമ്പര്യങ്ങളും അനുസരിച്ചു വന്നവരാണെന്നും സമ്മർദവിധേയമായി അവയെ ഉപേക്ഷിക്കേണ്ടി വന്നപ്പോൾ തർക്കങ്ങളും കുഴപ്പങ്ങളും ആവിർഭവിച്ചെന്നും മാർതോമാ വ്യക്തമാക്കി. തന്റെ മെത്രാൻസ്ഥാനം ക്രമപ്പെടുത്തണമെന്ന് ആ കത്തിൽ അദ്ദേഹം ആവശ്യപ്പെടുന്നു. അതുപോലെ കുർബാനയ്ക്ക് പുളിച്ച അപ്പം ഉപയോഗിക്കാൻ അനുവദിക്കണമെന്നും അപേക്ഷിച്ചു. അതായത്, പൗരസ്ത്യപാരമ്പര്യങ്ങൾ തുടരാൻ അനുവദിക്കണമെന്നു സാരം. ആരംഭം മുതൽ മലങ്കര സഭ ഉണർത്തിച്ചിരുന്ന ആവശ്യങ്ങളാണ് മാർ തോമാ അഞ്ചാമനും ആവർത്തിച്ചത്. ഈ കത്ത് സുറിയാനിയിലാണ്.[5]

എന്നാൽ മിഷണറിമാർ ഇതിനൊക്കെ എതിരു നിൽക്കുകയും റോമിലെ ഉദ്യോഗസ്ഥന്മാരെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു: ‘‘പുനരൈക്യസംരംഭം തികച്ചും ഉചിതവും ശ്രദ്ധാർഹവുമാണ്. എന്നാൽ അതിന്റെ അഭംഗുരതയെപ്പറ്റി ഞാൻ സംശയിക്കുന്നു’’ എന്നാണ് ഒരു മിഷണറിയുടെ റിപ്പോർട്ട്. ‘‘ഭിന്നിച്ചു നിൽക്കുന്ന വിഭാഗം ഉന്നയിച്ച നിർദേശങ്ങളും വാഗ്ദാനങ്ങളുമെല്ലാം തെറ്റാണ്; വഞ്ചന നിറഞ്ഞതുമാണ്’’ എന്നാണ് സ്വാധീനമുണ്ടായിരുന്ന മറ്റൊരു മിഷണറിയുടെ കമന്റ്.[6] മാർതോമാ അഞ്ചാമന്റെ മെത്രാൻസ്ഥാനം ക്രമപ്പെടുത്തുന്നതിലുള്ള വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചു: ‘‘മെത്രാന്റെ പ്രായാധിക്യം, ഭാവിയിലും ആർച്ചുഡീക്കന്മാർക്കു പട്ടം നൽകേണ്ടിവരും, അവർ ഉള്ളിൽ ശീശ്മക്കാരാണ്, കത്തോലിക്കരായി നടിക്കുന്നതേയുള്ളു, അവർ തന്നെ മറ്റ് ശീശ്മക്കാരെ മെത്രാന്മാരാക്കും, ഇവിടുത്തുകാർ കറുത്ത നിറമുള്ളവരാകയാൽ അവർക്കു മെത്രാൻപട്ടം കൊടുക്കുന്നത് ആ സ്ഥാനത്തിനുതന്നെ കളങ്കമാകാം.’’ എങ്കിലും, ‘‘യഥാസമയം മെത്രാൻപട്ടം കൊടുക്കാം എന്നാൽ ഭരണാധികാരം കൊടുക്കാനാവില്ല’’ എന്ന നിലപാട് റോം എടുത്തതായി കാണുന്നു. ഭരണാധികാരം നൽകിയാൽ അത് വികാരി അപ്പസ്തോലിക്കായ്ക്ക് സുറിയാനിക്കാരുടെ മേലുള്ള അധികാരത്തിന് ഭീഷണിയായിത്തീരുമെന്നും കോൺഗ്രിഗേഷൻ ചിന്തിച്ചു.[7]

5. J.Perumthottam, *A Period of Decline of the Mar Thoma Christians (1712-1752)*, Kottayam,1994, p.204-211.The letter is in *APF, SOCP* 109, f.114.Original in Syriac: f.19r-21r. another copy in f.87. English version in Nagam Aiya, *Travancore State Manual,* II.p.206-207.എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ*, 27-29.

6. *APF.Lettere* (a.1750) vol.175.f.154. *APF. SOC. (IOC)* vol.26.ff. 164v-175.718v-719.725v.730v.

7. *APF. SOC(IOC*) vol.26.f.154v-160: Ep. to the Vicar Apostolic on 5-9-1750.

റോമിന്റെ ഈ കത്ത് വികാരി അപ്പസ്തോലിക്കായ്ക്ക് ലഭിച്ചെങ്കിലും അദ്ദേഹം പുറത്തുകാണിക്കുകയോ നടപടി എടുക്കുകയോ ചെയ്തില്ല. കൂനൻ കുരിശിനുശേഷം ഏതാണ്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോഴേക്കും പുതിയ വിഭാഗത്തിന്റെ തലവന് മെത്രാൻപട്ടം കൊടുക്കാം എന്ന നിലപാട് റോം സ്വീകരിച്ചു. ഇത് അവരുടെ വീക്ഷണത്തിലുള്ള മാറ്റമാണ് സൂചിപ്പിക്കുക. എന്നാൽ സഭാധികാരം നൽകാനോ സഭാപാരമ്പര്യങ്ങൾ മാനിക്കാനോ റോം അന്നും തയാറായില്ല. അനുഷ്ഠാനവ്യത്യാസങ്ങൾ അംഗീകരിക്കുന്നതിന് തടസ്സം പറഞ്ഞു. അതായത് സുറിയാനി റീത്ത് സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടത് ശീശ്മയായിട്ടാണ് റോം കണ്ടത്. ഒരു പ്രാദേശിക സഭാനേതൃത്വത്തെപ്പറ്റി ചിന്തിക്കുന്നതിനോ ലത്തീൻ റീത്തിനു പുറമേ മറ്റൊരു റീത്തിനെ അംഗീകരിക്കുന്നതിനോ അന്നത്തെ റോമൻ സഭാശാസ്ത്രമനുസരിച്ച് സാധിച്ചില്ല.[8]

## ആറാം മാർതോമായുടെ സഭൈക്യപരിശ്രമങ്ങൾ (1761-1808)

മാർ ദിവന്നാസ്യോസ് ഒന്നാമൻ എന്നും വലിയ മാർ ദിവന്നാസ്യോസ് എന്നും അറിയപ്പെടുന്ന ഒരു വലിയ സഭൈക്യ കാംക്ഷിയായിരുന്നു ആറാം മാർതോമാ. തന്റെ മുൻഗാമിയുടെ പട്ടത്തെപ്പറ്റി സംശയിച്ചിരുന്ന ആറാം മാർതോമാ 1772-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായാ മെത്രാനിൽ നിന്ന് രണ്ടാമതും പട്ടങ്ങളെല്ലാം സ്വീകരിച്ചു. സുറിയാനി റീത്ത് സംരക്ഷിക്കാനുള്ള അവകാശവും തന്റെ ജനത്തിന്റെ മേലുള്ള അധികാരവും അംഗീകരിക്കണമെന്ന് തന്റെ മുൻഗാമികളെപ്പോലെ ആറാം മാർതോമായും റോമിനോട് ആവശ്യപ്പെട്ടു. ഫ്ളോറൻസ് എന്ന വികാരി അപ്പസ്തോലിക്കാ വഴിയായിരുന്നു ആദ്യപരിശ്രമങ്ങൾ. ആരാധനാനുഷ്ഠാനങ്ങളും ഹയരാർക്കിയും നിലനിർത്തിക്കൊണ്ടുള്ള ഐക്യത്തിന്റെ സാധ്യതകളെപ്പറ്റിയാണ് അദ്ദേഹം ആരാഞ്ഞത്. ഫ്ളോറൻസിന്റെ 1768 നവംബർ 3-ലെ റോമിലേക്കുള്ള കുറിപ്പിൽ ഇങ്ങനെ കാണുന്നു: ''ശീശ്മക്കാരായ സുറിയാനിക്കാരിൽ ഭൂരിഭാഗത്തിന്റെയും മെത്രാൻ, മാർതോമാ എന്ന തൊപ്പിക്കാരൻ അൽമായൻ, അയാളുടെ മാതുലനും ശീശ്മക്കാരനുമായ മുൻഗാമി കാണിച്ച നാട്യങ്ങളോടെ എന്റെ പക്കൽ ചില നിർദേശങ്ങൾ വയ്ക്കുകയുണ്ടായി. അയാളുടെ അബദ്ധപഠനങ്ങളിൽനിന്ന് പിന്തിരിഞ്ഞ് കത്തോലിക്കനായി പരിശുദ്ധസിംഹാസനത്തോട് വിധേയത്വത്തോടെ വർത്തിക്കാമെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഈ ചിന്താഗതി അയാൾ വച്ചുപുലർത്തുന്നപക്ഷം ഞാൻ എന്താണ് ചെയ്യേണ്ടത് എന്നതിനെപ്പറ്റി അറിയാനായി അയാളുടെ മാതു

8. സിറിൽ മാർ ബസേലിയോസ്, *സീറോ-മലങ്കരസഭ*, 169-172; എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ*, 27-29; ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്*, 1. പേജ്, 214-216; സി. പൈങ്ങോട്ട്, *നിധീരിയച്ചൻ ചരിത്രരേഖകളിൽ*, കോട്ടയം, 2004, പേജ്, 37; *APF. SOCP* (16.August,1750) vol.109.f.114.





ലന്റെ സഭൈക്യ പരിശ്രമകാലത്ത് കോൺഗ്രിഗേഷനിൽനിന്ന് തന്ന നിർദേശങ്ങൾ എന്റെ പക്കലുണ്ടല്ലോ.''[9]

അദ്ദേഹത്തിന് *പ്രോട്ടോനോട്ടറി അപ്പസ്തോലിക്* എന്ന സ്ഥാനം നൽകിയാൽ മതിയെന്ന് മിഷനറിമാർ നിർദേശിച്ചു. റോമിൽ നിന്ന് 1771 ആഗസ്റ്റ് 31-ന് മിഷനറിമാർക്ക് അയച്ചുകൊടുത്ത ഒരു കത്തിൽ ''യാതൊരുവിധ ഭരണാധികാരവും മാർതോമായ്ക്ക് നല്കുകയില്ല'' എന്ന സൂചന ഉണ്ടായിരുന്നു.[10] ഫ്ളോറൻസിന്റെ പിൻഗാമിയായി വന്ന ഫ്രാൻസിസ് സാലസ് മെത്രാനും അനുകൂല നിലപാട് എടുത്തില്ല. പ്രോട്ടോനോട്ടറി എന്ന സ്ഥാനത്തേക്കാൾ വാർഷികവിഹിതമായി വല്ലതും ലഭിക്കുന്നതാണ് തോമാമെത്രാൻ ഇഷ്ടപ്പെടുന്നത് എന്നുവരെ സാലസ് റോമിലേക്കെഴുതി റോമിനെ തെറ്റിദ്ധരിപ്പിച്ചു. - ''സ്വന്തമെത്രാനെ സുറിയാനിക്കാർക്കു ലഭിക്കുമെന്നുള്ള സൂചന പോലും കൊടുത്തു പോകരുത്. കാരണം, സ്വദേശി മെത്രാന്റെ സാന്നിധ്യം വികാരി അപ്പസ്തോലിക്കായുടെ സ്ഥാനത്തിന് മങ്ങലേൽപ്പിക്കും'' എന്നും റോം വ്യക്തമാക്കിയിരുന്നു. അതായത്, മലങ്കരമെത്രാനെ സ്വന്തജനങ്ങളുടെമേൽ ഭരണാധികാരമുള്ള വ്യക്തിയായി അംഗീകരിച്ച് കത്തോലിക്കാസഭയുമായുള്ള ഐക്യത്തിലേക്കു കൊണ്ടുവരിക എന്ന ആശയം റോമിന് അപ്പോഴും സ്വീകാര്യമായിരുന്നില്ല. മാർതോമായോടൊപ്പം ഐക്യപ്പെടുന്ന ഇടവകകളുടെ മേൽപോലും അധികാരം നൽകാൻ റോം സന്നദ്ധമല്ലായിരുന്നു. മിഷനറിമാരായിരുന്നു അതിന്റെ കാരണക്കാർ. അപ്രകാരം നൽകുന്നത് ''യുക്തമല്ല, കരണീയവുമല്ല'' എന്ന് സാലസ് മെത്രാൻ റോമിലേക്ക് എഴുതി.[11]

എന്നാൽ മാർ തോമാ ആറാമൻ നിരാശനായി പിൻമാറാതെ സഭൈക്യശ്രമങ്ങൾ തുടർന്നു. പാശ്ചാത്യമിഷനറിമാരെ ഒഴിവാക്കിക്കൊണ്ട് നാട്ടുകാരനും പഴയകൂറ്റുകാരനുമായ കരിയാറ്റി മൽപ്പാനിലൂടെ തന്റെ സഭൈക്യശ്രമങ്ങൾ തുടർന്നു. മാർതോമായുടെ അപേക്ഷയും പഴയകൂറ്റിലെ 72 പള്ളികളുടെ അപേക്ഷയും കൊണ്ട് കരിയാറ്റി മൽപ്പാനും പാറേമ്മാക്കൽ തോമാക്കത്തനാരും കൂടി വളരെ ക്ലേശങ്ങൾ സഹിച്ച് റോമിലെത്തി മാർതോമായുടെ അപേക്ഷ സമർപ്പിച്ചു. തദവസരം പഴയകൂറ്റുകാരെ ഭരിച്ചുകൊണ്ടിരുന്ന വിദേശമിഷണറിമാർ ആ ദൗത്യയാത്ര പരാജയപ്പെടുത്താൻ സർവാത്മനാ പരിശ്രമിക്കുകയും റോമിനെ സ്വാധീനിക്കുകയും ചെയ്തു. ആറാം മാർതോമാ റോമിനുള്ള അപേക്ഷയിൽ എഴുതുന്നു:

''ഞാൻ ഇടവകഭരണം കയ്യേറ്റപ്പോൾ എന്റെ മുൻഗാമികളുടെ കാലത്ത്

9. *APF. SOCG* (a.1770/1) vol. 60. f.333v.
10. *APF. Lettere* (a.1771) vol.218.ff.381v-382; *APF .Acta* (30th July 1771) vol.12. f.170.
11. *APF. SOCG.* (22nd July 1774) vol.839. f.222; vol.35.fol.311.

വന്നിരുന്ന യാക്കോബായക്കാർ വഴിയായും റോമൻ കത്തോലിക്കാസഭയിലെ വിദ്വാന്മാരായ ഗുരുക്കന്മാർ വഴിയായും എനിക്ക് സാധുവായ ഗുരുപ്പട്ടവും മെത്രാൻപട്ടവും ഇല്ലെന്ന് മനസ്സിലായി. അതിനാൽ അവരുടെ ഉപദേശം അനുസരിച്ച്, യാക്കോബായാ മെത്രാപ്പോലീത്താ ആയ മാർ ഗ്രിഗോറിയോസിൽ നിന്ന് നിരണത്തെ ദൈവമാതാവിന്റെ പള്ളിയിൽവച്ച് 1772 ജനുവരി മാസത്തിലെ ആദ്യഞായറാഴ്ച പട്ടംവടിക്കൽ മുതൽ മെത്രാൻപട്ടം വരെയുള്ള വിശുദ്ധ പട്ടങ്ങളെല്ലാം സ്വീകരിച്ചു. ഞാൻ പഠിച്ചിരുന്ന വിശ്വാസം സത്യമായിട്ടുള്ളതല്ലെന്നും നമ്മുടെ കർത്താവിന്റെ കാലം മുതൽ ഏതാവൽപര്യന്തം പരിശുദ്ധമായും മലിനത കൂടാതെയും ഇരിക്കുന്ന കത്തോലിക്കാവിശ്വാസം വഴിയല്ലാതെ യാതൊരുത്തനും സ്വർഗപ്രാപ്തി ഉണ്ടാകുന്നതല്ലെന്നും കത്തോലിക്കാസഭയിലെ ഗുരുക്കന്മാരിൽനിന്നും വിശുദ്ധ സൂനഹദോസുകളുടെ ഗ്രന്ഥങ്ങളിൽ നിന്നും എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. എന്നെയും എന്റെ ജനങ്ങളെയും കത്തോലിക്കാ ഐക്യത്തിൽ ചേർക്കണമെന്നും ഞങ്ങളുടെ പൂർവികന്മാരുടെ കാലം തുടങ്ങി ഞങ്ങളിൽ ബാധിച്ചിട്ടുള്ള മഹറോൻ നീക്കം ചെയ്യണമെന്നും ഈശോസഭക്കാരനും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുമായ സാൽവദോർ ദോസ് റോയ്സിനോടും മലയാളത്തിലെ വികാരി അപ്പസ്തോലിക്കാ ആയ കർമലീത്താസഭയിലെ ഈശോയുടെ ഫ്ളൊറെൻസ്യോസിനോടും പ്രസ്തുത വൈദികർ മുഖേന നിർബന്ധപൂർവം അപേക്ഷിച്ചു. കത്തോലിക്കാ ഐക്യത്തിലേക്ക് എന്നെ സ്വീകരിക്കുന്നതിന് അവർക്ക് അധികാരമില്ലെങ്കിൽ, എന്റെ അപേക്ഷ റോമിലേക്ക് അയക്കണമെന്നും അവരോടു ഞാൻ ആവശ്യപ്പെട്ടു. എന്നാൽ എന്റെ അപേക്ഷ അവർ അംഗീകരിച്ചില്ല. അതിനാൽ പ്രൊപ്പഗാന്താ സെമിനരിയിൽ പഠിച്ചയാളും ഞങ്ങളുടെ സജാതീയനുമായ കരിയാറ്റിൽ യൗസേപ്പ് കത്തനാരെ വരുത്തി വ്യസനസമേതം കണ്ണുനീർ വീഴ്ത്തിക്കൊണ്ട് എന്റെ ആഗ്രഹം അദ്ദേഹത്തെ അറിയിക്കുകയും എന്റെ ആത്മരക്ഷയെ അദ്ദേഹത്തെ ഭരമേൽപ്പിക്കുകയും ചെയ്തു. 'മാർഗമധ്യേ എന്റെ പ്രാണന് അപായം നേരിട്ടേക്കാമെങ്കിലും ഞാൻ നിങ്ങൾക്കു വേണ്ടി ഒരിക്കൽകൂടി റോമായിലേക്കു പോകാം' എന്ന് അപ്പോൾ അദ്ദേഹം എനിക്കു വാക്കുതന്നു. കത്തോലിക്കാസഭ പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും ഞാനും എന്റെ ജനങ്ങളും അനുസരിക്കുകയും വിശ്വസിക്കുകയും ചെയ്തുകൊള്ളാമെന്ന് സർവശക്തനായ ദൈവത്തെ സാക്ഷിയാക്കി സത്യം ചെയ്യുന്നു. അവസാനമായി പരിശുദ്ധ പിതാവേ, എന്നെ കത്തോലിക്കാസഭയിൽ സ്വീകരിക്കണമെന്ന് അങ്ങയോട് ഞാൻ അപേക്ഷിക്കുന്നു.

1778 മെയ് 12-ാം തീയതി, നിരണത്തുവച്ച് എഴുതിയത്-ഇൻഡ്യയുടെ മെത്രാപ്പോലീത്തായായ മാർ ദിവന്നാസ്യോസ്."[12]

12. *APF. (IOC)* vol.39.f.11-20; there is a syriac version at Mannanam: ബർണാർദ്, *മാർതോമ്മാക്രിസ്ത്യാനികൾ*, പേജ്,651-652 (പെല്ലിശ്ശേരി പബ്ളിക്കേഷൻസ്, കോട്ടയം,1992)





റോം മാർതോമായെ അംഗീകരിച്ചാൽ, മാർതോമാ, മെത്രാപ്പോലീത്തായും കരിയാറ്റി മെത്രാനായാൽ സഹായിയുമായി ഇരുവിഭാഗവും ഒന്നാകുക എന്ന് ഒരു രഹസ്യധാരണ റോമിനു പുറപ്പെടുന്നതിനുമുമ്പ് കരിയാറ്റിയും മാർതോമായും കൂടി ഉണ്ടാക്കിയിരുന്നു എന്നു പറയപ്പെടുന്നു. ഈ രഹസ്യധാരണ എങ്ങനെയോ പുറത്തു വന്നു. തങ്ങൾക്ക് സുറിയാനിക്കാരുടെ ഇടയിൽ സർവസ്വാധീനവും ഇതുമൂലം നഷ്ടപ്പെടുമെന്ന് മിഷനറിമാർ കണക്കുകൂട്ടി. അതുകൊണ്ടാണ് കരിയാറ്റിയുടെ ദൗത്യം എങ്ങനെയും പരാജയപ്പെടുത്താൻ മിഷനറിമാർ ശ്രമിച്ചത്. അതേപ്പറ്റി പാറേമ്മാക്കൽ വളരെ വിശദമായി *വർത്തമാനപുസ്തകം* എന്ന യാത്രാവിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിഷനറിമാർ ആഗ്രഹിച്ചതുപോലെ കരിയാറ്റിയുടെ ദൗത്യം പരാജയപ്പെട്ടു. റോമിൽനിന്ന് അപ്പോൾ ഒന്നും നേടാൻ കരിയാറ്റിക്കു കഴിഞ്ഞില്ല. പദ്രവാദോ-പ്രൊപ്പഗാന്താ മിഷനറിമാർ ഒന്നടങ്കം സ്വതന്ത്രഭരണാധികാരം നൽകുന്നതിന് എതിർപ്പു കാണിച്ച് റോമിലേക്ക് റിപ്പോർട്ടയച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

കരിയാറ്റി മൽപ്പാൻ നിരാശനാകാതെ പോർട്ടുഗലിൽ പോയി അന്നു ഭരിച്ചുകൊണ്ടിരുന്ന രാജ്ഞിയെ വിവരം ധരിപ്പിച്ചു. അവരുടെ ഇടപെടൽ മൂലം കരിയാറ്റിയെ മെത്രാനാക്കാൻ റോമിനു സമ്മതിക്കേണ്ടിവന്നു. മാർതോമായുടെ കാര്യം കൈകാര്യം ചെയ്യുന്ന ദൗത്യം പൂർണമായി കരിയാറ്റിയെ ഏൽപിക്കാൻ റോം തയാറായി.[13] കരിയാറ്റി കൊടുങ്ങല്ലൂരിന്റെ മെത്രാനായി യൂറോപ്പിൽനിന്ന് ഗോവയിലെത്തി. എന്നാൽ യാതൊന്നും പ്രവർത്തിക്കാൻ കഴിയാതെ ഗോവയിൽ വച്ചു മരിച്ചു. കരിയാറ്റി മരിച്ചുകഴിഞ്ഞിട്ട് മാർതോമായുടെ സഭൈക്യം സംബന്ധിച്ച് തങ്ങളുടെ ഇഷ്ടാനുസരണം പ്രവർത്തിക്കാൻ മിഷനറിമാർ ശ്രമിച്ചു.[14] എന്നാൽ ഉർബൻ എട്ടാമൻ മാർപാപ്പായുടെ വിധിപ്രകാരമുള്ള വിശ്വാസപ്രഖ്യാപനം നടത്തിയാൽ മതി എന്നു റോം നിശ്ചയിച്ചു. കേരളത്തിലുള്ള പാശ്ചാത്യ മിഷനറിമാർ അതിൽ ഇടപെടേണ്ട എന്നൊക്കെ കർദിനാളന്മാരുടെ യോഗം തീരുമാനിച്ചു. റോമിന്റെ കീഴിൽ സുറിയാനിക്കാർക്ക് അവരുടെ ഹയരാർക്കിയും റീത്തും ആചാരക്രമങ്ങളും തുടരാനുള്ള അനുവാദമുണ്ടായി.[15]

പല മിഷനറിമാരും, പ്രത്യേകിച്ച് ഇവിടെയുണ്ടായിരുന്ന പൗളീനുസ് പാതിരിയും തങ്ങളുടെ സ്വാധീനം ചെലുത്തി ഇതു മാറ്റിയെടുക്കാൻ ശ്രമിച്ചെങ്കിലും റോം ഈ നിലപാടിൽ ഉറച്ചുനിന്നു. മുമ്പു നൽകിയ നിർദേശമനുസരിച്ച് പ്രവർത്തിക്കണം എന്നായിരുന്നു റോമിന്റെ മറുപടി. ഇതിന്റെ

13. *APF. SOCG.* (17th May 1784) vol.867.f.125v-126.

14. *APF. SOCG (IOC)*.vol.38.ff.80-81.

15. *APF. Lettere* (1788). vol.252.ff.145v-146v: It was communicated to the Vicar Apostolic on 12th April,1788.

യെല്ലാം വെളിച്ചത്തിൽ 1796-ൽ കൊല്ലത്തുവച്ച് ഒരു യോഗം നടന്നു. എന്നാൽ ചുരുക്കം ചില കത്തോലിക്കാ സഭാധികാരികളുടെ സ്വാർഥതാൽപര്യങ്ങൾ കാരണം, ഇരുപതിലേറെ വർഷങ്ങളിലെ അശ്രാന്ത പരിശ്രമഫലമായുണ്ടായ മഹത്തായ സഭൈക്യസംരംഭം ശോചനീയമാംവിധം വിഫലമായി.

ഒരു സഭാസമൂഹമായി സ്വന്തമെത്രാന്മാരുടെ കീഴിൽ നിൽക്കാനാണ് മലങ്കരക്കാർ ആഗ്രഹിച്ചതും പരിശ്രമിച്ചതും. മെത്രാന്മാർക്ക് സഭയിലുള്ള സ്ഥാനവും സഭയുടെ നിലനിൽപും അനുഷ്ഠാനങ്ങൾ അഭംഗുരം തുടരാനുള്ള സാഹചര്യവുമാണ് അവർ ഉന്നംവച്ചത്. പിന്നീട് സുറിയാനിസഭയെ ഒരേ ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ നിലനിർത്തുക എന്ന താൽപര്യം സുറിയാനിസഭയുടെ ഐക്യത്തിന് അടിസ്ഥാനമായി നിലകൊണ്ടു. അതുപോലെ റോമിന്റെ തീരുമാനങ്ങളിലുള്ള മാറ്റവും ശ്രദ്ധേയമാണ്.

മാർ ദിവന്നാസ്യോസ് 1799 ജൂൺ 22-ന് കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടു. എന്നാൽ കൊച്ചീമെത്രാൻ അദ്ദേഹത്തെ മെത്രാനായി അംഗീകരിക്കുകയോ മെത്രാനടുത്ത അധികാരങ്ങൾ കത്തോലിക്കാസഭയിൽ ചെയ്യാൻ സമ്മതിക്കുകയോ ചെയ്തില്ല. കൊച്ചീമെത്രാൻ റോമിന്റെ മേൽപറഞ്ഞ നിർദേശങ്ങൾ പാലിച്ചുമില്ല. അങ്ങനെ, പ്രസ്തുത സഭൈക്യസംരംഭവും മിഷനറിമാർ തട്ടിത്തകർത്തുകളഞ്ഞു.[16]

## ചേപ്പാട്ട് മാർ ദിവന്നാസ്യോസ് നാലാമൻ (1825-1855)

ചേപ്പാട്ട് മാർ ദിവന്നാസ്യോസിന്റെ കാലത്തും (1825-1855) സഭൈക്യചിന്തകൾ സജീവമായിരുന്നു. കത്തോലിക്കാ പുനരൈക്യാർഥം അദ്ദേഹം വരാപ്പുഴ വികാരി അപ്പ്സ്തോലിക്കായുമായി എഴുത്തുകുത്തുകൾ നടത്തി. "മാർ ദിവന്നാസ്യോസിനെ മെത്രാനെന്ന നിലയിൽ സ്വീകരിക്കാൻ സാധ്യമല്ല" എന്ന മറുപടിയാണ് വരാപ്പുഴ നിന്നു ലഭിച്ചത്. അക്കാരണത്താൽ അദ്ദേഹം പുനരൈക്യ പരിശ്രമങ്ങളിൽ നിന്നു പിൻമാറി, യാക്കോബായാ സഭയോട് കൂടുതൽ അടുത്തു. അദ്ദേഹത്തിന്റെ മുൻഗാമികളായി ഭരിച്ച പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്, പുന്നത്ര മാർ ദിവന്നാസ്യോസ് എന്നീ

16. സിറിൽ മാർ ബസേലിയോസ്, *സീറോ-മലങ്കരസഭ,* 172-181; എസ്സ്. *കാഞ്ഞിരമുകളിൽ, പുനരൈക്യരേഖകൾ*, 30-59; ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്*, 1. പേജ്, 217-232. Several documents connected with Mar Dionysius I are contained in the following collections: *APF. Lettere* (a.1771) vol.218.ff.381v-382; vol. 236.ff. 189v-191;729-740;(a.1788).vol.252.ff.145-146v; (a.1789) vol. 255. f.616; (a.1794). vol.266.ff.113-115; vol. 258.ff.688-589.*APF. SOCP(IOC)* vol.35.f. 311;vol.38.ff.80-81; vol. 39.ff. 11-20;299-319; *APF. SOCG. Acta* (a.1774). vol. 144. f.242; (a. 1790) .fol. 360; (1770/1) vol.60.f.333v; (22nd July 1774) vol. 839. f.222.253v; (17th May and 27th July 1784) vol.867.f.145-147;(17th May 1784) vol.867.f.125v-126;154-181; *APF. SOCP.Acta* (30th July 1771). vol.12.f.170.





പിതാക്കന്മാർ പ്രോട്ടസ്റ്റന്റ് മിഷണറിമാർക്ക് പുത്തൻകൂർ സഭയിൽ പ്രവർത്തിക്കാൻ അമിതസ്വാധീനം നൽകിയതിന്റെ ഫലമായി സമൂഹം സത്യവിശ്വാസത്തിൽ നിന്ന് അകലുന്നു എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിൽ നിന്ന് മോചനം പ്രാപിക്കുക ആവശ്യമായിരുന്നു. അന്ത്യോക്യയിൽ നിന്നു വന്ന ഒരു അത്തനാസ്യോസ് എന്ന യാക്കോബായാ മെത്രാൻ മാർ ദിവന്നാസ്യോസിന്റെ പട്ടത്തെപ്പറ്റി സംശയം ജനിപ്പിക്കുന്ന പ്രസ്താവനകൾ നടത്തുകയും അദ്ദേഹം പട്ടം കൊടുത്ത പലർക്കും വീണ്ടും പട്ടം നൽകുകയും ചെയ്തു. അബ്രഹാം മൽപ്പാനെപ്പോലെയുള്ളവർ മെത്രാനെതിരായി കലാപക്കൊടി ഉയർത്തിയതും അദ്ദേഹത്തെ വേദനിപ്പിച്ചു. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം വരാപ്പുഴയ്ക്ക് എഴുതിയതും അവിടെ നിന്ന് നിഷേധാത്മക മറുപടി വന്നതും. തുടർന്ന് അദ്ദേഹം യാക്കോബായാ സഭയുമായുള്ള ബന്ധം കൂടുതൽ ഉറപ്പിച്ചു. പ്രോട്ടസ്റ്റന്റ് മിഷണറിമാരുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിച്ചു. പുത്തൻകൂർ സഭവക സ്വത്തുക്കൾ ഒരു ട്രസ്റ്റിന്റെ കീഴിലാക്കിയത് ഇക്കാലത്താണ്. മാത്യൂസ് മാർ അത്തനാസ്യോസുമായുള്ള സംഘട്ടനത്തിൽ അദ്ദേഹം പരാജയപ്പെട്ട്, ചേപ്പാട്ടു പോയി താമസിച്ചു.

## മാർ ദിവന്നാസ്യോസ് അഞ്ചാമന്റെ സഭൈക്യപരിശ്രമങ്ങൾ

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും ( 1865-1909) എക്യൂമെനിക്കൽ ചർച്ചകൾ നടത്തുകയും ബഹുദൂരം മുന്നോട്ടുപോകുകയും ചെയ്തിട്ടുണ്ട്. മാർ ദിവന്നാസ്യോസിന് പ്രേരണയും പ്രചോദനവും നൽകിയത് നിധീരി മാണിക്കത്തനാർ എന്ന പഴയകൂർ വൈദികനായിരുന്നു. അവർ ആത്മസുഹൃത്തുക്കളായിരുന്നു. എന്നാൽ അവരുടെ എല്ലാ സഭൈക്യസംരംഭങ്ങൾക്കും തുരങ്കം വച്ചത് ഇവിടെയുണ്ടായിരുന്ന പാശ്ചാത്യമിഷണറിമാരും അവരുടെ വാക്കുകേട്ട് പ്രവർത്തിച്ച ഉന്നതോദ്യോഗസ്ഥന്മാരും ആയിരുന്നു. പുത്തൻകൂറ്റുകാരെ ശീശ്മക്കാർ എന്നു മുദ്രകുത്തി അകറ്റി നിർത്താനാണ് മിഷനറിമാർ ശ്രമിച്ചത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ മാണിക്കത്തനാരും മാർ ദിവന്നാസ്യോസും ആഗ്രഹിച്ചു. അതിനായി ചില പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഊട്ടിയിൽ താമസിച്ചിരുന്ന അപ്പസ്റ്റോലിക് ഡലഗേറ്റിനെയും സ്ഥലത്തെ മിഷനറി മെത്രാന്മാരെയും ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. *നസ്രാണി ജാത്യൈകസംഘം* എന്ന പേരിൽ ഒരു സംഘടന റജിസ്റ്റർ ചെയ്ത് ഒന്നിച്ചുള്ള പ്രവർത്തനത്തിനാണ് രണ്ടുപേരും ശ്രമിച്ചത്. സഭകളുടെ മേലേക്കിടയിൽ മാത്രമല്ല, ജനങ്ങളുടെ ഇടയിലും സഹകരണവും ധാരണയും വർധിച്ചെങ്കിലേ സഭൈക്യം സുസാധമാകൂ എന്ന് അവരിരുവരും നന്നായി മനസ്സിലാക്കി. അതിനുള്ള പദ്ധതികളാണ് ജാത്യൈകസംഘം വഴി അവർ ആവിഷ്കരിച്ചത്. എന്നാൽ ആ ഐക്യസംരംഭവും പൂവണിഞ്ഞില്ല. മറിച്ച്, പഴയകൂറും പുത്തൻകൂറും തമ്മിലകന്ന സാഹചര്യമാണ് സംജാതമായത്. പഴയകൂറ്റുകാരെ ഭരിച്ചിരുന്ന ലെയൊണാർദ് മെല്ലാനോ

എന്ന മിഷനറി മെത്രാനും (1868–87) അന്ത്യോക്യയിൽ നിന്നു വന്ന മാർ അത്തനാസ്യോസ് എന്ന യാക്കോബായാ മെത്രാനും (1881–89) അകൽച്ച വർധിപ്പിക്കാൻ തങ്ങളാൽ ആവുന്നതെല്ലാം ചെയ്തു. പുത്തൻകൂറ്റുകാരോട് തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പുലർത്താൻ മിഷനറിമാർ പ്രേരിപ്പിച്ചു. കൂനൻകുരിശുസത്യം റോമിലെ മാർപാപ്പായ്ക്ക് എതിരാണെന്ന് പഠിപ്പിക്കുകയും റോമൻ വിരുദ്ധമനോഭാവം പുത്തൻകൂറ്റുകാരുടെ ഇടയിൽ വളർത്തിയെടുക്കുകയും ചെയ്യാൻ അന്ത്യോക്യക്കാർ ശ്രമിച്ചു.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് മാർ പത്രോസ് മൂന്നാമൻ പാത്രിയർക്കീസിന്റെ മുളന്തുരുത്തി സൂനഹദോസിലെ (1876) മിക്ക ചെയ്തികളും ഇഷ്ടപ്പെട്ടില്ല: മലങ്കര ഇടവകയെ ഏഴായി തിരിച്ച് ആറ് പുതിയ മെത്രാന്മാരെ വാഴിച്ച് നിയമിച്ചത്, അവരിൽനിന്ന് ആത്മീകവും ലൗകികവുമായ സർവസംഗതികളിലുമുള്ള വിധേയത്വം എഴുതി വാങ്ങിച്ചത്, എല്ലാ പള്ളികളും ഉടമ്പടി എഴുതി കൊടുക്കണമെന്ന് കൽപിച്ചത്, സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും രൂപീകരിച്ചത്, ആദിയായവ മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം നിയന്ത്രിക്കാൻ ഉന്നംവച്ചുള്ളവയായിരുന്നു. മുളന്തുരുത്തി സൂനഹദോസിനുശേഷം പത്തു വർഷം (1879–1889) മാർ ദിവന്നാസ്യോസ് നവീകരണ യാക്കോബായക്കാരോട് കേസു പറയുന്നതിൽ വ്യാപൃതനായിരുന്നു. വളരെയധികം ദ്രവ്യം അതിന് ചെലവായി എന്ന് മാർപാപ്പായ്ക്കുള്ള ഒരു കത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നു.[17] അവസാനം റോയൽകോടതിവിധിയിലൂടെ 1889–ൽ അദ്ദേഹം ജയിച്ചു. പ്രോട്ടസ്റ്റന്റ് സ്വാധീനത്തിൽ നിന്ന് അകന്ന് കൂടുതൽ സത്യവിശ്വാസപാതയിലൂടെ ചരിക്കാൻ ആത്മാർഥമായി പരിശ്രമിച്ചതിന്റെ ഫലമാണ് അദ്ദേഹത്തിന്റെ സഭൈക്യസംരംഭങ്ങൾ. അദ്ദേഹം ഇൻഡ്യയിലെ അപ്പസ്തോലിക ഡലഗേറ്റുമായി പല എഴുത്തുകുത്തുകൾ നടത്തി. മാണിക്കത്തനാരുമൊത്ത് ഊട്ടിയിൽ പോയി അപ്പസ്തോലിക് ഡലഗേറ്റ് അയൂത്തിയെ കാണുകയും സഭാകാര്യങ്ങൾ സംസാരിക്കുകയും ചെയ്തു.

മാണിക്കത്തനാരുടെ രേഖകളിൽ മാർ ദിവന്നാസ്യോസ് അയച്ച കത്തുകളുടെ നക്കലുകളും അദ്ദേഹത്തിന് ഡലഗേറ്റിൽ നിന്നു വന്ന കത്തുകളുടെ വിശദാംശങ്ങളുമുണ്ട്. മാർ ദിവന്നാസ്യോസിന്റെ കത്തുകൾ ഇംഗ്ലീഷിലാക്കി കൊടുത്തിരുന്നത് മാണിക്കത്തനാരായിരുന്നു. ഇരുസമുദായങ്ങൾക്കും ഒരുപോലെ നേട്ടമുണ്ടാക്കുന്ന രീതിയിലായിരുന്നു അവരുടെ പ്രവർത്തനങ്ങൾ. ദിവന്നാസ്യോസിന്റെ കത്തുകളിൽ തന്റെ സഭൈക്യാഭിലാഷം അദ്ദേഹം തുറന്നു പറയുന്നു. തന്റെ മുൻഗാമികൾ റോമിനോട് ആവശ്യപ്പെട്ട അതേ ഡിമാന്റുകളാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. അതായത്:[18]

17. സി. പൈങ്ങോട്ട്, *നിധീരിയച്ചൻ ചരിത്രരേഖകളിൽ*, 149–156.

18. Cyril Mar Baselios, *The Syro-Malankara Church*, Trivandrum, 1997 (2nd Ed.)189.





(1) മെത്രാന്മാർക്ക് തങ്ങളുടെ ജനത്തിന്മേലുള്ള അധികാരം നിലനിർത്തണം.

(2) ആരാധനാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്താൻ പാടില്ല.

(3) വിവാഹിതരായ വൈദികരെ സ്വീകരിക്കണം; പുളിച്ച അപ്പം കുർബാനയ്ക്ക് അനുവദിക്കണം.

(4) മാർപാപ്പായെ സാർവത്രിക സഭാധ്യക്ഷനായി അംഗീകരിക്കാം.

ഈ വ്യവസ്ഥകളിന്മേൽ മാർപാപ്പാ മലങ്കരസഭയെ കത്തോലിക്കാ കൂട്ടായ്മയിലേക്കു സ്വീകരിക്കണം. ആവശ്യപ്പെട്ടതൊക്കെ കർദിനാൾ സംഘം അനുവദിച്ചതായിട്ടാണ് റിപ്പോർട്ട്. സഭൈക്യത്തിനു സഹായകമായ എല്ലാ ആവശ്യങ്ങളും അംഗീകരിക്കാൻ റോം സന്നദ്ധമാണെന്ന് ധ്വനിക്കുന്ന പ്രയോഗങ്ങളാണ് റിപ്പോർട്ടിൽ. 1888–ലെ രേഖാസമുച്ചയത്തിലാണ് ഈ കത്ത്.

പിന്നീട് 1926–ൽ മാർ ഈവാനിയോസ് തിരുമേനിവഴി മലങ്കരസിനഡ് റോമിലേക്ക് അയച്ച മെമ്മോറാണ്ഡവും അതിനു വന്ന മറുപടിയും 1888–ലെ ഈ രേഖയുടെ ചുവടുപിടിച്ച് രൂപീകരിച്ചിട്ടുള്ളവയാണ്.

## 1888–ലെ തീരുമാനം

ആ രേഖയുടെ ചുരുക്കം നൽകാം. ആ രേഖ ഇപ്പോൾ റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിലാണ്. 1888 ജൂൺ മാസത്തെ റിപ്പോർട്ടിൽ *(Ponenza)* ആണിത്.[19]

ഇക്കഴിഞ്ഞ ഇരുപത് വർഷമായി വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മോൺ. ലെയൊനാർദ് മെല്ലാനോയും സഹായമെത്രാൻ മോൺ. മർസെൽ ബരാർദിയും കേരളത്തിലെ യാക്കോബായക്കാരുടെ, പ്രത്യേകിച്ച് വൈദികരുടെ, സഭൈക്യം സംബന്ധിച്ച്, പ്രൊപ്പഗാന്തായോട് ചില വിശദീകരണങ്ങൾ തേടുകയുണ്ടായി. അവരുടെ മെത്രാപ്പോലീത്താ മാർ ദിവന്നാസ്യോസ് ഇക്കാര്യത്തിൽ താൽപര്യം കാണിക്കുകയും 1885–ൽ അപ്പസ്തോലിക് ഡെലഗേറ്റ് മോൺ. ആന്റണി അലിയാർദിയുമായി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു.

മാർ ദിവന്നാസ്യോസ് ഊട്ടിയിൽ പോയി അപ്പസ്തോലിക് ഡെലഗേറ്റിനെ സന്ദർശിച്ച് സഭൈക്യസംഭാഷണം നടത്തിയ കാര്യം തുടർന്നു പറയുന്നു. ഡെലഗേറ്റ് മുഖേനയും നാട്ടിലെ മിഷണറിമാരിലൂടെയും പ്രൊപ്പഗാന്തായ്ക്ക് ലഭിച്ച പ്രശ്നാവലിയുടെ അടിസ്ഥാനത്തിലാണ് വിശദീകരണം നൽകിയിരിക്കുന്നത്. കേരളത്തിലെ യാക്കോബായക്കാർ ഐക്യപ്പെടുമ്പോൾ വിവിധ സംഗതികളെ സംബന്ധിച്ച് റോം എടുക്കുന്ന നിലപാട് അറിയാൻ

19. *APF. Acta*(a.1888)n.14. *Ponenza* del Em.Sig.Card.Isidoro Verga,p.189-Note 74.p.152,.

അവർ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയായിട്ടാണ് ഈ റിപ്പോർട്ട്. ഇതിൽ മാർ ദിവന്നാസ്യോസിന്റെ പല കത്തുകളെപ്പറ്റിയും കൂടിക്കാഴ്ചകളെപ്പറ്റിയും പരാമർശമുണ്ട്. സഭൈക്യത്തിന് ആത്മാർഥമായി ആഗ്രഹിച്ചിരുന്ന ആളായിരുന്നു അദ്ദേഹമെന്ന് ഈ റിപ്പോർട്ട് വായിച്ചാൽ മനസിലാകും.

1. യാക്കോബായക്കാർ കത്തോലിക്കരാകുമ്പോൾ അവരുടെ മാമോദീസാ അംഗീകരിക്കുമോ? ഇക്കാര്യം അപ്പസ്തോലിക് ഡെലഗേറ്റ് അയൂത്തിയുമായുള്ള സംഭാഷണത്തിൽ മാർ ദിവന്നാസ്യോസ് ഉന്നയിച്ചില്ല എന്ന് പറഞ്ഞിരിക്കുന്നു.

2. യാക്കോബായാ വൈദികരുടെ പട്ടം അംഗീകരിക്കുമോ? ഇക്കാര്യവും മാർ ദിവന്നാസസ്യോസ് ഉന്നയിച്ചില്ല.

3. കത്തോലിക്കരാകുന്ന യാക്കോബായാ വൈദികർക്ക് തങ്ങളുടെ വൈദിക കടമകളും ഇടവക ചുമതലകളും തുടർന്നും നടത്താൻ സാധിക്കുമോ? ഇക്കാര്യവും മാർ ദിവന്നാസ്യോസ് ഉന്നയിച്ചില്ല.

എന്നാൽ ഹയരാർക്കി നിലനിർത്തണം, മാർ ദിവന്നാസ്യോസിനും അദ്ദേഹത്തിന്റെ കൂടെ ഐക്യപ്പെടുന്ന മെത്രാന്മാർക്കും തങ്ങളുടെ ജനങ്ങളുടെ മേലുള്ള അധികാരം നിലനിർത്തണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

4. ആരാധനാനുഷ്ഠാനങ്ങൾ അഭംഗുരം നിലനിർത്തുമോ അതോ, അവയിൽ മാറ്റം വരുത്തുമോ? മാറ്റം വരുത്താൻ പാടില്ല എന്ന് മാർ ദിവന്നാസ്യോസ് ആവശ്യപ്പെട്ടിരുന്നു.

5. കുർബാനയ്ക്ക് പുളിച്ച അപ്പം തുടർന്നും ഉപയോഗിക്കാൻ അനുവദിക്കുമോ? ഇക്കാര്യം മാർ ദിവന്നാസ്യോസ് ഉന്നയിച്ചില്ല.

6. വിവാഹിതരായ വൈദികരുടെ കാര്യം എന്തായിരിക്കും? വിവാഹിതരായ വൈദികരെ കുടുംബസമേതം സ്വീകരിക്കണം. അവിവാഹിതരായി ഐക്യപ്പെടുന്ന വൈദികർ തുടർന്നും അപ്രകാരം ജീവിക്കണം. ഭാവിവൈദികർ അവിവാഹിതരായിരിക്കണം എന്ന് അയൂത്തിയുമായുള്ള സംഭാഷണത്തിൽ മാർ ദിവന്നാസ്യോസ് വ്യക്തമാക്കി.

7. തനിക്കും ഐക്യപ്പെടുന്ന മറ്റ് മെത്രാന്മാർക്കും ചെലവിനുള്ള തുക വർഷംതോറും അനുവദിക്കണം.

8. പാശ്ചാത്യസഭയിലെ ഒന്നോ അതിലധികമോ സന്യാസസമൂഹങ്ങൾ ഇവിടെ വന്ന് ഒരു കോളേജോ, സെമിനാരിയോ ആരംഭിച്ച് ജനങ്ങളുടെ അജ്ഞത മാറ്റാൻ സഹായകമായത് ചെയ്യണം.

9. കുർബാന തക്സാ, കാനോന നമസ്കാരം എന്നിവയുടെ കോപ്പികൾ അയച്ചു തരണം. അതോടൊപ്പം മാർ അപ്രേമിന്റെ കൃതികളും ലഭിച്ചാൽ കൊള്ളാം. ഇവ മോൺ.അയൂത്തിക്ക് അയച്ചുകൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നു.





ഈ കാര്യങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങളാണ് ഈ റിപ്പോർട്ടിൽ തുടർന്ന് നൽകിയിരിക്കുന്നത്:

മാർ ദിവന്നാസ്യോസും അദ്ദേഹത്തിന്റെ ചില വൈദികരും കത്തോലിക്കാസഭയുമായി ഐക്യപ്പെടാൻ അതീവ തൽപ്പരർ ആണെന്ന് 1868 മുതൽ, പ്രത്യേകിച്ച് 1880 മുതൽ, ഇന്നുവരെ നിർബന്ധപൂർവം ആവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്ന് ഈ റിപ്പോർട്ടിൽ (നമ്പർ 13) പറയുന്നു. വരാപ്പുഴ വികാരി അപ്പസ്തോലിക്കായും സഹായമെത്രാനും 1868 മുതൽ നിരന്തരമായി ഇക്കാര്യം സംബന്ധിച്ച് റോമിന്റെ നിർദേശങ്ങൾക്കായി എഴുതിക്കൊണ്ടിരുന്നു. വളരെ വിശദമായും വ്യക്തമായും ഉള്ള നിർദേശങ്ങൾ വേണമെന്നാണ് മോൺ.അയൂത്തി ആവശ്യപ്പെട്ടിരിക്കുന്നത്. ഡെലഗേറ്റിന്റെയും വരാപ്പുഴ മെത്രാന്മാരുടെയും കത്തുകളിൽ നിന്നാണ് ഈ വിവരങ്ങൾ കർദിനാളന്മാർക്ക് ലഭിച്ചിരിക്കുന്നത് (നമ്പർ 14).

മാർ ദിവന്നാസ്യോസ് 1884-ൽ തന്നെ വരാപ്പുഴ സഹായമെത്രാൻ മോൺ. മർസെലിൻ ബരാർദിയോട് 50 കാനോനാ നമസ്കാരപ്പുസ്തകവും അഞ്ച് കുർബാന തക്സായും പ്രൊപ്പഗാന്തായിൽ നിന്ന് വരുത്തിക്കൊടുക്കണമെന്ന് അപേക്ഷിച്ചിരുന്ന കാര്യം റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. കോൺഗ്രിഗേഷൻ അവ അയക്കുകയുണ്ടായി. ആ തക്സാ വച്ചാണ് മാർ ദിവന്നാസ്യാസ് കുർബാന ചൊല്ലുന്നതെന്ന് 1885 മെയ് 3-ന് ബിഷപ്പ് ബരാർദി പ്രൊപ്പഗാന്തായ്ക്ക് എഴുതി (നമ്പർ 31).

മേൽപ്പറഞ്ഞ കാര്യങ്ങളൊന്നും സഭാപ്രബോധന സംബന്ധമായവയല്ല. പ്രായോഗികകാര്യങ്ങൾ സംബന്ധിച്ചാണ് എന്ന് റിപ്പോർട്ട് വെളിപ്പെടുത്തുന്നു. വരാപ്പുഴ മിഷണറിമാരും അപ്പസ്തോലിക് ഡലഗേറ്റും യാക്കോബായക്കാരുടെ സഭൈക്യത്തിൽ തൽപ്പരർ ആയിരുന്നെങ്കിലും, പുത്തൻകൂറ്റുകാരുടെ ഹയരാർക്കി അംഗീകരിച്ചു കൊടുക്കാനും അവർക്ക് ഭരണാധികാരം കൊടുക്കാനും അവർ സന്നദ്ധരല്ലായിരുന്നു. റോം മേൽപ്പറഞ്ഞവയ്ക്കൊക്കെ അനുകൂലമായ നിലപാട് എടുക്കുമെന്നു കണ്ടപ്പോൾ മിഷണറിമാർ പുറംതിരിയാൻ തുടങ്ങി.

ലെയൊണാർദ് മെല്ലാനോ 1887 ജൂലൈ 27-ന് റോമിലേക്ക് അയച്ച കത്തിൽ നിന്ന്:

"ചുരുക്കം ചില വിപ്ലവകാരികളുടെ ആശയപ്രകാരം, കത്തോലിക്കരും യാക്കോബായക്കാരും ചേർന്നുള്ള ഇത്തരമൊരു സംഘടന കത്തോലിക്കാസഭയുടെ ചൈതന്യത്തിനു ചേർന്നതല്ല. അതിന്റെ ഫലം വിനാശകരവുമാ

യിരിക്കും.... ജനത്തിന്റെ ഹിതമെന്ന പേരിൽ വിവേകമോ, അറിവോ, നാണമോ ഇല്ലാത്ത കുറേ കുബുദ്ധികളുടെ താൽപര്യമായിരിക്കും നടക്കുക... കത്തോലിക്കരെ നഷ്ടപ്പെടുത്താമെന്നല്ലാതെ ഈ സംഘടനവഴി യാക്കോബായക്കാരെ നേടിയെടുക്കാമെന്നു പ്രതീക്ഷിക്കേണ്ടതില്ല.''[20] നസ്രാണിജാത്യൈകസംഘത്തെക്കുറിച്ചാണ് പരാമർശം.

ജാത്യൈകസംഘത്തെ പരാമർശിച്ചുകൊണ്ട് ഡലഗേറ്റ് അയൂത്തി 1889 ഏപ്രിൽ 13-ന് റോമിലേക്ക് അയച്ച കത്തിൽനിന്ന്:

''കത്തോലിക്കരുടെയും യാക്കോബായക്കാരുടെയും ഇടയിൽ പരസ്പരം താൽപര്യം വളർത്തുന്ന ഒരു പ്രസ്ഥാനം സാത്താൻ കുത്തിപ്പൊക്കിയിട്ടുണ്ട്....തന്റെ ജനത്തിലെ വലിയ വിഭാഗവുമൊത്ത് മാനസാന്തരപ്പെടാമെന്ന് കഴിഞ്ഞ 20 വർഷങ്ങളായി ഭാവിക്കുന്ന മാർ ദിവന്നാസ്യോസ് ഈ സാഹോദര്യത്തെ വാക്കാലും പ്രവൃത്തിയാലും പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്നു. യാക്കോബായക്കാരുമായി അധ്യാപനകാര്യത്തിൽ ഒത്തുചേരുന്നതിനെ തിരുസിംഹാസനം മുടക്കിയിരിക്കുന്നതിനാൽ അക്കാര്യത്തിൽ അപകടമില്ല. മാർ ദിവന്നാസ്യോസും ഈ ഐക്യത്തിനുവേണ്ടി നിൽക്കുന്ന മറ്റു ചില ഭ്രാന്തന്മാരും ഇതിൽ ഒട്ടും തൃപ്തരല്ല.''[21]

എന്നാൽ നിധീരി മാണിക്കത്തനാർക്ക് മാർ ദിവന്നാസ്യോസിനെപ്പറ്റി നല്ല മതിപ്പായിരുന്നു. ഒരു റോമൻരേഖയിൽ ഇപ്രകാരം കാണുന്നു. അത് നിധീരി മാണിക്കത്തനാർ, മോൺ.അയൂത്തിക്കയച്ച ഒരു കത്താണ്. അയൂത്തി അത് റോമിലേക്ക് അയച്ചുകൊടുത്തതാകാം:

''മാർ ദിവന്നാസ്യോസ് ഉള്ളുകൊണ്ട് കത്തോലിക്കനാണ്. പക്ഷേ ഉടനെ അദ്ദേഹം കത്തോലിക്കനായി സ്വയം പ്രഖ്യാപിച്ചാൽ അദ്ദേഹവും മാർ അത്തനാസ്യോസുമായി കോടതിയിൽ നടക്കുന്ന കേസുകളിൽ അദ്ദേഹം പരാജയപ്പെടും.''[22]

1888 നവംബർ 9-ന് ഡലഗേറ്റ് അയൂത്തി റോമിലേക്ക് എഴുതി[23]:

''മാനസാന്തരത്തെപ്പറ്റി നിധീരിയും മാർ ദിവന്നാസ്യോസും പറയുന്ന കാര്യങ്ങളിൽ എനിക്കു വലിയ വിശ്വാസം തോന്നുന്നില്ല. അവരിൽ ഒരാൾ കത്തോലിക്കനും മറ്റേയാൾ യാക്കോബായക്കാരനുമാണ് എന്നതിലുപരി ഇരുവരും സുറിയാനിക്കാരാണ്. ആ നിലയിൽ വിദേശിയിൽ നിന്ന് വിമുക്തവും

20. സി. പൈങ്ങോട്ട്, *നിധീരിയച്ചൻ*, 42-43.

21. സി. പൈങ്ങോട്ട്, *നിധീരിയച്ചൻ*, 38-39.

22. സി. പൈങ്ങോട്ട്, *നിധീരിയച്ചൻ*, 46.

23. സി. പൈങ്ങോട്ട്, *നിധീരിയച്ചൻ*, 47.





മഹത്വവുമുള്ളതായി തങ്ങളുടെ സമൂഹത്തെ കാണുന്നതിനാണ് അവരുടെ ആഗ്രഹം. അവരുടെ സ്വന്ത റീത്തിൽപെട്ട മെത്രാനെയും സഭാതലവനെയും വേണം എന്നർഥം.''

ഡലഗേറ്റ് മോൺ. അയൂത്തി 1889 മാർച്ച് 30-ന് റോമിലേക്ക് എഴുതിയ കത്തിൽനിന്ന്: കോട്ടയത്ത് ലവീഞ്ഞിന്റെ താമസസ്ഥലത്തുവച്ച് അയൂത്തി, മാർ ദിവന്നാസ്യോസുമായി കൂടിക്കാഴ്ച നടത്തി. സഭൈക്യമായിരുന്നു ചർച്ചാവിഷയം.

''ചില മെത്രാന്മാരെയും വൈദികരെയും ഒരുതരം സിനഡുപോലെ വിളിച്ചുകൂട്ടി അതിൽ വച്ച് കത്തോലിക്കാസഭയുമായി ഐക്യത്തിലായി എന്ന് പ്രഖ്യാപിക്കരുതോ?'' എന്ന് അയൂത്തി ചോദിച്ചു.

''സമ്പന്നവും കൂടുതൽ അംഗസംഖ്യയുള്ളവയുമായ പള്ളികളിലെ വികാരിമാർ, കത്തോലിക്കാസഭയോട് കൂടുതൽ ആഭിമുഖ്യമുള്ള വൈദികർ എന്നിവരെ ആദ്യം സ്വാധീനിച്ച് സാവധാനത്തിൽ ഐക്യം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അയൂത്തി തന്റെ കത്തിൽ ഇതും കൂട്ടിച്ചേർത്തു: ''മലബാറിലെ യാക്കോബായക്കാരെയും കത്തോലിക്കരേയും ഒരൊറ്റ സമൂഹമാക്കി, അതിന്റെ ആത്മീയനേതാവായി മലബാറിന്റെ പാത്രിയർക്കീസ് എന്ന പദവിയിലെത്തുക എന്ന ഉറച്ച ആശയമാണ് അദ്ദേഹത്തിന്റെ ഉള്ളിലിരിക്കുന്നത്.''[24]

തന്റെ പദ്ധതി അനുസരിച്ച് സഭൈക്യം നടക്കാഞ്ഞതിൽ മാർ ദിവന്നാസ്യോസിനും കൂടെ നിന്ന നിധീരി മാണിക്കത്തനാർക്കും വളരെ വിഷമം ഉണ്ടായി. 1888 നവംബർ മാസം 16-ന് മാണിക്കത്തനാർ അയൂത്തിക്കയച്ച കത്തിൽ ഈ കാര്യം രേഖപ്പെടുത്തിയിരിക്കുന്നു:

''ഒടുവിൽ ഒരു ദീർഘനിശ്വാസത്തോടെ നിറഞ്ഞ കണ്ണുകളോടുകൂടി മാർ ദിവന്നാസ്യോസ് എന്നോട് ഇപ്രകാരം പറഞ്ഞു: പ്രിയപ്പെട്ട നിധീരിയച്ചാ, നമുക്ക് നിരാശപ്പെടേണ്ടതില്ല. സർവശക്തനായ ദൈവത്തിന്റെ കൃപയാൽ നമ്മുടെ കഴിഞ്ഞ പന്ത്രണ്ടു വത്സരത്തെ പണി നല്ല വിജയം കൈവന്നു മകുടം ചൂടുമെന്ന് നമുക്കു പ്രത്യാശിക്കാം. അതോടൊപ്പം യാക്കോബായക്കാരായ സുറിയാനിക്കാർക്ക് അവരുടെ സഹോദരങ്ങളായ കത്തോലിക്കരുമായി യോജിക്കുന്നതിന് ഇപ്പോഴാണ് ഏറ്റവും പറ്റിയ അവസരമെന്നും ഇവയാണ് ഏറ്റവും പറ്റിയ ഉപാധികളെന്നും ഗ്രഹിക്കാനുള്ള വെളിച്ചം കത്തോലിക്കാ സഭയിലെ പദവികളിലിരിക്കുന്നവർക്ക് നൽകാനും നമുക്ക് ദൈവത്തോടു പ്രാർഥിക്കാം.'' വളരെ ഹൃദയഭാരത്തോടുകൂടെയാണ് മാണിക്കത്തനാർ ഈ കത്തെഴുതിയത്.[25]

24. സി. പൈങ്ങോട്ട്, *നിധീരിയച്ചൻ*, 49-50.

25. സി. പൈങ്ങോട്ട്, *നിധീരിയച്ചൻ*, 36-55:54.149-156; സിറിൽ മാർ ബസേലിയോസ്, *സീറോ-മലങ്കരസഭ*, 182-184; ഇഞ്ചക്കലോടി, *ആർച്ചുബിഷപ്പ മാർ ഈവാനിയോസ്*, 1. പേ.234-241; എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ*, 59-62.

# 11

# മലങ്കരയിലെ സഭൈക്യസംരംഭങ്ങൾ

## (20-ാം നൂറ്റാണ്ടിൽ)

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ സഭൈക്യചിന്തകളും സഭൈക്യപരിശ്രമങ്ങളും പിൻഗാമിയായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും (1908-1934) അറിഞ്ഞുകാണും. സഭയെ പ്രോട്ടസ്റ്റന്റിസത്തിൽ നിന്ന് അകറ്റി നിർത്തേണ്ടതിന്റെ ആവശ്യകത ഇരുവർക്കും ബോധ്യമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തും സഭൈക്യചിന്ത ശക്തിപ്പെട്ടു. യാക്കോബായാ പാത്രിയർക്കീസ് മാർ അബ്ദള്ളായുമായുള്ള അകൽച്ച, മർദീനിൽ വച്ചു നടന്ന സന്ധിസംഭാഷണങ്ങളുടെ പരാജയം എന്നിവ ഐക്യശ്രമങ്ങൾ തുടരുന്നതിന് പ്രേരകമായി. വട്ടിപ്പണക്കേസിന്റെ കാലമായിരുന്നു അത് (1913-1928). വട്ടശ്ശേരിൽ തിരുമേനി മർദീനിൽ പോയപ്പോൾ (1923) കണ്ടുമുട്ടിയ കത്തോലിക്കാവൈദികൻ അതിനുള്ള പ്രേരണ നൽകി. തുടർന്ന് അന്ത്യോക്യൻ സിറിയൻ കത്തോലിക്കാ പാത്രിയർക്കീസ് മാർ അപ്രേം റഹമാനിയുടെ കത്ത് മാർ ദിവന്നാസ്യോസിനു ലഭിച്ചു.

പരുമല സെമിനരിയിൽ 1926-ൽ കൂടിയ മെത്രാന്മാരുടെ സിനഡിൽ വച്ച് സഭൈക്യചർച്ചകൾ മുന്നോട്ട് കൊണ്ടുപോകാൻ സിനഡ് മാർ ഈവാനിയോസ് തിരുമേനിയെ ചുമതലപ്പെടുത്തി. ആദ്യം എഴുത്തുകുത്തുകൾ അന്ത്യോക്യൻ കത്തോലിക്കാ പാത്രിയർക്കീസ് മാർ റഹമാനിയുമായിട്ടായിരുന്നു. പിന്നീട് മാർപാപ്പായുടെ ഇൻഡ്യയിലെ പ്രതിനിധിയായ അപ്പസ്തോലിക് ഡലഗേറ്റു വഴി റോമുമായിട്ടായിരുന്നു.

ആ സംവാദത്തിന്റെ ശുഭകരമായ പരിസമാപ്തിയാണ് 1930 സെപ്റ്റംബർ 20-ലെ മലങ്കര കത്തോലിക്കാ പുനരൈക്യം എന്നറിയപ്പെടുന്ന സഭൈക്യം. ഇരുപതാം നൂറ്റാണ്ടിൽ വിജയമണിഞ്ഞ ഏക സഭൈക്യസംവാദം ഇതു മാത്രമാണ്. അതുകൊണ്ട് എക്യുമേനിസത്തിന്റെ ചരിത്രത്തിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. വളരെ താൽപര്യത്തോടുകൂടെ പരിശുദ്ധ കത്തോലിക്കാസഭ ഈ ഐക്യസഭയെ പരിഗണിക്കുന്നുമുണ്ട്. രണ്ടാം വത്തിക്കാൻ





കൗൺസിലിനുമുമ്പ് ആംഗ്ലിക്കൻ - കാത്തലിക് ഐക്യചർച്ചകൾ ബഹുദൂരം പോയെങ്കിലും ഐക്യം യാഥാർഥ്യമായില്ല. കൗൺസിലിനുശേഷം വളരെയധികം എക്യുമേനിക്കൽ ചർച്ചകൾ വിവിധ തലങ്ങളിൽ നടക്കുന്നെങ്കിലും ഒരു സഭയും ദൃശ്യമായ ഐക്യത്തിലേക്കു കടന്നുവന്നിട്ടില്ല. ദൃശ്യമായ ഐക്യമാണല്ലോ കത്തോലിക്കാസഭയും അഖിലലോക സഭാകൗൺസിലും ലക്ഷ്യം വയ്ക്കുന്നത്. ദൃശ്യവും സമ്പൂർണവുമായ കാനോനികൈക്യമാണ് 1930-ൽ മലങ്കരസഭ നേടിയെടുത്തത്.

മാർ ഈവാനിയോസ് തിരുമേനി 1926 -ലും 1927-ലും റോമിലേക്ക് രണ്ട് മെമ്മോറാണ്ടങ്ങൾ അയച്ചു. ആദ്യത്തേതിന് മറുപടി വന്നപ്പോൾ അതിലുള്ള ചോദ്യാവലിയുടെ ഉത്തരമായിട്ടാണ് രണ്ടാമത്തേത് അയച്ചത്. ഇതിനിടെ ഇൻഡ്യയിലെ അപ്പസ്തോലിക് ഡലഗേറ്റിന് പല കത്തുകളും അയച്ചു. പ്രഥമ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ട ഡിമാന്റുകൾ 1888-ൽ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനി വരാപ്പുഴ വഴിയും അപ്പസ്തോലിക് ഡലഗേറ്റ് വഴിയും ആവശ്യപ്പെട്ടവ തന്നെയായിരുന്നു. അതിനർഥം: പുലിക്കോട്ടിൽ തിരുമേനിയുടെ രേഖാസമാഹാരം വട്ടശ്ശേരിൽ തിരുമേനിക്ക് ലഭിച്ചിരുന്നു. അത് അദ്ദേഹം മാർ ഈവാനിയോസ് തിരുമേനിക്ക് കൊടുത്തുകാണും. അതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം 1926-ലെ മെമ്മോറാണ്ടം തയാറാക്കിയത്. പ്രഥമ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നത് പൗരാണികമായ റീത്തും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ടും ഐക്യപ്പെടുന്ന മെത്രാന്മാർക്ക് സ്വജനങ്ങളുടെ മേലുള്ള അധികാരം അനുവദിച്ചുകൊണ്ടുമുള്ള ഐക്യം യാഥാർഥ്യമാക്കണം എന്നായിരുന്നു.

നിവേദനത്തിൽ ഇതും കാണുന്നു:

"1912-ൽ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസാണ് ഇൻഡ്യയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചത്. കാതോലിക്കാ സിംഹാസനത്തിന്റെ പരിധിയിൽ പാത്രിയർക്കീസിനടുത്ത അധികാരം നടത്തുന്നത് കാതോലിക്കോസും സഹമെത്രാന്മാരും കൂടിച്ചേർന്ന വിശുദ്ധ സൂനഹദോസാണ്. ഈ കാതോലിക്കാ സിംഹാസനത്തിൻ കീഴിലുള്ള മെത്രാന്മാരാണ് പരിശുദ്ധ സിംഹാസനവുമായുള്ള പുനരൈക്യത്തിന് ഇപ്പോൾ അഭിലഷിക്കുന്നത്. കാതോലിക്കാ സിംഹാസനത്തിന്റെ കീഴിലുള്ള വിശുദ്ധ സൂനഹദോസ് അതിന്റെ പരിധിക്കുള്ളിലുള്ള അതിരൂപതയിൽ മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കുകയും പാത്രിയർക്കീസിനടുത്ത ചുമതലകൾ നിർവഹിക്കുകയും അധികാരങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ വിശുദ്ധ സൂനഹദോസ് അതിരൂപതയ്ക്കുള്ളിൽ ആധ്യാത്മികവും സഭാപരവുമായ എല്ലാ സംഗതികളും നൈയാമികവും ഭരണപരവും ശിക്ഷണപരവുമായ എല്ലാ അധികാരങ്ങളും അവകാശപ്പെടുകയും ചെയ്യുന്നു.

ഈ കാതോലിക്കാ സിംഹാസനത്തിലുള്ള വിശുദ്ധ സൂനഹദോസ് അപേക്ഷിക്കുന്നതെന്തെന്നാൽ:

(1) പുരാതനമായ റീത്തും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടും

(2) പരിശുദ്ധ സൂനഹദോസിനും അതിലെ മെത്രാന്മാർ ഓരോരുത്തർക്കും ഐക്യപ്പെടുന്ന എല്ലാ യാക്കോബായാ സുറിയാനിക്കാരുടെയും മേലുള്ള അധികാരം നൽകിക്കൊണ്ടും

(3) നമ്മുടെ കർത്താവിന്റെ അപ്പസ്തോലന്മാരിൽ പ്രധാനിയായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി പരിശുദ്ധ സിംഹാസനത്തിൽ വാണരുളുന്ന മാർപാപ്പായുടെ പരമാധികാരത്തിനു കീഴ്വഴങ്ങിക്കൊണ്ടും ഞങ്ങളെ കത്തോലിക്കാസഭയുടെ ഐക്യത്തിലേക്ക് സ്വീകരിക്കണമെന്നുള്ളതത്രേ.

ബയ്റൂട്ടിലുള്ള സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിന്റെ അധികാരസീമയിൽ ഉൾപ്പെടുന്നതിന് ഈ വിശുദ്ധ സൂനഹദോസ് അഭിലഷിക്കുന്നില്ല. കാരണം, ഈ വിശുദ്ധ സൂനഹദോസ് തെക്കേ ഇൻഡ്യയിൽ കാതോലിക്കാ സിംഹാസനത്തിലുള്ള അതിരൂപതയിൽ പാത്രിയർക്കീസിനടുത്ത അധികാരം പ്രയോഗിക്കുന്നുണ്ടെന്നുള്ളതാണ്...

ഇപ്പോൾ അധികാരത്തിലിരിക്കുന്ന വിശുദ്ധ സൂനഹദോസിലെ അംഗങ്ങളായ മൂന്നു മെത്രാന്മാരുടെ ഭരണാധികാരത്തിൻ കീഴിലാണ് എട്ടു രൂപതകൾ സ്ഥിതിചെയ്യുന്നത്.

(1) മോറാൻ മോർ ബസേലിയോസ് കാതോലിക്കാ ബാവാ.

(2) മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ.

(3) ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

പുനരൈക്യകാംക്ഷികളായ യാക്കോബായക്കാരുടെ ഐക്യം സാധ്യമാക്കുന്നതിന് ഐക്യപ്പെടുന്ന മെത്രാന് എല്ലാ യാക്കോബായ സുറിയാനിക്കാരുടെ മേലും അധികാരം കൊടുക്കണമെന്ന് പരിശുദ്ധപിതാവിനോട് അപേക്ഷിക്കുന്നതുമാകുന്നു.''

ഈ ഒന്നാമത്തെ മെമ്മോറാണ്ടത്തിനുള്ള മറുപടിയിൽ ഇപ്രകാരം കാണുന്നു: ''കത്തോലിക്കാസഭയോട് ഐക്യപ്പെടുന്നതിനുള്ള അഭിവാഞ്ച കാതോലിക്കേറ്റ് സൂനഹദോസിന്റെ ഭാഗത്തുനിന്ന് പ്രകടിപ്പിച്ചത് പരിശുദ്ധ പിതാവിനെ അതീവസന്തുഷ്ടനാക്കിയിരിക്കുന്നു.'' - വളരെ അനുഭാവപൂർവമായ മറുപടിയാണ് റോമിൽനിന്നു വന്നത്. അതോടൊപ്പം ഇവിടുത്തെ സഭയെപ്പറ്റി കുറേ ചോദ്യങ്ങളും ചോദിച്ചിരുന്നു. അതിനെല്ലാം മറുപടിയായിട്ടാണ് രണ്ടാമത്തേത് 1927 ജനുവരിയിൽ അയച്ചത്. അതിന് 1929 ആഗസ്റ്റ് 5-ന് റോമിൽനിന്ന് മറുപടിവന്നു.





അതിന്റെ ചുരുക്കം:

(1) പുരാതന റീത്തുകളെ അതേപടി നിലനിർത്തുക എന്നതാണ് തിരുസിംഹാസനത്തിന്റെ തീരുമാനം. ഈ തത്വം യാക്കോബായക്കാരുടെ കാര്യത്തിലും പാലിക്കപ്പെടും.

(2) മെത്രാന്മാർക്ക് തങ്ങളുടെ അജഗണത്തിന്മേലുള്ള ഭരണാവകാശത്തിന് ഉറപ്പു നൽകുന്നതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇതു തന്നെയാണ് പരിശുദ്ധസിംഹാസനം തുടരുന്ന സാധാരണനിയമം.

(3) സഭാഘടനയെപ്പറ്റി: കത്തോലിക്കാസഭയിലേക്കു വരുന്ന യാക്കോബായക്കാർ ഒരിക്കലും അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലായിരിക്കുകയില്ല...സാഹചര്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ തീരുമാനം പരിശുദ്ധസിംഹാസനം കൈക്കൊള്ളുന്നതാണെന്ന് അറിയിക്കുകയും ചെയ്യുന്നു.

എന്നാൽ മെത്രാന്മാരുടെ സിനഡിന്റെ ഭരണമോ, കാതോലിക്കാ പോലുള്ള സ്ഥാനങ്ങളോ അനുവദിക്കുകയില്ല എന്ന് ഇപ്പോൾ തന്നെ അറിയിക്കുന്നു.

(4) മലങ്കരയിലെ വൈദികർ ബ്രഹ്മചര്യജീവിതക്രമം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ അത് ഐക്യപ്പെടുന്ന വിവാഹിതരായ വൈദികർക്ക് ബാധകമാകില്ല.''[1]

ഇതിന് മറുപടിയായി 1929 സെപ്റ്റംബർ 17-ാം തീയതി മാർ ഈവാനിയോസ് അന്ന് ബാംഗ്ലൂരിലായിരുന്ന അപ്പസ്തോലിക് ഡലഗേറ്റ് എഡ്വേർഡ് മൂണിക്കെഴുതി:

(1) റീത്ത് അഭംഗുരം പാലിക്കാൻ അനുവദിക്കുമെന്നും മെത്രാന്മാർക്ക് തങ്ങളുടെ ജനങ്ങളുടെ മേലുള്ള അധികാരം ലഭിക്കുമെന്നും അറിയിച്ചതിന് നന്ദിപറയുന്നു.

(2) *ഫീലിയോകേ* ചൊല്ലാൻ നിർബന്ധിക്കരുതെന്നും അത് തെറ്റിദ്ധാരണാജനകമാകുമെന്നും അറിയിക്കുന്നു.

(3) വൈദികബ്രഹ്മചര്യം സംബന്ധിച്ച് റോമിന്റെ നിർദേശം സ്വീകരിക്കാൻ തയാറാണ്.

(4) സഭാഘടന സംബന്ധിച്ച് മാർ ഈവാനിയോസ് വിശദമായി എഴുതി: ഏഴ് കാരണങ്ങളാൽ കാതോലിക്കാസ്ഥാനം അംഗീകരിക്കണം എന്ന് അപേക്ഷിച്ചു:

1. എസ്സ്.കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ*, 114-115.

''കാതോലിക്കോസ് എന്ന പദവിയോ, സ്ഥാനമോ തുടരുമെന്നുള്ള ഒരു പ്രതീക്ഷയും പ്രോത്സാഹിപ്പിക്കാൻ കഴിയുകയില്ല എന്ന വാചകം ഞങ്ങളെ വളരെ ദുഃഖിപ്പിക്കുന്നു. മലബാറിൽ കാതോലിക്കേറ്റുസ്ഥാപനം പുതുതാണെങ്കിലും സുറിയാനി സഭയിൽ ഇതിന് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. സുറിയാനിസഭയിലെ മറ്റൊരു ഉന്നതസ്ഥാനിയും ഈ സ്ഥാനമോ പദവിയോ ഉപയോഗിക്കുന്നില്ല. അന്ത്യോക്യാ സുറിയാനി പാത്രിയർക്കീസിന്റെ അധികാരപരിധിക്ക് പുറത്തുണ്ടായിരുന്ന സുറിയാനിക്കാരുടെ മേൽ പണ്ടുകാലം മുതൽ തന്നെ കാതോലിക്കോസ് അധികാരം പ്രയോഗിച്ചിരുന്നു. ഞങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തെ സംബന്ധിച്ച് അന്ത്യോക്യയിലെ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തിയിരുന്നു. മാർപാപ്പായുടെ പരമാധികാരത്തിനു വിധേയമായി ഓർത്തഡോക്സ് സുറിയാനി (യാക്കോബായാ) സഭ ഇപ്പോൾ മലബാറിൽ തുടരുന്നതായ സഭാഘടന മുഴുവൻ അംഗീകരിക്കുന്നതാണെന്നും കാലഹരണപ്പെടാതെ സംരക്ഷിക്കപ്പെടുന്നതാണെന്നും അദ്ദേഹം ഉറപ്പു നൽകിയിരുന്നു. സൂനഹദോസുരീതിയിലുള്ള ഭരണരീതി വേണ്ട എന്നു വയ്ക്കാൻ ഞങ്ങൾ തയാറാകുന്നതാണ്. സുറിയാനിക്കാർ യാഥാസ്ഥിതികരും ഒരു സമൂഹമായി മാത്രം നീങ്ങുന്നവരുമാണ്. സുറിയാനിക്കാരുടെ ദേശീയതലവൻ എന്ന രീതിയിലാണ് കാതോലിക്കോസിനെ അവർ കാണുന്നത്. അങ്ങനെയുള്ള ആളെ ലഭിക്കുക എന്നത് പുനരൈക്യത്തിനു വേണ്ടിയുള്ള ഏറ്റവും വലിയ പ്രവൃത്തി ആയിരിക്കും.

ഇപ്പോഴത്തെ കാതോലിക്കോസ്, സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിന്റെ എല്ലാ എഴുത്തുകളും കണ്ടിട്ടുള്ളയാളും പാത്രിയർക്കീസ് നൽകിയിട്ടുള്ള ഉറപ്പുകൾ നിയമപരമായി അനുവദിച്ചിട്ടുള്ളതാണെന്ന് വിശ്വസിക്കുന്നയാളുമാണ്. കാതോലിക്കോസിന്റെ നേതൃത്വത്തിൽ ഞങ്ങളെ സഭയുടെ ഐക്യത്തിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങളിൽ നിന്ന് ഞങ്ങൾ പിൻവാങ്ങുന്നില്ല. ഇത് വിശ്വാസികളുടെയും വൈദികരുടെയും ഒരു വലിയ സമൂഹത്തിന്റെ പുനരൈക്യത്തിന് സഹായിക്കുകയും അങ്ങനെ എന്റെയും തെയോഫിലസ് തിരുമേനിയുടെയും ബുദ്ധിമുട്ട് ലഘൂകരിക്കുകയും ചെയ്യും. പരിശുദ്ധ സിംഹാസനത്തിന്റെ അനുഭാവപൂർവമായ പരിഗണനയ്ക്ക് ഒരു എളിയ നിർദേശം വച്ചുകൊള്ളട്ടെ. മെത്രാന്മാരുടെ ദേശീയ തലവന്മാർക്കുള്ളതുപോലെ അധികാരമുള്ള കാതോലിക്കാസ്ഥാനം നിലനിർത്തേണ്ടതാണ്. അദ്ദേഹത്തിന് തന്റെ റീത്തിൽപെട്ട മെത്രാന്മാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്നതിനും ആ സമ്മേളനങ്ങളിൽ ആധ്യക്ഷ്യം വഹിക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരുന്നാൽ മതി. ഈ സംവിധാനം തികച്ചും സാധുവാണ്.''[2]

അപ്പസ്തോലിക് ഡലഗേറ്റ് 1929 ഒക്ടോബർ 17-ന് അതിന് മറുപടി അയച്ചു (123-124). അതിന് നവംബർ 2-ന് മാർ ഈവാനിയോസ് മറുപടി അയച്ചു:

2. എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ,* 116-122.





''പരിശുദ്ധ കാതോലിക്കോസിന്റെ പദവിയോ സ്ഥാനമോ പരിശുദ്ധ സിംഹാസനം അംഗീകരിക്കുകയില്ലെന്ന് കാതോലിക്കോസ് അറിഞ്ഞാൽ പുനരൈക്യത്തിന് അദ്ദേഹം താൽപര്യപ്പെടുകയില്ല എന്നാണ് എന്റെ ഭയം. 1929 ആഗസ്റ്റ് 5-ാം തീയതിയിലെ പരിശുദ്ധ സിംഹാസനത്തിന്റെ കത്തിലെ ഉള്ളടക്കം പരിശുദ്ധ കാതോലിക്കാ ഗ്രിഗോറിയോസിനെ ഞാൻ രഹസ്യമായി അറിയിച്ചിട്ടുണ്ട്''[3]. - 1926-ൽ മെമ്മോറാണ്ടം അയച്ചതിൽ അന്നത്തെ കാതോലിക്കോസ് കാലം ചെയ്തെന്നും മാർ ഗ്രിഗോറിയോസ് കാതോലിക്കാ ആയിത്തീർന്നെന്നും കൂടി പ്രസ്തുത കത്തിൽ അദ്ദേഹം അറിയിച്ചു.

മാർ ഈവാനിയോസ് 1930 മെയ് 14-ന് മറ്റൊരു കത്തും ഡലഗേറ്റിന് അയച്ചു: ''കാതോലിക്കോസിന്റെ അംഗീകാരത്തെ സംബന്ധിച്ച പ്രശ്നത്തിന് 1929 സെപ്തംബർ 17-ന് ഞാൻ അയച്ച എഴുത്തിൽ നിർദേശിച്ചിരുന്ന കാര്യങ്ങൾക്ക് ഏറെക്കുറേ അനുയോജ്യമായ ഒരു മറുപടി എനിക്ക് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് ലഭിക്കുന്നപക്ഷം പരിശുദ്ധ കാതോലിക്കായോട് ധൈര്യപൂർവം പുറത്തുവന്ന് നേതൃത്വം ഏറ്റെടുത്ത് പുനരൈക്യപ്രസ്ഥാനത്തെ നയിക്കുന്നതിന് അപേക്ഷിക്കാൻ ഒരിക്കൽകൂടി എനിക്ക് അവസരം സംലബ്ധമാകും... കാലതാമസം കൂടാതെ ഉടൻതന്നെ പരിശുദ്ധ സിംഹാസനവുമായുള്ള ബന്ധത്തെ പരസ്യമായി പ്രഖ്യാപിക്കുകയാണ് എനിക്കും മാർ തെയോഫിലസ് തിരുമേനിക്കും ഏറ്റവും അനുഗ്രഹപ്രദമെന്ന് എനിക്ക് ബോധ്യമായിരിക്കുന്നു.''[4]

റോമിൽ നിന്നുള്ള അന്തിമതീരുമാനം വന്നത് 1930 ആഗസ്റ്റ് 20-ാം തീയതിയാണ്. ''മാർ ഈവാനിയോസും അദ്ദേഹത്തിന്റെ സഹായി മാർ തെയോഫിലസും ആത്മാർഥതയുള്ളവരും സ്വഭാവശുദ്ധിയുള്ളവരും ആദരണീയരുമാണെന്ന് മനസ്സിലാക്കുന്നു.'' തുടർന്ന്, കാതോലിക്കാസ്ഥാനം ഒഴികെ മാർ ഈവാനിയോസ് അപേക്ഷിച്ചതെല്ലാം അംഗീകരിച്ചതായി അറിയിച്ചു: ''ഇപ്പോഴത്തെ കാതോലിക്കാ പുനരൈക്യപ്പെടാൻ സന്നദ്ധനല്ലാത്തതിനാൽ കാതോലിക്കാ സിംഹാസനത്തെയോ കാതോലിക്കാ സ്ഥാനത്തെയോ പറ്റി തൽക്കാലം പരിഗണിക്കാതിരിക്കുന്നതാണ് നല്ലതെന്നു കരുതുന്നു.''[5]

അതിന്റെ തുടർച്ചയായിട്ടാണ് 1930 സെപ്തംബർ 20-ലെ സഭൈക്യം നടന്നത്. 1653-ൽ കൂനൻകുരിശുസത്യം നടന്നതു മുതൽ നിരന്തരമായി പുത്തൻകൂർ സഭാധ്യക്ഷന്മാർ ദൃശ്യമായ രീതിയിലുള്ള ഐക്യത്തിന് പരിശ്രമിച്ചുകൊണ്ടിരുന്നു. തങ്ങളുടെ പരിധിയിൽ വരുന്ന രീതിയിൽ അവർ പരിശ്രമം നടത്തി. ആദ്യം പട്ടം ക്രമപ്പെടുത്താനായിരുന്നു പരിശ്രമം. 1772-ൽ പട്ടം ക്രമപ്പെടുത്തിക്കഴിഞ്ഞപ്പോൾ, അതിന് അംഗീകാരവും, അനുഷ്ഠാനങ്ങളും റീത്തും പുലർത്താനുള്ള അവകാശവും നിലനിർത്തി ഐക്യം യാഥാർഥ്യ

3. എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ,* 125-126.

4. എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ,* 127-130.

5. എസ്സ്. കാഞ്ഞിരമുകളിൽ, *പുനരൈക്യരേഖകൾ,*140-145.

മാക്കാനുള്ള പരിശ്രമമായി. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് സമർപ്പിച്ച അതേ അപേക്ഷയാണ് 1926-ൽ മാർ ഈവാനിയോസ് തിരുമേനി വഴി ഓർത്തഡോക്സ് സിനഡ് റോമിനു കൊടുത്തത്. കാതോലിക്കാസ്ഥാനവും സിനഡും അംഗീകരിക്കുന്ന കാര്യവും പിന്നാലെ അറിയിച്ചു.

ഇവിടെയുണ്ടായിരുന്ന പാശ്ചാത്യമിഷനറിമാർ റോമിനെ നിരന്തരം തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരുന്നു. ഇവിടെ എങ്ങനെയെങ്കിലും പിടിച്ചുനിൽക്കണം എന്ന ഒറ്റ ചിന്തയേ അവർക്കുണ്ടായിരുന്നുള്ളു. എന്നാൽ അവരുടെ സ്വാധീനം കുറഞ്ഞ സാഹചര്യത്തിലാണ് റോം വ്യക്തമായി ഐക്യത്തിന് പച്ചക്കൊടി കാട്ടിയത്. അപ്പോഴേക്കും സിറോ-മലബാർ ഹയരാർക്കി പുനഃസ്ഥാപിതമായി. നാട്ടുമെത്രാന്മാർ പഴയകൂറ്റുകാരെ ഭരിക്കാൻ തുടങ്ങി. അതുപോലെ, അന്നത്തെ കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനി വളരെ വിശാലഹൃദയൻ ആയിരുന്നു. അദ്ദേഹം സഭൈക്യത്തിന് സർവാത്മനാ സമർപ്പിതനായിരുന്നു. മേൽപറഞ്ഞ സഭാധ്യക്ഷന്മാരുടെ ഒത്താശകൾ സഭൈക്യത്തിനാക്കം കൂട്ടി. 277 കൊല്ലത്തെ ഐക്യസംരംഭങ്ങൾ (1653-1930) പൂവണിഞ്ഞത് 1930-ലാണ്. 1930 ആയപ്പോഴേക്കും റോമിന്റെ മനോഭാവത്തിലും മാറ്റം ദർശിക്കാൻ കഴിയും. വിശാലഹൃദയനായ പതിനൊന്നാം പീയുസ് മാർപാപ്പായുടെ നേതൃത്വമാണ് യഥാർഥത്തിൽ ഐക്യം ഫലമണിയിച്ചത്. ആദ്യം മെത്രാൻസ്ഥാനം പോലും അംഗീകരിക്കാൻ കൂട്ടാക്കാതിരുന്നവർ 1930 ആയപ്പോഴേക്കും കാതോലിക്കോസും സിനഡും ഒഴികെ സർവ ഡിമാന്റുകളും അംഗീകരിച്ചു. അങ്ങനെ പുത്തൻകൂറ്റുകാരുടെ പുനരൈക്യം യാഥാർഥ്യമായി. റോമൻ കത്തോലിക്കാ സഭയോടും ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് ശ്ലീഹായുടെ റോമിലെ പിൻഗാമിയായ മാർപാപ്പായോടുമുള്ള സമ്പൂർണ കൂട്ടായ്മ സഭാത്മകതയ്ക്ക് അനിവാര്യമാണെന്ന ബോധ്യമുള്ളവരാണ് പുത്തൻകൂറ്റിൽ നിന്ന് പുനരൈക്യപ്രസ്ഥാനത്തിലൂടെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്നത്.

## രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള സഭാശാസ്ത്രം

രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുമ്പുള്ള കത്തോലിക്കാ സഭാശാസ്ത്രവും മറ്റു സഭകളോടുള്ള മനോഭാവവും അനുസരിച്ചാണ് 1930-ലെ സഭൈക്യം നടന്നത്. കാതോലിക്കേറ്റിന് അംഗീകാരം കൊടുക്കാതിരുന്നത് അന്നത്തെ സഭാശാസ്ത്രമനുസരിച്ചാണ്. രണ്ടാംവത്തിക്കാൻ സൂനഹദോസിനുമുമ്പ് ക്രിസ്തുവിന്റെ സഭയും റോമൻ കത്തോലിക്കാ സഭയും താദാത്മ്യപ്പെടുത്തി മനസ്സിലാക്കിയിരുന്നു. കത്തോലിക്കാ സഭയെന്നാൽ ലത്തീൻ സഭയെന്നു പലരും കരുതി. മറ്റുള്ള സഭകളൊക്കെ അകത്തോലിക്കാ സഭകളായിരുന്നു. അവരെ ശീശ്മക്കാരെന്നും പാഷണ്ഡികളെന്നും വിളിച്ചിരുന്നു. പിളർപ്പിനുശേഷം സഭകളിലെല്ലാം ഏകപക്ഷീയമായ വളർച്ച ഉണ്ടായി; റോമാസഭയിലും അതു സംഭവിച്ചു. വളരെ കേന്ദ്രീകൃതമായ ഭരണസംവിധാനം





രൂപപ്പെട്ടു. പേപ്പൽ സംസ്ഥാനങ്ങളുടെ രൂപീകരണത്തോടെ അവിടെ പാപ്പായ്ക്ക് ഏകാധിപത്യവും രാഷ്ട്രീയമായി പരമാധിപത്യവും നിലവിൽ വന്നു. യൂറോപ്പിലാകമാനം അദ്ദേഹത്തിന് അതുല്യമായ സ്ഥാനം ലഭിച്ചു. 16-ാം നൂറ്റാണ്ടിലെ കൊളോണിയലിസത്തോടുകൂടി പാശ്ചാത്യമിഷണറിമാർ ഏഷ്യൻ, ആഫ്രിക്കൻ, അമേരിക്കൻ നാടുകളിൽ പോയി ലത്തീൻ രൂപതകൾ ആരംഭിച്ചു. അങ്ങനെ ലത്തീൻസഭ ഭൂമിശാസ്ത്രപരമായി ലോകം മുഴുവൻ വ്യാപിച്ചു. എന്നാൽ അപ്പോഴും അതിന് ലത്തീൻ എന്ന ഒരു സഭാപാരമ്പര്യം മാത്രമേ ഉണ്ടായിരുന്നുള്ളു. മറ്റ് അപ്പസ്തോലികസഭകളുമായി ദൃശ്യവും സമ്പൂർണവുമായ കൂട്ടായ്മ ഇല്ലായിരുന്നു.

ലത്തീൻ മിഷനറിമാർ പൗരസ്ത്യ അപ്പസ്തോലികസഭകളുടെ ഇടയിൽ പ്രവർത്തിച്ച് അവരിൽനിന്ന് പൗരസ്ത്യ കത്തോലിക്കാസഭകൾ രൂപീകരിക്കാൻ തുടങ്ങി. അങ്ങനെയാണ് ബിസന്റയിൻ സഭയിൽപെട്ട പൗരസ്ത്യ കത്തോലിക്കാസഭകളും മറ്റു ചില സഭകളും ഉടലെടുത്തത്. ഈ ലത്തീൻ മിഷനറിമാർക്ക് ലത്തീൻ അല്ലാത്തതെല്ലാം പാഷണ്ഡതയും ശീശ്മയുമായിരുന്നു. അവർ ഐകരൂപ്യവാദികളായിരുന്നു. ഐക്യം എന്നാൽ ഐകരൂപ്യമെന്നും വൈവിധ്യം എന്നാൽ വിഭജനം എന്നുമൊക്കെ അവർ ധരിച്ചിരുന്നു. ബാഹ്യമായി അവശ്യാവശ്യമായ ചില ആരാധനാനുഷ്ഠാന വൈവിധ്യം മാത്രം നിലനിർത്തിക്കൊണ്ട് ലത്തീൻസഭയിൽ ലയിപ്പിക്കുക എന്നതായിരുന്നു അവരെ സംബന്ധിച്ച് സഭൈക്യം. ഇത്തരം പൗരസ്ത്യ കത്തോലിക്കർ പൗരസ്ത്യരായി കാണപ്പെട്ടെങ്കിലും, ദൈവശാസ്ത്രത്തിലും ആധ്യാത്മികതയിലും ഭക്താഭ്യാസങ്ങളിലുമെല്ലാം ലത്തീൻ സഭാപാരമ്പര്യങ്ങൾ അനുവർത്തിച്ചിരുന്നു. അവരുടെ സെമിനരിപരിശീലനം ലത്തീൻ മിഷനറിമാർ ഏറ്റെടുക്കുകയും പാശ്ചാത്യ രീതിയിലുള്ള ആധ്യാത്മികതയിൽ അവരെ പരിശീലിപ്പിക്കുകയും ചെയ്തു. തദ്ഫലമായി പാശ്ചാത്യമായവയെ ശ്രേഷ്ഠമെന്നു കരുതുകയും പൗരസ്ത്യമായവയെ താഴ്ത്തിക്കെട്ടുകയും ചെയ്യുന്ന ഒരു മനോഭാവം പൗരസ്ത്യരുടെ ഇടയിൽ ഉടലെടുത്തു. അവരുടെ തത്വശാസ്ത്രവും ദൈവശാസ്ത്രവും പാശ്ചാത്യമായിരുന്നു. ചുരുക്കത്തിൽ, ലത്തീനീകരണം അന്നത്തെ പൊതുവായ പരിപാടിയിൽ പെട്ടതായിരുന്നു. പൗരസ്ത്യ ചിന്താരീതി അൽപംപോലും മാനിച്ചിരുന്നില്ല. അതിന് അർഹമായ ബഹുമാനവും പരിഗണനയും നൽകിയിരുന്നുമില്ല. എന്നു മാത്രമല്ല, ചിലർ അതിനെ അവജ്ഞാപൂർവം പരിഗണിച്ചിരുന്നു. *പൗരസ്ത്യ അപ്പസ്തോലിക സഭകളെ റീത്തുകളായി കാണുന്ന പ്രവണത ശക്തിപ്പെട്ടു.* ആരാധനക്രമത്തിൽ അൽപസ്വൽപം വ്യത്യാസം, ബാക്കിക്കാര്യങ്ങളിലെല്ലാം ഏക ലത്തീൻസഭയുടെ ഭാഗമായിരിക്കുക. സഭകളെ സഭകളായി കണ്ടിരുന്നില്ല. അവരുടെ *ഓട്ടോണമി* അംഗീകരിച്ചിരുന്നില്ല. വിവിധ അപ്പസ്തോലിക പൗരസ്ത്യ കത്തോലിക്കാ സഭകളെ ലത്തീൻസഭയുടെ പ്രോവിൻസുകളെപ്പോലെ

പരിഗണിച്ചിരുന്നു. 1274-ലെ ലയൺസ് കൗൺസിലിനുശേഷം മിക്ക ദൈവ ശാസ്ത്രജ്ഞന്മാരും ഐകരൂപ്യവാദികളായി മാറി.

ഈ റോമൻ കത്തോലിക്കാ സഭാപശ്ചാത്തലത്തിൽ വേണം 1930-ലെ സഭൈക്യം പരിഗണിക്കേണ്ടത്. അന്നത്തെ പശ്ചാത്തലത്തിൽ കാതോലി ക്കോസിനും സിനഡിനും അംഗീകാരം നിഷേധിച്ചതിൽ അത്ഭുതത്തിന് അവ കാശമില്ല. *ഉചിതമായ സമയത്ത് വേണ്ടത് ചെയ്യും* എന്ന് മാത്രം റോം ഉറപ്പുനൽകി. മാർ ഈവാനിയോസ് തിരുമേനി ആ ഉറപ്പിൽ വിശ്വസിച്ചു. ആ ഉറപ്പ് യാഥാർഥ്യമായത് 2005 ഫെബ്രുവരി 10-നാണ്. അന്ന് മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി മാർപാപ്പാ ഉയർത്തുകയും അതിന്റെ തലവനും പിതാവുമായ മോറാൻ മോർ സിറിൽ ബസേലിയോസ് ബാവായെ മേജർ ആർച്ചുബിഷപ്പായി ഉയർത്തുകയും കാനൻനിയമം അനുസരിച്ച് പാത്രിയർക്കീസിനു തുല്യമായ അധികാരാവ കാശങ്ങൾ അദ്ദേഹത്തിനു നൽകുകയും ചെയ്തു. ഉചിതമായ സമയത്ത് തിരുസിംഹാസനം തീരുമാനമെടുത്തു. മേജർ ആർച്ചുബിഷപ്പ് കാതോലി ക്കോസിനു തുല്യനാണെന്ന് മാർപാപ്പായുടെ ഇൻഡ്യയിലെ പ്രതിനിധി പെദ്രോ ലോപ്പസ് കിന്റാനാ തിരുമേനി വിളംബരം ചെയ്യുകയും ചെയ്തു.

റോമൻ സാമ്രാജ്യത്തിനു പുറത്തുള്ള പൗരസ്ത്യസഭകളുടെ അധ്യക്ഷ ന്മാരെയാണ് കാതോലിക്കോസ് എന്ന് വിളിച്ചിരുന്നത്. അവർ അവരുടെ സഭ കളുടെ തലവന്മാരും പിതാക്കന്മാരുമാണ്. അതായത്, പാത്രിയർക്കീസിനു തുല്യനായ വ്യക്തി ഇൻഡ്യൻ പശ്ചാത്തലത്തിൽ കാതോലിക്കോസ് എന്നു വിളിക്കപ്പെടുമെന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്. കാതോലിക്കോസും സിന ഡുമുള്ള പൂർണവളർച്ച പ്രാപിച്ച സഭയായി പരിശുദ്ധ മാർപാപ്പാ മലങ്കര സഭയെ അംഗീകരിച്ചു. ഇനി പാത്രിയർക്കീസ് എന്ന സ്ഥാനം തന്നാലും ഇപ്പോഴുള്ളതിൽ കൂടുതലായിട്ടൊന്നും കാനോനികമായി മലങ്കരസഭയ്ക്കു ലഭിക്കാനില്ല. മാർ ഈവാനിയോസ് പിതാവ് ചോദിച്ചിരുന്ന പുരാതന സഭ കളിലെ പാത്രിയർക്കീസിനു തുല്യമായ കാതോലിക്കാസ്ഥാനവും സിനഡൽ സിസ്റ്റവും മലങ്കരസഭയ്ക്ക് നൽകിക്കഴിഞ്ഞു. കാതോലിക്കോസ് എന്ന സ്ഥാനസംജ്ഞ മലങ്കരസഭയുടെ പ്രത്യേക കാനോനകളിൽ റോം അംഗീ കരിച്ചിട്ടുമുണ്ട്. അതിനും പുറമെ 2012 ഒക്ടോബർ 24-ന് പരിശുദ്ധപിതാവ് ബനഡിക്ട് മാർപാപ്പാ റോമിൽവച്ചു നടന്ന സിനഡിനിടയ്ക്ക് മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസിനെ കർദി നാൾ സ്ഥാനത്തേക്ക് ഉയർത്തുന്നതായി പ്രഖ്യാപിക്കുകയും നവംബർ 24-ന് ഉയർത്തി സ്ഥാനചിഹ്നങ്ങൾ നൽകുകയും ചെയ്തു. ഇതോടുകൂടി സാർവ ത്രിക സഭാഭരണത്തിലും മാർപാപ്പായെ തെരഞ്ഞെടുക്കുന്നതിലും മലങ്കര സഭയ്ക്ക് പങ്കാളിത്തമുണ്ടായി. മലങ്കരസഭയുടെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട സംഗതിയാണിത്. മലങ്കരസഭയുടെ ചരിത്രത്തിൽ ആദ്യമായി





2013 മാർച്ചു മാസത്തിൽ റോമിൽ നടന്ന മാർപാപ്പായുടെ തെരഞ്ഞെടുപ്പിൽ മലങ്കര കത്തോലിക്കാ സഭയുടെ അധ്യക്ഷനായ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായ്ക്ക് പങ്കെടുക്കാനും കഴിഞ്ഞു.

## രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള സഭാശാസ്ത്രം

രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷമുള്ള സഭാശാസ്ത്രം അനുസരിച്ചാണ് റോം മലങ്കരസഭയെ ഇപ്രകാരം ഉയർത്തിയത്. കൗൺസി ലിനു മുമ്പുണ്ടായിരുന്ന മനോഭാവത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണിത്. ഇപ്പോൾ ഒരു കാര്യത്തിലും ഐകരൂപ്യം ആവശ്യപ്പെടുന്നില്ല.

അകത്തോലിക്കാസഭകളെ പാഷണ്ഡികൾ എന്നും ശീശ്മക്കാർ എന്നും വിളിക്കുന്നില്ല. പിന്നെയോ, പൗരസ്ത്യ അപ്പസ്തോലികസഭകളെ സഹോദരീസഭകളായാണ് പരിഗണിക്കുന്നത്. മറ്റ് ദൈവശാസ്ത്രചിന്തകളെ അളക്കാനുള്ള അളവുകോലായി ലത്തീൻ ദൈവശാസ്ത്രത്തെ കരുതുന്നില്ല. ഒരു കാര്യത്തിലും ഐകരൂപ്യം ആവശ്യപ്പെടുന്നില്ല. ആരാധനക്രമം, മത പഠനം, സഭാജീവിതം, സഭാഭരണം, ആധ്യാത്മികത, സഭയിലെ കാനോനിക ശിക്ഷണക്രമം എന്നിവയിലെല്ലാം ന്യായമായ വൈവിധ്യമാകാമെന്നും അത് ഐക്യത്തിന് തടസ്സമാകില്ലെന്നും കരുതുന്നു. വിശ്വാസത്തിന്റെ സാരസ ത്തയും അവതരണരീതിയും തമ്മിൽ അന്തരമുണ്ടെന്നും വിശ്വാസസത്യ ങ്ങളിൽ ഗ്രേഡുകൾ *(ഹയരാർക്കി ഓഫ് ട്രൂത്സ്)* ഉണ്ടെന്നും കത്തോലി ക്കാസഭ കരുതുന്നു. മറ്റ് സഭകളോടുള്ള സമീപനത്തിൽ പല വീഴ്ചകളും മുൻകാലങ്ങളിൽ വന്നുപോയിട്ടുണ്ടെന്ന് പരസ്യമായി സമ്മതിക്കുകയും മാപ്പു ചോദിക്കുകയും ചെയ്യുന്നു. കഴിഞ്ഞകാലത്ത് ഏതെങ്കിലും തരത്തിൽ കത്തോലിക്കാസഭയെ മുറിപ്പെടുത്തിയവരോട് ഹൃദയപൂർവം ക്ഷമിക്കുന്നു എന്നും അറിയിച്ചു. കഴിഞ്ഞ കാലത്തെ തെറ്റുകൾ ആവർത്തിക്കയില്ലെന്ന് ഉറപ്പു നൽകി. ഏതെങ്കിലും സഭയെ ലത്തീൻസഭയിൽ ലയിപ്പിക്കുന്നതല്ല സഭൈക്യം എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ക്രിസ്തുവിന്റെ സഭ കത്തോലിക്കാസഭയിൽ സ്ഥിതിചെയ്യുന്നു എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി കത്തോലിക്കാസഭയുടെ സ്വയം മനസ്സിലാക്കൽ. അടിസ്ഥാനവിശ്വാസം സംബന്ധിച്ച് പൗരസ്ത്യ അപ്പസ്തോ ലിക ഓർത്തഡോക്സു സഭകൾ സത്യവിശ്വാസം പുലർത്തുന്നു എന്ന് കത്തോലിക്കാസഭ കരുതുന്നു. വ്യത്യാസങ്ങളെന്നു കരുതപ്പെടുന്നവ തന്നെയും ഈ ഏകവിശ്വാസത്തിന്റെ വിവിധ ഫോർമുലകളായി കരുതാവുന്നവയാണ്. വേർപെട്ടും ഒറ്റപ്പെട്ടും കഴിയാൻ അവയൊന്നും ഇപ്പോൾ മതിയായ കാരണ ങ്ങളല്ല. പൗരസ്ത്യ അകത്തോലിക്കാ സഭകളുമായി കത്തോലിക്കാസഭ ഏതാണ്ട് സമ്പൂർണ കൂട്ടായ്മയിലാണ്. ''നാം ഏതാണ്ട് ഒരു സഭയായി തീർന്നിരിക്കുന്നു'' എന്ന് ഒരിക്കൽ മാർപാപ്പാ അന്ത്യോക്യാ യാക്കോബായാ

പാത്രിയർക്കീസിനോട് പ്രസ്താവിക്കുകയുണ്ടായി. സമ്പൂർണമായ ഐക്യമെന്നും ഭാഗികമായ ഐക്യമെന്നും സഭകളുമായുള്ള ബന്ധത്തിൽ കത്തോലിക്കാസഭ ഒരു വ്യത്യാസം വരുത്തുന്നു. പൗരസ്ത്യ അകത്തോലിക്കാസഭകളുമായി ഇപ്പോൾതന്നെ ഭാഗികമായ ഐക്യം നിലനിൽക്കുന്നു. എന്നാൽ കത്തോലിക്കാ കൂട്ടായ്മയിലുള്ള സഭകളുമായി സമ്പൂർണ കൂട്ടായ്മയാണ്. പൗരസ്ത്യ അകത്തോലിക്കാ സഭകളുടെ അപ്പസ്തോലികവിശ്വാസം, തിരുപ്പട്ടം, മറ്റ് കൂദാശകൾ ശ്ലൈഹിക പിൻതുടർച്ച എന്നിവ കത്തോലിക്കാസഭ അംഗീകരിക്കുന്നു. ചുരുക്കത്തിൽ സഭകൾക്കിടയിൽ വേർപെടുത്തുന്ന ഘടകങ്ങളേക്കാൾ കൂടുതൽ, ഐക്യപ്പെടുത്തുന്ന ഘടകങ്ങളാണെന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു. റോമിലെ മെത്രാന്റെ ഐക്യശുശ്രൂഷാദൗത്യം പോലും ചർച്ചാവിഷയമാക്കാൻ കത്തോലിക്കാസഭ ഇന്ന് തയാറാണ്. അവശേഷിക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കാമെന്ന് കത്തോലിക്കാസഭ കരുതുന്നു. കാരണം അവ സാരസത്തയെ ബാധിക്കുന്നവയല്ല. അവശ്യ സംഗതികളിൽ മാത്രം ഐക്യം മതി എന്നാണ് ഇന്നത്തെ കത്തോലിക്കാചിന്ത. മറ്റു സഭകളുടെ ചിന്താരീതികളും ഫോർമുലകളും അവയുടെ പശ്ചാത്തലങ്ങളിൽ മനസ്സിലാക്കാൻ കത്തോലിക്കാസഭ പരിശ്രമിക്കുന്നു. അവയും കത്തോലിക്കാ പ്രബോധനരീതികളും പരസ്പര പൂരകങ്ങളാണോ എന്ന് പരിശോധിക്കുന്നു.

വിഭജനം പാപമാണ്, ഐക്യം കർതൃഹിതമാണ്. അതുകൊണ്ട് ഐക്യത്തിനു നാം ആത്മാർപ്പണം ചെയ്യുന്നു. എന്നാൽ വേർപെട്ടു നിൽക്കുന്ന വിവിധ സഭകൾ എപ്പോൾ ഐക്യത്തിലേക്കു പ്രവേശിക്കുമെന്നുള്ളത് ദൈവഹിതമാണ്. നാം ഐക്യത്തിന്റെ ശുശ്രൂഷ നിർവഹിക്കുന്നു എന്നുമാത്രം. ഐക്യം മനുഷ്യർ ഉണ്ടാക്കുന്നതല്ല. അത് ദൈവത്തിൽ നിന്ന് ദാനമായി നാം സ്വീകരിക്കുന്നതാണ്. സ്നേഹസംഭാഷണത്തിലൂടെയും ദൈവശാസ്ത്ര സംവാദത്തിലൂടെയും നാം നമ്മെത്തന്നെ ഒരുക്കുന്നു. ഐക്യത്തിന് സർവപ്രധാനമായി വേണ്ടത് മനോഭാവത്തിലുള്ള വ്യത്യാസവും ഹൃദയപരിവർത്തനവും തനിച്ചും കൂട്ടായുമുള്ള പ്രാർഥനയുമാണ്. ഇങ്ങനെയുള്ള ആത്മീയ എക്യുമേനിസമാണ് സഭൈക്യപ്രവർത്തനങ്ങളുടെ കാതൽ. പരസ്പരം ക്ഷമിക്കാനും മറക്കാനും പൊറുക്കാനുമുള്ള ഒരു വിശാലമനോഭാവം എല്ലാ സഭകൾക്കും ഉണ്ടാകണം. ഓർമകളെ സംശുദ്ധമാക്കേണ്ടതുണ്ട്. ഓരോ സഭയും ഏകപക്ഷീയമായി വളർത്തിയെടുത്ത സഭാശാസ്ത്രം പുനഃപരിശോധിക്കാനുള്ള സന്മനസ്സുണ്ടാകണം. തിരുത്തേണ്ടവ തിരുത്താനും മാറ്റേണ്ടവ മാറ്റാനും കഴിയണം. ദൃശ്യമായ രീതിയിൽ ഐക്യം പ്രകടിപ്പിക്കാൻ ഉതകുന്ന നടപടികൾ സഭകളുടെ ഭാഗത്തു നിന്ന് ഉണ്ടാകണം.

ഈ പുത്തൻ ചിന്തകളുടെ വെളിച്ചത്തിൽ കത്തോലിക്കാ കൂട്ടായ്മയിലുള്ള സഭകളെ സഭകളായി വളർത്താനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ്





മലബാർ, മലങ്കര സഭകളെ മാർപാപ്പാ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളായി ഉയർത്തിയതും ഈ സഭകളുടെ അധ്യക്ഷന്മാരെ പാത്രിയർക്കീസിന്റെ അധികാരമുള്ള മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാനത്തേക്ക് അവരോധിച്ചതും കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തിയതും. ഇവിടെ റോം ഒരു തെറ്റുതിരുത്തൽ നടത്തുകയായിരുന്നു. 1926-1930 കാലയളവിൽ നിരന്തരമായി ചോദിച്ച കാര്യങ്ങൾ 2005-ലാണ് യാഥാർഥ്യമായത്. കത്തോലിക്കാസഭയിൽ സ്വയംനിർണയാവകാശമുള്ള സഭകൾക്ക് സ്ഥാനമുണ്ടെന്ന് കാണിക്കയാണ് റോം ചെയ്തത്.

## 1930-ലെ സഭൈക്യത്തിന്റെ സവിശേഷതകൾ

നിരവധി സവിശേഷതകൾ നിറഞ്ഞതാണ് 1930-ലെ സഭൈക്യം.

(1) ഇരുപതാം നൂറ്റാണ്ടിലെ നിരവധി സഭൈക്യസംരംഭങ്ങളിൽ ഇതു മാത്രമേ മകുടമണിഞ്ഞുള്ളു. ലത്തീൻ സഭയിൽ ലയിക്കാതെ, കാനോനിക കൂട്ടായ്മയിലേക്കു പ്രവേശിച്ച ഏക ഐക്യസംരംഭമാണിത്. 1920-കളിൽ കത്തോലിക്കാസഭയും ആംഗ്ലിക്കൻസഭയും തമ്മിൽ സഭൈക്യചർച്ച നടന്നു. *മലൈൻചർച്ചകൾ* എന്നാണ് ഇത് അറിയപ്പെടുന്നത്. കർദിനാൾ മേഴ്സിയർ, ആബേ ഫെർനാൻഡ് പോർട്ടൽ എന്നിവരുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. എന്നാൽ അത് ഫലമണിയാതെ പോയി. അതുപോലെ, രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം നിരവധി ചർച്ചകൾ നടന്നു. സഭാശാസ്ത്രത്തിലും വീക്ഷണങ്ങളിലും മാറ്റമുണ്ടായെങ്കിലും, അതിന്റെ വെളിച്ചത്തിലൊന്നും സഭൈക്യം ഉണ്ടാകുന്നില്ല. 1930-ലെ സഭാശാസ്ത്രമനുസരിച്ച് അന്ന് റോമാസഭയും മലങ്കരസഭയും ഐക്യപ്പെട്ടു. ഇപ്പോൾ 2005-ൽ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സഭാശാസ്ത്രമനുസരിച്ച് മലങ്കരസഭയെ പാത്രിയാർക്കൽ സഭകൾക്കു തുല്യമായ സ്ഥാനത്തേക്ക് മാർപാപ്പാ ഉയർത്തിയിരിക്കുന്നു. സ്വയം നിർണയാവകാശമുള്ളതും സ്വയം ഭരണമുള്ളതുമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തി. 1930-ലെ ഐക്യത്തെ പൂർണമാക്കിയത് 2005-ലാണ്. രണ്ടു സഭകളെ സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ച 1930-ലെ ആ തുടക്കം തികച്ചും മഹനീയമായിരുന്നു.

(2) കത്തോലിക്കാ കൂട്ടായ്മയിലേക്കു കടന്നുവന്ന മിക്ക പൗരസ്ത്യസഭകളും ലത്തീൻ മിഷണറിമാരുടെ പൗരസ്ത്യരുടെ ഇടയിലെ പ്രവർത്തന ഫലമായി ഉടലെടുത്തവയാണ്. എന്നാൽ 1930-ലെ ഈ സഭൈക്യപരിശ്രമം മലങ്കര സഭയുടെ ഉള്ളിൽ നിന്നുതന്നെ ഉണ്ടായതാണ്. 1653-ലെ കൂനൻകുരിശുസത്യം മുതലുള്ള ഐക്യപരിശ്രമങ്ങൾ വിജയത്തിലെത്തിയത് 1930-ലാണ്. പഴയകൂറ്റിലും പുത്തൻകൂറ്റിലുമുള്ള പിതാക്കന്മാരും ജനങ്ങളും അത്യധികം ആഗ്രഹിച്ചിരുന്ന ഒന്നാണ് രണ്ടുവിഭാഗങ്ങളും ഒന്നായി കൂട്ടായ്മയിൽ പ്രവേശിക്കുക എന്നത്. അതിനുള്ള കവാടം തുറന്നത് 1930-ലാണ്.

(3) ഈ സഭൈക്യം ദൈവഹിതാനുസൃതം ആകയാൽ, ദൈവം ഇതിനെ ധാരാളമായി അനുഗ്രഹിച്ചു. ഇത് ദൈവവിളിയിൽ സമൃദ്ധവും മിഷൻ ചൈതന്യം നിറഞ്ഞതുമാണ്. 1930 മുതൽ ധാരാളമായ ദൈവാനുഗ്രഹവും ശാന്തിയും അനുഭവിക്കുന്ന സഭാസമൂഹമാണ് മലങ്കരകത്തോലിക്കാസഭ. ഇതിനെ മുളയിലെ നുള്ളിക്കളയാൻ പല പരിശ്രമങ്ങൾ പലയിടത്തു നിന്നുമുണ്ടായി. എന്നാൽ ദൈവം ഇതിനെ പരിപാലിക്കുന്നു. ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം.

(4) മാർ ഈവാനിയോസ് പിതാവിന് യാതൊരു സ്വാർഥലക്ഷ്യവുമില്ലായിരുന്നു. കർതൃഹിതം അനുസരിച്ച പ്രവർത്തിക്കുക, പരിശുദ്ധാത്മാവ് നടത്തുന്ന പാതയിലൂടെ മുന്നോട്ടുപോകുക എന്ന ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. ദൈവികപദ്ധതികൾ വിജയിക്കുക തന്നെ ചെയ്യും. ദൈവതിരുമുമ്പാകെ മലങ്കരസഭയുടെ വിജയത്തിന്റെ രഹസ്യം ദൈവാനുഗ്രഹം തന്നെ.

(5) റോമിൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായുള്ള സമ്പൂർണ കൂട്ടായ്മകൊണ്ടേ ശാശ്വതശാന്തിയും സമാധാനവും പുരോഗതിയും മലങ്കര സഭയ്ക്കുണ്ടാകുകയുള്ളു എന്ന മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യവും പ്രവാചകദർശനവും സത്യമാണെന്ന് കാലം തെളിയിച്ചു. അദ്ദേഹം ക്രിസ്തുവിന്റെ സഭയെപ്പറ്റിയും ലോകത്തിൽ അതിനുള്ള ദൗത്യത്തെപ്പറ്റിയും ചിന്തിക്കാൻ തുടങ്ങി. താൻ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിന്റെ പാപ്പരത്വം അദ്ദേഹം ശരിക്കും മനസിലാക്കി. വിഭജനം കർതൃഹിതത്തിനു കടക വിരുദ്ധമാണെന്നും ഒറ്റപ്പെട്ട സഭാജീവിതമല്ല കൂട്ടായ്മയിലുള്ള സഭാജീവിതമാണ് ഇന്നത്തെ ലോകത്തിൽ ക്രൈസ്തവസാക്ഷ്യത്തിന് ഏറെ സഹായകമെന്നും അദ്ദേഹം കണ്ടു. അദ്ദേഹത്തിന്റെ വിശകലനം ശരിയായിരുന്നെന്ന് കാലം തെളിയിച്ചു.

(6) താൻ ഉൾപ്പെട്ടു നിന്ന ഓർത്തഡോക്സ് സഭയിൽ ആഴമായ ആത്മിയ നവീകരണം നടത്തിയാണ് അദ്ദേഹം സഭൈക്യത്തിൽ എത്തിയത്. ആധ്യാത്മികനവീകരണം കൊണ്ടേ അധഃപതനത്തിൽ നിന്ന് സഭയെ രക്ഷിക്കാനാവൂ എന്ന് അദ്ദേഹം മനസിലാക്കി. പ്രവാചക തുല്യനായ അദ്ദേഹം സത്യത്തിന്റെ രഹസ്യങ്ങളിലേക്ക് എടുത്തു ചാടി. സത്യം അദ്ദേഹത്തെ സ്വതന്ത്രനാക്കി; ഒപ്പം അദ്ദേഹത്തിന്റെ കൂടെ ഇറങ്ങിത്തിരിച്ചവരെയും. കലഹത്തിന്റെയും കോടതിയുടെയും വിദ്വേഷത്തിന്റെയും ബന്ധനങ്ങളിൽ നിന്ന് അവരെ വിമുക്തരാക്കി. ബഥനിയുടെ സ്വാധീനത്തിൽ വന്ന ബന്ധനവിമുക്തരായവരൊക്കെ മാർ ഈവാനിയോസ് പിതാവിന്റെ പിന്നാലെ കത്തോലിക്കാ കൂട്ടായ്മയിൽ എത്തിച്ചേർന്നു.

### 1930-ലെ സഭൈക്യം ഒരു മഹാസംഭവം

പുത്തൻകൂർ-പഴയകൂർ സമൂഹങ്ങളുടെ ഇടയിൽ 1930-ലെ സഭൈക്യം





ഒരു മഹാസംഭവമായിരുന്നു.1653 മുതൽ പ്രഗത്ഭരായ പല സഭാനേതാക്കന്മാരും അശ്രാന്തം പരിശ്രമിച്ചിട്ടും സാധിക്കാത്ത മഹാസംഗതിയാണ് മാർ ഈവാനിയോസ് പിതാവ് നേടിയെടുത്തത്. സമൂഹത്തിൽ വലിയ നിലയും വിലയും ഉണ്ടായിരുന്ന ആളായിരുന്നു അദ്ദേഹം. സുറിയാനി വൈദികരുടെ ഇടയിൽ ആദ്യമായി എം.എ. ബിരുദം എടുത്തയാൾ, വിദ്യാഭ്യാസപ്രവർത്തകൻ, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് പിതാവിന്റെ പ്രിയശിഷ്യൻ, ആശ്രമാധ്യക്ഷൻ, ആത്മീയ ഗുരു, നവീകരണകർത്താവ്, സുസമ്മതപുരോഹിത ശ്രേഷ്ഠൻ എന്നീ നിലകളിലൊക്കെ അദ്ദേഹം വിരാജിച്ചിരുന്നു. അതായത്, സമുദായത്തിലെ ഏറ്റവും ഗണനീയനായ വ്യക്തി തന്നെയായിരുന്നു അദ്ദേഹം. ദൈവദത്തമായ പ്രവാചകദൗത്യം നിർവഹിക്കാൻ വിളിക്കപ്പെട്ടപ്പോൾ, അതിനദ്ദേഹം കീഴ്‌വഴങ്ങി.

അദ്ദേഹം ഒരു ചരിത്രവിദ്യാർഥി ആയിരുന്നു. ചരിത്രം അദ്ദേഹത്തെ പല വലിയ പാഠങ്ങളും പഠിപ്പിച്ചു. അദ്ദേഹം സെറാമ്പൂരിലായിരുന്നപ്പോൾ കത്തോലിക്കാസഭാചരിത്രം, കാൽസിഡൺ മുതലുള്ള അന്ത്യോക്യൻ യാക്കോബായ സഭാചരിത്രം, വേർപെട്ട മറ്റ് സഭകളുടെ ചരിത്രം എന്നിവ നന്നായി പഠിച്ചു. കത്തോലിക്കാ സഭയിൽ നിന്ന് കാലാകാലങ്ങളിൽ വേർപെടുകയും കാലാന്തരത്തിൽ ഇല്ലാതായിപ്പോകുകയും ചെയ്ത സഭകളുടെയും സമൂഹങ്ങളുടെയും സ്ഥിതി അദ്ദേഹം കണ്ടു. കൂനൻകുരിശുസത്യത്തിന്റെ ചരിത്രപശ്ചാത്തലവും മാർതോമാ ഒന്നാമന്റെ സ്ഥാനാരോഹണവും നന്നായി മനസ്സിലാക്കി. അതുപോലെ കേരളത്തിലെ യാക്കോബായാ സഭാപ്രവേശനവും അതിന് എങ്ങനെ ഇവിടെ ഇടം ലഭിച്ചു എന്ന കാര്യവും ഗ്രഹിച്ചു. ഇവിടുത്തെ സഭൈക്യചരിത്രവും പഠിച്ചു. കത്തോലിക്കാസഭയിൽനിന്ന് വേർപെട്ട് കഴിയുന്ന അന്ത്യോക്യൻ യാക്കോബായാ സഭയുമായുള്ള ബന്ധത്തിൽ തുടരുന്നതിന്റെ അർഥശൂന്യത അദ്ദേഹം മനസ്സിലാക്കി. യാക്കോബായാ സഭയുടെ ഭാഗമായി തുടരുന്നതിൽ അദ്ദേഹം യാതൊരു നീതീകരണവും കണ്ടില്ല. വേർപെട്ട കാലം മുതൽ ഇവിടുത്തെ പിതാക്കന്മാർ ഐക്യത്തിനായി ദാഹിച്ചിരുന്നെന്നും തങ്ങളുടെ പരിധിയിൽ വരുന്നവിധം ഐക്യം യാഥാർഥ്യമാക്കാൻ അവരെല്ലാം പരിശ്രമിച്ചിരുന്നെന്നും അദ്ദേഹം കണ്ടു. വേർപെട്ട പുത്തൻകൂർ സഭയെ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിന്റെ കീഴിൽ നിന്നുകൊണ്ട് നന്നാക്കാനാവില്ല എന്നു കണ്ടു. കത്തോലിക്കാസഭയുമായുള്ള ഐക്യം കൊണ്ടു മാത്രമേ മലങ്കരയിൽ ശാശ്വതസമാധാനം കൈവരൂ എന്ന ബോധ്യം അദ്ദേഹത്തെ ഭരിച്ചു. മഹാബുദ്ധിമാനും പ്രതിഭാശാലിയുമായിരുന്ന അദ്ദേഹം കത്തോലിക്കാസഭയിൽ സത്യസഭയെ കണ്ടെത്തി. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഗുരുക്കന്മാരായിരുന്നു. ഐക്യം ഉണ്ടാക്കണമെന്ന് ബോധ്യമുള്ള

പിതാക്കന്മാരായിരുന്നു അവരിരുവരും. അവരുടെ ബോധ്യങ്ങൾ അവർ മാർ ഈവാനിയോസ് പിതാവിന് പകർന്നുകൊടുത്തു. അത് 1930-ൽ ഫലമണിഞ്ഞു. അവർക്കിരുവർക്കും സാധിക്കാൻ കഴിയാഞ്ഞ കാര്യം മാർ ഈവാനിയോസ് പിതാവ് സാധിച്ചെടുത്തു.

മലങ്കരസഭയെ മൊത്തത്തിൽ കണ്ടിരുന്ന ആളായിരുന്നു മാർ ഈവാനിയോസ്. കാതോലിക്കായുടെ നേതൃത്വത്തിൽ മലങ്കരസമൂഹം മുഴുവൻ ഒന്നിച്ച് സഭൈക്യത്തിലേക്ക് പ്രവേശിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അതിനായി തന്റെ പരിധിയിൽ വരുന്ന രീതിയിൽ അദ്ദേഹം കഠിനാധ്വാനം ചെയ്തു. കാതോലിക്കായെ റോം അംഗീകരിക്കാൻ കൂട്ടാക്കാഞ്ഞതിനാൽ അദ്ദേഹം ഐക്യത്തിന് അറച്ചുനിന്നു. എല്ലാവരും കൂടിയുള്ള ഐക്യം യാഥാർഥ്യമാക്കാൻ മാർ ഈവാനിയോസിനു കഴിഞ്ഞില്ല. നിരാശനാകാതെ, ദൈവം കാണിച്ചുകൊടുത്ത പാതയിലൂടെ അദ്ദേഹം മുന്നോട്ടുപോയി. ദൈവം അദ്ദേഹത്തെ കൈക്കുപിടിച്ചു നടത്തി; ദൈവാത്മാവ് അദ്ദേഹത്തിലൂടെ പ്രവർത്തിച്ചു. അങ്ങനെ മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യത്തിന് ദൈവം അദ്ദേഹത്തെ ഉപകരണമാക്കി. ക്രിസ്തുവിന്റെ വാക്കുകളിൽ വിശ്വസിക്കുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്യുന്നവർക്കെല്ലാം ഐക്യത്തിനുള്ള ഒരുപാത അദ്ദേഹം തുറന്നുതന്നു. അസാധാരണ ഗുണവിശേഷങ്ങളുടെ വിളനിലമായിരുന്ന ഒരു വ്യക്തിയെക്കൊണ്ടേ ഇപ്രകാരം ദൈവതൃക്കരങ്ങളിൽ വിനീതോപകരണമായിരിപ്പാൻ കഴിയൂ. അപ്പോൾ ദൈവം അവരെ വിശിഷ്ടോപകരണമാക്കിത്തീർക്കും. അതാണ് 1930-ൽ സംഭവിച്ചത്. അതിന്റെ ഫലമായി കത്തോലിക്കാ കൂട്ടായ്മയിൽ ഒരു പ്രാദേശികസഭ രൂപമെടുത്തു. മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ കൂട്ടായ്മയിലൂടെ നേടിയെടുത്തത് എന്താണെന്നും അദ്ദേഹത്തിന്റെ മഹത്വം എന്താണെന്നും മനുഷ്യർ ഇനിയും മനസ്സിലാക്കാൻ ഇരിക്കുന്നതേയുള്ളു. അദ്ദേഹം സാധിച്ചെടുത്തത് മഹാസംഗതിയാണ്.

ഇതു മാത്രമാണ് മലങ്കരയിൽ ശാശ്വതസമാധാനത്തിനുള്ള വഴിയെന്നു മനുഷ്യർ മനസിലാക്കാത്തിടത്തോളം കാലം സ്വസ്തതയുണ്ടാകാൻ പ്രയാസമാണ്. റോമിലെ മാർപാപ്പായെ മാറ്റി നിർത്തിക്കൊണ്ട് ഐക്യം സാധിക്കാമെന്നു കരുതുന്നത് യാഥാർഥ്യത്തിനു നിരക്കുന്നതല്ല. മാർ ഈവാനിയോസ് റോമിലേക്കു തിരിഞ്ഞു. പിന്നെ വന്ന ഓർത്തഡോക്സ് നേതാക്കന്മാർ എത്യോപ്യയിലേക്കും ഈജിപ്തിലേക്കും അർമേനിയായിലേക്കും തിരിഞ്ഞു. അറുപതുകളിലായിരുന്നു ആ തിരിയൽ. ഈ കഴിഞ്ഞ നാൽപതുവർഷംകൊണ്ട് എന്തു നേടിയെന്ന് സാവധാനം ചിന്തിക്കാവുന്നതാണ്. മാർ ഈവാനിയോസ് തിരുമേനി നാലുവർഷം കൊണ്ട് നേടിയത് പിന്നെ വന്ന ഓർത്തഡോക്സുകാർ നാൽപതുവർഷംകൊണ്ടും നേടിയില്ല. ഈ അടുത്ത കാലത്തെ എക്യുമേനിക്കൽ ചർച്ചകൾ കൊണ്ടും നേടിയില്ല. ചർച്ച





തന്നെ ചർച്ച. ചർച്ചകൾക്കൊരു കുറവുമില്ല. ഈ ചർച്ചകളും പരിശ്രമങ്ങളും ശരിയായ ദിശയിൽ അല്ലായിരുന്നു എന്നു സാരം. ലക്ഷ്യമില്ലാത്ത ചർച്ച അർഥമില്ലാത്തതായി പരിണമിക്കുന്ന കാഴ്ച ചില ഡയലോഗുകളിൽ ദൃശ്യമാണ്.

## ഇന്നത്തെ എക്യുമെനിക്കൽ ചർച്ചകളുടെ പ്രസക്തി

മലങ്കരസഭയിലെ പിതാക്കന്മാർ നൂറ്റാണ്ടുകളായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന കാര്യങ്ങളൊക്കെ റോമാസിംഹാസനം ഇപ്പോൾ അംഗീകരിച്ചു തന്നിരിക്കുകയാണ്.-മെത്രാന്മാരുടെ പട്ടം അംഗീകരിക്കണം, അവർക്ക് ജനങ്ങളുടെ മേലുള്ള അധികാരം അംഗീകരിക്കണം, സ്വയംഭരണത്തിന്റെ (*ഓട്ടോണമിയുടെ*) പ്രതീകമായ കാതോലിക്കേറ്റും സിനഡും അംഗീകരിക്കണം - അതായത്, മലങ്കരസഭയെ സഭയായി അംഗീകരിക്കണം. ഇത്രയുമൊക്കെ ചെയ്താൽ സാർവത്രികസഭാധ്യക്ഷനായി മാർപാപ്പായെ അംഗീകരിക്കാമെന്നായിരുന്നു എല്ലാ നിവേദനങ്ങളുടെയും സാരം. പടിപടിയായി 1930 മുതൽ റോം ഈ ആവശ്യങ്ങളൊക്കെ ഓരോന്നോരോന്നായി അംഗീകരിച്ചിരിക്കുകയാണ്. പാത്രിയർക്കീസിനു തുല്യമായ സ്ഥാനത്തേക്ക് മലങ്കരസഭാധ്യക്ഷനെ ഉയർത്തിയിരിക്കുന്നു. പൊതുനിയമങ്ങൾക്കു പുറമേ, പ്രാദേശികനിയമങ്ങളുണ്ടാക്കി, മാർപാപ്പായുമായി കൂട്ടായ്മയിൽ ജീവിക്കാനുള്ള അവകാശമാണ് ഇപ്പോൾ മലങ്കരസഭയ്ക്ക് ലഭിച്ചിരിക്കുന്നത്. അതിനും പുറമേ സാർവത്രിക സഭാഭരണത്തിൽ ഭാഗഭാഗിത്വം നൽകുന്ന കർദിനാൾസ്ഥാനവും മലങ്കരസഭാധ്യക്ഷന് നൽകപ്പെട്ടിരിക്കുന്നു. 2013-ലെ പേപ്പൽ ഇലക്ഷനിൽ പങ്കെടുത്ത 115 കർദിനാളന്മാരിൽ ഒരാൾ മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് മാർ ബസേലിയോസ് ക്ലീമീസ് ആയിരുന്നു എന്നത് ഏറ്റവും അഭിമാനകരമായ സംഗതി തന്നെയാണ്.

മലങ്കര കത്തോലിക്കാ സഭയ്ക്ക് റോമിലെ മാർപാപ്പാ തിരുമനസ്സു കൊണ്ട് ചെയ്തു തരാൻ ഇനിയും അവശേഷിക്കുന്ന ഒരു സുപ്രധാന സംഗതിയുണ്ട്. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലേക്കും, തൊഴിലന്വേഷിച്ച് കാലാകാലങ്ങളിൽ കുടിയേറിയ മലങ്കരക്കാർക്ക് അജപാലനശുശ്രൂഷ നടത്താൻ മലങ്കരസഭാധ്യക്ഷനുള്ള തടസ്സങ്ങൾ നീങ്ങിക്കിട്ടണം. അതും മാർ ഈവാനിയോസ് പിതാവ് തന്റെ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നതും റോം ഐക്യചർച്ചാവേളകളിൽ ഉറപ്പു നൽകിയതുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭകളുടെ അവകാശങ്ങളെപ്പറ്റിയും കടമകളെപ്പറ്റിയും വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ഇവ വേണ്ടവണ്ണം ഗ്രഹിക്കാത്തവരുടെ എതിർപ്പുമൂലം ഇപ്പോഴും യാഥാർഥ്യമായിട്ടില്ല.

മലങ്കരസഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി റോം ഉയർത്തിയതിന്റെ വെളിച്ചത്തിൽ 1989 മുതൽ കത്തോലിക്കാസഭയും

മലങ്കര ഓർത്തഡോക്സുസഭയും കൂടി നടത്തുന്ന ഐക്യചർച്ചകളുടെ ദിശ തിരിച്ചു വിടേണ്ടതാണ്. ദൃശ്യവും സമ്പൂർണവും കാനോനികവുമായ ഐക്യമാണല്ലോ ഈ ചർച്ചകളുടെ ലക്ഷ്യം. ഐക്യം ഉണ്ടാക്കണമെന്ന് ആത്മാർഥമായി ആഗ്രഹിച്ച പിതാക്കന്മാരുടെ പാതയിലൂടെയാണോ ഇന്നത്തെ ചർച്ചകളെന്നു ചിന്തിക്കാവുന്നതാണ്. 1930–ലെ സഭാശാസ്ത്ര ത്തിൽ നിന്ന് വ്യത്യസ്തമായിട്ടാണ് റോമൻ കത്തോലിക്കാസഭ ഇപ്പോൾ ചിന്തിക്കുന്നതും മറ്റ് സഭകളെ പരിഗണിക്കുന്നതും. അതായത്, രണ്ടാം വത്തി ക്കാൻ സൂനഹദോസിന്റെ സഭാശാസ്ത്രമനുസരിച്ച്. ആ മാറ്റത്തിന്റെ വെളി ച്ചത്തിലാണ് ഇപ്പോൾ തന്നെ കൂട്ടായ്മയിലുള്ള സഭകളെ സ്വയംഭരണാ വകാശമുള്ള സഭകളായി വളർത്തുന്നതും അവയുടെ അധ്യക്ഷന്മാർക്ക് പാത്രിയർക്കീസുമാർക്കു തുല്യമായ അധികാരങ്ങൾ കാനോനികമായി നൽ കുന്നതും. മറ്റുവാക്കുകളിൽ പറഞ്ഞാൽ, പുതിയ സഭാശാസ്ത്രമനുസരിച്ച്, മലങ്കരസഭയും റോമൻ കത്തോലിക്കാസഭയും കൂട്ടായ്മയിലുള്ള രണ്ടു സഭകളെന്നു സാരം. ഇത് മലങ്കരസഭകളൊക്കെ ഗ്രഹിക്കേണ്ടതുണ്ട്. ഇതേ പ്പറ്റി ചിന്തിക്കേണ്ടതുണ്ട്. ക്രിസ്തുവിന്റെ സഭയുടെ ഐക്യത്തിലേക്കു വരാ നാഗ്രഹിക്കുന്ന മലങ്കരസഭകൾക്ക് ഇനി എന്താണ് റോമാസഭയുടെ ഭാഗ ത്തുനിന്ന് ചെയ്തു തരേണ്ടതെന്ന് ആർക്കും ചൂണ്ടിക്കാണിക്കാവുന്നതാണ്; ഐക്യചർച്ചകളിൽ സ്പഷ്ടമാക്കാവുന്നതുമാണ്.

റോമാസഭ മലങ്കര കത്തോലിക്കാസഭയിലൂടെ മലങ്കര സഭകളുടെ മുമ്പിൽ അവതരിപ്പിച്ച മഹാസംഗതിയെപ്പറ്റി ഗൗരവപൂർവം ചിന്തിക്കേണ്ടതു ണ്ടെന്നു തോന്നുന്നു. റോമാസഭ എക്യുമെനിസം കൂടി ഉന്നംവച്ചുകൊണ്ട് മലങ്കരസഭകൾക്ക് ഒരു മഹാസംഗതി ചെയ്തു. റോം മലങ്കര കത്തോലി ക്കാ സഭയ്ക്ക് നൽകിയ ഉന്നതസ്ഥാനം മലങ്കര കത്തോലിക്കാസഭയ്ക്കു വേണ്ടി മാത്രമുള്ളതല്ല. ''കത്തോലിക്കാ കൂട്ടായ്മയിൽ സ്വയംഭരണത്തിനും ഓട്ടോണമിക്കും സ്ഥാനമുണ്ട്. ഐക്യപ്പെടുന്ന സഭകൾ കൂട്ടായ്മയിൽ വർത്തിച്ചാൽ മാത്രം മതി. അതിനപ്പുറത്തൊന്നും വേണ്ട'' എന്നു കാണി ക്കുക കൂടി ആയിരുന്നു ഇതിലൂടെ റോമാസഭ ചെയ്തത്. അത് കേരളത്തിലെ പ്രശസ്തരായ പല സഭാനേതാക്കളും മാധ്യമങ്ങളും മനസ്സിലാക്കുകയും എഴുതുകയും ചെയ്തിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിക്കുന്ന ഏത് സ്ഥാനവും മൊത്തം മലങ്കരസഭയ്ക്കു ലഭിക്കുന്നതാണ്. കത്തോലിക്കാ കൂട്ടായ്മയിൽ ഓട്ടോണമിക്കും സ്വയംനിർണയത്തിനും സ്വയംഭരണത്തിനും സ്ഥാനമുണ്ടെന്നു കാണാനുള്ള അവസരമാണിത്. അതിൽ അഭിമാനിക്കുക തന്നെ വേണം. ദൃശ്യമായ ഐക്യം ലക്ഷ്യം വച്ച പുരാതന പിതാക്കന്മാരു ടെ പാതയിലൂടെ നീങ്ങേണ്ടിയിരിക്കുന്നു.

പുതിയ സാഹചര്യത്തിൽ പുത്തൻ ഉണർവോടുകൂടെ യേശുക്രി സ്തുവിന്റെ നാമത്തിൽ ഐക്യചർച്ചകൾ സജീവമാക്കേണ്ടതുണ്ട്. ഒന്നാ





യിത്തീരാനുള്ള മാർഗങ്ങൾ ആരായേണ്ടതുണ്ട്. നമുക്ക് പരസ്പരം ക്ഷമി ക്കുകയും പൊറുക്കുകയും ചെയ്യാം. മലങ്കര കത്തോലിക്കാസഭയ്ക്ക് മേജർ ആർച്ചുബിഷപ്പ് പദവിയും കാതോലിക്കാ സ്ഥാനവും സിനഡൽ ക്രമീകര ണവും കർദിനാൾ സ്ഥാനവും തന്നപ്പോൾ റോമാസഭ ഐക്യത്തിനുള്ള ആഹ്വാനം നടത്തുകയായിരുന്നെന്ന് മനസിലാക്കാൻ ശ്രമിക്കാം. നമ്മുടെ പിതാക്കന്മാർ നടത്തിയ സഭൈക്യസംരംഭങ്ങൾ പാടേ വിസ്മരിക്കാതിരിക്കാം. നാം ഒന്നായിരുന്നു എന്ന സംഗതി ഗൗരവമായി പരിഗണിക്കാം.

## പിൽക്കാലനേതൃത്വം

കോടതിയും കേസുമായി നടന്നതിനാൽ പിന്നീടുവന്ന സഭാനേതൃത്വ ങ്ങൾക്ക് സഭൈക്യസംരംഭങ്ങളിൽ താൽപ്പര്യപൂർവം ഇടപെടാൻ സാധിച്ചില്ല. ഇന്നും സഭാസ്വത്തുക്കളും പള്ളികളും സംബന്ധിച്ചുള്ള തർക്കങ്ങളാണ് ഓർത്തഡോക്സ് സഭയെ സജീവവും ഫലദായകവുമായ ചർച്ചകളിൽ നിന്ന് അകറ്റി നിർത്തുന്നത്. ഓർത്തഡോക്സ് സഭ സജീവമായി എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെങ്കിൽ, ആദ്യമായി പള്ളികളും സ്വത്തു ക്കളും സംബന്ധിച്ച് ബാവാകക്ഷിയുമായുള്ള കേസുകളും തർക്കങ്ങളും അവസാനിപ്പിക്കണം. അതിന് ഏതുതരം വ്യവസ്ഥകളാണ് വേണ്ടതെന്ന് അവർ തന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ ദൈവത്തിന് തന്റെ സഭയെപ്പറ്റിയുള്ള ദർശനം യാഥാർഥ്യമാക്കാൻ അവർ ഒരുക്കമുള്ളവ രാകൂ.

## വസ്തുനിഷ്ഠമായ കാഴ്ചപ്പാട് ആവശ്യം

ഭാരതത്തിലെ അപ്പസ്തോലികസഭയ്ക്ക് വന്നുഭവിച്ച ദുരന്തം ശരിയായി കാണാൻ പലർക്കും ഇതുവരെയും കഴിഞ്ഞിട്ടില്ല. സംഭവിച്ചവയെ നടന്ന രീതിയിൽ കാണാനും ശ്രമിച്ചിട്ടില്ല. പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കാ ത്തതിനാൽ പ്രശ്നപരിഹാരവും നീണ്ടുപോകും. ഭാരതത്തെ സംബന്ധിച്ച് തട്ടിക്കൂട്ടിയുള്ള പരിഹാരമാർഗങ്ങളൊന്നും ശാശ്വത പരിഹാരമാകുകയില്ല. കുറച്ചു ചർച്ചകൾ നടത്താമെന്നല്ലാതെ ശാശ്വതമായ ഐക്യവും പുരോഗ തിയും ഉണ്ടാകയില്ല. മുറിവുകൾ ഉള്ളിടത്തോളം കാലം ആത്മാർഥത നിറഞ്ഞ സമീപനമോ, തുറന്ന ചർച്ചകളോ യോജിക്കുന്നതിനുള്ള നീക്കമോ ഉണ്ടാകയില്ല. നടന്നവ മേലിൽ ആവർത്തിക്കപ്പെടുകയില്ലെന്നും നടന്നവ തിരു ത്താൻ ബന്ധപ്പെട്ടവർ തയാറാണെന്നുമുള്ള ഉറപ്പ് ലഭിക്കാത്തിടത്തോളം കാലം വേർപെട്ടു നിൽക്കുന്നവരുടെ ഭയം അസ്ഥാനത്തല്ല. അവരുടെ ഭയാ ശങ്കകൾ ദൂരീകരിക്കേണ്ടതുണ്ട്. മലങ്കരയിലെ അപ്പസ്തോലികസഭയിൽ നട ന്നവ വസ്തുനിഷ്ഠമായി കാണുക വളരെ അത്യാവശ്യമാണ്.

ഇവിടെ വന്ന മിഷണറിമാരുടെ പ്രവർത്തനങ്ങളാണ് ഈ അപ്പസ്തോ ലികസഭയിൽ പിളർപ്പുണ്ടാക്കിയത്. ഇവിടുത്തെ മലങ്കരസഭയെ മനസ്സിലാ

ക്കാനുള്ള അവരുടെ കഴിവുകേടാണ് ഒരു പ്രധാന കാരണം. അതുപോലെ ഇവിടുത്തെ സഭയെ റോമാസഭയുടെ ഭാഗമാക്കാനുള്ള യത്നങ്ങളും പിളർപ്പിന് കാരണമായി ചൂണ്ടിക്കാണിക്കാനാവും. ഇന്നും ഉണങ്ങാത്ത മുറിവുകളായി ചരിത്രത്തിൽ ഈ കാര്യങ്ങൾ അവശേഷിക്കുന്നു. കഴിഞ്ഞ കാലത്ത് സംഭവിച്ചവയുടെ ദുരന്തം ഇന്നും ഇവിടുത്തെ ക്രൈസ്തവർ അനുഭവിച്ചു കൊണ്ടിരിക്കുന്നു.

ഈ പിളർപ്പിന് മിഷണറിമാർ മാത്രമാണ് കാരണക്കാർ എന്നും പറഞ്ഞുകൂടാ. നാട്ടുകാരും കാരണക്കാരാണ്. അന്നു സംഭവിച്ചവയ്ക്ക് ഇന്നുള്ളവർ കുറ്റക്കാരാണെന്നും പറഞ്ഞുകൂടാ. ചില മിഷണറിമാരുടെ തെറ്റായ വീക്ഷണങ്ങൾക്കും ചെയ്തികൾക്കും പാശ്ചാത്യ മിഷണറിസമൂഹത്തെ മുഴുവൻ കുറ്റപ്പെടുത്താനോ മിഷണറിപ്രവർത്തനം വഴി ഭാരതത്തിനു ലഭിച്ച നന്മകൾ വിസ്മരിക്കാനോ പാടില്ല. മിഷണറിമാർ സ്ഥലംവിട്ടു. ഇന്ന് ഇരുവിഭാഗത്തിൽ പെട്ട മാർതോമാനസ്രാണികളും സ്വതന്ത്രരാഷ്ട്രത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

അന്നു സംഭവിച്ചവ തിരുത്തിക്കുറിക്കപ്പെടണം; മുറിവുകൾ ഉണങ്ങാനുതകുന്നവ ഇരുഭാഗത്തുനിന്നും ഉണ്ടാകണം. ഭംഗിവാക്കുകൾക്കപ്പുറം യഥാർഥത്തിലുള്ള ചരിത്രസംഭവങ്ങളെ നാം അഭിമുഖീകരിക്കുക തന്നെ വേണം. അതുപോലെ മിഷണറിമാരോടുള്ള വിരോധമനോഭാവം റോമാസഭയോടു ചിലർ തുടർന്നും കാട്ടുന്നത് ശരിയല്ല.

പണ്ടു സംഭവിച്ചവ എന്തുതന്നെ ആയിരുന്നാലും ഇന്നിൽ ജീവിക്കുന്ന നാം വിഭജനത്തിന്റെ ഭാരം പേറുന്നു. അന്നത്തെ മുറിവുണങ്ങാനുള്ള സംരംഭങ്ങൾ ഇരുഭാഗത്തുനിന്നും ഉണ്ടാകണം. എങ്കിലേ ഇവിടുത്തെഎക്യൂമെനിക്കൽ ചർച്ചകൾ വിജയിക്കുകയുള്ളു. എല്ലാ ഭാഗത്തു നിന്നും ആത്മാർഥത നിറഞ്ഞ തുറന്ന സമീപനം ഉണ്ടാകണം.

ചുരുക്കത്തിൽ:

1. വിഭജനവും കൊളോണിയലിസവും വരുത്തിവച്ച തെറ്റുകൾക്ക് പരിഹാരം ഉണ്ടാകണം.

2. പൗരസ്ത്യ കത്തോലിക്കാസഭകൾക്ക് നിഷേധിക്കപ്പെട്ട നീതി നടപ്പാക്കണം.

3. മുറിവുകൾ ഉണങ്ങുന്നതിനുതകുന്നവ ചെയ്യാനുള്ള തുറന്ന മനഃസ്ഥിതി എല്ലായിടത്തും ഉണ്ടാകണം.

ചരിത്രത്തോടുള്ള അവഹേളനാമനോഭാവവും സത്യത്തോടുള്ള നിഷേധമനോഭാവവും ചിലയിടങ്ങളിൽ പ്രകടമാണ്. 1983-ലെ ഒരു പ്രസംഗത്തിൽനിന്ന്: "സഭാചരിത്രത്തിലെ ആദ്യത്തെ നാലു നൂറ്റാണ്ടുകൾ നമ്മുടെ





ഇരുസഭകളും പരസ്പരം കൂട്ടായ്മയിൽ ഐക്യപ്പെട്ടിരുന്നു. നാമിപ്പോഴും ആ പൊതുപൈതൃകം മുറുകെപ്പിടിക്കുന്നു". ഇത് മലങ്കരഓർത്തഡോക്സ് സഭയിലെ കാതോലിക്കാബാവാ തിരുമേനി റോമിൽവച്ച് മാർപാപ്പായുടെ സാന്നിധ്യത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്നാണ്. – ഈ പ്രസ്താവന കേരളത്തിലെ സഭാകാര്യങ്ങളെപ്പറ്റിയാണോ പശ്ചിമേഷ്യൻ സിറിയൻ ഓർത്തഡോക്സ് സഭാകാര്യങ്ങളെപ്പറ്റിയാണോ എന്ന് ചിന്തിച്ചുപോകുന്നു. നാലാം നൂറ്റാണ്ടിൽ ഇവിടെ ഒരു പിളർപ്പുണ്ടായതായി സഭാചരിത്രകാരന്മാർ ആരുംതന്നെ പരാമർശിച്ചിട്ടില്ല.

എന്നാൽ ഈയടുത്തകാലത്ത് കത്തോലിക്കാസഭയും മലങ്കര ഓർത്തഡോക്സ് സഭയും കൂടിയുള്ള എക്യുമെനിക്കൽ ചർച്ചയിൽ അംഗീകരിച്ച ഒരു റിപ്പോർട്ടിൽ, ഇവിടുത്തെ സഭ പോർട്ടുഗീസുകാരുടെ വരവു വരെ ഒരു സഭയും ഒരു സമൂഹവുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അന്ത്യോക്യൻ വിഭാഗത്തിൽ പെട്ട മാർതോമാനസ്രാണികളും പഴയകൂറ്റുകാരും ഒരുപോലെ സ്വതന്ത്രരാഷ്ട്രത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

മാർപാപ്പാ തിരുമേനി 1983-ൽ മലങ്കര ഓർത്തോഡോക്സ് ബാവാ തിരുമേനിയുടെ സാന്നിധ്യത്തിൽ പറഞ്ഞ ഒരു സംഗതി വളരെ പ്രസക്തമാണ്: "കാലപ്പഴക്കത്തിൽ പരസ്പരബന്ധങ്ങളൊക്കെ വിസ്മരിക്കപ്പെടാൻ ഇടയുണ്ട്. ഉള്ള ബന്ധങ്ങൾ തിരിച്ചറിയാൻ കഴിയാത്തവണ്ണം കണ്ണിന് മങ്ങലേൽക്കാനും ഇടയുണ്ട്. അതുകൊണ്ട് പരസ്പരചർച്ചകൾ വഴിയും സൗഹൃദസന്ദർശനങ്ങൾ വഴിയും പൊടി തട്ടിക്കളഞ്ഞും കാഴ്ച തെളിച്ചും യാഥാർഥ്യങ്ങളെ യാഥാർഥ്യങ്ങളായി കാണാൻ ശ്രമിക്കാം. അങ്ങനെ നാം ശ്രമിക്കുമ്പോൾ നമ്മുടെ ഇടയിൽ ഇപ്പോൾ തന്നെയുള്ള കൂട്ടായ്മയുടെ ഘടകങ്ങൾ നമ്മെ അത്ഭുതപരതന്ത്രരാക്കും."

അതിനു മറുപടിയായി കാതോലിക്കാവാബാ തിരുമേനി പറഞ്ഞ പ്രസംഗത്തിൽ നിന്നുകൂടി ഉദ്ധരിക്കാം: "നമുക്ക് പൊതുവായിട്ടുള്ളവ നമ്മെ അകറ്റുന്നവയേക്കാൾ വളരെ കൂടുതലാണ്..സഭ, സഭാശുശ്രൂഷ, കൗദാശികരഹസ്യങ്ങൾ, എന്നിവ മനസ്സിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനേകം സംഗതികൾ നമുക്ക് പൊതുവായിട്ടുണ്ട്. ഇവയിലെല്ലാം അടിസ്ഥാനപരമായി നാം യോജിപ്പിലാണ്. എന്നാൽ അപ്രധാന സംഗതികൾ നൂറ്റാണ്ടുകളായി നമ്മെ അകറ്റി നിർത്താൻ നാം അനുവദിച്ചു".– അവ ചർച്ചകളിലൂടെ പരിഹരിക്കാമെന്ന പ്രത്യാശയാണ് രണ്ടു പിതാക്കന്മാർക്കും ഉണ്ടായിരുന്നത്.

വിശ്വാസത്തിന്റെ സാരസത്തയും വിശ്വാസം അവതരിപ്പിക്കുന്ന പദപ്രയോഗങ്ങളും രണ്ടായി കാണാനുള്ള സന്നദ്ധത 1983-ലെ സംയുക്ത പ്രഖ്യാപനത്തിൽ ദൃശ്യമാണ്. പദപ്രയോഗങ്ങളിൽ വ്യത്യാസം വരാം.

ഊന്നലുകളിൽ വ്യത്യാസം വരാം. എന്നാൽ സാരസത്ത ഒന്നാണെങ്കിൽ, ഈ വ്യത്യാസങ്ങളൊക്കെ പരസ്പരം അംഗീകരിക്കാവുന്നതാണ്. അകന്നു നിൽക്കാൻ അവയൊന്നും ഒരു ന്യായീകരണവും നൽകുന്നില്ല. വൈവിധ്യം കൂട്ടായ്മയിൽ സാധ്യമാണ്.

ഓരോ സഭയും ഏകപക്ഷീയമായി വളർത്തിയെടുത്ത സഭാശാസ്ത്രം മറ്റെല്ലാ സഭകളും സ്വീകരിച്ചേ മതിയാവൂ എന്ന് നിർബന്ധം പിടിക്കരുത്. പിളർന്ന് അകന്നു മാറിയ കാലഘട്ടത്തിലെ സഭാബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടണം. ഇതിനൊക്കെ ഇന്ന് ആര് നേതൃത്വം നൽകും? നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവം ആരെയാണ് ഇതിനായി നമ്മുടെ മധ്യത്തിലേക്ക് അയച്ചിരിക്കുന്നത്?

## മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യം

ഇന്ന് വിവിധ തട്ടുകളിലും വിവിധ നേതൃത്വങ്ങളെ ആശ്രയിച്ചും നിൽക്കുന്ന മാർതോമാ ക്രിസ്ത്യാനികൾ ഒന്നിച്ച് അണിനിരക്കേണ്ടത് ആവശ്യമാണ്. 1653-നു മുമ്പുള്ള അവസ്ഥയിലേക്ക് നാം പോകേണ്ടതുണ്ട്. അതിനു പറ്റിയ സാഹചര്യമൊരുക്കാൻ നേതാക്കന്മാരും അണികളും തയാറാകണം. ചരിത്രത്തിന്റെ ഗതിവിഗതികളിൽ പെട്ട് പല തട്ടുകളിൽ ആയിപ്പോയവർ തങ്ങളുടെ നിലപാടുകളെപ്പറ്റി പുനർവിചിന്തനം നടത്തേണ്ടതുണ്ട്. ലത്തീൻ, അന്ത്യോക്യൻ, ആംഗ്ലിക്കൻ സഭകളിൽ നിന്ന് മലങ്കരസഭയിലെ വിവിധ വിഭാഗങ്ങൾക്ക് ലഭിച്ച പൈതൃകങ്ങൾ ഒന്നിച്ചു കൂട്ടുമ്പോൾ മൊത്തത്തിൽ മലങ്കരസഭയ്ക്ക് പലവിധ നേട്ടങ്ങളുണ്ടായി. ഭാരതത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിൽ ഇവയെല്ലാം കോർത്തിണക്കി മലങ്കരസഭാംഗങ്ങൾക്കെല്ലാം അനുഭവവേദ്യമാകത്തക്കവിധം ഒന്നിക്കാൻ നാം യത്നിക്കണം. കഴിഞ്ഞ നൂറ്റാണ്ടുകളിലെ ചരിത്രത്തിൽ നിന്ന് പാഠം പഠിച്ച് കരുത്തുറ്റ ഒരു മലങ്കര സഭയെ നാം ലക്ഷ്യം വയ്ക്കണം. ഭാരതീയവും പൗരസ്ത്യവുമായ എല്ലാ പാരമ്പര്യങ്ങളും എല്ലാവരുടെയും പൊതുസ്വത്താണ്.ഒരു സഭാപാരമ്പര്യത്തെയും നമുക്ക് മാറ്റി നിർത്തേണ്ടതുമില്ല.

ഓരോ സഭയുടെയും പാരമ്പര്യങ്ങൾ പാലിക്കപ്പെടുകയും പുലർത്തപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം. കാലത്തിന്റെ ഗതിവിഗതികളിൽപെട്ട് അപൂർണ പാരമ്പര്യങ്ങളോ ചേരാത്ത രീതികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, തിരിച്ചുപോക്കും നവീകരണവും അത്യന്താപേക്ഷിതമാണ്. പഴമയെ അതുപടി കാത്തുസൂക്ഷിക്കാനുള്ള വ്യഗ്രതയല്ല ഇന്നാവശ്യം. നാം ജീവിക്കുന്ന ചുറ്റുപാടിലെ മനുഷ്യന് രക്ഷകനായ മിശിഹായെ കാണിച്ചു കൊടുക്കുകയാണ് സർവപ്രധാനം. ഭാരതത്തിന്റെ ആത്മാവിന് മാർതോമാ നസ്രാണികൾക്ക് എപ്രകാരം മിശിഹായെ ഒന്നിച്ച് ഒരേ സ്വരത്തിൽ നൽകുവാൻ സാധിക്കും എന്നതാണ് നാം ചിന്തിക്കേണ്ട സർവപ്രധാനമായ





സംഗതി. കഴിഞ്ഞ കാലങ്ങളിലെ കുറവുകളെയും അനീതികളെയും പഴിച്ചുകൊണ്ടിരിക്കാതെ, ചരിത്രത്തിലെ ഭാണ്ഡക്കെട്ടുകളുടെയും അർഥശൂന്യമായ ആചാരാനുഷ്ഠാനങ്ങളുടെയും വ്യത്യസ്ത പശ്ചാത്തലങ്ങളിൽ സംഭവിച്ച മാറ്റങ്ങളുടെയും വർത്താക്കളായി വർത്തിക്കുന്നതുവഴി ഈ ദൗത്യത്തിന് തടസ്സം നേരിടുന്നെങ്കിൽ, അവയോട് നാം വിടപറയുക തന്നെ വേണം. സുവിശേഷത്തിനും സഭാപിതാക്കന്മാർ സുവിശേഷത്തിനു നൽകിയ വ്യാഖ്യാനങ്ങൾക്കും അവർ പഠിപ്പിക്കുന്ന സ്നേഹത്തിനും ഐക്യത്തിനും മറ്റെന്തിനേക്കാളും നാം പ്രാധാന്യം നൽകണം. നവീകരണത്തിനും സഭൈക്യത്തിനും നാം തയാറാകണം.

മാറിയ സാഹചര്യത്തിൽ സഭൈക്യത്തിന് നസ്രാണിസഭകൾ ഒന്നടങ്കം താൽപര്യം കാണിക്കേണ്ടതാണ്. നമ്മുടെ കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ഐക്യം സുസാധമാക്കാൻ മാർതോമാ നസ്രാണികൾ എല്ലാവരും തീക്ഷ്ണമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ സഭൈക്യകാര്യങ്ങളിൽ നസ്രാണികളിൽ എത്ര പേർക്ക് ആത്മാർഥമായ താൽപര്യമുണ്ട്? മലങ്കരനസ്രാണികൾ കൂനൻകുരിശിനു മുമ്പ് ഒന്നായിരുന്നതുപോലെ നാനാത്വത്തിൽ ഏകത്വം പുലർത്തിക്കൊണ്ട് ഏകസഭയായി തീരാനുള്ള സംരംഭത്തിന് ആര് നേതൃത്വം നൽകും? അതിനു നാം ഇനിയും അനേകനാൾ കാത്തിരിക്കേണ്ടതുണ്ടോ? ബഹുദൂരം യാത്ര ചെയ്യേണ്ടിയിരിക്കുന്നുവോ?

# 12
# റോമൻ കത്തോലിക്കാസഭയും പൗരസ്ത്യ സഭകളും

കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ തമ്മിലുള്ള അകൽച്ചയ്ക്ക്, പ്രത്യേകിച്ച്, ഗ്രീക്കുസഭയും ലത്തീൻ സഭയും തമ്മിലുള്ള അകൽച്ചയ്ക്ക്, നാലാം കുരിശുയുദ്ധം (1204) ആക്കം കൂട്ടി. നാലാംകുരിശുയുദ്ധക്കാർ കോൺസ്റ്റാന്റിനോപ്പിൾ പട്ടണം കടന്നാക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്ത് വിരൂപമാക്കി. പൗരസ്ത്യ ദേശങ്ങളിലൊക്കെ ലത്തീൻ മെത്രാന്മാരെ നിയമിച്ചു, ലത്തീൻ പാത്രിയാർക്കേറ്റുകൾ സ്ഥാപിച്ചു. അങ്ങനെ കോൺസ്റ്റാന്റിനോപ്പിളിൽ പോലും ഒരു ലത്തീൻ പാത്രിയർക്കീസ് നിയമിതനായി.

നാലാം ലാതറൻ സിനഡിന്റെ (1215) അഞ്ചാം കാനൻ പാത്രിയർക്കീസുമാരുടെ പരമ്പരാഗതമായ സ്ഥാനക്രമം അംഗീകരിച്ചു: റോമാ, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ഡ്രിയാ, അന്ത്യോക്യാ, ജറുസലേം. എന്നാൽ പൗരസ്ത്യദേശങ്ങളിലെ ലത്തീൻ പാത്രിയർക്കീസുമാരെയത്രേ സിനഡ് അംഗീകരിച്ചത്. പ്രസ്തുത സിനഡിന്റെ കാനൻ ഒൻപത് "ഏകഭരണാധികാരം" നിയമമാക്കി. അതായത്, ഒരു നിശ്ചിതസ്ഥലത്ത് പല ആരാധനകളും പാരമ്പര്യങ്ങളുമുള്ള സഭകൾ ഉണ്ടെങ്കിലും, ഒരു മെത്രാൻ മാത്രമേ പാടുള്ളൂ. അത് ലത്തീൻ ആയിരിക്കണം താനും.

റോമൻ സാമ്രാജ്യത്തിലെ പുരാതനസഭ പാത്രിയാർക്കേറ്റുകളായി വിഭജിക്കപ്പെട്ടിരുന്നു. ഒരു പാത്രിയർക്കീസിന്റെ അധികാരപരിധിയിൽ മറ്റ് പാത്രിയർക്കീസുമാർ അധികാരം പ്രയോഗിച്ചിരുന്നില്ല. എന്നാൽ കുരിശുയുദ്ധക്കാർ പൗരസ്ത്യദേശത്തു വന്നു തുടങ്ങിയപ്പോൾ, അവർ പിടിച്ചടക്കിയ സ്ഥലങ്ങളിലൊക്കെ ലത്തീൻ രൂപതകൾ സ്ഥാപിക്കാൻ തുടങ്ങി. അതുപോലെ, കുരിശുയുദ്ധക്കാരോടുള്ള ബന്ധം മൂലം പല പൗരസ്ത്യ സഭകളിൽ നിന്നും ചെറിയ ചെറിയ സമൂഹങ്ങൾ റോമൻ കത്തോലിക്കാ സഭയോടു ചേരാൻ





തുടങ്ങി. അപ്പോൾ ഒന്നിലേറെ സഭകൾ ഒരേ സ്ഥലത്തു വരാൻ ഇടയായി. ഇതിന്റെ വെളിച്ചത്തിലാണ് 1215-ലെ ലാതറൻ സിനഡിന്റെ 9-ാം കാനൻ ഏകഭരണാധികാരനിയമം കൊണ്ടുവന്നത് പ്രായോഗികതലത്തിൽ, പരമ്പരാഗതമായി പൗരസ്ത്യസഭകളുടെ ഹയരാർക്കി ഉള്ളിടങ്ങളിലും ലത്തീൻ ഹയരാർക്കി സ്ഥാപിച്ചു കഴിഞ്ഞാൽ പിന്നെ അവിടെയുള്ള പൗരസ്ത്യർ അവിടെയുള്ള ലത്തീൻ ഹയരാർക്കിക്ക് കീഴ്പ്പെട്ടുകൊള്ളണം. സ്ഥലത്തെ ലത്തീൻ മെത്രാനാണ് അവിടുത്തെ മെത്രാൻ. മറ്റു സഭകൾക്ക് വേറേ മെത്രാൻ ഉണ്ടാകാൻ പാടില്ല. അവരെല്ലാം ലത്തീൻ മെത്രാന്റെ കീഴിലുള്ള പൗരസ്ത്യ വികാരി ജനറാളന്മാരുടെ നേതൃത്വത്തിൽ കഴിയണം. പൗരസ്ത്യ സഭകളെ റീത്തുകളായി കാണുന്ന പ്രവണത ഇവിടെ ദൃശ്യമാണ്. പാശ്ചാത്യം പൗരസ്ത്യത്തേക്കാൾ മികച്ചതാണെന്നും, പാശ്ചാത്യസഭയും അതിന്റെ ആചാരാനുഷ്ഠാനങ്ങളും രീതികളും പൗരസ്ത്യസഭകളുടേതിനേക്കാൾ മെച്ചപ്പെട്ടതാണെന്നുമുള്ള ചിന്ത പാശ്ചാത്യരുടെയും ഐക്യപ്പെട്ട ചില പൗരസ്ത്യരുടെയും ഇടയിൽ ഇക്കാലത്ത് പ്രബലപ്പെട്ടുവന്നു. നാലാം ലാതറൻ സിനഡ് കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അകൽച്ച വർധിപ്പിച്ചു. ഈ മനോഭാവം മാറ്റാനുള്ള ശ്രമം ചില മാർപാപ്പാമാർ നടത്തിയെങ്കിലും വിജയിച്ചില്ല. "വിശുദ്ധ റോമാസഭ എല്ലാ സഭകളുടെയും മാതാവും പ്രബോധകയുമാണെന്നും ലത്തീൻസഭ മറ്റു സഭകളേക്കാൾ ശ്രേഷ്ഠയാണെന്നും" ഉള്ള അഭിപ്രായം ഈ കാലഘട്ടത്തിൽ പരക്കെ വ്യാപിച്ചു.

അതേസമയം നാലാം ലാതറൻ സിനഡിനു ശേഷമുള്ള കാലഘട്ടത്തിൽ പോലും റോമാ മാർപാപ്പാമാർ കാനൻ ഒൻപത് കൃത്യമായി പാലിച്ചില്ല. സൗകര്യം പോലെ ഒന്നിലേറെ മെത്രാന്മാരെ ഒരേ സ്ഥലത്ത് ആ കാലഘട്ടത്തിൽ പോലും നിയമിച്ചിട്ടുണ്ട്. ഉദാ. പോപ്പ് ഗ്രിഗറി 9-ാമൻ (1227-1241) 1239-ൽ അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്ന് അർമേനിയൻ കത്തോലിക്കാ പാത്രിയർക്കീസിനെ മാറ്റി, പരിപൂർണസ്വാതന്ത്ര്യം നൽകി. ഇന്നസെന്റ് നാലാമൻ പാപ്പാ (1243-54) അന്ത്യോക്യയിലെ ലത്തീൻ ഹയരാർക്കിയോടൊപ്പം നേരിട്ട് റോമിന്റെ കീഴിലുള്ള ഒരു ഗ്രീക്ക് മെൽക്കീത്താ പാത്രിയർക്കീസിനെ അന്ത്യോക്യയിൽ (1247) നിയമിച്ചു. അതുപോലെ അദ്ദേഹം സൈപ്രസിലെ ലത്തീൻ ഹയരാർക്കിയോടൊപ്പം ഒരു പൗരസ്ത്യ ഹയരാർക്കി (1250) സ്ഥാപിച്ചു.

എന്നാൽ നാലാം ലാതറൻ സിനഡിന്റെ (1215) കാലത്തു ജീവിച്ചിരുന്ന ചില ദൈവശാസ്ത്രജ്ഞന്മാർ ഐകരൂപ്യവാദികൾ (*uniformists*) ആയിരുന്നു. ഡൊമിനിക്കൻ സന്ന്യാസസമൂഹത്തിന്റെ അഞ്ചാമത്തെ മാസ്റ്റർ ജനറൽ കർദിനാൾ ഹുംബർട്ട് (1194-1277) 'എല്ലാ കലഹങ്ങളുടെയും മാതാവും ആരംഭവുമായി' വൈവിധ്യത്തെ (*diversity*) കണ്ടു. അക്കാലത്തുള്ളവർക്ക് ഐക്യം ഐകരൂപ്യമായിരുന്നു (*unity meant uniformity*). വൈവിധ്യത്തെ

അവർ വൈരുധ്യമായി കണ്ടു (*diversity meant division*). കത്തോലിക്കർ എന്നാൽ ലത്തീൻകാർ എന്ന് അവർ ധരിച്ചുവശായി. അതുകൊണ്ട് ഈ കാലഘട്ടത്തിൽ റോമൻ കത്തോലിക്കാസഭയുമായി ഐക്യപ്പെട്ട പൗരസ്ത്യരെ കഴിയുന്നതും ലത്തീൻ സഭയിൽ ലയിപ്പിക്കുന്നതിനും ലത്തീൻകാർ ആക്കുന്നതിനുമുള്ള സംരംഭങ്ങൾ നടന്നു. ബാഹ്യമാത്രമായി പൗരസ്ത്യം നിലനിർത്തിക്കൊണ്ടും എന്നാൽ എല്ലാ സംഗതികളിലും പാശ്ചാത്യസഭയുമായി താദാത്മ്യപ്പെടുത്തിക്കൊണ്ടുമായിരുന്നു ഐക്യപ്പെട്ട പൗരസ്ത്യർ ലത്തീൻ ബന്ധത്തിൽ ജീവിച്ചത് .

രണ്ടാം ലയൺസ് കൗൺസിലിൽവച്ച് (1274) പാശ്ചാത്യസഭയും പൗരസ്ത്യസഭയും തമ്മിലുള്ള ഐക്യം സംബന്ധിച്ച് ചർച്ച നടന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ അകന്നശേഷം ഏകപക്ഷീയമായി പാശ്ചാത്യസഭ രൂപപ്പെടുത്തിയ സഭാശാസ്ത്രത്തിന്റെ വെളിച്ചത്തിലാണ് ഐക്യഫോർമുല തയാറാക്കിയത്. പൗരസ്ത്യസഭാശാസ്ത്രം ഒട്ടുംതന്നെ പരിഗണിക്കപ്പെട്ടില്ല. ചർച്ചകൾ പോലും കൂടാതെ അവ പൗരസ്ത്യരുടെ മുമ്പാകെ അവതരിപ്പിക്കപ്പെട്ടു. പൗരസ്ത്യസഭകളിലെ ഉന്നതാധികാരികൾ അത് സ്വീകരിച്ചെങ്കിലും, സഭകൾ ഐക്യത്തിൽ എത്തിയില്ല. ആദ്യത്തെ എതിർപ്പിൽ തന്നെ ഈ ഐക്യം തട്ടിത്തകർന്നുപോയി എന്ന് കർദിനാൾ വില്ലിബ്രാന്റിനുള്ള ഒരു കത്തിൽ ആറാം പൗലോസ് മാർപാപ്പാ പ്രസ്താവിക്കയുണ്ടായി. കർദിനാൾ ഹുംബർട്ടിനെപ്പോലെയുള്ളവരായിരുന്നു ലയൺസിൽ നടുനായകത്വം വഹിച്ചത്. അവർക്ക് ഏകപക്ഷീയമായ സഭാശാസ്ത്രവും റോമൻ കേന്ദ്രീകൃതമായ സഭാഭരണരീതിയും കാനൻ നിയമത്തിന്റെ ആധിപത്യവുമേ അറിവുണ്ടായിരുന്നുള്ളു. നൂറ്റാണ്ടുകളായി പൗരസ്ത്യക്രൈസ്തവർ ചിന്തിച്ച രീതികളും ഭരണസംവിധാനവും സഭാദർശനവും അവർ കണക്കിലെടുത്തില്ല. തുടർന്നുള്ള നൂറ്റാണ്ടുകളിലും ഈ നിലയ്ക്ക് മാറ്റം വന്നില്ല. ചൈനയിൽ പോയ ജോൺ മരിഞ്ഞോളിയും (14-ാം നൂ.) ഭാരതത്തിലെത്തിയ പോർട്ടുഗീസുകാരും മേൽപ്പറഞ്ഞ മനഃസ്ഥിതിക്കാരായുന്നു. ചൈനയിൽ അവർക്ക് ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. ഭാരതത്തിലാകട്ടെ ബലപ്രയോഗത്താലും ഉരുക്കുമുഷ്ടിയാലും പൗരസ്ത്യാചാരങ്ങൾ മാറ്റിമറിക്കയും ലത്തീനീകരണം നടത്തുകയും ചെയ്തു.

ഫ്ളോറൻസ് കൗൺസിലിൽ (1431-45) പല പൗരസ്ത്യസഭകളും പങ്കെടുത്തു. ലത്തീൻകാരെയും പൗരസ്ത്യരെയും തുല്യനിലയിൽ കാണണമെന്ന അടിസ്ഥാനം തത്വത്തിൽ അംഗീകരിക്കപ്പെട്ടെങ്കിലും, പ്രായോഗികതലത്തിൽ ലയൺസ് കൗൺസിലിൽ സംഭവിച്ചതുപോലെ ഏകപക്ഷീയമായ പാശ്ചാത്യ സഭാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഐക്യഫോർമുലകൾ രൂപീകൃതമായത്. പേപ്പൽ പ്രൈമസി, ശുദ്ധീകരണസ്ഥലം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, പുളിച്ചതും പുളിക്കാത്തതുമായ അപ്പം കുർബാനയ്ക്ക്





ഉപയോഗിക്കാം എന്ന തത്വം - എന്നീ നാലു സംഗതികളെ കുറിച്ച് പാശ്ചാത്യസഭ ചിന്തിച്ചിരുന്നവയുടെ അടിസ്ഥാനത്തിലാണ് ഐക്യഫോർമുലകൾ എഴുതിയുണ്ടാക്കിയത്. ഫ്ളോറൻസ് കൗൺസിലിനു ശേഷമുണ്ടായ പല സഭൈക്യങ്ങളും ഇതിന്റെ വെളിച്ചത്തിലാണ് നടന്നിട്ടുള്ളത്. ട്രെന്റ് കൗൺസിലിനുശേഷം (1545-63) പൗരസ്ത്യസഭകളുടെ കാര്യത്തിൽ പുതിയൊരു താൽപ്പര്യം പാശ്ചാത്യലോകത്തുണ്ടായി. എന്നാൽ ഐക്യപ്പെടുന്ന പൗരസ്ത്യരെ ലത്തീനീകരിക്കുക എന്ന ധാരണയ്ക്ക് പ്രായോഗിക തലത്തിൽ വലിയ മാറ്റം വന്നില്ല. അതിന്റെ ഉത്തമദൃഷ്ടാന്തമാണ് ഭാരതസഭയിലെ പോർട്ടുഗീസ് മിഷണറിമാരുടെ പ്രവർത്തനം.

ഗ്രിഗറി 13-ാമൻ മാർപാപ്പായുടെ കാലം മുതൽ (1572-85) റോമിൽ പൗരസ്ത്യകോളേജുകൾ സ്ഥാപിക്കപ്പെട്ടു തുടങ്ങി. തുടർന്നുള്ള നൂറ്റാണ്ടുകളിൽ റോമൻ കത്തോലിക്കാസഭയുമായി ഐക്യപ്പെട്ട പൗരസ്ത്യസഭകളിലെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ലത്തീനീകരണം നടന്നിട്ടുണ്ട്. ഒളിഞ്ഞും മറഞ്ഞും അതിനുള്ള പ്രോത്സാഹനവും ഉണ്ടായിട്ടുണ്ട്. ആരാധനക്രമത്തിലുള്ള കൂട്ടിക്കുഴയ്ക്കലുകളെ മാർപാപ്പാമാർ പലപ്പോഴും നിരുത്സാഹപ്പെടുത്തുകയും അപലപിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് ശരി തന്നെ. എന്നാൽ കാര്യമായിട്ടൊന്നും ചെയ്യാൻ അവർക്കു സാധിച്ചില്ല. 1622-ൽ പൗരസ്ത്യറീത്തുകളിൽ പെട്ട എല്ലാ കത്തോലിക്കരെയും റോമൻകൂരിയായുടെ ഒരു വകുപ്പായ പ്രൊപ്പഗാന്താ സംഘത്തിന്റെ കീഴിലാക്കി.

ബനഡിക്ട് 14-ാമൻ മാർപാപ്പാ (1740-58) പൗരസ്ത്യവും പാശ്ചാത്യവുമായ സഭകളുടെ തുല്യത ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചു. ആരാധനക്രമങ്ങളിലുള്ള ലത്തീനീകരണങ്ങൾ തത്വത്തിൽ നിരോധിച്ചു. പൗരസ്ത്യസഭകളോടുള്ള സമീപനത്തിൽ പുതിയ രീതികൾ അവലംബിക്കാൻ ശ്രമിച്ചെങ്കിലും, അദ്ദേഹം ദൈവശാസ്ത്രജ്ഞൻ എന്നതിനേക്കാൾ കാനൻ വിദഗ്ദ്ധൻ ആയിരുന്നതിനാൽ, അത്ര കണ്ട് വിജയിച്ചില്ല. ചില റോമൻ കേന്ദ്രങ്ങളിൽ അൽപ്പം ചലനം സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിലും, പൗരസ്ത്യ ക്രിസ്തീയതത്വത്തോടുള്ള സമീപനം അത് അർഹിക്കുന്ന തരത്തിൽ ഉള്ളതായിരുന്നില്ല. വളരെ താഴെയായിരുന്നു. ഭാരതത്തിലെ മാർതോമ്മാ ക്രിസ്ത്യാനികളുടെ സുറിയാനിസഭ 18-ാം നൂറ്റാണ്ടിലും അനുഭവിച്ചുകൊണ്ടിരുന്ന സഭാതലത്തിലുള്ള കൊളോണിയലിസം തുടർന്നുകൊണ്ടിരുന്നു.

പീയൂസ് 9-ാമൻ മാർപാപ്പാ (1846-78) പ്രൊപ്പഗാന്താ സംഘത്തിന്റെ ഒരുഭാഗം 1862-ൽ പൗരസ്ത്യകത്തോലിക്കർക്കുവേണ്ടി സ്ഥാപിച്ചു. ഒന്നാം വത്തിക്കാൻ കൗൺസിലിൽ സംബന്ധിക്കാൻ എല്ലാ പൗരസ്ത്യസഭകളെയും 1862-ൽ അദ്ദേഹം ക്ഷണിച്ചെങ്കിലും, ക്ഷണം നിരസിക്കപ്പെടുകയാണുണ്ടായത്. പൗരസ്ത്യസഭകൾക്ക് സ്വീകാര്യമല്ലാത്ത മനോഭാവവും നിലപാടുകളും അദ്ദേഹത്തിൽ നിന്നുണ്ടായെന്നു പറയപ്പെടുന്നു.

ലെയോ 13-ാമൻ മാർപാപ്പാ (1878-1903) പൗരസ്ത്യ കത്തോലിക്കാ പാത്രിയർക്കീസുമാരെ 1893-ൽ റോമിൽ വിളിച്ച് ഒരു ചർച്ച നടത്തി. "ഓറി യെന്താലിയും ദീഞ്ഞിത്താസ് "എന്ന രേഖ 1894 നവംബർ 30-ന് അദ്ദേഹം പ്രസിദ്ധീകരിച്ചു. ഓർത്തഡോക്സ് സഭകളുടെയും റോമൻ കത്തോലിക്കാ സഭയുടെയും ഇടയിൽ പാലമായി വർത്തിക്കേണ്ടവരാണ് പൗരസ്ത്യകത്തോ ലിക്കർ എന്ന് ആ രേഖയിൽ അദ്ദേഹം ഊന്നിപ്പറഞ്ഞു. അതുകൊണ്ട്, പൗരസ്ത്യ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടണം, വളർത്തിയെടു ക്കണം, വികസിപ്പിക്കണം. എന്നാൽ ഈ രേഖ എല്ലാവരും എല്ലായിടത്തും നന്നായി ഗ്രഹിച്ചില്ല. ജറുസലേമിലെ ലത്തീൻ പാത്രിയാർക്കേറ്റിന്റെ നേതൃ ത്വത്തിൽ ലത്തീൻ റീത്തിലേക്കുള്ള പരിവർത്തനശ്രമങ്ങളും ലത്തീനീകര ണവും പശ്ചിമേഷ്യയിൽ മുറയ്ക്ക് നടന്നുകൊണ്ടിരുന്നു. ഇപ്രകാരം ചെയ്യു ന്നത് മാർപാപ്പാ കർശനമായി നിരോധിച്ചെങ്കിലും പ്രായോഗികമായി പല യിടങ്ങളിലും ഒന്നും നടന്നില്ല.

ലെയോ മാർപാപ്പാ 1886-ൽ ഇൻഡ്യയെ മുഴുവൻ ലത്തീൻ രൂപതക ളായി തിരിച്ച് ഇൻഡ്യയിൽ ലത്തീൻ കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ച പ്പോൾ, ഇവിടുത്തെ പുരാതന സുറിയാനിസഭയെ ഒരു ലത്തീൻ അതിരൂപ തയുടെ കീഴിലാക്കുക മാത്രമാണ് ചെയ്തത്. "വരാപ്പുഴ വികാരിയേറ്റ്" മാർ തോമാക്രിസ്ത്യാനികൾക്കുവേണ്ടി പ്രൊപ്പഗാന്താ തുടങ്ങിയതായിരുന്നെങ്കി ലും, 1886-ൽ അത് ലത്തീൻസഭയുടെ ഒരു അതിരൂപതയാക്കി, സുറിയാനി ക്കാരെ അതിന്റെ കീഴിലാക്കി. മാർതോമാ ക്രിസ്ത്യാനികളെ ഒരു സഭയായി അംഗീകരിച്ച് സ്വന്തം ഹയരാർക്കി സ്ഥാപിക്കാതെ, റോമൻ കത്തോലിക്കാ സഭയുടെ റീത്താക്കി ലത്തീൻ വരാപ്പുഴ രൂപതയുടെ കീഴിൽ ആക്കുകയാണ് 1886-ൽ ലെയോ മാർപാപ്പാ ചെയ്തത്.

ബനഡിക്ട് 15-ാമൻ മാർപാപ്പാ (1914-22) പൗരസ്ത്യ കത്തോലിക്കർക്കു വേണ്ടി 1917-ൽ റോമിൽ ഒരു കോൺഗ്രിഗേഷൻ സ്ഥാപിച്ചു. പാപ്പാ തന്നെ ആയിരുന്നു അതിന്റെ പ്രീഫെക്ട്. അന്നുവരെ അത് പ്രൊപ്പഗാന്താ സംഘ ത്തിന്റെ ഒരുഭാഗം ആയിരുന്നു. പൗരസ്ത്യസഭകളെ പറ്റിയുള്ള പഠനകേന്ദ്ര മായി റോമിൽ ഒരു "പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട ഓഫ് ഓറിയെന്റൽ സ്റ്റഡീസ് " സ്ഥാപിച്ചു.

തുടർന്നു ഭരിച്ച പീയൂസ് 11-ാമൻ മാർപാപ്പാ (1922-39) 1923-ൽ സിറോ മലബാർ ഹയരാർക്കി പുനഃസ്ഥാപിച്ചു. 1930-ൽ മലങ്കര പുനരൈക്യത്തിന് അംഗീകാരം നൽകുകയും 1932-ൽ മാർ ഈവാനിയോസ് പിതാവിനെ റോമിൽ സ്വീകരിക്കുകയും മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപി ക്കുകയും ചെയ്തു. പൗരസ്ത്യസഭകളെ പറ്റിയുള്ള അറിവ് പാശ്ചാത്യലോ കത്ത് പകരാൻ "റേരും ഓറിയെന്താലിയും" എന്ന രേഖ 1928-ൽ പ്രസിദ്ധീ കരിച്ചു. പൗരസ്ത്യസംഘത്തിന്റെ തലപ്പത്ത് ഭാഗ്യസ്മരണാർഹനായ കർദി





നാൾ എവുജീൻ തിസറാങ് തിരുമേനിയെ 1935-ൽ നിയമിച്ച് അതിനെ ശക്തി പ്പെടുത്തി. യൂറോപ്പിൽ പലയിടങ്ങളിലും എക്യൂമെനിക്കൽ കേന്ദ്രങ്ങൾ ആരം ഭിച്ചു. (ഫ്രാൻസിൽ ഇസ്തീനാ, ബൽജിയത്ത് അമേയിൽ (ഇപ്പോൾ ഷെവു തോങിൽ). പല സന്ന്യാസ സമൂഹങ്ങളുടെയും പൗരസ്ത്യവിഭാഗം തുട ങ്ങാൻ പ്രേരിപ്പിച്ചു. ബിസന്റൈൻ പാരമ്പര്യത്തിൽ പെട്ട പല സന്ന്യാസസ മൂഹങ്ങളും ബ്രാഞ്ചുകൾ തുടങ്ങി. ആരാധനക്രമത്തിലെ ലത്തീനീകര ണത്തെ പീയൂസ് മാർപാപ്പാ ശക്തിയായും നിശ്ശിതമായും വിമർശിച്ചു.

ഇൻഡ്യയിലെ പൗരസ്ത്യ സഭകൾക്ക് പീയൂസ് പതിനൊന്നാമൻ മാർപാപ്പായെ ഒരിക്കലും മറക്കാനാവില്ല. ഇന്ന് ഈ സഭകൾ എന്തെങ്കിലും ആണെങ്കിൽ അതിന് ഹേതുഭൂതൻ അദ്ദേഹമാണ്. തിസറാങ് തിരുമേനിയെ പൗരസ്ത്യസംഘത്തിന്റെ സെക്രട്ടറിയായി നിയമിച്ചതാണ് അദ്ദേഹം ചെയ്ത വലിയ സംഗതി. ഭാരതപൗരസ്ത്യ സഭകളെ നന്നായി അറിയാവുന്ന ആളായിരുന്നു തിസറാങ് തിരുമേനി. "നിങ്ങളുടെ സഭകളെപ്പറ്റി എനിക്കറി യാം, അതുകൊണ്ട് ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു" എന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. സിറോ-മലബാർ സഭയിൽ പോർട്ടു ഗീസ് കാലം മുതൽ കടന്നുകൂടിയ ലത്തീൻ ഘടകങ്ങൾ നീക്കി ഭാരതമ ണ്ണിനു യോജിച്ച ഏഷ്യൻ സഭയാക്കണമെന്നു തീരുമാനിച്ചത് അദ്ദേഹമാണ്. വളരെയധികം പൗരസ്ത്യസഭാജ്ഞാനവും സഭാസ്നേഹവും കഴിവും ആത്മാർഥതയും കർമശേഷിയുമുള്ള ആളായിരുന്നു ഫ്രഞ്ചുകാരനായ തിസ റാങ് തിരുമേനി. റോമിൽ അദ്ദേഹത്തിന്റെ അടുത്ത സഹപ്രവർത്തകനായി രുന്നു ബ. പ്ലാസിഡ് പൊടിപ്പാറ അച്ചൻ.

പീയൂസ് 12-ാമൻ മാർപാപ്പായുടെ കാലത്തും (1939-58) കർദിനാൾ തിസറാങ് തിരുമേനി പൗരസ്ത്യസംഘത്തിന്റെ സെക്രട്ടറിസ്ഥാനത്തു തുടർന്നു. പൗരസ്ത്യകാനൻ നിയമത്തിന്റെ പല ഭാഗങ്ങളും ഇക്കാലത്താണ് പ്രസാധനം ചെയ്തത്. പല പൗരസ്ത്യസഭകളുടെയും ആരാധനക്രമങ്ങൾ ഇക്കാലത്ത് റോമിൽ നിന്ന് പ്രസിദ്ധീകരിച്ചു. റോമിൽ പഠിക്കുന്ന പൗര സ്ത്യർക്ക് താമസിക്കാൻ ഡമഷീൻ കോളേജ് സ്ഥാപിച്ചു.

യോഹന്നാൻ 23-ാമൻ മാർപാപ്പാ ആധുനിക എകൂമെനിസം ലോക ത്തിന് കാഴ്ചവച്ചു. സഭൈക്യസംരംഭങ്ങൾ ത്വരിതപ്പെടുത്താൻ അദ്ദേഹം ഒരു സഭൈക്യകാര്യാലയം സ്ഥാപിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസി ലേക്ക് ഈ കാര്യാലയം വഴി മിക്കവാറും എല്ലാ അകത്തോലിക്കാ സഭകളു ടെയും പ്രതിനിധികളെ മാർപാപ്പാ ക്ഷണിച്ചു. നിരവധി മുൻവിധികൾ മാറ്റാൻ ഈ കാര്യാലയത്തിന്റെ പ്രവർത്തനം സഹായിച്ചു.

പൗലോസ് 6-ാമൻ മാർപാപ്പായുടെ കാലത്ത് പൗരസ്ത്യകത്തോലിക്കാ സഭകളെ പറ്റിയുള്ള രേഖയും എക്യൂമെനിസം സംബന്ധിച്ച രേഖയും

കൗൺസിൽ പ്രസിദ്ധീകരിച്ചു. സഭൈക്യ കാര്യാലയത്തിന്റെ നേതൃത്വത്തിൽ
നിരവധി ഓർത്തഡോക്സ് പാത്രിയർക്കീസുമാർ റോമിലെത്തുകയും മാർപാ
പ്പായെ സന്ദർശിക്കുകയും ചെയ്തു. അതുപോലെ പാപ്പാതന്നെ പല ഓർത്ത
ഡോക്സ് സഭാധ്യക്ഷന്മാരെയും അവരുടെ നാടുകളിൽ പോയി സന്ദർശി
ക്കയുണ്ടായി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ജറുസലേമിൽ വച്ച്
കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായ അത്തനാഗോറസ് തിരുമേനി
യെ സന്ദർശിച്ച മഹാസംഭവമാണ്. 1965 ഡിസംബർ 7-ന് റോമും കോൺ
സ്റ്റാന്റിനോപ്പിളും (ലത്തീൻസഭയും ഗ്രീക്കുസഭയും) പരസ്പരമുള്ള മഹ
റോൻ ഔദ്യോഗികമായി പിൻവലിച്ചു. റോമൻസഭയുടെ പക്കലുണ്ടായിരുന്ന
ചില പൗരസ്ത്യ സഭാപിതാക്കന്മാരുടെ തിരുശേഷിപ്പുകൾ സൗഹൃദത്തിന്റെ
അടയാളമായി പ്രസ്തുത സഭകൾക്ക് തിരികെ നൽകി. വിവിധ സഭകൾ
ഇതിനോടകം നിരവധി ഐക്യചർച്ചകൾ നടത്തുകയും യോജിപ്പിന്റെ മേഖ
ലകൾ കണ്ടെത്തുകയും ചെയ്തു.

ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ അവസാനകാലത്താണ് മല
ങ്കര കത്തോലിക്കാസഭയെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി
ഉയർത്തിയതും സിറിൽ മാർ ബസേലിയോസ് പിതാവിനെ മേജർ ആർച്ചു
ബിഷപ്പ് ആക്കിയതും. പാത്രിയർക്കീസുമാർക്കുള്ള എല്ലാ അധികാരാവകാ
ശങ്ങളും സിനഡൽ ഘടനയും അതിലൂടെ മലങ്കരസഭയ്ക്ക് കൈവന്നു.
പാത്രിയർക്കീസ് എന്ന സ്ഥാനാമം ഇല്ലെന്നു മാത്രമേയുള്ളു. പൗരസ്ത്യ
സംഘത്തിന്റെ പ്രീഫെക്ട് കർദിനാൾ മൂസാ ദാവൂദ് പാത്രിയർക്കീസ് ഇക്കാ
ര്യത്തിൽ ഗണ്യമായ പ്രേരണ ചെലുത്തി.

ബനഡിക്ട് 16-ാമൻ മാർപാപ്പാ മലങ്കരസഭയുടെ പ്രത്യേക നിയമങ്ങൾ
അംഗീകരിക്കുകയും അതിലൂടെ കാതോലിക്കാസ്ഥാനത്തിന് നിയമപരിരക്ഷ
നൽകുകയും ചെയ്തു. ഇക്കഴിഞ്ഞ ഒക്ടോർ 24-ന് റോമിൽവച്ചു നടന്ന
സിനഡിനിടയ്ക്ക് മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായെ
പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പാ കർദിനാൾ സ്ഥാനത്തേക്ക്
ഉയർത്തുകയും നവംബർ 24-ന് കർദിനാളിന്റെ സ്ഥാനചിഹ്നങ്ങൾ നൽകു
കയും ചെയ്തു. അങ്ങനെ സാർവത്രികസഭയുടെ ഭരണത്തിലും മാർപാപ്പാ
യുടെ തെരഞ്ഞെടുപ്പിലും മലങ്കര കത്തോലിക്കാസഭയ്ക്ക് പങ്കാളിത്തം
ലഭ്യമായി. പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ മാർപാപ്പായ്ക്ക് മലങ്കര
കത്തോലിക്കാസഭയോടുള്ള പ്രത്യേക സ്നേഹത്തിന്റെയും വാത്സല്യത്തി
ന്റെയും പ്രത്യക്ഷലക്ഷണമാണ് ഈ തെരഞ്ഞെടുപ്പ്. ചരിത്രത്തിൽ ആദ്യ
മായി 2013 മാർച്ചുമാസത്തിൽ മലങ്കരസഭാധ്യക്ഷനായ മേജർ ആർച്ചു
ബിഷപ്പ്-കാതോലിക്കോസ് മാർ ബസേലിയോസ് ക്ലീമീസ് തിരുമേനി
ഫ്രാൻസിസ് മാർപാപ്പായുടെ തെരഞ്ഞെടുപ്പിൽ പങ്കെടുത്തു.





പൗരസ്ത്യ കത്തോലിക്കാസഭകൾക്കെല്ലാം റോമിന്റെ ഭാഗത്തുനിന്ന്
ചെയ്തുകൊടുക്കേണ്ട ഒരു സുപ്രധാനസംഗതി ഇനിയും അവശേഷിക്കുന്നു.
പൗരസ്ത്യസഭകൾ നിരന്തരം റോമിനോട് ആവശ്യപ്പെടുന്ന ഒന്നാണിത്:
കാനോനികമായി പൗരസ്ത്യസഭകളുടെ സഭാപ്രവർത്തനം പരമ്പരാഗത
മായി അവർക്കുണ്ടായിരുന്ന സ്ഥലത്തു മാത്രമേ പൂർണമായി നടത്താൻ
ഇപ്പോൾ കഴിയൂ. ഇന്ന് എല്ലാ സഭകളിലും പെട്ടവർ എല്ലായിടത്തുമുണ്ട്.
എന്നാൽ അവരുടെ ആത്മിയകാര്യങ്ങൾ നടത്തുന്നതിന് പൗരസ്ത്യസഭാ
ധ്യക്ഷന്മാർക്ക് നിരവധി പരിമിതികളുണ്ട്. ലത്തീൻസഭയ്ക്കാകട്ടെ ലോക
ത്തെവിടെയും പ്രവർത്തനസ്വാതന്ത്ര്യമുണ്ട്. ഇത് പൗരസ്ത്യസഭകൾക്കും
ലഭിച്ചേ മതിയാവൂ എന്ന് പൗരസ്ത്യർ കരുതുന്നു. പ്രത്യേകിച്ച് ഭാരതത്തിലെ
രണ്ട് പൗരസ്ത്യസഭകളെ സംബന്ധിച്ചും ഇത് വളരെ വാസ്തവമാണ്.
ലക്ഷക്കണക്കിന് മാർതോമാക്രിസ്ത്യാനികളാണ് ശരിയായ അജപാലനശു
ശ്രൂഷ ലഭിക്കാതെ ഗൾഫുനാടുകളിൽ കഴിയുന്നത്. അവരിൽ അനേകർ
വിവിധ സെക്ടുകളാൽ ആകർഷിക്കപ്പെട്ട് കത്തോലിക്കാവിശ്വാസം നഷ്ട
മാകാൻ ഇടയാകുന്നു. ഒരു വലിയ വിശ്വാസച്ചോർച്ച അവിടെ സംഭവിക്കു
ന്നു. അതുപോലെ ഇൻഡ്യാ മഹാരാജ്യത്തിലുടനീളവും ഈ സ്ഥിതിവിശേ
ഷം നിലനിൽക്കുന്നു. ഇതിനും മാറ്റം വന്നെങ്കിലേ ഇൻഡ്യയിൽ സഭൈക്യ
സംരംഭങ്ങൾ വിജയിക്കുകയുള്ളു, അകത്തോലിക്കരുടെ സംശയങ്ങളും
ഭീതിയും നീങ്ങുകയുള്ളു.

# 13
# ഭാരതീയസഭകളുടെ ഭാരതീയത

കേരളത്തിലെ സുറിയാനിസഭകൾക്കു ലഭിച്ചിരിക്കുന്നത് വളരെ പുരാതനവും പ്രശസ്തവുമായ ആരാധനക്രമങ്ങളാണ്. ഏതാണ്ട് 17 നൂറ്റാണ്ടുകാലം ഇവിടുത്തെ മാർ തോമാനസ്രാണികളെല്ലാം ഉപയോഗിച്ചിരുന്നത് പേർഷ്യയിലെ കൽദായസുറിയാനി ആരാധനക്രമമായിരുന്നു. പുത്തൻകൂറെന്നും പഴയകൂറെന്നും സമുദായം രണ്ടായി പിളർന്നപ്പോഴും പുത്തൻകൂറ്റുകാരും വളരെ നാളത്തേക്ക് ബിഷപ്പ് റോസ് ലത്തീനീകരിച്ച കൽദായക്രമമാണ് ഉപയോഗിച്ചത്. 1876-ലെ മുളന്തുരുത്തി സൂനഹദോസോടു കൂടിയാണ് കൽദായക്രമം പുത്തൻകൂറ്റുകാരുടെ ഇടയിൽ നിന്ന് പൂർണമായി മാറ്റി അന്ത്യോക്യൻക്രമം വ്യാപകമാക്കിയത്. അതായത് അന്ത്യോക്യൻ ക്രമത്തിന് കേരളത്തിൽ 1876 മുതലുള്ള പഴക്കമേയുള്ളു എന്നു സാരം. എന്നാൽ ആ ക്രമം വളരെ പുരാതനവും എല്ലാ ആരാധനക്രമങ്ങളുടെയും മാതാവുമാണ്. അന്ത്യോക്യൻ സ്വാധീനം സ്വീകരിച്ചാണ് മറ്റിടങ്ങളിലുള്ള ആരാധനക്രമങ്ങളെല്ലാം തന്നെ രൂപപ്പെട്ടത്. ആ ആരാധനക്രമം നമുക്കു ലഭിച്ചത് ഒരു വലിയ ഭാഗ്യമാണ്. ഏഷ്യയിലെ മണ്ണിന് ഏറ്റവും യോജിച്ചതാണ് അന്ത്യോക്യൻ ആരാധനക്രമം എന്നാണ് പണ്ഡിതമതം. അക്കാരണത്താൽ ഈ രണ്ട് ആരാധനക്രമങ്ങളും ഭാരതീയമാണ്.

## സഭാധ്യക്ഷന്മാരുടെ ശിരോവസ്ത്രം

മാർതോമാ നസ്രാണികളുടെ അധ്യക്ഷന്മാർ പണ്ടുകാലത്ത് എന്തുതരം ശിരോവസ്ത്രവും ശീലമുടിയും ഉപയോഗിച്ചിരുന്നു എന്നു പറയാൻ തക്ക തെളിവുകൾ നമ്മുടെ പക്കലില്ല. ഇന്ന് പുത്തൻകൂർ വിഭാഗത്തിൽ പെട്ട യാക്കോബായാ, ഓർത്തഡോക്സ്, മലങ്കരകത്തോലിക്കാ, തൊഴിയൂർ മാർതോമാ സഭകളുടെ അധ്യക്ഷന്മാർ ഉപയോഗിക്കുന്ന ശിരോവസ്ത്രവും ശീലമുടിയും അന്ത്യോക്യൻ യാക്കോബായക്കാരിൽ നിന്ന് കിട്ടിയിട്ടുള്ളതാണ്.

അന്ത്യോക്യക്കാരാകട്ടെ കാലാകാലങ്ങളിൽ അതിന് മാറ്റം വരുത്തിയി





ട്ടുണ്ട്. പശ്ചിമേഷ്യയിലെ അറബി നേതാക്കന്മാരുടെ തൊപ്പിയോട് സാമ്യമുള്ളതാണ് ഇപ്പോഴത്തെ അവരുടെ തൊപ്പി. അറബിനേതാക്കന്മാർ തൊപ്പിക്ക് മാറ്റം വരുത്തിയപ്പോഴൊക്കെ അവിടുത്തെ യാക്കോബായാ സഭാനേതാക്കന്മാരും അവരുടെ തൊപ്പിക്ക് മാറ്റം വരുത്തിയിരുന്നു. ഞാൻ ഒരിക്കൽ സിറിയായിൽ പോയപ്പോൾ ഒരരമനയിൽ വ്യത്യസ്ത കാലഘട്ടങ്ങളിലെ മെത്രാന്മാർ ധരിച്ചിരുന്ന വ്യത്യസ്ത തൊപ്പികളുടെ ചിത്രങ്ങൾ കാണാനിടയായി. യാക്കോബായക്കാരുടെ സ്വാധീനം മൂലമാണ് കേരളത്തിലെ പുത്തൻകൂർ പാരമ്പര്യമുള്ള പിതാക്കന്മാരും ഈ തൊപ്പി ധരിക്കുന്നത്.

പുത്തൻകൂർ മെത്രാന്മാർ തലയിൽ സ്ഥിരം ധരിക്കുന്ന കുരിശുള്ള ശിരോവസ്ത്രം സന്ന്യാസികളുടെ വേഷത്തിന്റെ ഭാഗമാണ്. പശ്ചിമേഷ്യൻ യാക്കോബായാസഭയിൽ സാധാരണ വൈദികരെല്ലാം വിവാഹിതരാണ്; സന്ന്യാസികളാകട്ടെ അവിവാഹിതരും. അവരുടെ ശിരോവസ്ത്രം അടക്കമൊതുക്കത്തിന്റെയും വിനയത്തിന്റെയും സൂചനയായി അവർ നിരന്തരം ധരിക്കുന്നു. പശ്ചിമേഷ്യൻ യാക്കോബായക്കാർ ഈ സന്ന്യാസികളിൽ നിന്നാണ് മെത്രാന്മാരെ തെരഞ്ഞെടുത്തിരുന്നത്. അവർ മെത്രാന്മാരായപ്പോൾ അവരുടെ സന്ന്യാസവസ്ത്രം നീക്കിക്കളഞ്ഞില്ല. അവർ അത് തുടർന്നും ധരിച്ചു. കേരളത്തിലെ പുത്തൻകൂറ്റുകാരിലെ എല്ലാ വിഭാഗക്കാരും യാക്കോബായക്കാരിൽ നിന്നു കിട്ടിയ ഈ പാരമ്പര്യം തുടരുന്നു. ഈ ശിരോവസ്ത്രം 12 കുരിശുകളോടുകൂടെ ധരിക്കുന്ന യാക്കോബായാ സന്ന്യാസികളെയും സന്ന്യാസിനികളെയും സിറിയായിൽ ഞാൻ കണ്ടിട്ടുണ്ട്. 12 കുരിശുകൾ ഉള്ള ശിരോവസ്ത്രം ശ്ലീഹന്മാരുടെ പിൻതുടർച്ചയിലാണ് മെത്രാന്മാരെന്ന് കാണിക്കാനാണെന്ന് ചിലർ വാദിക്കുന്നെങ്കിലും, യാക്കോബായാ സഭയിലെ സന്ന്യാസിനികളും സന്ന്യാസികളും 12 കുരിശുള്ള ശിരോവസ്ത്രമാണ് ധരിക്കുന്നത്.

പുത്തൻകൂർവിഭാഗത്തിലെ മലങ്കര കത്തോലിക്കരും യാക്കോബായക്കാരും പഴയകൂർ വിഭാഗത്തിലെ സൂറായികളും ഒഴികെയുള്ള വിഭാഗങ്ങളെല്ലാം ലത്തീൻ മെത്രാന്മാർ ധരിക്കുന്ന തൊപ്പിയുടെ വിവിധ രൂപങ്ങൾ ധരിക്കുന്നത് കണ്ടിട്ടുണ്ട്. അത് അവർക്കൊക്കെ എങ്ങനെ ലഭിച്ചു? ഈ അടുത്തയിട ഓർത്തഡോക്സ് സഭയുടെ എറണാകുളത്തെ സംഗമത്തിൽ കാതോലിക്കാബാവാ തിരുമേനി ധരിച്ച തൊപ്പി തനി ലത്തീൻതൊപ്പി തന്നെയാണ്. സിറോമലബാർ മെത്രാന്മാരുടെ തൊപ്പിയും അതിന്റെ മറ്റൊരു രൂപം മാത്രമാണ്. മാർതോമാസഭയുടെ അധ്യക്ഷന്മാർ പട്ടം കൊടുക്കുമ്പോൾ ധരിക്കുന്നത് ഈ തൊപ്പിയാണ്. ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ, അദ്ദേഹവും ഇത്തരം തൊപ്പി ധരിച്ചുള്ള ഫോട്ടോ കണ്ടിട്ടുണ്ട്.

ഈ തൊപ്പി മലങ്കരനസ്രാണികൾക്ക് ലഭിച്ചത് താഴെ വരുംപ്രകാരമാണ്. 1600 മുതൽ 1653 വരെ നസ്രാണികളെല്ലാവരും പോർട്ടുഗീസ് ജസ്വിട്ട് ലത്തീൻ

മെത്രാന്മാരുടെ കീഴിലായിരുന്നല്ലോ. ഇതാണല്ലോ ചരിത്രസത്യം. അന്ന് നസ്രാണികൾക്ക് പരിചയമുണ്ടായിരുന്ന ഏകതൊപ്പി ഈ ലത്തീൻതൊപ്പി മാത്രമായിരുന്നു. അതിനുമുമ്പ് മറ്റൊരു തൊപ്പി ഇവിടുത്തെ മെത്രാന്മാർ ഉപയോഗിച്ചിരുന്നോ എന്നറിവില്ല. ഇല്ല എന്നതിന്റെ സൂചനയാണുള്ളത്. റോമിൽ നിന്നു വന്ന കർമലീത്താ മെത്രാനായ സെബസ്ത്യാനി, ചാണ്ടിക്കത്തനാരെ മെത്രാനാക്കിയപ്പോൾ, *മലങ്കര മെത്രാപ്പോലീത്താ* എന്ന നിലയിൽ ചാണ്ടിമെത്രാൻ ധരിച്ചിരുന്നതും ഈ ലത്തീൻ തൊപ്പിയായിരുന്നു. മാർ ഗ്രിഗോറിയോസിൽ നിന്ന് ആറാം മാർതോമായുടെ കാലത്ത് പട്ടം കിട്ടിയ തൊഴിയൂർ കാട്ടുമങ്ങാട്ട് മെത്രാച്ചന്റെ അനന്തരഗാമികളായ തൊഴിയൂർക്കാരും ഈ ലത്തീൻ തൊപ്പിയാണ് ഉപയോഗിക്കുന്നത്. പദ്രവാദോയുടെ കീഴിൽ കരിയാറ്റി യൗസേപ്പ് മൽപ്പാൻ മെത്രാനായപ്പോൾ ധരിച്ചതും ഇതു തന്നെയായിരുന്നു. മാർ തോമാ ഒന്നാമൻ മുതൽ മാത്യൂസ് മാർ അത്തനാസ്യോസ് വരെയുള്ള പുത്തൻകൂർ മെത്രാന്മാരും ഈ തൊപ്പി തന്നെയാണ് ധരിച്ചിരുന്നത് എന്നു വേണം ഊഹിക്കാൻ. മാത്യൂസ് മാർ അത്തനാസ്യോസ് പശ്ചിമേഷ്യയിൽ പോയി മെത്രാനായപ്പോഴാണ് ആദ്യമായി മലങ്കര പുത്തൻകൂർ അധ്യക്ഷന്മാർ, ഇപ്പോൾ മെത്രാന്മാർ സാധാരണ ധരിക്കുന്ന മുടിത്തൊപ്പി ധരിച്ചുതുടങ്ങിയത്. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും പശ്ചിമേഷ്യയിൽ പോയി പട്ടമേറ്റപ്പോൾ ഇതു ധരിച്ചു തുടങ്ങി. അതേ തുടർന്ന് അത് സാർവത്രികമായി. എന്നാൽ പഴയ രീതി പാടേ മറക്കാത്തവർ നേരത്തെയുണ്ടായിരുന്ന തൊപ്പി അസാധാരണ സന്ദർഭങ്ങളിലൊക്കെ ധരിക്കുന്നു. യാക്കോബായക്കാർ കൂടുതലായി അന്ത്യോക്യൻ യാക്കോബായാപക്ഷം ചേർന്നതിനാൽ എല്ലാക്കാര്യങ്ങളിലും യാക്കോബായക്കാരെപ്പോലെ ആയിരിക്കാൻ പൂർവികമായ തൊപ്പിയുടെ രൂപം ഉപേക്ഷിച്ചു.

## വൈദികവസ്ത്രം

മലങ്കരയിലെ നസ്രാണികളുടെ പുരാതന വൈദികവസ്ത്രം ഇപ്പോൾ യാക്കോബായിലെ പ്രായമായ വൈദികരും ചില യുവവൈദികരും ധരിക്കുന്ന വൈദികവസ്ത്രമായിരുന്നു. അത് മറ്റാരും എടുക്കാൻ അവർ അനുവദിച്ചിരുന്നുമില്ല. പോർട്ടുഗീസ് മിഷണറിമാർ ചില ലത്തീൻ വൈദികവിദ്യാർഥികളെ ഈ ഉടുപ്പിടുവിച്ചപ്പോൾ പഴയകൂർ നസ്രാണികൾ പ്രതിഷേധിച്ചു എന്ന് കേട്ടിട്ടുണ്ട്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതി വരെയും നസ്രാണികളുടെ കത്തനാരന്മാരെല്ലാം ഉപയോഗിച്ചിരുന്നത് മേൽപ്പറഞ്ഞ വൈദികവസ്ത്രമാണ്. ഇതു മാറാനിടയായത് താഴെ പറയുംവിധമാണ്.

യൂറോപ്പിൽനിന്ന് ഒരു മൂപ്പച്ചൻ വന്നപ്പോൾ വരാപ്പുഴ സെമിനരിയിൽ പഠിച്ചിരുന്ന ലത്തീൻകാരായ സെമിനരിക്കാരും പഴയകൂർ സുറിയാനിക്കാരായ സെമിനരിക്കാരും ചങ്ങാടം അടുക്കുന്ന കരയിൽ മൂപ്പച്ചനെ സ്വീകരിക്കാൻ ഇരുവശങ്ങളിലായി നിന്നു. മൂപ്പച്ചൻ വന്ന് ലത്തീൻ വേഷമണിഞ്ഞ സെമിനരിക്കാരെ അഭിവാദനം ചെയ്ത് കടന്നുപോയി, സുറിയാനിക്കാർ ശെമ്മാശ്ശന്മാരെ ഗൗനിച്ചില്ല. അതു വലിയ അവഹേളനമായി സുറിയാനിക്കാർ കരുതി. എന്തുകൊണ്ടാണ് ഗൗനിക്കാതിരുന്നതെന്ന് തിരക്കിയപ്പോൾ, 'അവർ അൽമായരാണെന്നു കരുതിയാണ്, വൈദികവസ്ത്രം കണ്ടില്ലല്ലോ' എന്നൊക്കെ പറഞ്ഞു. ഉടൻ തന്നെ വരാപ്പുഴ സെമിനരിയിൽ പഠിക്കുന്ന സുറിയാനിക്കാർ ശെമ്മാശ്ശന്മാരെയും കുപ്പായം ഇടീക്കാൻ തീരുമാനിച്ചു. മൂപ്പച്ചന്മാർ തുണി വാങ്ങി എല്ലാവർക്കും കുപ്പായം തയ്പ്പിച്ചുകൊടുത്തു. അങ്ങനെയാണ് ഈ കുപ്പായം നസ്രാണികളുടെയിടയിൽ കടന്നുകൂടിയത്. പഴയകൂർ വൈദികർ വരാപ്പുഴ അരമനയിൽ ചെല്ലുമ്പോൾ ഈ വേഷത്തിൽ ചെല്ലണമെന്ന് ലെയൊണാർദ് മെല്ലാനോ മെത്രാൻ കൽപ്പനയിറക്കി. എങ്കിലും പിന്നെയും വളരെനാൾ എല്ലാ നസ്രാണിവൈദികരും പഴയ വസ്ത്രം തന്നെ ധരിച്ചു. കാലക്രമത്തിൽ കത്തോലിക്കാ വൈദികരെല്ലാവരും പുതിയവേഷം ധരിക്കാൻ തുടങ്ങി.

ഇപ്പോൾ ഓർത്തഡോക്സ്, മാർതോമാ, സി.എസ്ഐ. സഭകളിലെ മിക്ക വൈദികരും ധരിക്കുന്ന വൈദികവസ്ത്രം നാട്ടിൽ നടപ്പായത് പുത്തൻകൂറ്റുകാർ പ്രോട്ടസ്റ്റന്റ് മിഷണറി സ്വാധീനത്തിൽ വന്നപ്പോൾ മുതലാണ്. ആ വസ്ത്രവും ലത്തീൻകുപ്പായം പോലെ വൈദേശികമാണ്.

**ആരാധനക്രമവും ആരാധനാഭാഷയും**

ഇവിടുത്തെ പുരാതനമായ ആരാധനക്രമം പേർഷ്യയിലെ കൽദായ സഭയിലെ പൗരസ്ത്യാരാധനക്രമമായിരുന്നു എന്ന് ഉദയംപേരൂർ സൂനഹദോസിന്റെ ഡിക്രികൾ വ്യക്തമാക്കുന്നു. മറ്റൊരാരാധനക്രമത്തെ പറ്റിയുള്ള യാതൊരു സൂചനയും സിനഡ് നൽകുന്നില്ല. അതുപോലെ സിനഡിൽ പരാമർശിക്കപ്പെട്ട പുസ്തകങ്ങളൊക്കെ പൗരസ്ത്യസുറിയാനി സഭയിലെ എഴുത്തുകാരുടെ ഗ്രന്ഥങ്ങളാണ്. പശ്ചിമേഷ്യൻ യാക്കോബായാ സഭയിലെ ചരിത്രകാരന്മാരൊന്നും ഇവിടുത്തെ സഭയെപ്പറ്റി പരാമർശിച്ചിട്ടില്ല.

ഇവിടെ ഉപയോഗത്തിലിരുന്ന സുറിയാനി വാക്കുകളുടെ ഉച്ചാരണരീതി പൗരസ്ത്യസുറിയാനി രീതിയിൽ ആയിരുന്നു. ഉദാ. കൂദാശ, ഓശാന, ഈശോ, യോഹന്നാൻ, യാക്കോബ്, റമ്പാൻ, യാക്കോബായാ, മാമോദീസാ, കുർബാന, കാസാ, പീലാസാ, ദനഹാ, ദുക്റാനാ, കശീശാ, സ്ലീബാ, ശ്ലീഹാ, ദയറാ, ഹമ്മീറാ, റൂഹാ, ആബാ. പാശ്ചാത്യ സുറിയാനി രീതിയിലുള്ള ഉച്ചാരണം സാർവത്രികമായത് 19-ാം നൂറ്റാണ്ടിന്റെ അവസാന കാലത്താണ്. മുൻകാല യാക്കോബായാ എഴുത്തുകാരും മറ്റുള്ളവരും ഇക്കാര്യം സാക്ഷിച്ചിട്ടുണ്ട്. മെനെസിസും ബിഷപ്പ് റോസും പരിഷ്ക്കരിച്ചത് ഇവിടെ നടപ്പിലിരുന്ന കൽദായക്രമമാണ്, അന്ത്യോക്യൻ ക്രമമല്ല.

കോനാട്ട് അബ്രഹാം മൽപ്പാനച്ചൻ പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "മൂന്നുനാലു തലമുറകൾക്കു മുമ്പ് മലയാളത്ത് നടപ്പിലിരുന്നത് കൽദായ സുറിയാനി ആയിരുന്നു എന്നത് ഈ രാജ്യത്ത് പലർക്കും, പ്രത്യേകിച്ച് അച്ചന്മാർക്കും, അറിയാവുന്ന വസ്തുതയാണ്. മലയാളത്ത് എഴുതിയതായി നമ്മുടെ അച്ചന്മാരുടെ പക്കലുള്ള പഴയ സുറിയാനി പുസ്തകങ്ങളെല്ലാം കൽദായ സുറിയാനിയിൽ ഉള്ളതാണല്ലോ" (*മലങ്കരയിലെ സമാധാനം*, കോട്ടയം, 1942, പേ.5-6).

"മുളന്തുരുത്തി പള്ളിയുടെ പടിഞ്ഞാറെ കതകിന്റെ കരിങ്കൽ കട്ടിളകളിൽ പുരാതനമായ കൽദായസുറിയാനി ഭാഷയിൽ ചില എഴുത്തുകൾ കണ്ടു...". "തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയുടെ മദ്ബ്ഹായിൽ ഘനം കുറഞ്ഞ ഒരു പലകയിൽ കൽദായ സുറിയാനിയിൽ *ബാറേക് ഉകാദേശ്* എന്ന ഭാഗം വൈദികരുടെ ഉപയോഗത്തിന് 30 വർഷം മുമ്പ് മരിച്ച വല്യമണ്ണിലച്ചൻ എഴുതി വച്ചിരിക്കുന്നത് കാണാൻ ഇടയായി. വി. കുർബാനയ്ക്കിടയിലെ പ്രധാനഭാഗം കൽദായ സുറിയാനിയിൽ പട്ടക്കാർ ഉപയോഗിക്കത്തക്കവണ്ണം കൽദായ സുറിയാനി ഭാഷയോട് ഒരടുപ്പമോ, ആദരവോ അടുത്തകാലം വരെ ഉണ്ടായിരുന്നു എന്നു ചുരുക്കം"എന്ന് ഫാ. കുറിയാക്കോസ് ഓ.ഐ.സി. (ഓർത്തഡോക്സ് ) എഴുതുന്നു (*മലങ്കരസഭ*,1983,38/9).

"മാർ അബ്രഹാമിന്റെ കാലം അവസാനിക്കും വരെ (1597) മലങ്കരസഭയിൽ കൽദായ മെത്രാന്മാരുടെ പരമ്പര നിലനിന്നു...റോമാസുറിയാനിക്കാർ യാതനകൾ സഹിച്ച് കൽദായ സുറിയാനി നിലനിർത്തി. നാം അന്ത്യോക്യൻ ബന്ധത്തിൽ കൽദായ സുറിയാനി ഉപേക്ഷിക്കാൻ നിർബന്ധിതരായി. നമുക്ക് അന്നുവരെ അന്ത്യോക്യയോട് ബന്ധമില്ലായിരുന്നു...ഇതുകൊണ്ടുതന്നെ അന്ത്യോക്യയുമായി മലങ്കരസഭയ്ക്ക് അക്കാലത്ത് യാതൊരു ബന്ധവും ഇല്ലായിരുന്നു എന്ന് തെളിയുന്നു" എന്ന് ജേക്കബ് തോമസ് നടുവിലേക്കര എഴുതുന്നു (*മലങ്കരസഭ*,1983,38/11).

ഇപ്പോൾ പുരാതനമായ കൽദായ ഉച്ചാരണം മാറ്റി പാശ്ചാത്യസുറിയാനി രീതിയിലുള്ള ഉച്ചാരണം നടപ്പാക്കാൻ യാക്കോബായക്കാർ സംഘടിതമായി ശ്രമിച്ചുകൊണ്ടിരിക്കയാണ്. മലങ്കര കത്തോലിക്കരും ഈ പാത പിൻതുടരുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല.

## വൈദികവിവാഹം

പ്രോട്ടസ്റ്റന്റ് സമ്പർക്കം മൂലം പുത്തൻകൂർ വൈദികർ വിവാഹിതരാകാൻ പ്രേരിപ്പിക്കപ്പെട്ടു. ഉദയംപേരൂർ സൂനഹദോസു മുതൽ 1825 വരെ മലങ്കരയിൽ വൈദികർ വിവാഹിതരായിരുന്നില്ല. അതായത്, ലത്തീൻ ഭരണത്തിൻ കീഴിൽ ലഭിച്ച നിരവധി സഭാപാരമ്പര്യങ്ങളിൽ ഒന്നായിരുന്നു ഈ പാരമ്പര്യം. വേർപെട്ട ആദ്യകാലയളവിലൊന്നും ഈ പാരമ്പര്യം മാറ്റാൻ





പുത്തൻകൂർ സഭാനേതൃത്വം മുതിർന്നില്ല. എന്നാൽ 1816 മുതലുള്ള പ്രോട്ടസ്റ്റന്റ് സ്വാധീനവും അന്ത്യോക്യൻ യാക്കോബായാ സ്വാധീനവും അതിന് ആക്കം കൂട്ടി. അങ്ങനെ പ്രോട്ടസ്റ്റന്റ് മിഷണറിമാരിൽ നിന്ന് 400 രൂപാ കൈപ്പറ്റി അബ്രഹാം മൽപ്പാൻ ഉൾപ്പെടെ 40 പുത്തൻകൂർ കത്തനാരന്മാർ വിവാഹിതരായി.

## ലത്തീൻ അനുഷ്ഠാനങ്ങൾ

പുത്തൻകൂർ സമുദായത്തിൽ 1836-ലും നിരവധി ലത്തീൻ അനുഷ്ഠാനങ്ങൾ നിലനിന്നെന്ന്, അബ്രഹാം മൽപ്പാൻ മദ്രാസിലെ റസിഡന്റ് കേണൽ ഫ്രെയ്സർക്ക് 1836-ൽ അയച്ച കത്തിൽ നിന്ന് വ്യക്തമാണ്. ഉദയംപേരൂർ സിനഡിനോടുകൂടെ ലഭിച്ച ഈ പാരമ്പര്യങ്ങളൊന്നും അന്ത്യോക്യൻ യാക്കോബായക്കാർക്ക് മാറ്റിമറിക്കാൻ സാധിച്ചില്ലെന്നു ചുരുക്കം. അത്തരത്തിൽ പെട്ടവയാണ് കൊന്തനമസ്ക്കാരം, വിഭൂതി ബുധൻ ആചരണം, പ്രായമാകുമ്പോൾ മാത്രം വി. മൂറോനഭിഷേകം നടത്തൽ ആദിയായവ. ഇവയെല്ലാം അനാചാരങ്ങളാണെന്നു കാണിച്ചാണ് ചേപ്പാട്ട് മാർ ദിവന്നാസ്യോസിനെതിരെ അബ്രഹാം മൽപ്പാൻ മദ്രാസിലേക്ക് എഴുതിയത്. കൊന്തനമസ്ക്കാരവും 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർഥനയും നിർത്തലാക്കിയത് പ്രോട്ടസ്റ്റന്റ് സ്വാധീനത്തിൽ വന്ന മാത്യൂസ് മാർ അത്തനാസ്യോസാണ്.

## നസ്രാണി സമുദായത്തിലെ പിളർപ്പുകളും വിഭജനങ്ങളും

കൂനൻ കുരിശുസത്യത്തിനു ശേഷം (1653) സമുദായം നാല് ഭരണാധികാരത്തിൻ കീഴിൽ വന്നു:

1. ലത്തീൻ ജസ്വിട്ട് ബിഷപ്പ് ഗാർസ്യായുടെ ഭരണത്തിലേക്ക് നസ്രാണികളുടെ ഏതാണ്ട് ഒൻപത് പള്ളികൾ കൂനൻകുരിശിനുശേഷം തിരികെ പോയി. അവർ കൊടുങ്ങല്ലൂർ പദ്രവാദോ രൂപതയിലായി (1657).

2. മലബാറിലെ വികാരിയേറ്റിൽ (1659) സെബസ്ത്യാനിയുടെയും പിന്നീട് ചാണ്ടിമെത്രാന്റെയും കീഴിൽ വന്ന ബഹുഭൂരിപക്ഷം പള്ളികൾ

3. 1653-നു ശേഷം ആർച്ചുഡീക്കന്റെ കൂടെ നിന്ന ന്യൂനപക്ഷം പള്ളികൾ

4. പദ്രൊവാദൊയുടെ കീഴിൽ 1610-ൽ ഇൻഡ്യയെ ഗോവാ, കൊച്ചി, മൈലപ്പൂർ, കൊടുങ്ങല്ലൂർ എന്നിങ്ങനെ നാലു രൂപതകളായി പുനർവിഭജനം നടത്തിയപ്പോൾ, കൊടുങ്ങല്ലൂർ രൂപതയ്ക്ക് പുറത്ത് മറ്റ് ലത്തീൻ രൂപതകളിൽ ഉൾപ്പെട്ടുപോയ സുറിയാനി പള്ളികൾ ആരാധനക്രമം മാറ്റാതെ ആ രൂപതകളിൽ നേരത്തേ തന്നെ ഉൾപ്പെട്ടിരുന്നു.

പതിനേഴാം നൂറ്റാണ്ടിൽ തന്നെ സമുദായം നാല് തട്ടുകളിലായിരുന്നു. ഈ വ്യത്യസ്ത നേതൃത്വങ്ങളുടെ കീഴിൽ വരികയും അവരുടെ രീതിക

ളിൽ പരിചയിക്കുകയും ചെയ്ത മാർതോമാ നസ്രാണികൾ വ്യത്യസ്ത രീതികളിൽ ചിന്തിക്കാനും സഭാവീക്ഷണം പുലർത്താനും തുടങ്ങി. കത്തോലിക്കരായ മാർ തോമാ നസ്രാണികൾ തുടർന്നുള്ള നൂറ്റാണ്ടുകളിൽ പദ്രവാദോ, പ്രൊപ്പഗാന്താ എന്നിങ്ങനെ രണ്ടു നേതൃത്വങ്ങളുടെ കീഴിൽ വന്നു.

പുത്തൻകൂർ സുറിയാനിക്കാരുടെ ഇടയിൽ 19-ാം നൂറ്റാണ്ടോടുകൂടെ പിളർപ്പ് രൂക്ഷമായി. ആറാം മാർതോമായ്ക്കുശേഷം ഭരിച്ചവർക്കൊക്കെ എതിർപ്പുകൾ നേരിടേണ്ടിവന്നു. എട്ടും ഒൻപതും മാർ തോമാമാർ ജീവിച്ചിരിക്കുമ്പോഴാണ് വടക്കു നിന്നുള്ള പുലിക്കോട്ടിൽ റമ്പാൻ കലാപക്കൊടി ഉയർത്തി, പ്രോട്ടസ്റ്റന്റ് മിഷണറിമാരുടെ സഹായത്തോടെ തൊഴിയൂർ മെത്രാനിൽ നിന്ന് പട്ടമേറ്റത്. തുടർന്നു ഭരിച്ച പുന്നത്ര മാർ ദിവന്നാസ്യോസ് പ്രോട്ടസ്റ്റന്റുകാരെ നിർബാധം സഭയിൽ കയറ്റിവിട്ടു. അവരുടെ സ്വാധീനത്തിൽ വന്നവർ വ്യത്യസ്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും തുടങ്ങി. അതിനോടുള്ള എതിർപ്പിന്റെ ഫലമായി ബാക്കിയുള്ളവർ അന്ത്യോക്യൻ യാക്കോബായാ സഭയോട് കൂടുതൽ അടുത്തു. അങ്ങനെ 19-ാം നൂറ്റാണ്ടോടുകൂടെ താഴെപ്പറയുന്ന വിഭാഗങ്ങൾ വ്യത്യസ്ത ചിന്താഗതികളോടുകൂടെ പുത്തൻകൂറ്റിൽ ഉടലെടുത്തു:

1. തൊഴിയൂർ സഭ (1772)
2. സി.എം.എസ് ആംഗ്ലിക്കൻസഭ (1836)
3. നവീകരണ യാക്കോബായാസഭ/ മാർതോമാ സുറിയാനിസഭ (1889)
4. യാക്കോബായാസഭ (1886)

ഇരുപതാം നൂറ്റാണ്ടിൽ യാക്കോബായാസഭയിൽ ഭിന്നതകൾ രൂക്ഷമായി. മെത്രാൻകക്ഷിയെന്നും ബാവാക്കക്ഷിയെന്നും ചേരിതിരിഞ്ഞ് കോടതിയും കേസുമായി അവർ ഒരു നൂറ്റാണ്ടു മുഴുവൻ പാഴാക്കി. ആദ്യം വട്ടിപ്പണക്കേസ് (1913-1928), പിന്നെ സമുദായക്കേസ്, (1938-1958), യോജിപ്പ് (1958-1975), അതിനുശേഷം രണ്ടാം സമുദായക്കേസ് അഥവാ സെമിനരിക്കേസ് (1975- ). ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കും ഈ കേസുകളും കക്ഷിവഴക്കുകളും കെട്ടിവലിച്ചു കൊണ്ടുവന്നിരിക്കയാണ്. മെത്രാൻകക്ഷിക്കാർ സ്വതന്ത്രസഭാവാദം മുറുകെപ്പിടിക്കുന്നു, ബാവാക്കക്ഷിക്കാർ അമിതമായി അന്ത്യോക്യൻ യാക്കോബായാസഭയോട് മമത പുലർത്തുന്നു. ഇരുവിഭാഗക്കാരും സഭാത്മകമായി ഇപ്പോൾ വ്യത്യസ്തവീക്ഷണങ്ങൾ പുലർത്തുകയും ചരിത്രം നിർമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എങ്കിലും വസ്തുനിഷ്ഠമായി ചരിത്രം കാണാൻ കഴിവുള്ള അപൂർവം ആളുകൾ അവരുടെ ഇടയിലും ഉയർന്നുവരുന്നു എന്നത് ശുഭോദർക്കമാണ്.

കൂനൻകുരിശിനു മുമ്പുള്ള അവസ്ഥയിലേക്ക് പോയി മലങ്കര നസ്രാ





ണികളുടെ ഐക്യം സുസാധമാക്കാൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ തുടങ്ങിയ പുനരൈക്യപ്രസ്ഥാനത്തിൽ നിന്ന് മലങ്കര കത്തോലിക്കാസഭ 1930-ൽ രൂപം കൊണ്ടു. അങ്ങനെ ഐക്യപ്പെട്ട ഒരു വിഭാഗവും പുത്തൻകൂറ്റിൽ ഉടലെടുത്തു. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായതോടുകൂടി സിനഡൽ ഘടനയും സ്വതന്ത്ര ഭരണസംവിധാനവും ഈ സഭയ്ക്ക് കൈവന്നു. കാനോനികമായി പാത്രിയർക്കീസിന് തുല്യമായ സ്ഥാനമാണ് മേജർ ആർച്ചുബിഷപ്പിനുള്ളത്. സഭയുടെ പ്രത്യേക നിയമത്തിലൂടെ കാതോലിക്കാസ്ഥാനനാമം സഭാധ്യക്ഷന് നൈയാമികമായി. കർദിനാൾ സ്ഥാനലബ്ധിയോടുകൂടി ഈ സഭയ്ക്ക് ഇപ്പോൾ സാർവത്രിക സഭാഭരണത്തിലും പങ്കാളിത്തം ലഭിച്ചു. തദ്ഫലമായീ 2013 മാർച്ചുമാസത്തിൽ നടന്ന പേപ്പൽ ഇലക്ഷനിൽ പങ്കെടുക്കാനും മലങ്കര കത്തോലിക്കാ സഭാധ്യക്ഷനായ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസിന് സാധിച്ചു.

അതുപോലെതന്നെ സി. എം.എസ് സഭ, സി.എസ്. ഐ.യിൽ ചേർന്ന് ഒരു ഐക്യസഭയുടെ ഭാഗമായി. ഇതും ഗണ്യമായ ഒരു ഐക്യസംരംഭമാണ്. മാർതോമാ, സി.എസ്.ഐ., സി.എൻ.ഐ. സഭകൾ പരസ്പരം അംഗീകരിച്ച് കൂട്ടായ്മ വർധിപ്പിച്ചിട്ടുണ്ട്. യാക്കോബായാസഭയും കത്തോലിക്കാസഭയും കൂദാശകളിലുള്ള ഭാഗികസംസർഗം നിയമപരമാക്കിയിട്ടുണ്ട്. സഭ മാറാതെ വിവാഹം നടത്തുന്നതിന് വിവാഹസംബന്ധമായ ഉടമ്പടി മാർപാപ്പായും യാക്കോബായാ പാത്രിയർക്കീസും കൂടി ഉണ്ടാക്കി. മാർ തോമാസഭയും തൊഴിയൂർ സഭയും തമ്മിലും കൈവെപ്പു നൽകുന്നതിൽ സഹകരിക്കുന്നു

മാർതോമാ സഭയിൽനിന്ന് 1961-ൽ ഒരു കൂട്ടർ പിളർന്നു മാറി ഇവാൻജലിക്കൽ സഭ സ്ഥാപിച്ചു. പഴയകൂറ്റിൽ നിന്ന് 1909-ൽ തൃശൂരെ സൂറായി സഭാസമൂഹം ഉടലെടുത്തു. ഈ വ്യത്യസ്ത സഭാസമൂഹങ്ങളിൽ പെടുന്നവർ വ്യത്യസ്ത സഭാവീക്ഷണങ്ങളും സഭാജീവിതശൈലിയും പുലർത്തുന്നു. അടിസ്ഥാനവിശ്വാസം കാത്തുസൂക്ഷിക്കുന്നവരും അതിലെ പല മൂല്യങ്ങളും നഷ്ടമാക്കിയവരും ഇക്കൂട്ടത്തിലുണ്ട്.

പുത്തൻകൂർ വിഭാഗത്തിൽ ഇപ്പോഴുള്ള ഘടകസമൂഹങ്ങൾ:

1. യാക്കോബായാ സുറിയാനിസഭ
2. ഓർത്തഡോക്സ് സഭ
3. മാർതോമാ സഭ
4. മലങ്കര കത്തോലിക്കാ സഭ
5. തൊഴിയൂർസഭ
6. ഇവാൻജലിക്കൽ സഭ

ഈ സഭകളിൽ ചിലത് ഇപ്പോഴും സംഘട്ടനപാതയിലാണ്. ഓർത്തോഡോക്സ്, യാക്കോബായാ കക്ഷിവഴക്കുകൾ ഇടയ്ക്കിടെ പത്രങ്ങൾക്ക് വാർത്ത നൽകുന്നു. ഈ സഭകളിലെ നേതൃത്വങ്ങളും ജനങ്ങളും വിചാരിച്ചാലല്ലാതെ സ്വത്തു സംബന്ധിച്ചും പള്ളികൾ സംബന്ധിച്ചുമുള്ള തർക്കങ്ങൾ തീർക്കാൻ പുറമേയുള്ള ആർക്കും സാധ്യമല്ല. പുത്തൻകൂറും പഴയകൂറും പണ്ട് ഭാഗംവച്ചു പിരിഞ്ഞു. യാക്കോബായസഭയും മാർ തോമാസഭയും ഭാഗംവച്ചു പിരിഞ്ഞു. മലങ്കര കത്തോലിക്കർ ഓർത്തഡോക്സിൽ നിന്ന് മാറിയപ്പോൾ പള്ളികളുടെ മേൽ അവകാശവാദമൊന്നും ഉന്നയിച്ചില്ല. എന്നാൽ ചില സ്കൂളുകളെപ്പറ്റി തർക്കമുണ്ടായിരുന്നു. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കാലത്ത് അതിനു പരിഹാരം ഉണ്ടാക്കി. യാക്കോബായാ, ഓർത്തഡോക്സ് എന്ന് പിരിഞ്ഞപ്പോഴുള്ള അവകാശവാദങ്ങളാണ് അവസാനിക്കാതെ നീണ്ടുപോകുന്നത്. കോട്ടയത്തിന് വടക്ക് യാക്കോബായക്കാരും കോട്ടയത്തിന് തെക്ക് ഓർത്തഡോക്സുകാരും കൂടുതലായിട്ടുണ്ട് എന്നു പറയപ്പെടുന്നു. വടക്കൻ പള്ളികൾ കൂടുതലും യാക്കോബായക്കാരുടെ കൈവശമാണ്, തെക്കൻപള്ളികൾ ഓർത്തഡോക്സുകാരുടെ അധീനതയിലും.

ഈ പിളർപ്പിനും പള്ളികളെ ചൊല്ലിയുള്ള തർക്കത്തിനും അവസാനം ഉണ്ടാക്കേണ്ടതാവശ്യമാണ്. ഇവിടുത്തെ പിളർപ്പുകൾക്കെല്ലാം ഭാഗികമായി പുറത്തുള്ളവരാണ് കാരണക്കാർ. ഇവിടെ എങ്ങനെയെങ്കിലും ഒരു വിഭാഗത്തെ തങ്ങളുടെ കൂടെ നിർത്താൻ അന്ത്യോക്യൻ യാക്കോബായാസഭ ശ്രമിച്ചുകൊണ്ടിരിക്കും. അതിന് എത്ര പേർക്കു വേണമെങ്കിലും പട്ടം കൊടുക്കും. പശ്ചിമേഷ്യയിൽ അവർ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഈയടുത്തകാലത്ത് സിറിയായിലുണ്ടായ ആഭ്യന്തരകലാപത്തോടുകൂടി പാത്രിയർക്കീസ് ഉൾപ്പെടെ ജനങ്ങളെല്ലാം ഡമാസ്ക്കസ്, ഹോംസ്, അലെപ്പോ എന്നീ നഗരങ്ങളിൽനിന്നും മറ്റിടങ്ങളിൽ നിന്നും പലായനം ചെയ്ത് അയൽരാജ്യങ്ങളിൽ അഭയം തേടിയിരിക്കയാണ്. ഇവിടെയുള്ള പിളർപ്പുകളോ, പിളർപ്പുമൂലമുള്ള ഇടർച്ചയോ ഒന്നും അവർക്ക് പ്രശ്നമല്ല എന്നു തോന്നും അവരുടെ പ്രവർത്തനശൈലി കണ്ടാൽ. എന്നാൽ ഒന്നായിരുന്ന സഹോദരങ്ങൾ തമ്മിലടിച്ച് നശിക്കുന്നത് അവസാനിപ്പിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രമിക്കേണ്ടതാണ്. വിദൂരത്തുള്ളവർ എത്ര പ്രിയപ്പെട്ടവരായാലും, അടുത്തുള്ള സഹോദരങ്ങളെ തള്ളിപ്പറയാനാണ് പ്രേരിപ്പിക്കുന്നതെങ്കിൽ, ആ ബന്ധം പുനഃപരിശോധിക്കേണ്ടതാണ്.

കോപ്തിക് പാത്രിയർക്കീസ് അംബാ ഷെനൂദാ മൂന്നാമൻ (+2012) ജീവിച്ചിരുന്ന കാലയളവിൽ സുറിയാനി നേതൃത്വത്തിന്റെ അന്തിമവാക്ക് അദ്ദേഹമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. കോപ്തിക്കുകാരാകട്ടെ കടുത്ത യാഥാസ്ഥിതികരാണ്. സത്യവിശ്വാസം ആ സഭയിൽ മാത്രം നിലനിൽക്കുന്നു എന്ന



ഭാരതീയസഭകളുടെ ഭാരതീയത

ചിന്ത പുലർത്തുന്നവരാണ് അവരുടെ ചില നേതാക്കന്മാർ. ഇത് എക്യുമെനിക്കൽ ചർച്ചകളിൽ അനുഭവവേദ്യമായിട്ടുണ്ട്. കോപ്തിക് സഭയിലെ പുതിയ നേതൃത്വത്തോടുകൂടി ഇതിന് മാറ്റം വരുമെന്ന് കരുതാം. സിറിയൻ യാക്കോബായാ പാത്രിയർക്കീസ് പച്ചക്കൊടി കാട്ടിയാൽ കേരളത്തിലെ യാക്കോബായാ-ഓർത്തഡോക്സ് തർക്കം കുറേയൊക്കെ പരിഹൃദമാകും. അതോടൊപ്പം ഈ നാട്ടുകാരായ ഇരുവിഭാഗങ്ങൾക്കും തുറന്ന ദൈവികമനസ്സുണ്ടാകുകയും വേണം. നമ്മുടെ കർത്താവിന്റെ സഭയെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ കാഴ്ചപ്പാടുണ്ടാകണം. സഭ ദൈവത്തിന്റെ സഭയാണെന്ന അവബോധം നിലനിർത്തണമെന്നു സാരം. സഭയെക്കുറിച്ച് നമ്മുടെ കർത്താവിനുള്ള പ്രാർഥന എല്ലാവരും സ്വന്തമാക്കുകയും വേണം.

## ഭാരതീയത

അടിസ്ഥാനപരമായി അന്ത്യോക്യൻസഭയിൽ നിന്ന് ലഭിച്ചിട്ടുള്ള ലിറ്റർജിക്കൽ പാരമ്പര്യം കൂടാതെ എന്താണ് പുത്തൻകൂർ സഭകൾക്കുള്ളത്? അത് വള്ളിപുള്ളി വിടാതെ ചൊല്ലുന്നതാണോ ഭാരതീയം? സർവതും അവരുടേതല്ലേ? രണ്ടായിരത്തിൽ പരം വർഷങ്ങൾ കഴിഞ്ഞിട്ടും എന്തെങ്കിലും ഭാരതീയമായി വികസിപ്പിച്ചിട്ടുണ്ടോ? ഇത് ഭാരതീയമാണ്, തനി ഭാരതീയമാണ് എന്നൊക്കെ സ്റ്റേജുകളിൽ നിന്ന് ഉറക്കെ വിളിച്ചുപറഞ്ഞാൽ ഭാരതീയമാകുമോ? ആരാധനക്രമത്തിൽ എന്തെല്ലാം വികസിപ്പിക്കാമായിരുന്നു. ക്രിസ്മസ്, ഈസ്റ്റർ എന്നീ കർതൃതിരുനാളുകൾക്ക് മനോഹരമായ മലയാളഗാനങ്ങൾ ഉള്ളപ്പോൾ, അതൊക്കെ മാറ്റിവച്ചിട്ടല്ലേ ആരാധന നടത്തുന്നത്? മാർ ഈവാനിയോസ് പിതാവ് ഭാരതീയമാക്കാൻ പരിശ്രമം തുടങ്ങി, എന്നല്ലാതെ പുത്തൻകൂറ്റിൽ മറ്റാരാണ് ഭാരതീയമാക്കാൻ ശ്രമമെങ്കിലും നടത്തിയിട്ടുള്ളത്?

## കാലം മാറി

നാം ഇന്നലെകൾക്കു വേണ്ടി ജീവിക്കേണ്ടവരല്ല. ഇന്നലെകളുടെ ചരിത്രഭാണ്ഡം മുഴുവൻ പേറിക്കൊണ്ട്, മുൻവിധികൾ നിലനിർത്തിക്കൊണ്ട്, നാം ജീവിച്ചാൽ, നാമും ജീവിച്ച് കടന്നു പോകുകയേയുള്ളു. ഇന്നു നാം ലോകത്തിന് നൽകേണ്ട സംഭാവനകൾ നൽകാൻ കരുത്തുറ്റവരായി തീരുകയില്ല. ഇന്നത്തെ തലമുറയ്ക്ക് നല്ല ക്രൈസ്തവസാക്ഷ്യം നൽകാൻ നമ്മെക്കൊണ്ടാവില്ല. എത്രയോ വർഷങ്ങളായി നാം പിളർന്നു കഴിയുന്നു! നമുക്ക് ഒന്നിക്കുന്നതിനെപ്പറ്റി ആലോചിച്ചുകൂടേ? നമുക്ക് വെറും സഹവർത്തിത്വം (*coexistence*) മതിയോ? അതോ, അടുത്തപടിയായ സഹകരണം (*cooperation*) മതിയോ? നിലയ്ക്കൽ ട്രസ്റ്റും നിലയ്ക്കൽ പള്ളിയും സഹകരണത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. ഐക്യപ്പെടാനുള്ള ആത്മാർപ്പണം (*commitment*) എത്ര സഭകൾ നടത്തുന്നു? എത്ര ആളു

കൾക്ക് ആത്മാർപ്പണമുണ്ട്? സമ്പൂർണവും ദൃശ്യവുമായ കൂട്ടായ്മയിലേക്ക് (*full and visible communion*) എത്തണമെന്ന് എത്രപേർ താൽപ്പര്യപ്പെടുന്നു? എത്രപേർ തങ്ങളുടെ പരിധിയിൽ വരുന്നവ ചെയ്യുന്നു? പത്രങ്ങളിൽ ചിലപ്പോഴൊക്കെ കാണുന്ന റിപ്പോർട്ടുകളിൽ സഹകരണത്തിനുള്ള (*co-operation*) ആഹ്വാനം മാത്രമാണ് കാണുക. സമ്പൂർണ കൂട്ടായ്മ (*full and visible communion*) അതിനേക്കാൾ എത്രയോ ഉന്നതതലമാണ്. കേരളത്തിലെ സഭകൾ ഇന്നും താഴത്തെ പടിയിൽ തന്നെയാണ്.

സഭ ഒരു കൂട്ടായ്മയാണ് (*Church is a communion*). ഏക കർത്താവും കർതൃശരീരമായ ഏക സഭയും. ഈ കൂട്ടായ്മ പൂർത്തീകരിക്കയാണ് ഇന്ന് ഈ തലമുറയിൽ ജീവിക്കുന്ന നമ്മുടെ ദൗത്യം. നാമിപ്പോഴും പിറകോട്ട് പിന്തിരിഞ്ഞ് നോക്കിക്കൊണ്ടിരിക്കയാണ്. യോജിച്ചുള്ള *ക്രൈസ്തവ സാക്ഷ്യവും സുവിശേഷവൽക്കരണവും* എന്ന ലക്ഷ്യത്തിലേക്കാണ് നാം നീങ്ങേണ്ടത്. എന്നാൽ ഇപ്പോഴും നമുക്ക് പ്രിയംകരമായിരിക്കുന്നത് ഇന്നലെകളിൽ സംഭവിച്ച മുറിപ്പാടുകളുടെ ഓർമകളും വേദനിപ്പിക്കുന്ന ചരിത്രസംഭവങ്ങളും അരുതായ്കകളുമാണ്. അവയൊക്കെ വിട്ടിട്ട്, ഓർമകൾ സംശുദ്ധമാക്കി നല്ല നാളയെ ലക്ഷ്യം വയ്ക്കാം. ആര് ഇതിന് നേതൃത്വം നൽകും?

കേരളത്തിലെ സഭകളിലെ പിളർപ്പുകൾക്ക് നീണ്ട ചരിത്രമുണ്ട്. പിളർപ്പുകളും ഉൾപ്പിരിവുകളും തർക്കങ്ങളും അവകാശവാദങ്ങളും കോടതിക്കേസുകളും കൊണ്ട് കലുഷിതമാണ് പരസ്പരബന്ധം. ഇവയുടെ ഫലമായി വളരെയധികം മുൻവിധികളും മുറിപ്പാടുകളും പലരിലും പല സഭകളിലും ഉണ്ട്. അവയൊക്കെ ഒറ്റയടിക്ക് മാറാൻ മാനുഷികമായി എളുപ്പമല്ല. ക്രിസ്തുവിന്റെ കാരുണ്യത്തിനും കൃപയ്ക്കും മാത്രമേ മുറിവുകൾ ഉണക്കാനും സ്നേഹതൈലം ഒഴുക്കാനും സാധിക്കൂ. അതിന് ഹൃദയം തുറക്കേണ്ടതായിട്ടുണ്ട്. ആരും ഒരു തരത്തിലുമുള്ള മേൽക്കോയ്മാ മനോഭാവവും പുലർത്താതെ തുറന്ന മനസ്സോടെ സംവാദം നടത്താൻ സന്നദ്ധരായാൽ ഒരുപക്ഷേ ദൈവകൃപ നമ്മുടെ ഇടയിൽ വർഷിക്കപ്പെട്ടേക്കാം. നമ്മുടെ കർത്താവിന്റെ കല്ലറയുടെ വാതിൽക്കൽ നിന്ന് 'നമുക്കുവേണ്ടി ആര് കല്ല് ഉരുട്ടിമാറ്റും' എന്നു ശങ്കിച്ച സ്ത്രീകൾക്ക് 'കല്ല് ഉരുട്ടി മാറ്റപ്പെട്ടതായി കണ്ടതുപോലെ' ദൈവശക്തിയുടെയും ദൈവികാലോചനയുടെയും വലിയ ശക്തിക്കു മുമ്പിൽ നമുക്ക് സ്വയം സമർപ്പിക്കാം. അഥവാ, യോനായെപ്പോലെ നാമും കടലിൽ എറിയപ്പെട്ട്, മത്സ്യത്തിന്റെ വയറ്റിൽ കൂടി കടന്നെങ്കിലേ നമുക്ക് മാനസ്സാന്തരം ഉണ്ടാകയുള്ളു എന്നു വരുമോ?



# 14

# പുലിക്കോട്ടിൽ (II) യൗസേപ്പ് മാർ ദിവന്നാസ്യോസ് (V)

## ലെയോ (XIII) മാർപാപ്പായ്ക്കയച്ച കത്ത്[1]

പരിശുദ്ധ പിതാവേ,

മുമ്പിൽ ഒരിക്കലും അങ്ങെ ശുദ്ധതയുടെ വിലയെറിയ സമയത്തിന്മെൽ ആക്രമിപ്പാൻ തുനിയാത്തവനായ ഞാൻ ഇപ്പൊൾ അങ്ങനെ ചെയ്യുന്നത് തക്ക സംഗതികളാൽ നിർബന്ധിക്കപ്പെട്ടിട്ടാകുന്നു എന്ന താഴെ എഴുതുന്ന വരികളെ ക്ഷമയൊടും ദയയൊടും വായിക്കുമ്പോൾ മനസ്സിലാകുമെന്നും അതിനാൽ എന്റെ ഈ തുനിവിൽ എന്നെ നിർദ്ദോഷിയായി വിചാരിക്കുമെന്നും ആശാബന്ധമുള്ളവനായിട്ട് ആ കത്തോലിക്കാ മഹാകുഡുംബത്തിന്റെ പിതാവായ അങ്ങെ സിംഹാസനത്തുങ്കലേക്കു വിനയപൂർവം ഈ എഴുത്തു മുഖാന്തിരം ഞാൻ സമീപിക്കുന്നു.

1. മലയാളത്തിലെ സുറിയാനിക്കാരെന്ന പെർപെട്ട മാർതോമ്മാ ശ്ലീഹായുടെ സുവിശേഷക പുത്രരായ ഞങ്ങൾ 16-ാംശതാബ്ദം വരെ ഭിന്നം കൂടാതെ ഏകയൊഗമായി വസിച്ചു വന്ന സ്ഥിതിയും ഞങ്ങൾക്കു ഈന്ത്യ രാജാക്കന്മാരാൽ സിദ്ധിക്കപ്പെട്ടിരുന്ന സ്ഥാനമാനാദികളും ഞങ്ങളുടെ ജാതിയുടെ അഭിവൃദ്ധികളും അതിന്റെ ശെഷം വിഭാഗിക്കപ്പെട്ടിട്ട വന്ന താഴ്ചകളും അതിനെ നിവൃത്തിപ്പാൻ ജാക്കൊബായ ഭാഗത്തു എന്റെ നാമത്തിലും സ്ഥാനത്തിലും മൂന്നൊനായ വലിയ മാർ ദിവന്നാസ്യൊസു മെത്രാപ്പൊലീ

1. പുലിക്കോട്ടിൽ യൗസേപ്പ് മാർ ദിവന്നാസ്യോസ് അഞ്ചാമൻ 1888 ആഗസ്റ്റ് 13-ന് ലെയോ 13-ാമൻ മാർപ്പാപ്പായക്ക് എഴുതിയ കത്ത്: Archives of the Congregation for Oriental Churches Scritture Riferite nei Congressi (S.C.): Malabaresi 1890-1892.fol.2049r-2052r; ചാൾസ് പൈങ്ങോട്ട്, നിധീരിയച്ചൻ ചരിത്രരേഖകളിൽ, കോട്ടയം 2004, പേ.149-156.

ത്തായാലും റൊമ്മാസുറിയാനി ഭാഗത്തു അദ്ദേഹത്തിന്റെ സഹകാലജീവിയും ഉർബാൻ കൊളെജിൽ പഠിച്ച ഡൊക്ടർ ഓഫ് തെഒലൊജിയും പിന്നീടു കൊടുങ്ങല്ലൂരിന്റെ മെത്രാപ്പൊലീത്താസ്ഥാനം വഹിച്ച ആളും മലയാള ത്തിലെ റൊമ്മാ സുറിയാനിക്കാരിൽ ഒരുത്തനും ആയ കറിയാറ്റിൽ ജൊസപ്പു മെത്രാപ്പൊലീത്തായാലും ചെയ്യപ്പെട്ട പരിശ്രമങ്ങളും അങ്ങെ ശുദ്ധതയ്ക്കു നല്ലവണ്ണം അറിയപ്പെട്ടവ ആയിരിപ്പാൻ ഇടയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

2. ആ വക എല്ലാം മിശിഹായുടെ രാജിതത്തെക്കാൾ തങ്ങളുടെ സ്വന്തം വാഴ്ചയെ ആഗ്രഹിക്കുന്ന പള്ളിക്കടുത്ത ചില സ്ഥാനികളുടെ തടസ്തങ്ങ ളാൽ നിഷ്പ്രയോജനകരമായിപ്പൊയി. എന്നു മാത്രമല്ല കാലക്രമം കൊണ്ടു ഞങ്ങൾ രണ്ടു ഭാഗക്കാരും തമ്മിൽ യൊജ്യതയെക്കാൾ അകൽചയെ വർദ്ധി പ്പിച്ച് തങ്ങളുടെ വാഴ്ചയെ നിലനിറുത്തണമെന്നാഗ്രഹിക്കുന്നവരായ ചില പള്ളി അധികാരികളുടെ പരിശ്രമങ്ങളാൽ ഞങ്ങൾ രണ്ടുജാതി എന്ന പൊലെ അകത്തപ്പെടുവാൻ ശ്രമിച്ച യത്നങ്ങൾ ഒട്ടു ഫലിക്കയാൽ ഒരിമ്പാ ട്ടിന്റെ വഴി നന്നാ ദുർഘടമായി ഭവിച്ചു. എന്നു മാത്രമല്ല കടശി പ്രൊട്ടസ്റ്റന്റു കാർ ഈ നാട്ടിൽ പ്രവെശിച്ചു ഞങ്ങളുടെ ജാതിക്ക് എത്രയും വിലയെറിയ പുരാതന അവകാശം പൊലെ ഇരുന്ന വിശ്വാസത്തെ വഷളാക്കുകയും നമ്മുടെ കർത്താവു സ്ഥാപിച്ച ഏഴു കൂദാശകളിന്മേൽ ഉള്ള ഭക്തി മാത്രമല്ല അതുകളുടെ എണ്ണവും കുറയ്ക്കയും ഹാ, കഷ്ടം! ശുദ്ധ. കുർബാനയിൽ നമ്മുടെ കർത്താവിന്റെ സത്യസാന്നിദ്ധ്യതയെ കൂടെ നിഷെധിക്കയും പരി ശുദ്ധന്മാരൊടും അവരുടെ രാജ്ഞിയായ തമ്പുരാനെ പെറ്റ അമ്മയൊടും മരിച്ചവർക്കുവെണ്ടിയും ഉള്ള പ്രാർഥനകളെ ഞങ്ങളുടെ പള്ളിക്രമപുസ്ത കങ്ങളിൽ നിന്നു നീക്കി കളകയും അതുകൾക്കു കരുവായിട്ടു എന്റെ പുരൊ ഗാമിയായിരുന്ന വലിയ മാർ അത്തനാസ്യൊസിനെ ദ്രവ്യത്താലും ഗവർമെന്റു സഹായത്താലും ഉപയൊഗിക്കയും ഈ വിധത്തിൽ ഈ മലയാളത്തിൽ ഞങ്ങൾക്കുള്ള 175 ജാക്കൊബായ പള്ളികളെയും അവരുടെ ആധീനത്തിൽ ആക്കുകയും ചെയ്തു.

3. എന്റെ മുത്തപ്പന്റെ സഹോദരനും കൊട്ടയത്തു സിമ്നാരിയുടെ സ്ഥാപകനും ചില കിഴങ്ങുകളെ മാത്രം ഭക്ഷിച്ചുകൊണ്ടു തന്റെ ദീർഘജീ വിതം കഴിച്ച ആളും ആയ മാർ യൗസേപ്പു ദിവന്നാസ്യൊസു മെത്രാപ്പൊ ലീത്തായാൽ പഠിപ്പിക്കപ്പെട്ടിട്ട പരിശുദ്ധ കന്യാസ്ത്രീഅമ്മയുടെ മെൽ മഹാ ഭക്തനും തന്റെ ആയുസ്സിന്റെ നാല്പതു സംവത്സരം ദിവസത്തിൽ ഒരു നെരം മാത്രം ഭക്ഷിച്ചുകൊണ്ടു കഠിന തപസ്സൊടെ ജീവിച്ചിട്ടു രണ്ടു സംവ ത്സരങ്ങൾക്കു മുമ്പിൽ 88-ാം വയസ്സിൽ മരിച്ച ആളും ആയ എന്റെ അപ്പന്റെ സഹോദരൻ പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാരാൽ ചെറുപ്പത്തിലെ എന്റെ ഹൃദയത്തിലെക്കു ചൊരിഞ്ഞു തന്ന പരിശുദ്ധ കന്യാസ്ത്രീ അമ്മയുടെ മെലുള്ള ഭക്തി എന്നെ എപ്പൊഴും കാത്തു വന്നതുകൊണ്ട മെലെഴുതിയ





അബദ്ധങ്ങളിൽ ഞാൻ ഉൾപ്പെടുവാൻ ഇടയായില്ല. എന്നു മാത്രമല്ല ഞാൻ കത്തനാരുപട്ടം ഏറ്റ കാലം മുതൽ ദൈവകൃപയാൽ അതുകളൊടു എതൃത്ത പ്രസംഗിക്കയും പുസ്തകങ്ങളെ അച്ചടിപ്പിക്കയും ചെയ്തുകൊണ്ടു ഞാൻ ടി അത്തനാസ്യൊസിനാലും പ്രൊട്ടസ്റ്റന്റുകാരാലും പീഡിപ്പിക്കപ്പെട്ടു.

കടശി ഈ മലയാളത്തിലെ ജാക്കൊബായ സുറിയാനി സഭയ്ക്കു വന്നി രിക്കുന്ന നാശങ്ങളെ അന്ത്യൊക്യായിലെ മാറൻ മാർ ഇഗ്നാത്തിയൊസു പാത്രിയർക്കീസു വാവായുടെ സന്നിധിയിൽ ബൊധിപ്പിക്കുന്നതിന്ന് വിശ്വാ സത്തിൽ സ്ഥിരമുള്ള പട്ടക്കാരുടെയും ജനങ്ങളുടെയും എഴുത്തുകളും കൊണ്ട് ഞാൻ അവിടെക്കു പോയി.

4. പാത്രിയർക്കീസു വാവാ ഇവിടത്തെ ജാക്കോബായ ജനങ്ങളുടെ ഇട യിൽ മങ്ങിപ്പോയ പൂർവവിശ്വാസത്തെ തെളിയിക്കേണ്ടതിന്നും പ്രൊട്ടസ്റ്റന്റു മിസ്യൊനാരിമാരുടെയും മാർ അത്താനാസ്യൊസിന്റെയും അടിമയിൽ നിന്നു പള്ളികളെയും ജനങ്ങളെയും വീണ്ടെടുക്കുന്നതിന്നും ബലഹീനനായ എന്നെത്തന്നെ തെരഞ്ഞെടുക്കയും മെത്രാപ്പൊലീത്താ സ്ഥാനത്തിൽ എന്നെ അഭിഷെകം ചെയ്കയും ചെയ്തു.

5. ഞാൻ അവിടെ നിന്നു തിരിച്ചുവന്നപ്പോൾ മാർ അത്താനാസ്യൊസിനു കീഴ്പ്പെടാത്തവർ വെറെ പള്ളികെട്ടി പൊയ്ക്കൊള്ളുന്നതല്ലാതെ പൂർവപ ള്ളികളിൽ പ്രവെശിച്ചുകൂടാ എന്ന പ്രൊട്ടസ്റ്റന്റുകാരുടെ സ്വാധീനതയാൽ ഉണ്ടാക്കിയ ഒരു ഗവർമ്മെണ്ടുവിളംബരം നിമിത്തം പൂർവവിശ്വാസത്തിൽ നില്പാൻ മനസ്സുള്ളവർക്കും തങ്ങളുടെ പള്ളികളിന്മെലും പള്ളിവസ്തുക്ക ളിന്മെലും ഉള്ള അവകാശത്തെ ഉപെക്ഷിക്കാതെയും ഗവർമ്മെന്റു ശിക്ഷയെ ഭയപ്പെടാതെയും എന്റെ അധികാരാത്തിന്നു കീഴ്പെടുവാൻ പാടില്ലാതെ ഇരുന്നു.

6. ആ വിഘ്നങ്ങളെ ഒഴിക്കെണ്ടതിന്നു ഞാൻ കഠിനപ്രയാസങ്ങളും അധിക ചിലവുകളും ചെയ്ത പാത്രിയർക്കീസു വാവായെ തന്നെ ഇംഗ്ലണ്ടി ന്നും ഇവിടയ്ക്കും പുറപ്പെടുയിച്ച വരുത്തുകയും ബ്രിട്ടീഷ ഗവർമ്മെന്റിലും നാട്ടു ഗവർമ്മെണ്ടുകളിലും ദീർഘ ആവലാധികൾ പറഞ്ഞ ആ വിളംബ രത്തെ അസ്ഥിരപ്പെടുത്തിക്കയും അത്താനാസ്യോസിന് ആധീനപ്പെട്ടുപോയ സിമ്നാരിയും വസ്തുക്കളും കിട്ടെണ്ടതിന്ന സിവിൽ വ്യവഹാരപ്പെട്ടു മഹാ ചിലവുകൾ സഹിച്ച രണ്ടു കൊർട്ടുകളിൽ അനുകൂലവിധികൾ സമ്പാദി ക്കയും ചെയ്തു. എങ്കിലും പ്രൊട്ടസ്റ്റന്റുകാരുടെ സഹായത്തോടെ രാജകീയ അപ്പീൽ ബൊധിപ്പിച്ചതു തീരുമാനപ്പെടാതെ കിടക്കയും ആയതു അനുകൂ ലമായി സാധിക്കെണ്ടതിന്ന ഇനി മുപ്പതിനായിരം രൂപവരെ ചിലവിന്നു ആവ ശ്യപ്പെട്ടും ഇരിക്കുന്നു.

7. ആ മെലെഴുതിയ ഞെരുക്കങ്ങളിൽ എല്ലാം ഞാൻ അലഞ്ഞു വരികയിൽ  തമ്പുരാനെ പെറ്റ അമ്മയുടെ പ്രത്യെക സഹായം എന്റെ മെൽ ഉണ്ടായിരുന്നു എന്ന എന്റെ ശത്രുക്കളുടെ ശക്തിയെയും എന്റെ ബലഹീനതയെയും കൂട്ടി ആലൊചിച്ചിട്ട ടി വിളംബരം അസ്ഥിരപ്പെട്ടതിനെയും രണ്ടു കൊർട്ടുകളിൽ ഗുണമായ വിധി ഉണ്ടായതിനെയും പ്രൊട്ടസ്റ്റന്റു ആധീനത്തിൽ പൊയിരുന്ന 175 പള്ളികളിൽ 120–ും ശെഷിച്ച 55–ൽ വലിയ ഭാഗവും എന്റെ ആധീനത്തിന്നു കീഴ്പ്പെട്ടു വന്നിരിക്കുന്നതിനെയും സൂക്ഷിച്ചാൽ പ്രത്യക്ഷപ്പെടുന്നു.

8. ആ മാർ അത്താനാസ്യ്യാസു മരിച്ചു എങ്കിലും അയാൾ വാഴിച്ചിട്ടുള്ള അയാളുടെ സംബന്ധക്കാരനും പിൻവാഴിയും ആയ തൊമ്മാ അത്താനാസ്യ്യാസു വെദവിരൊധത്തിന്നു അയാളെക്കാൾ കുറഞ്ഞവനല്ലാത്തതിനാലും ഗവർമ്മെണ്ടിൽ നിന്ന ഞങ്ങൾക്കു കിട്ടേണ്ടതായ നാല്പത്താറായിരം രൂപാ പ്രൊട്ടസ്റ്റന്റുകാർ അയാൾക്കു കൊടുപ്പിച്ചതിനാലും ഞങ്ങളുടെ സഭയ്ക്കുള്ള ആപത്തു വർദ്ധിച്ചതല്ലാതെ കുറഞ്ഞില്ല. പ്രൊട്ടസ്റ്റന്റു ചെന്നായുടെ വായിൽനിന്നു പിടിച്ചു പറിക്കപ്പെടുന്ന ഈ ആട്ടിൻകൂട്ടത്തെ വീണ്ടും ആ ദുഷ്ടമൃഗത്തിന്റെ കൈകളിൽ വീഴാതെ പരിപാലിപ്പാൻ ഞങ്ങളുടെ സഭയ്ക്കുള്ള ബലഹീനതയെയും അതിനെ നിവൃത്തിപ്പാൻ മെൽ പ്രസ്താവിച്ച വലിയ മാർ ദിവന്നാസ്യ്യാസു മുതലായ മുന്നോർ ചെയ്ത ശ്രമങ്ങൾ ഫലിക്കാതെ വന്നതിനെയും വിചാരിച്ചു വിഷാദിച്ചും പരിശുദ്ധ കന്യാസ്ത്രീ അമ്മയൊടു പ്രാർഥിച്ചും വരികയിൽ ദീർഘകാലം മുമ്പെ തുടങ്ങി ഇനിക്കിഷ്ടമുള്ള റൊമ്മാ സുറിയാനിപ്പട്ടക്കാരനായ ഫാദർ നിധീരിയൊടു ആലൊചിച്ചിട്ട ഇരു ഭാഗത്തിലെ പട്ടക്കാരിലും ജനങ്ങളിലും പല മഹാന്മാരുടെയും ആലോചനയൊടും സമ്മതത്തൊടും കൂടെ നസ്രാണി ജാത്ത്യൈക്യതസംഘം എന്നു പെരായി ഒരു സമൂഹവും ആ സമൂഹത്തിന്റെ വക്കയായി കൊട്ടയത്തു ഒരു കൊളെജും ശെഷം സ്ഥലങ്ങളിൽ കീഴ്ത്തരം സ്കൂളുകളും ഉണ്ടാക്കണമെന്നും അവിടെ പ്രൊട്ടസ്റ്റന്റു പഠിത്വങ്ങളൊടു എതൃപ്പാൻ തക്ക കത്തൊലിക്കാ പഠിത്വങ്ങളെ കൊടുത്ത ജനത്തെ മുഴുവനും ഒരു വലിയ മാറ്റത്തിനു ഒരുക്കണമെന്നും നിശ്ചയിക്കയും ആയതിന്നു കൊട്ടയത്തു ഒരു സ്ഥലവും ബങ്കളാവും വാങ്ങിക്കയും ചെയ്തു.

9. ഇങ്ങനെയുള്ള എന്റെ ആഗ്രഹങ്ങളെ ഞാൻ തനിച്ചും ഫാദർ നിധീയിരി വഴിയായിട്ടും വരാപ്പുഴ മർസലീനൊസു മെത്രാനൊടും ബൊംബായിലെ ലെയോ മൌറിൻ മെത്രാനോടും മൊൻസഞ്ഞൊർ അല്ഗീയാർഡി മൊൻസഞ്ഞൊർ അജൂത്തി എന്ന രണ്ടു ദെലാഗദപ്പസ്തൊലിക്കാമാരൊടും അറിയിക്കയും കൊട്ടയത്തെ പുതിയ വികാരി അപ്പസ്തതൊലിക്കാ വന്നാലുടൻ ദീർഘകാലത്തെ ആഗ്രഹങ്ങളുടെ വിഷയമായ ആ ജാത്ത്യൈക്യത കൊളെജു ആരംഭിക്കുമെന്ന അവരിൽ നിന്നു കിട്ടിയ അറിവൻ പ്രകാരം കാത്തിരിക്കയും ചെയ്തു.





10. കൊട്ടയം വികാരി അപ്പസ്തൊലിക്കാ ആയ മൊൻസഞ്ഞൊർ ലവീഞ്ഞിന്റെ വരവു സമയത്തു ഫാദർ നിധിയിരി വഴിയായി മൊൻസഞ്ഞൊർ അജൂത്തിയൊടു ചെയ്തിരുന്ന ഏർപ്പാടിൻ പ്രകാരം ഞാൻ കൂടെ ഊട്ടക്കമെണ്ടിൽ അദ്ദെഹത്തിന്റെ വാസസ്ഥലത്തു ചെന്ന എന്റെ ആഗ്രഹങ്ങളെയും കൊളെജിന്റെ സാധ്യത്തെയും അറിയിച്ചു. ആയതിന്ന ഞങ്ങളും കത്തോലിക്കാ സുറിയാനിക്കാരും ആയിട്ട ഇതുവരെ ഏർപ്പെട്ടിരുന്ന പ്രകാരം സംഘവും കൊളെജും നടത്തുവാൻ പാടില്ലെന്നു മൊൻസഞ്ഞൊർ ലവീഞ്ഞ പറഞ്ഞതിനെ കെട്ടു. അതിനാൽ വരാവുന്ന ദൊഷങ്ങളെ വിചാരിച്ചു എത്രയും വ്യസനിക്കുന്നു.

11. അങ്ങനെ ഒരിമ്പാട്ടിന്നു വിരൊധിക്കുന്നതിനുള്ള കാരണം ആ സംഘം നിമിത്തം ജാക്കൊബായക്കാർ കത്തൊലിക്കരാവാൻ ഒരുക്കപ്പെടുന്നതിനു പകരം കത്തൊലിക്കർ ജാക്കൊബായക്കാരായി തീർന്നേക്കാം എന്നുള്ളതായിരിക്കാം. ഈ രണ്ടു ഭാഗക്കാരിൽ കത്തൊലിക്കർക്ക് അവരുടെ വെദസംബന്ധമായ വിഷയങ്ങളെ താങ്ങെണ്ടതിനുള്ള പുസ്തകങ്ങളുടെ അധികത്വവും വാദ്ധ്യാന്മാരിൽ അധികപെരും കത്തൊലിക്കരായി വരുന്നതും ലൊകമെങ്ങും കത്തൊലിക്കർക്കുള്ള ധനപുഷ്ടി ജനപുഷ്ടി സ്വാധീനത ഇവയും ജാക്കൊബായക്കാർക്കു ഈ മെൽപറഞ്ഞ സംഗതികളിൽ എല്ലാം ഉള്ള കുറവും കൂട്ടി ആലൊചിച്ചാൽ അങ്ങനെ ഉള്ള ശങ്ക അടിസ്ഥാനമില്ലാത്തതാണെന്നും നെരെ മറിച്ചാകുന്നു സംഭവിക്കാവുന്നതു എന്നും പ്രഥമദൃഷ്ടിയാൽ പ്രത്യക്ഷപ്പെടും.

12. നെരെ മറിച്ച് മൊൻസഞ്ഞൊർ ലവീഞ്ഞ വിചാരിക്കുന്ന പ്രകാരം ജാക്കൊബായക്കാരെ ഒഴിച്ച കത്തൊലിക്കർ തന്നെ ഒരു കൊളെജ് സ്ഥാപിക്കുന്നതായാൽ ദീർഘകാലമായിട്ട രണ്ടു കക്ഷികളുടെയും ഇടയിൽ ദീർഘ ആലൊചനകൾ കഴിച്ച ഒരിമ്പാടിന്റെ മാർഗമായി നിശ്ചയിച്ചിട്ടുള്ള സംഘത്തിൽ നിന്നും കൊളെജ് സ്ഥാപനത്തിൽനിന്നും തങ്ങളെ ഒഴിവാക്കുന്നതു തങ്ങളുടെ സമൂഹത്തിന്ന ചെയ്യപ്പെടുന്ന ഒരു അപമാനം പൊലെ ജാക്കൊബായ ജനം മുഴുവനും വിചാരിപ്പാനും അതു നിമിത്തം സർക്കാരു കൊളെജുകളിലൊ തങ്ങൾ ഇതുവരെ പഠിച്ചു വന്നതും വരുന്നതുമായ പ്രൊട്ടസ്റ്റന്റു കൊളെജുകളിലൊ പൊയി പഠിച്ചാലും  ഇങ്ങനെ അപമാനിച്ചവരുടെ കൊളെജിൽ പഠിക്കയില്ലെന്നും തങ്ങളുടെ ശക്തി പൊലെ തങ്ങൾക്കു തനിച്ച സ്കൂളുകളെ ഉണ്ടാക്കണമെന്നും ഒരു ആഗ്രഹവും മത്സര അരൂപിയും ജനിപ്പാൻ വഴിയും അതിനാൽ കൊളെജ് സ്ഥാപനത്തിന്റെ പ്രധാന സാദ്ധ്യമായ ഒരിമ്പാടിന്റെ മാർഗം ഖണ്ഡിക്കപ്പെട്ടു പൊകുവാൻ സംഗതിയും വരുന്നതാകുന്നു.

13. മൊൻസഞ്ഞൊർ ലവീഞ്ഞ പറഞ്ഞ ഒരു തടസ്തം ജസ്വിത്ത കൊളെജുകൾ അവരുടെ ആധീനത്തിൽ അല്ലാതെ രൂപത മെത്രാന്റെ ആധീനത്തിൽ കൂടെ ഇരിക്കുന്നതിന്നു അവരുടെ സഭയുടെ നടപ്പിൻ പ്രകാരം പാടില്ലെന്നു

ള്ളതാണ്. അങ്ങനെ ആകുന്നു എങ്കിൽ അവരുടെ സഭയുടെ നടപ്പിനെ ലംഘിക്കാതെ ഇരിപ്പാൻ വെണ്ടി ഒരു പ്രധാനകൊളെജ് അവർ സ്ഥാപിച്ചു കൊള്ളുന്നതിന്നും മെലെഴുതിയ വിഘ്നങ്ങളും മത്സര അരൂപിയും ജനി ക്കാതെ ഇരിപ്പാൻ വെണ്ടി ഞങ്ങളും കത്തൊലിക്കരും ചെർന്നു അതിൽ താഴ്ന്ന തരം സ്കൂളുകൾ ഉണ്ടാക്കുന്നതിനും അനുവദിക്കപ്പെട്ടാൽ എല്ലാ വിഘ്നങ്ങളും ഒഴിഞ്ഞു പൊകുന്നതാകുന്നു.

14. ഞാൻ എഴുതുന്ന ആദ്യ അപെക്ഷയിൽ തന്നെ ചില സഹായ ങ്ങൾക്കു അപെക്ഷിപ്പാൻ ആരംഭിക്കുന്നതിനു ഇനിക്കു എത്രയും മനംമടി യുണ്ട്. എങ്കിലും അങ്ങനെയുള്ള സഹായം വരാത്തപക്ഷം എന്റെ ജീവിത കാലത്തിൽ ഇതുവരെ ചെയ്തിട്ടുള്ള സകല അദ്ധ്വാനങ്ങളും അനെകായിരം രൂപായുടെ ഭാരമായ ചിലവുകളും നിഷ്ഫലമായി പൊകുമെന്നു മാത്രമല്ല ഉണ്ടാവാൻ പൊകുന്ന വിധി അവസാനവിധി ആകയാൽ അതിൽ തൊറ്റു പൊകുന്നപക്ഷം പള്ളികൾ കൈവിട്ടു പൊകയും ജനങ്ങൾ പ്രൊട്ടസ്റ്റന്റ അബ ദ്ധത്തിൽ മുഴുകി പൊവാൻ നിർബന്ധിക്കപ്പെടുകയും അവരെ അതിൽനിന്നു വീണ്ടെടുപ്പാൻ വഴികൾ അറ്റുപോകയും ചെയ്യുമെന്നു കാണുന്നു. ആ മഹാ വ്യസനകരമായ ഭവിഷ്യം എന്നെ നിർബന്ധിക്കയാൽ ടി മനംമടിയെ ഞാൻ ജയിക്കേണ്ടി വന്നിരിക്കുന്നു.

എന്നാൽ അവിടെ നിന്നു ചെയ്കയൊ ചെയ്യിക്കയൊ ചെയ്യുന്ന ദ്രവ്യ സഹായം ഒരു ദാനമായിട്ടിരിക്കെണമെന്നല്ലാ ഞാൻ അപെക്ഷിക്കുന്നത. പിന്ന യൊ, കടമായിട്ടു തന്നാൽ മതി. ആ സംഖ്യ ഈ വ്യവഹാരം തീർന്നാലുടൻ പള്ളികളിൽ നിന്നു വസൂലാക്കി ദെലഗാദപ്പസ്തോലിക്കായുടെ പക്കലൊ അവിടെ നിന്നു നിശ്ചയിക്കുന്ന ആളുകളുടെ പക്കലൊ എത്തിച്ചുകൊള്ളാ വുന്നതും അങ്ങനെ കടം തരുന്ന സംഖ്യയ്ക്കു എന്റെ മെത്രാപ്പൊലീത്താ സ്ഥാനത്തിന്ന കീഴ്പ്പെട്ടിരിക്കുന്ന വസ്തുക്കളും പള്ളികളും പള്ളിവക വസ്തുക്കളും ഉത്തരവാദിത്വം വഹിക്കുമെന്നുറപ്പു വരുത്തുവാൻ വെണ്ടി ഈ വസ്തുക്കളുടെ കൈകാര്യക്കാരരെന്ന ഈ സംസ്ഥാനത്തെ കൊർട്ടു കളാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന അസ്സൊസിയെഷൻ കമ്മിട്ടിക്കാരുടെ മീറ്റി ങ്ങിലെ നിശ്ചയത്തൊടു കൂടെ ആ കമ്മിട്ടിയുടെ പ്രസിഡണ്ടായ ഞാൻ ഒരു കടപ്പത്രം കൊടുക്കാവുന്നതും അതു ന്യായശാസ്ത്രപ്രകാരം ഏതു കൊർട്ടു കളിലും പ്രബലപ്പെടുന്നതുമാകുന്നു.

ചില നമസ്ക്കാര പുസ്തകങ്ങളും തക്സാപുസ്തകങ്ങളും കിട്ടിയാൽ ഒരിമ്പാടിന്റെ ഒരുക്കത്തിന്ന അതുകൾ വലിയ സഹായങ്ങളായി തീരുമെന്നു ഞാൻ മൊൻസഞ്ഞൊർ അജൂത്തിയോടു അറിയിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം അങ്ങെ ശുദ്ധതയുടെ യൊഗ്യ പ്രതിനിധിയുടെ മുറയ്ക്കു എന്നെ സല്കരി ച്ചുപചരിക്കയും ആ പുസ്തകങ്ങളുടെ പെരുകൾ എഴുതി എടുക്കുകയും ചെയ്തിട്ടുണ്ട്.





ഈ മെൽപറഞ്ഞ സകല സംഗതികൾക്കും ഇനിക്കും എന്റെ ഇടവ കയ്ക്കും നെരിട്ടിരിക്കുന്ന ഉപദ്രവങ്ങളെ ഒഴിക്കയും പ്രൊട്ടസ്റ്റന്റു ചെന്നായുടെ കഠിന കഷ്ടത്തിന്നു ഈ ജനം ഇരയായി പൊകാതെ പരിപാലിക്കയും ചെയ്യെണ്ടതിന്നു ഏതെല്ലാം വിധമായ സഹായങ്ങളെ ചെയ്തു തരണമെന്നു കർത്താവിന്റെ ശുദ്ധ പള്ളിയെ നടത്തി വരുന്ന പരിശുദ്ധാത്മവ തമ്പുരാനെ പെറ്റ അമ്മയുടെയും ഞങ്ങളുടെ പിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശെഷം പരിശുദ്ധന്മാരുടെയും അപെക്ഷകളാലെ ശ്ലീഹന്മാരുടെ പ്രഭുവിന്റെ അനുഗാമിയായ അങ്ങെ ഉന്നത ബൊധത്തിൽ തൊന്നിക്കാതെ ഇരിക്കയി ല്ലെന്നു വിശ്വസിച്ചുകൊണ്ടും അങ്ങെ ശുദ്ധതയുടെ അപെക്ഷകളുടെ സഹാ യത്തിന്നും ആശീർവാദത്തിന്നും എന്റെ തല ചായിച്ചുകൊണ്ടും അങ്ങെ ശുദ്ധതയുടെ എത്രയും വണക്കവും താഴ്മയും ഉള്ള ഭൃത്യൻ.

മലയാളത്തിന്റെ മാർ ദിവന്നാസ്യോസു മെത്രാപ്പൊലീത്താ

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ദ്ഹൂ യൗസേപ്പ് മ്ഹീലാ = ബലഹീനനായ യൗസെപ്പ് എന്ന മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ[1]

ആലപ്പുഴ

1888 ആഗസ്റ്റ് 13.

1. നിധീരി മാണിക്കത്തനാർ ഈ കത്ത് മലയാളത്തിൽ നിന്ന് ഇറ്റാലിയനിലേക്ക് ആലപ്പുഴ വച്ച് 1888 ആഗസ്റ്റ് 11–ന് വിവർത്തനം ചെയ്തു കൊടുത്തു. The documents connected with Mar Dionysius V: Letter of Mar Dionysius to the Pope on August 11, 1888: in *ACO.Scritti Riferiti nei Congressi Malabaresi 18/8-1888*.f.2034-2043v; the letter of Nidhiri: *ibid.* f.2047-2048. The question of the reunion of Mar Dionysius V with the Catholic Church was elaborately discussed in a *Ponenza of Cardinal Isidoro Verga*: in *APF.(a.1888.)n.14* .Leonard Mellano, the Vicar Apostolic of Verapoly had informed Rome of the manifest desire of the Jacobites to be united to Rome: *Hierarchia Carmelitana,* Fasc.IV. Rome, 1939. p. 345-355. See below.

# 15

# Report

## about Pulikkottil Joseph Mar Dionysius (5) by Rome in 1888.

Sacred Congregation
of
Propaganda Fide
for the affairs of the Oriental Rite.

Presented by Most Eminent and Reverend

## Cardinal Isidoro Verga.

Presentation with Summary
on the eventual conversion of the Syrian Jacobites of Malablar by P.Girolamo Maria.





## 1. Report by Cardinal Isidoro Verga

**1.** Msgr. Leonard Mellano, Archbishop of Verapoly and Msgr. Marceline Berardi Titular Bishop of Pario and Coadjutor Bishop of the same, reported several times, especially in the last twenty years to Propaganda, that among the Jacobite Syrians, especially among the clergy, there is some tendency towards the Catholic Church and that some priests had asked them several questions relating to the measures and recommendations that the Holy See would take in the event of their conversion. This trend of Union, also manifested by Mar Dionysius, the Metropolitan of the Jacobites, has come accentuating during these last few years and in 1885 that Prelate had an exchange of letters with Mgr. Antonio Agliardi, Titular Archbishop of Caesarea and the former Apostolic Delegate in the East Indies, from which transpire evidence that does not doubt the desire to address this topic.

**2.** Propaganda, in the past not having complete information on those heretics[1] and not feeling as yet reached maturity to deal with their conversion, merely replied to questions of the Vicar Apostolic, stating the general principles which the Holy See follows. However, following the establishment of the Apostolic Delegation and the erection of the Catholic Hierarchy in India[2], and especially of the beneficial measures taken by the Holy Father in favor of the Syrians with the Bull *Quod iampridem* on May 20, 1887, thought it expedient to take advantage of

1. It was customary for the Westrern circles in those days to call the non-Roman Churches, *heretics and schismatics*. But there is a new attitude with the Second Vatican Council. Now the Catholic Church calls the Eastern Churches, Sister Churches.
2. In 1886

the enthusiasm that such acts of the Holy See had aroused in those regions, and make use of the opportunity for the general conversion of the new and old schismatics of Malabar, namely the Mellusians[3] and the Jacobites. To this end a File was sent in January to the Apostolic Delegate of India and the Apostolic Vicars of the Syrians. It contained the measures to be taken for the eventual conversion of the Syrian Antony Tondinatt, Coryphaeus of Mellusians[4]. It was already equipped with the necessary and appropriate faculty for their reception.

Now the egregious P. Girolamo Maria of the Immaculate Conception, Commissioner General of the Order of the Discalced Carmelites and Consultant of the Sacred Congregation, on behalf of His Eminence the Cardinal Prefect, has maturely studied the questions raised by these prelates in order to have a better evaluation of the Jacobites from his Report.

The same questions are subjected to the supreme judgment of the Sacred Assembly[5]. It seems now the more appropriate time to deal with this matter, as Mar Dionysus, in accordance with the announcement that he had previously made to Mgr. Aiuti, visited him recently in Ootacamund, as host of the same Apostolic Delegate, to deal directly with him about his conversion and that of his followers, and expressed his wishes, made his condition, such as the Bishops collect and sent through the letter of Mgr. Aiuti and received in Propaganda, after which the distinguished Consultant had already completed his Report. It is therefore here to examine individual issues, and each will follow the conclusion of the Consultant, and the ideas and conditions of Mar Dionysius, where these have been expressed by him.

3. Mellus was a Chaldean Catholic Bishop, sent to Malabar by the Chaldean Catholic Patriarch in West Asia. The Thomas Christians *(Pazhayakoottukar)* were looking for a Syrian Bishop and many welcomed him. It brought about a division among them. The Latin Prelates tried their best to send Mellus back to West Asia and they succeeded . Those who followed him were called Mellusians.

4. Antony Thondanatt was a *Pazhayakoor* Priest who went to West Asia and was ordained Bishop. He was supporting Mellus.

5. The meeting of the Cardinals.





**3.** The Jacobites in the first place ask: If we convert to the Catholic Church, will our baptism be recognized as valid?

To this question, the Consultant responds:

"1. Regarding the baptized, Instructions are given by S.R.U.for the Inquisition on 20th November 1878 and 20th July 1859[6]

"2. As for those to be baptized in the future, the matter and form until now used by the Jacobites, is to be examined, and establish for their instruction essential and sure matter and proscribe the forms null or dubious proposing the real to be used in the future".

Mar Dionysius in conversation with Mgr. Aiuti has not raised the issue of baptism. When asked the Archivist on this and the following questions, he did not provide insignificant notices.

